# പ്രവാസം എം. മുകുന്ദന്റെ നോവലുകളിൽ

## (പ്രവാസം, ദൽഹി, ദൽഹിഗാഥകൾ എന്നീ നോവലുകളെ ആസ്പദമാക്കി ഒരു പഠനം)

കാലിക്കറ്റ് സർവകലാശാലയിൽ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി
സമർപ്പിക്കുന്ന പ്രബന്ധം

**ബിന്ദു എം.കെ.**

മലയാള-കേരളപഠനവിഭാഗം
കാലിക്കറ്റ് സർവകലാശാല

2019

# EXPATRIATION IN M. MUKUNDAN'S NOVELS
# (A Study based on the Novels Pravasam, Delhi and Delhigathakal)

*Thesis submitted to the University of Calicut for the Degree of Doctor of Philosophy*

**BINDU M.K.**

**DEPARTMENT OF MALAYALAM AND KERALA STUDIES**
**UNIVERSITY OF CALICUT**

**2019**

# സത്യപ്രസ്താവന

കാലിക്കറ്റ് സർവകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി സമർപ്പിക്കുന്ന ഈ പ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും ബിരുദത്തിനോ ഫെല്ലോഷിപ്പിനോ, അതുപോലുള്ള മറ്റേതെങ്കിലും അംഗീകാരത്തിനോ വേണ്ടി സമർപ്പിച്ചിട്ടുള്ളതല്ലെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കാലിക്കറ്റ് സർവ്വകലാശാല **ബിന്ദു എം.കെ.**

17.01.2019

**ഡോ. എസ്. ശ്രീകുമാരി**
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം
പ്രൊവിഡൻസ് വിമൻസ് കോളേജ്, കോഴിക്കോട്.
(ഗവേഷണ മാർഗ്ഗദർശി
മലയാള-കേരളപഠനവിഭാഗം
കാലിക്കറ്റ് സർവകലാശാല)

# സാക്ഷ്യപത്രം

കാലിക്കറ്റ് സർവകലാശാലയിൽ പി.എച്ച്.ഡി. ബിരുദത്തിനുവേണ്ടി **ബിന്ദു. എം.കെ.** സമർപ്പിക്കുന്ന **പ്രവാസം എം. മുകുന്ദന്റെ നോവലുകളിൽ (പ്രവാസം, ദൽഹി, ദൽഹിഗാഥകൾ എന്നീ നോവലുകളെ ആസ്പദമാക്കി ഒരു പഠനം)** എന്ന പ്രബന്ധം എന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് നിർവഹിച്ചതാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കാലിക്കറ്റ് സർവകലാശാല
17.01.2019

**ഡോ. എസ്. ശ്രീകുമാരി**

# കൃതജ്ഞത

സമയബന്ധിതമായി ഈ ഗവേഷണപ്രബന്ധം പൂർത്തിയാക്കുന്നതിന് എനിക്ക് മാർഗ്ഗനിർദ്ദേശം നൽകിയ ഡോ. എസ്. ശ്രീകുമാരി ടീച്ചറോടുള്ള അകൈതവമായ നന്ദി ആദ്യമേ രേഖപ്പെടുത്തുന്നു. ഒരു ഗവേഷകയോട് എന്നതിലുപരി സഹോദരീ നിർവിശേഷമായ ഇടപെടലിലൂടെ പഠനം പൂർത്തിയാക്കുന്നതിന് എന്നെ സഹായിച്ച ടീച്ചറോടുള്ള നന്ദി വാക്കുകൾക്കതീതമാണ്.

ഡോ. അനിൽ വള്ളത്തോൾ, ഡോ. ഉമർ തറമേൽ, ഡോ. എൽ. തോമസുകുട്ടി എന്നിവർ ഗവേഷണകാലയളവിൽ വകുപ്പദ്ധ്യക്ഷന്മാരെന്ന നിലയിൽ എല്ലാ സഹായസഹകരണങ്ങളും നൽകി പിന്തുണച്ചു. ഡോ. പി. സോമനാഥൻ, ഡോ. ആർ.വി.എം. ദിവാകരൻ, ഡോ. എം.ബി. മനോജ് എന്നിവരുടെ ഇടപെടലുകൾ എന്റെ നിരീക്ഷണത്തെ വിപുലപ്പെടുത്താൻ സഹായിച്ചത് നന്ദിയോടെ ഓർക്കുന്നു. മലയാള-കേരളപഠനവിഭാഗത്തിലെ അനധ്യാപകജീവനക്കാർക്കും പ്രത്യേകിച്ച് ശ്രീ ജയഘോഷിനും നന്ദി. ഗവേഷണകാലയളവിൽ എസ്.എൻ.ജി കോളേജിലെ പ്രിൻസിപ്പൽമാരായിരുന്ന പ്രൊ. സി. വിനോദ്കുമാർ, പ്രൊ. വി.ആർ. സുധീഷ്, ഡോ. വി. ദേവിപ്രിയ എന്നിവരുടെ സഹായസഹകരണങ്ങൾ വിലപ്പെട്ടതായിരുന്നു.

അധ്യായങ്ങൾ ക്രമീകരിക്കുന്നതിനും ആശയങ്ങൾക്ക് വ്യക്തത വരുത്തുന്നതിനും ഡോ. രൺജിത്ത് സി.കെ, ഡോ. എൻ. മനോജ്കുമാർ എന്നിവരുമായി നടത്തിയ ചർച്ചകൾ സഹായകമായി. ഡോ. എം. സത്യൻ, ഡോ. മുംതാസ് പി.കെ, ദിവ്യ എം. ആർ, ആർദ്ര എസ്. വാരിയർ, ശ്രീ. അൽത്താഫ് ഹുസൈൻ, എസ്.എൻ.ജി കോളേജിലെ മലയാള-സംസ്കൃതവിഭാഗം അധ്യാപകർ എന്നിവരുമായുള്ള സൗഹൃദം ഗവേഷണത്തിന് മുതൽക്കൂട്ടായി.

കാലിക്കറ്റ് സർവകലാശാല സി.എച്ച്. ലൈബ്രറി, മലയാള-കേരളപഠനവിഭാഗം ലൈബ്രറി, അപ്പൻതമ്പുരാൻ ലൈബ്രറി, കേരളസാഹിത്യ അക്കാദമി, എസ്.എൻ.ജി കോളേജ് ലൈബ്രറി, യൂണിവേഴ്സിറ്റി സ്റ്റഡിസെന്റർ കോഴിക്കോട് എന്നിവിടങ്ങളിലെ ജീവനക്കാരെയും പ്രബന്ധത്തിന്റെ പ്രൂഫ് വായിച്ച് നിർദ്ദേശങ്ങൾ തന്ന ശ്രീ. എസ്. വിജയനെയും നന്ദിയോടെ ഓർക്കുന്നു.

ഗവേഷണം സമയബന്ധിതമായി പൂർത്തിയാക്കാനായത് യു.ജി.സി ഫെല്ലോഷിപ്പ് (FDP) കിട്ടിയതുകൊണ്ടാണ്. നിർദ്ദിഷ്ടസമയത്തിനുള്ളിൽ പ്രബന്ധം ഡി.ടി.പി ചെയ്തുതന്ന ബിന ഫോട്ടോസ്റ്റാറ്റിലെ ബാലുവേട്ടനും മറ്റ് ജീവനക്കാരോടുമുള്ള കടപ്പാട് അറിയിക്കുന്നു. എല്ലാറ്റിലുമുപരിയായി പലപ്പോഴും കുടുംബചുമതലകളിൽനിന്ന് എന്നെ സ്വതന്ത്രയാക്കിയും പ്രോത്സാഹിപ്പിച്ചും കൂടെനിന്ന ഭർത്താവ് കൃഷ്ണാനന്ദ്, മക്കളായ നന്ദ, ഹൃദ്യ, മറ്റ് കുടുംബാംഗങ്ങൾ, സുഹൃത്തുക്കൾ എന്നിവരുടെ പിന്തുണയും പ്രാർത്ഥനയുമാണ് എന്റെ ഗവേഷണം യാഥാർത്ഥ്യമാക്കിയത്. എല്ലാവരെയും ഒരിക്കൽക്കൂടി നന്ദിപൂർവം സ്മരിക്കുന്നു.

**ബിന്ദു എം.കെ.**

# ഉള്ളടക്കം


പുറം

**ആമുഖം** **1 – 17**

0.1 പഠനലക്ഷ്യം

0.2 പഠനത്തിന്റെ പ്രസക്തി

0.3 പൂർവപഠനങ്ങൾ

0.4 ആകരസാമഗ്രികൾ

0.5 രീതിശാസ്ത്രം

0.6 പ്രബന്ധസ്വരൂപം

**അധ്യായം 1**
**പ്രവാസം ചരിത്രവും വിശകലനവും** **18 – 83**

1.1 പ്രയോഗവും നിർവചനവും

1.2 പ്രവാസി

1.3 പ്രവാസത്തിന്റെ നാൾവഴികൾ

1.4 ആകർഷകവികർഷകങ്ങൾ

1.4.1. വികർഷകഘടകങ്ങൾ (Push Factors)

1.4.2 ആകർഷകഘടകങ്ങൾ (Pull Factors)

1.5 പ്രവാസത്തിന്റെ അവസ്ഥാന്തരങ്ങൾ

1.5.1 കുടിയേറ്റം

1.5.1.1 അർത്ഥവിവക്ഷകൾ

1.5.1.2 കുടിയേറ്റനിയമം

1.5.1.3 കുടിയേറ്റം കേരളത്തിൽ

1.5.1.4 കുടിയേറ്റത്തിന്റെ ഫലങ്ങൾ

1.5.2 പലായനം

1.5.2.1 അഭയാർത്ഥി

1.5.3 നാടുകടത്തൽ

1.6 പ്രവാസപഠനങ്ങൾ

1.7 പ്രവാസം: ആഭ്യന്തരവും ദേശാന്തരവും

1.7.1 ആഭ്യന്തരപ്രവാസം

1.7.2 ദേശാന്തരപ്രവാസം

1.7.2.1 ഗൾഫ് പ്രവാസം
1.8 പ്രവാസിയുടെ പ്രശ്നങ്ങൾ
1.8.1 ഭാഷാപ്രശ്നങ്ങൾ
1.8.2 നിയമാവബോധമില്ലായ്മ
1.8.3 തൊഴിൽനിയമങ്ങൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ
1.8.3.1 നിതാഖത്ത് (സ്വദേശിവൽക്കരണം)
1.8.4 വൈകാരികസംഘർഷങ്ങൾ
1.9 പ്രവാസിപുനരധിവാസം
1.10 നോർക്ക (NORKA)
1.11 പ്രവാസിക്ഷേമനിധി-2009
1.12 പ്രവാസിഭാരതീയർ (N.R.I)
1.13 പ്രവാസവും സ്വത്വപ്രതിസന്ധിയും
1.14 ഗൃഹാതുരത
1.15 പ്രവാസവും ആഖ്യാനവും

**അധ്യായം 2**
**മലയാളനോവലും പ്രവാസാഖ്യാനവും** **84 - 137**

2.1 പ്രവാസാഖ്യാനത്തിന്റെ ഒന്നാംഘട്ടം
2.2 പ്രവാസാഖ്യാനത്തിന്റെ രണ്ടാംഘട്ടം
2.3 പ്രവാസാഖ്യാനത്തിന്റെ മൂന്നാംഘട്ടം
2.4 ദേശാന്തരപ്രവാസം-സിംഗപ്പൂരും അമേരിക്കയും
2.5 പട്ടാളനോവലുകൾ
2.6 മലബാർകുടിയേറ്റം സാഹിത്യത്തിൽ
2.7 ഗൾഫ് കുടിയേറ്റം സാഹിത്യത്തിൽ

**അധ്യായം 3**
**'പ്രവാസ'വും- പ്രവാസജീവിതാവിഷ്കാരവും** **138 - 197**

3.1 പശ്ചാത്തലപഠനം
3.2 പ്രവാസഭൂമിക
3.3 കൊറ്റ്യത്ത് തറവാട്ടിലെ പ്രവാസികൾ
3.4 മതസൗഹാർദ്ദത്തിന്റെ പ്രതീകമായ ബീരാൻകുട്ടി
3.4.1 'കതീശ' എന്ന ദുഃഖകഥാപാത്രം
3.5 രക്തസാക്ഷിത്വം വരിച്ച മാധവനെന്ന പ്രവാസി

3.6 ഗൾഫ് പ്രവാസം- വൈരുദ്ധ്യങ്ങൾ, പ്രശ്നങ്ങൾ
3.6.1 ഗൾഫ് പ്രവാസവും അവസരസാധ്യതകളും
3.6.2 സമൂഹഘടനയും സാമ്പത്തികപരിവർത്തനവും
3.6.3 മരുഭൂമിയിലെ വെള്ളിനക്ഷത്രങ്ങൾ
3.6.4 മോഹങ്ങൾ ബലികഴിപ്പിക്കപ്പെടുന്നവർ
3.6.5 ദൈന്യതയാർന്ന ഗദ്ദാമജീവിതം
3.6.6 അസാധ്യമാകുന്ന പതിവുശീലങ്ങൾ
3.6.7 സ്വപ്നം വിതച്ച് ദുരിതം കൊയ്യുന്നവർ
3.6.8 പ്രവാസ ആകുലതകൾ
3.6.9 പ്രവാസികളുടെ നിരാലംബകുടുംബങ്ങൾ
3.7 സ്ത്രീയും സാമൂഹികപ്രതിബദ്ധതയും
3.8 ആത്മാഭിമാനസ്ത്രീത്വം
3.9 അമേരിക്കൻപ്രവാസവും സമ്പന്നതയുടെ പ്രശ്നങ്ങളും
3.9.1 എൻ.ആർ.ഐ പ്രവാസിനികൾ
3.9.2 പ്രവാസവും വംശീയവിവേചനവും
3.9.3 തൊഴിൽ അസ്ഥിരത
3.10 മലയാളിസ്വത്വം
3.10.1 ഗൾഫ് മലയാളിക്കൂട്ടായ്മ
3.11 ഭാഷാപ്രശ്നവും പ്രവാസജീവിതവും
3.1.2 ഗൃഹാതുരത്വം പേറുന്ന മലയാളി പ്രവാസികൾ

**അധ്യായം 4**
**'ദൽഹി' - നഗരചിത്രവും പ്രവാസാനുഭവങ്ങളും 198 - 236**

4.1 രാഷ്ട്രീയ-സാമൂഹികപരിതസ്ഥിതി
4.2 ആഭ്യന്തരപ്രവാസം
4.3 പ്രവാസികളുടെ ദൽഹി
4.3.1 അരവിന്ദൻ
4.3.1.1 ദ്വന്ദ്വവ്യക്തിത്വം
4.3.1.2 മാനസികസംഘർഷം
4.3.1.3 രതിബന്ധങ്ങൾ
4.3.1.4 അസ്തിത്വം
4.3.1.5 അന്യവത്ക്കരണം
4.3.1.6 തൊഴിലിടം അന്യമാകുമ്പോൾ
4.3.2 കരുണൻ

4.3.3 പത്രപ്രവർത്തകനായ പ്രവാസി
4.3.4 സമ്പന്നതയിലേക്കുള്ള കുറുക്കുവഴികൾ
4.3.5 നഗരവും യാഥാസ്ഥിതികതയും
4.3.6 നഗരം - സമ്പത്തും അധികാരവും
4.3.6.1 സമ്പത്തും മേൽക്കോയ്മയും
4.3.6.2 കിറ്റി ദിംഗ്രേ
4.3.6.3 റസിയാ സലാമുദ്ദീൻ
4.3.7 പ്രബുദ്ധരായ വിദ്യാർത്ഥിസമൂഹം
4.4 ഗൃഹാതുരത്വം
4.5 മലയാളി സമാജം: കേരളത്തിന്റെ പ്രതിനിധാനം

**അധ്യായം 5**

**'ദൽഹിഗാഥകൾ' - പ്രവാസവും അതിജീവനവും** **237 - 296**

5.1 നോവൽ : ആഖ്യാനവും വ്യക്തിചിത്രങ്ങളും
5.1.1 സഹദേവൻ
5.1.2 ശ്രീധരനുണ്ണി എന്ന പ്രവാസി
5.1.3 നിർവീര്യനാക്കപ്പെട്ട പത്രപ്രവർത്തകൻ
5.1.4 ആവിഷ്കാരമൂല്യം തേടുന്ന പ്രവാസി
5.1.5 സമ്പന്നനായ പ്രവാസി
5.1.6 അരികുവത്കൃതമലയാളീസമൂഹം
5.1.7 പ്രവാസിനികളും ജീവിതയാഥാർത്ഥ്യവും
5.2 രാഷ്ട്രം അതിരുകളും യുദ്ധങ്ങളും
5.2.1 ഇന്ത്യ - ചൈന യുദ്ധം
5.2.2 ഒന്നാം ഇന്ത്യ-പാക്ക് യുദ്ധം
5.2.3 രണ്ടാം ഇന്ത്യ-പാക്ക് യുദ്ധം
5.2.3.1 ബംഗ്ലാദേശ് കലാപപശ്ചാത്തലം
5.2.3.2 അതിരുകളും അഭയാർത്ഥികളും
5.3 അടിയന്തരാവസ്ഥ
5.3.1 ഭരണകൂടസ്വേച്ഛാധിപത്യവും അടിസ്ഥാനവർഗവും
5.4 സിഖ് കലാപം
5.4.1 ഓപ്പറേഷൻ ബ്ലൂസ്റ്റാർ
5.4.2 സിഖ് വിരുദ്ധകലാപവും നോവലാഖ്യാനവും
5.5 ജാതിമതചിന്ത തീർക്കുന്ന അതിർവരമ്പുകൾ
5.6 വെറുക്കപ്പെട്ട പെൺജൻമങ്ങൾ

5.7 നഗരജീവിതത്തിന്റെ കാണാപ്പുറങ്ങൾ

5.8 പ്രവാസിമലയാളികളും സാംസ്കാരികചിഹ്നങ്ങളും

5.8.1 മലയാളിസ്വത്വബോധം

5.9 ഗൃഹാതുരത്വം

**ഉപസംഹാരം** **297 - 307**

**ഗ്രന്ഥസൂചി** **308 - 335**

# ആമുഖം

അസ്ഥിരവും പ്രശ്നസങ്കുലിതവുമായ ജീവിതസാഹചര്യങ്ങളിൽനിന്ന് സുവ്യവസ്ഥിതമായ അവസരം തേടിയുള്ള മനുഷ്യന്റെ പ്രയാണം അനാദികാലം മുതൽക്കേ തുടർന്നുകൊണ്ടിരിക്കുന്ന പ്രതിഭാസമാണ്. നഗരങ്ങളുടെ ആവിർഭാവവും നാഗരികസംസ്കാരത്തിലേക്കുള്ള കൂടുമാറ്റവും സംഭവിക്കുന്നതിന് മുമ്പ് നാടോടിസംസ്കാരത്തിന്റെ ഉപാസകരായി കഴിഞ്ഞിരുന്ന ആദിമജനതയുടെ ജീവിതശൈലിയിലും ഇത്തരം യാനങ്ങളുടെ നൈരന്തര്യമുണ്ട്. എന്നാൽ ജീവനത്തിന്റെ വിഭവങ്ങൾ തേടിയുള്ള അലച്ചിൽ കൃഷിചെയ്ത് വിഭവങ്ങൾ ശേഖരിക്കുന്ന സ്ഥിരമായ അതിജീവനത്തോടെ അവസാനിക്കുന്നു. ആധുനികകാലത്ത് മനുഷ്യൻ പ്രഖ്യാപിതലക്ഷ്യങ്ങൾക്കായി സഞ്ചരിക്കാൻ തുടങ്ങിയതോടെയാണ് പ്രവാസത്തിന് സമകാലിക അർത്ഥം കൈവരുന്നത്. തിര്യക്കുകളുടെ ദേശാടനത്തിന്റെ സ്വഭാവത്തിൽനിന്ന് തികച്ചും വ്യത്യസ്തമായി പ്രവാസം മനുഷ്യന്റെ സ്വയാർജ്ജിത വിഭവസമാഹരണത്തിനും സാമ്പത്തികനേട്ടത്തിനും ഉപോൽബലകമാവുന്നു.

പ്രവാസാനുഭവങ്ങളും ജീവിതങ്ങളും പ്രവാസസാഹിത്യത്തിന് വിഷയീഭവിക്കുന്നു. വ്യത്യസ്തമായ ജീവിതാനുഭവവ്യാഖ്യാനം സാധ്യമാക്കുന്ന രചനകളെന്ന നിലയിൽ പ്രവാസസാഹിത്യം ഏറെ ശ്രദ്ധേയമാണ്. ആസ്വാദനത്തിനുപരിയായി ഗവേഷണാത്മകമായും മറ്റ് അക്കാദമിക മേഖലകളിലും പ്രവാസസാഹിത്യം പഠനവിധേയമാക്കുന്നുണ്ട്. ഇംഗ്ലീഷ് സാഹിത്യത്തിൽ ഡയസ്പോറിക് ലിറ്ററേച്ചർ എന്നാണ് ഇതിനെ വിശേഷിപ്പിക്കുന്നത്. സമകാലികമലയാളസാഹിത്യത്തിന്റെ പഠനമേഖലയിൽ ധൈഷണികതയോടെ സംവദിക്കുന്ന ഒന്നാണ് ഡയസ്പോറിക് ലിറ്ററേച്ചർ, നോവൽ, കഥ, കവിത തുടങ്ങി വ്യത്യസ്ത മേഖലകളിൽ വ്യാപരിക്കുന്ന ഡയസ്പോറിക് സാഹിത്യത്തെ 'പ്രവാസസാഹിത്യം' എന്ന പേരിലാണ് മല

യാളത്തിൽ വ്യവഹരിക്കുന്നത്. പല തരത്തിലുള്ള ജീവിതലക്ഷ്യങ്ങൾപേറി അന്യ ദേശങ്ങളിൽ അതിജീവനം തേടുന്ന മലയാളിക്ക് അനുഭവിക്കേണ്ടിവരുന്നതും ചെന്നെത്തുന്ന ദേശങ്ങളിൽനിന്ന് നേരിടേണ്ടിവരുന്നതുമായ പ്രശ്നങ്ങളാണ് പ്രവാസസാഹിത്യത്തിന് വിഷയമാകുന്നത്.

പ്രവാസം ഇതിവൃത്തമാക്കുന്ന നിരവധി രചനകൾ മലയാളസാഹിത്യത്തിൽ ഉണ്ടായിട്ടുണ്ട്. പ്രവാസത്തിന് വിഷയമാകുന്ന സ്ഥലവും അവിടത്തെ ചുറ്റുപാടുകളും ജീവിതസാഹചര്യവുമെല്ലാം ഇവയിൽ കാണാം. പ്രവാസം പ്രമേയമാകുന്ന നോവലുകൾ മലയാളത്തിൽ രചിക്കപ്പെട്ടിട്ടുണ്ടെങ്കിലും പ്രവാസനോവലെന്ന് ഇനം തിരിച്ച് കാണാൻ സാധിക്കുന്ന തരത്തിലുള്ള പ്രവാസചർച്ച മലയാളനോവലിൽ അധികമൊന്നും നടന്നിട്ടില്ല. എന്നാൽ ആദ്യകാലരചനകൾ മുതൽ പ്രവാസത്തിന്റെ സാന്നിധ്യം കണ്ടെത്താവുന്നതാണ്. പ്രവാസത്തിന്റെ അനുഭവങ്ങൾ പ്രവാസിയുടെ ജീവിതത്തെയും ലോകവീക്ഷണത്തെയും സ്വത്വരൂപീകരണത്തെയും സ്വാധീനിക്കുന്നതായിക്കാണാം. ഒരു വ്യക്തി പ്രവാസജീവിതത്തിലേക്ക് കടക്കുമ്പോൾ അന്നുവരെയുണ്ടായിരുന്ന എല്ലാത്തരം അനുഭവങ്ങളിൽനിന്നും വ്യത്യസ്തമായി പുതിയ പ്രശ്നമണ്ഡലത്തെ അഭിമുഖീകരിക്കേണ്ടിവരുന്നു. പൂർവജീവിതത്തിൽ നിന്നുള്ള അകൽച്ച, അന്യസംസ്കൃതിയെ അഭിമുഖീകരിക്കേണ്ടി വരുമ്പോഴുള്ള അസ്തിത്വപ്രതിസന്ധി, അന്യതാബോധം, അപരിചിതത്വം, ഗൃഹാതുരത്വം, പുതിയ ദേശവുമായുള്ള പൊരുത്തക്കേടുകൾ, പൊരുത്തപ്പെടലുകൾ എന്നിവയെല്ലാം ഇതിൽപ്പെടും. പ്രവാസം മുഖ്യവിഷയമായി അടയാളപ്പെടുത്തുന്ന സാഹിത്യകൃതികളിലെല്ലാം ഈ സവിശേഷതകൾ കാണാൻ സാധിക്കും.

**പഠനലക്ഷ്യം**

*പ്രവാസം എം. മുകുന്ദന്റെ നോവലുകളിൽ (പ്രവാസം, ദൽഹി, ദൽഹിഗാഥകൾ എന്നീ നോവലുകളെ ആസ്പദമാക്കി ഒരു പഠനം)* എന്ന ഈ ഗവേഷണ പ്രബന്ധത്തിൽ പ്രവാസം, ദൽഹി, ദൽഹിഗാഥകൾ എന്നീ നോവലുകളിൽ പ്രവാ

സത്തിന്റെ പ്രത്യേകതകൾ ഏതെല്ലാം തലങ്ങളിൽ അവതരിപ്പിക്കപ്പെടുന്നുവെന്ന് പരിശോധിക്കുന്നു. പ്രവാസത്തിന്റെ സവിശേഷമായ അനുഭവതലങ്ങൾ വിശകലനം ചെയ്യുന്നതോടൊപ്പം പ്രവാസാനുബന്ധമേഖലകളായ കുടിയേറ്റം, പലായനം, നാടുകടത്തൽ എന്നിവയും അപഗ്രഥിക്കുന്നു. പലതരം പ്രവാസങ്ങൾ, പ്രവാസത്തിന്റെ പ്രത്യേകത, പ്രവാസികളനുഭവിക്കുന്ന വ്യഥകൾ, തൊഴിൽ പ്രശ്നങ്ങൾ, പ്രവാസി കുടുംബങ്ങളുടെ ജീവിതാവസ്ഥകൾ എന്നിവയെക്കുറിച്ചുള്ള പഠനമാണ് ഈ പ്രബന്ധത്തിൽ ലക്ഷ്യമാക്കുന്നത്.

**പഠനത്തിന്റെ പ്രസക്തി**

സ്വദേശം വിട്ടുള്ള വാസമാണ് പ്രവാസം എന്ന അർത്ഥം സ്വീകരിച്ചുകൊണ്ടാണ് ഈ പഠനം നടത്തുന്നത്. പ്രവാസവും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും സാമൂഹ്യശാസ്ത്രമേഖലകളിലാണ് ഉൾപ്പെടുന്നതെങ്കിലും ചരിത്രപരമായ രേഖപ്പെടുത്തലുകൾക്കൊപ്പം സാമ്പത്തികവും സാംസ്കാരികവും വൈകാരികവുമായ നിരവധി പഠനങ്ങൾക്കും ഇതവസരമൊരുക്കുന്നു. പ്രവാസത്തിന്റെ കഠിനമായ ജീവിതാവസ്ഥകളും അനുഭവങ്ങളുമാണ് പ്രവാസികൾക്ക് നേരിടേണ്ടിവരുന്നത്. ഇന്നും തുടർന്നുകൊണ്ടിരിക്കുന്ന വംശീയപ്രശ്നങ്ങളുടെയും മതസ്പർദ്ധകളുടെയും യുദ്ധങ്ങളുടെയും സൃഷ്ടിയായും പ്രവാസിസമൂഹങ്ങൾ പലയിടത്തും രൂപപ്പെട്ടിട്ടുണ്ട്. അഭയാർത്ഥി പ്രവാഹവും അതിന്റെ ഫലമായി ഉടലെടുക്കുന്ന സാമ്പത്തികവും സാമൂഹികവുമായ പ്രശ്നങ്ങളും ഓരോ ദേശത്തിനും വലിയ വെല്ലുവിളികളാണ് ഉയർത്തുന്നത്. ഇത്തരം അരക്ഷിതാവസ്ഥയിൽനിന്ന് ഉടലെടുക്കുന്ന പ്രവാസത്തിന്റെ പ്രശ്നങ്ങളാണ് വിവിധ രാജ്യങ്ങൾ ഇന്നും അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്.

സാഹിത്യത്തിന്റെ മാനദണ്ഡങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള പഠനരീതി മാത്രമാണ് ഈ പ്രബന്ധത്തിൽ സ്വീകരിച്ചിരിക്കുന്നത്. കഥ, കവിത തുടങ്ങി സാഹിത്യത്തിന്റെ വിവിധ മണ്ഡലങ്ങളിൽ പ്രവാസം ആവിഷ്കരിക്കപ്പെടുന്നുണ്ട്.

എന്നാൽ നോവലുകളിൽ അവതരിപ്പിച്ചിട്ടുള്ള പ്രവാസജീവിതം ഒരു സമൂഹ ത്തെയും സമൂഹസ്വത്വത്തെയും നിർമിക്കുന്നതെങ്ങനെ, വ്യക്തിയുടെ സ്വത്വരൂപീക രണത്തിൽ പ്രവാസത്തിനുള്ള പങ്ക് എന്ത് എന്നിവ വിശദമായ പശ്ചാത്തലത്തിൽ ചർച്ച ചെയ്യുന്നു. കേരളത്തിന്റെ സാമൂഹികസാമ്പത്തികസാംസ്കാരികമേഖ ലകളിൽ പ്രവാസികൾ സ്വാധീനം ചെലുത്തുന്നുണ്ട്. പ്രവാസജീവിതത്തെ സാംസ്കാരത്തിന്റെ ഭാഗമായി പഠിക്കുകവഴി അത് സമൂഹത്തിലും വ്യക്തിയിലു മുണ്ടാക്കുന്ന മാറ്റങ്ങളും സാഹിത്യമണ്ഡലത്തിൽ അടയാളപ്പെടുത്തിക്കൊണ്ടിരി ക്കുന്ന രീതികളും വിശദീകരിക്കാവുന്നതാണ്. അതിനാൽ പ്രവാസികളെക്കുറിച്ചും പ്രവാസത്തെക്കുറിച്ചുമുള്ള പഠനം ഏറെ പ്രസക്തമാണ്.

പ്രവാസസാഹിത്യത്തിൽ തുല്യപ്രാധാന്യമുള്ള രണ്ടംശങ്ങൾ ഒത്തുചേരു ന്നു; സാമൂഹിക-സാമ്പത്തികതലങ്ങളും വൈയക്തിക അനുഭവങ്ങളും. ഒന്ന് മറ്റൊ ന്നിന്റെ പൂരകമെന്നോണം രണ്ടുംകൂടി ചേരുമ്പോഴാണ് പ്രവാസസാഹിത്യം അനുഭ വവേദ്യമാകുന്നത്. ജീവിതത്തിന്റെ പുത്തൻ മേച്ചിൽപ്പുറങ്ങൾ തേടി അന്യദേശ ത്തെത്തുന്ന വ്യക്തിക്ക് ഉദ്ദേശ്യലക്ഷ്യങ്ങൾ പലതുണ്ടാകാം. പഠനം, തൊഴിൽ, ദേശാടനം, വിനോദം (Entertainment) തുടങ്ങിയവ ലക്ഷ്യമാക്കി മറ്റൊരു ദേശത്തി ലെത്തിച്ചേരുമ്പോൾ അവിടത്തെ സാഹചര്യങ്ങളിൽപെട്ട്, ചെന്നെത്തിയ ദേശ ത്തിന്റെ വിമോചനത്തിനു വേണ്ടിപ്പോലും പ്രവർത്തിക്കുന്ന അതിതീക്ഷ്ണവും വൈകാരികവുമായ ആവിഷ്കാരവും പലപ്പോഴും പ്രവാസസാഹിത്യത്തിലൂടെ അവതരിപ്പിക്കപ്പെടുന്നു. സാങ്കൽപികമായ ജീവിതത്തിന്റെ ശൂന്യതകളിലേക്കല്ല യാഥാർത്ഥ്യത്തിന്റെ തീക്ഷ്ണമായ വൈകാരികതയിലേക്കാണ് പ്രവാസ സാഹിത്യം വായനക്കാരെ കൂട്ടിക്കൊണ്ടുപോകുന്നത്. വായനക്കാർ സഞ്ചരിച്ചിട്ടി ല്ലാത്ത ലോകവും അവിടത്തെ ജനങ്ങളും ജീവിതവും അന്യദേശക്കാരനോട് പുലർത്തുന്ന മനോഭാവവും പ്രവാസിയുടെ ജീവിതദൈന്യങ്ങളും പ്രവാസസാഹി ത്യത്തിലൂടെ അനുഭവിക്കുന്നുവെന്നത് പ്രവാസസാഹിത്യപഠനത്തെ ഏറെ സവി ശേഷമാക്കുന്നു.

## പൂർവപഠനങ്ങൾ

പ്രവാസജീവിതത്തെക്കുറിച്ചുള്ള പഠനങ്ങൾ വർത്തമാനകാലത്ത് ഏറെ പ്രസക്തമാണെങ്കിലും മലയാളസാഹിത്യത്തിൽ ഗൗരവപൂർണമായ പഠനങ്ങൾ അധികം നടന്നതായി കാണുന്നില്ല. എം. മുകുന്ദന്റെ നോവലുകളിലെ പ്രവാസജീവിതത്തെക്കുറിച്ചും ആധികാരികമായ പഠനങ്ങൾ കണ്ടെത്താൻ സാധിച്ചിട്ടില്ല. എന്നാൽ പ്രവാസത്തിന്റെ വിവിധ അനുഭവതലങ്ങളെക്കുറിച്ച് സാഹിത്യത്തെയും സാമൂഹ്യശാസ്ത്രത്തെയും അധികരിച്ച് രചിക്കപ്പെട്ട പുസ്തകങ്ങളും, ലേഖനങ്ങളും, പഠനങ്ങളും ഉണ്ടായിട്ടുണ്ട്. അവ പൂർവപഠനങ്ങളെന്ന നിലയിൽ ചേർക്കുന്നു.

വി. രാജകൃഷ്ണന്റെ *ഭ്രഷ്ടിന്റെ നാനാർത്ഥങ്ങൾ* എന്ന പുസ്തകത്തിൽ പ്രവാസം എന്ന അനുഭവത്തെ സൗന്ദര്യാത്മകമായി അതിജീവിക്കാൻ ശ്രമിച്ച എഴുത്തുകാരെയും കൃതികളെയും പരിചയപ്പെടുത്തുകയും പഠനവിധേയമാക്കുകയും ചെയ്യുന്നു. അതോടൊപ്പം എഴുത്തുകാരുടെ സർഗ്ഗാത്മകപ്രേരണകളിൽ കുടിയേറ്റം വരുത്തുന്ന വിള്ളലുകളും സൗന്ദര്യപരമായ പ്രത്യാഘാതങ്ങളും ഇതിൽ ചർച്ച ചെയ്യുന്നു. ഉസ്മാൻ ഇരുമ്പഴിയുടെ *പ്രവാസത്തിന്റെ പുസ്തകം* പ്രവാസികളുടെയും പ്രവാസത്തിന്റെയും വിവിധതലങ്ങളെ നിരീക്ഷിക്കുന്നു. ഉമ്മർ തറമേലിന്റെ (എഡി.) *ഡയസ്പോറ* എന്ന കൃതിയിൽ ഡയസ്പോറ സാഹിത്യത്തിന്റെ വിവിധ വശങ്ങളെ പഠനവിധേയമാക്കിയിട്ടുണ്ട്. നാളിതുവരെയുണ്ടായിട്ടുള്ള മലബാർകുടിയേറ്റത്തെക്കുറിച്ച് വിശദമായി വിശകലനം ചെയ്യുന്ന കൃതിയാണ് വർഗീസ് തോട്ടക്കാടിന്റെ *മലബാർ കുടിയേറ്റം: ചരിത്രം വർത്തമാനം*. ഇ. കെ ദിനേശൻ സമാഹരിച്ച *പ്രവാസജീവിതം* എന്ന കൃതി പ്രവാസിയുടെ ജീവിതം വിദേശത്തും സ്വദേശത്തുമായി നേരിടുന്ന സങ്കീർണതലങ്ങളെ പഠനവിധേയമാക്കുന്ന ഒട്ടനവധി ലേഖനങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. കെ. സി സക്കറിയയും ഇരുദയരാജനും ചേർന്ന് രചിച്ച *ഡയസ്പോറ ഇൻ കേരളാസ് ഡവലപ്മെന്റ്* എന്ന പുസ്തകം പ്രവാസിമലയാളികൾ കേരളത്തിന്റെ വികസനരംഗത്തുണ്ടാക്കിയ മാറ്റങ്ങൾ ചർച്ച ചെയ്യുന്നു.

സാം ജോർജ്ജും ടി.പി തോമസും എഡിറ്റ് ചെയ്ത *മലയാളി ഡയസ്പോറ ഫ്രം കേരള ടു ദ എൻഡ്സ് ഓഫ് ദ വേൾഡ്* എന്ന പുസ്തകം മലേഷ്യ, കെനിയ, അമേരിക്ക, കാനഡ, ഗൾഫ്മേഖല, ഓസ്ട്രേലിയ എന്നിങ്ങനെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള മലയാളി ഡയസ്പോറയെക്കുറിച്ച് സാമാന്യവിവരം നൽകുന്നു. അറുപതുകളിലാരംഭിച്ച അറേബ്യൻ പ്രവാസത്തിന്റെ അനുഭവങ്ങളെ ആധാരമാക്കിയുള്ള രചനയാണ് ശോഭ.വി എഡിറ്റ് ചെയ്ത *വീടു മാറുന്നവർ-അറേബ്യൻ പ്രവാസസാഹിത്യം* എന്ന കൃതി. പ്രവാസത്തിന്റെ ചരിത്രം, പ്രവാസം പ്രമേയമായിവരുന്ന മലയാളം നോവലുകൾ എന്നിവയെ വിശകലന വിധേയമാക്കുന്ന ഗ്രന്ഥമാണ് പി.വി പ്രകാശ്ബാബുവിന്റെ *പ്രവാസവും മലയാളനോവലും*. ഇ.കെ ദിനേശൻ എഡിറ്റ് ചെയ്ത *പ്രവാസജീവിതം* എന്ന കൃതി സ്വദേശത്തും വിദേശത്തുമായുള്ള ഗൾഫ് പ്രവാസങ്ങളുടെ ജീവിതക്കാഴ്ച്ചകളെ അതിസൂക്ഷ്മതയോടെ പരിശോധിക്കുന്നു. പ്രവാസികളും അവരുടെ കുടുംബാംഗങ്ങളും അനുഭവിക്കുന്ന പ്രശ്നങ്ങളെ അപഗ്രഥനം ചെയ്യുന്ന കൃതിയാണ് എൻ.പി. ഹാഫിസ് മുഹമ്മദിന്റെ *പ്രവാസികളുടെ പുസ്തകം.* പ്രവാസത്തിന്റെ സന്ദിഗ്ദ്ധതകളെയും അവസാനമില്ലാത്ത വേദനകളെയും അടയാളപ്പെടുത്തുന്ന കൃതികളാണ് ബാബു ഭരദ്വാജ് രചിച്ച *പ്രവാസത്തിന്റെ മുറിവുകൾ*, *പ്രവാസിയുടെ കുറിപ്പുകൾ* എന്നിവ. എം.മുകുന്ദന്റെ ദൽഹി എന്ന നോവലിനെക്കുറിച്ചുള്ള പഠനങ്ങളാണ് *ദൽഹി നോവൽ പഠനങ്ങളെ*ന്ന കൃതി. ആർ. ഭദ്രൻ എഡിറ്റ് ചെയ്ത *ദൽഹിഗാഥകൾ- പ്രവാസം/യുദ്ധം/ രാഷ്ട്രീയം* എന്ന കൃതി *ദൽഹിഗാഥ*യെക്കുറിച്ചുള്ള വ്യത്യസ്ത പഠനങ്ങൾ ഉൾക്കൊള്ളുന്നു. പി. മണികണ്ഠന്റെ *മലയാളിയുടെ സ്വത്വാന്വേഷണങ്ങൾ* എന്ന കൃതി എണ്ണപ്പാടങ്ങളിൽ ചിതറിപ്പാർക്കുന്നവരുടെ സാഹിത്യത്തെക്കുറിച്ചും മലയാളിയുടെ സ്വത്വപ്രതിസന്ധിയെക്കുറിച്ചും വിശദീകരിക്കുന്നു. എം.ഗോകുൽദാസിന്റെ *എം.മുകുന്ദൻ എഴുത്ത്/ജീവിതം/കഥകൾ* എന്ന കൃതി എം.മുകുന്ദൻ എന്ന എഴുത്തുകാരന്റെ ജീവിതത്തിലൂടെയുള്ള സഞ്ചാരമാണ്. ഇ.എം. അഷ്റഫ് രചിച്ച് *യമുനയുടെ തീരങ്ങളിൽ* എം. മുകുന്ദന്റെ *ദൽഹി*, *ഹരിദ്വാറിൽ മണികൾ മുഴങ്ങുന്നു*

എന്നീ നോവലിന്റെ രചനാപശ്ചാത്തലത്തിലൂടെയുള്ള സഞ്ചാരമാണ്. പ്രതാപൻ തായാട്ട് എഡിറ്റ്ചെയ്ത *പ്രവാസം നോവൽ പഠനങ്ങൾ* എന്ന കൃതി പ്രവാസം എന്ന നോവലിനെക്കുറിച്ചുള്ള വിവിധ പഠനങ്ങൾ ഉൾക്കൊള്ളുന്നു. പ്രവാസജീവിതത്തിന്റെ നേർക്കാഴ്ച്ചകളുടെ ആവിഷ്കാരമാണ് ബിജുകുമാർ ആലക്കോടിന്റെ *ഒട്ടകമായും ആടായും മനുഷ്യനായും* എന്ന കൃതി. വിവിധ പ്രദേശങ്ങളിലേക്ക് ഉപജീവനത്തിനായി മലയാളി നടത്തിയ കുടിയേറ്റത്തിന്റെ ചരിത്രവും സംസ്കാരവും അടയാളപ്പെടുത്തുന്ന കൃതിയാണ് *കുടിയേറ്റം പ്രവാസത്തിന്റെ മലയാളിവഴികൾ*. ഏകാന്തതയും സ്വപ്നങ്ങളും പേറുന്ന പെൺജീവിതങ്ങളുടെ പ്രവാസാനുഭവങ്ങൾ ആവിഷ്കരിക്കുന്ന കൃതിയാണ് റഫീക്ക് മേമുണ്ട എഡിറ്റ് ചെയ്ത *പെൺപ്രവാസം* എന്ന കൃതി. എം.എ.റഹ്മാന്റെ *പ്രവാസിയുടെ യുദ്ധങ്ങൾ*, എസ്.എ. ഖുദ്സിയുടെ *പ്രവാസിയുടെ വിജയങ്ങളും മുറിവുകളും* ബി.വി അബ്ദുള്ള കോയയുടെ *അറേബ്യൻ നാടുകളിലൂടെ*, ഇ.കെ. ദിനേശൻ എഡിറ്റ് ചെയ്ത *ആടുജീവിതം വായന വിചാരണ*, പി.കെ. കുശലകുമാരിയുടെ *സമൂഹമനസ്സും മലയാളനോവലും* എന്നിവയെല്ലാം പ്രസ്തുത മേഖലയിൽ ലഭ്യമായ ഗ്രന്ഥങ്ങളാണ്.

ജോസഫ് പുന്നാമ്പറമ്പിലിന്റെ *വിദേശത്തൊരു തൊഴിൽ-വർണപ്പകിട്ടേറിയ സങ്കൽപങ്ങളും കറുത്ത യാഥാർത്ഥ്യങ്ങളും*, ജയനാരായണന്റെ *പ്രവാസത്തിന്റെ സഹനസംഗീതം*, എം.വിജയകുമാറിന്റെ *പ്രവാസിയുടെ വേദപുസ്തകം*, സ്കറിയാ സക്കറിയയുടെ *കുടിയേറ്റവും പ്രവാസവും മലയാളസാഹിത്യത്തിൽ*, ഹാരിസ് ടി. കെയുടെ *ഗൾഫ് ജീവിതത്തിന്റെ ഭാവി*, പി.വി പ്രകാശ് ബാബുവിന്റെ *ദേശനഷ്ടത്തിന്റെ അടയാളങ്ങൾ*, പ്രബീഷ് നന്ദകുമാറിന്റെ *പ്രവാസം സൃഷ്ടിച്ച എഴുത്ത്*, എ.വി. അനിൽകുമാറിന്റെ *ജീവിതത്തിലേക്കൊരു പലായനം*, അഡോണിസിന്റെ *കവി നാടുകടത്തപ്പെട്ടവൻ*, അമ്മാർ കിഴുപ്പറമ്പ് രചിച്ച *പ്രവാസികൾ കേരളത്തിന്റെ ശില്പികൾ* അരുൺ ടി. വിജയന്റെ *മലയാളത്തിൽ പ്രവാസി സാഹിത്യം ഇല്ല*, സി. അഷറഫിന്റെ *ദേശാന്തരജീവിതം*, കെ. യു. ഇഖ്ബാലിന്റെ *അറബിയുടെ ഇന്ത്യൻ പ്രവാസം*, *ബസ്മ ഗദ്ദാമക്ക്* ശേഷം *മരുഭൂമിയിലെ ഇടയവിലാപങ്ങൾ*, എസ്.എ.

ഖുദ്സിയുടെ *പ്രവാസിയുടെ വിജയങ്ങളും മുറിവുകളും*, ഇ.കെ. ദിനേശന്റെ *ദേശാന്തരജീവിതത്തിലെ സാംസ്കാരികചിന്തകൾ*, എൻ. സി. എ. നാസർ രചിച്ച *പ്രവാസക്കൂട്ടായ്മകൾ ആർക്കൊപ്പം* ബന്യാമിന്റെ *ഗൾഫ് മലയാളിയുടെ ഭാവിജീവിതം*, ബാബു ഭരദ്വാജ് രചിച്ച *നമ്മുടെ പ്രവാസം അവരുടെ പ്രവാസം*, പി. എം. മനോജിന്റെ *പ്രവാസം പ്രതീക്ഷകളും പ്രതിസന്ധികളും*, മിനിപ്രസാദ് രചിച്ച *പെൺപ്രവാസരചനകൾ*, എം. മുകുന്ദന്റെ *ഇനി ഏത് ദേശത്തെക്കുറിച്ചാണ് ഞാൻ എഴുതേണ്ടത്*, *എഴുത്ത് ഭാഷ പ്രവാസം*, മുസാഫിർ അഹമ്മദിന്റെ *അലയും മലയും കടന്നവർ*, *പ്രവാസി എന്ന പ്രതിസന്ധി*, മുഹമ്മദ് ഫക്രുദ്ദീൻ അലിയുടെ *സൗദിയിലെ സ്ത്രീപക്ഷചിന്തകൾ*, സി.പി. രവീന്ദ്രന്റെ *ഗൾഫും കടന്ന്*, എം. ജി. രാധാകൃഷ്ണന്റെ *പ്രവാസി പ്രഹസനദിനം*, പിണറായി വിജയന്റെ *പ്രവാസികൾക്ക് നേരെ കണ്ണടയ്ക്കുന്നതാര്*, ശിഹാബുദ്ദീൻ പൊയ്ത്തുംകടവിന്റെ കടൽ *നീന്തിവന്ന വാക്കുകൾ*, *ഗൾഫുകാരന്റെ കാലം*, ഷൈനി ജേക്കബ് ബെഞ്ചമിന്റെ *മലയാളിയുടേതാണ് ആദ്യത്തെ സമ്പൂർണപെൺകുടിയേറ്റം*, സക്കീർ ഹുസൈന്റെ *ലോഞ്ചിൽ നിന്നും ഉടലെടുത്ത വിപ്ലവം*, എൻ. പി. സജീഷിന്റെ *വെള്ളിത്തിരയിൽ മരുപ്പച്ചയുടെ അടയാളങ്ങൾ*, സതീഷ് ബാബുവിന്റെ *ഗദ്ദാമ പറയുന്നത്*, സർഫ്രാസ് ഇസ്ഹാഖ് രചിച്ച *തിരമാലയെ തോൽപ്പിച്ച സ്വപ്നങ്ങൾ*, കെ. പി. സലാം രചിച്ച *വേണ്ടപ്പെട്ടവരുടെ വിവരങ്ങൾ*, സെയ്നുദ്ദീൻ, പുന്നയൂർക്കുളത്തിന്റെ *അനധികൃതതൊഴിലാളി*, ഹക്കിം ചോലയിൽ *മേൽവിലാസമില്ലാത്ത കത്തുകൾ*, കെ.എൻ ഹരിലാലും സി.എസ് അഖിലും ചേർന്ന് രചിച്ച *ഭൂപടം മാഞ്ഞു; കേരളം മാറി*, എൻ.പി. ഹാഫിസ് മുഹമ്മദിന്റെ *തൊഴിൽജീവിതങ്ങളുടെ തെരുവുകൂട്ടങ്ങൾ*, ഇ. എം. ഹാഷിമിന്റെ *പ്രവാസജീവിതത്തിന്റെ മലർപ്പൊടികൾ*, എം.എ. റഹ്മാൻ രചിച്ച *പ്രവാസശിരസ്സിലെ സുവർണ്ണഖഡ്ഗം*, *എഴുത്ത് ഭാഷ പ്രവാസം പ്രവാസത്തിന്റെ പ്രത്യയശാസ്ത്രം,* എന്നീ ലേഖനങ്ങളും പൂർവപഠനങ്ങളെന്ന നിലയിൽ സ്വീകരിച്ചിട്ടുണ്ട്.

പ്രവാസവുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരിച്ചുവന്നിട്ടുള്ള ചില അഭിമുഖങ്ങളും പൂർവപഠനമെന്ന നിലയിൽ സ്വീകരിച്ചിട്ടുണ്ട്. *പ്രവാസലോകത്തുനിന്നും വരുന്ന ഓരോ വിളിയും ഒരു നിലവിളിയാണ്*(പി.ടി. കുഞ്ഞുമുഹമ്മദ്/മൈമൂന), *ഞാൻ വായിക്കാൻ കൊള്ളാവുന്ന എഴുത്തുകാരൻ* (ബന്യാമിൻ/അജേഷ്കടന്നപ്പള്ളി), *വരാനിരിക്കുന്നത് പുതിയ ഭാഷയുടെ സ്ത്രീ എഴുത്തിന്റെ കാലം* (എം. മുകുന്ദൻ/കെ.ആർ.മീര), *ഈ ലോകം അതിലൊരുമനുഷ്യൻ* (എം. മുകുന്ദൻ /എം. ഗോകുൽദാസ്), *ഞങ്ങൾ കാലത്തോടും ദേശത്തോടും സത്യസന്ധരായിരുന്നു* (എം.മുകുന്ദൻ/എ.എം സോമശേഖരൻ,ശിവദാസ്) എന്നിവയാണവ.

പ്രവാസവുമായി ബന്ധപ്പെട്ട, *പ്രവാസത്തിന്റെ അനുഭവം മലയാളനോവലിൽ* (പി.വി പ്രകാശ് ബാബു), *പ്രവാസജീവിതവും സ്വത്വപരിണാമവും* (മീര.ടി), *ദൽഹി രാഷ്ട്രീയസ്ഥലം എന്നനിലയിൽ മലയാളനോവലിൽ* (ബ്രില്ലി റാഫേൽ) എന്നീ ഗവേഷണപ്രബന്ധങ്ങളും പൂർവപഠനങ്ങളാണ്.

**ആകരസാമഗ്രികൾ**

കുടിയേറ്റം, പ്രവാസം എന്നിവയുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങളെ സാമൂഹ്യശാസ്ത്രമേഖലയുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള പഠനങ്ങളാണ് സാധാരണ നടക്കാറുള്ളതെങ്കിലും പ്രവാസത്തെ മുൻനിർത്തിയുള്ള സാഹിത്യപഠനത്തിൽ ഇത് വ്യത്യാസപ്പെടുന്നുണ്ട്. സാഹിത്യകൃതികളിൽ പ്രവാസത്തെ അവതരിപ്പിക്കുന്ന രീതിയെ ആശ്രയിച്ചാണ് ഇവിടെ പഠനം നടത്തുന്നത്. പഠനത്തിനാവശ്യമായ ദത്തങ്ങൾ ശേഖരിക്കുന്നതിന് പ്രഥമാകരമായിട്ടുള്ളത് എം. മുകുന്ദന്റെ രചനകളും അഭിമുഖങ്ങളുമാണ്. പ്രവാസത്തെക്കുറിച്ചുള്ള വിവിധ പഠനഗ്രന്ഥങ്ങളും ലേഖനങ്ങളും, ഗവേഷണപ്രബന്ധങ്ങളും ദ്വിതീയാകരങ്ങളായി സ്വീകരിച്ചിട്ടുണ്ട്.

**രീതിശാസ്ത്രം**

എം. മുകുന്ദന്റെ നോവലുകളിലെ പ്രവാസത്തെക്കുറിച്ച് പഠിക്കുന്ന ഈ പ്രബന്ധത്തിൽ സാഹിത്യപഠനത്തിന്റെ രീതിശാസ്ത്രമാണ് സ്വീകരിച്ചിട്ടുള്ളത്. സാമൂഹികമായി പ്രവാസാനുഭവത്തിന് വ്യത്യസ്തതലങ്ങളുള്ളതിനാൽ അത് പഠനവിധേയമാക്കാൻ സാഹിത്യസംസ്കാരികപഠനങ്ങൾ, രാഷ്ട്രീയസാമൂഹികശാസ്ത്രം, നരവംശശാസ്ത്രം എന്നീ വിജ്ഞാനശാസ്ത്രങ്ങളെക്കൂടി ആശ്രയിക്കേണ്ടിവരുന്നുണ്ട്. പ്രവാസത്തെ അതിന്റെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ വേർതിരിച്ച് വിശകലനം ചെയ്ത് നിഗമനങ്ങൾ രൂപീകരിക്കുന്നു.

**പ്രബന്ധസ്വരൂപം**

പ്രവാസം എം. മുകുന്ദന്റെ നോവലുകളിൽ *(പ്രവാസം, ദൽഹി, ദൽഹിഗാഥകൾ* എന്നീ നോവലുകളെ ആസ്പദമാക്കി ഒരു പഠനം) എന്ന ഗവേഷണപ്രബന്ധത്തിൽ ആമുഖം ഉപസംഹാരം എന്നിവക്ക് പുറമെ അഞ്ച് അധ്യായങ്ങളാണുള്ളത്.

'പ്രവാസം ചരിത്രവും വിശകലനവും' എന്ന ഒന്നാമധ്യായത്തിലൂടെ വ്യത്യസ്ത ആശയധാരകളെ ഉൾക്കൊള്ളുന്ന പ്രവാസത്തെ വിവരിക്കുകയാണ് ചെയ്യുന്നത്. മനുഷ്യൻ ഒറ്റയ്ക്കും കൂട്ടായും ആദ്യകാലം മുതൽ ജീവസന്ധാരണത്തിനായി നടത്തിയ യാത്രയിലൂടെയാണ് മനുഷ്യയാനങ്ങളുടെ ചരിത്രമാരംഭിക്കുന്നത്. പ്രവാസം മനുഷ്യന് ഒരനുഭവതലമായി മാറിയത് സ്ഥിരവാസാരംഭത്തിന് ശേഷമാണ്. ഒരാൾ ജനിച്ചുവളർന്ന സാഹചര്യത്തിൽനിന്ന് താൽക്കാലികമായോ സ്ഥിരമായോ മറ്റൊരു സ്ഥലത്ത് ചെന്ന് ജീവിക്കേണ്ടിവരുന്ന മനുഷ്യാവസ്ഥയാണ് പ്രവാസം. ജനിച്ചുവളർന്ന ദേശമോ രാജ്യമോ വിട്ട് മറ്റൊരു ദേശത്തേക്ക് മാറേണ്ടിവരുന്ന വ്യക്തിയെയാണ് പ്രവാസിയെന്ന് പറയുന്നത്. കുടിയേറ്റം, പലായനം, നാടുകടത്തൽ എന്നിവയുടെ ഫലം പ്രവാസമാണ്. ജീവൻ നിലനിർത്തുക എന്ന പ്രാഥമികനിലയിൽനിന്നും സാമ്പത്തികസുരക്ഷ ഉറപ്പുവരുത്തുക എന്ന നിലയിലേക്ക് (തൊഴിൽപ്രവാസം) കേരളീയപ്രവാസം മാറിയിരിക്കുന്നു.

ജൂതജനതയുടെ പലായനവുമായി ബന്ധപ്പെട്ട് പ്രയോഗിച്ചിരുന്ന ഡയസ്പോറ എന്ന പദം വ്യത്യസ്ത ആശയധാരകളെ ഉൾക്കൊള്ളുന്ന ഒന്നായി മാറിയിട്ടുണ്ട്. അതിന്റെ അനുബന്ധമായാണ് പ്രവാസമെന്ന പദം പൊതുമണ്ഡലത്തിലേക്ക് കടന്നുവന്നത്. സ്വന്തമായിട്ടുള്ളതെല്ലാം ഉപേക്ഷിച്ച് ജന്മനാട്ടിൽനിന്ന് പലായനം ചെയ്യാൻ നിർബന്ധിക്കപ്പെട്ടവരാണ് ഇസ്രായലിൽ നിന്ന് ജറുസലമിലേക്ക് പോയ ജൂതജനത. ഇവരുടെ പലായനത്തെക്കുറിച്ചുകൊണ്ടിരുന്ന ഡയസ്പോറ എന്ന പദം പ്രവാസത്തെ രേഖപ്പെടുത്താൻ ഇന്ന് സാർവത്രികമായി ഉപയോഗിക്കുന്നു. പ്രവാസത്തെക്കുറിച്ച് ഇന്ന് നടത്തുന്ന പഠനങ്ങളെ ഡയസ്പോറിക് സ്റ്റഡീസ് എന്നാണ് പറയുന്നത്.

പ്രവാസത്തിന് പിന്നിൽ വ്യത്യസ്തമായ കാരണങ്ങൾ കാണാം. ആർ. ജെറവൻസ്റ്റീന്റെ കുടിയേറ്റനിയമവും എവററ്റ് എസ്. ലീയുടെ പുഷ് ആന്റ് പുൾ തിയറിയും പ്രവാസപഠനത്തെ സിദ്ധാന്തവൽക്കരിക്കുന്നുണ്ട്. ഘടനാപരമായ സവിശേഷതകളുടെ അടിസ്ഥാനത്തിൽ പ്രവാസത്തെ ആഭ്യന്തരം, ദേശാന്തരം എന്നിങ്ങനെ രണ്ടായിത്തിരിക്കുന്നു. ഇന്ത്യക്കുള്ളിലുള്ള പ്രവാസത്തെ ആഭ്യന്തരപ്രവാസമെന്നും ഇന്ത്യക്ക് പുറത്തുള്ള പ്രവാസത്തെ ദേശാന്തരപ്രവാസമെന്നും പറയുന്നു. ദേശാന്തരപ്രവാസത്തിൽ ഗൾഫ് പ്രവാസത്തെയാണ് സവിശേഷമായി ഈ അധ്യായത്തിൽ പഠനവിധേയമാക്കുന്നത്. 1991-ലെ കുവൈത്ത്-ഇറാക്ക് യുദ്ധത്തെത്തുടർന്ന് ആയിരക്കണക്കിന് മലയാളികൾ തൊഴിലുപേക്ഷിച്ച് കേരളത്തിലേക്ക് മടങ്ങിയെത്തിയ സന്ദർഭത്തിലാണ് ഗൾഫ് മലയാളികളെ പരാമർശിക്കുവാൻ പ്രവാസികൾ എന്ന പദം മലയാളത്തിൽ ഗൗരവമായി ഉപയോഗിക്കപ്പെട്ടത്. അതുവരെ ഗൾഫ് മലയാളി, അമേരിക്കൻ മലയാളി, ബോംബെ മലയാളി, ദൽഹി മലയാളി എന്നിങ്ങനെ കുടിയേറിയ ദേശങ്ങളുടെ പേരിലാണ് അന്യദേശവാസം നടത്തിയ ഓരോ മലയാളിയും അറിയപ്പെട്ടത്. പ്രവാസിമലയാളി എന്ന പ്രയോഗം ശ്രദ്ധ നേടുന്നതുവരെയും ദേശ-രാഷ്ട്രങ്ങളുടെ വ്യത്യാസമില്ലാതെ കേരളത്തിന് പുറത്ത്

വസിക്കുന്ന ഏതൊരു മലയാളിയെയും പരാമർശിക്കുവാൻ മറുനാടൻമലയാളി എന്ന പ്രയോഗമായിരുന്നു വ്യാപകമായി ഉപയോഗിച്ചിരുന്നത്.

'മലയാളനോവലും പ്രവാസാഖ്യാനങ്ങളും' എന്ന രണ്ടാമധ്യായത്തിൽ *ഇന്ദുലേഖ* മുതൽക്കുള്ള മലയാളനോവലുകളിൽ ചർച്ചചെയ്യപ്പെടുന്ന പ്രവാസത്തിന്റെ സവിശേഷതകളാണ് പഠനവിധേയമാക്കുന്നത്. *ഇന്ദുലേഖ, ശാരദ, ഇന്ദുമതീസ്വയംവരം, സരസ്വതീവിജയം* തുടങ്ങിയ ആദ്യകാലരചനകളിൽ വായനക്കാർക്ക് പൊതുവെ അപരിചിതമായ ദേശങ്ങളെക്കുറിച്ചുള്ള അവതരണം കാണാവുന്നതാണ്. കഥയെ പരിവർത്തനവിധേയമാക്കുന്ന ഒരു ഭാഗമെന്ന നിലയിലോ അനിവാര്യമായ യാത്ര എന്ന നിലയിലോ ആണ് ആ നോവലുകളിൽ പ്രവാസാവതരണങ്ങൾ കടന്നുവരുന്നത്. സൂക്ഷ്മമായ സ്ഥലവർണ്ണനകളിലൂടെ നാളിതുവരെ സാഹിത്യം കടന്നുചെന്നിട്ടില്ലാത്ത മേഖലകളുടെ വെളിപ്പെടുത്തലാണ് ഈ യാത്രാവർണ്ണനകളിലൂടെ അവതരിപ്പിക്കപ്പെടുന്നത്.

തകഴി, ബഷീർ, കേശവദേവ്, പൊറ്റെക്കാട്ട് ഇവരുടെ രചനകളിൽ പ്രവാസം കടന്നുവരുന്നുണ്ടെങ്കിലും അത് പിൽക്കാലപ്രവാസാഖ്യാനങ്ങളിലേതുപോലെ സവിശേഷാനുഭവമായി മാറുന്നില്ല. ആധുനികനോവലിസ്റ്റുകളായ ഒ. വി വിജയൻ, കാക്കനാടൻ, ആനന്ദ്, മുകുന്ദൻ എന്നിവരുടെ നോവലുകളിലേക്കെത്തുമ്പോൾ പ്രവാസം അസ്തിത്വപരമായ പ്രശ്നമായി മാറുന്നു. ആഖ്യാനങ്ങളിൽ കടന്നുവരുന്ന പ്രവാസാനുഭവത്തിന്റെ പ്രത്യേകതകളനുസരിച്ച് പട്ടാളനോവലുകൾ, കുടിയേറ്റനോവലുകൾ, ആഭ്യന്തര/ദേശാന്തര നോവലുകൾ എന്നിങ്ങനെ വേർതിരിച്ച് പഠിക്കുകയും വ്യത്യസ്തതരം പ്രവാസത്തെയും പ്രവാസികളുടെ അനുഭവത്തെയും മനസ്സിലാക്കുകയും ചെയ്യുന്നു. മേൽപ്പറഞ്ഞ നോവലുകളിലെല്ലാം പ്രവാസത്തിന്റെ കാരണങ്ങൾ വ്യത്യസ്തമാണെങ്കിലും പ്രവാസികൾ അനുഭവിക്കുന്ന ഗൃഹാതുരത്വം, അപരിചിതത്വം, അന്യതാബോധം, തൊഴിൽപരമായ പ്രശ്നങ്ങൾ എന്നിവ ഒട്ടുമിക്ക പ്രവാസികളും നേരിടുന്നുണ്ടെന്ന് മനസ്സിലാക്കാൻ സാധിക്കുന്നു.

'പ്രവാസവും-പ്രവാസജീവിതാവിഷ്കാരവും' എന്ന മൂന്നാമധ്യായത്തിലൂടെ കേരളീയരുടെ വിദേശരാജ്യങ്ങളിലേക്കുള്ള പ്രവാസമാണ് അവതരിപ്പിക്കപ്പെടുന്നത്. ഇതുപതാംനൂറ്റാണ്ടിന്റെ തുടക്കത്തിൽ കോഴിക്കോട്ടെ ഗ്രാമീണജീവിത പശ്ചാത്തലത്തിൽ ആരംഭിക്കുന്ന നോവൽ നോവലിസ്റ്റും സഞ്ചാരിയുമായ എസ്.കെ പൊറ്റെക്കാട്ടിന്റെയും എം.മുകുന്ദന്റെയും ആഖ്യാനത്തിലൂടെയാണ് മുന്നോട്ടുപോകുന്നത്. പ്രവാസത്തിന്റെ ഒന്നാംഘട്ടം 1930 മുതൽ 1980 വരെയുള്ള പൊറ്റെക്കാട്ടിന്റെ സഞ്ചാരകാലമാണ്. എസ്.കെയുടെ പിൻഗാമി എന്ന് സ്വയം വിശേഷിപ്പിക്കുന്ന എം.മുകുന്ദൻ എന്ന കഥാപാത്രത്തിന്റെ നോട്ടത്തിലൂടെയാണ് നോവൽ പൂർത്തിയാകുന്നത്. പ്രവാസത്തെ പ്രമേയം എന്നതിലുപരി ഒരു ജീവിതഗന്ധിയായി അനുഭവപ്പെടുത്തുന്ന നോവലാണിത്. ചോയിക്കുട്ടിയച്ചൻ, കുമാരൻ, ഗിരി, അശോകൻ, രാഹുലൻ എന്നീ അഞ്ചുതലമുറയുടെ ജീവിതം ചരിത്രപരവും സാംസ്കാരികവും രാഷ്ട്രീയവുമായ സന്ദർഭങ്ങൾ പശ്ചാത്തലമാക്കി ആഖ്യാനം ചെയ്യുന്നതിലൂടെ ഒരു പ്രത്യേക സമൂഹത്തിന്റെ പ്രശ്നങ്ങൾ പ്രമേയമായി സ്വീകരിക്കുക എന്നതിനപ്പുറം പ്രവാസത്തിന്റെ അവസ്ഥാഭേദങ്ങൾ അനുഭവിപ്പിക്കാനാണ് മുകുന്ദൻ ശ്രമിക്കുന്നത്. ഒരേസമയം ആഖ്യാതാവും കഥാപാത്രവുമായി നോവലിസ്റ്റ് ഇടപെടുന്നു. ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ തെക്കുകിഴക്കൻ ഏഷ്യയിലുണ്ടായ കുടിയേറ്റം (ബർമ്മൻ കുടിയേറ്റം), എഴുപതുകളിലുണ്ടായ ഗൾഫ് കുടിയേറ്റം, നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ അമേരിക്കയിലുണ്ടായ കുടിയേറ്റം എന്നിവയിലൂടെയാണ് പ്രവാസം കടന്നുപോകുന്നത്.

വ്യത്യസ്ത സാഹചര്യങ്ങളിൽ പ്രവാസത്തിന് വിധേയരാകുന്ന കഥാപാത്രങ്ങളെയാണ് *പ്രവാസം* എന്ന നോവലിൽ കാണുന്നത്. യാത്രചെയ്യാനും സ്ഥലങ്ങൾ കാണാനും കുമാരൻ പോയത് ബർമ്മയിലേക്കാണ്. എല്ലായാത്രകളും മടങ്ങിവരാനുള്ളതല്ല എന്ന് രക്തസാക്ഷിത്വത്തിലൂടെ തെളിയിക്കുന്ന മാധവൻ പഠനാർത്ഥം ഫ്രാൻസിലേക്ക് പോയ പ്രവാസിയായിരുന്നു. പണമുണ്ടാക്കി ജീവിതം

മെച്ചപ്പെടുത്തുക എന്ന അടിസ്ഥാനലക്ഷ്യത്തോടുകൂടിയുള്ള ഗൾഫ് പ്രവാസിക ളാണ് രാമദാസൻ, മൊയ്തു, അബൂട്ടി, നാഥൻ, സുധീരൻ എന്നിവർ. കോർപ്പറേറ്റ് വികസനസ്വപ്നങ്ങൾക്കിടയിലും ഗൃഹാതുരത കൈവിടാത്ത അമേരിക്കൻ പ്രവാ സികളാണ് അശോകൻ, വർഗീസ് കുറ്റിക്കാടൻ, അച്ചാമ്മ, കുഞ്ഞച്ചായൻ, വിന്ദുജ, ശ്രീകുമാർ എന്നിവർ. ഈ കഥാപാത്രങ്ങളിലൂടെ പ്രവാസത്തിന്റെ പ്രത്യേകതക ളായ ഗൃഹാതുരത്വം, അന്യതാബോധം, മിശ്രസംസ്കാരം, ജീവിതശൈലീമാറ്റം എന്നിവ തുറന്നുകാട്ടുന്നതിന് നോവലിസ്റ്റിന് സാധിക്കുന്നു.

ഗൾഫ് പ്രവാസം കേരളത്തിന്റെ ഭൗതികപരിണാമത്തിൽ നിർണായകശ ക്തിയായി പ്രവർത്തിച്ചുവെന്ന് നോവൽ കാട്ടിത്തരുന്നുണ്ട്. ഗൾഫിലെ സമ്പന്നപ്ര വാസികളുടെ പകിട്ടാർന്ന ജീവിതത്തോടൊപ്പം ദരിദ്രരായ പ്രവാസികളെയും, പ്രവാസജീവിതത്തിന്റെ കാഠിന്യത്തെയും, മാനസികപിരിമുറുക്കങ്ങളെയും, തൊഴിൽമേഖലയിലെ അസ്ഥിരതയെയും, പ്രവാസികളനുഭവിക്കുന്ന വംശീയവിദ്വേ ഷത്തെയും, വിദേശസംസ്കാരത്തെ പുണരുന്ന പ്രവാസികളിലെ യുവതലമുറ യെയും *പ്രവാസ*ത്തിൽ കാണാം. പരിചിതവും സുരക്ഷിതവുമായ ഒരു ജീവിതാവ സ്ഥയിൽനിന്ന് അന്യവൽക്കരിക്കപ്പെടുമ്പോൾ സംഭവിക്കുന്ന വൈകാരികാര ക്ഷിതത്വം പ്രവാസിയെ വേട്ടയാടുന്നു. അന്യരാജ്യങ്ങളിലെത്തുമ്പോൾ മാതൃഭാഷ എത്രമാത്രം തീവ്രമായ വികാരമായി മാറുന്നു എന്ന യാഥാർത്ഥ്യം തീവ്രമായി ത്തന്നെ നോവലിൽ വരച്ചുകാട്ടുന്നു. കമ്മ്യൂണിസ്റ്റ് പാരമ്പര്യത്തിൽ ജനിച്ചുവളർന്ന് മുതലാളിത്തരാഷ്ട്രത്തിൽ തൊഴിലാളിയാകുന്ന അശോകനും പറശ്ശിനിക്കടവ് മുത്തപ്പന്റെ ചിത്രങ്ങളും പൂജകളുംകൊണ്ട് പാരമ്പര്യത്തെ നിലനിർത്തുന്ന വിന്ദു ജയും മാതാപിതാക്കളുടേതിന് വിരുദ്ധമായി അമേരിക്കൻ സംസ്കാരം ശീലിക്കുന്ന ബിൻസിയും ആധുനികപ്രവാസത്തിന്റെ വിഭിന്നവ്യക്തിത്വങ്ങളായി നോവലിൽ അടയാളപ്പെടുന്നു.

''ദൽഹി'-നഗരചിത്രവും പ്രവാസാനുഭവങ്ങളും' എന്ന നാലാമധ്യായത്തിൽ *ദൽഹി* എന്ന നോവലിനെ കേന്ദ്രമാക്കിക്കൊണ്ട് അരവിന്ദൻ എന്ന പ്രവാസിയുടെ ആഭ്യന്തരപ്രവാസത്തിന്റെ കഥയാണ് പഠനവിധേയമാക്കുന്നത്. ആധുനികതയുടെ പരിസരത്ത് നാം ദർശിച്ച ജീവിതപ്രശ്നങ്ങളുടെ തനിപ്പകർപ്പാണ് ദൽഹിയിലെ അരവിന്ദന്റെ ജീവിതം. നഗരവത്കരണമാണ് പ്രവാസത്തിന്റെ തോത് വർദ്ധിപ്പിച്ച ത്. അങ്ങനെയാണ് അരവിന്ദനെപ്പോലെ ജോലിയില്ലാത്ത അനേകം ചെറുപ്പക്കാർ ഗ്രാമം വിട്ട് ദൽഹിയിലെത്തിച്ചേർന്നത്. ചിന്താപരമായി ദ്വന്ദ്വസ്വഭാവം സൂക്ഷി ക്കുന്ന വ്യക്തിയാണ് അരവിന്ദൻ. തൊഴിൽതേടിപ്പോവുക എന്ന പ്രശ്നം ഉള്ളിലു ള്ളപ്പോഴും ആന്തരികമായി കലാകാരനെ വളർത്തുകയായിരുന്നു ലക്ഷ്യം. എന്നാൽ ആധുനികമനുഷ്യന്റെ ചിട്ടവട്ടങ്ങൾക്ക് വഴങ്ങാൻ കൂട്ടാക്കാതെ നഗരവ ത്കരണത്തിന്റെ ഇരയായി മാറുന്നിടത്ത് അരവിന്ദനെന്ന പ്രവാസിയുടെ പരാജയം പൂർണ്ണമാകുന്നു. മറുഭാഗത്ത് ദൽഹിമലയാളികൾക്കിടയിൽ സാമ്പത്തികവിജയം നേടാൻ സാധിച്ചവരുടെ പ്രതിനിധികളായി കരുണനും, കുഞ്ഞിരാമനും മറ്റും നോവലിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. അന്യദേശത്തു പോയി ഏതുവിധേനയും പണം സമ്പാദിക്കുക എന്ന ലക്ഷ്യത്തോടുകൂടി പെരുമാറുന്ന ഒരുകൂട്ടം പ്രവാസികൾ പ്ര വാസലോകത്തിന് സുപരിചിതരാണ്. അത്തരത്തിൽപ്പെട്ട വ്യക്തിയാണ് കുഞ്ഞിരാ മൻ നായർ. ദൽഹിപോലെ വൻനഗരത്തിൽ ജീവിക്കുമ്പോഴും ജാതിമതചിന്തകൾ ക്ക് പ്രാധാന്യമുണ്ട് എന്ന് കാണിക്കുന്നതാണ് രാമുണ്ണി എന്ന കഥാപാത്രം. പ്രവാ സത്തിന്റെ മിക്കവാറും എല്ലാ സവിശേഷതകളും നമുക്ക് '*ദൽഹി*'യിൽ കാണാം. ഗൃഹാതുരത, അന്യവത്കരണം, തൊഴിൽ തേടിയുള്ളവരുടെ പ്രയാണം, അവരു ടെ അതിജീവനത്തിന്റെ പ്രശ്നങ്ങൾ, സ്വത്വപ്രതിസന്ധി, നഗരവത്കരണം സൃഷ്ടി ക്കുന്ന അനാഥത്വം ഇങ്ങനെയുള്ള അനവധി കാര്യങ്ങൾ 'ദൽഹി'യിൽ ചിത്രീകരി ക്കപ്പെടുന്നുണ്ട്.

'ദൽഹിഗാഥകൾ - പ്രവാസവും അതിജീവനവും' എന്ന അഞ്ചാം അധ്യായത്തിൽ ആഭ്യന്തരപ്രവാസമാണ് കടന്നുവരുന്നത്. പ്രവാസിയായി ദൽഹിയിലെത്തിയ സഹദേവനിലൂടെ ദൽഹിയുടെ പ്രവാസചരിത്രം വിശദീകരിക്കുന്നു. ഇന്ത്യാചരിത്രത്തിലെ നീണ്ടൊരു കാലഘട്ടത്തിലെ സംഭവപരമ്പരകളെ പ്രവാസികളുടെ അനുഭവങ്ങളിലൂടെ ആവിഷ്കരിക്കുകകൂടിയാണ് ഈ നോവൽ. ഇന്ത്യ-ചൈന യുദ്ധം, ഇന്ത്യ-പാക്ക് യുദ്ധം, അടിയന്തരാവസ്ഥ, ഓപ്പറേഷൻ ബ്ലൂസ്റ്റാർ, ഇന്ദിരാഗാന്ധിവധം, സിക്ക് വിരുദ്ധകലാപം തുടങ്ങി ഭാരതത്തിന്റെ നിർണായകമായ രാഷ്ട്രീയചരിത്രത്തിന്റെ സൂക്ഷ്മമായ അവതരണമാണ് നോവലിന് പശ്ചാത്തലം. അപ്രതീക്ഷിതമായ ഇന്ത്യാചൈനായുദ്ധത്തിന്റെ ആഘാതത്തിൽ മലയാളിപ്രവാസിയായ ശ്രീധരനുണ്ണി ഹൃദയാഘാതം മൂലം മരണപ്പെടുന്നുണ്ട്. മലയാളിയുടെ പ്രവാസത്തോടൊപ്പംതന്നെ ദൽഹി കേന്ദ്രീകരിച്ച് ബംഗ്ലാദേശ് അഭയാർത്ഥിപ്രവാഹം, പഞ്ചാബികളുടെ കുടിയേറ്റം എന്നിവയും അവതരിപ്പിക്കപ്പെടുന്നു. ശ്രീധരനുണ്ണി, ദേവി, കുഞ്ഞിക്കൃഷ്ണൻ, ലളിത, ജാനകിക്കുട്ടി എന്നിവരെല്ലാം നോവലിലെ പ്രവാസചിന്തകളെ സജീവമാക്കുന്നു.

സഹദേവനെന്ന മുഖ്യകഥാപാത്രത്തിന്റെ കണ്ണിലൂടെ ഉത്തരേന്ത്യക്കാർ പെൺകുട്ടികളോട് കാട്ടുന്ന അവഗണനയും സ്ത്രീധനസമ്പ്രദായത്തിന്റെ കാഠിന്യവും, ജാതിവ്യവസ്ഥയുടെ കാർക്കശ്യവും നോവൽ വെളിപ്പെടുത്തുന്നുണ്ട്. അടിയന്തരാവസ്ഥക്കാലത്തെ രാഷ്ട്രീയസാഹചര്യങ്ങളുടെ ഭീകരതയും, ഇന്ദിരാഗാന്ധിവധാനന്തരം ദൽഹിയിൽ നടന്ന സിഖ്-കൂട്ടക്കൊലയുടെ സാഹചര്യങ്ങളും നോവലിന് ആഖ്യാനപരിസരമാകുന്നു. ഈയൊരവസരത്തിൽ മറ്റ് ഇന്ത്യൻ ജനതയോടൊപ്പം മലയാളി പ്രവാസികൾ എങ്ങനെ ഈ പ്രതിസന്ധികളെ തരണം ചെയ്തുവെന്ന് നോവലിസ്റ്റ് വെളിപ്പെടുത്തുന്നു. നെൻമണ്ട വാസവപ്പണിക്കരെപ്പോലുള്ളവർ ഓർമമാത്രമായി മാറുന്നതും ഇക്കാലത്താണ്.

വിശപ്പ് വേട്ടയാടുന്ന മനുഷ്യരുടെ ഗാഥകൂടിയായി നോവൽ പലയിടത്തും മാറുന്നുണ്ട്. നോവലിലെ ഒരധ്യായത്തിന്റെ പേരുതന്നെ 'വിശപ്പിന്റെ റിപ്പബ്ലിക്' എന്നാണ്. ബംഗ്ലാദേശ് അഭയാർത്ഥികളെയും, റിക്ഷാവാലകളെയും മാത്രമല്ല വിശപ്പ് കൊടിയ വേദനയായിമാറിയ നിരവധി കഥാപാത്രങ്ങളെയും നോവലിൽ കാണാം. വാസുദേവപ്പണിക്കർ, ദേവി, സഹദേവൻ എന്നിങ്ങനെ പലരും ഇതിനുദാ ഹരണങ്ങളാണ്. മഹാനഗരത്തിൽ ജീവിക്കുമ്പോഴും കേരളീയസംസ്കാരത്തെ കാത്തുസൂക്ഷിക്കാൻ പരിശ്രമിക്കുന്നവരാണ് നോവലിൽ പ്രത്യക്ഷപ്പെടുന്ന പ്രവാ സിമലയാളികളിൽ പലരും. വീടും പരിസരവും മാത്രമല്ല തീൻമേശയിലും വസ്ത്ര ത്തിലുമെല്ലാം പലപ്പോഴും അവർ കേരളത്തെ ആവിഷ്കരിക്കുകയായിരുന്നു.

മേൽപ്പറഞ്ഞ അധ്യായങ്ങളിലൂടെ മുകുന്ദൻ മലയാളി പ്രവാസികളുടെ തൊഴിൽ പ്രവാസത്തിന്റെ ഗാഥയാണ് പറയുന്നതെങ്കിലും അവരോടൊപ്പം പ്രവാ സദേശത്തെത്തിപ്പെട്ട മറ്റ് പ്രവാസികളെയും അവരുടെ പ്രശ്നങ്ങളെയും വിശക ലന വിധേയമാക്കുന്നുണ്ട്. പ്രവാസത്തോടൊപ്പം പലായനത്തിന്റെ ഭീകരദൃശ്യ ങ്ങൾ അനുഭവവേദ്യമാക്കാനും മുകുന്ദന് സാധിച്ചിരിക്കുന്നു.

അഞ്ച് അധ്യായങ്ങളിലായി നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ എത്തിച്ചേർന്ന നിരീക്ഷണങ്ങളും നിഗമനങ്ങളും ഉപസംഹാരത്തിൽ ക്രോഡീകരി ക്കുന്നു.

## അധ്യായം: 1

## പ്രവാസം – ചരിത്രവും വിശകലനവും

സ്വദേശംവിട്ട് അന്യദേശങ്ങളിലേക്ക് പോകുന്നതിന്റെ ഭാഗമായുണ്ടാവുന്ന മനുഷ്യാവസ്ഥയാണ് പ്രവാസം. നിരന്തരമായ സഞ്ചാരങ്ങൾ ആദിമകാലം മുതൽ മനുഷ്യചരിത്രത്തിന്റെ ഭാഗമാണ്. വേട്ടയാടി ആഹാരസമ്പാദനം നടത്തിപ്പോന്നി രുന്ന അക്കാലങ്ങളിൽ മനുഷ്യൻ സ്ഥിരവാസം തുടങ്ങിയിരുന്നില്ല. അതിനാൽ ആ യാത്രകളെ പ്രവാസമായി പരിഗണിക്കാനാവില്ല. നവീനശിലായുഗത്തിലെ കാർഷി കവൃത്തിയുടെ ഭാഗമായാണ് മനുഷ്യർ സ്ഥിരവാസം ആരംഭിക്കുന്നത്. തുടർന്നും മേൽപ്പറഞ്ഞ സഞ്ചാരം മനുഷ്യജീവിതത്തിന്റെ ഭാഗമായിരിക്കാം. എന്നാൽ ആദിമ മായ സഞ്ചാരങ്ങളിൽനിന്നും വ്യത്യസ്തമായി പ്രവാസം മനുഷ്യന് ഒരു അനുഭവത ലമായി മാറിയത് സ്ഥിരവാസാരംഭത്തിന് ശേഷമാണ്. വിട്ടുപോകാൻ സ്വന്തമായ ഒരിടം, അനുഭവലോകം ഉണ്ടായിരിക്കുക എന്നത് പ്രവാസാനുഭവത്തിന്റെ നിർണാ യകഘടകങ്ങളിലൊന്നാണ്. അത്തരം പ്രവാസത്തിന്റെ ചരിത്രമെന്നത് മനുഷ്യ സംസ്കാരത്തിന്റെ ചരിത്രത്തോളം പഴക്കമേറിയതാണ്. തൊഴിൽതേടിയും, യുദ്ധ ങ്ങളിൽനിന്നും കലാപങ്ങളിൽനിന്നും പ്രകൃതിദുരന്തങ്ങളിൽനിന്നും രക്ഷനേടിയും, സാമൂഹികമായ ഉയർച്ചയും വിദ്യാഭ്യാസവും ലക്ഷ്യമാക്കിയും, ശിക്ഷയുടെ ഭാഗമാ യുമെല്ലാം മനുഷ്യർ പ്രവാസം അനുഭവിക്കുന്നു.

‘‘പ്രവാസത്തിന് പ്രധാനമായും മൂന്ന് ലക്ഷ്യങ്ങളാണുള്ളത്. അഭയം, അന്നം, മെച്ചപ്പെട്ട മേച്ചിൽപ്പുറം. അഭയം തേടുന്നവർക്ക് പ്രവാസം അത്യാവശ്യവും അന്നം തേടുന്നവർക്ക് അതൊരാവശ്യവും മെച്ചപ്പെട്ട മേച്ചിൽപ്പുറം തേടുന്നവർക്ക് അതൊരലങ്കാരവുമാണ്. അഭയം തേടുന്നതിന് യുദ്ധം, പ്രകൃതികോപം, കാലാവ സ്ഥാവ്യതിയാനം, രാഷ്ട്രീയഞെരുക്കം, വംശീയസംഘർഷം തുടങ്ങിയ പല കാര

ണങ്ങളുണ്ട്. അന്നം തേടുന്ന തൊഴിൽപ്രവാസങ്ങളിൽ മനുഷ്യർ താൽക്കാലിക മായോ സ്ഥിരമായോ ആണ് തൊഴിൽ ലഭിക്കുന്ന പ്രദേശങ്ങളിലേക്ക് ചേക്കേറുക. മെച്ചമായ മേച്ചിൽപ്പുറങ്ങളും വിളഭൂമിയും തേടിപ്പോകുന്നവർ ഒന്നിൽ നിന്നും മറ്റൊന്നിലേക്ക് നിരന്തരമായി പ്രയാണം ചെയ്തുകൊണ്ടേയിരിക്കും. മലയാളീപ്ര വാസം രണ്ടാമത്തേയോ മൂന്നാമത്തെയോ വിഭാഗമായാണ് പ്രവാസപഠനങ്ങളിൽ ചിത്രീകരിക്കപ്പെടുക.”[1]

സ്വദേശം വിട്ട് അന്യദേശത്തേക്ക് യാത്രയാകുകയെന്ന കാരണത്തെ അടി സ്ഥാനമാക്കി പ്രവാസത്തെ മൂന്നായി തരംതിരിക്കാവുന്നതാണ്. കുടിയേറ്റം, നാടു കടത്തൽ, പലായനം എന്നിവയാണവ. ഇവയുടെയെല്ലാം ആത്യന്തികഫലം പ്രവാ സമാണെങ്കിലും ഇവ ആന്തരികമായി ഭിന്നസ്വഭാവം പുലർത്തുന്നവയാണ്. കുടി യേറ്റത്തിൽ പ്രവാസികളാവുന്നവർ ചെന്നെത്തുന്ന നാട്ടിൽ അവരുടേതായ ലോകം കെട്ടിപ്പടുക്കുകയും സ്ഥിരതാമസമാകുകയും ചെയ്യുന്നു. കുടിയേറ്റത്തിനും പലായ നത്തിനും നാടുകടത്തലിനും പിന്നിൽ പ്രത്യക്ഷത്തിലുള്ള രാഷ്ട്രീയകാരണങ്ങ ളാണുള്ളതെങ്കിൽ പ്രവാസത്തിന് കാരണമാകുന്നത് പരോക്ഷമായ ചില പ്രേരണ കളാണ്. പ്രവാസം എന്ന പ്രക്രിയയിൽ ഒരു തിരഞ്ഞെടുപ്പിന് സാധ്യതയുണ്ട്. എന്നാൽ തങ്ങളുടേതല്ലാത്ത കാരണത്താൽ പലായനം ചെയ്ത ജനത അനിശ്ചിത മായ സഞ്ചാരമാണ് നടത്തുന്നത്. നാടുകടത്തപ്പെടലെന്നത് ഒരു ശിക്ഷാവിധി ആയതിനാൽ അവിടെ അന്യന്റെ ഇച്ഛയാണ് നടപ്പാക്കപ്പെടുന്നത്. തിരിച്ചുവരവ് പലപ്പോഴും അസാധ്യവുമാണ്. മലയാളി ജോലിതേടി കേരളത്തിൽനിന്ന് പുറത്തുപോയാലുള്ള അവസ്ഥ എന്ന അർത്ഥത്തിലാണ് ഈ പ്രബന്ധത്തിൽ പ്രവാസം എന്ന പദം പ്രയോഗിച്ചിരിക്കുന്നത്. പ്രവാസം ആഖ്യാനവിഷയമാക്കുന്ന നോവലുകളിലെല്ലാംതന്നെ കുടിയേറ്റം, നാടുകടത്തൽ, പലായനം എന്നിങ്ങനെ വിവിധ രൂപത്തിൽ പ്രയോഗിച്ചിട്ടുണ്ടെങ്കിലും അവയെല്ലാം പ്രവാസത്തിന് ആധാര മായ അവസ്ഥ എന്ന നിലയിലാണ് ഈ പ്രബന്ധത്തിൽ സ്വീകരിച്ചിരിക്കുന്നത്.

## 1.1 പ്രയോഗവും നിർവ്വചനവും

എക്സ്പാട്രിയേഷൻ (Expatriation) എന്ന ഇംഗ്ലീഷ് പദത്തിന് 'രാജ്യ ഭ്രംശം', 'നിഷ്കാസനം', 'ദേശത്തുനിന്നുള്ള ബഹിഷ്കരണം', 'സ്വമേധയാ ഉള്ള ദേശാന്തരഗമനം', 'മറ്റൊരു ദേശത്തുനിന്നുള്ള കുടിയേറ്റം', 'പ്രവാസം' എന്നെല്ലാ മാണ് അർത്ഥം നൽകിയിരിക്കുന്നത്.[2] ഹെർമൻ ഗുണ്ടർട്ട് തന്റെ നിഘണ്ടുവിൽ പ്രവാസത്തിന് 'വിദൂരവാസം' എന്ന് അർത്ഥം കൽപ്പിച്ചിരിക്കുന്നു.[3] ശ്രീക ണ്ഠേശ്വരം പത്മനാഭപിള്ളയുടെ *ശബ്ദതാരാവലി*യിൽ 'യാത്ര', 'വീട് വിട്ടുള്ള പാർപ്പ്', 'താൽക്കാലികവിരഹം' എന്നീ അർത്ഥതലങ്ങളാണ് കൊടുത്തിരിക്കുന്ന ത്.[4] 'വീട് വിട്ടുള്ള വാസം', 'തൽക്കാലവിരഹം', 'സ്വയമേവ വിദേശത്ത് പോയി പാർക്കൽ' എന്ന് *ശബ്ദസാഗര*ത്തിൽ അർത്ഥം കൽപ്പിച്ചിരിക്കുന്നു.[5] 'വീടുവിട്ടുള്ള പാർപ്പ്' എന്നാണ് ബെഞ്ചമിൻ ബെയ്‌ലി *മലയാളം ഇംഗ്ലീഷ് നിഘണ്ടു*വിൽ അർത്ഥം നൽകിയിരിക്കുന്നത്.[6]

'പ്രവാസം' എന്ന സംസ്കൃതപദത്തിന്റെ വിഗ്രഹരൂപം 'പ്രകർഷേണ വാസം' എന്നാണ്. അതായത് പ്രത്യേകതരം വാസം. പ്രത്യേകമായ ഈ വാസം ഉത്കർഷാത്മകമാവാം, അപകർഷാത്മകമാവാം. എന്തായാലും സാധാരണവാസ മല്ല പ്രവാസം. വസതിയിൽനിന്ന് ഭിന്നമായൊരിടത്തുള്ള പ്രത്യേകമായ വാസമത്രേ അത്. 'പ്ര' എന്ന ഉപസർഗ്ഗത്തോട് 'വസ്' ധാതു ചേർന്ന് രൂപപ്പെടുന്ന പദമാണ് പ്രവാസം. വിദേശം എന്നും വിദേശത്തുള്ള സ്ഥിതിയെന്നും ആ പദത്തിന് പ്രാഥമി കമായ അർത്ഥങ്ങളുണ്ട്. പ്രവാസം അന്യദേശത്തോടുള്ള ആകർഷണഫലമായി; അക്കരപ്പച്ചതേടി പുറപ്പെട്ടുപോയവന്റെ അനുഭവമെന്ന നിലയ്ക്ക് വ്യാപകമായ

അർത്ഥസാധ്യതകൾ ഉൾക്കൊള്ളുന്ന പദമായി പിൽക്കാലത്ത് വികസിക്കുന്നു. ഈ ആകർഷണത്തിന്റെയും പുറപ്പാടിന്റെയും ഫലമാണ് പ്രത്യേകവാസം.

ജനിച്ചുവളർന്ന സാഹചര്യങ്ങളിൽനിന്ന് താൽക്കാലികമായോ സ്ഥിരമായോ മറ്റൊരുസ്ഥലത്ത് ജീവിക്കേണ്ടിവരുന്ന മനുഷ്യാവസ്ഥയാണ് പ്രവാസം. അത് ചില പ്പോൾ ഉപജീവനത്തിന് വേണ്ടിയാവാം, ഒരു രാജ്യത്തിനകത്തുതന്നെയുള്ള മറ്റൊരു സ്ഥലത്തേക്കുള്ള മാറിത്താമസിക്കലുമാവാം. വ്യക്തിയുടെ സാമൂഹിക ബോധത്തെയും സ്വകാര്യതയെയും സർഗ്ഗാത്മകമനസ്സിനെയും പ്രവാസം ആഴത്തിൽ സ്വാധീനിക്കുന്നു.

## 1.2 പ്രവാസി (Expatriate)

ലാറ്റിൻപദമായ 'എക്സ്' (Ex -out of) 'പാട്രിയ' (Patria - Country, Father Land) എന്നിവയിൽ നിന്നാണ് 'എക്സ്പാട്രിയ' എന്ന പദമുണ്ടായത്.[7] 'പ്രവാസം അനുഭവിക്കുന്നവൻ' എന്ന അർത്ഥത്തിലാണ് 'പ്രവാസി' എന്ന പദം *ശബ്ദസാഗരത്തിലും* ഉപയോഗിക്കുന്നത്.[8] പ്രവാസിയുടെ സ്ത്രീലിംഗപദം എന്ന നിലയിൽ 'പ്രവാസിനി' എന്നും ഉപയോഗിക്കുന്നുണ്ട്.[9] 'പ്രവാസം അനുഭവിക്കുന്ന വ്യക്തി', 'അന്യദിക്കിൽ ചെന്ന് പാർക്കുന്നവൻ' എന്ന് *ശബ്ദതാരാവലി*യിലും[10] 'അന്യദി ക്കിൽച്ചെന്ന് താമസിക്കുന്നവൻ', 'വീടുവിട്ട് പാർക്കുന്നവൻ', എന്ന് *മലയാളം തിസോറസ്സിലും*[11], 'ദേശഭ്രഷ്ടൻ' എന്ന് *ഇംഗ്ലീഷ്-മലയാളം നിഘണ്ടു*വിലും[12] പറ യുന്നുണ്ട്. സ്വന്തം ദേശമോ രാജ്യമോ വിട്ട് താൽക്കാലികമായോ സ്ഥിരമായോ മറ്റൊരു രാജ്യത്ത് താമസിക്കുന്ന വ്യക്തിയെയാണ് പ്രവാസി എന്ന് പറയുന്നത്.[13] 'അന്യദിക്കിൽച്ചെന്ന് പാർക്കുന്നവൻ' എന്ന് ബെഞ്ചമിൻ ബെയ്‌ലി പ്രവാസിക്ക് അർത്ഥം കൊടുത്തിരിക്കുന്നു.[14] അന്യദേശങ്ങളിൽ താമസമാക്കുമ്പോൾ സ്വദേ

ശത്തിന്റെ ഓർമ്മകൾ ഓരോ പ്രവാസിയേയും നിരന്തരം പിന്തുടരുന്നുണ്ട്. ഇത്തരത്തിൽ ഗൃഹാതുരത്വത്തിൽ കഴിയുന്നവനാണ് പ്രവാസി.

നിശ്ചിത ജനത അവരുടെ സ്വദേശം വിട്ടുപോകുമ്പോഴും, ദേശ - വംശീയ -സാംസ്കാരികവും ഭാഷാപരവുമായ പൈതൃകങ്ങളെ മുറുകെപ്പിടിക്കാൻ ശ്രമിക്കുമ്പോഴും, അതിനെസംബന്ധിച്ച ഭാവിസങ്കൽപ്പങ്ങളിൽ കഴിയുമ്പോഴുമാണ് അവർ പ്രവാസികളാവുന്നത്. കുടിയേറ്റക്കാരിൽനിന്നും പ്രവാസികൾ എങ്ങനെ വ്യതിരിക്തരാകുന്നുവെന്ന വിഷയത്തെക്കുറിച്ച് വില്യം സഫ്രാൻ രേഖപ്പെടുത്തുന്നുണ്ട്.[15] സ്വന്തം നാടിനെക്കുറിച്ചുള്ള കാൽപനികമായ കഥകൾ, അതേക്കുറിച്ചുള്ള ഓർമ്മകൾ മുതലായവ കൂടെക്കൊണ്ടുനടക്കുകയും സ്വദേശം യഥാർത്ഥനാടാണെന്ന് വിശ്വസിക്കുകയും, അതിന്റെ പുനർനിർമ്മിതിയിലും സംരക്ഷണത്തിലും പങ്കാളിത്തം വഹിക്കുകയും, അവരുടെ സ്വത്വരൂപീകരണത്തിന്റെ ഓരോ ഘട്ടത്തിലും സ്വന്തം നാടുമായി ബന്ധപ്പെടുന്നവരുമാണ് പ്രവാസികൾ എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

ഇന്ത്യക്കകത്തും പുറത്തുമായി നിരവധി പ്രദേശങ്ങളിൽ താമസമാക്കിയവരാണ് മലയാളികൾ. ജോലി തേടിയും മറ്റുമുള്ള മലയാളികളുടെ ഇത്തരം 'ഇടംമാറലി'നെ പ്രവാസം എന്ന് വിശേഷിപ്പിക്കാമോ എന്നതിനെക്കുറിച്ച് വിവിധ സംവാദങ്ങൾ നിലനിൽക്കുന്നുണ്ട്. ക്ലാസിക്കൽ ഡയസ്പോറയുടെ പ്രധാന സവിശേഷതയായി കണക്കാക്കപ്പെടുന്ന മാനസികാഘാതമുണ്ടാക്കുന്ന നിർബന്ധിതപുറത്താക്കൽ എന്ന അനുഭവം ഇത്തരം മലയാളികുടിയേറ്റങ്ങളുടെ പിന്നിലില്ല. എന്നിരുന്നാലും സ്വമേധയാലുള്ള കുടിയേറ്റങ്ങളെ പ്രവാസമായി അംഗീകരിക്കാമെന്നതിന് അനുകൂലമായി സാമൂഹ്യശാസ്ത്രജ്ഞനായ റോബിൻ കോഹൻ പറയുന്നത് പ്രവാസങ്ങളുണ്ടാകുന്നത് മാനസികാഘാതമുണ്ടാക്കുന്ന അനുഭവങ്ങളിലൂടെ മാത്രമല്ല; മറിച്ച് അനേകം വ്യത്യസ്തങ്ങളായ കാരണങ്ങളിലൂടെയാണ്.[16] ഇത്തരം

കാരണങ്ങളിൽ പലതും കുടിയേറ്റക്കാരായ മലയാളികളിൽ കാണാം. അവ താഴെ പ്പറയുന്നു.

- സ്വദേശത്തുനിന്ന് അന്യദേശത്തേക്ക് ജോലി തേടിയോ കച്ചവടത്തിനോ ഉള്ള കുടിയേറ്റം.
- സ്വദേശം സംബന്ധിച്ച ചരിത്രവും വേദനകളും സ്ഥലങ്ങളും നേട്ടങ്ങളും ഉൾപ്പെടുന്ന കൂട്ടായ ഓർമ്മകളും കാൽപനികകഥകളും.
- യഥാർത്ഥത്തിലുള്ളതോ, കാൽപനികമോ ആയ ഒരു സ്വദേശത്തിന്റെ ആദർശവത്കരണവും അതോടൊപ്പം അതിന്റെ പരിപാലനം, വളർച്ച, പുന രുദ്ധാരണം, സംരക്ഷണം എന്നിവക്ക് വേണ്ടിയുള്ള കൂട്ടായ സമർപ്പണവും.
- സ്വദേശത്തോടുള്ള പരോക്ഷമായ ഒരു ബന്ധത്തിൽ ഇടവിട്ടുള്ള സന്ദർശന ത്തിൽ പ്രവാസസമൂഹത്തിലെ പല ആളുകളും സംതൃപ്തരാണെ ങ്കിൽക്കൂടി മാതൃരാജ്യത്തേക്ക് മടങ്ങിപ്പോകുവാൻ തുടർച്ചയായുണ്ടാകുന്ന കൂട്ടായ ഒരു അഭിനിവേശത്തിന്റെ വളർച്ച.
- ഒരു വ്യതിരിക്തചിന്തയുടെ, ഒരു പൊതുചരിത്രത്തിന്റെ, പൊതുവായ ഒരു മത-സാംസ്കാരികപരമ്പര്യത്തിന്റെ, ഒരു പൊതുവിധിനിയോഗത്തിൽ വിശ്വ സിക്കുന്നതിന്റെ അടിസ്ഥാനത്തിൽ നാളുകളായി നിലനിന്നുപോരുന്ന ആഴ ത്തിലുള്ള ഒരു വംശബോധം.
- ആതിഥേയസമൂഹത്തിലുള്ള അസ്വീകാര്യത, അല്ലെങ്കിൽ പ്രവാസസമൂഹ ത്തിൽ വന്നുഭവിക്കാവുന്ന മറ്റ് ദുരന്തങ്ങളുടെ അടിസ്ഥാനത്തിൽ ആതിഥേ യസമൂഹവുമായുള്ള അസ്വസ്ഥമായ ബന്ധം.
- മറ്റു രാജ്യങ്ങളിൽനിന്നുള്ള സഹകുടിയേറ്റക്കാരുമായി സഹകരിച്ചുകൊ ണ്ടുള്ള ഉത്തരവാദിത്തവും അവരുമായുള്ള താദാത്മ്യപ്പെടലും.

- ആതിഥേയരാജ്യത്തിലെ വ്യത്യസ്തരായ ആളുകളുമായി സഹിഷ്ണുത യോടെ പ്രത്യേകമായ രീതിയിൽ സർഗാത്മകവും സമ്പുഷ്ടവുമായ ഒരു ജീവിതം നയിക്കാനുള്ള സാധ്യത.

മലയാളികളുടെ പ്രവാസത്തെ അന്താരാഷ്ട്രതലത്തിലുള്ള പ്രവാസ ത്തിൽനിന്നും വ്യത്യസ്തമായ തലത്തിലേ നോക്കിക്കാണാനാവൂ എന്ന് വി. രാജ കൃഷ്ണനും പറയുന്നുണ്ട്. മെച്ചപ്പെട്ട തൊഴിലവസരങ്ങൾ തേടി ഒരൽപവികസിത രാജ്യത്തിൽനിന്ന് ഏതെങ്കിലും സമ്പന്നരാഷ്ട്രത്തിലേക്ക് ചേക്കേറുന്ന വ്യക്തി കളെ സാമ്പത്തികാഭയാർത്ഥികൾ (Economic refugees) എന്ന് അദ്ദേഹം വിശേഷി പ്പിക്കുന്നു.[17] മലയാളികളുടെ പുറംനാടുകളിലേക്കുള്ള ഒഴുക്ക് ഭൂരിപക്ഷവും സാമ്പ ത്തികലക്ഷ്യം മുൻനിർത്തിയായിരുന്നു.

## 1.3 പ്രവാസത്തിന്റെ നാൾവഴികൾ

നാഗരികത വികാസം പ്രാപിക്കാൻ തുടങ്ങിയതോടെയാണ് യാത്രാനുഭവ രേഖപ്പെടുത്തൽ ആരംഭിക്കുന്നത്. ഇതിഹാസങ്ങളും പുരാണങ്ങളും യാത്രാവിവര ണത്തിന് പ്രാധാന്യം നൽകിയിരുന്നു. ഹോമറിന്റെ *ഇലിയഡ്, ഒഡീസി*, സുമേറി യൻ പുരാണമായ *ഗിൽഗമേഷ്*, വെർജിലിന്റെ *ഈനിഡ്, രാമായണം, മഹാഭാരതം* എന്നിവയിലെല്ലാം സഞ്ചാരവർണനകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സമുദ്രയാത്ര നട ത്തുന്നതിലും വിദേശങ്ങളിൽ പോയി വ്യാപാരം ചെയ്യുന്നതിലും കേരളീയർ പിന്നോക്കമായിരുന്നില്ലെന്ന് സംഘകാലകൃതികളിൽ ധാരാളം തെളിവുകളുണ്ട്. ചേരരാജാക്കന്മാർക്ക് കടലിലുണ്ടായിരുന്ന ആധിപത്യത്തെക്കുറിച്ച് പല സംഘക വികളും പാടിയിട്ടുണ്ട്. വിദൂരരാജ്യങ്ങളിൽനിന്ന് സമ്പത്ത് നേടാൻ കേരളത്തിലെ കപ്പലുകൾ തിരക്കിട്ടോടുന്നതിനെക്കുറിച്ച് *പതിറ്റുപ്പത്തിലും* [18] വെളിയൻ എന്ന നാടുവാഴിയുടെ കൂറ്റൻ കപ്പലുകൾ സ്വർണം കൊണ്ടുവരാൻ വിദേശങ്ങളിലേക്ക് പോകുന്നതിനെപ്പറ്റി *അകനാനൂറി*ലും[19] പറഞ്ഞുകാണുന്നു.

“ഒന്നാം ചേരസാമ്രാജ്യത്തിൽനിന്നും പാണ്ഡ്യസാമ്രാജ്യത്തിൽനിന്നും പല ദൂതസംഘങ്ങളും റോം സന്ദർശിച്ചിട്ടുണ്ട്. വെസ്പേനിയന്റെ സിംഹാസനാരോഹണം നടക്കുമ്പോൾ അലക്സാണ്ട്രിയ തുറമുഖത്തുള്ള മറ്റ് വിദേശകപ്പലുകളോടൊപ്പം ഇന്ത്യൻ വ്യാപാരികളും ഉണ്ടായിരുന്നുവെന്ന് ഡിയർ ക്രൈസോസ്റ്റോ രേഖപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ നിന്നെത്തിയ ആനപ്പാപ്പാന്മാർ, ദാസന്മാർ, ഇന്ദ്രജാലക്കാർ തുടങ്ങി ധാരാളം പേർ അന്ന് റോമിൽ ഉണ്ടായിരുന്നു. കൊടുങ്കാറ്റിൽപ്പെട്ട് ജർമൻ തീരത്തെത്തിയ ഇന്ത്യൻ കപ്പലോട്ടക്കാരെക്കുറിച്ച് പ്ലിനിയും പ്രസ്താവിക്കുന്നുണ്ട്.”[20]

സ്വദേശം വിടാൻ നിർബന്ധിതനായി അന്യദേശത്ത് താമസിക്കേണ്ടിവരുന്ന യക്ഷൻ ഗൃഹാതുരനായി കഴിഞ്ഞുകൂടുന്നത് *മേഘസന്ദേശ*ത്തിൽ കാളിദാസൻ ചിത്രീകരിക്കുന്നു. പ്രവാസിയുടെ വേദനയുടെ ആഴം ഈ കൃതിയിൽ കാണാം. *രഘുവംശം*[21], *അഭിജ്ഞാനശാകുന്തളം*[22], ഹർഷന്റെ *രത്നാവലി,* മാഘന്റെ *ശിശുപാലവധം*, ദണ്ഡിയുടെ *ദശകുമാരചരിതം*, കൗടില്യന്റെ *അർത്ഥശാസ്ത്രം* [23] എന്നിവയിലെല്ലാം യാത്രാവർണനകളും സൂചനകളുമുണ്ട്. ഇവയിലധികവും സമുദ്രയാത്രകളാണ്.

ഭാരതീയരുടെ ജലയാനങ്ങളെക്കുറിച്ച് ഋഗ്വേദത്തിലും പ്രതിപാദിക്കുന്നതായികാണുന്നു. *ഋഗ്വേദ*ത്തിലെ വ്യത്യസ്ത സന്ദർഭങ്ങളിലുള്ള അഞ്ച് മന്ത്രങ്ങളിൽനിന്ന് ഭാരതീയർ സമുദ്രസഞ്ചാരം നടത്തിയിരുന്നുവെന്ന് വ്യക്തമാവുന്നുണ്ട്.[24] ഭാരതീയേതിഹാസങ്ങളായ *രാമായണം, മഹാഭാരതം* എന്നിവയിലും സഞ്ചാരത്തിന്റെ നീണ്ട ആഖ്യാനങ്ങളുണ്ട്. അയോധ്യ മുതൽ ലങ്ക വരെ ഭാരതത്തിന്റെ ഒരറ്റത്തുനിന്ന് മറ്റേ അറ്റംവരെ നീണ്ട രാമന്റെ യാത്ര *രാമായണത്തിൽ*കാണാം. സീതാന്വേഷണാർത്ഥം സുഗ്രീവൻ വാനരന്മാരെ വിവിധയിടങ്ങളിലേക്ക് അയച്ച കൂട്ടത്തിൽ കേരളത്തിലേക്കും അതിന്റെ തലസ്ഥാനമായ മുരചിപത്തനത്തിലേക്കും അയച്ചതായി *വാല്മീകിരാമായണ*ത്തിൽ കാണുന്നു. [25] മഹാഭാരതത്തിൽ

അർജ്ജുനന്റെയും സഹദേവന്റെയും ദിഗ്വിജയയാത്രയിൽ ദ്വീപുനിവാസികളെ പരാജയപ്പെടുത്തിയതായി കാണുന്നുണ്ട്. ഈ യാത്രയിൽ സഹദേവൻ കേരളത്തിലേക്ക് വന്നതായും സൂചനയുണ്ട്.[26] *ഭാഗവത*ത്തിൽ പുലസ്ത്യന്റെയും അർജ്ജുനന്റെയും ഉദ്ധവരുടെയും തീർത്ഥയാത്രകളും ആഖ്യാനം ചെയ്യപ്പെടുന്നുണ്ട്.[27] പ്രവാസാനുഭവങ്ങളുടെ വിവിധങ്ങളായ ആഖ്യാനങ്ങൾ വിഭിന്നകൃതികളിൽ പ്രാചീനകാലംമുതൽ രൂപപ്പെട്ടിരുന്നുവെന്ന് അന്വേഷണങ്ങളിൽനിന്ന് തിരിച്ചറിയാൻ സാധിക്കുന്നു.

അറബികൾക്ക് കടൽമാർഗ്ഗമുള്ള വിദേശവ്യാപാരത്തിൽ പ്രാധാന്യം കൈവരുന്നതിന് മുൻപ് ഭാരതീയരായിരുന്നു മുന്നിട്ടുനിന്നിരുന്നത്. എ.ഡി 410-ൽ ചൈനീസ് സഞ്ചാരിയായിരുന്ന ഫാഹിയാൻ ജാവയിൽ കണ്ട വ്യാപാരികളെല്ലാം ഇന്ത്യയിൽ നിന്നുള്ളവരായിരുന്നു.[28] ബി.സി ഏഴാംനൂറ്റാണ്ടിൽ ഏഷ്യയിലെ പ്രമുഖവ്യാപാരകേന്ദ്രമായിരുന്ന ബാബിലോണിയയിൽ ദക്ഷിണേന്ത്യക്കാരുടെ ഒരു കോളനി നിലനിന്നിരുന്നു. എ.ഡി ഏഴാംനൂറ്റാണ്ടുവരെ പ്രസ്തുത കോളനി നിലനിന്നിരുന്നു.[29] ഭാരതീയർ വ്യാപാരം, മതപ്രചാരണം, ഉപനിവേശസ്ഥാപനം (കുടിപാർപ്പ്) തുടങ്ങിയ കാര്യങ്ങൾക്കായി ജല-കരമാർഗ്ഗങ്ങളിൽ വിവിധ രാജ്യങ്ങൾ സഞ്ചരിച്ചിരുന്നു. മലയാ, കംബോഡിയ, ജാവ മുതലായ രാജ്യങ്ങൾ ഒരുകാലത്ത് ഭാരതത്തിന്റെ ഉപനിവേശങ്ങളായിരുന്നു.

### 1.4 ആകർഷകവികർഷകങ്ങൾ

പ്രവാസത്തിന് പിന്നിൽ വ്യത്യസ്തകാരണങ്ങളുണ്ട്. എവററ്റ് എസ്. ലീ-യുടെ സൈദ്ധാന്തികസമീപനം പ്രവാസത്തിന്റെ കാരണങ്ങളെക്കുറിച്ച് വിശദീകരിക്കുന്നു. അദ്ദേഹത്തിന്റെ സിദ്ധാന്തം പുഷ് ആൻഡ് പുൾ തിയറി എന്നറിയപ്പെടുന്നു. അതിൽ വികർഷകഘടകങ്ങൾ, ആകർഷകഘടകങ്ങൾ എന്നിങ്ങനെ രണ്ട് കാരണങ്ങളാണുള്ളത്.[30]

### 1.4.1 വികർഷകഘടകങ്ങൾ

ഒരു വ്യക്തി സ്വദേശം വിട്ടുപോകുന്നതിന് അടിസ്ഥാനമാകുന്ന കാരണങ്ങ ളാണ് വികർഷകഘടകങ്ങൾ (Push Factors). അവ താഴെപ്പറയുന്നു

- തൊഴിലില്ലായ്മ - സ്വദേശത്തെ മെച്ചപ്പെട്ട തൊഴിലുകളുടെ അഭാവമാണ് വിദേശത്തേക്ക് വരുമാനം തേടി പോകാൻ ആളുകളെ പ്രേരിപ്പിക്കുന്നത്.
- അവസരരാഹിത്യം - യുവജനങ്ങൾക്ക് തൊഴിൽമേഖലയിലുള്ള അവസര രാഹിത്യമാണ് വിദേശത്തേക്കുള്ള സഞ്ചാരത്തിന്റെ മറ്റൊരു കാരണം.
- മെച്ചപ്പെട്ട ജീവിതസാഹചര്യത്തിന്റെ അഭാവം - നാട്ടിലേതിനേക്കാൾ മികച്ച ജീവിതസാഹചര്യങ്ങൾ വിദേശരാജ്യങ്ങളിൽ കണ്ടെത്താൻ കഴിയുമെന്ന പ്രതീക്ഷ പ്രവാസികളാകാൻ പ്രേരിപ്പിക്കുന്നു.
- വരൾച്ച, ക്ഷാമം എന്നിവ - സ്വദേശത്തെ കാലാവസ്ഥാപ്രശ്നങ്ങൾ പ്രവാ സത്തിന് കാരണമാകുന്നു.
- പ്രകൃതിക്ഷോഭം - സ്വദേശത്തെ പ്രകൃതിക്ഷോഭങ്ങളെ അതിജീവിക്കുന്നതി നായി ജനത സുരക്ഷിതമായ പ്രദേശങ്ങളിലേക്ക് കുടിയേറുന്നു.
- രാഷ്ട്രീയാരക്ഷിതാവസ്ഥ - രാഷ്ട്രീയമായ അരക്ഷിതാവസ്ഥയും ജന തയെ പ്രവാസത്തിലേക്ക് നയിക്കുന്നു.
- അടിമത്തം - അടിമക്കച്ചവടം സജീവമായിരുന്ന മുൻകാലങ്ങളിൽ വിവിധരാ ജ്യങ്ങളിൽനിന്നും തദ്ദേശീയരെ അടിമകളാക്കി വിവിധയിടങ്ങളിലേക്ക് കൊണ്ടുപോയിരുന്നു. നിർബന്ധിതമായ പ്രവാസാനുഭവത്തിന് അത്തര ത്തിൽ അവർ വിധേയരാകുന്നു.
- സാമൂഹിക അസമത്വം - സാമൂഹികമായ അസമത്വങ്ങളിൽനിന്ന് മോചനം ആഗ്രഹിക്കുന്ന ഏതൊരുവനും സമത്വത്തിലൂന്നിയ പുതിയ ദേശത്തിലേക്ക് യാത്രയാകേണ്ടിവരുന്നു.

- സാമ്പത്തികത്തകർച്ച - രാജ്യത്തെ സാമ്പത്തികത്തകർച്ചയെ നേരിടാനാകാതെ ജനങ്ങൾ അന്യദേശങ്ങളിലേക്ക് പോകുന്ന സാഹചര്യം.
- രാഷ്ട്രീയമോ മതപരമോ ആയ സ്വാതന്ത്ര്യവാഞ്ഛ - സ്വതന്ത്രമായ മതവിശ്വാസത്തിനും രാഷ്ട്രീയപ്രവർത്തനത്തിനും വിഘാതം നേരിടുമ്പോൾ വ്യക്തിക്ക് പുതിയ ഇടങ്ങൾ തേടിപ്പോകേണ്ടിവരുന്നു.
- ഭൂവുടമയും കുടികിടപ്പുകാരനും തമ്മിലുള്ള അഭിപ്രായവ്യത്യാസം - ഭൂമിയുടെ മേൽ അവകാശപരമായ പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ അവിടമുപേക്ഷിച്ച് പുതിയ ഇടങ്ങളിലേക്ക് കുടിയേറാൻ ആളുകൾ നിർബന്ധിതരാവുന്നു.
- യുദ്ധം കലാപം തുടങ്ങിയവ - യുദ്ധം, കലാപം മുതലായ അപകടകരമായ സാഹചര്യങ്ങൾകൊണ്ട് അസഹ്യമായ സമൂഹം/വ്യക്തി സ്വദേശം വിട്ടുപോകേണ്ടിവരുന്നു.

ഇത്തരം വികർഷക ഘടകങ്ങൾ ആ പ്രദേശത്തിൽ നിന്നും നിരന്തരം പുറത്തുകടക്കാൻ ജനതയെ പ്രേരിപ്പിക്കുന്നു.

### 1.4.2 ആകർഷകഘടകങ്ങൾ

വികസിതവും സമ്പന്നവുമായ ഒരു ദേശത്തിന് നിദാനമായ സാഹചര്യങ്ങളാണ് ആകർഷകഘടകങ്ങൾ (**Pull Factors**). സമ്പന്നരാജ്യങ്ങളിലെ സാഹചര്യങ്ങൾ പുൾ ഫാക്ടേഴ്സിന് ഉദാഹരണമാകുന്നു. അവ താഴെപ്പറയുന്നു.

- ജോലിസാധ്യത - വികസിതരാജ്യങ്ങളിലെ മെച്ചപ്പെട്ട തൊഴിൽസാധ്യതയാണ് അന്യരാജ്യങ്ങളിൽ നിന്നും വ്യക്തികളെ അവിടേക്ക് ആകർഷിക്കുന്നത്.

- ഉയർന്ന ജീവിതസാഹചര്യം - സാമൂഹ്യമായി മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ ആഗ്രഹിക്കുന്നവർ വികസിതരാജ്യങ്ങളിൽ കുടിയേറാൻ കാരണമാകുന്നു.
- മെച്ചപ്പെട്ട വിദ്യാഭ്യാസസൗകര്യം - വിദ്യാഭ്യാസമേഖലയിലെ ഉയർന്ന നിലവാരവും മറ്റു സാഹചര്യങ്ങളും പ്രവാസത്തിന്റെ പ്രധാന കാരണങ്ങളിലൊന്നാണ്.
- മികച്ച ആരോഗ്യപരിരക്ഷ - ആരോഗ്യമേഖലയിലെ മെച്ചപ്പെട്ട സൗകര്യങ്ങൾ ആഗ്രഹിക്കുന്ന ജനത സ്വദേശം വിട്ട് വികസിതരാജ്യങ്ങളിലേക്ക് കുടിയേറാൻ നിർബന്ധിതരാകുന്നു.
- ആകർഷണീയമായ കാലാവസ്ഥ - കാലാവസ്ഥാപ്രശ്നങ്ങളിൽനിന്നും മോചനം ആഗ്രഹിക്കുന്നവർ മെച്ചപ്പെട്ടതും സുഖകരവുമായ കാലാവസ്ഥയുള്ള രാജ്യങ്ങളിലേക്ക് മാറിത്താമസിക്കുന്നു.
- വ്യാവസായികപുരോഗതി - വ്യവസായികമായി പുരോഗതിയുള്ള രാജ്യങ്ങൾ സ്വാഭാവികമായും സമ്പന്നവും വികസിതവുമായിരിക്കും. അത്തരം ഇടങ്ങളിലേക്ക് പോകാൻ പലരും ആഗ്രഹിക്കുന്നു.
- രാഷ്ട്രീയവും മതപരവുമായി കൂടുതൽ സ്വാതന്ത്ര്യമുള്ള ഇടം - വ്യക്തിസ്വാതന്ത്ര്യം ആഗ്രഹിക്കുന്ന ജനത രാഷ്ട്രീയവും മതപരവുമായി സ്വാതന്ത്ര്യമുള്ള രാജ്യത്തിൽ വസിക്കാൻ ആഗ്രഹിക്കുകയും അവിടേക്ക് കുടിയേറുകയും ചെയ്യുന്നു.

ഒരു പ്രദേശത്തെ ആകർഷകഘടകങ്ങൾ ജനതയെ അവിടേക്ക് കുടുയേറ്റം നടത്തുവാൻ നിരന്തരം പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നു. ഒരിടത്തുനിന്നും അന്യദേശത്തേക്ക് യാത്രയാകുന്ന പ്രവാസികളെക്കുറിച്ച് പഠിക്കുമ്പോൾ അവരുടെ പ്രവാസത്തിനുപിന്നിൽ മേൽപ്പറഞ്ഞ കാരണങ്ങളിൽ ഏതെങ്കിലും കണ്ടെത്താൻ സാധിക്കും.

## 1.5 പ്രവാസത്തിന്റെ അവസ്ഥാന്തരങ്ങൾ

സ്വദേശം വിട്ട് അന്യദേശത്തേക്ക് യാത്രയാകുന്നതിനെ അവലംബിച്ച് പ്രവാസത്തെ മൂന്നായി തരംതിരിക്കാവുന്നതാണ്. കുടിയേറ്റം, നാടുകടത്തൽ, പലായനം എന്നിവയാണവ. ഇവയുടെയെല്ലാം അർത്ഥസമഗ്രതയാണ് സാമാന്യമായി പ്രവാസം എന്നതുകൊണ്ടർത്ഥമാക്കുന്നത്. അവയോരോന്നും താഴെ വിശദീകരിക്കുന്നു.

### 1.5.1 കുടിയേറ്റം

മനുഷ്യൻ ഒറ്റയ്ക്കോ കൂട്ടമായോ നടത്തുന്ന സ്ഥിരമായ വാസമാറ്റമാണ് കുടിയേറ്റം. വ്യത്യസ്തമായ സ്ഥിതിവിശേഷങ്ങളാൽ മനുഷ്യർ പ്രാചീനകാലം മുതൽ കുടിയേറ്റത്തിന് വിധേയരായിട്ടുണ്ട്. ദേശാന്തരമായല്ലാതെ രാജ്യത്തിനകത്തും വിവിധതരം കുടിയേറ്റങ്ങൾ കാലങ്ങളായി നടന്നുപോരുന്നുണ്ട്. ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ തെക്കൻകേരളത്തിൽനിന്നും മലബാറിലേക്ക് നടന്ന കുടിയേറ്റങ്ങൾ ഇതിനുദാഹരണമാണ്. ഉപജീവനത്തിനുവേണ്ടി മെച്ചപ്പെട്ട ജീവിതസാഹചര്യം രൂപപ്പെടുത്തുന്നതിന് പ്രകൃതിയോടിണങ്ങിനിന്ന് കൃഷി ചെയ്ത് സാമ്പത്തികനേട്ടമുണ്ടാക്കുകയാണ് കുടിയേറ്റത്തിന്റെ ലക്ഷ്യം. കുടിയേറ്റക്കാരനായി പരിഗണിക്കാൻ ഒരാൾ ഏതെങ്കിലും തരത്തിലുള്ള ഒരതിർത്തി കടന്നിരിക്കണം - ഒരു രാജ്യത്തിന്റെയോ സംസ്ഥാനത്തിന്റെയോ ജില്ലയുടെയോ പട്ടണത്തിന്റെയോ. അതിനാൽ ഒരു ഭൂവിഭാഗവുമായി ബന്ധപ്പെടുത്തി വേണം കുടിയേറ്റത്തെപ്പറ്റി അവലോകനം നടത്താൻ.

#### 1.5.1.1 അർത്ഥവിവക്ഷകൾ

ഒരു രാജ്യത്തെ ജനങ്ങൾ മറ്റുരാജ്യങ്ങളിൽപ്പോയി നടത്തുന്ന സ്ഥിരതാമസമാണ് കുടിയേറ്റം എന്ന് *അഖിലവിജ്ഞാനകോശ*ത്തിൽ നിർവചിച്ചിരിക്കുന്നു.[31] *ഇംഗ്ലീഷ് നിഘണ്ടു*വിൽ കുടിയേറ്റത്തിന് (മൈഗ്രേഷൻ) അതായത് ഒരു സ്ഥലത്തു

നിന്നും മറ്റൊരിടത്തേക്കുള്ള മാറ്റം എന്ന് അർത്ഥം നൽകിയിരിക്കുന്നു.[32] *ഓക്സ്ഫഡ് അഡ്വാൻസ്ഡ് ലേണേഴ്സ് ഡിക്ഷനറി ഓഫ് കറന്റ് ഇംഗ്ലീഷിൽ*,[33] മറ്റൊരിടത്തേക്കുള്ള മാറ്റമെന്നും *വെബ്സ്റ്റേർസ് ന്യൂവേൾഡ് ഡിക്ഷനറി*യിൽ, ഒരു സ്ഥലത്തുനിന്നും മറ്റൊരിടത്തേക്കുള്ള മാറ്റം, പ്രത്യേകിച്ച് മറ്റൊരു രാജ്യത്തേക്ക്[34] എന്നും പറഞ്ഞിരിക്കുന്നു. ഒരു പ്രദേശത്ത് നിന്നും മറ്റൊരു പ്രദേശം ലക്ഷ്യമാക്കിയുള്ള ജനങ്ങളുടെ യാത്രയാണ് കുടിയേറ്റം എന്ന് ഇസാനുൽ ഹക്ക് രേഖപ്പെടുത്തിയിരിക്കുന്നു.[35] ആഭ്യന്തരം അല്ലെങ്കിൽ അന്താരാഷ്ട്രം, ഐച്ഛികം (Option) അല്ലെങ്കിൽ നിർബന്ധിതം എന്നിങ്ങനെ കുടിയേറ്റത്തെ വർഗ്ഗീകരിക്കാം. മെച്ചപ്പെട്ട ജീവിതംതേടി നടത്തുന്നതാണ് ഐച്ഛികകുടിയേറ്റം. യുദ്ധകാലത്തുള്ള പുറത്താക്കലും അടിമകളുടെയോ തടവുകാരുടെയോ സംവഹനവും നിർബന്ധിതകുടിയേറ്റങ്ങളുടെ കൂട്ടത്തിൽപ്പെടുന്നു. സാഹചര്യങ്ങളുടെ സമ്മർദ്ദമാണ് ഭൂരിപക്ഷത്തിനും കുടിയേറ്റത്തിന് പ്രേരകമാകുന്ന സുപ്രധാനഘടകം.

കുടിയേറ്റത്തെക്കുറിച്ച് പഠനം നടത്തിയ പണ്ഡിതന്മാർക്ക് ആശയതലത്തിൽ ഭിന്നാഭിപ്രായമാണുള്ളത്. "കുടുംബത്തിൽനിന്നോ, സുഹൃത്തുക്കളിൽനിന്നോ, ദേശത്തുനിന്നോ, ജന്മനാട്ടിൽനിന്നോ പറിച്ചുനടപ്പെട്ടവരോ, ലോകത്തിന്റെ നാനാഭാഗങ്ങളിൽ ചിതറിക്കിടക്കുന്നവരോ അല്ലെങ്കിൽ പല രാജ്യങ്ങളിലെ സ്പന്ദനങ്ങളുമായി താദാത്മ്യം പ്രാപിച്ചവരോ ആയ കുടിയേറ്റസമൂഹമാണ് ദേശാന്തരകുടിയേറ്റക്കാർ"[36] എന്ന് ജനാ ഇവാൻ ബ്രസൈൽ കുടിയേറ്റത്തിന് നിർവചനം നൽകുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിൽനിന്ന് നഗരങ്ങളിലേക്ക് നടത്തുന്ന കുടിയേറ്റങ്ങളെ സാമ്പത്തികാടിസ്ഥാനത്തിൽ പഠനം നടത്തിയ കോത്തേശ്വരറാവു ഒരു രാജ്യത്തിനകത്തുതന്നെ ചെറിയ കൂട്ടങ്ങളായി സാമ്പത്തികനേട്ടത്തിനുവേണ്ടി ജനങ്ങൾ നടത്തുന്ന യാത്രകളെ കുടിയേറ്റമായി കരുതാമെന്ന് പറയുന്നു.[37]

കുടിയേറ്റക്കാരുടെ സാംസ്കാരികപുരോഗതി പ്രധാനമായും മൂന്ന് അവസ്ഥ കളിലൂടെയാണ് കടന്നുപോകുന്നത്. കുടിയേറ്റം നടത്താനുള്ള തീരുമാനവും അതി നുവേണ്ടിയുള്ള തയ്യാറെടുപ്പും (Pre-Migration), ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്കുള്ള കുടിയേറൽ (Migration), പുതിയ ചുറ്റുപാടുകളുമായി പൊരു ത്തപ്പെടുന്നതിന്റെ ഭാഗമായി അവിടത്തെ സംസ്കാരത്തെയും സമൂഹത്തെയും ഉൾക്കൊള്ളാനുള്ള ശ്രമം (Post-Migration) എന്നിവയാണവ.[38] ദേശം, കാലം, സമൂഹം, സംസ്കാരം തുടങ്ങിയ നിർണായകശക്തികളെ ഉൾക്കൊള്ളുമ്പോഴും അതിജീവനത്തിന്റെ വിശാലഭൂമിക തേടുന്ന മനുഷ്യനാണ് കുടിയേറ്റത്തിന് വിധേ യനാകുന്നതെന്ന് പറയേണ്ടിയിരിക്കുന്നു. ചെന്നെത്തുന്ന ദേശത്തെ സ്വന്തം ദേശമാ യിക്കരുതുകയും അവിടങ്ങളിൽനിന്നുണ്ടാകുന്ന ജനസമ്പർക്കങ്ങളിൽ അവർ പുതി യൊരു സാമൂഹികക്രമം കെട്ടിപ്പടുക്കുകയും ചെയ്യുന്നു. കാലാന്തരത്തിൽ വിക സിതമാകുന്ന ഇത്തരം സാമൂഹികബന്ധങ്ങൾ കുടിയേറ്റക്കാരന്റെ ജീവിതാഭിലാഷ വുമാണ്.

#### 1.5.1.2 കുടിയേറ്റനിയമം

കുടിയേറ്റത്തെക്കുറിച്ച് സൈദ്ധാന്തികമായ നിയമങ്ങൾ ഇ. ജി റെവൻസ്റ്റീൻ അവതരിപ്പിച്ചിട്ടുണ്ട്. ആയിരത്തിയെണ്ണൂറ്റി എൺപതുകളിലാണ് റെവൻസ്റ്റീൻ തന്റെ സിദ്ധാന്തം അവതരിപ്പിക്കുന്നത്. അത് *കുടിയേറ്റത്തിന്റെ നിയമങ്ങൾ* (*The law of Migration*) എന്നറിയപ്പെടുന്നു. ഭൂമിശാസ്ത്രപരമായ അകലത്തെയാണ് അദ്ദേഹം ഈ നിയമത്തിൽ അടിസ്ഥാനമാക്കിയത്. ''കുടിയേറ്റത്തിന്റെ അകലം താരതമ്യം ചെയ്യുമ്പോൾ ജന്മനാട്ടിൽനിന്ന് കുറഞ്ഞ ദൂരത്തിലേക്കും ആവാം. ജനസംഖ്യാ വർദ്ധനവിന്റെ ഫലമായി എല്ലാ രാജ്യങ്ങളിലും, കൂടുതലാവശ്യങ്ങൾക്കുംവേണ്ടി എല്ലായിടത്തും, എല്ലാക്കാലത്തും കുടിയേറ്റം നടക്കാറുണ്ട്. ചില പ്രത്യേക തീരുമാ നങ്ങളുടെയും ലക്ഷ്യങ്ങളുടെയും ഫലമായി കൂടുതൽ പേരും ആഗ്രഹിക്കുന്നത്

നഗരങ്ങളെയാണ്. അത് നമ്മുടെ വലിയ പട്ടണങ്ങളിലും നഗരകേന്ദ്രങ്ങളിലുമുള്ള വ്യവസായകേന്ദ്രങ്ങളെ ലക്ഷ്യമാക്കിയുള്ള മുന്നേറ്റങ്ങളാണ്. സ്വദേശത്തെ ആധാര മാക്കി നോക്കിയാൽ നഗരങ്ങളിലെ ജനസംഖ്യാവളർച്ച ഇതിന് തെളിവുമാണ്. ഗ്രാമീണമേഖലകളിലേക്കാൾ പട്ടണങ്ങളുടെ വികസനം പെട്ടെന്നാണ് സംഭവിക്കു ന്നത്.''[39] ഗ്രാമങ്ങളിൽ നിന്ന് നഗരങ്ങളിലേക്ക് എന്നപോലെ മനുഷ്യവാസം നാമമാ ത്രമായതും തീരെ ഇല്ലാത്തതുമായ മേഖലകളിലേക്കും കുടിയേറ്റങ്ങൾ നടന്നിരു ന്നു. കേരളചരിത്രത്തിലെ കുടിയേറ്റങ്ങൾ ഇതിനുദാഹരണമാണ്. ഇരുപതാംനൂറ്റാ ണ്ടിലെ മലയാളികളുടെ കുടിയേറ്റങ്ങളെപ്പറ്റി പരിശോധിക്കുമ്പോൾ മധ്യതിരുവി താംകൂറിൽനിന്നും മലബാറിലേക്ക് നടന്ന കുടിയേറ്റങ്ങളായിരുന്നു പ്രധാനമായത്. 1920-നും 1970-നും ഇടയിൽ ഈ കുടിയേറ്റം വ്യാപകമായിരുന്നു.

### 1.5.1.3 കുടിയേറ്റം കേരളത്തിൽ

കേരളത്തിന്റെ പശ്ചാത്തലത്തിലുണ്ടായ കുടിയേറ്റങ്ങളിൽ പ്രധാനപ്പെട്ടതാ യിരുന്നു മലബാർ കുടിയേറ്റം.[40] കേരളത്തിന്റെ തെക്കൻപ്രദേശങ്ങളിൽനിന്നും മല ബാറിലേക്കും, ദക്ഷിണകർണാടകത്തിലെ പഴയ കാസർകോട് താലൂക്കിലേക്കും ഉണ്ടായിട്ടുള്ള കുടിയേറ്റം ആധുനികകേരളചരിത്രത്തിലെ ഒരു പ്രധാന ഏടാണ്. കണ്ണൂർ, കാസർകോട്, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട് എന്നിവയാണ് കേരളത്തിലെ ആദ്യകാലകുടിയേറ്റമേഖലകൾ. തെക്കൻ തിരുവിതാംകൂറിൽ നിന്നും മലബാറിലേക്കുള്ള കൂട്ടംചേർന്ന കുടിയേറ്റം സ്ഥിരതാമസം ലക്ഷ്യമാക്കി യായിരുന്നു. സ്വദേശത്തെ വസ്തുവകകളെല്ലാം വിറ്റുപെറുക്കിയായിരുന്നു ഭൂരിപ ക്ഷവും കുടിയേറിയത്. അതിനാൽ കുടുംബാംഗങ്ങളും ബന്ധുമിത്രാദികളുമട ങ്ങിയ സംഘങ്ങളായുള്ള യാത്രകളായിരുന്നു അന്നുനടന്നത്. ഇത് ഭരണാധികാരി കളുടെ മേൽനോട്ടത്തിൽ നടന്ന ഒന്നല്ല. ഭൂമിക്കുവേണ്ടി ചെറുകിടകർഷകർ മല ബാറിന്റെ മണ്ണിൽ മെച്ചപ്പെട്ട സാമ്പത്തികഭാവി പ്രതീക്ഷിച്ചുകൊണ്ട് നടത്തിയ മുന്നേറ്റമായിരുന്നു ഈ കുടിയേറ്റം. കൃഷിയോടും മണ്ണിനോടുമുള്ള താൽപര്യമാ

യിരുന്നു ഈ യാത്രയ്ക്ക് അവരെ പ്രേരിപ്പിച്ചത്. ലക്ഷ്യസ്ഥാനങ്ങളിലെ കാലാവസ്ഥയോ ജീവിതസാഹചര്യമോ ഭൂപ്രകൃതിയോ എപ്രകാരമെന്ന് മനസ്സിലാക്കാതെയുള്ള യാത്രയായിരുന്നു അത്. അവരോടൊപ്പം സാമ്പത്തികസുരക്ഷിതത്വത്തിന്റെ മേച്ചിൽ സ്ഥലങ്ങളന്വേഷിച്ചിരുന്ന സമ്പന്നകർഷകരുടെയും കുടിയേറ്റമുണ്ടായി. തോട്ടം വച്ചുപിടിപ്പിക്കുക എന്നതായിരുന്നു അവരുടെ ഉദ്ദേശ്യം. കുടിയേറ്റത്തിലേർപ്പെട്ടവരിൽ കൂടുതലും മധ്യതിരുവിതാംകൂറിന്റെ കിഴക്കൻമേഖലയിൽ നിന്നുള്ളവരും സീറോമലബാർ റീത്തിൽപ്പെട്ട കത്തോലിക്കരുമായിരുന്നു. സീറോ മലബാർസഭയിലെ ക്നാനായ വിഭാഗത്തിൽപ്പെട്ട കോട്ടയം രൂപതയും കുടിയേറ്റത്തിൽ മുഖ്യപങ്കുവഹിച്ചു. പിൽക്കാലത്ത് നായർ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിലും സംഘടിതകുടിയേറ്റം നടന്നിരുന്നു. ആദ്യകാലത്തെ പ്രധാനകുടിയേറ്റകേന്ദ്രങ്ങളുടെ പേരുകൾ താഴെപ്പറയുന്നു.

| **കണ്ണൂർ** | **കാസർകോട്** | **കോഴിക്കോട്** | **വയനാട്** | **പാലക്കാട്** | **മലപ്പുറം** |
|---|---|---|---|---|---|
| കോളയാട് | പാലലാവയൽ | തിരുവമ്പാടി | മാനന്തവാടി | മണ്ണാർക്കാട് | മാരിയാപുരം |
| പേരാവൂർ | തോമാപുരം | കൂടരഞ്ഞി | കല്ലോടി | പൊറ്റശ്ശേരി | നിലമ്പൂർ |
| ഇരിട്ടി | വെള്ളരിക്കുണ്ട് | കണ്ണോത്ത് | നടവയൽ | പാലക്കയം | തോട്ടുമുക്കം |
| കൊട്ടിയൂർ | കാഞ്ഞങ്ങാട് | കൂടത്തായി | തരിയോട് | ഇരുമ്പൻചോല | മലാപ്പറമ്പ് |
| എടൂർ | കടുമേനി | താമരശ്ശേരി | പുൽപ്പള്ളി | പൂഞ്ചോല | പയ്യനാട് |
| കരിക്കോട്ടക്കരി | മണ്ഡവം | പുതുപ്പാടി | സുൽത്താൻബത്തേരി | | നെന്മേനി |
| ചെമ്പേരി | രാജപുരം | വേനപ്പാറ | ഗൂഡല്ലൂർ | | പന്തല്ലൂർ |
| ചെമ്പന്തൊട്ടി | പനത്തടി | കോടഞ്ചേരി | | | മാലാപ്പറമ്പ് |
| കുടിയാൻമല | പരപ്പ | പേരാമ്പ്ര | | | കക്കാടംപൊയിൽ |
| കരുണാപുരം | കട്ടിപ്പാറ | കുളത്തുവയൽ | | | |
| കരുവാഞ്ചൽ | | കൂരാച്ചുണ്ട് | | | |
| വായാട്ടുപറമ്പ് | | കല്ലാനോട് | | | |
| പുളിങ്ങോം | | തലയാട് | | | |
| ഉദയഗിരി, മണ്ഡവം | | മരുതോങ്കര | | | |

| കണ്ണൂർ | കാസർകോട് | കോഴി ക്കോട് | വയനാട് | പാലക്കാട് | മലപ്പുറം |
|---|---|---|---|---|---|
| മണക്കടവ് | | ചെമ്പനോട | | | |
| വിളക്കന്നൂർ | | പൂതമ്പാറ | | | |
| ചെറുപുഴ | | വിലങ്ങാട് | | | |
| മടമ്പം, ഇരി ക്കൂർ | | കുണ്ടുതോട് | | | |
| | | ആനക്കാം പൊയിൽ | | | |
| | | മൈക്കാവ് | | | |

ഒന്നാംലോകമഹായുദ്ധത്തിന് (1914-18) ശേഷം പരിമിതമായ തോതിൽ ആരംഭിച്ച കുടിയേറ്റം രണ്ടാംലോകമഹായുദ്ധത്തെ തുടർന്നുണ്ടായ ക്ഷാമത്തിന്റെയും പട്ടിണിയുടെയും പശ്ചാത്തലത്തിൽ വ്യാപകമായി. രണ്ടാംലോകമഹായുദ്ധത്തെത്തുടർന്നുണ്ടായ ഭക്ഷ്യക്ഷാമം, വിലക്കയറ്റം, കൃഷിഭൂമിയുടെ ലഭ്യതക്കുറവ്, സർ സി.പിയുടെ ദുർഭരണം തുടങ്ങിയ സാമൂഹികസാമ്പത്തിക രാഷ്ട്രീയസംഭവവികാസങ്ങൾ മലബാർകുടിയേറ്റത്തിന് കാരണമായി. ക്രിസ്ത്യൻദായക്രമമനുസരിച്ച് ഭൂമി വീതംവച്ചപ്പോൾ ആളോഹരികൃഷിസ്ഥലം കുറഞ്ഞ അളവിലായിരുന്നു. ലഭ്യമായ ഭൂമിയിൽ കൃഷിചെയ്താലുണ്ടാകുന്ന പരിമിതിയും മലബാറിലെ ഭൂമിയുടെ വിലക്കുറവും അവരെ കുടിയേറ്റത്തിലേക്ക് നയിച്ചു.[41] മലബാർകുടിയേറ്റത്തിന്റെ ആരംഭദശകങ്ങളിൽ ജനജീവിതം ഏറെ പ്രയാസങ്ങൾ നിറഞ്ഞതായിരുന്നു. കാട്ടുമൃഗങ്ങളോടും പ്രതികൂലകാലാവസ്ഥയോടും മാരകരോഗങ്ങളോടുമുള്ള നിരന്തര പോരാട്ടങ്ങളായിരുന്നു അവരുടേത്. മലബാറിലെ വനഭൂമി അധ്വാനശീലരായ കുടിയേറ്റക്കാർക്ക് മുന്നിൽ പൊന്നുവിളയുന്ന കൃഷിഭൂമിയായി മാറുന്നതായാണ് പിന്നീട് കാണാനായത്.

### 1.5.1.4 കുടിയേറ്റത്തിന്റെ ഫലങ്ങൾ

വ്യാപകമായ തോതിൽ മലയോരഗ്രാമങ്ങളിലും നഗരങ്ങളിലും വിദ്യാഭ്യാസത്തിന്റെയും കാർഷികാധുനികതയുടെയും വ്യാപനം സാധിച്ചത് കുടിയേറ്റത്തോടെ

യാണ്. കുടിയേറ്റാനന്തരം കാർഷികമേഖലയിലും വിദ്യാഭ്യാസമേഖലയിലും ആധുനികസാങ്കേതികവിദ്യയിലധിഷ്ഠിതമായ ഒരു ഉൽപാദനരീതിയും ആസൂത്രിതവികസനവും കടന്നുവന്നു. അത് കുടിയേറ്റമേഖലയിലെ വിദ്യാഭ്യാസത്തിനും വർദ്ധിച്ചതോതിൽ ഭൂമിയുടെ സ്വകാര്യവത്കരണത്തിനും കാരണമായിത്തീർന്നു. മലയോരങ്ങൾ ചെറുനഗരങ്ങളായി മാറിയതിനുപിന്നിൽ കുടിയേറ്റം ചെലുത്തിയ സ്വാധീനം വളരെ വലുതാണ്.

### 1.5.2 പലായനം

പൊതുവായ ചരിത്രാനുഭവങ്ങളും ആചാരവിശ്വാസങ്ങളും ഭാഷാസംസ്കൃതിയും പങ്കുവയ്ക്കുന്ന ഒരു സമൂഹം ലോകത്തിന്റെ പല കോണുകളിലേക്കും ചിതറിപ്പോകുന്ന ചരിത്രാനുഭവമാണ് 'പലായനം' അഥവാ 'ഡയസ്പോറ'. ജറുസലേമിൽ നിന്നുള്ള ജൂതജനതയുടെ പലായനത്തെയാണ് ആദ്യകാലത്ത് ഡയസ്പോറ എന്നർത്ഥത്തിൽ ഉപയോഗിച്ചിരുന്നത്. [42] സ്വദേശത്ത് താമസിക്കാനാകാതെ ജൂതജനത ഇസ്രയേലിൽനിന്ന് നടത്തിയ പലായനത്തെ കുറിയ്ക്കാനാണ് 'ഡയസ്പോറ' എന്ന ഗ്രീക്കുപദം ഉപയോഗിച്ചത്.

'ഡയ' (പുറത്ത്), 'സ്പെരിയൻ' (ചിതറൽ) എന്നീ രണ്ട് ഗ്രീക്ക്പദങ്ങൾ ചേർന്നാണ് ഡയസ്പോറ എന്ന പദമുണ്ടായത്. ബി.സി മൂന്നാംനൂറ്റാണ്ടിൽ രചിക്കപ്പെട്ടതെന്ന് കരുതപ്പെടുന്നതും അലക്സാണ്ട്രിയയിലെ പ്രാചീനജൂതസമൂഹത്തെ ഉദ്ദേശിച്ചിട്ടുള്ളതുമായ ഹീബ്രു ധർമ്മശാസ്ത്രഗ്രന്ഥങ്ങളുടെ വിവർത്തനമായ *septuagint* (ഗ്രീക്ക് ഭാഷയിലുള്ള ബൈബിൾ വിവർത്തനം) ലാണ് 'ഡയസ്പോറ' എന്ന പദം ആദ്യമായി പരാമർശിക്കപ്പെടുന്നത്. സ്വമേധയാ നടത്തുന്നതോ നിർബന്ധിതമായതോ ആയ പലായനമാണ് പൊതുവിൽ ഈ പദംകൊണ്ട് ഉദ്ദേശിക്കുന്നത്.

സാമൂഹ്യശാസ്ത്രത്തിലും ചരിത്രത്തിലും ഡയസ്പോറ എന്ന ആശയം ജന്മദേശത്തെ ചുറ്റിപ്പറ്റി നിൽക്കുന്നതും സ്ഥലസംബന്ധിയായി രാജ്യത്തുടനീളം സഞ്ചരിക്കുവാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നതുമാണ്. നിർബന്ധിതമായി വീട്ടിൽനിന്നോ നാടുകടത്തലിന്റെ ഭാഗമായോ മടക്കയാത്ര അസ്സാധ്യമാക്കുന്നതോ ചുറ്റിത്തിരിയലിന് വഴിതെളിയിക്കുന്നതോ സാമൂഹ്യവും സാംസ്കാരികവുമായ അതിർത്തികടക്കലിന് വിധേയമാക്കുന്നതോ ആയ വ്യത്യസ്ത കാരണങ്ങളെ സൂചിപ്പിക്കാനാണ് ഡയസ്പോറ എന്ന പദം ഉപയോഗിക്കുന്നത്[43] എന്ന് ഡയസ്പോറയെക്കുറിച്ച് ആഴത്തിൽ പഠിച്ച കിംനോട്ട് രേഖപ്പെടുത്തുന്നു. സാമൂഹ്യശാസ്ത്രത്തിൽ സ്ഥാനഭ്രംശവുമായി ബന്ധപ്പെട്ടാണ് 'ഡയസ്പോറ' എന്ന പദം പ്രയോഗിക്കപ്പെടുന്നത്. ജൂതരുടെ പലായനത്തെ സൂചിപ്പിക്കുന്ന ഡയസ്പോറ എന്ന പദത്തിന് 1991-ൽ *ഡയസ്പോറ: എ ജേണൽ ഓഫ് ട്രാൻസ്നാഷനൽ സ്റ്റഡീസ്* എന്ന പ്രസിദ്ധീകരണം കൂടുതൽ അർത്ഥവിസ്താരം നൽകി.[44] അപ്രകാരം ചിന്തിക്കുമ്പോൾ ബലം പ്രയോഗിക്കാതെയും പുറന്തള്ളപ്പെടുന്നവരെ പ്രവാസിയായി പരിഗണിക്കാം. അധികാരത്തിന്റെ ബലപ്രയോഗത്താൽ ആട്ടിയോടിക്കപ്പെടുന്നവർ എന്നിടത്തുനിന്നും ഇരുപത്തിയൊന്നാം നൂറ്റാണ്ടിലേക്കെത്തുമ്പോൾ വ്യക്തിപരവും സാമൂഹികവുമായ വിവിധ കാരണങ്ങളാൽ സ്വദേശത്തെ വിട്ടുപോകേണ്ടിവരുന്നവരും പ്രവാസിയെന്ന പ്രയോഗത്തിനുകീഴിൽവരുന്നുവെന്ന് മനസ്സിലാക്കാം.

### 1.5.2.1 അഭയാർത്ഥി

രാഷ്ട്രീയവും സാമൂഹികവുമായ സാഹചര്യങ്ങളാൽ മാതൃരാജ്യം വിട്ട് അന്യദേശത്തേക്ക് പോകുന്നവരാണ് സാങ്കേതികമായി അഭയാർത്ഥികൾ എന്ന് വിശേഷിപ്പിക്കപ്പെടുന്നത്. വംശീയപ്രശ്നങ്ങൾ, രാഷ്ട്രീയപ്രശ്നങ്ങൾ, യുദ്ധങ്ങൾ തുടങ്ങിയവ അഭയാർത്ഥിപ്രവാഹത്തിന് കാരണമാകുന്നു.

“ആരാണോ സ്വന്തം നാട്ടിലേക്ക് തിരിച്ചുവരുന്നത് തടയപ്പെട്ടത് അവരെല്ലാം നാടുകടത്തപ്പെട്ടവരാണ്. നാടുകടത്തപ്പെട്ടവൻ, അഭയാർത്ഥി, അന്യനാട്ടിൽപ്പോയി താമസിക്കുന്ന ആൾ, കുടിയേറ്റക്കാരൻ എന്നീ പദവികളെല്ലാം അഭയാർത്ഥികൾക്ക് ചാർത്തിക്കൊടുക്കപ്പെടുന്നു. നാടുകടത്തപ്പെടുന്നതോടെ ദുരിതജീവിതമാണ് അവർക്കുകൈവരുന്നത്. ഇരുപതാംനൂറ്റാണ്ടിന്റെ രാഷ്ട്രീയസൃഷ്ടിയാണ് അഭയാർത്ഥികൾ. രാഷ്ട്രീയമായ സൂചന നൽകുന്ന പദമാണ് അഭയാർത്ഥി എന്നത്. അടിയന്തരമായി മറ്റ് രാജ്യങ്ങളുടെ സഹായം ആവശ്യമുള്ളവരും നിഷ്കളങ്കരും സംഭ്രമിക്കപ്പെട്ടവരുമാണവർ”[45] എന്ന് എഡ്വേർഡ് സെയ്ദ് പറയുന്നു. രാഷ്ട്രങ്ങളുടെ അതിർത്തികൾ മാറ്റി വരയ്ക്കുകയും പുതിയ രാജ്യങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തതോടെ ലക്ഷക്കണക്കിനാളുകൾ അഭയാർത്ഥികളായി മാറി. രണ്ടാം ലോകമഹായുദ്ധകാലത്ത് മാത്രം അഭയാർത്ഥികളുടെ എണ്ണം രണ്ട് കോടിയായിരുന്നു. നാസിഭരണകാലത്ത് ജർമനിയിലെ ജൂതന്മാർക്ക് നേരിട്ട പീഡനങ്ങളും തുടർന്ന് അവർ അന്യരാജ്യങ്ങളിലേക്ക് പലായനം ചെയ്യേണ്ടിവന്നതും പിന്നിട്ട നൂറ്റാണ്ടിന്റെ ചരിത്രമാണ്. ഇന്നും വിവിധ രാജ്യങ്ങളിലുണ്ടാവുന്ന അതിർത്തിപ്രശ്നങ്ങളും യുദ്ധങ്ങളും കാരണം നിരവധി സമൂഹങ്ങൾ പലായനം ചെയ്യേണ്ടിവരുന്നു. അതുവഴി ലക്ഷക്കണക്കിന് ജനങ്ങൾ അഭയാർത്ഥികളായി മാറുന്നു. ഇതിന്റെ ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

- വടക്കൻകൊറിയയും തെക്കൻകൊറിയയും തമ്മിൽ 1950 മുതൽ 1953 വരെ നടന്ന യുദ്ധം അൻപത് ലക്ഷത്തോളം പേരെ അഭയാർത്ഥികളാക്കി.
- 1955 മുതൽ 1975 വരെ നടന്ന വിയറ്റ്നാം യുദ്ധം സൃഷ്ടിച്ചത് നാൽപ്പത് ലക്ഷത്തിലധികം അഭയാർത്ഥികളെയായിരുന്നു.
- 1979-ൽ സോവിയറ്റ് യൂണിയൻ അഫ്ഗാനിസ്ഥാനിൽ നടത്തിയ കടന്നുകയറ്റത്തെത്തുടർന്ന് ഇരുപത്തിയഞ്ച് ലക്ഷം പേർ അഭയാർത്ഥികളായി.

- 1991 മുതൽ 1995 വരെ യൂഗോസ്ലാവിയയിൽ നടന്ന ആഭ്യന്തരയുദ്ധങ്ങൾ സൃഷ്ടിച്ചതും ലക്ഷക്കണക്കിന് അഭയാർത്ഥികളെയായിരുന്നു.
- സൊമാലിയ (1978–1991), റുവാണ്ട (1959–1962), തുടങ്ങിയ ആഫ്രിക്കൻ രാജ്യങ്ങളിലെ ആഭ്യന്തരയുദ്ധങ്ങളും അഭയാർത്ഥിപ്രവാഹത്തിന് കാരണമായി.

സമീപകാലത്ത് ലോകംകണ്ട രണ്ടുവലിയ അഭയാർത്ഥിപ്രശ്നങ്ങളായിരുന്നു സിറിയയിലേതും മ്യാന്മറിലെ രോഹിൻഗ്യകളുടേതും. ആഭ്യന്തരയുദ്ധമായിരുന്നു സിറിയൻ അഭയാർത്ഥി പ്രവാഹത്തിന് കാരണമായതെങ്കിൽ വംശീയപ്രശ്നങ്ങളാണ് രോഹിൻഗ്യകളെ അഭയാർത്ഥികളാക്കിയത്.

പലായനത്തിന്റെ ഭീകരതക്ക് വൻതോതിൽ സാക്ഷ്യം വഹിച്ച രാജ്യമാണ് ഇന്ത്യ. 1947–ലെ ഇന്ത്യാവിഭജനാനന്തരം ഏകദേശം ഒന്നേകാൽ കോടിയോളം ജനങ്ങൾ ഇന്ത്യയിൽനിന്ന് പാക്കിസ്ഥാനിലേക്കും പാക്കിസ്ഥാനിൽനിന്ന് ഇന്ത്യയിലേക്കും അഭയാർത്ഥികളായെത്തി. ഇത് ലോകചരിത്രത്തിലെ ഏറ്റവുംവലിയ അഭയാർത്ഥിപ്രവാഹമായിരുന്നു. ആഭ്യന്തരവും അന്താരാഷ്ട്രീയവുമായ പ്രശ്നങ്ങളാൽ പലായനം ചെയ്തെത്തിയ സമീപരാജ്യക്കാരോട് സഹിഷ്ണുതാപരമായ നിലപാടായിരുന്നു ഇന്ത്യയുടേത്. പൂർവ്വപാക്കിസ്ഥാനിലെ (ബംഗ്ലാദേശ്) ചിറ്റഗോങ് മലനിരകളിൽനിന്ന് ഇന്ത്യയിലേക്ക് കുടിയേറിയ ചക്മ, ഹജോങ് ജനത, 1959–ൽ ചൈന, തിബറ്റ് ആക്രമിച്ചതിനെത്തുടർന്നെത്തിച്ചേർന്ന ദലൈലാമയും അനുയായികളും, ശ്രീലങ്കൻ ആഭ്യന്തരകലാപങ്ങളെത്തുടർന്നെത്തിയ തമിഴ്ജനത എന്നിവരെല്ലാം ഇന്നും ഇന്ത്യയിൽ അഭയാർത്ഥികളായിത്തുടരുന്നവരാണ്. യാത്രയുടെ സ്വാച്ഛന്ത്യം എന്നേയ്ക്കുമായി നിഷേധിക്കപ്പെടുന്നവരാണ് അഭയാർത്ഥികളും ഭ്രഷ്ടരും. രാഷ്ട്രീയലക്ഷ്യങ്ങളും വികസനമോഹങ്ങളുമായി ലോകരാജ്യങ്ങൾ മുന്നോട്ടുപോകുന്തോറും ലോകത്തിന്റെ പലഭാഗങ്ങളിൽ ഇന്നും വ്യത്യസ്തസമൂഹങ്ങൾ പലായനത്തിന് വിധേയരായി അഭയാർത്ഥികളായി മാറിക്കൊണ്ടിരിക്കുന്നു.

### 1.5.3 നാടുകടത്തൽ

മനുഷ്യാവസ്ഥയെ ഏറെ ആഴത്തിലും തീവ്രതയിലും സ്പർശിക്കുന്ന ദുരനുഭവങ്ങളിലൊന്നാണ് നാടുകടത്തൽ. അധികാരശക്തികളുടെ ശിക്ഷണരീതി കളിലൊന്നാണത്. നിർബന്ധിതമായ സാഹചര്യത്തിൽ നാടും വീടും ഉപേക്ഷി ക്കേണ്ടിവരുന്ന ജനസമൂഹങ്ങൾ അന്യദേശങ്ങളിലേക്ക് പോകേണ്ടിവരുന്നതിനെ യാണ് നാടുകടത്തൽ എന്ന് പറയുന്നത്. ''സ്വന്തം വീട്ടിൽനിന്നും കുടുംബ ത്തിൽനിന്നും പരിചിതവും സുഖകരവുമായ എല്ലാത്തിൽനിന്നും വേർപെടുത്തുക, അന്യവും സൗഹാർദ്ദരഹിതവുമായ വേറൊരു ലോകത്തിലേക്ക് എടുത്തെറിയപ്പെ ടുക ഇതാണ് നാടുകടത്തലിനെ നിർവ്വചിക്കുന്ന അനുഭവം.''[46] സ്വന്തമായ ഇട ത്തിൽനിന്നും നിർബന്ധിതമായി മാറ്റപ്പെടുന്നതോടെ മാനസികമായി ദുഃഖത്തി ലേക്കും നിസ്സഹായതയിലേക്കും അനിശ്ചിതമായ കാത്തിരിപ്പിലേക്കുമെല്ലാം വ്യക്തിയുടെ ജീവിതം ഒതുക്കപ്പെടുന്നു.

ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള 'രാജ്യത്ത് നിന്നും പുറത്തുതള്ളുക'[47] എന്നും, ടി. രാമലിംഗംപിള്ള 'നാടുകടത്തൽ', 'നാടുകടത്തപ്പെട്ടവൻ', 'രാജ്യ ഭ്രഷ്ടർ'[48] എന്നിങ്ങനെയും 'നാടുകടത്തലി'നെ നിർവചിക്കുന്നു. രാഷ്ട്രീയമായും ദേശീയമായും ഒരു അധികാരകേന്ദ്രമായി നാട് മാറുന്നതുകൊണ്ടാണ് 'നാടുകട ത്തൽ' എന്ന പ്രക്രിയ രൂപപ്പെടുന്നത്. നാടുകടത്തലിനെ ഒരു സമകാലികരാഷ്ട്രീ യശിക്ഷയായാണ് എഡ്വേഡ് സെയ്ദ് കാണുന്നത്. ''ദേശീയതയുമായി തട്ടിച്ചുനോ ക്കിയാൽ നാടുകടത്തൽ മൗലികവും തുടർച്ചയില്ലാത്തതുമായ ഒരവസ്ഥയാണ്. വ്യക്തിയുടെ വേരും മണ്ണും ഭൂതകാലവുമെല്ലാം ഇല്ലാതാക്കുന്ന/ മുറിച്ചുകളയുന്ന ഒരവസ്ഥയാണ് നാടുകടത്തൽ'' എന്ന് അദ്ദേഹം കൂട്ടിച്ചേർക്കുന്നു.[49] ഭരണാധികാ രികളുടെ രാഷ്ട്രീയനിലപാടിന്റെ ഫലമാണ് നാടുകടത്തൽ. സൈനികലഹളയു

ടെയും ആഭ്യന്തരയുദ്ധത്തിന്റെയും വിദേശാക്രമണത്തിന്റെയും ഫലമായി അധികാരത്തിൽനിന്ന് പുറത്താക്കപ്പെട്ട ഭരണാധിപന്മാർ പുറംനാടുകളിൽ മാറിത്താമസിക്കാൻ നിർബന്ധിതരായിത്തീരുന്നു. ദേശഭ്രഷ്ടർ പൊതുവിൽ പങ്കിടുന്ന വികാരം സ്വന്തം രാജ്യത്തെയും അവിടത്തെ ജീവിതരീതികളെയും ചൊല്ലിയുള്ള ഗൃഹാതുരത്വമാണ്. അതേസമയം ഒരുമിച്ചുകഴിയാൻ ശ്രമിക്കുന്തോറും അവർക്കിടയിലുള്ള മത-ഗോത്ര-പ്രത്യയശാസ്ത്രപരമായ വ്യത്യാസങ്ങളും സ്പർദ്ധകളും തലപൊക്കാൻ തുടങ്ങുന്നു.

ചരിത്രത്തിൽ നാടുകടത്തപ്പെട്ട നിരവധി വ്യക്തിത്വങ്ങളുടെ തീവ്രമായ അനുഭവങ്ങൾ പിൽക്കാലത്ത് ആഖ്യാനം ചെയ്യപ്പെട്ടിട്ടുണ്ട്. നാടുകടത്തപ്പെട്ട ഒരാൾക്ക് ആദ്യം സ്വന്തം വേരുകളും പിന്നീട് ഭാഷയും നഷ്ടപ്പെടുന്നതായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.[50] അലക്സാണ്ടർ സോൾഷെനിത്സെൻ, ഫ്രാൻസ് കാഫ്ക, ജയിംസ് ജോയിസ്, ഗുന്തർ ഗ്രാസ്, തസ്ലീമാ നസ്രീൻ, എം.എഫ് ഹുസൈൻ, സാൽമൻ റുഷ്ദി, സ്വദേശാഭിമാനി രാമകൃഷ്ണപിള്ള എന്നിവരെല്ലാം നാടുകടത്തപ്പെടലിന്റെ വേദന അനുഭവിച്ചവരായിരുന്നു.

അധികാരത്തിന് കീഴടങ്ങി സ്വന്തമായ എല്ലാത്തിൽനിന്നുമുള്ള വിച്ഛേദനമാണ് നാടുകടത്തലിന്റെ പ്രത്യക്ഷഫലം. നാടുകടത്തലെന്നത് തനിച്ചെന്നതുപോലെ പലപ്പോഴും കൂട്ടായും നടക്കാറുണ്ട്. ഫാസിസ്റ്റ് ജർമനിയിലും കമ്യൂണിസ്റ്റ് റഷ്യയിലുമെല്ലാം സംഭവിച്ചത് കൂട്ടായ നാടുകടത്തലുകളാണ്. "അനുകൂലമല്ലാത്ത സാഹചര്യത്തിൽ നിർബന്ധിതമായി ദേശത്തുനിന്നും വ്യക്തിയേയോ ഒരു കൂട്ടം വ്യക്തികളേയോ അകറ്റുന്ന അവസ്ഥയെയാണ് നാടുകടത്തൽ എന്ന പ്രയോഗം കൊണ്ട് സൂചിപ്പിക്കുന്നത്."[51] മലബാർകലാപകാലഘട്ടത്തിൽ കലാപകാരികളെന്ന് മുദ്രകുത്തി മാപ്പിളമാരിൽപ്പെട്ട ഒരുകൂട്ടം ചെറുപ്പക്കാരെ ബല്ലാരിയിലേക്കും, ആൻഡമാനിലേക്കും മറ്റും ഇത്തരത്തിൽ നാടുകടത്തിയത് കേരളചരിത്രത്തിന്റെ ഭാഗമാണ്.[52] പ്രതികൂലസാഹചര്യത്തിൽ നാടുകടത്തപ്പെട്ട ഇവരിൽ ചിലർക്കെ

ങ്കിലും പിൽക്കാലത്ത് തിരിച്ചുവരാൻ അവസരം ലഭിച്ചുവെങ്കിലും ഭൂരിപക്ഷവും നീണ്ടകാലത്തെ പ്രവാസത്തിന് പാത്രീഭവിച്ചവരാണ്. സ്വന്തമായിരുന്ന വീടിന്റെയും നാടിന്റെയും സുരക്ഷിതത്വത്തിൽനിന്നും തീർത്തും അന്യമായ സാഹചര്യങ്ങളിലേക്കുള്ള പറിച്ചുനടലിൽ പൂർണമായോ ഭാഗികമായോ ജീവിതം നഷ്ടപ്പെടുന്ന സാഹചര്യമാണുള്ളത്. വിദേശത്തേക്ക് നാടുകടത്തപ്പെടുന്ന ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം തനിക്ക് ആതിഥ്യമരുളുന്ന രാജ്യത്തിന്റെ അനുമതിയുണ്ടെങ്കിൽ ഇഷ്ടപ്പെട്ട രീതിയിൽ ചിന്തിക്കാനും പ്രവർത്തിക്കാനും കഴിഞ്ഞെന്നിരിക്കാം.

കേരളീയസാഹചര്യങ്ങളേക്കാൾ ലോകചരിത്രത്തിലേക്ക് കടക്കുമ്പോഴാണ് നാടുകടത്തലിന്റെ കാഠിന്യം കൂടുതൽ വ്യക്തമാകുന്നത്. ''രാജ്യഭ്രഷ്ടമാക്കപ്പെടുക എന്നത് ഏറ്റവും ദുഖകരമായ ദുര്യോഗങ്ങളിൽ ഒന്നാണ്. പൂർവകാലങ്ങളിൽ നാടുകടത്തൽ വിശേഷിച്ചും ഭീതിജനകമായ ഒരു ശിക്ഷയായിരുന്നു. കാരണം വീടും പരിചിതനാടും വിട്ട് അകലെയുള്ള അലച്ചിൽ എന്നുമാത്രമായിരുന്നില്ല അതിന്റെ അർത്ഥം. സ്ഥിരമായ ഒരുതരം സമുദായഭ്രഷ്ട് കൽപിക്കപ്പെട്ടയാൾ, ഒരിക്കലും സ്വാസ്ഥ്യം കിട്ടാതെ ചുറ്റുപാടുകളുമായി സദാ പൊരുത്തംകെട്ട ഒരാൾ, സാന്ത്വനമറ്റ ഒരു ഭൂതകാലവും സഹ്യമല്ലാത്ത വർത്തമാനഭാവികളുമുള്ള ഒരാൾ എന്നുകൂടിയായിരുന്നു അതിനർത്ഥം'' എന്ന് എഡ്വേർഡ് സെയ്ദ് സൂചിപ്പിക്കുന്നുണ്ട്.[53] നാടുകടത്തലിലെ ഏറ്റവും പ്രയാസകരമായ സാഹചര്യമെന്നത് എത്തിച്ചേരുന്ന പ്രദേശവുമായുള്ള പൊരുത്തപ്പെടലിന്റേതാണ്. തിരിച്ചുപോകാൻ ഒരിടമില്ല എന്ന യാഥാർത്ഥ്യത്തിനുമുന്നിൽ മാത്രമാണ് ഭൂരിപക്ഷവും പുതിയ ഇടവുമായി ഒത്തുപോകുന്നത്.

സ്വന്തം മണ്ണ് വിട്ടകന്നുപോകുന്നവർക്ക് മുന്നിലെ വലിയ അനിശ്ചിതത്വത്തെക്കുറിച്ച് വി. രാജകൃഷ്ണൻ രേഖപ്പെടുത്തിയിട്ടുണ്ട്. ''ജന്മദേശത്തിലെ ചുറ്റുപാടുകൾ അഹിതകരവും ഭീതിജനകവുമായിത്തീരുമ്പോൾ പുതിയ ആകാശവും പുതിയ ഭൂമിയും തേടി പുറത്തുപോകുക എന്നത് കലാകാരന്മാരുടെയും ബുദ്ധിജീ

വികളുടെയും രാഷ്ട്രീയപ്രക്ഷോഭകാരികളുടെയും ആവശ്യമായി മാറുന്നു. ഇങ്ങനെ പുറത്തുചാടുന്നവർക്ക് ചെറിയൊരു സന്ദർശനത്തിനായല്ല തങ്ങൾ മറുനാട്ടിലേക്ക് പോകുന്നതെന്ന വസ്തുത പലപ്പോഴും നന്നായി അറിയാം. തങ്ങളുടെ ഈ രക്ഷപ്പെടൽ ഇരുട്ടിലേക്കുള്ള അന്ധമായ കുതിപ്പായി തീർന്നുകൂടായ്കയില്ല. തങ്ങൾക്ക് പരിചിതമായ ചുറ്റുപാടുകളിൽനിന്നും അവിടത്തെ യാഥാർത്ഥ്യങ്ങളിൽനിന്നുമൊക്കെ വിട്ടകന്ന് അനിശ്ചിതമായൊരു ഭാവിയിലേക്ക് അകലുകയാണവർ."[54] പലപ്പോഴും അനിവാര്യമായ വിധിയെന്ന നിലയിലാണ് സമൂഹം ഈ അനിശ്ചിതത്വത്തെ സ്വീകരിക്കുന്നത്. തിരഞ്ഞെടുപ്പിനുള്ള അവകാശം ജനതയ്ക്ക് അവിടെ അന്യമാണ്. അധികാരത്താൽ നിയന്ത്രിതമായ സവിശേഷസാഹചര്യമാണത്.

### 1.6 പ്രവാസപഠനങ്ങൾ

സമീപകാലങ്ങളിൽ പ്രവാസത്തെക്കുറിച്ചുള്ള അക്കാദമികപഠനങ്ങൾക്ക് വലിയ പ്രാധാന്യം കൈവന്നിട്ടുണ്ട്. പ്രസ്തുതപഠനങ്ങളെ പ്രധാനമായും നാലായിത്തിരിക്കാം. ഇരയാക്കപ്പെടുന്നവന്റെ പ്രവാസം, അദ്ധ്വാനാധിഷ്ഠിതമായ പ്രവാസം, സാമ്രാജ്യത്വപരമായ പ്രവാസം, കച്ചവടാധിഷ്ഠിതമായ പ്രവാസം എന്നിവയാണവ.[55] ചരിത്രപരമായി രൂപംകൊണ്ട ഇത്തരം സമൂഹങ്ങളെക്കുറിച്ചുള്ള അന്വേഷണങ്ങൾക്ക് ഇന്ന് വലിയ പ്രാധാന്യമുണ്ട്.

**ഇരയാക്കപ്പെടുന്നവന്റെ പ്രവാസം** - ജൂതവിരുദ്ധസങ്കൽപം, ആഫ്രിക്കയിലെ അടിമക്കച്ചവടം, പലസ്തീൻദുരന്തം എന്നിവയെല്ലാം ഇതിനുദാഹരണമമാണ്.

**അദ്ധ്വാനാധിഷ്ഠിതമായ പ്രവാസം** - അദ്ധ്വാനാധിഷ്ഠിതമായ പ്രവാസമെന്നതുകൊണ്ട് കായികമോ മാനസികമോ ആയ അദ്ധ്വാനമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. കൊളോണിയൽകാലത്ത് അധിനിവേശശക്തികൾ തൊഴിലാവശ്യങ്ങൾക്കും യുദ്ധമേഖലയിലേക്കുമായി ഇന്ത്യക്കാരെ കയറ്റിയയച്ചിരുന്നു. അതുപോലെതന്നെ

ഗൾഫ് രാജ്യങ്ങളുൾപ്പെടെ ലോകമെങ്ങും തൊഴിൽമേഖലകൾ ലക്ഷ്യമാക്കി പിൽക്കാലത്ത് മലയാളികൾ യാത്രചെയ്തിരുന്നു.

**സാമ്രാജ്യത്വപരമായ പ്രവാസം** - കോളനിവൽക്കരണത്തിന്റെ ഭാഗമായി അധിനിവേശരാജ്യങ്ങൾ ലോകമെങ്ങുമുള്ള തങ്ങളുടെ കോളനികളിൽ അധിവാസമുറപ്പിക്കേണ്ടി വന്നിരുന്നു. തദ്ദേശീയരെ കായികമായി കീഴടക്കിയും ചൂഷണം ചെയ്തുമുള്ള ആധിപത്യമുറപ്പിക്കലായിരുന്നു അത്. അമേരിക്ക, ഓസ്ട്രേലിയ എന്നിവിടങ്ങളിലെ സ്പാനിഷ്, ജർമൻ, ഫ്രഞ്ച്, ബ്രിട്ടിഷ്, പോർച്ചുഗീസ് വംശജർ സാമ്രാജ്യത്വപരമായ പ്രവാസത്തിന് ഉദാഹരണമാണ്.

**കച്ചവടാധിഷ്ഠിതമായ പ്രവാസം** - പ്രാചീനകാലം മുതൽ കച്ചവടപാരമ്പര്യമുള്ള സമൂഹങ്ങളാണ് അറേബ്യ, ചൈന എന്നിവിടങ്ങളിലേത്. ചൈനക്കാർ വടക്കുകിഴക്കൻ ഏഷ്യയിലും അറബികൾ ആഗോളതലത്തിലും അവരുടെ സാന്നിധ്യം പ്രകടമാക്കി. ഇത്തരം സമൂഹങ്ങളെയാണ് കച്ചവടാധിഷ്ടിതമായ പ്രവാസമെന്നതു കൊണ്ട് അർത്ഥമാക്കുന്നത്.

### 1.7 പ്രവാസം: ആഭ്യന്തരവും ദേശാന്തരവും

കപ്പലേറിയും മറ്റുമായി വിദൂരദേശങ്ങൾ തേടി യാത്രതിരിച്ച അതിസാഹസികരായ പൂർവകാലസഞ്ചാരികളിൽനിന്നുതന്നെ കേരളീയരുടെ ദേശാന്തരഗമനം ആരംഭിക്കുന്നു. യൂറോപ്യൻശക്തികൾ അടിമത്തൊഴിലിനും മറ്റുജോലികൾക്കുമായി തൊഴിലാളികളെ തങ്ങളുടെ നാട്ടിലേക്ക് കൊണ്ടുപോയിരുന്നുവെങ്കിലും മലയാളികളുടെ തൊഴിൽതേടിയുള്ള യാത്രകൾ വ്യാപകമാവുന്നത് ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലാണ്. ഉപജീവനത്തിനായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് നടത്തുന്ന സഞ്ചാരങ്ങളുടെ വിവരണമാണ് കേരളീയരുടെ പ്രവാസത്തിന്റെ ചരിത്രം. മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ തേടിയുള്ള പരദേശഗമനവും തൊഴിലും വ്യാപാരാവശ്യങ്ങൾക്കായുള്ള കുടിയേറ്റങ്ങളുമെല്ലാം ചേർന്ന് രൂപപ്പെടുത്തിയ സവിശേഷപ്രതിഭാസമാണ് മലയാളിയുടെ പ്രവാസം. പ്രവാസമെന്ന ആശ

യത്തിന് വന്നിട്ടുള്ള അർത്ഥവൈപുല്യങ്ങളെയും ഇന്ത്യൻപ്രവാസത്തിന്റെ ചരിത്ര ത്തെയും പരിഗണിച്ചുകൊണ്ട് മാത്രമേ മലയാളി പ്രവാസത്തെയും വിശകലനം ചെയ്യാനാകൂ.

മലയാളിയുടെ നീണ്ടകാലത്തെ പ്രവാസചരിത്രത്തെയാണ് ഇവിടെ വിശക ലനവിധേയമാക്കുന്നത്. ലോകത്തിന്റെ വിവിധ കോണുകളിലേക്കുള്ള കേരളീയ രുടെ സഞ്ചാരത്തിന് സഹസ്രാബ്ദങ്ങളുടെ പഴക്കമുണ്ടെങ്കിലും ഇരുപതാംനൂറ്റാ ണ്ടിലുണ്ടായ സവിശേഷമായ പ്രവാസമാണ് പരിശോധനാർഹമായത്. ആഭ്യന്തര പ്രവാസം ദേശാന്തരപ്രവാസം എന്നിങ്ങനെയുള്ള വിഭജനത്തിന്റെ സാംഗത്യം രാഷ്ട്രീയാതിർത്തികളുടെ അടിസ്ഥാനത്തിൽ മാത്രമാണ്. കേരളത്തിന് പുറത്ത് ഇന്ത്യക്കകത്തും വിദേശത്തുമായി കഴിയുന്ന മുഴുവൻ മലയാളികളുടെയും കണ ക്കുകൾ തയ്യാറാക്കാനുള്ള ശ്രമങ്ങൾ ഇന്ന് ഫലവത്തായിക്കൊണ്ടിരിക്കുകയാണ്. ദേശീയസാമ്പത്തികസെൻസസിനൊപ്പമാണ് സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീ സിന്റെ (കേരള) നേതൃത്വത്തിൽ പ്രവാസികളുടെ കണക്കെടുപ്പുകൾ നടക്കുന്നത്.

### 1.7.1 ആഭ്യന്തരപ്രവാസം

കേരളത്തിന് പുറത്ത് വിവിധ ഇന്ത്യൻ നഗരങ്ങളിലേക്കുള്ള മലയാളികളുടെ പ്രയാണത്തെയാണ് ആഭ്യന്തരപ്രവാസമെന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഇന്ത്യ ക്കകത്ത് വിവിധ നഗരങ്ങളിൽ പ്രവാസത്തിലേർപ്പെടുന്ന മലയാളികളെ ഇന്ന് 'മറു നാടൻമലയാളി' എന്നാണ് പൊതുവിൽ പറഞ്ഞുവരുന്നത്. "ഗൾഫ് യുദ്ധത്തിന് ശേഷമുള്ള കാലഘട്ടത്തിൽ രാജ്യാന്തരകുടിയേറ്റം നടത്തിയ എല്ലാ മലയാളികളു ടേയുംമേൽ 'പ്രവാസിമലയാളി' എന്ന വിശേഷണം മാധ്യമങ്ങൾ പ്രയോഗിക്കാൻ തുടങ്ങി. ഇതോടെ 'മറുനാടൻമലയാളി' എന്ന പ്രയോഗം കേരളത്തിന് പുറത്തുള്ള എന്നാൽ ഇന്ത്യക്കകത്തുള്ള ആഭ്യന്തരകുടിയേറ്റക്കാരായ മലയാളികളെ മാത്രം പരാമർശിക്കുന്നതിലേക്ക് ചുരുങ്ങുകയും 'പ്രവാസിമലയാളി' എന്നത് രാജ്യാന്തര

കുടിയേറ്റം നടത്തുന്ന സമൂഹത്തിന് മാത്രമുള്ള വിശേഷണമായിത്തീരുകയും ചെയ്തു.''[56] ഇത്തരത്തിൽ രൂപപ്പെടുന്ന മറുനാടൻ മലയാളികളുടെ പ്രവാസചരിത്രത്തെയാണ് ചുവടെ പരിശോധിക്കുന്നത്. മറുനാടൻ മലയാളികളുടെ അന്യദേശവാസത്തിന്റെ അനുഭവങ്ങൾ പ്രവാസപഠനത്തിന്റെ വീക്ഷണകോണിൽനിന്നുകൊണ്ട് മനസ്സിലാക്കണമെങ്കിൽ ആദ്യംതന്നെ അവരുടെ കുടിയേറ്റങ്ങളുടെ ചരിത്രം, അവയുടെ സ്വഭാവം, സാംസ്കാരികജീവിതം, മാതൃഭാഷയുമായുള്ള അവരുടെ ബന്ധം, സർക്കാറും പൊതുസമൂഹവും അവരെ എങ്ങനെ കാണുന്നു തുടങ്ങിയ കാര്യങ്ങൾ അവലോകനം ചെയ്യേണ്ടതുണ്ട്.

1960-70 കാലഘട്ടങ്ങളിലാണ് കേരളത്തിന് പുറത്ത് വിവിധ നഗരങ്ങളിൽ വിദഗ്ദ്ധ തൊഴിൽസാധ്യതകൾ തേടി കേരളീയർ കൂടുതലായി കുടിയേറിയത്. അന്യസംസ്ഥാനങ്ങളുടെ വ്യാവസായികവളർച്ച ഇതിനാക്കംകൂട്ടി. കേരളത്തിന്റെ അയൽസംസ്ഥാനങ്ങളായ തമിഴ്നാടും കർണാടകവും കൂടാതെ മഹാരാഷ്ട്ര, ഗുജറാത്ത്, രാജസ്ഥാൻ തുടങ്ങി വടക്കേയിന്ത്യൻ സംസ്ഥാനങ്ങളിലേക്കും തൊഴിൽ തേടിയും കച്ചവടത്തിനുമായി മലയാളികൾ യാത്രയായി. മുംബൈ, ദൽഹി, കൊൽക്കത്ത, തമിഴ്നാട്, ബെംഗളൂരു, ഹൈദരാബാദ് എന്നിവയാണ് ഇന്ത്യയിലെ മലയാളിയുടെ കേന്ദ്രകുടിയേറ്റനഗരങ്ങൾ. മദ്രാസ് കൂടാതെ കോയമ്പത്തൂർ, മധുര, ഈറോട്, തിരുപ്പൂർ തുടങ്ങി തമിഴ്നാട്ടിലെ അനേകം നഗരങ്ങളിൽ മലയാളി സ്ഥിരം പ്രവാസികളായിക്കഴിഞ്ഞു. മലയാളികളുടെ പ്രവാസത്തിന് ആധാരമായ നഗരങ്ങളിൽ പ്രധാനസ്ഥാനമായിരുന്നു മുംബൈക്കുണ്ടായിരുന്നത്. ആയിരത്തിത്തൊള്ളായിരത്തി അറുപതുകൾ പിന്നിട്ടതോടെയാണ് മുംബൈ മലയാളികളുടെ കേന്ദ്രകുടിയേറ്റനഗരമായത്. ഗൾഫ് രാജ്യങ്ങളുടെ വളർച്ചയോടെ അവിടേക്ക് ആകൃഷ്ടരായ മലയാളികളുടെ പ്രധാന കവാടവും വിസ ഏജന്റുമാരുടെ താവളവുമായിരുന്നു അക്കാലത്ത് മുംബൈ (ബോംബെ).

മുംബൈയെപ്പോലെതന്നെ പ്രവാസികളുടെ അഭയകേന്ദ്രമായ നഗരമായിരുന്നു കൽക്കത്ത (കൊൽക്കത്ത) യും. സ്വാതന്ത്ര്യത്തിന് മുൻപുതന്നെ കൊൽക്കത്തയിലേക്കുള്ള മലയാളികുടിയേറ്റം നടന്നിരുന്നു. 1951-ൽ കൊൽക്കത്തയിലെ മലയാളികളുടെ നേതൃത്വത്തിൽ *മലയാളിസമാജം* രൂപംകൊണ്ടു. കുടിയേറിച്ചെല്ലുന്നിടങ്ങളിലെല്ലാം കൂട്ടായ്മയുടെ അന്തരീക്ഷം സൃഷ്ടിച്ചെടുക്കാൻ മലയാളികൾ ശ്രമിച്ചിരുന്നു. കേരളസംസ്ഥാനം രൂപപ്പെടുന്നതിനും വളരെ മുൻപുതന്നെ ഇന്ത്യയുടെ പല ഭാഗത്തും മലയാളിസമാജം ആരംഭിച്ചു. സ്വാതന്ത്ര്യാനന്തരം വ്യാവസായികവളർച്ചയുമായി ബന്ധപ്പെട്ടാണ് വൻതോതിലുള്ള പ്രവാസം ഇവിടേക്കുണ്ടാകുന്നത്. ഇരുപതാംനൂറ്റാണ്ടിന്റെ അവസാനത്തിൽ വ്യാവസായികസ്ഥാപനങ്ങൾ പലതും അടച്ചുപൂട്ടൽ നേരിട്ടതോടെ കൊൽക്കത്തയിലേക്കുള്ള മലയാളികളുടെ ഒഴുക്ക് ഗണ്യമായി കുറഞ്ഞു.

മംഗളൂരുവും മൈസൂരും കുടകും ബെംഗളൂരുമായിരുന്നു കർണാടകയിലെ മലയാളികളുടെ പ്രധാന കുടിയേറ്റമേഖലകൾ. ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭത്തിൽ കച്ചവടത്തിനായി മലയാളികൾ ബെംഗളൂരിലേക്ക് കുടിയേറിയിട്ടുണ്ടെങ്കിലും 1990-കളിലാണ് ഐ.ടി കമ്പനികൾ ലക്ഷ്യമാക്കി വളരെയധികം മലയാളികൾ അവിടേക്ക് പോയതും സ്ഥിരതാമസമാക്കിയതും. മലയാളികൾ ധാരാളമായി സ്ഥിരതാമസമാക്കിയ മറ്റൊരു ഇന്ത്യൻനഗരമാണ് ഹൈദരാബാദ്. “മലയാളികളുടെ ബാഹുല്യം നിമിത്തം ഹൈദരാബാദിലെ ഫത്തേഹ് നഗർ ‘മിനി കേരള’ എന്നാണ് അറിയപ്പെടുന്നത്.”[57] അധ്യാപനം, നഴ്സിങ്, ഫാക്ടറിത്തൊഴിലാളികൾ, ചെറുകിടകച്ചവടം, മൾട്ടി നാഷനൽ കമ്പനികൾ എന്നിങ്ങനെയുള്ള മേഖലകളിലാണ് മറുനാടൻമലയാളികൾ പ്രധാനമായുമുള്ളത്. വിജയവാഡ, വിശാഖപട്ടണം, നൽഗോണ്ട, പൂണെ, താന, അഹമ്മദാബാദ്, ഭോപ്പാൽ, ഇൻഡോർ, ജയ്പ്പൂർ എന്നിവിടങ്ങളിലെല്ലാം തന്നെ അനേകം മലയാളികൾ വാസമുറപ്പിച്ചിട്ടുണ്ട്.

പാരമ്പര്യത്തൊഴിലുപേക്ഷിച്ച് വ്യവസായവത്കരണത്തിന്റെ ആധുനികജീവിതമാർഗം തിരഞ്ഞെടുത്ത ജനത, പ്രത്യേകിച്ച് കേരളജനത രാജ്യതലസ്ഥാനമായ ദൽഹി ആധുനികതൊഴിൽകേന്ദ്രമാണെന്ന് തിരിച്ചറിഞ്ഞു. ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യപകുതി പിന്നിടുമ്പൊഴേക്കും അനേകം മലയാളികൾ തൊഴിൽ തേടിയും കലാരാഷ്ട്രീയസാംസ്കാരികപ്രവർത്തനങ്ങൾക്കുമായി ദൽഹിയിൽ വാസമുറപ്പിച്ചിരുന്നു. വികസിതനഗരമായ ദൽഹി എക്കാലത്തും കുടിയേറ്റക്കാരുടെ ഇഷ്ടകേന്ദ്രമായിരുന്നു. രാജ്യതലസ്ഥാനമെന്ന പ്രത്യേകതയും മികച്ച ജീവിതസാഹചര്യങ്ങളും കുടിയേറ്റജനതയെ അവിടെത്തന്നെ നിലനിൽക്കാൻ പ്രേരിപ്പിക്കുന്നുണ്ട്. ദൽഹിയിലെ പ്രബലമായ കുടിയേറ്റജനതയായി മലയാളികൾ ഇന്ന് മാറിയിയിരിക്കുന്നു.

സ്വാതന്ത്ര്യാനന്തരം ദൽഹിയിലുണ്ടായ തൊഴിൽ സാധ്യതകളാണ് കുടിയേറ്റജനതയെ ഇവിടേക്ക് ആകർഷിച്ചത്. ഭരണസംബന്ധമായ സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥൻമാരായി നിരവധി മലയാളികൾ ദൽഹിയിൽ എത്തിയിരുന്നു. ആശുപത്രികളിലും തൊഴിൽശാലകളിലും മലയാളികൾ ജോലിചെയ്തു. പഞ്ചാബികളുടെ മേധാവിത്വങ്ങൾക്കിടയിൽ മലയാളികളുടെ അതിജീവനം അക്കാലത്ത് പ്രയാസം നിറഞ്ഞതായിരുന്നു. തൊഴിൽശാലകളും വാസസ്ഥലങ്ങളും പഞ്ചാബികളുടെ അധീനതയിലായിരുന്നു. ഇവരുടെ ആശ്രിതരായി ഭയഭക്തിയോടെ കഴിയേണ്ടിവന്ന ചരിത്രമാണ് ദൽഹിയിലെ ആദ്യകാലമലയാളിയുടേത്. 'മദ്രാസികൾ' എന്ന വിളിപ്പേരിൽ മലയാളികളെയും അവർ ഉൾപ്പെടുത്തി. ദീർഘകാലത്തെ പരിശ്രമങ്ങൾക്കൊടുവിൽ മലയാളികൾ അവരുടേതായ സ്വത്വം ദൽഹിയിൽ വീണ്ടെടുത്തത് സമീപകാലത്താണ്. 1970-ലും 1980-ലും ഉണ്ടായ വ്യാവസായികവളർച്ചയുടെ ഭാഗമായി നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു. ഇതിനേത്തുടർന്ന് മലയാളികൾ ഉൾപ്പെടെ അന്യസംസ്ഥാനക്കാർ ദൽഹിയിലേക്കു കടന്നുവന്നു. തൊഴിൽസ്ഥലത്ത് പലവിധ പീഡനങ്ങൾക്കും വിധേയരാകേണ്ടിവന്ന മലയാളികൾ

പ്രതികൂലമായ സാഹചര്യങ്ങളോട് പൊരുതിയാണ് ദൽഹിയിൽ താമസിച്ചിരുന്നത്. എന്നാൽ, ഇന്ന് കേരളത്തിലേതിന് തുല്യമായ മിക്കസൗകര്യങ്ങളും ലഭിക്കുന്നതിനാൽ സ്വന്തം സംസ്കാരത്തനിമയിൽ ജീവിക്കുവാൻ മലയാളിക്ക് കഴിയുന്നു.

### 1.7.2 ദേശാന്തരപ്രവാസം

ഇന്ത്യക്ക് പുറത്തുള്ള രാജ്യങ്ങളിലേക്കുള്ള പ്രവാസമാണ് ദേശാന്തരപ്രവാസം. വൈദേശികസഞ്ചാരങ്ങളുടെ ഇന്ത്യൻചരിത്രത്തിന് നീണ്ടകാലത്തെ പഴക്കമുണ്ട്. ബുദ്ധമതപ്രചാരണത്തിന്റെ ഭാഗമായി അനേകം ഭിക്ഷുക്കൾ ഇന്ത്യയിലും വിദേശത്തും സഞ്ചരിച്ചിരുന്നു. വാണിജ്യത്തിനായി ഇന്ത്യക്കാർ ഇന്ത്യൻ മഹാസമുദ്രത്തിലൂടെ ആഫ്രിക്കയുടെ കിഴക്കൻതീരങ്ങളിലേക്കും ചൈനയിലേക്കുംമറ്റും സഞ്ചരിച്ചു. ഗുജറാത്തിനെ കേന്ദ്രീകരിച്ച് ഇന്ത്യൻ സമുദ്രത്തിലൂടെയുള്ള കച്ചവടക്കാരുടെ യാത്രകളെക്കുറിച്ച് പഠനം നടത്തിയ മുരാരികുമാർ ഝാ ഇങ്ങനെ പറയുന്നു. ഗുജറാത്തിലെ കച്ചവടക്കാരുടെ കൂട്ടായ പ്രവർത്തനം സമുദ്രങ്ങളിലൂടെയുള്ള ഇതരമാർഗങ്ങൾ തുറക്കുന്നതിനും രാജ്യാന്തരബന്ധങ്ങൾ വളർത്തുന്നതിനും വഴിയൊരുക്കി. പുരാതനകാലം മുതൽ ഇന്ത്യൻ സമുദ്രത്തിലൂടെയുള്ള ജലസഞ്ചാരത്തിന് കൂടുതൽ സൗകര്യങ്ങളൊരുക്കിയത് ഗുജറാത്തിലെ കച്ചവടക്കാരാണ്.[58] വാണിജ്യബന്ധങ്ങളുടെ വളർച്ച ദേശാതിർത്തികൾക്കപ്പുറത്ത് പുതിയ നഗരങ്ങളെക്കുറിച്ചും രാജ്യങ്ങളെക്കുറിച്ചുമുള്ള അറിവുകളുടെ കൈമാറ്റം സാധ്യമാക്കി.

ചില നിശ്ചിതമേഖലകളിലേക്ക് മാത്രമുള്ള പ്രവാസത്തിൽനിന്നും മാറി ഇന്ത്യക്കാർ ലോകത്തിന്റെ പല ഭാഗത്തേക്കും കടന്നുചെല്ലാൻ തയ്യാറായിയെന്നത് പിൽക്കാലത്ത് പ്രവാസം വ്യാപകമാക്കി. യൂറോപ്യൻ കോളനികളിലെ പുതിയ രീതികളിലുള്ള തോട്ടങ്ങളുടെ ആവിർഭാവവും വ്യവസായസംരഭങ്ങളും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. ബ്രിട്ടൻ, ഫ്രഞ്ച്, ഡച്ച് കോളനികളിലുണ്ടായ അടിമത്തനിരോധനം അടിമകളുടെ ക്ഷാമത്തിന് കാരണമായി. ഇതോടെ ഇന്ത്യയിൽനിന്നും തൊഴിലാളികളെ ഇറക്കുമതി ചെയ്യേണ്ടിവന്നു. ഇൻഡെന്റർ

തൊഴിൽ സമ്പ്രദായം (Indenture Labour System) അനുസരിച്ചാണ് ഇന്ത്യയിൽ നിന്നും യൂറോപ്യൻ കോളനികളിലേക്ക് തൊഴിലാളികളെ എത്തിച്ചത്.

മലേഷ്യ, ബർമ, ഭൂട്ടാൻ, ശ്രീലങ്ക, ടാങ്കനിക്ക, കെനിയ, കാനഡ, യു. എസ്.എ, റഷ്യ, അറേബ്യൻരാജ്യങ്ങൾ, ഓസ്ട്രേലിയ, ജർമനി, ഫിൻലാൻഡ് എന്നിവിടങ്ങളിലേക്കെല്ലാം പിൽക്കാലത്ത് മലയാളികൾ യാത്രയായി. 1960-കളിൽ കേരളത്തിൽനിന്നും ഏകദേശം അയ്യായിരത്തോളം കൗമാരപ്രായക്കാരികൾ നഴ്സിങ് പഠനത്തിനായി ജർമനിയിലേക്ക് പോയിരുന്നു. [59] ചരിത്രത്തിലെ ആദ്യത്തെ സമ്പൂർണപെൺകുടിയേറ്റമെന്ന നിലയിൽ ഇതിനെ അടയാളപ്പെടുത്താവുന്നതാണ്. യൂറോപ്പിലെ ആദ്യത്തെ മലയാളി ഡയസ്പോറ എന്ന നിലയിലും ഇതിനെ തിരിച്ചറിയേണ്ടതുണ്ട്.

മലയാളിയുടെ വിദേശപ്രയാണത്തിന്റെ ചരിത്രത്തിൽ മൂന്ന് ഘട്ടം കാണാമെന്ന് സി. ശരത്ചന്ദ്രൻ അഭിപ്രായപ്പെടുന്നുണ്ട്.[60] അവ താഴെപ്പറയുന്നു.

**ഒന്ന്:** രണ്ടാം ലോകമഹായുദ്ധത്തിന് തൊട്ടുമുൻപും അതിനുശേഷവും അന്നത്തെ മലയായിലും (ഇന്നത്തെ മലേഷ്യയും സിംഗപ്പൂരും ഉൾപ്പെടുന്ന പ്രദേശം) സിലോണിലും (ശ്രീലങ്ക), ഇന്തോനേഷ്യയിലും എത്തിയ മലയാളികളാണ് ആദ്യഘട്ടത്തിലെ കുടിയേറ്റക്കാർ.

**രണ്ട്:** ആയിരത്തിത്തൊള്ളായിരത്തി അൻപതുകളിലും അറുപതുകളിലും ആഫ്രിക്കൻ രാജ്യങ്ങളിലേക്ക്; പ്രത്യേകിച്ച് എത്യോപ്യ, കെനിയ, ടാങ്കനിക്ക തുടങ്ങിയ പൂർവ്വാഫ്രിക്കൻ രാജ്യങ്ങളിലേക്കും പശ്ചിമാഫ്രിക്കൻരാജ്യമായ നൈജീരിയയിലേക്കും മലയാളികളെത്തിയ കാലഘട്ടം.

**മൂന്ന്:** ആയിരത്തിത്തൊള്ളായിരത്തി എഴുപതുകൾക്ക് ശേഷം ഗൾഫ് രാജ്യങ്ങളിലേക്ക് തൊഴിൽ തേടി ലക്ഷക്കണക്കിന് മലയാളികൾ കുടിയേറി. ഗൾഫ് സമ്പത്തും തൊഴിൽസാധ്യതകളും കേരളത്തിലും മാറ്റങ്ങൾക്ക് കാരണമായി.

ദശാബ്ദങ്ങൾക്ക് മുൻപ് മലയാളികൾ ആഫ്രിക്കൻരാജ്യങ്ങളിലേക്ക് ജോലിതേടി ഒറ്റപ്പെട്ട യാത്രകൾ നടത്തിയിരുന്നുവെങ്കിലും രണ്ടാംലോകമഹായുദ്ധ മേൽപ്പിച്ച സാമ്പത്തികാഘാതമാണ് കേരളീയരെ ബർമ, സിലോൺ, സിംഗപ്പൂർ തുടങ്ങിയ രാജ്യങ്ങളിലേക്ക് വൻതോതിൽ ചേക്കേറാൻ പ്രേരിപ്പിച്ചത്. 1929-33 കാലത്തെ ലോകസാമ്പത്തികത്തകർച്ചയായിരുന്നു അതിന് പ്രധാനകാരണം. ഇവ രിൽ ഭൂരിഭാഗവും 1950-കളോടെ തിരികെവന്നു. സിലോണിലുണ്ടായ ഭാഷാവാ ദവും പ്രാദേശികസംഘർഷങ്ങളും സിംഗപ്പൂർ, ബർമ എന്നിവിടങ്ങളിലെ സ്വദേശി വത്കരണവുമായിരുന്നു വലിയൊരു വിഭാഗം മലയാളികൾ കേരളത്തിലേക്ക് തിരി കെവന്നതിന് കാരണമായത്. ഈയൊരു പ്രതിസന്ധിയുടെ സന്ദർഭത്തിലാണ് അറ ബ്നാടുകളിൽ എണ്ണ കണ്ടെത്തുന്നതും അവിടേക്കുള്ള മലയാളികളുടെ യാത്ര ആരംഭിക്കുന്നതും.

സ്വാതന്ത്ര്യത്തിന് മുൻപ് ഏറ്റവും കൂടുതൽ പ്രവാസി മലയാളികളുണ്ടായി രുന്നത് മലേഷ്യയിലും സിംഗപ്പൂരിലുമായിരുന്നു. മലയാളികളുടെയും തമിഴരു ടെയും മലയായിലേക്കുള്ള പ്രവാസം ആരംഭിക്കുന്നത് ബ്രിട്ടിഷ് ഭരണകാലത്താ ണ്. മലയായിലെ റബ്ബർത്തോട്ടങ്ങളിലായിരുന്നു ഇവരിലേറെയും തൊഴിലെടുത്തി രുന്നത്. 1921-ൽ മാത്രം 17,000-ത്തോളം മലയാളികൾ ഇവിടെയെത്തി. പത്ത് വർഷ ത്തിനുള്ളിൽ ഈ സംഖ്യ 30000-ത്തോളമായി. 1957-ലേക്കെത്തുമ്പോൾ ഇത് 72,971-ലേക്കെത്തുന്നുവെന്നും കണക്കുകൾ തെളിയിക്കുന്നു.[61] മലേഷ്യയിലെത്തിയ മലയാളികളിൽ നല്ലൊരുവിഭാഗവും ഇംഗ്ലീഷ് വിദ്യാഭ്യാസം സിദ്ധിച്ചവരായിരുന്നു. അതുകൊണ്ടുതന്നെ അവരിൽ ഭൂരിഭാഗത്തിനും അവിടെ നല്ല ഉദ്യോഗം നേടിയെ ടുക്കാൻ സാധിച്ചു. രണ്ടാം ലോകമഹായുദ്ധാനന്തരം ഇവരിൽ പലരും വിവാഹബ ന്ധത്തിലൂടെയും മറ്റും അവിടെ സ്ഥിരതാമസമാക്കി. ഇരുപത്തൊന്നാം നൂറ്റാണ്ടി ലേക്കെത്തുമ്പോൾ മലേഷ്യയിലെ മലയാളികളുടെ അംഗസംഖ്യ എഴുപത്തായ്യായി രത്തിനും ഒരു ലക്ഷത്തിനും ഇടയിലാണ്.

അന്താരാഷ്ട്രതൊഴിൽസംഘടന (ഐ.എൽ.ഒ) രണ്ടുതരം കുടിയേറ്റങ്ങളെക്കുറിച്ച് പറയുന്നു. സ്ഥിരവും താൽക്കാലികവും. താൽക്കാലികത്തിൽത്തന്നെ വ്യക്തിപരവും കൂട്ടായതുമുണ്ട്. ഈ വർഗീകരണങ്ങളെല്ലാം കേരളത്തിൽനിന്നുള്ള കുടിയേറ്റത്തിന് ബാധകമാണ്. ഇവിടെ നിന്ന് അമേരിക്ക, ബ്രിട്ടൻ, കാനഡ തുടങ്ങിയ വികസിതരാജ്യങ്ങളിലേക്ക് കുടിയേറുന്നവർ അവിടെത്തന്നെ കുടുംബസമേതം താമസിക്കാനും കുട്ടികളെ പഠിപ്പിക്കാനും പൗരത്വമെടുക്കാനും ആഗ്രഹിക്കുന്നവരാണ്. അവരുടെ വരുമാനം അവിടെത്തന്നെ ചെലവഴിക്കേണ്ടിവരുന്നു. അവരുടേത് സ്ഥിരം കുടിയേറ്റമാണ്. എന്നാൽ ഗൾഫ് രാജ്യങ്ങളിലേക്ക് പോകുന്നവർ അവിടെ സ്ഥിരതാമസക്കാരാകുന്നില്ല. അവരുടെ വരുമാനം കൂടുതലായും നാട്ടിലേക്കെത്തിക്കാനാണ് അവർ ശ്രമിക്കുന്നത്.[62]

### 1.7.2.1 ഗൾഫ് പ്രവാസം

അറബ് നാടുകളിലേക്കുള്ള പ്രവാസമാണ് ഗൾഫ് പ്രവാസം. ആധുനികതയുടെ അടയാളമായി പ്രവാസം കടന്നുവരുന്നതിന് ഇരുപതാംനൂറ്റാണ്ടിലെ സാമൂഹികപശ്ചാത്തലം കാരണമായിട്ടുണ്ട്. 1929-ൽ സംജാതമായ ആഗോളസാമ്പത്തിക മാന്ദ്യം കേരളത്തിലും അലയടിച്ചു. ജനസംഖ്യാനിരക്കും സാക്ഷരതയും ഉയർന്നതും മരണനിരക്ക് കുറഞ്ഞതും സൃഷ്ടിച്ച ജനസംഖ്യാവിടവ് ഇതിന്റെ കാരണങ്ങളിലൊന്നാണ്. ജനസംഖ്യ ഉയർന്നതോടെ ഭൂമിയുടെ പ്രശ്നങ്ങളും മലയാളി നേരിടാൻ തുടങ്ങി. കൃഷിയല്ലാതെ മറ്റ് തൊഴിലവസരങ്ങൾ കേരളത്തിൽ കുറവായിരുന്നു. കാർഷികോൽപന്നങ്ങളുടെ വിലയിടിവ് കൃഷിയെ ആശ്രയിച്ച് കഴിഞ്ഞിരുന്ന ഭൂരിപക്ഷം കർഷകകുടുംബങ്ങളെയും കടുത്ത സാമ്പത്തികഞെരുക്കത്തിലേക്ക് തള്ളിവിട്ടു.

ദാരിദ്ര്യവും പട്ടിണിയും നിറഞ്ഞ 1960-കളിലെ കേരളീയസമൂഹത്തിൽ ഒരു രക്ഷാമാർഗമായാണ് ഗൾഫ് രാജ്യങ്ങളിലേക്കുള്ള പ്രവാസം ആരംഭിക്കുന്നത്. കൃഷിയും വ്യവസായവും ആശ്വാസകരമല്ലാതിരുന്ന സാഹചര്യത്തിൽ കേരള

ത്തിലെ ജനങ്ങൾക്ക് തൊഴിലും സമ്പത്തും കൈവരിക്കുന്നതിന് ഗൾഫിലേക്കുള്ള യാത്ര കാരണമായി. ആദ്യം പുറപ്പെട്ടവരിൽ ചിലരൊക്കെ ദുർഘടയാത്രക്കിടയിൽ ജീവൻ വെടിഞ്ഞിട്ടുണ്ടാവാം. എങ്കിലും ഗൾഫ് നാടുകളിൽ ചെന്നുപെട്ടവർക്ക് കേരളത്തിലെ ഉൾനാടുകളിലുണ്ടായിരുന്ന അന്നത്തെ അവസ്ഥയെ അപേക്ഷിച്ച് അവിടം സ്വർഗമായിരുന്നു. സൗദി അറേബ്യ, കുവൈത്ത്, യു.എ.ഇ, ഒമാൻ എന്നി വിടങ്ങളിലെ എണ്ണപ്പട്ടണങ്ങളെല്ലാം മലയാളിപ്രവാസികളുടെ തൊഴിലിടമായിരു ന്നു. അവർ കഠിനാധ്വാനം ചെയ്തുണ്ടാക്കിയ പണത്തിന്റെ ഒരു ഭാഗം കേരളത്തി ലെത്തിത്തുടങ്ങിയത് ഉൾനാടുകളിലെ വറുതിക്ക് അറുതി വരുത്തി. പിന്നീട് നല്ല വരുമാനമുണ്ടാക്കാവുന്ന തൊഴിലിനുള്ള ഈ അത്ഭുതസാധ്യതയെക്കുറിച്ചറിഞ്ഞ വർ കൂട്ടത്തോടെ പടിഞ്ഞാറോട്ട് ഒഴുകുകയായിരുന്നു.[63]

ആദ്യകാല ഗൾഫ് പ്രവാസികളെ പേർഷ്യക്കാർ എന്നാണ് വിളിച്ചിരുന്നത്.[64] പ്രവാസികൾ കേരളത്തിന്റെ സമ്പദ്വ്യവസ്ഥയെ മാറ്റിയെടുത്തു. ഒരു കാർഷി കസംസ്ഥാനമായിരുന്നു കേരളത്തിന്റെ പല ഭാഗങ്ങളും ഗൾഫ്പണം കൊണ്ട് നഗ രപ്രദേശമായി മാറി. 1970-കളിൽ തുടങ്ങുന്ന പ്രവാസത്തെയാണ് ഇന്ന് നമ്മൾ 'ഗൾഫ് പ്രവാസ'മെന്ന അർത്ഥത്തിൽ പറയുന്നത്. അത് പ്രധാനമായും എണ്ണപ്പാട ങ്ങളുടെ വ്യാപനത്തോടെ ഉണ്ടായതാണ്. സഹസ്രാബ്ദങ്ങൾക്ക് മുൻപ് ഇന്ത്യയായിരുന്നു അറബികൾ പ്രിയപ്പെട്ട പ്രവാസഭൂമിയായി കണ്ടിരുന്നത്. തൊഴിൽ തേടിയും ചെറുകിടകച്ചവടത്തിനുമൊക്കെയായി മരുപാതകളും കടൽത്തിരകളും സാഹസികമായി പിന്നിട്ടാണ് അവർ ഇന്ത്യയിലെത്തിയത്. എന്നാൽ ഇരുപതാംനൂറ്റാണ്ടിലേക്കെത്തുമ്പോൾ പ്രവാസത്തിന്റെ ഗതി മാറുകയും മലയാളികൾ ഗൾഫ്നാടുകളിലേക്ക് സഞ്ചരിക്കാൻ പ്രേരിതരാവുകയും ചെയ്യുന്നു. ആധുനികകാലത്ത് മൂലധനത്തിന്റെ സഞ്ചാരത്തിനനുസൃതമായി തൊഴിൽ തേടി ലോകത്തെല്ലായിടത്തുമുള്ള ജനത വിവിധ പ്രദേശങ്ങളിലേക്ക് നീങ്ങിയതിന്റെ തുടർച്ചയായിട്ടാണ് മലയാളിയും ഗൾഫിലേക്ക് യാത്രയായത്. ഇതിന് മുൻപ്

കുവൈത്ത്, ബഹ്റൈൻ എന്നീ ഗൾഫ് നാടുകളിലേക്ക് അറബ് ഇറാനിയൻ പത്തേമാരികളിൽ മലയാളികൾ ചെന്നുപറ്റിയിട്ടുണ്ടെങ്കിലും 1970-കളോടെയുണ്ടായ കൂട്ടമായ തൊഴിലന്വേഷണയാത്രയെയാണ് ഇവിടെ പ്രവാസമായി പരിഗണിക്കുന്നത്. 1958-ൽ കുവൈത്തിൽ എണ്ണ കണ്ടെത്തുകയും 1962-ൽ വിദേശങ്ങളിലേക്ക് കയറ്റിയയച്ചുതുടങ്ങുകയും ചെയ്തതോടെയാണ് ഗൾഫുനാടുകൾ സമ്പന്നതയിലേക്ക് നീങ്ങിയത്. ഇതോടെ മലയാളിയുടെ ഗൾഫ് പ്രവാഹത്തിന് വേഗമേറി.

ഇന്ന് ഗൾഫിലേക്ക് ജോലിക്ക് പോകുന്നവരെയാണ് 'പ്രവാസി' എന്ന പദം കൊണ്ട് സൂചിപ്പിക്കുന്നത്. അമേരിക്ക, ഇംഗ്ലണ്ട്, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിലേക്ക് പോകുന്നവരും പ്രവാസികൾ തന്നെയാണെന്നിരിക്കിലും പ്രവാസികൾ എന്ന് പറയുമ്പോൾ ഗൾഫ് രാജ്യങ്ങളിലേക്ക് പോകുന്നവർ മാത്രമായി ഈ പദം ചുരുങ്ങിയിരിക്കുന്നു. "1991-ലെ കുവൈത്ത് ഇറാക്ക് യുദ്ധത്തെത്തുടർന്ന് ആയിരക്കണക്കിന് മലയാളികൾ തൊഴിലുപേക്ഷിച്ച് കേരളത്തിലേക്ക് മടങ്ങിയെത്തിയ സന്ദർഭത്തിലാണ് ഗൾഫ് മലയാളികളെ പരാമർശിക്കുവാൻ 'പ്രവാസികൾ' എന്ന പദം മലയാളത്തിൽ ഗൗരവമായി ഉപയോഗിക്കപ്പെട്ടത്. അതുവരെയും 'ഗൾഫ് മലയാളി', 'അമേരിക്കൻ മലയാളി', 'യൂറോപ്യൻ മലയാളി', 'ബോംബെ മലയാളി', 'ദൽഹി മലയാളി' എന്നിങ്ങനെ കുടിയേറിയ ദേശങ്ങളുടെ നാമത്തിലാണ് അന്യദേശവാസം നടത്തിയ ഓരോ മലയാളിയും അറിയപ്പെട്ടത്. 'പ്രവാസിമലയാളി' എന്ന പ്രയോഗം ശ്രദ്ധ നേടുന്നതുവരെയും പ്രദേശങ്ങളുടെ വ്യത്യാസമില്ലാതെ കേരളത്തിന് പുറത്ത് വസിക്കുന്ന ഏതൊരു മലയാളിയേയും പരാമർശിക്കുവാൻ 'മറുനാടൻമലയാളി' എന്ന പ്രയോഗമായിരുന്നു വ്യാപകമായി ഉപയോഗിച്ചിരുന്നത്."[65]

തൊഴിലാളികളുടെ അഭാവവും കഠിനമേഖലകളിൽ തൊഴിൽ ചെയ്യാനുള്ള തദ്ദേശ്ശീയരുടെ താൽപര്യമില്ലായ്മയും ഈ മേഖലകളിലേക്ക് തൊഴിൽ തേടിയെത്തിയ അന്യദേശക്കാരെ സ്വാഗതം ചെയ്തു. താരതമ്യേന അനാഗരികവും ശാസ്ത്രീയബോധവും പുതിയ ജ്ഞാനമണ്ഡലങ്ങളും ഇല്ലാതിരുന്നവരുമായ ഗൾഫ്-തദ്ദേശീയർക്ക് തങ്ങളുടെ പുതിയ സമ്പത്തിന്റെ ഉപയോഗമോ പ്രയോഗമോ എളുപ്പമായിരുന്നില്ല. അവർ ഒരു തൊഴിലിലും വിദഗ്ധരായിരുന്നില്ല. തൽഫലമായി അവർക്ക് വിഭവസമ്പത്തിന്റെ ശാസ്ത്രീയമായ ഉൽപാദനത്തിന് വേണ്ട സാങ്കേതികജ്ഞാനത്തിന് സാമ്രാജ്യത്വത്തെയും ഉപയോഗത്തിന് മൂന്നാംലോകരാജ്യങ്ങളിലെ മനുഷ്യവിഭവശേഷിയേയും ആശ്രയിക്കേണ്ടി വന്നു. അങ്ങനെ ഏഷ്യൻരാജ്യങ്ങളിൽ നിന്ന് വലിയതോതിൽ മനുഷ്യരെ ഈ രാജ്യം റിക്രൂട്ട് ചെയ്തു.[66] കേരളം പോലൊരു സംസ്ഥാനം ഇന്ന് നേടിയെടുത്ത വികസനങ്ങൾക്ക് പിന്നിൽ ഗൾഫ് രാജ്യങ്ങൾ ഒരുക്കിയ തൊഴിലവസരങ്ങളുടെയും സമ്പത്തിന്റെയും സ്വാധീനം വിലപ്പെട്ടതാണ്. സമ്പദ്‌വ്യവസ്ഥയിലുണ്ടായ പരിണാമങ്ങൾ സാമൂഹികാധികാരബന്ധങ്ങളിലും പ്രതിഫലിക്കും. അങ്ങനെ നമ്മുടെ സാമൂഹികസാംസ്കാരികമണ്ഡലങ്ങളെ പൂർണമായും പരിവർത്തനവിധേയമാക്കുകയായിരുന്നു പ്രവാസം.

തൊഴിൽ തേടിയും മറ്റും വിദേശത്തേക്ക് പോകുന്ന കേരളീയരുടെ എണ്ണം വർഷംതോറും കൂടിക്കൊണ്ടിരിക്കുകയാണ്. 1998- 2014 കാലഘട്ടത്തിൽ കേരളത്തിലെ ഓരോ ജില്ലയിൽനിന്നുമുള്ള പ്രവാസികളുടെ കണക്കുകൾ താഴെക്കൊടുക്കുന്നു.[67]

| ജില്ല | വർഷം - എണ്ണം | | | | |
|---|---|---|---|---|---|
| | 2014 | 2011 | 2008 | 2003 | 1998 |
| തിരുവനന്തപുരം | 241727 | 229732 | 308481 | 168046 | 130705 |
| കൊല്ലം | 199933 | 167446 | 207516 | 148457 | 102977 |
| പത്തനംതിട്ട | 141343 | 91381 | 120990 | 133720 | 97505 |
| ആലപ്പുഴ | 93096 | 144386 | 131719 | 75036 | 62870 |

| ജില്ല | വർഷം – എണ്ണം | | | | |
|---|---|---|---|---|---|
| | 2014 | 2011 | 2008 | 2003 | 1998 |
| കോട്ടയം | 107931 | 117460 | 89351 | 106569 | 35494 |
| ഇടുക്കി | 23967 | 7690 | 5792 | 7880 | 7390 |
| എറണാകുളം | 191373 | 136113 | 120979 | 121237 | 103750 |
| തൃശൂർ | 230081 | 198368 | 284068 | 178867 | 161102 |
| പാലക്കാട് | 70506 | 142020 | 189815 | 177876 | 116026 |
| മലപ്പുറം | 455696 | 408883 | 334572 | 271787 | 296710 |
| കോഴിക്കോട് | 226499 | 206719 | 199163 | 167436 | 116026 |
| വയനാട് | 22568 | 26874 | 13996 | 7704 | 4552 |
| കണ്ണൂർ | 291321 | 283045 | 119119 | 202414 | 88065 |
| കാസർകോട് | 104334 | 120425 | 67851 | 71449 | 38747 |
| **കേരളം** | **2400375** | **2280543** | **2193412** | **1838478** | **1361919** |

പ്രവാസികളുടെ എണ്ണത്തിലുണ്ടാകുന്ന ക്രമാനുഗതമായ വളർച്ച മേലുദ്ധരിച്ച പട്ടികയിൽനിന്നും മനസ്സിലാക്കാവുന്നതാണ്. ഈ കണക്ക് പ്രകാരം ഏറ്റവും കൂടുതൽ ആളുകൾ പ്രവാസികളായ കേരളത്തിലെ ജില്ല മലപ്പുറമാണ്.

മലയാളികളുടെ ഗൾഫ് പ്രവാസം വഴി കേരളത്തിന് വലിയ സാമ്പത്തികപുരോഗതിയാണുണ്ടായത്. സാമ്പത്തികവികാസവും നിർമാണപ്രവർത്തനങ്ങളിലുണ്ടായ വർദ്ധനവും ഇവിടെയും തൊഴിൽസാഹചര്യങ്ങൾ ഉണ്ടാക്കി. പ്രസ്തുത സാഹചര്യത്തിൽ അന്യസംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് വൻതോതിൽത്തന്നെ തൊഴിലാളികൾ എത്തിച്ചേർന്നു.[68] ആദ്യകാലങ്ങളിൽ തമിഴ്നാട്ടിൽ നിന്നുള്ളവരായിരുന്നു ഇവിടെ സജീവമായുണ്ടായിരുന്നത്. എന്നാൽ ഇരുപതാം നൂറ്റാണ്ട് പിന്നിട്ടതോടെ തമിഴർ ക്രമേണ പിൻവാങ്ങുകയും ബംഗാൾ, അസം, ഒഡീഷ, ബിഹാർ, ഉത്തർപ്രദേശ്, ഝാർഖണ്ഡ് എന്നിവിടങ്ങളിൽ നിന്നുള്ളവർ ഒഴുകിയെത്തുകയും ചെയ്തു. ഇന്ന് മലയാളിപ്രവാസികൾ ഗൾഫ്നാടുകളിൽ നിതാഖത്ത് പോലുള്ള വലിയ തൊഴിൽപ്രശ്നങ്ങൾ നേരിടുകയാണ്. അന്യസംസ്ഥാനതൊഴിലാളികളുടെ ബാഹുല്യം നേരിടുന്ന കേരളത്തിലേക്ക് ഗൾഫ് മലയാ

ളികൾ തിരിച്ചെത്തുന്നതോടെ പ്രതിസന്ധികൾ പലതും രൂപപ്പെടുകതന്നെ ചെയ്തേക്കും.

### 1.8 പ്രവാസിയുടെ പ്രശ്നങ്ങൾ

സ്വദേശം വിട്ട് യാത്രയാകുന്ന ഏതൊരു വ്യക്തിയും വ്യത്യസ്തങ്ങളായ അനവധി പ്രശ്നങ്ങളെ നേരിടേണ്ടിവരാറുണ്ട്. സാമൂഹികമായും വ്യക്തിപരമായും പ്രവാസികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ താഴെച്ചേർക്കുന്നു.

#### 1.8.1 ഭാഷാപ്രശ്നങ്ങൾ

ഒരു ദേശത്തെ പെട്ടെന്ന് മനസ്സിലാക്കാൻ കഴിയുന്നത് അവിടുത്തെ ജനങ്ങളുടെ ഭാഷയിൽ നിന്നാണ്. പ്രവാസികളെ സംബന്ധിച്ചിടത്തോളം ആദ്യം തന്നെ പൊരുത്തപ്പെടേണ്ടത് എത്തുന്നിടത്തെ ഭാഷയോടാണ്. എത്തിപ്പെടുന്ന നാട്ടിലെ ഭാഷ അറിയാത്തതിനാൽ പ്രവാസികൾ നിരവധി പ്രശ്നങ്ങൾ അനുഭവിക്കുന്നുണ്ട്. ഭാഷ അറിയില്ല എന്നതിനാൽ പ്രവാസത്തിന്റെ ആദ്യനാളുകളിൽ തൊഴിലിടങ്ങളിലും പുറത്തും ഭൂരിപക്ഷം പേരും ഏറെ പ്രതിസന്ധികൾ നേരിടുന്നു.

#### 1.8.2 നിയമാവബോധമില്ലായ്മ

വിദേശത്തേക്ക് തൊഴിലിനായി പോകുന്നവർക്ക് കൃത്യമായ രേഖകൾ നിർബന്ധമാണ്. അതേക്കുറിച്ചുള്ള വ്യക്തമായ അറിവില്ലായ്മ പലരും വിദേശത്ത് പ്രശ്നങ്ങളിൽ കുടുങ്ങുന്നതിന് ഇടയാകുന്നുണ്ട്. ഉദാഹരണമായി ഗൾഫ് രാജ്യങ്ങളിലേക്ക് പോകുന്നവരുടെ കാര്യത്തിലാണെങ്കിൽ പാസ്പോർട്ട്, വിസ, സ്പോൺസർഷിപ്പ്, സ്പോൺസർഷിപ്പ് മാറ്റം, ഇക്കാമ എന്നിങ്ങനെ വിവിധ രേഖകളെക്കുറിച്ച് ഉത്തമ ബോധ്യം ആവശ്യമാണ്.

### 1.8.3 തൊഴിൽനിയമങ്ങൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ

സാമ്പത്തികമായി താഴേത്തട്ടിലുള്ള പ്രവാസികൾ തൊഴിൽപരമായി അനേകം പ്രശ്നങ്ങൾ അനുഭവിക്കുന്നവരാണ്. ആവശ്യമായ വിശ്രമമോ, അടി സ്ഥാനസൗകര്യങ്ങളോ ഇല്ലാതെ മണിക്കൂറുകളോളം ഇവർ തൊഴിൽ ചെയ്യേണ്ടി വരുന്നു. ലേബർക്യാംപുകളിലും മറ്റും ഇവർക്ക് താമസത്തിനും പ്രാഥമികകാര്യ ങ്ങൾക്കും മതിയായ സൗകര്യങ്ങളില്ല. മുൻകാലങ്ങളിൽ നിരവധിപേർക്ക് പറഞ്ഞു റപ്പിച്ചതിൽനിന്ന് വ്യത്യസ്തമായ ജോലികളാണ് ലഭിച്ചിരുന്നത്. അത്തരക്കാരിൽ പലർക്കും മരുഭൂമികളിൽ വർഷങ്ങളോളം ഇടയജീവിതം നയിക്കേണ്ടിവന്നിരുന്നു.

ഗൾഫ് മലയാളികൾ അനുഭവിക്കുന്ന വലിയൊരു പ്രശ്നമാണ് സ്പോൺസർഷിപ്പ് മാറ്റം. നിതാഖത്ത് നിയമം പാലിക്കാതെ ചുവപ്പ്, മഞ്ഞ പട്ടിക യിൽപ്പെട്ട കമ്പനികളിലെ ജീവനക്കാർക്ക് ഫ്രീവിസക്കാരായ ജീവനക്കാർക്ക് സ്പോൺസർഷിപ്പ് മാറാനുള്ള സൗകര്യം ഉണ്ടെങ്കിലും അതിന് ഉയർന്ന ഫീസ് ഈടാക്കുന്നു. ഇത് താരതമ്യേന താഴേക്കിടയിലുള്ള പ്രവാസിമലയാളികളെ ബുദ്ധിമുട്ടിലാക്കുന്നു. സ്വന്തം സ്പോൺസറുടെ കീഴിലല്ലാതെ ജോലി ചെയ്യുകയും പാസ്പോർട്ട് സ്വന്തം സ്പോൺസറെ ഏൽപ്പിക്കുകയും ചെയ്ത ആളെ 'ഹുറൂബ്' എന്നാണ് പറയുന്നത്. തന്റെ കീഴിൽ ജോലിയെടുക്കുന്ന ആളെ കാണാനില്ലെന്ന് പറഞ്ഞ് സ്പോൺസർ വിദേശിയുടെ പാസ്പോർട്ട് ജവാസ്സി (പാസ്പോർട്ട് ഡിപ്പാർട്മെന്റ്) ൽ കണ്ടുകെട്ടാൻ കൊടുക്കുന്നതിനെ 'ഹുറൂബാക്കൽ' എന്നും പറ യുന്നു. അനധികൃതമായി ജോലിചെയ്യുന്ന നിരവധിയാളുകൾ ഗൾഫ് രാജ്യങ്ങളിലു മുണ്ട്. ഇത്തരം രീതികൾ തടയുന്നതിനായി ജോലിക്കെത്തുന്നവരുടെ വിരലട യാളം എടുത്ത് സൂക്ഷിച്ച് വയ്ക്കാറുണ്ട്. അനധികൃതകുടിയേറ്റക്കാരെ കണ്ടെത്താ നുള്ള ഈ നിയമനടപടിയാണ് 'ബസ്മ'യെടുക്കൽ.

### 1.8.3.1 നിതാഖത്ത് (സ്വദേശിവൽക്കരണം)

സ്വന്തം പൗരന്മാർക്ക് തൊഴിൽസംരക്ഷണം ഉറപ്പുവരുത്താൻ സൗദിഭരണ കൂടം 2011 നവംബറിൽ നടപ്പാക്കിയ പദ്ധതിയാണ് നിതാഖത്ത്. പത്തിൽക്കൂടുതൽ ജോലിക്കാരുള്ള സ്ഥാപനങ്ങളിൽ നിശ്ചിത ശതമാനം സൗദി സ്വദേശികൾ നിർബ ന്ധിതമാണെന്നതായിരുന്നു വ്യവസ്ഥ. നാട്ടുകാരെ കൂടുതലായി ജോലിക്ക് നിയമി ക്കാനും അതിന് തടസ്സമാകുന്ന സാഹചര്യം ഒഴിവാക്കാനുമാണ് ഭരണകൂടം സ്വദേശിവൽക്കരണനടപടികൾ തുടങ്ങിയത്. ഈ നിയമം നടപ്പാക്കുന്നതിന് പിന്നിൽ ജനസംഖ്യാഘടകം കൂടിയുണ്ട്. ഓരോ വർഷവും ശരാശരി മൂന്ന് ലക്ഷം സൗദി യുവജനങ്ങൾ പഠനം പൂർത്തിയായി പുറത്തിറങ്ങുന്നുണ്ട്. ഇവർക്കെല്ലാം തൊഴിലും വേതനവും നൽകുക എന്ന ഭരണകൂടത്തിന്റെ ഉത്തരവാദിത്തം നിർവ്വ ഹിക്കുന്നതിന്റെ ഭാഗമായാണ് തൊഴിൽമേഖലയിൽ സ്വദേശിവൽക്കരണം നടപ്പി ലാക്കിയത്. ഒപ്പം രാജ്യസുരക്ഷ എന്ന ഘടകവുമുണ്ട്. ഇതിന്റെ ഭാഗമായി അനധി കൃത തൊഴിലാളികളെയും താമസക്കാരെയും കണ്ടെത്തി ഒഴിവാക്കിക്കൊണ്ടിരിക്കു ന്നു.

നിതാഖത്ത് നിയമം അനുസരിച്ച് തൊഴിലിടങ്ങളെ ചുവപ്പ്, മഞ്ഞ, പച്ച എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്നു. സ്വദേശികളെ ഒട്ടും നിയമി ക്കാത്ത സ്ഥാപനങ്ങൾ ചുവപ്പുപട്ടികയിലും; പൂർണമായും നിയമങ്ങൾ പാലി ച്ചവ(പത്ത് ശതമാനം സ്വദേശികളെ നിയമിക്കുക) പച്ച പട്ടികയിലും; ഭാഗികമായി നിയമിച്ചവ മഞ്ഞ പട്ടികയിലും പെടുന്നു. എക്സലന്റ് (പച്ച) വിഭാഗങ്ങളിലെ സ്ഥാപനങ്ങൾക്ക് മാത്രമേ തൊഴിൽ മന്ത്രാലയത്തിന്റെ ആനുകൂല്യങ്ങൾ ലഭിക്കൂ. ചുവപ്പ് വിഭാഗത്തിലെ സ്ഥാപനങ്ങൾക്ക് കീഴിൽ ജോലി ചെയ്യുന്നവരുടെ വർക്ക് പെർമിറ്റ് പുതുക്കില്ല. കാലാവധി തീരുന്ന മുറയ്ക്ക് അവർ മടങ്ങേണ്ടിവരും. മഞ്ഞ വിഭാഗങ്ങളിലുള്ളവർക്ക് ആറ് വർഷം വരെ ആ സ്ഥാപനത്തിൽ തുടരാം. എന്നിട്ടും സ്ഥാപനം പച്ചയിലേക്കു മാറിയില്ലെങ്കിൽ അവരുടെ വർക്ക് പെർമിറ്റ്

പുതുക്കില്ല. പെർമിറ്റ് പുതുക്കാൻ കഴിയില്ലെങ്കിൽ സ്വാഭാവികമായും റസിഡന്റ് പെർമിറ്റും പുതുക്കാനാവില്ല. അങ്ങനെയുള്ളവർ മടങ്ങേണ്ടി വരും. മലയാളികളുടേ തടക്കം അനേകം സ്ഥാപനങ്ങൾ ചുവപ്പുപട്ടികയിലാണ്. സൗദിയിലെ ഏഴ് ലക്ഷ ത്തോളം ചെറുകിടസ്ഥാപനങ്ങളിൽ എൺപത് ശതമാനവും വ്യവസ്ഥകൾ പാലിച്ചി ട്ടില്ലെന്നതാണ് കണക്ക്.

### 1.8.4 വൈകാരികസംഘർഷങ്ങൾ

അടുത്തബന്ധുക്കളെയെല്ലാം പിരിഞ്ഞ് അന്യദേശത്ത് വാസമുറപ്പിക്കേണ്ടി വരുന്നതോടെ വ്യക്തി നേരിടുന്ന വൈകാരികപ്രശ്നങ്ങൾ നിരവധിയാണ്. മാതാ പിതാക്കൾ, ഭാര്യ, മക്കൾ എന്നിവരെയെല്ലാം പിരിയേണ്ടിവരുന്നതിന്റെ ദുഃഖം പലർക്കും താങ്ങാനാവാറില്ല.

ഭാര്യാഭർതൃബന്ധങ്ങൾക്കിടയിലാണ് പ്രവാസികളെസംബന്ധിച്ച് വലിയ പ്രശ്നങ്ങളുണ്ടാവുന്നത്. വിവാഹം കഴിഞ്ഞ് അൽപനാളുകൾക്കകം ഭർത്താവ് വിദേശത്തേക്ക് പോകേണ്ടിവരുന്ന സന്ദർഭത്തിലാണ് ഇത്തരം പ്രശ്നങ്ങൾ ഏറെയും കടന്നുവരുന്നത്. മാനസികമായി വലിയ അടുപ്പം കൈവരിക്കുന്നതിനിട യിൽത്തന്നെ നീണ്ട കാലത്തേക്ക് പിരിഞ്ഞിരിക്കേണ്ടിവരുന്നതിനാൽ പലപ്പോഴും പങ്കാളികൾ ഗൂഢമായെങ്കിലും പുതിയ ബന്ധങ്ങൾ സൃഷ്ടിച്ചെടുക്കുന്ന സംഭവ ങ്ങളുമുണ്ട്. ഗൾഫുകാരുടെ ഭാര്യമാർ സാമൂഹ്യമായും കുടുംബപരമായും അനുഭ വിക്കുന്ന പ്രശ്നങ്ങളും നിരവധിയാണ്.

### 1.9 പ്രവാസിപുനരധിവാസം

പ്രവാസികാര്യമന്ത്രായലയത്തിന് കീഴിലാണ് പ്രവാസികളുടെ പുനരധിവാ സവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടക്കുന്നത്. നാട്ടിലേക്ക് തിരിച്ചെത്തുന്ന പ്രവാസികൾക്ക് വേണ്ടി കേരളസർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് പ്രവാസികേരളീയക്ഷേമനിധി (Non Resident Keralites Welfare Act, 2008)

എൺപത്തയ്യായിരത്തോളം പ്രവാസികൾ ഇതിൽ അംഗങ്ങളാണ്. വിദേശത്ത് രണ്ട് വർഷം ജോലിയെടുത്ത് തിരിച്ചുവരുന്നവർക്ക് ഇതിൽ അംഗമാകാൻ കഴിയും. പ്രവാസികൾക്ക് പെൻഷൻ, വൈദ്യസഹായം, പെൺകുട്ടികളുടെ വിവാഹത്തിന് ആവശ്യമുള്ള ധനസഹായം, മറ്റ് ക്ഷേമപ്രവർത്തികൾ നടപ്പിലാക്കുക എന്നിവയാണ് പ്രവാസി ക്ഷേമനിധിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. സംസ്ഥാനത്ത് നോർക്ക (NORKA) യുടെ മേൽനോട്ടത്തിലാണ് ഇത്തരം പ്രവർത്തനങ്ങൾ നടക്കുന്നത്.

ഗൾഫിൽനിന്ന് തിരിച്ചുവരുന്നവരെ പുനരധിവസിരപ്പിക്കാനും അവർക്ക് പെൻഷൻ നടപ്പാക്കാനും പദ്ധതികൾ പലതും കൊണ്ടുവന്നെങ്കിലും കാര്യമായ നേട്ടം ലഭിച്ചിട്ടില്ല. ഗൾഫിൽ നിന്ന് കോടിക്കണക്കിന് രൂപയാണ് കേരളത്തിലേക്ക് വരുന്നത്. ഗൾഫ് മേഖലയിലുണ്ടാവുന്ന ഏത് മാറ്റവും ക്ഷണത്തിൽ കേരളത്തെ ബാധിക്കുന്നു. ഗൾഫിലുണ്ടായ ലേബർ നിയമങ്ങൾ, പരിഷ്കാരങ്ങൾ എന്നിവയുടെ പരിണിതഫലങ്ങൾ പലപ്പോഴായി കേരളത്തെ ബാധിച്ചു. ഗൾഫ്‌യുദ്ധം, യു. എ.ഇ തൊഴിൽനിയമം, നിതാഖത്ത്, സാമ്പത്തികമാന്ദ്യം എന്നിവ കേരളത്തിന്റെ സുഖജീവിതത്തിന് ആഴമേറിയ വിള്ളലുകൾ സൃഷ്ടിച്ചിട്ടുണ്ട്. ഗൾഫിലെ മൂലധന സംഭരണം, മുതലാളിത്തവൽക്കരണം, സ്വദേശിവൽക്കരണം, വൻകിടരാജ്യങ്ങളുടെ കടന്നുകയറ്റം എന്നിവ സാധാരണഗൾഫുകാരുടെ ജീവിതത്തകർച്ചക്ക് കാരണമായിട്ടുണ്ട്. ഏറ്റവും കൂടുതൽ ഗൾഫുകാരുള്ള മലപ്പുറം ജില്ലയാണ് ഗൾഫ് കുടിയേറ്റത്തിന്റെ ഗുണവും ദോഷവും കൂടുതലായി അനുഭവിക്കുന്നത്.

പ്രവാസികളുടെ തിരിച്ചുവരവ് ഇന്ന് സംസ്ഥാനം നേരിടുന്ന വലിയ പ്രതിസന്ധിയാണ്. വിദേശത്ത് നിന്ന് മടങ്ങിവരുന്നവരുടെ എണ്ണം പത്ത് ലക്ഷം കവിയുന്നതായാണ് സൂചന. 2004-ൽ മടങ്ങി വന്നവർ 8.9 ലക്ഷമായിരുന്നു.[69] ഇത്തരത്തിൽ തിരിച്ചെത്തുന്നവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഇന്ന് നിരവധി പ്രവാസി സംഘടനകൾ കേരളത്തിലുണ്ട്. 1996 ഡിസംബറിൽ സംസ്ഥാനസർക്കാരിന്റെ നിയന്ത്രണത്തിൽ നോർക്ക രൂപീകരിച്ചു. അതോടൊപ്പം തന്നെ 1997-ൽ

കേരള ഓവർസീസ് ഡവലപ്പ്മെന്റ് ആൻഡ് എംപ്ലോയീസ് കൺസൽറ്റന്റ്സ് (ODEPC) സ്ഥാപിച്ചു. തുടർന്ന് 2001-ൽ റൂട്ട്സ് (N.R.D Development Initiative) എന്ന പേരിൽ മറ്റൊരു കമ്പനിക്കും സർക്കാർ രൂപം നൽകി. പ്രവാസി ക്ഷേമത്തിനായി നിരവധി പദ്ധതികൾ അതിൽ വിഭാവനം ചെയ്തിരിക്കുന്നു. പ്രവാസിമലയാളികൾക്ക് ധനസഹായമെത്തിക്കുന്നതിനും ദരിദ്രരായ പ്രവാസികളെ മൈക്രോ പ്രോജക്ടുകളിലേക്ക് കൊണ്ടുവരുന്നതിനും റൂട്സും നോർക്കയും ശ്രമിക്കുന്നുണ്ട്.

### 1.10 നോർക്ക (NORKA)

നോൺ റെസിഡന്റ് കേരളൈറ്റ്സ് അഫയേഴ്സ് ഡിപ്പാർട്മെന്റ് എന്നതിന്റെ ചുരുക്കമാണ് നോർക്ക. പ്രവാസികൾക്ക് വേണ്ടി ഇ. കെ നായനാർ മുഖ്യമന്ത്രിയായ കാലത്താണ് നോർക്ക രൂപീകരിച്ചത്. പ്രധാനമായും ഗൾഫ് മലയാളികൾ നേരിടുന്ന പ്രശ്നങ്ങളെ അടുത്തറിയാനും ഔദ്യോഗികതലത്തിൽ അതിന് പരിഹാരം കാണുന്നതിനുമാണ് 1996-ൽ ഡോ. വി. വേണു (ഐ. എ. എസ്) വിനെ മേധാവിയാക്കി നോർക്കക്ക് രൂപം നൽകിയത്. പ്രവാസികൾക്കുള്ള ഇൻഷുറൻസ്, പെൻഷൻ, വോട്ടവകാശം തുടങ്ങിയ ക്രിയാത്മകവും വിപ്ലവകരവുമായ പദ്ധതികളാണ് ഇതിലൂടെ ആവിഷ്കരിക്കപ്പെട്ടത്.

ആഭ്യന്തരകുടിയേറ്റക്കാരെയും പ്രവാസികളുടെ ലിസ്റ്റിൽപ്പെടുത്തുന്നുണ്ടെങ്കിലും നോർക്കയുടെ പദ്ധതികളിലേറെയും രാജ്യാന്തരമലയാളികളുടെ ഉന്നമനം കേന്ദ്രീകരിച്ചുള്ളതാണ്. കാരണം നോർക്ക നൽകുന്ന പ്രവാസി തിരിച്ചറിയൽ കാർഡിനും ഇൻഷുറൻസിനും ആഭ്യന്തരപ്രവാസികൾക്കും അർഹതയുണ്ടെങ്കിലും ഇത് നൽകുന്നതിനുള്ള നടപടികൾ എങ്ങും എത്തിയിട്ടില്ല. നോർക്കയുടെ പൊതു പരിപാടികളിലും ചർച്ചകളിലും മറുനാടൻമലയാളികളുടെ പ്രതിനിധികളെ പങ്കെടുപ്പിക്കാറില്ല. അതിനാൽ അവരുടെ പ്രശ്നങ്ങൾ ഉന്നയിക്കാനുള്ള വേദി ലഭ്യമാകുന്നില്ല.

### 1.11 പ്രവാസി ക്ഷേമനിധി-2009

പ്രവാസികളിൽ നിന്നും മാസന്തോറും നൂറ് രൂപവീതം ശേഖരിച്ചുകൊണ്ടുള്ള ക്ഷേമനിധിയാണിത്. അറുപത് വയസ്സ് പൂർത്തിയായതും കുറഞ്ഞത് അഞ്ച് വർഷമെങ്കിലും അംശാദായമടച്ചതുമായ പ്രവാസിമലയാളികൾക്കാണ് ഈ പദ്ധതി പ്രകാരം പെൻഷന് അർഹതയുള്ളത്. ഇപ്രകാരം വിദേശത്തുനിന്നും മടങ്ങിയവർക്ക് അഞ്ഞൂറ് രൂപ വീതം പെൻഷൻതുക ലഭിക്കുന്നു. ഈ പദ്ധതിപ്രകാരം അച്ഛൻ/അമ്മ/ ഭാര്യ/ ഭർത്താവ്/ അവിവാഹിതരായ മക്കൾ എന്നിവരാണ് ഒരു കുടുംബമായി കണക്കാക്കുന്നത്. ഒരപേക്ഷകന് പ്രതിമാസകുടുംബവരുമാനം മുപ്പത്തിയാറായിരം രൂപയിൽ കവിയുന്ന പക്ഷം കുടുംബപെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല.

### 1.12 പ്രവാസിഭാരതീയർ (N.R.I)

എൻ. ആർ. ഐ. എന്നതിന് പ്രവാസി ഭാരതീയർ എന്നാണ് അർത്ഥം വിവക്ഷിക്കുന്നത്. ഓവർസീസ് ഇന്ത്യൻസ് അല്ലെങ്കിൽ ഇന്ത്യൻ ഡയസ്പോറ എന്നും വിളിക്കപ്പെടുന്ന ഇവർ ഇന്ത്യയിൽ ജനിച്ചവരോ അവരുടെ വംശപരമ്പരയിൽപ്പെട്ടവരോ ആണ്. 3.2 മില്ല്യൻ ഇന്ത്യക്കാർ എൻ. ആർ. ഐ വിഭാഗത്തിൽപ്പെടുന്നവരായി ഉണ്ടെന്ന് വിദേശകാര്യമന്ത്രാലയത്തിന്റെ കണക്കുകൾ പറയുന്നു. [70] പ്രവാസം/കുടിയേറ്റം പരിഗണിച്ച് യു.എൻ പൊതുസഭ ഡിസംബർ 18 ലോകപ്രവാസിദിനമായും ഇന്ത്യാഗവൺമെന്റ് ജനുവരി 9 പ്രവാസിഭാരതീയദിനമായും പ്രഖ്യാപിച്ചിരിക്കുന്നു.

### 1.13 പ്രവാസവും വ്യക്തിസ്വത്വവും

പ്രവാസം ഏതൊരു വ്യക്തിയേയും സ്വത്വത്തെക്കുറിച്ച് ബോധവാനാക്കുന്നു. വ്യക്തിക്ക് അസ്തിത്വം നൽകുന്നതും അയാളെ സമൂഹത്തിന്റെ ചാലകശക്തികളിലൊന്നാക്കി മാറ്റുന്നതും ജീവിതത്തിന്റെയും സംസ്കാരത്തിന്റെയും സൃഷ്ടി

യിൽ അയാളെ പങ്കാളിയാക്കുന്നതും സ്വത്വത്തെക്കുറിച്ചുള്ള ബോധമാണ്.[71] വിട്ടു പോന്ന ദേശത്തെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചുമുള്ള ആഴത്തിലുള്ള ഓർമക ൾ വ്യക്തിയെ സംഘർഷത്തിലാക്കുക സ്വാഭാവികമാണ്. ഇത് വ്യക്തിയുടെ സ്വത്വ ത്തിലും പ്രശ്നങ്ങളുണ്ടാക്കുന്നു. പലപ്പോഴും വ്യക്തിയുടെ സ്വത്വപരിണാമത്തിന് ഇത് കാരണമാകാറുണ്ട്. എന്നാൽ സ്വന്തം സ്വത്വത്തോടൊപ്പം മറ്റൊരു ദേശ ത്തിന്റെ സ്വത്വവുമായി ലയിച്ചുചേരാൻ കഴിയാത്തവരും പ്രവാസികൾക്കിടയിലു ണ്ട്. ഗൃഹാതുരമായ ഓർമകളിലൂടെ ഇവർ നാടിനെ വീണ്ടെടുക്കാനുള്ള ശ്രമങ്ങ ളിൽ ഏർപ്പെടുന്നു.

### 1.14 ഗൃഹാതുരത്വം

ഏതൊരു കാലത്തും ദേശത്തും ജീവിക്കുന്ന ഓരോ വ്യക്തിയിലും അന്തർലീനമായിരിക്കുന്ന ഏറ്റവും ശക്തവും എന്നാൽ ആർദ്രവുമായൊരു ഭാവവി ശേഷമാണ് ഗൃഹാതുരത്വം അഥവാ നൊസ്റ്റാൾജിയ (Nostalgia). ഗൃഹാതുരത ഒരു മാനസികഭാവമാണ്. ഇത് കാലദേശമില്ലാതെ സാഹിത്യസൃഷ്ടികളുടെ ആന്തരപ്ര ചോദനമായി പ്രത്യക്ഷപ്പെടുന്നു. 'Nostos' (Home coming) 'Algos' (Pain ache) എന്നീ രണ്ട് പദങ്ങളിൽ നിന്നാണ് നൊസ്റ്റാൾജിയ അഥവാ ഗൃഹാതുരത എന്ന പദം ഉണ്ടായത്.[72] വീടിനെക്കുറിച്ചും ജീവിതപരിസരങ്ങളെക്കുറിച്ചുമുള്ള മധുര മായ വേദനകൾ കലർന്ന അനുഭൂതിയാണത്. വികാരങ്ങളിലേക്കുള്ള തിരിച്ചുപോ ക്ക്. വ്യക്തിയെ അവനാക്കിയ കാലം, ബന്ധങ്ങളെക്കുറിച്ചുള്ള ഓർമ എന്നിവയും ഇതിലുൾപ്പെടും. 'നൊസ്റ്റാൾജിയ' എന്ന പാശ്ചാത്യപദത്തിലടങ്ങിയ പൂർണമായ അർത്ഥങ്ങൾ 'ഗൃഹാതുരത്വം' അഥവാ 'ഗൃഹവിയോഗം' എന്ന മലയാളപദത്തിൽ നിന്ന് ലഭിക്കുന്നില്ല എന്നതാണ് വാസ്തവം. എങ്കിലും വിട്ടുപോന്ന ഗൃഹത്തെക്കു റിച്ചോ ദേശത്തെക്കുറിച്ചോ തനിക്കെന്നെന്നേക്കുമായി നഷ്ടപ്പെട്ട ഗതകാലത്തെപ്പ റ്റിയോ ഹൃദയത്തിൽ നീറിപ്പിടിച്ചു നിൽക്കുന്ന വേദനയാണ് ഇത്.

പ്രവാസിയുടെ അനുഭവതലമാണ് പ്രവാസമെന്ന് ഈ അധ്യായത്തിന്റെ ആരംഭത്തിൽത്തന്നെ വ്യക്തമാക്കിയിട്ടുണ്ട്. അതിൽ ഏറ്റവും പ്രാധാന്യമുള്ള മനോതലമാണ് അവൻ/ അവൾ അനുഭവിക്കുന്ന ഗൃഹാതുരത്വം. ആദ്യകാലങ്ങളിൽ സ്വദേശം വിട്ട് അന്യദേശത്തേക്ക് പോകുന്നവരുടെ ആന്തരികസംഘർഷം വളരെ വലുതായിരുന്നു. വീടിനെക്കുറിച്ചും നാടിനെക്കുറിച്ചുമുള്ള ഓർമകളുടെ വേദന അവരിൽ നിറഞ്ഞുനിന്നിരുന്നു. ആദ്യകാല പ്രവാസി മലയാളികളുടെ ഗൃഹാതുരത്വത്തെക്കുറിച്ച് എൻ.പി. ഹാഫിസ് മുഹമ്മദ് രേഖപ്പെടുത്തുന്നുണ്ട്. "എത്തിച്ചേർന്ന സ്ഥലത്തെ ഭൗതികസൗകര്യങ്ങൾ പരിമിതവും സാഹചര്യങ്ങൾ വൈഷമ്യങ്ങളുടേതുമായിരുന്നു. അത്രയൊന്നും അനുകൂലമല്ലാത്ത ആ സാഹചര്യത്തിൽ പ്രതിരോധത്തിന്റെ മാനസികമാർഗമായിരുന്നിരിക്കണം അവരുടെ ഗൃഹാതുരത. അവരറിഞ്ഞ ആന്തരികസംഘർഷത്തെ അഭിമുഖീകരിക്കാൻ കണ്ടെത്തിയ ഒരു തന്ത്രം. അതവർക്ക് ഗൾഫ് നാടുകളിൽ നിന്ന് മടങ്ങിപ്പോരാനല്ല. അവിടെത്തന്നെ അതിജീവിക്കാൻ സഹായിക്കുന്ന പ്രതിരോധതന്ത്രമായി മാറുകയാണ് ചെയ്തത്. അക്കാലത്തെ സാഹിത്യരചനകളിലും കത്തുകളിലും എഴുതാനാവുന്നവർ ആ ഗൃഹാതുരതയെയാണ് ആവിഷ്കരിച്ചത്."[73] ഇത്തരത്തിൽ ഒരു തലമുറ അനുഭവിച്ച ആത്മസംഘർഷങ്ങളുടെ ചിത്രം വ്യത്യസ്തമായ ആഖ്യാനരൂപങ്ങളിൽ നിന്നും വായിച്ചെടുക്കാവുന്നതാണ്. പ്രവാസജീവിതവുമായി ബന്ധപ്പെട്ട് നിരവധി ആഖ്യാനങ്ങൾ മലയാളത്തിലുണ്ടായിട്ടുണ്ട്. അതേക്കുറിച്ചാണ് താഴെപരിശോധിക്കുന്നത്.

### 1.15 പ്രവാസവും ആഖ്യാനവും

കുടിയേറ്റവും അതുതീർക്കുന്ന അനുഭവതലമായ പ്രവാസവും പ്രാചീനകാലം മുതൽ അവിരാമമായി നിലകൊള്ളുന്ന ഒരു സാമൂഹ്യയാഥാർത്ഥ്യമാണ്. സാമൂഹ്യമായ ഒരു സ്ഥിതിവിശേഷം എന്നനിലയിൽ അത് സംസ്കാരത്തിന്റെ പ്രതിഫലനമായ ആഖ്യാനരൂപങ്ങളിലേക്കും കടന്നെത്തുന്നുണ്ട്. ഇതിഹാസങ്ങൾ,

പുരാണങ്ങൾ, മതഗ്രന്ഥങ്ങൾ എന്നിവയിൽ തുടങ്ങി ആധുനികമായ സാഹിത്യരൂപങ്ങളിൽവരെ വിവിധ തലത്തിൽ അത് ആവിഷ്കരിക്കപ്പെടുന്നു. പ്രവാസപഠനങ്ങൾ (ഡയസ്പോറ) ഇന്ന് സംസ്കാരപഠനത്തിന്റെ പ്രധാന മേഖലയാണ്. പ്രവാസികൾ നേരിടുന്ന സ്വത്വസംഘർഷങ്ങളും അവരുടെ ചരിത്രാനുഭവങ്ങളുമാണ് സംസ്കാരപഠനത്തിന് വിഷയമാകുന്നത്. ഗൃഹത്തെക്കുറിച്ചുള്ള അവരുടെ ആധികളും ഭൂരിപക്ഷന്യൂനപക്ഷസംഘർഷങ്ങളും അതിൽപ്പെടുന്നു. പോൾ ഗിൽറോയ്, റേയ്ചൗ തുടങ്ങിയവരാണ് ഈ മേഖലയിൽ പുതുസങ്കല്പങ്ങൾ അവതരിപ്പിച്ചത്.[74] പ്രാചീനകാലം മുതൽ സർഗ്ഗാത്മകതയുടെ ആവിഷ്കാരരൂപങ്ങളായ കഥ, കവിത, നാടകം എന്നിങ്ങനെ വിവിധ രൂപങ്ങളിൽ വ്യത്യസ്തതലത്തിൽ പ്രവാസാവിഷ്കാരങ്ങൾ കാണാവുന്നതാണ്.

*വാല്മീകിരാമായണ*ത്തിൽ രാമന് പതിനാല്വർഷം വനവാസം വിധിക്കപ്പെടുന്നുണ്ട്. രാമന്റെ വനയാത്രയെക്കുറിച്ച് കവി ഇത്തരത്തിൽ സൂചിപ്പിക്കുന്നു.

''രാമപ്രതിജ്ഞ കേട്ടോരു കൈകേയിയും
രാമനോടാശു ചൊല്ലീടിനാളാദരാൽ
................
നീ പതിന്നാലു സംവത്സരം കാനനേ
താപസ വേഷേണ വാഴുകയും വേണം
.................
എന്നതുകേട്ടു ശ്രീരാമനും ചൊല്ലിനാൾ
വൈകാതെ പോവേൻ വനത്തിനു മാതാവേ''[75]

ക്രിസ്ത്യാനികളുടെ വിശുദ്ധഗ്രന്ഥമായ *ബൈബിളിൽ* പ്രവാസാനുഭവത്തിന്റെ നീണ്ട ചിത്രീകരണങ്ങൾ കടന്നുവരുന്നുണ്ട്. ''ഇസ്രായേലുകാർ റമ്സേസിൽ നിന്ന് സുക്കോത്തിലേക്ക് കാൽനടയായി യാത്ര തിരിച്ചു. അവർ

സ്ത്രീകളും കുട്ടികളും കൂടാതെ ഏകദേശം ആറ് ലക്ഷം പുരുഷന്മാരുണ്ടായിരുന്നു. ഇസ്രായേൽകാരുടെ ഈജിപ്തിലെ വാസകാലം നൂറ്റിമുപ്പത് വർഷമായിരുന്നു. നാല്പത്തിമൂന്നാം വർഷം പൂർത്തിയായ അന്നുതന്നെ കർത്താവിന്റെ ജനസമൂഹം ഈജിപ്തിൽ നിന്ന് പുറപ്പെട്ടു''[76] എന്ന് ബൈബിളിൽ കാണുന്നു. പ്രവാചകൻ മുഹമ്മദ് നബിയുടെ ചരിത്രവുമായി ബന്ധപ്പെട്ട് പ്രവാസം കടന്നുവരുന്നുണ്ട്. ''എതിർപ്പ് രൂക്ഷമായപ്പോൾ നബി മക്കയിൽനിന്നും അൻപത് മൈൽ കിഴക്ക് സ്ഥിതിചെയ്യുന്ന ത്വ/ഇ/ഫിലേക്ക് പോയി. അവിടെ ഇസ്ലാം പ്രചരിപ്പിക്കാനും തന്റെ അമ്മാവനായ കീ/ഫ് ഗോത്രക്കാരിൽ നിന്നും സഹായം പ്രതീക്ഷിച്ചു.''[77] കൂടാതെ ''നീതിനിഷ്ഠനും മാന്യനും അന്യരെ അക്രമിക്കാത്തവനുമാണ് അബ്സീനിയ (എത്യോപ്യ) യിലെ രാജാവ് നേഗസ് (നജ്ജാശി) എന്ന് നബിതിരുമേനി പറഞ്ഞിരുന്നു. അതിനാൽ മതസംരക്ഷണാർത്ഥം അങ്ങോട്ട് പലായനം ചെയ്യാൻ നബി മുസ്ലിങ്ങളോട് കൽപിച്ചു.''[78] ഇങ്ങനെ പ്രവാസവുമായി ബന്ധപ്പെട്ട ചരിത്രസന്ദർഭങ്ങൾ പലതും കാണാവുന്നതാണ്.

എ. ഡി പത്താംനൂറ്റാണ്ടിൽ രചിക്കപ്പെട്ട ധനഞ്ജയന്റെ *ദശരൂപക*ത്തിൽ നീണ്ടകാലവിദേശവാസത്തിന് ശേഷം, മരുഭൂമി കടന്ന്, ഭർത്താവ് തിരിച്ചെത്തുന്നതിന്റെയും പ്രിയതമ അനുഭവിക്കുന്ന ആനന്ദാതിരേകത്തെയും കവി വർണ്ണിക്കുന്നുണ്ട്.

> ''ആയാതേ ദയിതേ മരുസ്ഥലഭൂവാമുത്പ്രേക്ഷ്യ ദുർലംഘ്യതാം
> ഗേഹിന്യാ പരിതോഷബാഷ്പകലിലാമാസജ്യ ദൃഷ്ടിം മുഖേ
> ദത്വാ പീലൂശമീകരീരകവളാൻ സ്വേനാഞ്ചലേനാദരാ-
> ദുന്മൃഷ്ടം കരഭസ്യ കേസരസടാഭാരാഗ്രലഗ്നം രജഃ''[79]

പ്രാചീനമധ്യകാലത്തെ ക്ലാസിക്കൽ ആഖ്യാനങ്ങളിൽ നിന്നും ആധുനികത യിലേക്കെത്തുമ്പോൾ നോവൽ, കഥ, കവിത, നാടകം, തിരക്കഥ എന്നിവയി ലെല്ലാം പ്രവാസത്തെക്കുറിച്ചുള്ള ആഖ്യാനങ്ങൾ കാണാം. പ്രവാസാനുഭവവുമായി ബന്ധപ്പെട്ട് ഏറെ രചനകൾ കാണാവുന്നത് നോവൽസാഹിത്യത്തിലാണ്. ആദ്യത്തെ ലക്ഷണമൊത്ത നോവലായി പരിഗണിക്കുന്ന ഇന്ദുലേഖ മുതൽ മലയാ ളത്തിൽ പ്രവാസാനുഭവങ്ങളുടെ ചിത്രീകരണം ഉണ്ട്. മലയാളനോവലിലെ പ്രവാ സാനുഭവങ്ങളുടെ ആഖ്യാനത്തെക്കുറിച്ച് രണ്ടാമധ്യായത്തിൽ വിശദീകരിക്കുന്നതി നാൽ മറ്റ് സാഹിത്യരൂപങ്ങളെക്കുറിച്ചുമാത്രമേ ഇവിടെ പ്രതിപാദിക്കുന്നുള്ളു.

തൊഴിൽസാഹചര്യത്താൽ കേരളത്തിന് പുറത്ത് താമസിക്കേണ്ടി വന്ന എഴുത്തുകാരാണ് കഥയിൽ പ്രവാസിമുദ്ര ആദ്യം പതിപ്പിച്ചത്. സി. വി ശ്രീരാമ നാണ് അതിൽ പ്രഥമഗണനീയൻ. *വാസ്തുഹാര, ഒട്ടുചെടി, വേരുകൾ വിൽപന യ്ക്ക്, ബേട്ടാപുരം ഗസ്റ്റ്ഹൗസ്, നിദ്രാടനം, അശാന്തി, മങ്ക്റ* എന്നിവയെല്ലാം അദ്ദേ ഹത്തിന്റെ പ്രവാസകഥകളിൽപ്പെടുന്നു. ബാരക്കിലെ പ്രവാസാനുഭവങ്ങളെ ഭാഷ യിൽ ആവിഷ്കരിച്ച കോവിലന്റെ *മരണമില്ലാത്ത മനുഷ്യൻ, അച്ഛന്റെ കുട്ടി* എന്നീ കഥകളിലും പ്രവാസം തീഷ്ണാനുഭവമായി ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു. *ഷെർലക്* (എം.ടി.), *സലാം അമേരിക്ക* (സക്കറിയ), *ദൽഹി-1981, ദൽഹീസ് ക്രിമി നൽസ് ടേൺ സാഡിസ്റ്റ്സ്, നാട്, മാധവന്റെ യാത്രകൾ* (എം. മുകുന്ദൻ), *യാ ഇലാഹി* (മാധവിക്കുട്ടി), *കേൾവി* (ആനന്ദ്), *ഉണ്ണിക്കൃഷ്ണനും അച്ഛനും* (മാന സി), *ഇറച്ചി* (ടി. വി. കൊച്ചുബാവ), *ബൊമ്മകൾ, രാഘവൻ കർത്താവിന്റെ ഒത്തു തീർപ്പുകൾ, ലൂസിഫർ* (ചന്ദ്രമതി), *ഒഴിവുകാലം, കുടിയേറ്റം, രാമായൺ* (സേതു), *ഉണ്ണികൃഷ്ണനും അച്ഛനും* (മാനസി) *കണ്ണീർച്ചാലുപോലെ പുഴ, നിശ്ചലം പുഴ* (എൻ. പി. ഹാഫിസ് മുഹമ്മദ്), *രണ്ട് എളേപ്പമാർ, മായാചരിത്രം* (ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്), *ഗൾഫ് മലയാളികഥകൾ* (എഡി: അശോകൻ ചരുവിൽ), *ഈയലുകൾ* (ശാഹുൽ വളപട്ടണം), *ഓരോരോ വഴികൾ* (സുറാബ്), *ഒരു പ്രവാ സിയുടെ അന്ത്യം* (ഹംസ ന്യൂമാഹി), *ജനാബ് പള്ളിക്കുഞ്ഞി ഒരു വിചാരണ, പുളി*

*മുറിച്ചവളപ്പിൽ സൂപ്പിഹാജിമകൻ പള്ളിക്കുഞ്ഞി എം. എ. ആന്ത്രപ്പോളജി* (എം. എ. റഹ്മാൻ), *ഉപനയനം* ( പി.എൻ. വിജയൻ), *സുഡാൻ ഗല്ലി* (കെ. എം അബ്ബാസ്) നീലക്കടലിനുമപ്പുറം (സോമൻ കരിവള്ളൂർ), പരോൾ (കെ.പി. മണികണ്ഠൻ) എന്നിവയെല്ലാം വൈവിധ്യം നിറഞ്ഞ പ്രവാസാനുഭവങ്ങളുടെ ആഖ്യാനം കടന്നു വരുന്ന കഥകളാണ്.

മലയാളകവിതയിലും പ്രവാസാനുഭവങ്ങൾ കാണാവുന്നതാണ്. വിദേശയാത്രാനുഭവങ്ങളെയോ, വിദേശവാസാനുഭവങ്ങളെയോ പശ്ചാത്തലമാക്കിയുള്ള ധാരാളം മികച്ച കവിതകൾ മലയാളത്തിലുണ്ടായിട്ടുണ്ട്. വൈലോപ്പിള്ളി ശ്രീധരമേനോന്റെ *ആസാംപണിക്കാർ* മലയാളകവിതയിലെ പ്രവാസചിത്രീകരണത്തിന്റെ പ്രധാന ഉദാഹരണമാണ്. നാടുവിട്ട് ജോലിതേടിപ്പോകുന്നവരെക്കുറിച്ചുള്ള മുഖ്യധാരാസാഹിത്യത്തിലെ ആദ്യസന്ദർഭമാണിത്. *കൊച്ചുതൊമ്മൻ* എന്ന കവിതയിലൂടെ എൻ. വി കൃഷ്ണവാര്യരും ആഭ്യന്തരപ്രവാസത്തിന്റെ അനുഭവങ്ങളാണ് പറയുന്നത്. ആധുനികമലയാളകവിതയുടെ ദിശാപരിണാമത്തിന് തുടക്കം കുറിച്ച അയ്യപ്പപ്പണിക്കരുടെ *പകലുകൾ രാത്രികൾ, പാസ്സേജ് ടു അമേരിക്ക, ഇവിടെ ജീവിതം* എന്നീ കവിതകളും പ്രവാസത്തെ വ്യത്യസ്തമായി ചിത്രീകരിക്കുന്നുണ്ട്. *പാണ്ടി* എന്ന കവിതയിലൂടെ ആറ്റൂർ രവിവർമ്മയും കുടിയേറ്റക്കാരുടെ മടക്കയാത്രയാണ് ചിത്രീകരിക്കുന്നത്. *വീടുമാറ്റം, യുഗോസ്ലാവ് യാത്രക്കുശേഷം, പശ്ചിമ കാണ്ഡം* (സച്ചിദാനന്ദൻ), *വീട്ടിലേക്കുള്ള വഴി* (ഡി. വിനയചന്ദ്രൻ), ഏദനിൽ നിന്ന് (സുഗതകുമാരി), *വർത്തമാനം, വയറ്റാട്ടി, നാൽക്കവലയിലൊരാൾ, സാക്ഷ്യം, ഉരുൾപൊട്ടൽ* (പോൾ കല്ലാനാട്), *നിഗൂഢതയിലെ മൃത്യു, നാൾവഴികളിൽ, പുഴ കുറുകെ നീന്തിക്കടന്നൊരാൾ* (വർഗീസ് തോട്ടക്കാട്), *പ്രവാസികളുടെ കാവ്യസമാഹാരം* (എഡി. ഉമർ തറമേൽ) എന്നീ കവിതകളും പ്രവാസാനുഭവങ്ങളുടെ ആഖ്യാനം കടന്നുവരുന്നവയാണ്.

പ്രവാസരചനകൾ സജീവമാകുന്നതിന് മുൻപുതന്നെ *കത്തുപാട്ടുകൾ* ഭാഷയിലെ സർഗ്ഗാത്മകാവിഷ്കാരമെന്നനിലയിൽ പ്രചാരം കൈവരിച്ചിരുന്നു.[80] ഗൾഫ് കുടിയേറ്റത്തിന്റെ ആദ്യകാലത്ത് കുടുംബങ്ങളെ കൂടെകൊണ്ടുപോകുന്ന പതിവുണ്ടായിരുന്നില്ല. അന്ന് പ്രണയവും വിരഹവും ഇന്നത്തേക്കാൾ പ്രവാസികളുടെ തീഷ്ണാനുഭവങ്ങളായിരുന്നു. അന്ന് ജോലിതേടിപ്പോകുന്ന പുരുഷന്മാർ അവരുടെ വികാരവിചാരങ്ങളെ താലോലിച്ചതും സ്മരിച്ചതും *കത്തുപാട്ടുകളി* (മാപ്പിളപ്പാട്ട്) ലൂടെയായിരുന്നു. കടലിനക്കരെയുമിക്കരെയും കഴിയുന്ന ദമ്പതിമാരുടെ സങ്കടങ്ങൾ, പിതാവിനെ കാത്തിരിക്കുന്ന മക്കളുടെ പരിവേദനം, മക്കളെ കാണാൻ കഴിയാതെ വിഷമിക്കുന്ന ബാപ്പമാരുടെ വേദന, ഉമ്മയെ കാണാനാവാതെ കഴിയുന്ന മക്കളുടെ സങ്കടം എല്ലാം ഈ പാട്ടുകളിൽ നിറഞ്ഞുനിൽക്കുന്നു. എസ്. എ. ജമീലിന്റെ *ദുബായ്ക്കത്തും മറുപടിയും* പുലിക്കോട്ടിൽ ഹൈദരിന്റെ *മറിയക്കുട്ടിയുടെ കത്ത്* (1920-കളിലെ മലബാർ കലാപത്തിൽ ആയിരക്കണക്കിന് മാപ്പിളമാരെ ബല്ലാരിയിലേക്ക് നാടുകടത്തിയ സന്ദർഭത്തെ പുരസ്കരിച്ച് എഴുതിയത്) എന്നിവ മികച്ച കത്തുപാട്ടുകളാണ്.

സിനിമയുടെ സാഹിത്യരൂപമായ തിരക്കഥകളും മലയാളിയുടെ പ്രവാസത്തിന്റെ തീഷ്ണാനുഭവങ്ങളാകുന്നുണ്ട്. *വിൽക്കാനുണ്ട് സ്വപ്നങ്ങൾ* (എം. ടി. വാസുദേവൻ നായർ -1980), *മരുപ്പച്ച* (എസ്. ബാബു - 1982), *ഈ നാട്* (ടി. ദാമോദരൻ - 1982), *വിസ* (എൻ. പി. അലി - 1983), *പാസ്പോർട്ട്* (കെ. പുഷ്പരാജൻ - 1983), *അക്കരെ* (1984), *അക്കരെ നിന്നൊരു മാരൻ* (ശ്രീനിവാസൻ, ജഗദീഷ് -1985), *നാടോടിക്കാറ്റ്* (ശ്രീനിവാസൻ-1987), *വരവേൽപ്* (ശ്രീനിവാസൻ -1989), *കല്ല് കൊണ്ടൊരു പെണ്ണ്* (ടി. എ. റസാഖ്, എസ്. എൽ. പുരം സദാനന്ദൻ -1998), *ഗർഷോം* (പി. ടി. കുഞ്ഞുമുഹമ്മദ് - 1999), *ദുബായ്* (രൺജി പണിക്കർ - 2001), *ഷാർജ ടു ഷാർജ* (എ. കെ. സാജൻ, എ. കെ. സന്തോഷ് - 2001), *പെരുമഴക്കാലം* (ടി. എ. റസാഖ് - 2004), *അറബിക്കഥ* (ഇഖ്ബാൽ കുറ്റിപ്പുറം- 2007), *കൽക്കത്ത ന്യൂസ്* (ബ്ലസ്സി - 2008), *ഗദ്ദാമ* (കെ. ഗിരീഷ്കുമാർ, കമൽ - 2011), *ഡയമണ്ട്*

*നെക്ലേസ്* (ഇഖ്ബാൽ കുറ്റിപ്പുറം-2012), *ഗോഡ്സ് ഓൺ കൺട്രി* (വി. പ്രവീൺകുമാർ, അനീഷ് ഫ്രാൻസിസ്, അരുൺ ഗോപിനാഥ് - 2014), *പത്തേമാരി* (സലീം അഹമ്മദ്-2015), *മോഹവലയം* (ടി. വി. ചന്ദ്രൻ-2016), *ജേക്കബിന്റെ സ്വർഗരാജ്യം* (2016), *ടേക്ക് ഓഫ്* (മഹേശ് നാരായണൻ, പി.വി ഷാജികുമാർ-2017) എന്നീ തിരക്കഥകളെല്ലാം തന്നെ മലയാളസിനിമയിലെ പ്രവാസാനുഭവത്തിന് ഉദാഹരണങ്ങളാകുന്നുണ്ട്. മലയാളനാടകസാഹിത്യരംഗത്തും പ്രവാസാനുഭവങ്ങൾ പ്രധാനവിഷയമായി കടന്നുവന്നിട്ടുണ്ട്. തിക്കോടിയന്റെ *കന്യാദാനം*, പൊൻകുന്നം വർക്കിയുടെ *അൾത്താര* എന്നീ നാടകങ്ങൾ കുടിയേറ്റപശ്ചാത്തലം കേന്ദ്രപ്രമേയമാക്കിക്കൊണ്ട് രചിക്കപ്പെട്ടവയാണ്.

നിശ്ചിതമായി ക്രമീകരിച്ച ഒരു ചട്ടക്കൂടിനകത്ത് പ്രവാസത്തെ നിർവചിക്കാൻ സാധ്യമല്ല. എങ്കിലും നാടുകടത്തൽ, കുടിയേറ്റം, പലായനം, എന്നിവയുടെയെല്ലാം ഫലത്തെ പ്രവാസം എന്നു പറയാം. ജൂതരുടെ പലായനവുമായി ബന്ധപ്പെട്ട് രൂപപ്പെട്ട ഡയസ്പോറ എന്ന പദം ഇന്ന് ഏതു തരത്തിലുള്ള വിദേശവാസത്തെയും സൂചിപ്പിക്കുന്നതിനായി പ്രയോഗിച്ചുപോരുന്നുണ്ട്. പ്രവാസാനുഭവത്തിന് കാരണമാകുന്ന മേൽപ്പറഞ്ഞ സാഹചര്യങ്ങളെ അർത്ഥതലത്തിലും പ്രയോഗതലത്തിലും പരിശോധിച്ചുകൊണ്ടാണ് അധ്യായം രൂപപ്പെടുത്തിയിരിക്കുന്നത്. പ്രവാസത്തിന് കാരണമാകുന്ന സാഹചര്യങ്ങളെ പരിശോധിക്കുന്നിടത്ത് ആർ. ജി. റവൻസ്റ്റീൻ, എസ്. ലീ എവററ്റ് എന്നിവരുടെ സിദ്ധാന്തങ്ങളെയും പരാമർശിക്കുന്നുണ്ട്.

മലയാളിയുടെ ആഭ്യന്തര-വിദേശപ്രവാസത്തെ വിശദമായിത്തന്നെ പരിശോധിക്കുന്നതിലൂടെ കേരളത്തിന്റെ സാമൂഹ്യസാംസ്കാരികസാമ്പത്തികപരിണാമത്തിൽ അത് എത്രമാത്രം നിർണായകമായെന്ന് തിരിച്ചറിയാൻ സാധിക്കുന്നു. കേവലമായ വ്യക്തിഗതാനുഭവം എന്നനിലയിൽ നിന്നും മാറി പ്രവാസമെന്നത് ഇന്ന് ആഖ്യാനങ്ങളിൽ വലിയതോതിൽതന്നെ പ്രതിനിധാനം ചെയ്യപ്പെടുന്നതായിക്കാ

ണ്ടാം. മലയാളചെറുകഥ, കവിത, തിരക്കഥ, നാടകം എന്നിങ്ങനെ വിവിധ മേഖല കളിൽ പ്രവാസാനുഭവങ്ങൾ ഗൗരവപൂർവ്വമായി ചിത്രീകരിക്കപ്പെടുന്നു എന്ന് ഇവിടെ മനസ്സിലാക്കാൻ സാധിക്കുന്നു. എന്നാൽ മലയാളിയുടെ പ്രവാസാനുഭവവു മായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ ആഖ്യാനങ്ങൾ വന്നിട്ടുള്ളത് നോവലിലാണ്. മലയാളനോവലുകളുടെ വിശകലനത്തിലൂടെ അതിന്റെ ആഴവും പരപ്പും തിരച്ചറി യാൻ സാധിക്കുന്നതാണ്. അതിനുള്ള ശ്രമമാണ് അടുത്ത അധ്യായത്തിലൂടെ സാധ്യമാക്കുന്നത്.

**കുറിപ്പുകൾ**

---

1 ജോസഫ് കോയിപ്പള്ളി, *മലയാളി പ്രവാസത്തിനൊരു കരടുരേഖ* (എഡി. ശോഭ വി. *വീടു മാറുന്നവർ- അറേബ്യൻ പ്രവാസസാഹിത്യം*), തൃശ്ശൂർ: ഗ്രീൻ ബുക്സ്, 2014, പു.35.

2 മാധവൻപിള്ള, സി. *ഇംഗ്ലീഷ് മലയാളം നിഘണ്ടു,* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണ സംഘം, 1971, പു. 581.

3 "Living away from home", ഹെർമൻ ഗുണ്ടർട്ട്, *ഗുണ്ടർട്ട് നിഘണ്ടു മലയാളം - ഇംഗ്ലീഷ് മലയാളം*, കോട്ടയം: വിദ്യാർത്ഥി മിത്രം പ്രസ്, 1972, പു. 734.

4 ശ്രീകണ്ഠേശ്വരം, ജി. പത്മനാഭപിള്ള, *ശബ്ദതാരാവലി,* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 2002, പു. 1299.

5 പ്രൊഫ. കെ.എസ്., നാരായണപ്പിള്ള, ബി.സി., ബാലകൃഷ്ണൻ, (എഡി.), *ശബ്ദസാഗരം,* (വാല്യം 3), കോട്ടയം: ഡി.സി ബുക്സ്, 1992, പു. 3060.

6 A temporary or foreign residence, a habitation away from home, ബെഞ്ചമിൻ ബെയ്‌ലി, *മലയാളം ഇംഗ്ലീഷ് നിഘണ്ടു*, കോട്ടയം: ഗുരുനന്ദൻപ്രസ്, 1846, P.567.

7 Ex- out of, patria- Fatherland, to banish, a person, from his native country, to withdraw as oneself, from residence in one's native country, to withdraw from citizenship in one country to become a citizen of another. Merio Pei, *New Websters Dictionary of the English Language*, Delair: publishing company INC, 1971, P. 345.

8 പ്രൊഫ. കെ.എസ്. നാരായണപ്പിള്ള, ബി. സി ബാലകൃഷ്ണൻ (എഡി.), *ശബ്ദസാഗരം*, (വാല്യം 3) കോട്ടയം: ഡി.സി ബുക്സ്, 1992, പു.2694.

9 ശ്രീകണ്ഠേശ്വരം, ജി. പത്മനാഭപിള്ള, *ശബ്ദതാരാവലി*, കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 2002, പു.1299.

10 ടി, പു. 1299.

11 കെ. കേണൽ, എൻ.ബി. നായർ, അയ്യപ്പപ്പണിക്കർ, (എഡി.), *മലയാളം തിസോറസ്*, കോട്ടയം: ഡി.സി ബുക്സ് 2003, പു.747.

12 - മാധവൻപിള്ള, സി. *ഇംഗ്ലീഷ് മലയാളം നിഘണ്ടു*, കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 1971, പു. 581.

13 An expatriate is a person temporarily or permanently residing in a country other than that of the person's upbringing, Merio Pei, *New websters dictionary of the English language*, Delair: Publishing Company INC, 1971, P:345.

14 A traveller, a sojourner, one living away from home, ബെഞ്ചമിൻ ബെയ്‌ലി, *മലയാളം ഇംഗ്ലീഷ് നിഘണ്ടു*, കോട്ടയം: ഗുരുനന്ദൻപ്രസ്, 1846, p. 567.

15 William Safran, *Diasporas in Modern Societies: Myths of Homeland and Return*, University of Colorado: 1991.

16 ഷിജോമോൻ കെ. വർഗീസ്, *ഏതാണ് പ്രവാസിമലയാളി*, *പച്ചക്കുതിര*, 12,11, ജൂൺ 2016, പു.53.

17 രാജാകൃഷ്ണൻ.വി. *അവസാനത്തെ ആകാശവും കടന്ന്* (എഡി. ശോഭ.വി. *വീടുമാറുന്നവർ-അറേബ്യൻ പ്രവാസ സാഹിത്യം)*, തൃശ്ശൂർ: ഗ്രീൻ ബുക്സ്, 2014, പു.15.

18 ജി. വൈദ്യനാഥയ്യർ M.A. (വിവ.), *പതിറ്റുപത്ത്*, (രണ്ടാം പത്ത്പാട്ട്- 1) കോട്ടയം: നാഷണൽ ബുക്സ്റ്റാൾ, 1961.

19 പി. വിശ്വനാഥൻനായർ (വിവ.), *അകനാനൂറ്*, (അകം 152) തൃശ്ശൂർ: കേരള സാഹിത്യഅക്കാദമി, 1981.

20 വേലായുധൻ, പണിക്കശ്ശേരി, *പ്രാചീനകേരളത്തിന്റെ വൈദേശികബന്ധ ങ്ങൾ (കേരളചരിത്രപഠനങ്ങൾ)*, കോട്ടയം: കറന്റ് ബുക്സ്, 1998, പു. 22.

21 കാളിദാസൻ, കെ., അയ്യപ്പപ്പണിക്കർ (എഡി), കെ. വസന്തൻ (പുന.), *രഘു വംശം* കോട്ടയം: ഡി.സി ബുക്സ്, 2008, പു:23.

22 കാളിദാസൻ, *അഭിജ്ഞാനശാകുന്തളം*, വള്ളത്തോൾ (വിവ.), കോട്ടയം: ഡി.സി ബുക്സ്, 2008, പു. 86.

23 കെ.പി ശശിധരൻ (വ്യാഖ്യാ.), *കൗടില്യന്റെ അർത്ഥശാസ്ത്രം*, കോഴി ക്കോട്: അർജ്ജുൻ ബുക്സ്, 1992, പു:87.

24 കുഞ്ഞൻപിള്ള, ഇളംകുളം, *പ്രാചീനഭാരതീയരുടെ സമുദ്രസഞ്ചാരം, (സാഹിത്യമാലിക), കോട്ടയം: എൻ.ബി.എസ്,* 1929.

25 വള്ളത്തോൾ, *വാത്മീകിരാമായണം,* വിവ., *കിഷ്ക്കിന്ധാകാണ്ഡം* (സർഗ്ഗം 42, ശ്ലോകം 10-12), ചെറുതുരുത്തി: വള്ളത്തോൾ ഗ്രന്ഥാലയം, 1197, പു.12.

26 തുഞ്ചത്തെഴുത്തച്ഛൻ, മഹാഭാരതം, (സഭാപ്രവേശം, ദിഗ്വിജയം), അധ്യായം 31, ശ്ലോകം 69-71, കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 1967.

27 തുഞ്ചത്തെഴുത്തച്ഛൻ, ശ്രീ മഹാഭാഗവതം, പ്രൊഫ. (എം.കെ സാനു, സംശോധനവും അർത്ഥവിവരണവും), തൃശ്ശൂർ: മംഗളോദയം, 2012.

28 വേലായുധൻ പണിക്കശ്ശേരി, *സംഘകാലകൃതികൾ നൽകുന്ന തെളിവ്, (കേരളചരിത്രപഠനങ്ങൾ),* കോട്ടയം: കറന്റ് ബുക്സ്, 1998, പു. 23.

29 ടി, പു.13.

30 Lee's laws devides factors causing migrations in to two groups of factors: Push and Pull factors. Push factors are things that are unfavourable about the area that one lives in and pull factors are things that attract one to another area, Everett. Lee, S. *A Theory of Migration,*

*Demography, Population Association of America*, Vol. 3, No. 1, 1966, P. 47-57.

31 *എൻ.വി കൃഷ്ണവാര്യർ, അഖിലവിജ്ഞാനകോശം,* (വാല്യം-2), കോട്ടയം: ഡി.സി ബുക്സ്, 1998, പു. 601.

32 Migrate- move from one place to another. Migration – removal from one country to another", Ramalingam Pillai. T , 1997, P.53.

33 Migration – The movement of large number of people, birds or animals from one place to another, www.oxford advanced learners dictionary.

34 Migration – Move from one place to another, especially to another country.

35 Migration – it is concerned with the movement of population from one place to another, *Sociology of population in India*, 2007, p. 157.

36 "International migrants, uprooted from family, friends and nation-state, dispersed from their home lands and scattered across the globe in one or more countries of adoption, from vibrant diasporic communities", Jana Evans Braziel, Diaspora - An Introduction, 2008, p.1.

37 "The role of internal migration defined in terms of movement of people across the smaller units with in a country in the process of economic development is widely recognized", Koteswara Rao, M., Rural *Urban Migration*, 1996, p.1.

38 Dinesh Bhugra and Mathew A. Backer, *Migration, Cultural Bereavement and Cultural Identity*, 2005, 18-24.

39 Having thus shown that the bulk of our migrants only move a comparatively short distance from the place which gave them birth and having suggested a law in accordance with which the displacement of

our population resulting from migration is going on through out the country. We proceed to test the correctness of our conclusions with special reference to the towns. That our great towns and centres of industry are the goal to which the migrants from the rural districts most frequently wends their steps, becomes at once evidents when we examine in to the composition of our town populations according to birth place," Revenstein, E.G., *The Laws of Migration,* 1885, p. 199.

40 അറേബ്യയിൽ നിന്നും പേർഷ്യയിൽ നിന്നും മറ്റും ഇവിടെയെത്തിയ സഞ്ചാരികൾ ഈ പ്രദേശത്തിന് 'മലബാർ' എന്നായിരുന്നു പേര് നല്കിയത്. ഇന്ന് മലബാർ എന്ന് പറയുമ്പോൾ വടക്കൻ കേരളം മാത്രമാണ് ഭൂമിശാസ്ത്രപരമായി ഉൾപ്പെടുന്നത്. എന്നാൽ മുൻകാലത്തെ 'മലബാർ' എന്ന പ്രയോഗത്തിൽ മുഴുവൻ കേരളവും ഉൾപ്പെട്ടിരുന്നു 'മല' എന്ന മലയാളപദത്തോട് 'ബാർ' എന്ന പേർഷ്യൻ പദം ചേർത്ത് 'മലബാർ' എന്ന് വിദേശികൾ പുതിയ പേര് നിർമിച്ചതാവാം. 'മലൈ' എന്നത് ദ്രാവിഡപദമാണ്. 'ബാർ' എന്നത് അറബി ഭാഷയിൽ 'വൻകര' എന്നും പേർഷ്യനിൽ 'രാജ്യം' എന്നുമുള്ള അർത്ഥത്തിൽ ഉപയോഗി ച്ചിരിക്കുകയാണ്. കോസ്മാസ് ഇൻഡിക്കൊല്യൂസ്തസിന്റെ കാലം മുതൽ എ.ഡി. പതിനൊന്നോ പന്ത്രണ്ടോ നൂറ്റാണ്ടുവരെ ഇന്ത്യയുടെ പശ്ചിമ തീരത്തെ അറബി സമുദ്രസഞ്ചാരികൾ വിശേഷിപ്പിച്ചിരുന്നത് 'മലൈ' എന്നായിരുന്നു. വില്യം ലോഗൻ, *മലബാർ മാന്വൽ*, കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2012, പു. 21.

41 വർഗീസ് തോട്ടയ്ക്കാട്, *മലബാർ കുടിയേറ്റത്തിന്റെ നാൾവഴികൾ* (*മലബാർ കുടിയേറ്റം: ചരിത്രം വർത്തമാനം*), തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റി റ്റ്യൂട്ട്, 2015, പു. 30.

42 "The concept of diasapora as a defining element of the dispersal from Jerusalem," Jana Evan Braziel, 2008, p.11.

43 In the social science and humanities unwillingly reflects the idea that 'diaspora' is an inherently spatial and travelling notion as a result of either literal or metaphorical reference to people on the move, home, exile, return, circulation, border-crossing, social and cultural boundaries, place of origin, displacement, settlement and multi-locality KimKnott, *Diasporas - Concepts, Intersections Identities*, Rawat publications, Delhi. 2011, p. 79.

44 Emigrant, expatriate, refugee, guest worker, exile community, ethnic community, അനിൽകുമാർ, ഡി.വി, *അലഞ്ഞുതിരിയാത്തവർ ചില പ്രവാസവിചാരങ്ങൾ (പ്രവാസം-നോവൽപഠനങ്ങൾ)* കോഴിക്കോട്: ഹരിതം ബുക്സ്, 2018, പു.51.

45 "Although it is true that anyone prevented from returning home is an exile, some distinctions can be made among exiles, refugees, expatriated and emigres. Exile originated in the age - old practice of banishment. Once banished, the exile lives an anomailous and miserable life with the stigma of being an outsider. Refugees, on the other hand, are a creation of the twentieth -century states. the world 'refugee' has become a political one, suggesting large herds of innocent and bewildered people requiring urgent international assistance, where as 'exile' carries with it" *Edward Said W., Reflections on Exile & other Literary & Cultural Essays,* 2001, p. 181.

46 രാജകൃഷ്ണൻ, വി., *ഭ്രഷ്ടിന്റെ നാനാർത്ഥങ്ങൾ*, തൃശ്ശൂർ: കറന്റ് ബുക്സ്, 1998, പു. 41.

47 ശ്രീകണ്ഠേശ്വരം, ജി. പത്മനാഭപിള്ള, *ശബ്ദതാരാവലി*, കോട്ടയം: സാഹിത്യപ്രവർത്തക സഹകരണ സംഘം, 2002,പു. 1068.

48 Exile - penal banishment; person away from history, T. Ramalingam pillai, 1997, P. 299.

49 "Exile, unlike nationalism, is fundamentally a discontinuous state of being. Exile are cut off from their roots, their land, their past", Edward.W. Said, *Reflections on Exile & other Literary & Cultural Essays*, 2001, p. 177.

50 രാജകൃഷ്ണൻ വി., *ഭ്രഷ്ടിന്റെ നാനാർത്ഥങ്ങൾ*, തൃശ്ശൂർ: കറന്റ് ബുക്സ്, 1998, പു. 27.

51 Exile is a state forced upon individuals, groups or a nation, they are passive reactors subjected to this state, Martin Baumann, 2011, p.19.

52 കാരശ്ശേരി, എം.എൻ. *മറിയക്കുട്ടിയുടെ കത്ത് (പുലിക്കോട്ടിൽ കൃതികൾ),* തൃശ്ശൂർ: കേരളസാഹിത്യഅക്കാദമി, 1979, പു. 105.

53 എഡ്വേഡ് സെയ്ദ്, *ബുദ്ധിജീവി: പ്രതിനിധാനങ്ങൾ,* കോട്ടയം: ഡിസി ബുക്സ്, 2007, പു. 56

54 രാജകൃഷ്ണൻ വി., *ഭ്രഷ്ടിന്റെ നാനാർത്ഥങ്ങൾ*, തൃശ്ശൂർ: കറന്റ് ബുക്സ്, 1998, പു. 45.

55 കൃഷ്ണദാസ്, *പ്രവാസം അഥവാ ഡയസ്പോറ* (എഡി. ശോഭ വി, *വീട് മാറുന്നവർ- അറേബ്യൻ പ്രവാസസാഹിത്യം*), തൃശ്ശൂർ: ഗ്രീൻബുക്സ്, 2014, പു. 24-25.

56 ഷിജോമോൻ കെ. വർഗീസ്, '*ഏതാണ് പ്രവാസിമലയാളി*', *പച്ചക്കുതിര*, 11, 12 (ജൂൺ 2016), പു. 49 .

57 ടി, പു. 50.

58 The commercial trade and 'international' contacts during the pre-modern period. The oceanic network in the Indian ocean were old and well established, and for centuries Gujarati merchants operated on these networks, Murari Kumar Jha, *The Social world of Gujarati*

*merchants and their Indian Ocean networks in the seventeenth century,* 2008, P. 38.

59 ഷൈനി ജേക്കബ് ബഞ്ചമിൻ, '*മലയാളിയുടേതാണ് ആദ്യത്തെ സമ്പൂർണ പെൺകുടിയേറ്റം*', *മാതൃഭൂമി ആഴ്ചപ്പതിപ്പ്*, 22 (ആഗസ്ത് 17, 2014), പു. 92.

60 ശരത്ചന്ദ്രൻ, സി., '*മലയാളി, കേരളം, ലോകം*', *മാതൃഭൂമി ഓണപ്പതിപ്പ്* 2 (2001), പു. 124.

61 ആർ. എസ്. ബാബു, *പ്രവാസിമേഖല*, അന്താരാഷ്ട്ര കേരളപഠനകോൺഗ്രസ്, കേളു ഏട്ടൻ പഠനഗവേഷണകേന്ദ്രം: പ്രവാസി സുവനീർ, 2017, പു. 64.

62 കുഞ്ഞിക്കണ്ണൻ, ടി.പി. *പ്രവാസിയും കേരളവും ഒരു സാമ്പത്തികവീക്ഷണം,* അന്താരാഷ്ട്രകേരളപഠനകോൺഗ്രസ്സ്: പ്രവാസിസുവനീർ, കേളു ഏട്ടൻ പഠനഗവേഷണകേന്ദ്രം, 2017, പു. 32.

63 എം. ഗംഗാധരൻ, *നാടുകടത്തപ്പെട്ടവർ, മാധ്യമം ആഴ്ചപ്പതിപ്പ്, മെയ് 6,* 2013, പു. 26.

64 ഇന്നത്തെ ഇറാന്റെ പഴയ പേരാണ് പേർഷ്യ. അവിടത്തെ എണ്ണക്കമ്പനികളിൽ 1940-കൾ മുതൽ തന്നെ ധാരാളം മലയാളികൾ ഉണ്ടായിരുന്നു. അക്കാലത്ത് ഇവർ 'പേർഷ്യക്കാർ' എന്ന പേരിലാണ് കേരളത്തിൽ അറിയപ്പെട്ടിരുന്നത്, ആർ. എസ്. ബാബു, പ്രവാസിമേഖല, അന്താരാഷ്ട്ര കേരളപഠന കോൺഗ്രസ്, കേളു ഏട്ടൻ പഠനഗവേഷണകേന്ദ്രം: പ്രവാസി സുവനീർ, 2017, പു. 65.

65 ഷിജോമോൻ കെ. വർഗീസ്, *ഏതാണ് പ്രവാസിമലയാളി, പച്ചക്കുതിര*, പുസ്ത. 12, ല. 11. ജൂൺ 2016, പു. 48,49.

66 റഹ്മാൻ, എം. എ. *പ്രവാസശിരസ്സിലെ സുവർണ്ണഖഡ്ഗം, ദേശാഭിമാനി വാരിക*, പുസ്ത 32. ല. 47, 2011, പു. 12.

67 Prof. K.C Zachariah and Prof. S. Irudaya Rajan, *The Future of Kerala Emigration*, അന്താരാഷ്ട്ര കേരളപഠനകോൺഗ്രസ്: വികസനമേഖലാ സെമിനാർ 9, പ്രവാസി ക്ഷേമം പുനരധിവാസം, 2015, പു.10.

68 "സെന്റർ ഫോർ മൈഗ്രേഷൻ ആൻഡ് ഇൻക്ലൂസീവ് ഡവലപ്മെന്റ് 2016-17 കാലയളവിൽ നടത്തിയ പഠനപ്രകാരം ഇന്ത്യയിലെല്ലായിടത്തുനിന്നും തൊഴിലാളികൾ കേരളത്തിലേക്ക് കുടിയേറുന്നതായിക്കാണുന്നു. കേരളത്തിന് പുറത്തേക്കുള്ള കുടിയേറ്റംപോലെതന്നെ കേരളത്തിലേക്കുള്ള കുടിയേറ്റവും സമ്പദ്വ്യവസ്ഥയിൽ നിർണായകമായ സ്വാധീനം ചെലുത്തിവരുന്നു. നിർമാണമേഖല ഏതാണ്ട് പൂർണമായും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികളെ ആശ്രയിക്കുന്നു. ആഴക്കടൽ മത്സ്യബന്ധനം, മത്സ്യസംസ്കരണം, പ്ലൈവുഡ്, ഇരുമ്പുരുക്ക്, തോട്ടംമേഖല, ഖനനം, വസ്ത്രനിർമാണം, ചെരിപ്പുനിർമാണം ഇങ്ങനെ ലാഭകരമായി നടക്കുന്ന ഒട്ടുമിക്ക വ്യവസായങ്ങളും ഇവരുടെ ബലത്തിലാണ് നിലനിന്നുപോകുന്നത്. മാത്രമല്ല പ്രതിഫലമായി ലഭിക്കുന്ന തുകയിൽനിന്ന് ഏതാണ്ട് മൂന്നിലൊന്നോളം ഇവർ കേരളത്തിൽ ചെലവഴിക്കുന്നു. ഈ തുക 2017-ൽ മാത്രം ഏതാണ്ട് പതിനായിരം കോടി രൂപവരും." ഇരുദയരാജൻ, ഡോ. ബിനോയ് പീറ്റർ, ഡോ. മിശ്ര, യു. എസ്. ഡോ. വിഷ്ണുനരേന്ദ്രൻ, *കുടിയേറ്റത്തിന്റെ പ്രസക്തി, മാതൃഭൂമി ദിനപ്പത്രം*, (ഡിസംബർ 18, 2018).

69 Prof. K.C. Zachariah and Prof. S. Irudaya Rajan, *The Future of Kerala Emigration*, അന്താരാഷ്ട്ര കേരളപഠനകോൺഗ്രസ്, 2015, വികസനമേഖലാ സെമിനാർ 9, പ്രവാസി ക്ഷേമം പുനരധിവാസം, 2015, പു.12.

70 Overseas Indians is known as Non Resident Indian Origin, are people of Indian birth, desent, origin who live outside the Republic of India. Oveseas Indian are various individuals or ethnic groups associated with India usually trhough ancestry, ethnicity, nationality, citizenship or other affiliation and live abroad overseas. According to a Ministry of External Affiars report, there are approximately 31.3 million people of Indian ancestry or origin residing outside India. India has one of the

largest diaspora population in the world with over 15.6 million according to the United Nations Department of Economic and Social Affairs. http://en.m.wikipedia.org.wiki

71 Williams, Raymond, *The Long Revolution,* Harmonds Worth, Pelicane Books 1984, P.92.

72 A bit of sweet longing for things, or situation of the past എന്ന് നൊസ്റ്റാൾജിയയെ നിർവ്വചിക്കാം, *Encyclopaedia America*, 10-12.

73 ഹാഫിസ് മുഹമ്മദ്, എൻ.പി. *പ്രവാസികളുടെ ഗൃഹാതുരത*, കോട്ടയം: ഡി. സി. ബുക്സ്, 2016, പു. 73.

74 ശിവദാസ്, കെ. കെ, സംസ്കാരപഠനം: വിവിധ കാഴ്ചപ്പാടുകൾ (മലയാളം റിസർച്ച് ജേർണൽ, ജനുവരി-ഏപ്രിൽ, ല. 1, വാല്യം-5, 2012, പു.1433.

75 എഴുത്തച്ഛൻ, *അദ്ധ്യാത്മരാമായണംകിളിപ്പാട്ട്*, അയോധ്യാകാണ്ഡം, തിരുവനന്തപുരം. സി. എസ്. എൻ. ബുക്സ്, 2015, പു. 60-61.

76 *ബൈബിൾ പഴയ നിയമം*, (പുറപ്പാട് 12ാം അധ്യായം) കെ.സി.ബി.സി, കൊച്ചിൻ പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ: ബൈബിൾ കമ്മീഷൻ, 1981, പു. 71.

77 പ്രൊഫ. ടി. അബ്ദുൾ അസീസ് (എഡി.) *ഇസ്ലാം (വാല്യം നാല്ചരിത്രവും വികാസവും*, കോഴിക്കോട്: യുവത ബുക്സ്, 2001, പു. 242.

78 ശൈഖ് സഫിയ്യുറഹ്മാൻ മുബാറാക്ക് പൂരി, (വി.വ. സി. മുഹമ്മദ് സലീം സുല്ലമി), *മുഹമ്മദ് നബി (സ), ജീവചരിത്രസംഗ്രഹം*, കോഴിക്കോട്: യുവത ബുക്സ്, 2011, പു. 114-15.

79 ധനികൻ (വ്യാഖ്യാ.), *ദശരൂപകം*, വാരണാസി: ചൈഖംബാ കൃഷ്ണദാസ് അക്കാദമി, 1978, പു. 244.

80 മലയാളത്തിലെ കത്തുപാട്ടുകളുടെ പൂർവ്വമാതൃക എന്ന നിലയിൽ കാണാവുന്ന കൃതിയാണ് തോമസ് ജി. ബർജറിന്റെ *ഔട്ട് ഇൻ ദ ബ്ലൂ ലെറ്റേഴ്സ്*

*ഫ്രം അറേബ്യ 1937–1940.* സൗദിയിലെത്തിയ ശേഷം മരുഭൂമിയിലെ ആദ്യ വർഷങ്ങളിലെ തന്റെ അനുഭവങ്ങൾ പ്രിയതമയെ അറിയിക്കുന്നതിനായി തയ്യാറാക്കിയ കത്തുകൾ പുസ്തകരൂപത്തിൽ സമാഹരിച്ചതാണ് ഈ കൃതി. ഭാര്യയോടുള്ള പ്രണയവും മാതാപിതാക്കളോടുള്ള ബഹുമാനവും ഈ കത്തുകളിൽ കാണാം. സൗദിയിലെ ദൈനംദിനജീവിതവും ജോലിയും പ്രവാസത്തിന്റെ ഏകാന്തതയുമെല്ലാം ഈ കത്തുകളിലുണ്ട്. ഇവ ആദ്യകാലസൗദിപ്രവാസിയുടെ ജീവിതരേഖയായി മാറുന്നു.

# അധ്യായം: 2

# മലയാളനോവലും പ്രവാസാഖ്യാനവും

ആദ്യകാല മലയാളനോവലുകളിൽ തന്നെ പ്രവാസാവതരണം ഉണ്ട്. പ്രവാസമെന്ന പേരിൽ അത്തരം അനുഭവങ്ങൾ രേഖപ്പെടുത്തിയിട്ടില്ലെങ്കിലും സവിശേഷമായ തലത്തിൽ പ്രവാസത്തിന്റെ നേരിയതോതിലുള്ള വിവിധ സന്ദർഭങ്ങൾ കാണാം. എന്നാൽ കഥാസന്ദർഭത്തിലെ പരിവർത്തനദശയുടെ ഒരു ഭാഗമെന്ന നിലയിലോ അനിവാര്യമായ യാത്രയെന്ന നിലയിലോ ആണ് ആദ്യകാലമലയാളനോവലുകളിൽ ഇത്തരം അനുഭവങ്ങൾ അവതരിപ്പിക്കപ്പെടുന്നത്. *ഇന്ദുലേഖ, ശാരദ* (ഒ. ചന്തുമേനോൻ) *സരസ്വതീവിജയം* (പോത്തേരി കുഞ്ഞമ്പു) *ലക്ഷ്മീകേശവം* (കോമാട്ടിൽ പാഡുമേനോൻ) *ഇന്ദുമതീസ്വയംവരം* (പടിഞ്ഞാറേ കോവിലകത്ത് അമ്മാമൻരാജ) എന്നിവയെല്ലാം ഇവിടെ ഉദാഹരിക്കാവുന്നതാണ്.

## 2.1 പ്രവാസാഖ്യാനത്തിന്റെ ഒന്നാം ഘട്ടം

മലയാളികളുടെ പ്രവാസപ്രവണത മലയാളത്തിലെ പ്രഥമനോവലായ ചന്തുമേനോന്റെ (1847-1889) *ഇന്ദുലേഖ* (1889) യിൽതന്നെ പ്രത്യക്ഷപ്പെട്ടുതുടങ്ങുന്നു. ജീവിതമോ തൊഴിലോ തേടി നഗരത്തിലെത്തിയ കഥാപാത്രമല്ല നോവലിലെ നായകനായ മാധവൻ. മദിരാശിയിലെ പഠനശേഷമുള്ള മടങ്ങിവരവിനിടയിൽ ഇന്ദുലേഖയെ സൂരിനമ്പൂതിരിപ്പാട് വിവാഹം കഴിച്ചുവെന്ന വ്യാജവാർത്ത അറിഞ്ഞ്, മനോദുഃഖത്തിനടിപ്പെടുന്ന മാധവൻ മടക്കയാത്ര ഒഴിവാക്കി മദിരാശിയിലേയ്ക്ക് പോകുന്നു. നോവലിലെ പതിനെട്ടാമദ്ധ്യായത്തിൽ കഥാനായകനായ മാധവന്റെ പ്രവാസജീവിതത്തിന്റെ വിശദവിവരണം കടന്നുവരുന്നുണ്ട്. ഗിർഹാം സായ്വിന്റെ ആശീർവാദത്തോടെ മാധവൻ ബോംബെയിലേക്കും കൊൽക്കത്തയിലേക്കും യാത്രയാകുന്നു. "ഇംഗ്ലീഷ്മാതിരി ഉടുപ്പുകളും തോക്കുകളും, തിര

കളും ആവശ്യത്തിന് പണവും എട്ടുപത്തുപുസ്തകങ്ങളും"[1] വേറെയും പരിഷ്കൃതയാത്രാസാമഗ്രികളുമായുള്ള ഇത്തരമൊരു പരദേശസഞ്ചാരത്തിന്റെ ചിത്രം മലയാളനോവലിൽ ആദ്യത്തേതാണ്. മാധവൻ ആദ്യകാലത്ത് നടത്തുന്ന തൊഴിലന്വേഷണയാത്രയെക്കുറിച്ചുള്ള സൂചനകളും നോവലിലുണ്ട്. ഉന്നതബിരുദം നേടിയ ഉടൻതന്നെ തൊഴിലന്വേഷിച്ചുകൊണ്ട് മറുനാട്ടിലേയ്ക്കുള്ള യാത്ര അക്കാലത്തെ യുവജനങ്ങളുടെ സ്വപ്നമായിരുന്നു. യാത്രകളിലൂടെ നേടിയെടുത്ത അനുഭവങ്ങളാണ് മാധവനെന്ന വ്യക്തിയുടെ സ്വത്വത്തെ വളർത്തിയെടുക്കുന്നത്. പ്രവാസജീവിതത്തിന്റെ ദുരിതങ്ങൾ അനുഭവിച്ച വ്യക്തിയല്ല മാധവൻ, മറിച്ച് ജന്മദേശത്തിലെ ജീവിത സാഹചര്യങ്ങളേക്കാൾ ചെന്നെത്തിയ ദേശത്തെ കൂടുതൽ ഇഷ്ടപ്പെട്ട മലയാളഗദ്യസാഹിത്യത്തിലെ ആദ്യകാല പ്രവാസിയാണ് മാധവനെന്ന് പറയാവുന്നതാണ്. എല്ലാ തെറ്റിദ്ധാരണകളും നീങ്ങി ഇന്ദുലേഖയെ വിവാഹം കഴിക്കുന്ന മാധവൻ വിവാഹാനന്തരം സ്ഥിരതാമസത്തിന് തിരഞ്ഞെടുക്കുന്നതും മദിരാശിയാണല്ലോ. അന്യദേശസംസ്കാരത്തിന്റെ സ്വാധീനംകൊണ്ടുള്ള ജീവിതപരിവർത്തനം കൂടിയാണീ യാത്ര. പിന്നീടുണ്ടായ നോവലുകളിൽനിന്ന് വ്യത്യസ്തമായി പ്രവാസജീവിതം മാധവന് നൽകുന്നത് നേട്ടങ്ങൾ മാത്രമാണ്.

ചന്തുമേനോന്റെ രണ്ടാമത്തെ നോവലായ *ശാരദ* (1892) യിൽ രാമൻമേനോനെയും, ശങ്കരനെയും, കല്യാണിയമ്മയെയും പ്രവാസികളായാണ് അവതരിപ്പിക്കുന്നത്. ഇംഗ്ലീഷ് പഠിക്കാൻ നാടുവിട്ട് തിരുവനന്തപുരത്തെത്തിയ രാമൻമേനോനെ വടക്കെ ഇന്ത്യയിലേയ്ക്ക് പോകാനായി പ്രേരിപ്പിച്ച ഘടകം ചിത്രകലാഭിരുചിയാണ്. തന്റെ ചിത്രകലയ്ക്ക് വളർന്ന് വികസിക്കാൻ വളക്കൂറുള്ള മണ്ണ് അവിടെയാണെന്ന് കണ്ടെത്തിയ രാമൻമേനോൻ കേരളംവിട്ട് പ്രവാസിയായിത്തീരുന്നു. വൈവാഹികജീവിതത്തിലെ അസ്വാരസ്യമാണ് കല്യാണിയമ്മ കേരളം വിട്ട് കാശിക്ക് പോകാനുള്ള കാരണം. അവിടെവച്ച് അവർ പരിചയപ്പെട്ട രാമൻമേനോനെ വിവാഹം കഴിക്കുകയും അതിൽ ശാരദയെന്ന പെൺകുഞ്ഞ് ജനി

ക്കുകയും ചെയ്യുന്നു. രോഗവും സാമ്പത്തികക്കുഴപ്പവും മൂലം ഗ്രാമത്തിലേയ്ക്ക് മടങ്ങുംവഴി രാമേശ്വരത്തുവച്ച് അസുഖബാധിതയായി കല്യാണിയമ്മ മരണമടയുന്നു. പ്രവാസിയായ രാമൻമേനോനും മകൾ ശാരദയും നാട്ടിലേയ്ക്ക് തിരിച്ചുവരുന്നു. മഹാനഗരങ്ങളിൽ ജീവിച്ചും സഞ്ചരിച്ചും പുതിയ ആശയങ്ങളും വിശാലവീക്ഷണവും ഉൾക്കൊണ്ട മനുഷ്യരാണ് കേരളീയനവോത്ഥാനത്തിന് വഴി തെളിക്കുക എന്ന് കരുതിയാകണം ചന്തുമേനോൻ അവരെ പ്രവാസികളാക്കിയത്. മറുനാട്ടിൽപോയി നിയമം പഠിച്ചുവന്ന അഭിഭാഷകർ (വക്കീൽ കൃഷ്ണൻ മേനോൻ) ജന്മികൾക്കുപോലും ബഹുമാന്യരായിത്തീരുന്ന കാഴ്ച *ശാരദ*യിൽ കാണാം. ചന്തുമേനോന്റെ നവോത്ഥാനപരമായ കാഴചപ്പാടിന് ഉപോദ്ബലകമാണ് *ശാരദ*യിലെ വിസ്തൃതമായ ക്യാൻവാസ്.[2]

പടിഞ്ഞാറെ കോവിലകത്ത് അമ്മാമൻരാജ രചിച്ച *ഇന്ദുമതീസ്വയംവര* (1890) ത്തിലെ കഥ അരങ്ങേറുന്നത് ഡൽഹി, ബനാറസ് എന്നീ നഗരങ്ങളിലാണ്. ഒരു രാജകുടുംബത്തിന്റെയും ഉത്തരേന്ത്യയുടെയും പശ്ചാത്തലത്തിലെഴുതിയ ആദ്യത്തെ മലയാളനോവലാണിത്. കാശ്മീർ രാജാവായ പ്രതാപരുദ്രന്റെ മകളായ ഇന്ദുമതിയുടെ ബാല്യകാലസുഹൃത്തും പ്രണേതാവുമായ സുകുമാരൻ, രാജാവിന്റെ അനിഷ്ടത്തിന് പാത്രീഭവിച്ച് കാശ്മീരിൽ നിന്ന് നാടുകടത്തപ്പെട്ട് ബനാറസിലെത്തുന്നു. ഇവിടെ സുകുമാരൻ ജോലിതേടിപ്പോകുന്ന ആളല്ല, നാടുകടത്തപ്പെട്ടതിലൂടെ പ്രവാസിയായവനാണ്.

പോത്തേരി കുഞ്ഞമ്പുവിന്റെ *സരസ്വതീവിജയ*(1892)ത്തിലെ ആദ്യ പ്രവാസി മരത്തനാണ്. ഭ്രഷ്ടുകൽപ്പിക്കൽ, അധികാരകേന്ദ്രത്തെ ഭയപ്പെട്ടുള്ള ഒളിച്ചോട്ടം എന്നിങ്ങനെ വ്യത്യസ്തതരം പ്രവാസങ്ങൾ ഈ നോവലിലുണ്ട്. വയൽവരമ്പത്തിരുന്ന് പാട്ടുപാടിയതിന് കുബേരൻ നമ്പൂതിരിയുടെ സേവകനായ രാമൻകുട്ടി നമ്പ്യാരുടെ ചവിട്ടുകൊണ്ട് ബോധംകെട്ട മരത്തൻ എന്ന പുലയയുവാവ് അവിടെ നിന്നാൽ തന്നെ കൊന്നുകളയുമെന്ന് കരുതി ഭയപ്പെട്ട് കോഴിക്കോട്ട് പോയി

ക്രിസ്തുമതത്തിൽ ചേർന്ന് യേശുദാസൻ എന്ന പേര് സ്വീകരിച്ച് ഉന്നതപഠന ത്തിനുശേഷം മജിസ്ട്രേട്ടായി തിരിച്ചുവരുന്നു. മതമേധാവികളുടെ അധികാരകേന്ദ്ര ങ്ങളെ ഭയന്ന് നടത്തിയ പലായനമാണ് മരത്തന്റേത്. മരത്തനെ കൊന്നുവെന്ന കുറ്റം ആരോപിക്കപ്പെട്ട കുബേരൻനമ്പൂതിരി ആത്മരക്ഷാർത്ഥം സ്വന്തം ദേശം ഉപേക്ഷിച്ച് ഒളിവിൽ പാർക്കാൻ തീരുമാനിക്കുന്നു. പട്ടാമ്പി, ചെറുവണ്ണൂർ, തിരുവി താംകൂർ, തിരുനെൽവേലി, രാമേശ്വരം, മദിരാശി, ബോംബെ, കാശി തുടങ്ങിയ സ്ഥലങ്ങളിൽ കുബേരൻ നമ്പൂതിരിയും കുപ്പൻപട്ടരും അജ്ഞാതവാസം നയിക്കു ന്നുണ്ട്. ഭ്രഷ്ടിന് വിധേയയായി അന്യദേശത്ത് എത്തേണ്ടിവന്ന മറ്റൊരു കഥാ പാത്രം കുബേരൻ നമ്പൂതിരിയുടെ മകൾ സുഭദ്രയാണ്. ഇപ്രകാരം പ്രവാസജീ വിതത്തിന്റെ വ്യത്യസ്ത അനുഭവങ്ങളാണ് *സരസ്വതീവിജയം* നൽകിയത്.

കോമാട്ടിൽ പാഡുമേനോൻ രചിച്ച *ലക്ഷ്മീകേശവ* (1892) ത്തിലെ നായിക യായ ലക്ഷ്മിക്കുട്ടി വിദ്യാഭ്യാസത്തിനായാണ് കേരളത്തിൽ നിന്ന് മദിരാശിയി ലേയ്ക്ക് യാത്രയാകുന്നത്. അവിടെ വച്ചവൾ ബി.എൽ വിദ്യാർത്ഥിയായ കേശവനു ണ്ണിയുമായി പ്രേമബന്ധത്തിലാകുന്നു. എന്നാൽ ബന്ധുക്കളുടെ നിർബന്ധത്താൽ മറ്റൊരു വിവാഹം കഴിക്കേണ്ടിവരുമെന്ന ഘട്ടത്തിൽ നാടുവിട്ട് മൈസൂരിലെ ത്തുകയും കേശവനുണ്ണിയെ വിവാഹം കഴിക്കുകയും ചെയ്യുന്നു. പ്രവാസംകൊണ്ട് ഉൽപ്പതിഷ്ണുക്കളായ രണ്ടു കഥാപാത്രങ്ങളാണ് കേശവനുണ്ണിയും ലക്ഷ്മിക്കുട്ടി യും. വിദ്യാഭ്യാസമാണ് പാരമ്പര്യത്തെയും കീഴ്വഴക്കത്തെയും നിഷേധിക്കാൻ ലക്ഷ്മിക്കുട്ടിയ്ക്ക് ധൈര്യം നൽകുന്നത്.

ജോസഫ് മുളിയാൽ എഴുതിയ *സുകുമാരി* (1897) യിലെ നായകകഥാപാത്ര മായ രാമൻ കണ്ണൂരിൽ ബാസൽമിഷൻ സ്ഥാപിച്ച സായിപ്പുമായി പരിചയപ്പെട്ട് ക്രിസ്തുമതത്തിലേക്ക് മാറുന്നു. അമ്മയ്ക്ക് അത് ഇഷ്ടപ്പെടായ്കയാൽ അയാൾ നാടുവിട്ടുപോകുന്നു. റവ. ജോസഫ് പീറ്ററുടെ പരിഭാഷാനോവലായ *പത്മിനിയും കരുണ* (1884) യുടെയും കഥ ആരംഭിക്കുന്നതും ഒരു യാത്രാനുഭവത്തിൽ നിന്നാ

ണ്. ബംഗാളിലെ ഒരു നാടൻഗ്രാമത്തിൽനിന്ന് മദിരാശിയിലേയ്ക്ക് നായക കഥാപാത്രം യാത്രപോകുന്നതാണ് നോവലിന്റെ കഥാതന്തുക്കളിലൊന്ന്.

മറുനാടിനെക്കുറിച്ചുള്ള ആകാംക്ഷയും മറുനാടൻയാത്രകളിലൂടെ ആർജ്ജിക്കുന്ന പുതിയ ലോകവീക്ഷണവും ആധുനികതയും മറുനാട്ടിൽ പാർപ്പുറപ്പിക്കാനുള്ളപോക്കും നാട്ടിലേയ്ക്കുള്ള വരവുമെല്ലാം മലയാളനോവലിന്റെ ആദ്യഘട്ടം മുതൽ കാണാവുന്നതാണ്. വായനക്കാർക്ക് പൊതുവെ അപരിചിതമായ ദേശങ്ങളുടെ അവതരണം, പുതുമയുള്ള സ്ഥലപശ്ചാത്തലത്തിന്റെ രൂപീകരണം എന്നീ സാമാന്യലക്ഷ്യങ്ങൾക്കൊപ്പം സൂക്ഷ്മമായ സ്ഥലവർണ്ണനകളിലൂടെ നാളിതുവരെ സാഹിത്യത്തിൽ പ്രത്യക്ഷമാകാതിരുന്ന മേഖലകളിലേയ്ക്കുള്ള കടന്നുചെല്ലലിന്റേതുകൂടിയാണ് ഈ കൃതികൾ സാധ്യമാക്കുന്നത്. 1940-കൾ വരെ സാഹസയാത്രകളും ദേശവിവരണങ്ങളുമാണ് നോവലിന്റെ കഥാഗതിയെ നിയന്ത്രിച്ചത്. 1940-കളിലാണ് ദേശാന്തരാനുഭവങ്ങളിലേക്കുള്ള മാറ്റം മലയാളനോവലിൽ പ്രകടമാകുന്നത്. രാഷ്ട്രീയസാമ്പത്തികസാംസ്കാരിക മാറ്റങ്ങളുടെ ഇന്ത്യൻപ്രതിനിധാനം എന്ന നിലയിൽ മലയാളനോവൽ യാത്രകളെ ഏറ്റെടുക്കുന്ന ഘട്ടമാണിത്.

### 2.2 പ്രവാസാഖ്യാനത്തിന്റെ രണ്ടാംഘട്ടം

മലയാളനോവൽസാഹിത്യത്തിൽ കേശവദേവ്, തകഴി, ഉറൂബ്, ബഷീർ, പൊറ്റെക്കാട്ട് എന്നിവരുടെ കാലത്തെ പ്രവാസാഖ്യാനത്തിന്റെ രണ്ടാംഘട്ടമെന്ന നിലയിൽ പഠിക്കാവുന്നവയാണ്. ഇന്ത്യ-പാക്കിസ്ഥാൻ വിഭജനത്തോടനുബന്ധിച്ച് അരങ്ങേറിയ മുസ്ലിംകലാപത്തിന്റെ പശ്ചാത്തലത്തിലാണ് കേശവദേവി (1904-1983) ന്റെ *ഭ്രാന്താലയം* (1949) രചിക്കപ്പെടുന്നത്. കേരളത്തിലെ ഒരു കുഗ്രാമത്തിൽനിന്ന് ഹിന്ദുവിരോധം മൂർച്ഛിച്ച് വടക്കേയിന്ത്യയിലേയ്ക്കും അവിടെനിന്ന് പാക്കിസ്ഥാനിലേയ്ക്കും പലായനം ചെയ്ത അബ്ദുവും കുടുംബവുമാണ് ഈ നോവലിലെ പ്രവാസികൾ. അബ്ദുവിന്റെ സഹോദരിയുടെ വിവാഹത്തോടെ ബാപ്പ ഉമ്മർ കടക്കാരനാകുന്നു. അധികനാൾ കഴിയുന്നതിനു മുൻപ് ബാപ്പയും

ഉമ്മയും മരിക്കുകയും സഹോദരനായ റഹീം നാടുവിട്ട് പോവുകയും ചെയ്യുന്നു. ഇന്ത്യാവിഭജനത്തിനുശേഷം പാക്കിസ്ഥാൻ രൂപംകൊണ്ടപ്പോൾ മതഭ്രാന്തനായ അബ്ദു കുടുംബത്തോടൊപ്പം അവിടേയ്ക്ക് പോകണമെന്ന് വാശിപിടിക്കുന്നു. നിവൃത്തിയില്ലാതെ ജമീലയും പാത്തുമ്മയും വളർത്തുമകൾ തത്തയും അയാളെ അനുഗമിക്കുന്നു. ഉത്തരേന്ത്യയിൽവച്ച് നാടുവിട്ടുപോയ റഹീമിനെ അവർ കണ്ടുമുട്ടുന്നുണ്ട്. അവിടത്തെ മതസംഘർഷത്തിൽപെട്ട് അബ്ദു എന്ന പ്രവാസി മരണമടയുന്നു. പ്രവാസത്തിന്റെ ദുരന്തമുഖങ്ങളുടെ ചിത്രമാണ് നോവലിസ്റ്റ് ഇവിടെ ആഖ്യാനം ചെയ്യുന്നത്.

കേരളത്തിന്റെ തലസ്ഥാനനഗരിയിലെ സെക്രട്ടേറിയറ്റിനെ കേന്ദ്രമാക്കി വികസിക്കുന്ന നോവലാണ് തകഴി (1912-1999) യുടെ *ഏണിപ്പടികൾ* (1964) കുട്ടനാടൻ ഗ്രാമത്തിൽ ജനിച്ചുവളർന്ന കേശവപിള്ളക്ക് തിരുവനന്തപുരം സെക്രട്ടറിയേറ്റിൽ ക്ലാർക്കായി ജോലി ലഭിക്കുന്നു. പ്രവാസലോകത്തിൽ ബന്ധങ്ങൾക്ക് വില കൽപ്പിക്കാതെ അയാൾ ഔദ്യോഗികമായ ഉന്നതസ്ഥാനങ്ങൾ കയ്യടക്കുന്നു. തന്റെ അഭ്യുന്നതിക്കായി കാമുകിയായ തങ്കമ്മയേയും ഭാര്യയേയും അയാൾ കരുവാക്കി. സ്വന്തം ഉയർച്ചയിൽ മാത്രം കണ്ണുംനട്ട് ചുറ്റുപാടുകളോട് അകലംപാലിച്ച് തികച്ചും ഒരു നഗരമനുഷ്യനായിത്തീർന്നു കേശവപിള്ള എന്ന പ്രവാസി.

ദേശാന്തരാനുഭവങ്ങളുടെ ഫലമായുണ്ടാകുന്ന വൈവിധ്യമാർന്ന ജീവിതനിരീക്ഷണം ബഷീർ (1908-1994) കൃതികളിൽ സുലഭമാണ്. *ബാല്യകാലസഖി* (1944) യിലെ ബാപ്പ മജീദിന്റെ പിടലിയ്ക്കുപിടിച്ച് മുറ്റത്തേയ്ക്കു തള്ളി ആജ്ഞാപിക്കുന്നത് ഇങ്ങനെയാണ് "പോടാ പോ നീ രാജ്യമൊക്കെ ചുറ്റി ഒന്ന് പഠിച്ചിട്ട് വാ... മനസ്സിലായോ? "[3] ബാപ്പയുടെ ആജ്ഞ ലോകത്തിന്റെ അറ്റംവരെ മജീദിനെ ഓടിക്കാൻ പര്യാപ്തമായിരുന്നു. ഇവിടെ മജീദ് പ്രവാസിയാകുന്നത് ലോകമാകെ കണ്ടുപഠിക്കാനാണ്. എന്നാലീയാത്രയിൽ ധനസമ്പാദനമെന്ന മോഹം മജീദിനുണ്ടായിരുന്നില്ല. കാണുക, അറിയുക അതായിരുന്നു അയാളുടെ ലക്ഷ്യം.

എന്നാൽ രണ്ടാം യാത്രയിൽ മജീദിന്റെയും ലക്ഷ്യം ജീവിക്കാനുള്ള പണമുണ്ടാക്ക ലായിരുന്നു. ''മരണത്തെപ്പറ്റി അങ്ങനെ ചിന്തിച്ചു മനസ്സു വിഷമിപ്പിക്കണ്ട. ഇനിയു മുണ്ട് അങ്ങോട്ട് ദീർഘമായ ജീവിതം. ശോഭനമായ ഒരു ഭാവിയുണ്ടെന്ന് വിശ്വ സിക്കൂ.''[4] എന്ന് ഒരിക്കൽ മജീദ് സുഹറായോട് പറയുന്നതിൽനിന്ന് ജോലി തേടി പ്പോകാൻ മജീദിനെ പ്രേരിപ്പിക്കുന്നത് ശോഭനമായ ഭാവിയെപ്പറ്റിയുള്ള ശുഭപ്രതീ ക്ഷകളാണ് എന്ന് മനസ്സിലാവുന്നു. ജോലിതേടി അലഞ്ഞുനടക്കുമ്പോൾ, സുഹറ മരിച്ചുപോയെന്നറിയുമ്പോൾ വീണ്ടും ജീവിതത്തെ ഏതെങ്കിലുമൊക്കെ തരത്തിൽ മുന്നോട്ടുകൊണ്ടുപോകാൻ മജീദെന്ന പ്രവാസിയെ പ്രേരിപ്പിക്കുന്നത് ജീവിത പ്രാരബ്ധങ്ങളാണ്. ''മജീദിനുശേഷം മലയാളനോവലിലെ കഥാപാത്രങ്ങളാരും നാടുവിട്ടതും ദേശങ്ങൾകണ്ടതും ജീവിതമനുഭവിച്ചതും മാധവനെപ്പോലെയാകാ ത്തതിന് കാരണം ബഷീറാണ്.''[5] മലയാളസാഹിത്യത്തിൽ ദൂരദേശവാസത്തിന്റെ ചരിത്രത്തെ ആരംഭകാലത്തുതന്നെ പുനർനിർണയിക്കാൻ ബഷീറിന് സാധിച്ചു വെന്ന് കാണാം.

യാത്രയെ തനതായ ഒരനുഭവമണ്ഡലവും ലോകബോധവുമാക്കി മാറ്റാൻ കഴിഞ്ഞ നോവലിസ്റ്റാണ് എസ്.കെ. പൊറ്റെക്കാട്ട് (1913-1982) ഗ്രാമത്തിൽ ജീവിതം വഴിമുട്ടിയപ്പോഴാണ് *മൂടുപട*ത്തിലെ (1948) അപ്പുക്കുട്ടൻ ജോലിതേടി ബോംബയ്ക്ക് തിരിച്ചത്. അവധിക്ക് നാട്ടിൽവന്ന അത്യമാന്റെ വർണ്ണനകളാണ് നാടുവിടുന്നതിന് ആലിക്കുട്ടിയ്ക്ക് പ്രേരകമാകുന്നത്. അത്യമാന്റെ വർണ്ണനകളി ലൂടെ ബോംബെ എന്ന 'ജാദു കാ ശഹർ' (മായാനഗരം) ആലിക്കുട്ടിയുടെ ഹൃദയം കവർന്നു. എളുപ്പത്തിൽ പണമുണ്ടാക്കാമെന്ന ധാരണയാണ് അയാളെ അവിടെ എത്തിച്ചത്. ബോംബെയിൽ എത്തിപ്പെടുന്ന മനുഷ്യരുടെ അമ്പരപ്പും ജീവിതത്വ രയും ഗൃഹാതുരത്വവുമാണ് പൊറ്റെക്കാട്ടിന്റെ കൃതിയിൽ പ്രത്യക്ഷമാകുന്ന അടി സ്ഥാനഭാവം.[6]

*നാടൻപ്രേമ*ത്തിലെ (1939) രവി നഗരവാസിയാണ്. സുഹൃത്തുക്കളുമായി നടത്തിയ പന്തയത്തിന്റെ പേരിലാണ് അയാൾ രണ്ടുമാസത്തെ അജ്ഞാതവാസത്തിന് മുക്കം എന്ന കുഗ്രാമത്തിലെത്തുന്നത്. അവിടെവച്ച് പരിചയപ്പെട്ട ഗ്രാമീണയായ മാലുവെന്ന യുവതിയെ അയാൾ നാഗരികശീലങ്ങൾ പഠിപ്പിക്കുകയും, പ്രണയബന്ധത്തിലാകുകയും ചെയ്യുന്നു. പിന്നീട് വർഷങ്ങൾക്കുശേഷം ആ നാട്ടിലേക്ക് തിരിച്ചുവരുമ്പോൾ അയാൾ മാലുവിലുണ്ടായ തന്റെ കുഞ്ഞിനെ തിരിച്ചറിഞ്ഞ് അവനെ നഗരത്തിലേക്ക് കൊണ്ടുപോകുന്നു. പ്രവാസത്തിലൂടെ രൂപപ്പെടുന്ന ബന്ധങ്ങളെയും അവയുടെ നൈമിഷികതയെയും അനന്തരഫലങ്ങളെയുമെല്ലാം നോവൽ അനാവരണംചെയ്യുന്നു.

യാത്രയെ ഒരേസമയം ചരിത്രത്തോടുള്ള രാഷ്ട്രീയസംവാദവും ദേശങ്ങളോടുള്ള ബൗദ്ധികനിസ്സംഗതയും അതുവഴി ജീവിതത്തിന്റെ ദാർശനികമായ ഒരവസ്ഥയുമാക്കി മാറ്റുന്ന നോവലുകളുടെ തുടക്കം *സുന്ദരികളും സുന്ദരന്മാരും* (1958) എന്ന ഉറൂബി (1915-1979) ന്റെ കൃതിയിലാണ് കാണപ്പെടുന്നത്. മാപ്പിളകലാപമാണ് നോവലിന്റെ പശ്ചാത്തലം. കലാപത്തിന്റെ സൃഷ്ടിയായ വിശ്വത്തിന്റെ വളർച്ചയുടെ പടവുകളിൽ ചുറ്റുപാടുമുള്ള പ്രപഞ്ചം തന്നെ മാടിവിളിക്കുന്നതായി അവന് തോന്നുന്നു. ശാന്തയുടെ പ്രണയം തിരസ്കരിച്ച് പുതിയ യാത്രാമുഖങ്ങൾ തേടിയലയാൻ തുനിയുന്ന വിശ്വത്തെയാണ് പിന്നീട് കാണുന്നത്. മലയാളനോവലിൽ, ജീവിതത്തിൽനിന്ന് പലായനം ചെയ്യുന്ന കഥാപാത്രങ്ങളുടെ തുടക്കം വിശ്വത്തിൽ നിന്നാണ്. മറ്റുപലരോടുമെന്നപോലെ ദേശങ്ങളോടുള്ള മമതാരാഹിത്യമാണ് വിശ്വത്തിന്റെ ദേശാന്തരയാത്രകൾക്കു പിന്നിലെ ഏക പ്രത്യയശാസ്ത്രം. ഉറൂബിന്റെ മറ്റൊരു നോവലായ *ഉമ്മാച്ചു*വിലും(1954) നാടുവിടലിന്റെയും പ്രവാസത്തിന്റെയും കേവലമായ ചിത്രങ്ങൾ കാണാവുന്നതാണ്.

യാത്രകളിലൂടെ ദേശഭാവന രൂപപ്പെടുത്തുകയും യാത്രയെത്തന്നെ ചരിത്രവൽക്കരിക്കുകയും ചെയ്യുന്ന മറ്റൊരു നോവലാണ് കോവിലന്റെ(1923-2010) *തട്ടകം*

(1995). മൂപ്പിലശ്ശേരി അതിന്റെ ചരിത്രാരംഭംതൊട്ടുതന്നെ നിരവധി യാത്രികരുടെ കൂടി ഭൂമിയാണ്. ക്രിസ്ത്യാനികളുടെ വരവോടെ മൂപ്പിലശ്ശേരിയുടെ സംസ്കാരംതന്നെ മാറിമറിഞ്ഞു. എങ്കിലും മൂപ്പിലശ്ശേരിയുടെ ചരിത്രത്തെ നോവൽവൽക്കരിക്കുന്ന ഏറ്റവും പ്രധാനയാത്ര താഴമ്പള്ളി ഗംഗാധരന്റെ സിലോണിലേക്കുള്ളതും അവിടെവച്ച് ഭിക്ഷു ധർമ്മപാലനായി തിരിച്ച് മുപ്പിലശ്ശേരിയിലേക്കുമുള്ളതാണ്. മനുഷ്യൻ ആരാണ് എന്ന ചോദ്യവുമായി അലയുന്ന സഞ്ചാരിയായ ധർമ്മപാലൻ മലബാറിൽ വന്ന് കോഴിക്കോട് നഗരപ്രാന്തത്തിൽ ഒരു വിഹാരം സ്ഥാപിച്ച് വീണ്ടും ദേശാടനത്തിന് പോകുന്നു. ഉണ്ണീരിമൂപ്പൻ ചന്തയ്ക്കു പോയ പഴങ്കഥയിൽ തുടങ്ങുന്ന *തട്ടകം* ഗാന്ധിജിയെ തേടിയുള്ള അപ്പുക്കുട്ടന്റെ യാത്രയിലാണ് അവസാനിക്കുന്നത്.

കോവിലന്റെ മറ്റൊരു നോവലായ *ഭരതനി*(1986)ലും പ്രവാസാനുഭവങ്ങൾ കാണാവുന്നതാണ്. ബി.എ. പരീക്ഷ പാസ്സായ ഭരതൻ ഐ.ഐ.ടി. യിലെ ബസ് കണ്ടക്ടറായി ജോലി കിട്ടിയാണ് ദൽഹിയിലെത്തുന്നത്. ഭരതന്റെ മുത്തച്ഛനും മുത്തച്ഛന്റെ അച്ഛനും ഉപജീവനാർത്ഥം സിലോണിൽ പോയവരാണ്. അച്ഛൻ സൈനികനായി പട്ടാളത്തിൽ പോയി തിരിച്ചുവന്നു. ട്രാൻസ്പോർട്ട് ഓഫീസറുടെ ഭാര്യയെ പെരേഡ് ബസാറിൽ ഷോപ്പിങ്ങിനായി ഇറക്കിവിട്ട ഭരതൻ മടക്കയാത്രയിൽ അവരെ കൂട്ടാതെപോന്നു എന്ന കുറ്റത്താൽ ജോലിയിൽനിന്ന് പിരിച്ചുവിടപ്പെടുന്നു. കൂടാതെ രണ്ടു കൊലപാതകങ്ങളിൽ കൂടി അയാൾ പ്രതിയാക്കപ്പെടുന്നു. സ്വദേശം ഉപേക്ഷിച്ച് ജോലിതേടി ദൽഹിയിലെ ഐ.ഐ.ടിയിൽ എത്തപ്പെട്ട് അധികാരശ്രേണിയുടെ ഹിംസാത്മകതയിൽ ഹോമിക്കപ്പെട്ട ഭരതൻ എന്ന പ്രവാസി ബഹിഷ്കൃതമായ മലയാളിയുടെ മൊത്തം പ്രതിനിധാനമാണ്.[7] പ്രവാസജീവിതാവസ്ഥ ദാർശനികമായും ചരിത്രപരമായും അടയാളപ്പെടുത്തിയ നോവലാണ് *ഭരതൻ.*

മലയാറ്റൂരിന്റെ (1927-1997) *വേരുകൾ* (1966), *യന്ത്രം* (1976) എന്നീ നോവലുകളിലും പ്രവാസം ശക്തമായ പ്രമേയമാകുന്നുണ്ട്. മലയാറ്റൂരിന്റെ ആത്മകഥാംശം ഏറെയുള്ള നോവലാണ് *വേരുകൾ*. നാട്ടിലെ വേരുകൾ പിഴുതെറിയപ്പെടാതെ നഗരജീവിതത്തിൽ പ്രവാസിയായിക്കഴിയുന്ന രഘു എന്ന നായകനിലൂടെ മലയാറ്റൂർ നാഗരികപരിഷ്കാരങ്ങളുടെ പൊള്ളത്തരത്തിലേക്കും നാടൻനന്മകളുടെ ഹൃദയാവർജ്ജകതയിലേയ്ക്കും വിരൽചൂണ്ടുന്നു. ഗ്രാമീണമനസ്സും ഗ്രാമസ്മൃതികളും നിധിപോലെ കാത്തുസൂക്ഷിച്ചുകൊണ്ട് നഗരത്തിൽ കഴിയുന്ന ഐ.എ.എസ് ഉദ്യോഗസ്ഥനായ രഘു തന്റെ വേരുകൾ അറുത്തുമാറ്റാൻ കഴിയാതെ നാട്ടിലേയ്ക്ക് തിരിച്ചുവരുന്നുണ്ട്.

ബാലചന്ദ്രൻ എന്ന യുവ ഐ.എ.എസുകാരന്റെ കഥയാണ് *യന്ത്രം.* ബോംബെ നഗരമാണ് ഈ നോവലിലെ പ്രവാസപശ്ചാത്തലം. മനുഷ്യനെ യന്ത്രമാക്കി മാറ്റുന്ന ഇന്ത്യൻ നാഗരികതയുടെ ചിത്രം ഈ നോവലിൽ കാണാം. ബാലചന്ദ്രനിലൂടെയാണ് അധികാരരാഷ്ട്രീയത്തിന്റെ അഴുക്കുചാലുകൾ നോവലിസ്റ്റ് നമുക്ക് പറഞ്ഞുതരുന്നത്. ദൂരെ നാട്ടിൻപുറങ്ങളിൽ ജനിച്ചുവളർന്ന ആളുകളെ എന്നും തീവണ്ടികൾ ബോംബെ നഗരത്തിൽ കൊണ്ടുചെന്നിറക്കുന്നു. നഗരത്തിന്റെ ആകർഷണത്തിൽ മയങ്ങിയെത്തുന്നവർക്ക് ഓഫീസുകളുടെയും ഫാക്ടറികളുടെയും അദൃശ്യമായ ചങ്ങലക്കണ്ണികൾ പ്രലോഭനമാകുന്നു. അടിമകളാകാൻ വിധിക്കപ്പെട്ട് വൻനഗരത്തിൽ വന്നുകൂടിയവർക്ക് പഴയ മേൽവിലാസവും സ്വത്വവും നഷ്ടപ്പെടുന്നു. ആദർശശീലനായ, നിശ്ചയദാർഢ്യമുള്ള മറ്റൊരു പ്രവാസിയാണ് ജയിംസ്. അതിജീവനത്തിനായി പെടാപ്പാട് പെടുമ്പോഴും ഉത്തമകുടുംബജീവിതം നയിക്കാൻ അയാൾക്ക് സാധിക്കുന്നു. ഇങ്ങനെ അനേകം പ്രവാസികളെ ഈ നോവലിൽ കാണാം.

ബഷീറിന്റെ കഥാപാത്രങ്ങളെപോലെതന്നെ യാത്രികരാണ് എം.ടി.യുടെ കഥാപാത്രങ്ങളും. പ്രവാസികളുടെ ഇടത്താവളമായി മാറുന്ന നഗരം എം.ടി.യുടെ

രചനകളിൽ പ്രബലമാകുന്നതിന് ഉദാഹരണമാണ് *കാലം* (1969) എന്ന നോവൽ. കോളേജ് വിദ്യാർത്ഥിയായാണ് സേതു ആദ്യം കോഴിക്കോട് നഗരത്തിലെത്തുന്നത്. പാവപ്പെട്ട ഗ്രാമീണവിദ്യാർത്ഥികൾ അനുഭവിക്കേണ്ടിവരുന്ന നാഗരികതയുടെ ക്രൂരമുഖങ്ങൾ സേതുവിന് അവിടെവച്ച് അനുഭവിക്കേണ്ടിവരുന്നു. പിന്നീട് നഗരത്തിൽ ഉദ്യോഗസ്ഥനും മുതലാളിയുമൊക്കെയായി മാറിയ സേതു യാദൃച്ഛികമായി നാട്ടിൻപുറത്തെത്തുമ്പോൾ തനിക്ക് നഷ്ടമായ ഗ്രാമത്തെക്കുറിച്ചോർത്ത് ദു:ഖിക്കുന്ന പ്രവാസിയാണ്. നഷ്ടഗ്രാമത്തെ തിരികെ സ്വീകരിക്കാനോ നിരാകരിക്കപ്പെട്ട കാമുകിയെ ജീവിതത്തിലേക്ക് വിളിക്കാനോ കഴിയാതെ നഗരത്തിലേക്കു പലായനം ചെയ്യാനായിരുന്നു സേതുവിന്റെ വിധി. ഒടുവിൽ നഗരത്തിൽ തോറ്റുതിരിച്ചെത്തിയപ്പോൾ സാന്ത്വനവും തിരിച്ചറിവും നൽകിക്കൊണ്ട് ഗ്രാമം ആ പ്രവാസിയെ സ്വീകരിക്കുന്നു. ''ഗ്രാമീണതയിൽനിന്നും പറിച്ചകറ്റുകയും നാഗരികതയിലേക്ക് കയറിപ്പറ്റാൻ പ്രതിബന്ധങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന കാലത്തിന്റെയും വിധിയുടെയും ഇരയാണ് സേതു.''[8] പ്രവാസിയുടെ സഞ്ചാരപഥങ്ങൾ ഇടത്താവളമായി പ്രത്യക്ഷപ്പെടുന്ന നഗരങ്ങൾക്ക് പ്രലോഭനത്തിന്റെയും മായികകവാടങ്ങളുടെയും ജീർണ്ണതയുടെയും മുഖമാണെന്ന് സേതു തിരിച്ചറിയുന്നു. പലായനങ്ങളുടെ തുടർക്കഥയായി മാറിയ സേതുവിന്റെ ജീവിതം ആധുനികനഗരങ്ങളിൽ വേരുറപ്പിക്കാനുള്ള ശ്രമത്തിൽ സ്വന്തം ഗ്രാമത്തിലെ വേരുകൾ നഷ്ടപ്പെടുന്നവർക്കുള്ള താക്കീതാണ്.

*നാലുകെട്ട്* (1958)ലെ അപ്പുണ്ണി നാടുവിടുന്നത് ഗ്രാമവും തറവാടും മടുത്തിട്ടാണ്. ദാരിദ്ര്യമോ, അപമാനമോ, സ്വന്തം കാലിൽ നിൽക്കാനുള്ള ആഗ്രഹമോ അങ്ങനെ എന്തെങ്കിലും കാരണങ്ങൾ ഇവരെ ഗ്രാമത്തിൽനിന്ന് വിട്ടുനിൽക്കാൻ പ്രേരിപ്പിക്കുന്നു. ഗ്രാമത്തിൽ തങ്ങൾക്ക് നിഷേധിക്കപ്പെട്ടത് പിടിച്ചുവാങ്ങിക്കൊണ്ട് പുതിയൊരു ജീവിതം നയിക്കുകയാണ് തിരിച്ചെത്തുന്നതിന്റെ ലക്ഷ്യം. ഇങ്ങനെ നാടുവിടുകയും തിരിച്ചെത്തുകയും ചെയ്യുന്ന ഒരു നായകനെ നാം ആദ്യം കാണുന്നതും ഈ നോവലിലാണ്. അപ്പുണ്ണി നാടുവിട്ടുപോകുന്നത് വയനാട്ടിലേക്കാണ്.

അവിടെ എസ്റ്റേറ്റിലെ കണക്കെഴുത്തുകാരനാവുകയും ആവശ്യത്തിന് പണം സമ്പാദിക്കുകയും ചെയ്തശേഷം അയാൾ ഗ്രാമത്തിലേക്കുതന്നെ തിരിച്ചെത്തുന്നു.

മേൽപ്പറഞ്ഞ രചയിതാക്കളുടെ രചനകളിൽ പ്രവാസം പ്രമേയമായി അധികസന്ദർഭങ്ങൾ സൃഷ്ടിക്കപ്പെടുന്നില്ല. എങ്കിലും ചില സാഹചര്യങ്ങളിൽ പ്രവാസത്തിന്റെ സാമാന്യനിയമങ്ങൾ നോവലുകളിൽ കണ്ടെത്താം. സമുദായത്തിന്റെ പരമ്പരാഗതചട്ടക്കൂടുകൾ തകരുകയും പുതിയ ചട്ടക്കൂട് രൂപം കൊള്ളാതിരിക്കുകയും ചെയ്ത കാലസന്ധിയിൽ ജീവിതത്തിൽനിന്ന് ഒളിച്ചോടാനാഗ്രഹിച്ച ഒരു തലമുറയെ നമുക്ക് ഇത്തരം നോവലുകളിൽ കണ്ടെത്താം. മാറിയ സാമൂഹികപരിതസ്ഥിതികളിൽ അന്യനാടുകളിലോ നഗരങ്ങളിലോ പ്രവാസികളായി കഴിഞ്ഞുകൂടാൻ വിധിക്കപ്പെട്ട ഗ്രാമീണന്റെ ഏകാന്തതയും ഗൃഹാതുരത്വവുമാണ് പിൽക്കാലനോവലിസ്റ്റുകൾ പ്രധാനവിഷയങ്ങളാക്കിയത്. കാക്കനാടൻ, ഒ.വി. വിജയൻ, മുകുന്ദൻ തുടങ്ങിയവരുടെ നോവലുകളിൽ കാണുന്ന അസ്തിത്വപ്രതിസന്ധിയുടെ ഊരാക്കുടുക്കുകൾ ഇവർ തങ്ങളുടെ നോവലുകളിൽ അവതരിപ്പിക്കുന്നില്ല. ഗ്രാമത്തിലെ വേരുകൾ പൂർണ്ണമായി നഷ്ടപ്പെട്ടിട്ടില്ലാത്തതും പ്രതീക്ഷകൾ അവശേഷിക്കുന്നതുമായ ഒരു കാലഘട്ടമാണ് ഈ തലമുറയിലെ നോവലുകളിൽ കാണുന്നത്. റെയ്മണ്ട് വില്യംസ് പറയുന്നതുപോലെ നാഗരികമായ പുതിയ സമ്മർദ്ദങ്ങളോടും പൊതുപ്രത്യേകതകളോടുമുള്ള പ്രതികരണമെന്നതിനേക്കാൾ വൈയ്യക്തികാനുഭൂതികളിൽനിന്ന് ഊറിക്കൂടിയ അനുഭവപ്രതിസന്ധിയുടെ പ്രകാശനമെന്ന നിലയ്ക്കാണ് ഈ തലമുറയിലെ നോവലിസ്റ്റുകൾ നഗരജീവിതം അവതരിപ്പിക്കുന്നത്. നഗരവും ഗ്രാമവും രണ്ടനുഭവങ്ങളാണവർക്ക്.[9]

### 2.3 പ്രവാസാഖ്യാനത്തിന്റെ മൂന്നാംഘട്ടം

1960-കളിലും അതിനുശേഷവും അന്യനായി മടങ്ങിയെത്തുന്ന മനുഷ്യൻ സ്വദേശത്തെ അപരിചിതഭാവത്തോടെ വീക്ഷിക്കുന്ന രീതി കൂടുതൽ സാമാന്യമാകുന്നു. നഗരസംസ്കാരം അതിന്റെ മുഴുവൻ തീവ്രതയോടെയും പ്രത്യക്ഷപ്പെടു

ന്നത് കാക്കനാടൻ, മുകുന്ദൻ ആനന്ദ്, ഒ.വി. വിജയൻ , വി.കെ.എൻ എന്നിവരുടെ കൃതികളിലാണ്. ഇവരെല്ലാം ജീവിതത്തിന്റെ നല്ലൊരുഭാഗം നഗരങ്ങളിൽ ജീവിച്ച വരാണ്. നഗരജീവിതപ്രശ്നങ്ങളുടെ നേർക്കാഴ്ചകൾ നൽകിയ അനുഭവങ്ങളിൽ നിന്നാണ് അവരുടെ കൃതികൾ പിറവിയെടുക്കുന്നത്. അതിനാൽ അനുഭവപശ്ചാ ത്തലത്തിൽനിന്ന് ഉയിരെടുക്കുന്ന അവരുടെ ആഖ്യാനകലയിൽ അവരനുഭവിച്ച ദുരൂഹവും അസ്വാഭാവികമായ യാഥാർത്ഥ്യങ്ങൾ ഉൾച്ചേർന്നിരിക്കുന്നു. ആധുനിക തയുടെ ഘടകപ്രവണതയായി പ്രവാസം കടന്നുവരുന്നതിന് അക്കാലത്തെ സാമൂ ഹികപശ്ചാത്തലംകൂടി കാരണമായിട്ടുണ്ട്. നഗരവത്കരണവും വ്യവസായവത്കര ണവും ത്വരിതഗതിയിലായതോടെ യുവാക്കൾ തൊഴിൽതേടി നഗരങ്ങളിൽ എത്ത പ്പെടുന്ന അവസ്ഥ സംജാതമായിത്തീർന്നു. ഇത്തരം സാഹചര്യങ്ങളിലാണ് നഗര ജീവിതം പശ്ചാത്തലമാക്കിക്കൊണ്ട് ആധുനികനോവലുകൾ പിറവിയെടുക്കുന്നത്.

കമ്മ്യൂണിസ്റ്റ്പാർട്ടിയ്ക്ക് ഭാരതമൊട്ടാകെ നിരോധനമുണ്ടായിരുന്ന സ്വാത ന്ത്ര്യാനന്തര കാലഘട്ടത്തെ അവതരിപ്പിച്ചുകൊണ്ടാണ് കാക്കനാടന്റെ(1935-2011) *ഉഷ്ണമേഖല* (1969) ആരംഭിക്കുന്നത്. അച്ഛന്റെ മരണത്തെത്തുടർന്ന് ശിവൻ കുടുംബത്തോടുള്ള ബാധ്യതയാൽ തൊഴിൽതേടി; താൻ ജീവനെപ്പോലെ കരുതി യിരുന്ന പ്രസ്ഥാനത്തെയുപേക്ഷിച്ച് നഗരത്തിലേക്ക് യാത്രയാകുന്നു. പ്രസ്ഥാന ത്തോടുള്ള കടപ്പാടും തന്റെ അമ്മയെയും സഹോദരങ്ങളെയും സംരക്ഷിക്കേണ്ട ബാധ്യതയും തമ്മിലുള്ള സംഘർഷാവസ്ഥ ശിവനിൽ സങ്കീർണ്ണമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. കുടുംബാംഗങ്ങൾ അയാളുടെ പണത്തിൽമാത്രം താൽപ്പര്യം കാണിക്കുന്നതും അനുജനായ കേശവൻകുട്ടി അതിവിപ്ലവപാതയിലൂടെ പുതിയ പ്രസ്ഥാനവുമായി നീങ്ങുന്നതുമെല്ലാം ശിവന്റെ വ്യക്തിപരമായ ലക്ഷ്യത്തിന് സംഭ വിച്ച പാളിച്ചകളായിരുന്നു. വേരുകൾ നഷ്ടപ്പെട്ട ശിവൻ മുഖം നഷ്ടപ്പെട്ട് യന്ത്രമ നുഷ്യനായിത്തീരുന്നു.

സംശുദ്ധഗ്രാമീണപശ്ചാത്തലത്തിൽനിന്ന് തൊഴിൽതേടി നഗരത്തിലെത്തിയ വാസുവെന്ന ചെറുപ്പക്കാരനിൽ സംഭവിക്കുന്ന വ്യവഹാരപരിവർത്തനങ്ങളുടെ കഥയാണ് *ഈ നായ്ക്കളുടെ ലോകം* (1983). ആദ്യകാലത്ത് ആഹാരത്തിനും കിടപ്പാടത്തിനുമായി ബുദ്ധിമുട്ടിയെങ്കിലും അധോലോകത്തിന്റെ വഴികളിലൂടെ വാസു പെട്ടെന്നുതന്നെ സമൂഹത്തിൽ ഉന്നതനായി മാറി. സമ്പന്നതയുടെ പടവുകൾ കയറിയ അയാളുടെ ജീവിതവീക്ഷണത്തിന് രണ്ട് മുഖങ്ങളുണ്ട്. ഒന്ന് മൊയ്തീൻകുട്ടി, ശേഖരൻമാസ്റ്റർ, മല്ലിക തുടങ്ങിയവരോടുള്ള സ്നേഹത്തിന്റെ തലമാണ്. അസ്തിത്വവും പ്രതീക്ഷകളും കവർന്നെടുത്തവരോടുള്ള പ്രതിഷേധമാണ് രണ്ടാമത്തേത്.

നമ്പൂതിരിസമുദായത്തിന്റെ സാമ്പത്തികാധഃപതനവും ഫ്യൂഡലിസത്തിന്റെ തകർച്ചയും ഭാവനയും പരിഹാസവും ഇടകലർത്തി ആവിഷ്കരിക്കുന്ന കൃതിയാണ് *കോഴി* (1971). ഐക്കരമഠത്തിലുണ്ടായ സാമ്പത്തികത്തകർച്ചയുടെ ഫലമായാണ് കാരണവന്മാരുടെ മരണശേഷം അനന്തരവന്മാരായ നാരായണൻ, ദേവദത്തൻ, ഉണ്ണി, ശങ്കരൻ എന്നിവർ തൊഴിൽതേടി മദിരാശിയിലെത്തുന്നത്. കുടുംബരക്ഷയ്ക്ക് കോഴിവളർത്തലും സാമൂഹികോന്നമനത്തിന് കമ്മ്യൂണിസവും മാർഗ്ഗമെന്ന് കരുതിയ ദേവദത്തന്റെ പ്രത്യേകമായ വ്യവഹാരപരിവർത്തനത്തിന്റെ കഥയാണിത്. കൂടാതെ തൊഴിലിനെ ഒരു ദാർശനിക പ്രശ്നമായികാണുന്ന നോവലുകൂടിയാണിത്.

*സാക്ഷി*(1967)യിലെ നാരായണൻകുട്ടി പഠനത്തിനും തൊഴിലിനുമൊക്കെയായി ജന്മദേശത്തുനിന്നും നഗരത്തിലെത്തിച്ചേർന്നതാണ്. അയാൾക്ക് നഗരം ബോറിന്റെ ലോകമാണ്. ഗ്രാമത്തിൽ ശ്രീമാൻ കിട്ടുക്കുറുപ്പെന്ന അച്ഛന്റെ മരണക്കിടക്കയ്ക്ക് അരികിലിരിക്കുന്നതുപോലും അയാൾക്ക് ബോറാണ്. ഇവിടെ മകന് അച്ഛനോടുള്ള ബന്ധംപോലും കാക്കനാടൻ പൊളിച്ചെഴുതുന്നു. ഇങ്ങനെ സ്വന്തം നാട്ടിൽനിന്ന് വിട്ടുനിൽക്കുകയും തൊഴിലിനും താമസത്തിനുമായി അലയുകയും

ചെയ്യുന്ന വ്യക്തികൾ കാക്കനാടന്റെ മിക്കനോവലുകളിലും കടന്നുവരുന്നു. വ്യക്തി പരമായ പ്രവാസികളുടെ സ്വഭാവഗതി ആഖ്യാനകലയെ സ്വാധീനിച്ചതിനുള്ള തെളിവുകളായി ഇതിനെ കരുതാം.

നോവൽമാർഗ്ഗത്തിൽ പ്രവാസമെന്ന ദേശചരിത്രാനുഭവത്തെ രാഷ്ട്രീയ തത്വചിന്തകളിലൂടെ അവതരിപ്പിച്ചത് ഒ.വി. വിജയനാണ് (1931–2005) *പ്രവാചകന്റെ വഴി, ഗുരുസാഗരം* തുടങ്ങിയ നോവലുകളിലിത് കാണാം. പാപബോധംകൊണ്ടു ഴറി സന്ദേഹിയായി വീട്ടിൽനിന്ന് പാലായനം ചെയ്ത രവിയെന്ന അഭ്യസ്തവിദ്യ നായ യുവാവിന്റെ ജീവിതകഥയാണ് *ഖസാക്കിന്റെ ഇതിഹാസ*ത്തിലെ (1969) പ്രമേയം. അച്ഛൻ പുനർവിവാഹം ചെയ്ത ചിറ്റമ്മയുമായി അവരുടെ നിർബന്ധ ത്തിനുവഴങ്ങി രവിക്ക് ലൈംഗികബന്ധത്തിലേർപ്പെടേണ്ടിവരുന്നു. അച്ഛൻ മയങ്ങു മ്പോൾ താൻ ചെയ്ത പാപം അയാളെ മാനസികമായി വേട്ടയാടി. ഹോസ്റ്റലിലെ ജീവിതമോ കൂട്ടുകാരി പത്മയോ അയാൾക്ക് ആശ്വാസമേകിയില്ല. ബുദ്ധിമാനായ രവിക്ക് ഒരു അമേരിക്കൻ പ്രൊഫസർ ഫെല്ലോഷിപ്പ് വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ പാപഭീതിയും അശാന്തിയും പീഡിപ്പിച്ച രവിയെ ശാന്തനാക്കാൻ അതി നൊന്നും കഴിഞ്ഞില്ല. പരീക്ഷാത്തലേന്ന് അയാൾ ഹോസ്റ്റൽ വിട്ട് യാത്രയാവുന്നു. പേരറിയാത്ത നഗരങ്ങളിലും ആശ്രമങ്ങളിലും കുഷ്ഠരോഗാലയങ്ങളിലും അല ഞ്ഞ രവി പാപത്തിൽനിന്ന് പാപത്തിലേക്കാണ് സഞ്ചരിച്ചത്. ഒടുവിൽ ജില്ലാ ബോർഡിന്റെ പദ്ധതിയനുസരിച്ചുള്ള ഏകാധ്യാപകവിദ്യാലയം സ്ഥാപിക്കാനായി അയാൾ പാലക്കാടിന്റെ കിഴക്കൻ അതിർത്തിയിലുള്ള ഖസാക്ക് എന്ന ഗ്രാമത്തി ലെത്തുന്നു. വ്യത്യസ്തനായ പ്രവാസിയാണ് രവി.

1971-ലെ ബംഗ്ലാദേശ് യുദ്ധപശ്ചാത്തലത്തിൽ ഉണ്ടായ നോവലാണ് *ഗുരു സാഗരം* (1987). ദില്ലിയിൽ പത്രപ്രവർത്തകനായ കുഞ്ഞുണ്ണിയാണ് ഈ നോവ ലിലെ പ്രവാസി. വർഷങ്ങളുടെ നീണ്ട യാത്രകൾക്കുശേഷം കേരളത്തിലെ തൂതപ്പു ഴയോരത്തെ മേലേക്കാട്ട് തറവാട്ടിൽ കുഞ്ഞുണ്ണി മടങ്ങിയെത്തുന്നു. കുഞ്ഞു

ണ്ണിയുടെ ഓർമ്മയിലൂടെയാണ് നോവൽ വികാസം പ്രാപിക്കുന്നത്. ശിവാനിയെന്ന ബംഗാളി യുവതിയുമായുള്ള കുഞ്ഞുണ്ണിയുടെ ജീവിതം തികഞ്ഞ പരാജയമായിരുന്നു. ബംഗ്ലാദേശിന്റെ പിറവിയിൽ കലാശിച്ച ഇന്ത്യാ-പാക്കിസ്ഥാൻ യുദ്ധവും, പൂർവ്വപാക്കിസ്ഥാനിൽ നിന്നുള്ള അഭയാർത്ഥി പ്രവാഹവും ഈ നോവലിലെ പ്രമേയമായിവരുന്നു. യുദ്ധം റിപ്പോർട്ട് ചെയ്യാനാണ് കുഞ്ഞുണ്ണി കൽക്കത്തയിലെത്തുന്നത്. 1984-ലെ ഇന്ദിരാഗാന്ധി വധത്തെത്തുടർന്ന് സിക്ക് സമുദായത്തിനെതിരെ ഉണ്ടായ കലാപങ്ങളുടെ രാഷ്ട്രീയപശ്ചാത്തലമാണ് *പ്രവാചകന്റെ വഴി* (1992) യിലെ ആഖ്യാനഭൂമിക. കേരളത്തിൽനിന്ന് ജോലി തേടി ദൽഹിയിലെത്തിയ കാർട്ടൂണിസ്റ്റ് നാരായന്റെ അനുഭവത്തിലൂടെ ഇന്ത്യയുടെ അനുഭവം വിവരിക്കുന്ന നോവലാണിത്.

കൃഷ്ണൻ, വിജയൻ, ഗോപാലൻ, ചന്ദ്രൻ എന്നിങ്ങനെ നാലു തലമുറകളാണ് *തലമുറകളി*ലെ(1997) പ്രവാസികളായി കടന്നുവരുന്നത്. ജാതീയതയുടെ പേരിലുള്ള അടിച്ചമർത്തലായിരുന്നു ഇവരെ പ്രവാസത്തിന് പ്രേരിപ്പിച്ച പ്രധാനഘടകം. സംസ്കൃതം പഠിക്കാൻ കൃഷ്ണനമ്മാവൻ നടത്തുന്ന കാശിയാത്രയാണ് *തലമുറകളി*ലെ പ്രവാസത്തിന്റെ ആദ്യഘട്ടം. പഠനത്തിനുവേണ്ടി നടത്തുന്ന പ്രവാസമായി കൃഷ്ണന്റെ യാത്രയെ നോവലിൽ അവതരിപ്പിച്ചിരിക്കുന്നു. എൻജിനീയറിങ് പഠിക്കുവാൻ ബിലാത്തിയിലേക്ക് പോകുന്ന ഗോപാലനാണ് *തലമുറകളി*ലെ രണ്ടാം പ്രവാസി. 'നീ നിന്റെ പഠനം പൂർത്തിയാക്കി ബിലാത്തിയിൽനിന്ന് തിരിച്ചുവരിക. കഴിയുമെങ്കിൽ പിണക്കങ്ങൾ മറന്ന് ഈ തറവാടിനെ ഉദ്ധരിക്കുക''[10] എന്ന ചാമിയാരപ്പന്റെ വാക്കുകളാണ് ഗോപാലനെ ഗ്ലാവ്ഗോവിലേക്ക് അയച്ചത്. എന്നാൽ പഠനശേഷം അയാൾ നാട്ടിലേയ്ക്ക് തിരിച്ചുവന്നില്ല. മറിച്ച് നാടുപേക്ഷിച്ച് ലണ്ടനിലേയ്ക്ക് തീവണ്ടി കയറി. നോവലിലെ മറ്റൊരു പ്രവാസി ചന്ദ്രനാണ്. ചന്ദ്രന്റെ ഓർമ്മകളിലൂടെയാണ് *തലമുറകളി*ലെ ഓരോ കഥാപാത്രവും കടന്നുവരുന്നത്. മദിരാശിയിലെ പഠനത്തിനുശേഷം ചന്ദ്രൻ ജോലിക്കായി ആംസ്റ്റർഡാമിലേക്കും പിന്നീട് ഹോങ്കോങ്ങിലേയ്ക്കും പോകുന്നു. പ്രവാസിയാകു

ന്നതിന്റെ കാരണമായി- ''അമ്മയ്ക്കും അച്ഛനും വേണ്ടി പണമുണ്ടാക്കാൻ''[11] എന്നാണ് ചന്ദ്രൻ പറയുന്നത്. പൊന്മുടിയിലേക്കുള്ള 'മാണിക്കോരന്മാരുട കുടിയേറ്റത്തെയും തലമുറകളിൽ അവതരിപ്പിക്കുന്നുണ്ട്. പലരെയും കുടിയിറക്കത്തിനും നാട്ടിൽനിന്നുള്ള പലായനത്തിനും പ്രേരിപ്പിച്ച 'പൊന്മുടിത്തറവാടിന്റെ' അവകാശികൾക്കും സ്വന്തം നാട്ടിൽനിന്നും പലായനം ചെയ്യേണ്ടതായി വരുന്നു. ഒരു ദേശത്തിന്റെ, കുടുംബത്തിന്റെ തലമുറകളുടെ കുടിയേറ്റചരിത്രം *തലമുറകളി*ൽ കണ്ടെത്താം.

1969-ൽ പ്രസിദ്ധീകരിച്ച വി.കെ.എൻ-ന്റെ *ആരോഹണ*ത്തിലെ പ്രവാസി പയ്യനാണ്. ഒരു പാർലമെന്റംഗത്തിന്റെ ചീഫ്കുക്കും എ.ഡി.സി -യുമായി തലസ്ഥാനത്തെത്തുന്ന ഇയാളിലൂടെ ദൽഹിരാഷ്ട്രീയം, പ്രാദേശികരാഷ്ട്രീയം, സാമൂഹികപ്രവർത്തനരംഗം, പത്രപ്രവർത്തനരംഗം എന്നിവയുടെ ശരിയായ മുഖങ്ങളെ നോവലിസ്റ്റ് അനാവരണം ചെയ്യുന്നു. ദൽഹിയിൽവച്ച് ആരംഭിക്കുന്ന പത്രത്തിലൂടെ ഭാരതരാഷ്ട്രീയത്തിലെ ഏറ്റവും കരുത്തുള്ള വ്യക്തിയായി പയ്യൻ വളരുന്നത് പ്രവാസത്തിന്റെ പശ്ചാത്തലത്തിൽ നോവലിൽ കാണാൻ സാധിക്കുന്നു.

ബോംബെ നഗരത്തെ പശ്ചാത്തലമാക്കിക്കൊണ്ട് ആനന്ദ് എഴുതിയ നോവലാണ് *ആൾക്കൂട്ടം* (1970). തൊഴിൽതേടിപ്പോകുന്ന പ്രവാസികളുടെ പ്രധാനയിടമാണ് ബോംബെ. സ്വന്തം നാടുപേക്ഷിച്ച് ബോംബെയിൽ എത്തിയവരോ ഗത്യന്തരമില്ലാതെ സ്വന്തം നാട്ടിൽനിന്ന് പുറപ്പെട്ട് പോകേണ്ടിവന്നവരുമായ കഥാപാത്രങ്ങളെ ആൾക്കൂട്ടത്തിൽ കണ്ടെത്താം. സുനിൽ, ജോസഫ്, സുന്ദർ, പ്രേം തുടങ്ങിയ പലരും തൊഴിലന്വേഷിച്ച് ഗ്രാമത്തിൽനിന്നും നഗരത്തിലെത്തിയവരാണ്. ജോസഫിന് നാട്ടിൽ അയാളെ കാത്തിരിക്കാൻ അമ്മ-പെങ്ങന്മാരടങ്ങിയ ഒരു കുടുംബമുണ്ട്. പക്ഷേ, അവരോടുള്ള സ്നേഹത്തിനും കടപ്പാടിനും യോജിച്ചവിധം പ്രവർത്തിക്കാൻ നഗരജീവിതം അയാളെ അനുവദിക്കുന്നില്ല. നഗരജീവിതം മാറ്റിമറിച്ച വ്യക്തിത്വത്തിനുടമയായ ജോസഫ് കിട്ടിയ ജോലികളിലൊന്നും സംതൃപ്തി

തോന്നാതെ പല തൊഴിലുകളും മാറിമാറി അന്വേഷിച്ചുകൊണ്ടിരിക്കുന്ന ഒരു കഥാപാത്രമാണ്. ബോംബെ നഗരത്തിന്റെ തിരക്കിൽ എത്തപ്പെട്ട ഓരോ പ്രവാസിയും ഏകാന്തതയും ഒറ്റപ്പെടലും അനുഭവിക്കുന്നവരാണെന്ന് ജോസഫ് മനസ്സിലാക്കുന്നു.[12] ഉയർന്ന ജനസംഖ്യയുള്ള ബോംബെയിലും മറ്റും തൊഴിലില്ലായ്മയും ദാരിദ്ര്യവും നിത്യസംഭവങ്ങളാണ്. ഇവരുടെ ഇടയിലേക്കാണ് പുതിയ തൊഴിലന്വേഷകർ വന്നുകൊണ്ടിരിക്കുന്നത്. പരസ്പരബന്ധമില്ലാത്തവരായ തന്റെ കുടുംബത്തിൽ നിന്നൊരു രക്ഷപ്പെടലാണ് രാധയ്ക്ക് തന്റെ ജോലി സ്ഥലം.

ഗംഗാതടത്തിൽ വളർന്ന ഭാരതീയസംസ്കാരത്തിന്റെ ഉദയവികാസങ്ങളുടെയും പതനാഭ്യുദയങ്ങളുടെയും കഥയാണ് *അഭയാർത്ഥികൾ(1984)* പറയുന്നത്. 1971 മേയ്മാസത്തിലെ ബംഗ്ലാദേശ് യുദ്ധമാണ് ആനന്ദിന്റെ അഭയാർത്ഥികൾക്ക് പശ്ചാത്തലമൊരുക്കുന്നത്. ഗൗതമൻ, സുമൻ, ഹരിദാസ് എന്നീ പ്രധാനകഥാപാത്രങ്ങളിലൂടെ വികസിക്കുന്ന ഈ നോവലിന്റെ പരിസരം ഉത്തരപൂർവ്വേന്ത്യയിലെ പൂർവ്വബംഗാൾ, കൽക്കത്ത, കാശി, സാരാനാഥ്, പാറ്റ്ന, ലക്നൗ, കൊണാർക്, അലഹബാദ് എന്നിവിടങ്ങളാണ്. ചിന്താശാലിയായ ഗൗതമന്റെ ശക്തവും സമ്പന്നവുമായ ധിഷണയിൽ ഭാരതീയസംസ്കാരത്തെക്കുറിച്ചും ഭാരതത്തെക്കുറിച്ചും തന്റെ മനസ്സിലുണർന്ന തീക്ഷ്ണചിന്തകളെ ആനന്ദ് പ്രകടിപ്പിക്കുന്നു. യുദ്ധങ്ങളിൽ മാത്രമല്ല അഭയാർത്ഥികൾ ഉണ്ടാകുന്നതെന്നും ജീവിതത്തിൽതന്നെ ഓരോ മനുഷ്യനും അഭയാർത്ഥികളാവുകയാണെന്നുമുള്ള മാഥൂറിന്റെ വീക്ഷണം ഗൗതമനെ ബുദ്ധന്റെ വഴികളിലേയ്ക്ക് ആനയിക്കുന്നു. ഇടത്തിൽനിന്നും കാലത്തിൽനിന്നും അഭയാർത്ഥികളായി പ്രവഹിച്ചുകൊണ്ടിരിക്കുന്ന മാനവചരിത്രം പൊരുതുന്ന മനുഷ്യന്റെ യാതനാപൂർണ്ണമായ പ്രശ്നങ്ങളിലും ജീവിതത്തിന്റെ അർത്ഥപൂർണ്ണമായ കാലത്തിലുമാണ് ഇടം തേടുന്നത്.

മനുഷ്യജീവിതത്തെ യന്ത്രസംസ്കാരം കീഴടക്കുകയും മൂല്യങ്ങൾ അപ്രസക്തമാക്കുകയും ചെയ്യുന്ന നഗരപശ്ചാത്തലത്തിൽ അലഞ്ഞുതിരിഞ്ഞുകൊണ്ട്

പ്രതിഷേധിക്കുന്നവരാണ് മുകുന്ദന്റെ നോവലുകളിലെ മുഖ്യകഥാപാത്രങ്ങൾ. നിരാശാബോധവും അതിൽ നിന്നുദ്ഭവിക്കുന്ന നിസ്സംഗതയുമാണ് വ്യക്തിയെ ജീവിതാഭിനിവേശത്തിൽനിന്ന് അകറ്റിനിർത്തുന്നത്. *ആവിലായിലെ സൂര്യോദയ* (1970)ലെ പ്രഭാകരൻ പ്രവാസിയാകുന്നത് തന്റെ അച്ഛമ്മയിൽനിന്നും അച്ഛനിൽനിന്നും രക്ഷപ്പെടാനാണ്. ഒരു സാധാരണ പ്രവാസിയെപ്പോലെ സാമ്പത്തികഞെരുക്കമല്ല അയാളെ പലായനത്തിലെത്തിക്കുന്നത്. ആവിലായിൽനിന്ന് ദൽഹിയെന്ന മഹാനഗരത്തിലേക്കുള്ള പലായനം ഗോവിന്ദക്കുറുപ്പെന്ന കാരാഗൃഹത്തിൽനിന്നുള്ള രക്ഷപ്പെടലായിരുന്നു. എത്രയോ ദിവസം യാത്രചെയ്തു, പഷ്ണികിടന്നു, പലരുടെയും അടിവാങ്ങി, അപമാനം സഹിച്ചു എന്നിട്ടും സന്തോഷം തോന്നി. തന്റെ നാടിനേക്കാൾ ക്രൂരമാണ് ദൽഹി നഗരം എന്ന് തിരിച്ചറിഞ്ഞ പ്രഭാകരൻ ആവിലായിലേക്ക് തന്നെ മടങ്ങുന്നു.

*ഹരിദ്വാറിൽ മണികൾ മുഴങ്ങുന്നു(1972)* എന്ന നോവലിലെ രമേശ് നിരന്തരം യാത്രചെയ്തുകൊണ്ടിരിക്കുന്നത്; ജീവിതത്തിന്റെ എല്ലാ സുഖങ്ങളും അനുഭവിക്കുമ്പോഴും ദുഃഖങ്ങളില്ലാത്തതുകൊണ്ടുള്ള ആത്മാവിന്റെ വ്യഥ ഇല്ലാതാക്കാനാണ്. ഭാംഗിനും, ചരസ്സിനും, കാമുകിയായ സുജയ്ക്കും നികത്താൻ കഴിയാത്ത ദുഃഖത്തെ ഇല്ലാതാക്കാനായി  അയാൾ ഹരിദ്വാറിൽ കഴിയുന്നു. സുജയെയും കൂട്ടി ഹരിദ്വാറിലെത്തിയ രമേശിന് തന്റെ അസ്തിത്വം കണ്ടെത്താൻ കഴിയുന്നത് ഹരിദ്വാറിൽ വച്ചാണ്. രമേശിന് മറ്റ് പല വാരാന്ത്യവിശ്രമകേന്ദ്രങ്ങളും മടുത്തതിന്റെ ഫലമായാണ് ഹരിദ്വാർ തിരഞ്ഞെടുക്കേണ്ടിവരുന്നത്. നഗരത്തിന്റെ തിരക്കുകൾക്കിടയിൽനിന്നും ഒളിച്ചോടാനുള്ള ത്വര മാത്രമായിരുന്നു ആ യാത്ര. ഈ അവസ്ഥയിലും രമേശിൽ നഗരവാസിയും പ്രാകൃതനും തമ്മിലുള്ള ദ്വന്ദയുദ്ധം നടന്നുകൊണ്ടിരിക്കുന്നു. നഗരസംസ്കാരത്തിന്റെ കുത്തൊഴുക്കിൽ വ്യക്തി അന്യനായിത്തീരുന്ന അവസ്ഥയാണ് ഈ നോവലിൽ മുകുന്ദൻ അവതരിപ്പിക്കുന്നത്.

*ഈ ലോകം അതിലൊരു മനുഷ്യനി(1972)*ലെ ഡെപ്യൂട്ടി സെക്രട്ടറി സദാശിവൻ ജോലി ആവശ്യാർത്ഥമാണ് കേരളത്തിൽനിന്ന് ഡൽഹിയിലെത്തുന്നത്. സദാശിവന്റെയും മീനാക്ഷിയുടെയും മകനായ അപ്പുവിന് ഇരുപത്തിനാല് വയസ്സാകുന്നതുവരെയുള്ള കഥാസന്ദർഭങ്ങളാണ് നോവലിന് വിഷയം. നാട്ടിൽനിന്ന് വരുന്ന തപാൽകത്തുകളാണ് മീനാക്ഷിയുടെ ഏക ആശ്വാസം. ഏതൊരു പ്രവാസിയെയും പോലെ സദാശിവന്റെ മനസ്സും നാട്ടിലാണ്. അതുകൊണ്ടയാൾ ശീമയിൽനിന്ന് ഒരു മദാമ്മയെ വേൾക്കാതെ കേരളത്തിലെ കുഗ്രാമത്തിൽ ചെന്ന് മീനാക്ഷിയുടെ കഴുത്തിൽ താലികെട്ടിയത്. മകനായ അപ്പു ഒരിടത്തും ഉറച്ചുനിൽക്കാതെ ഒന്നിൽനിന്ന് മറ്റൊന്നിലേക്ക് പലായനം ചെയ്തുകൊണ്ടിരിക്കുന്നു. തന്റെ മുറപ്പെണ്ണ് തന്നിൽനിന്നും ഗർഭിണിയാണെന്നറിഞ്ഞ അപ്പു നാടുവിട്ടുപോകുന്നു. അങ്ങനെ സമൂഹത്തിൽനിന്നും കുടുംബത്തിൽനിന്നും അപ്പു വളരെ പെട്ടെന്ന് അന്യവത്കരിക്കപ്പെടുകയും ലൈംഗികതകളിലൂടെയും ചിത്രരചനകളിലൂടെയും തന്റെ അസ്തിത്വത്തെ ദർശിക്കുകയും ചെയ്യുന്നു. ലോകമഹായുദ്ധകാലത്ത് റാംഗൂണിൽ അതിജീവിച്ച അക്തർ അലി പിന്നീട് തന്റെ ജന്മനാടായ ദൽഹിയിലേക്ക് മടങ്ങിവരുന്നതും നോവലിൽ കാണാം.

ഫ്രഞ്ചുകാർ മാഹി വിട്ടൊഴിഞ്ഞശേഷമുള്ള ആ കൊച്ചുപ്രദേശത്തിന്റെ സാമൂഹികചിത്രീകരണമാണ് *ദൈവത്തിന്റെ വികൃതികൾ(1989)* എന്ന നോവലിലെ ഇതിവൃത്തം. പ്രവാസികളായിപ്പോയ കുറേ ചെറുപ്പക്കാരിലൂടെ നാടിനുണ്ടായ ഉത്കർഷം ഈ നോവലിൽ ചിത്രീകരിക്കുന്നു. വിപ്ലവപ്രവർത്തനത്തിനിടെ വെള്ളക്കാരെ പേടിച്ച് നാടുവിട്ടുപോയ മാധവൻ ആറു വർഷത്തിനു ശേഷം ഒന്നും സമ്പാദിക്കാതെ തിരിച്ചുവരുന്നു. ഇതിനിടയിൽ അയാൾ മദിരാശിയിൽ ഹോട്ടലിൽ വിളമ്പുകാരനായും ബോംബെയിൽ ചുമട്ടുകാരനായും ജോലി ചെയ്തു. മൈക്കൽ കപ്പൽ കയറി പോയത് ഫ്രാൻസിലേക്കാണ്. മകൻ പൊന്നും പണവുമായി സമ്പന്നപ്രവാസിയായി തിരിച്ചുവരുമെന്ന് കരുതിയ മാഗിമദാമ്മയെ അവൻ മുക്കുപണ്ടം കൊടുത്തു പറ്റിക്കുന്നു. സൗഭാഗ്യങ്ങൾ തേടി കടൽകടന്നുപോയ ആടിനെ

പോറ്റുന്ന ചാത്തുവിന്റെ മകൻ ധർമ്മപാലൻ, കറുത്ത കണ്ണന്റെ മകൻ ഫൽഗുനൻ, മൂസ്സ എന്നിവർ സമ്പന്നപ്രവാസികളായാണ് തിരിച്ചെത്തുന്നത്. മാധവൻ വീണ്ടും നാടുവിട്ട് ദുബായിൽ പോയി സമ്പന്നനായി തിരിച്ചുവരുന്നു. കുഞ്ഞാമനും ഭാര്യയും ഫ്രാൻസിൽ കുടിയേറി പാർത്തതിനുശേഷം പിന്നീട് മയ്യഴിയിലേയ്ക്ക് തിരിച്ചുവന്നിട്ടില്ല. എന്നാൽ മക്കളായ മിത്രനും ശ്രീനിവാസനും നാട്ടിലേയ്ക്ക് തിരിച്ചുവരുന്നു. ഇത്തരത്തിൽ വിവിധ വ്യക്തികളുടെ വ്യത്യസ്തമായ പ്രവാസാനുഭങ്ങൾ ഈ നോവലിൽ കാണാം.

ആദിത്യൻ എന്ന പ്രവാസിയുടെ ജീവിതത്തിലെ ഉദ്വേഗജനകമായ ജീവിതമാണ് *ആദിത്യനും രാധയും മറ്റു ചിലരും* എന്ന നോവലിലൂടെ മുകുന്ദൻ അനാവരണം ചെയ്യുന്നത്. അച്ഛനമ്മമാരുടെ ഇച്ഛയ്ക്കനുസരിച്ച് ഉന്നത പരീക്ഷാവിജയങ്ങൾ സ്വന്തമാക്കി എൻജിനീയറായി അമേരിക്കയിൽ ഗവേഷണത്തിന് പോകുകയും അവിടെത്തന്നെ ഉദ്യോഗം സ്വീകരിക്കുകയും ചെയ്ത പ്രവാസിയാണ് ആദിത്യൻ. മാതാപിതാക്കളുടെ അമിതമായ താൽപ്പര്യമാണയാളെ അമേരിക്കൻ പ്രവാസിയാക്കി മാറ്റിയത്. ഒടുവിൽ അമ്മയുടെ മരണശേഷം ആദിത്യൻ അമേരിക്കൻ പ്രവാസം അവസാനിപ്പിച്ച് നാട്ടിൽ തിരിച്ചെത്തി താൻ അതുവരെ അമ്മയ്ക്കുവേണ്ടി സ്വന്തമാക്കിയ എല്ലാ വസ്തുക്കളും, ഡിഗ്രി സർട്ടിഫിക്കറ്റുകളും അമേരിക്കൻ പൗരത്വരേഖകളുമെല്ലാം അമ്മയുടെ മൃതദേഹത്തിന് കാൽക്കീഴിൽ അടിയറവുവച്ച് മൃതദേഹത്തോടൊപ്പം സംസ്കരിക്കുകയും ഭാര്യയെ സ്വതന്ത്രയാക്കുകയും ചെയ്യുന്നു. ഒടുവിൽ സമ്പത്തു മുഴുവൻ ഒരു പ്രമുഖ പരിസ്ഥിതി സംഘടനയ്ക്ക് കൈമാറി പിന്നീട് ഒരു പഴയ സിത്താർ വാങ്ങി എങ്ങോ മറയുന്നിടത്ത് നോവൽ അവസാനിക്കുന്നു. ദൽഹിയിലാണ് നോവലിലെ ഭൂരിഭാഗം സംഭവങ്ങളും നടക്കുന്നത്. നാലുനൂറ്റാണ്ടു പിന്നിലെ സംഭവങ്ങൾക്ക് വേദിയാകുന്നത് ഗ്വാളിയറാണ്.

സമീപകാലത്തായി ജീവിതരീതിയിലും ഭൗതികോപാധികളിലും ഉണ്ടായ പരിവർത്തനം ഒരു പ്രത്യേകതരം പ്രവാസം രൂപപ്പെടുത്തുന്നുണ്ട്. അത് പുതിയകാലത്തിന്റെ സമാന്തരലോകമായ സൈബർലോകത്ത് (പ്രതീതി ലോകത്ത്) മനസർപ്പിക്കുമ്പോൾ സംഭവിക്കുന്ന പ്രവാസമാണ്. പുതിയ തലമുറ ഏറെയും കമ്പ്യൂട്ടർ ഇന്റർനെറ്റിന്റെയും പ്രതീതിലോകത്ത് അഗാധമായി മുഴുകുകയും സ്ഥലകാലങ്ങൾ വിസ്മരിക്കുകയും ചെയ്യുന്നു. പുതിയ കാലത്തിന്റെ പ്രവാസമിതാണ്. മലയാളത്തിലെ ആദ്യസൈബർനോവൽ എന്ന് വിശേഷിപ്പിക്കപ്പെടുന്ന *നൃത്ത(2000)* ത്തിലെ പ്രവാസി ബാലകൃഷ്ണനാണ്.  തന്റെ നാൽപ്പത്തിയെട്ടാമത്തെ വയസ്സിൽ ടി.പി. ശ്രീധരൻ ഒരു ഇ.മെയിൽ മേൽവിലാസം സമ്പാദിക്കുന്നു. ഇതിലൂടെയാണ് അഗ്നിയെന്ന അപരനാമധേയമുള്ള ബാലകൃഷ്ണൻ എന്ന നർത്തകനായ പ്രവാസിയുടെ കഥ ശ്രീധരൻ അറിയാൻ ഇടവരുന്നത്. കളരിയഭ്യാസിയായ ബാലകൃഷ്ണൻ റോഡോൾഫിന്റെ നൃത്തസംഘത്തിലെ ഒരംഗമായിട്ടാണ് യൂറോപ്പിലെത്തുന്നത്. റോഡോർഫ് ആത്മഹത്യചെയ്തു എന്നറിഞ്ഞ അഗ്നി (ബാലകൃഷ്ണൻ) അയാളുടെ സംസ്കാരചടങ്ങുകളിൽ പങ്കെടുക്കാനെത്തുമ്പോൾ, റോഡോൾഫിന് എയ്ഡ്സ് ആയിരുന്നുവെന്നും തനിക്കും അത് ഉണ്ടെന്ന് തിരിച്ചറിയുമ്പോൾ നാട്ടിലേക്ക് മടങ്ങിയെത്തുന്നു.

ഇരുപത്തിരണ്ടാം വയസ്സിൽ ചോയിയുടെ ഫ്രാൻസിലേക്കുള്ള കപ്പൽയാത്രയിലൂടെയാണ് *കുടനന്നാക്കുന്ന ചോയി(2016)* എന്ന നോവൽ ആരംഭിക്കുന്നത്. കുട നന്നാക്കുന്ന തൊഴിൽ സ്വയം പഠിച്ചെടുത്ത് അതുമായി ജീവിക്കാൻ ശ്രമിച്ച ചോയി തന്റെയും കുടുംബത്തിന്റെയും ദരിദ്രാവസ്ഥയിൽ മനംമടുത്ത് ഫ്രാൻസിൽ പോകുകയും ഫ്രഞ്ച്പട്ടാളത്തിൽ ചേർന്ന് സേവനം നടത്തുകയും ചെയ്യുന്നു. ആഫ്രിക്കയിലെ ജിബൂത്തയിൽ കലാപം അമർച്ച ചെയ്യാൻ നിയുക്തനായ ചോയി അവിടെവച്ച് മരിക്കുന്നു. മരണാനന്തരം ചോയിയുടെ മൃതദേഹം നാട്ടിൽകൊണ്ടുവന്ന് സംസ്കരിക്കുന്നു. ചോയി ഫ്രാൻസിൽ എത്തുന്നതിനുമുൻപ് മാധവന്റെ

കയ്യിലൊരു ലക്കോട്ട് (കവർ) ഏൽപ്പിച്ചിരുന്നു. ഒരു നാടിന്റെ മുഴുവൻ ഉദ്വേഗമായി മാറിയ ചോയിയാണീ നോവലിലെ പ്രവാസി.

### 2.4 ദേശാന്തരപ്രവാസം - സിംഗപ്പൂരും അമേരിക്കയും

രണ്ടാംലോകമഹായുദ്ധകാലത്ത് സിംഗപ്പൂരിൽ താമസിച്ചിരുന്ന മലയാളികളുടെ ജീവിതം പശ്ചാത്തലമാക്കി വിലാസിനി (എം.കെ. മേനോൻ, 1928-1993) എഴുതിയ നോവലുകളാണ് *നിറമുള്ള നിഴലുകൾ, ഊഞ്ഞാൽ, അവകാശികൾ* എന്നിവ. മലയാളനോവൽ മറുനാടൻമലയാളികളുടെ സമൂഹത്തിൽ കേന്ദ്രീകരിച്ച് വളരാൻ തുടങ്ങിയ പരിണാമഘട്ടത്തിലെ ശക്തമായ സ്വരമാണ് വിലാസിനിയുടേത്. സിംഗപ്പൂർമലയാളികളുടെ രണ്ടു ദശാബ്ദത്തെ ചരിത്രമാണ് *നിറമുള്ള നിഴലുകൾ(1965).* സിംഗപ്പൂരിൽ താമസമുറപ്പിച്ച കേരളീയരെ പ്രമേയമാക്കിയാണ് നോവൽ മുന്നോട്ടുപോകുന്നത്. നാട്ടിൽ നിൽക്കാൻ ഗത്യന്തരമില്ലാതെ മലയായിലെത്തിയ രാഘവൻനായർ എന്ന പ്രവാസിയുടെ കുത്തഴിഞ്ഞ ജീവിതമാണ് നോവലിന്റെ ഇതിവൃത്തം. വെള്ളക്കാരും തമിഴരും മലയാളികളും ജപ്പാൻകാരുമുൾപ്പെട്ട വ്യത്യസ്ത പ്രവാസികളെ ഈ കൃതിയിൽ കണ്ടെത്താം.

കേരളീയജീവിതത്തിനും സിംഗപ്പൂർ ജീവിതത്തിനുമിടയിൽ ഉഴലുന്ന വിജയൻ എന്ന പ്രവാസിയുടെ മനസ്സാണ് *ഊഞ്ഞാൽ* (1969) എന്ന നോവൽ. സിംഗപ്പൂരിൽനിന്ന് നാട്ടിലേയ്ക്ക് വരുന്ന വിജയൻ പത്തുവർഷം മുമ്പ് സിംഗപ്പൂരിലേയ്ക്ക് പ്രവാസിയായി നാടുവിട്ടതാണ്. താൻ പ്രണയിച്ചിരുന്ന വിനോദിനിയെ വിവാഹം കഴിക്കണമെന്ന ആഗ്രഹത്തോടെ നാട്ടിലെത്തിയ വിജയൻ അവളുടെ വിവാഹം കഴിഞ്ഞുവെന്നും എന്നാലവളിപ്പോൾ വിധവയാണെന്നും മനസ്സിലാക്കുന്നു. വിനോദിനിയെ വിവാഹം കഴിക്കാനുള്ള ആഗ്രഹം വിജയൻ തുറന്നുപറയുന്നു. എന്നാൽ വിജയന് സിംഗപ്പൂരിൽ റീത്ത എന്ന സ്ത്രീയുമായി ബന്ധമുണ്ടെന്നറിഞ്ഞ വിനോദിനി വിവാഹത്തിന് തയ്യാറാകുന്നില്ല. വിജയൻ തിരിച്ച് സിംഗപ്പൂരിലേക്ക് തന്നെ മടങ്ങിപ്പോകുന്നിടത്ത് നോവൽ അവസാനിക്കുന്നു.

സിംഗപ്പൂരിൽ ജീവിച്ചിരുന്ന കാലത്ത് നോവലിസ്റ്റ് കണ്ട ജീവിതസത്യങ്ങൾ വാക്കുകളിൽ ആവിഷ്കരിക്കുകയാണ് *അവകാശികൾ(1980)* എന്ന നോവൽ. മലേഷ്യയിൽ താമസമാക്കിയ മലയാളികുടുംബത്തിന്റെ പശ്ചാത്തലത്തിൽ വളരെ സരസമായി ഒരു സമൂഹത്തിന്റെ കഥ പറയുന്നതിന് വിലാസിനിക്ക് സാധിക്കുന്നു. അദൃശ്യപ്രതാപനായ വേലുണ്ണിക്കുറുപ്പിന്റെ വമ്പിച്ച സമ്പത്ത് ഭാഗിക്കുന്നത് സംബന്ധിച്ച അവകാശത്തർക്കമാണ് മുഖ്യകഥാതന്തു. രാജിയുടെയും കൃഷ്ണനുണ്ണിയുടെയും ആത്മബന്ധം ഒരു ഉപകഥയായി ഇതിൽ വിവരിക്കുന്നു. കുടുംബബന്ധങ്ങളുടെ തകർച്ചയും ലൈംഗികഅരാജകത്വം മൂലമുണ്ടാകുന്ന പ്രതിസന്ധികളും നോവൽ തുറന്നുകാട്ടുന്നു. മലേഷ്യയുടെ തലസ്ഥാനമായ ക്വോലാലംപൂർ കൂടാതെ നോവലിസ്റ്റിന്റെ സാങ്കൽപ്പികസൃഷ്ടിയായ തന്ചോൻഗ് ബസാർ എന്നീ നഗരങ്ങളിലാണ് പ്രധാനസംഭവങ്ങൾ നടക്കുന്നത്.

മലയായിലും സിംഗപ്പൂരിലുമുള്ള മലയാളികൾ ന്യൂനപക്ഷമാണ്. എന്നാൽ ചുരുങ്ങിയ കാലംകൊണ്ടുതന്നെ വിദേശനാഗരികതയുടെ സജീവ പങ്കാളികളായി മാറാൻ മലയാളികൾക്ക് കഴിഞ്ഞു. പഴയ തലമുറക്കാരിൽ ജന്മനാടായ കേരളം സജീവമായ ഗൃഹാതുരസ്മരണകളോടെ നിലനിന്നിരുന്നു. ഉയർന്ന ജീവിതനിലവാരം, പാശ്ചാത്യവൽകൃതമായ സങ്കരസമൂഹം, മയക്കുമരുന്നുകളും സ്വതന്ത്രലൈംഗികജീവിതവും ഫാഷനാക്കിയ യുവാക്കൾ ഇവയൊക്കെ അറുപതുകളിലെയും എഴുപതുകളിലെയും സിംഗപ്പൂർജനതയുടെ ജീവിതത്തിൽ സൃഷ്ടിച്ചിട്ടുള്ള സംഘർഷങ്ങളുടെ ചിത്രങ്ങൾ *തുടക്കം, ചുണ്ടെലി, ഊഞ്ഞാൽ, അവകാശികൾ* തുടങ്ങിയ നോവലുകളിൽ പ്രതിപാദിക്കുന്നു.

അമേരിക്കൻ കുടിയേറ്റത്തിന്റെ കഥപറയുന്ന നോവലാണ് ഇ.എം. കോവൂരിന്റെ(1906-1983) *ഗുഹാജീവികൾ(1975)*. തന്റെയും കുടുംബത്തിന്റെയും ഭാവിയും ഐശ്വര്യവും അമേരിക്കയിൽ മാത്രമാണെന്നും ദാരിദ്ര്യവും ഇല്ലായ്മയും നിറഞ്ഞ ഇന്ത്യയിലല്ലെന്നുമുള്ള വിചാരമാണ് എൽസി എന്ന കഥാപാത്രത്തെ അമേരിക്ക

തിരഞ്ഞെടുക്കാൻ പ്രേരിപ്പിക്കുന്നത്.[13] അമേരിക്ക പോലുള്ള രാജ്യങ്ങളിലേയ്ക്ക് പോകാൻ സാധാരണക്കാരെ പ്രേരിപ്പിക്കുന്ന മുഖ്യഘടകവും ഇതുതന്നെയാണ്. നഴ്സിങ് പഠനത്തിനായി രാജസ്ഥാനിലേയ്ക്കും അവിടെനിന്നും തൊഴിലിനായി ന്യൂയോർക്കിലേയ്ക്കും അവൾ യാത്രയായി. പ്രവാസത്തിന്റെ ദുരിതങ്ങൾ ഏറ്റു വാങ്ങിജീവിക്കുന്ന കഥാപാത്രമാണ് ജേക്കബുകുട്ടി. സ്വന്തം നാടിന്റെ മൂല്യവും മഹത്വവും ഉള്ളിൽപേറി ജീവിക്കുന്ന പ്രവാസിയായിട്ടാണ് ജേക്കബുകുട്ടിയെ നോവലിൽ അവതരിപ്പിക്കുന്നത്. മതപ്രചാരണത്തിനു വേണ്ടി എത്തിയ സൈമൺ വാരിക്കോലിയും തൊഴിലിന്റെ ഭാഗമായി അമേരിക്കയിലെത്തിയ പ്രവാസിയാണ്. ഈ നോവലിലെ കഥാപാത്രങ്ങളുടെ പ്രവാസത്തെ തൊഴിലന്വേഷണപ്രവാസമായി കണക്കാക്കാം.

### 2.5 പട്ടാളനോവലുകൾ

പ്രവാസാനുഭവത്തിന്റെ ആഴവും പരപ്പുമുള്ള ദൃശ്യപഥങ്ങൾ നമ്മുടെ നോവൽസാഹിത്യത്തിൽ തെളിയുന്നത് 1950-കളോടെയാണ്. പ്രധാനമായും ജീവിതവൃത്തിക്കായി പട്ടാളസേവനം നിർവഹിക്കേണ്ടിവന്ന കലാകാരന്മാർ എഴുതിയ രചനകളിലൂടെയാണ് അത് അഭിവ്യക്തമായത്. യുദ്ധനോവൽ, സൈനികനോവൽ എന്നീ പാശ്ചാത്യപ്രസ്ഥാനങ്ങളിൽനിന്നും പല തലങ്ങളിലും വ്യത്യസ്തമാണെങ്കിലും പട്ടാളക്കാരുടെ വൈകാരികസംഘർഷങ്ങളുടെ ആവിഷ്കരണമെന്ന നിലയിൽ പട്ടാളനോവലുകൾ ഒരു പ്രസ്ഥാനമായിത്തന്നെ മലയാളത്തിൽ രൂപപ്പെട്ടു. കോവിലൻ, പാറപ്പുറത്ത്, നന്തനാർ തുടങ്ങിയ കഥാകൃത്തുക്കളുടെ രചനകളിലാണ് അത്തരമൊരു ലോകം തെളിഞ്ഞുവന്നത്. സ്വന്തം നാടുവിട്ട് അപരിചിതമായ നാടുകളിലെത്തുന്നവരെ കാത്തിരിക്കുന്നതുപോലെയുള്ള അവ്യവസ്ഥിതമായ ഒരു സിവിൽ സൊസൈറ്റിയിലേക്കല്ല സൈനികർ ചേക്കേറുന്നത്. അതുകൊണ്ട് സുരക്ഷിതത്വത്തെക്കുറിച്ചുള്ള ഉത്കണ്ഠ സാധാരണഗതിയിൽ ഒരന്യനാട്ടിൽ പട്ടാളക്കാർ അനുഭവിക്കണമെന്നില്ല. പക്ഷെ, റജിമെന്റേഷൻ അടിമത്വവും അന്യനാട്ടിൽ

സ്വന്തം സംസ്കാരത്തെ അന്യവത്കരിച്ചുകൊണ്ട് കഴിയേണ്ടിവരികയും ചെയ്യുന്ന അവസ്ഥയുടെ അസ്വാസ്ഥ്യം പട്ടാളനോവലുകളിൽ നിറഞ്ഞുനിന്നിരുന്നു. സ്വന്തം ഇടവും പ്രിയപ്പെട്ടവയും അകലത്തിലാകുമ്പോൾ ഉണ്ടാകുന്ന ഗൃഹാതുരത്വത്തെ അതിന്റെ പ്രകാരഭേദങ്ങളോടെ അവതരിപ്പിക്കുകയായിരുന്നു മേൽപ്പറഞ്ഞ രചയി താക്കൾ ചെയ്തത്. അവ നോവലിസ്റ്റുകളുടെ ഗ്രാമീണാനുഭവങ്ങളുടെ സ്മൃതിലോകങ്ങളെയാണ് പ്രധാനമായും സൃഷ്ടിച്ചത്. അവയിൽ പലതും മനസ്സു കൊണ്ടുള്ള മടക്കയാത്രയായിരുന്നു.

മലയാളസാഹിത്യത്തിൽ പ്രവാസം സൃഷ്ടിക്കുന്ന നഷ്ടബോധത്തിന്റെയും ഗൃഹാതുരത്വത്തിന്റെയും ഭാവപശ്ചാത്തലം ആദ്യമായി ദൃശ്യമാകുന്നത് കോവി ലന്റെ കൃതികളിലാണ്. പട്ടാളമെന്ന അധികാരസ്ഥാപനം നിന്ദ്യമായ ചൂഷണ ത്തിന്റെയും നീചമായ ഹിപ്പോക്രസിയുടെയും മടുപ്പിക്കുന്ന ജീവിതക്രമങ്ങളു ടെയും അരങ്ങാണ്. കോവിലന്റെ(1923-2010) കഥാപാത്രങ്ങൾ പ്രവാസത്തിന്റെ ദയ നീയാനുഭവങ്ങളുടെ ദുഃഖം പേറുന്നു. പിറന്ന നാടും വീടും ബന്ധവും വിട്ട് ബാര ക്കുകളിലേക്ക് കുടിയേറിയ മനുഷ്യന്റെ ദുരന്തങ്ങളാണ് *എ മൈനസ് ബി, ഹിമാ ലയം, ഏഴാമെടങ്ങൾ* എന്നീ നോവലുകളിലുള്ളത്. സ്വന്തം വേരുകളെക്കുറിച്ചുള്ള ഓർമ്മകളാണ് അഥവാ സ്വത്വത്തെ സംബന്ധിച്ച ബോധമാണ് എന്തും സഹിക്കാൻ പട്ടാളക്കാരനെ പ്രേരിപ്പിക്കുന്നത്.

കുടുംബപ്രാരബ്ധങ്ങൾമൂലം ജീവിതസ്വപ്നങ്ങളെല്ലാം ഉള്ളിലൊതുക്കി നിലനിൽപ്പിന്റെ മാർഗ്ഗം തേടി പട്ടാളത്തിലെത്തിയ ഒരുകൂട്ടം ചെറുപ്പക്കാരുടെ ജീവിതമാണ് *എ മൈനസ് ബി(1958)* എന്ന നോവൽ. കുടുംബം പോറ്റുന്നതിനായി എല്ലാം സഹിച്ചും പട്ടാളത്തെ ജീവനുതുല്യം സ്നേഹിക്കുന്ന പാവപ്പെട്ട ജവാ ന്മാരുടെ പലവിധത്തിലുള്ള ജീവിതങ്ങൾ ആവിഷ്കരിക്കപ്പെടുമ്പോൾ റെജിമെന്റേ ഷനിലൂടെ പ്രവാസത്തിന് വിധേയമായ ഒരു സമൂഹത്തെ അറിയാൻ സാധിക്കുന്നു. പുതുതായി പട്ടാളത്തിലെത്തിയ തോമസ് ചെറിയാൻ നാടിനെയും പ്രണയ

ത്തെയും മനസ്സിൽ താലോലിക്കുന്നവനാണ്. സ്ഥാപനവത്കരിക്കപ്പെട്ട തന്റെ ജീവിതത്തിൽ പ്രതിഷേധത്തിന് പോലും സ്ഥാനമില്ലെന്ന് അറിയുന്നതുകൊണ്ട് ജന്മനാടിന്റെ ഓർമ്മകളിൽ അയാൾ ആശ്വാസം കണ്ടെത്താൻ ശ്രമിക്കുന്നു. തന്നെ പ്രണയിക്കുന്ന രാജമ്മയാണ് തോമസിനെ നാടുമായി ബന്ധിപ്പിക്കുന്ന മറ്റൊരു ഘടകം. സ്വന്തം ഗ്രാമവും പ്രണയവും മനസ്സിൽ നിറഞ്ഞിരുന്നിട്ടും പട്ടാളത്തിലെ നിന്ദ്യവും ക്രൂരവുമായ അന്തരീക്ഷം അവനെ ആത്മഹത്യയിലേയ്ക്ക് തള്ളിവിടുന്നു.

ബാരക്കിനുള്ളിലെ ക്രൂരതകൾ ജീവിതത്തിന്റെ ഒരുഭാഗമായി കണ്ട് സൈന്യത്തെ ജീവനുതുല്യം സ്നേഹിക്കുന്ന നിരവധി ജവാന്മാർ ഈ നോവലിലുണ്ട്. നായക് വിദ്യാധരൻ വിവാഹത്തിനായി നാട്ടിൽപോയി പതിമൂന്നുദിവസം മാത്രം ഭാര്യയോടൊത്ത് കഴിഞ്ഞതിന്റെ മധുരസ്മൃതികളുമായി തിരിച്ചെത്തിയതിന്റെ ഒമ്പതാംദിവസം അപകടത്തിൽപ്പെട്ട് അയാളുടെ കൈ മുറിച്ചുമാറ്റേണ്ടിവരുന്നു. ഭാര്യയെ ഇതറിയിക്കാതെ ട്രേഡ് താഴ്ത്തപ്പെട്ട് അയാൾ കഴിയുന്നു. അംഗഭംഗം വന്ന ശരീരവും ഭാര്യയെക്കുറിച്ചുള്ള തപിക്കുന്ന സ്മരണകളുമായി കഴിയുന്നവനാണയാൾ. ഒടുവിൽ പട്ടാളത്തിൽ നിന്നയാളെ പിരിച്ചയയ്ക്കുന്നു.

പട്ടാളസംസ്കാരത്തിന്റെ കൊടുംഭീതി കാട്ടിത്തരുന്ന നോവലാണ് *ഏഴാമെടങ്ങൾ(1965)*. ഉന്നതോദ്യോഗസ്ഥരുടെ ഭാര്യമാരുടെ ഭരണത്തിൽ ആത്മാഭിമാനം തകർന്ന് വെള്ളം കോരികളും വിറകുവെട്ടികളുമായിത്തീരുന്ന ജവാന്മാരുടെ നഷ്ടതുല്യമായ ജീവിതത്വരകളെ ആർജ്ജവവും മൂർച്ഛയുമുള്ള ഭാഷയിൽ മാനസികമായ ഉൾക്കാഴ്ചയോടെ കോവിലൻ അവതരിപ്പിക്കുന്നു. പട്ടാളത്തിലെ അനീതികളെ ചോദ്യം ചെയ്തതിന്റെ പേരിൽ ശിക്ഷയനുഭവിക്കേണ്ടിവന്നതിലെ സംഘർഷമാണ് അരവിന്ദനിലുള്ളത്. കേണൽ നായിഡുവിന്റെ പൂച്ചട്ടികളിൽ കളർബൾബുകൾ പിടിപ്പിക്കാനായി നിയോഗിക്കപ്പെട്ടവനാണ് അരവിന്ദൻ. അധികാരത്തിന്റെ ഭീകരതകൾ നെറിയുള്ളവരിൽ മഹാപീഡനമായി മാറുന്നത് സരള

യിലും അരവിന്ദനിലും നാം കാണുന്നു. അരവിന്ദന്റെ നീതിബോധം കരിഞ്ചന്തയിൽ ജോലിചെയ്യുന്ന അച്ഛനോടുള്ള എതിർപ്പായി നേരത്തേതന്നെ പ്രത്യക്ഷപ്പെടുന്നുണ്ട്. പട്ടാളത്തിൽവച്ചും അനീതിക്കെതിരായ ചെറുത്തുനിൽപ്പായി അരവിന്ദന്റെ പ്രവൃത്തികൾ മാറുന്നു.

പട്ടാളക്കാരായ കുറെ മനുഷ്യരുടെ ചിതറിയ ചിന്തകളുടെയും ജീവിതത്തിന്റെയും ആവിഷ്ക്കാരമാണ് *ഹിമാലയം(1972)*. ഭയപ്പെടുത്തുന്ന രാത്രിയുടെ ഓർമ്മകൾ അയവിറക്കി ഹിമാലയസാനുക്കളിൽ വൺടണ്ണറിൽ വന്നെത്തുന്ന ഹവീൽദാർ രാജനെ അവതരിപ്പിച്ചുകൊണ്ടാണ് നോവൽ ആരംഭിക്കുന്നത്. അൽപ്പം മദ്യലഹരിയിൽ രാജൻ ഹിന്ദി മാത്രമറിയുന്ന ചങ്ങാതിക്ക് 'നാഴൂരിപ്പാലുകൊണ്ട് നാടാകെ കല്ല്യാണം' എന്ന ചൊല്ല് വിശദീകരിച്ചു കൊടുക്കുന്നു. ഈ വിശദീകരണത്തിനിടയിൽ ഭാഷാസംസ്കാരങ്ങളുടെ വ്യതിരിക്തതകളിലേയ്ക്കും ദേശീയ സംസ്കാരത്തിന്റെ സാമാന്യതയിലേയ്ക്കും രാജന്റെ ചിന്തകൾ തെന്നിപ്പോകുന്നുണ്ട്.[14] ആലിസഹീറിനാകട്ടെ കാമുകിയായ ജമീലയെ മറ്റൊരു വിവാഹത്തിൽനിന്ന് രക്ഷിക്കാനാകുന്നില്ല. അയാളെ പ്രതീകമാക്കിക്കൊണ്ടാണ് നഷ്ടസ്വപ്നങ്ങളേയും പേറി ജീവിതം തുലയ്ക്കുവാൻ വിധിക്കപ്പെട്ട ഒരു തലമുറയുടെ മുഖം കോവിലൻ അവതരിപ്പിക്കുന്നത്. മഞ്ചരേക്കറാകട്ടെ തന്റെ കാർഷികപൈതൃകത്തിൽ അഭിമാനം കൊള്ളുന്നവനാണ്. തങ്ങൾക്കന്യമായ നാടും വീടും സംസ്കാരവുമെല്ലാം ഓർമ്മകളിലൂടെ പട്ടാളക്കാരെ പിന്തുടർന്നുകൊണ്ടേയിരിക്കുന്നു. ''ജീവിതകാമനകളിൽനിന്നും സ്വാതന്ത്ര്യത്തിൽനിന്നും നിരന്തരം അന്യവത്ക്കരിക്കപ്പെടുന്ന മനുഷ്യരുടെ പടനിലങ്ങൾ കൂടിയാണ് കോവിലൻ ആവിഷ്ക്കരിക്കുന്ന ഓരോ പട്ടാളക്യാംപും[15] സിനിമയിലഭിനയിക്കാനും പാടാനുമൊക്കെയായി നാട്ടിൽനിന്ന് പുറപ്പെട്ട് വഞ്ചിതരായി ഹിമാലയത്തിൽ എത്തിച്ചേരുന്ന സൗദാമിനിയും പൊന്നമ്മയും ഒടുവിൽ മലയിടിച്ചിലിൽപെട്ട് ഇല്ലാതാകുകയാണ്. കുട്ടിക്കാലത്ത് ഈച്ചകളെ ഈർക്കിലിൽ കോർത്ത് രസിക്കുന്ന പ്രകൃതക്കാരനായിരുന്നു രാജൻ. അയാളുടെ

ബാല്യകാലസ്മൃതികളിലൂടെ കടന്നുവരുന്ന ഈ പരാമർശം ഹിമാലയത്തിലെ പിടയുന്ന മനുഷ്യജീവിതത്തെ വെളിപ്പെടുത്തുന്നു.

രാജൻ, ആലിസഹീർ, രഘുനാഥ്, തോമസ്, ശിവാനന്ദൻ, മഞ്ചരേക്കർ എന്നീ കഥാപാത്രങ്ങൾ ഗ്രാമജീവിതങ്ങളുടെ ദൈന്യവും നിസ്സഹായതയും സ്വകാര്യജീവിതത്തിൽ അനുഭവിക്കുന്നവരാണ്. *ഏഴാമെടങ്ങളി*ലെ അരവിന്ദൻ, ജോബ്, ദേവസഹായം, താണുപ്പിള്ള മുതലായവരും ദുരിതങ്ങളിലൂടെ ഭാണ്ഡവുമായി പട്ടാളത്തിൽ കുടിയേറിയവരാണ്. അന്യവൽക്കരിക്കപ്പെട്ട വ്യക്തിത്വങ്ങളെ കടുത്തതും പരുപരുത്തതുമായ ഭാഷകൊണ്ട് നോവലിസ്റ്റ് വരച്ചുകാട്ടുന്നു. അങ്ങനെ ഭാഷ സ്വയം പ്രവാസത്തിന്റെയും അധികാരത്തിന്റെയും ഹിംസാത്മകതയെ പ്രതിനിധാനം ചെയ്യുന്നു.

രണ്ടുദശാബ്ദത്തിലേറെക്കാലം പട്ടാളക്കാരനായിരുന്ന പാറപ്പുറത്താണ് (1924–1981) മലയാളത്തിലെ ആദ്യത്തെ പട്ടാളനോവൽ ആയ *നിണമണിഞ്ഞ കാൽപ്പാടുകൾ* (1955) എഴുതിയത്. മാത്യു എന്ന കഥാപാത്രത്തിന്റെ ഓർമ്മകളിൽ നിന്നാണ് നോവലിലെ രംഗങ്ങൾ ഇതൾ വിരിയുന്നത്. പിതാവിന്റെ ആകസ്മികമരണവും തുടർന്നുണ്ടായ സാമ്പത്തികബാധ്യതയുമാണ് മാത്യുവിനെ പട്ടാളത്തിലെത്തിച്ചത്. തന്റെ കളിത്തോഴിയായ തങ്കമ്മയും ഒരുമിച്ചുള്ള ദാമ്പത്യജീവിതം സ്വപ്നം കണ്ടെങ്കിലും സുഹൃത്തായ മാത്യുവിന്റെ സഹോദരി അമ്മിണിയെ വിവാഹം കഴിക്കേണ്ടിവരുന്നു. പന്ത്രണ്ട് കൊല്ലത്തെ സർവീസിനുശേഷം അയാൾ നാട്ടിലേയ്ക്ക് മടങ്ങുന്നു . മാത്യുവിന്റെ ട്രെയിനിംഗ്, ബാരക്ക്ജീവിതം, യുദ്ധാനുഭവങ്ങൾ, ഇറ്റലിയിലെയും കാശ്മീരിലെയും യുദ്ധമുന്നണികളുടെ ബാഹ്യവും സാങ്കേതികവുമായ വിവരണങ്ങൾ എന്നിവയോടൊപ്പം കഥാനായകന്റെ ഭഗ്നപ്രണയവും കുടുംബപ്രശ്നങ്ങളും വിവാഹജീവിതവും സൈനികാനന്തരജീവിതവും നോവലിലൂടെ ചിത്രീകൃതമാകുന്നു.

തന്നെ സ്നേഹത്തോടെ പരിചരിച്ച അമ്മാവന്റെ കുടുംബത്തിലെ പ്രാരബ്ധമാണ് *അന്വേഷിച്ചു കണ്ടെത്തിയില്ല* (1958) എന്ന നോവലിലെ സൂസമ്മയെ നഴ്സ് ജോലിക്കായി പട്ടാളത്തിലെത്തിച്ചത്. സാഹചര്യമായിരുന്നു അവരെ മിലിട്ടറി നഴ്സാക്കിയത്. ജീവിതാനുഭവങ്ങളാണ് സൂസമ്മയെ തന്റേടമുള്ളവളാക്കി മാറ്റുന്നത്. അതിനാൽ സൈനികോദ്യോഗസ്ഥന്റെ പിടിയിൽനിന്നും തന്ത്രപൂർവ്വം രക്ഷപ്പെടാനും നാട്ടുകാരുടെ വിമർശനപരിഹാസശരങ്ങളെ അവഗണിക്കാനും അവൾക്ക് സാധിക്കുന്നു. സേവനമനസ്ഥിതിയുള്ള ഒരു ആദർശകഥാപാത്രമായി ചിത്രീകരിക്കപ്പെടുന്ന നായികയിലൂടെയും തിമോത്തി, കാർത്തി, അച്ചാമ്മ തുടങ്ങിയ നഴ്സുമാരിലൂടെയും ബാരക്കുകളിലെയും സൈനികാശുപത്രകളിലെയും ജീവിതത്തിന്റെ വിഹ്വലതകളും വേദനകളും ഹൃദയാവർജ്ജകമായി വരച്ചുകാണിക്കാൻ നോവലിസ്റ്റിന് കഴിഞ്ഞിട്ടുണ്ട്. വേദനിക്കുന്ന മനുഷ്യരുടെ കണ്ണീരൊപ്പാൻ തുനിഞ്ഞതുകൊണ്ട് സ്വയം വേദനിക്കുകയും കണ്ണീരൊഴുക്കുകയും ചെയ്യേണ്ടിവരുന്ന സൈനികനഴ്സുമാരുടെ ജീവിതം മറ്റൊരു മലയാളനോവലിലും അവതരിക്കപ്പെട്ടിട്ടില്ല. ഒടുവിൽ സ്നേഹത്തിന്റെ തണൽ അന്വേഷിച്ചിട്ടും കണ്ടെത്താതെ ഏകയായി അങ്ങകലെയുള്ള മിഷൻ ഹോസ്പിറ്റലിലേയ്ക്കു പോകാൻ സൂസമ്മ തീരുമാനിക്കുന്നു.

അത്യന്തം തീഷ്ണമായ ഗൃഹാതുരത്വം പ്രതിഫലിക്കുന്ന നോവലാണ് *മനസ്സുകൊണ്ടൊരു മടക്കയാത്ര* (1976) ആത്മകഥാഗന്ധിയായ നോവലിൽ നോവലിസ്റ്റ് തന്നെയാണ് നായകൻ. പട്ടാളത്തിൽനിന്ന് പിരിഞ്ഞുപോരുന്ന മത്തായിബാബു തന്റെ കഴിഞ്ഞകാലജീവിതത്തിലേയ്ക്ക് ഒരെത്തിനോട്ടം നടത്തുകയാണീ നോവലിലൂടെ. 1962-ലെ ഇന്ത്യാ-ചൈന സംഘട്ടനപശ്ചാത്തലത്തിലൂടെ; നേഫയിലെ സപ്പർക്യാമ്പിൽ താവളമടിച്ചിരുന്ന ഇന്ത്യൻ പട്ടാളവിഭാഗത്തിന്റെ പിന്മാറ്റമാണ് ഈ നോവലിലെ പ്രമേയം. വനാന്തരത്തിലൂടെ നീങ്ങുന്ന മത്തായി നാട്ടിലെ കാര്യങ്ങൾ ഓരോന്നായി അയവിറക്കുന്നു. അത്യദ്ധ്വാനംകൊണ്ട് ക്ഷീണിച്ച ജവാന്മാർ ടെന്റിനുള്ളിൽ പൊന്നിൻ തിരുവോണത്തിന്റെ ഓർമ്മകളയവിറക്കി തളർന്നുകിടക്കുകയാ

ണ്. കൊച്ചുകോശി, ആസ്ത്മാരോഗിയും കിഴവനുമായ മുത്തു, ശത്രുവിന്റെ പീരങ്കി യേറ്റ് മരിച്ച ഗീവർഗ്ഗീസ്, സ്ത്രൈണസൗന്ദര്യമുള്ള ജോയി, ഒഴുക്കിൽപെട്ട് കാണാ തായ കുഞ്ഞാണ്ടി എന്നിവർ ഈ നോവലിലെ പ്രവാസികഥാപാത്രങ്ങളാണ്.

*പണിതീരാത്ത വീട്ടി*ലെ (1964) കഥാനായകനായ ജോസ് സൈനികനാണ്. നൈനിറ്റാൾ പശ്ചാത്തലമായുള്ള ഈ കഥയിൽ നായകന്റെ കുടുംബത്തിന്റെയും പരിചയക്കാരുടെയും സുഹൃത്തുക്കളുടെയും ജീവിതമാണുള്ളത്. നൈനിറ്റാളിലെ പട്ടാളകേന്ദ്രത്തിൽ ഗുമസ്തനായ ജോസിന് തന്റെ കുടുംബത്തെപ്പറ്റിയുള്ള ഗൃഹാ തുരസ്മരണകൾ എപ്പോഴും മഥിച്ചുകൊണ്ടിരിക്കുന്നു. തടാകത്തിൽനിന്ന് ജോസ് രക്ഷിച്ച റേച്ചലും മകൾ രോഷ്നിയും ജോസിന്റെ ജീവിതത്തിന്റെ ഒരു ഭാഗമായി ത്തീരുന്നു. ഇതിനിടെ ജോസിന് ദൽഹിയിലേക്ക് സ്ഥലമാറ്റം കിട്ടുന്നു. ഭാരത ത്തിന്റെ അതിർത്തി ആക്രമിക്കുന്ന വിദേശശക്തിയെപ്പറ്റി റേഡിയോയിലൂടെ അറിഞ്ഞ ജോസ് യുദ്ധരംഗത്തേക്ക് പോകാൻ തീരുമാനിക്കുന്നു.

പാറപ്പുറത്തിന്റെ മിക്കനോവലുകളിലും പട്ടാളക്കാരൻ പ്രധാന കഥാപാത്ര മായി വരുന്നുണ്ട്. ജന്മനാട്ടിൽനിന്നും പ്രിയപ്പെട്ടവരിൽനിന്നും വേർപിരിഞ്ഞ് ജീവി ക്കേണ്ടിവരുന്നതിന്റെ നൊമ്പരങ്ങൾ, നാടിനെക്കുറിച്ചുള്ള ഓർമ്മകൾ, ജീവിക്കുന്ന ദേശത്തിന്റെ ബാഹ്യമായ വർണ്ണനകൾ ഇവയെല്ലാം അന്തർധാരയായി കുടുംബബ ന്ധങ്ങളിലോ, പ്രണയത്തിലോ ഊന്നിക്കൊണ്ടുള്ള ലളിതമായ ഒരു കഥ എന്നി ങ്ങനെ പാറപ്പുറത്തിന്റെ രചനാലോകത്തെ സംഗ്രഹിക്കാം. ജനിച്ചുവളർന്ന വീടും നാടും വിട്ട് തികച്ചും ഭിന്നമായ ചുറ്റുപാടിലും ആളുകളുടെ ഇടയിലും ജീവി ക്കേണ്ടിവരുന്ന പട്ടാളക്കാരന്റെ കഥ പറയുമ്പോഴും പ്രസ്തുത രചനകൾ ഉയർത്തി പ്പിടിക്കുന്ന മൂല്യബോധം അവർ ജനിച്ചുവളർന്ന സാമൂഹിക പശ്ചാത്തലത്തിന്റേതാ ണ്. പ്രവാസത്തിന്റേതായ ഒരു ജീവിതഘട്ടത്തെ ആവിഷ്ക്കരിക്കുമ്പോഴും പാറപ്പു റത്തിന്റെ കൃതികളിലെ ദർശനത്തെയോ ജീവിതബോധത്തെയോ പ്രവാസം വലിയതോതിൽ സ്വാധീനിക്കുന്നില്ല എന്നുകാണാം.

പട്ടാളക്കാരുടെ ജീവിതാനുഭവങ്ങൾ മുഖ്യപ്രമേയമായി കടന്നുവരുന്നവയാണ് നന്തനാരുടെ (പി.സി ഗോപാലൻ, 1926- 1974) രചനകൾ. നാട്, വീട്, ബന്ധുക്കൾ എന്നിവ ഒരു ഗൃഹാതുരഭാവത്തോടെ നന്തനാരുടെ നോവലിൽ കടന്നുവരുന്നു. പ്രവാസം ആഴമേറിയ ഒരു വൈയക്തികാനുഭവമായോ വ്യക്തിയുടെ സ്വത്വബോധത്തെയോ അസ്തിത്വത്തെയോ വേട്ടയാടുന്നതായോ നോവലിൽ കാണാൻ സാധിക്കുന്നില്ല.

സ്വാതന്ത്ര്യലബ്ധിയുടെ നാളുകളിൽ പാക്കിസ്ഥാന്റെ ആക്രമണത്തിന് ശേഷമുള്ള ശ്രീനഗർ പശ്ചാത്തലമാക്കി എഴുതപ്പെട്ട നോവലാണ് *അറിയപ്പെടാത്ത മനുഷ്യജീവികൾ* (1956). ജീവിതത്തിലെ എന്തിനേയും പാൽപ്പായസംപോലെ മധുരമായിക്കണ്ട ഡസ്പാച്ച് റൈഡർ പി.കെ. നായർ, നവവിവാഹിതനും സിനിമാക്കമ്പക്കാരനും കുടുംബപ്രാരബ്ധക്കാരനുമായ തോമസ്, തനിക്ക് വിവാഹപ്രായമായിട്ടില്ലെന്ന് അമ്മ കരുതുന്നതിൽ ദുഃഖിക്കുന്ന കരുണാകരൻ, സ്റ്റോർ ക്ലാർക്ക് വർഗ്ഗീസ്, പണിക്കർ എന്നിവർ ബാരക്കിലെ ഒരു മുറിക്കുള്ളിലാണ് താമസം. അവർ ഒരു കൊച്ചുകേരളത്തിന്റെ അന്തരീക്ഷം സൂക്ഷിക്കുന്നു. ജീവിതപ്രാരബ്ധമാണ് തോമസിനെ പട്ടാളക്കാരനാക്കിയത്. ആണുങ്ങളാരുമില്ലാത്ത വീട്ടിൽ കെട്ടിക്കാറായ രണ്ടു പെങ്ങന്മാരും പ്രായം ചെന്ന അമ്മയും കണ്ടുകൊതിതീരാത്ത ഭാര്യയുമാണുള്ളത്. അവർ അരിഷ്ടിച്ച് കഴിയുകയാണ്. അവരെക്കുറിച്ചോർക്കുമ്പോൾ തോമസ് നടുങ്ങിപ്പോകുന്നു. ലൈൻമാനായ തോമസിന് അപകടത്തിൽപ്പെട്ട് ഒരു കാല് മുറിക്കേണ്ടിവരുന്നു. 500 രൂപ തികഞ്ഞിട്ട് ലീവിൽപോയി പെങ്ങളെ കെട്ടിക്കണമെന്ന തോമസിന്റെ മോഹം അവിടെപ്പൊലിയുന്നു. ആറന്മുള വള്ളംകളിയ്ക്ക് നാട്ടിൽ പോകണം എന്ന പി.കെ. നായരുടെ ആഗ്രഹം മൈൻ പൊട്ടിത്തെറിയിലൂടെ ഇല്ലാതാകുന്നു. പാൽപ്പായസം പോലത്തെ അദ്ദേഹത്തിന്റെ ജീവിതം കത്തിക്കരിഞ്ഞുപോകുന്നു. യുദ്ധസാഹചര്യം ഒഴിവാക്കിയതോടെ ആ റെജിമെന്റ് പിരിച്ചുവിട്ടപ്പോൾ പി.കെ. നായരെ സംസ്കരിച്ച ത്ധലം നദീതീരത്തുചെന്ന് സുഹൃത്തുക്കൾ യാത്ര പറഞ്ഞുപിരിയുന്നു.

യാന്ത്രികൃതബാരക്കിനുള്ളിൽ ഒതുങ്ങുന്ന നോവലാണ് *ആത്മാവിന്റെ നോവുകൾ* (1963) പട്ടാളക്കാരോട് സ്നേഹത്തോടും സൗമനസ്യത്തോടും മാത്രം പെരുമാറിയ കമാൻഡിങ് ഓഫീസറാണ് അഗർവാൾ. ആ സ്ഥാനത്ത് മദൻമോഹൻ മൽഹോത്ര റെജിമെന്റിന്റെ മേധാവിയായെത്തുന്നതുമുതൽ സൈന്യത്തിൽ പട്ടാള ച്ചിട്ട നടപ്പിലാക്കാൻ യത്നിക്കുന്ന അദ്ദേഹം ഭാര്യയുടെ അവിഹിതബന്ധ ങ്ങൾമൂലം ആത്മഹത്യ ചെയ്തപ്പോൾ സ്ഥാനക്കയറ്റത്തോടെ അഗർവാൾ ആ സ്ഥാനത്ത് നിയമിതനാവുന്നതുവരെയുള്ള ബാരക്ക്ജീവിതമാണിതിൽ അനാവ രണം ചെയ്തിരിക്കുന്നത്. വീട്ടുകാരോടുള്ള വാശിക്ക് നാടുവിട്ട് പട്ടാളത്തിൽ ചേർന്ന ആളാണ് സിഗ്നൽമാൻ പാർത്ഥസാരഥി അയ്യർ. അമിതമായ മദ്യപാനവും വ്യഭിചാരവും അയാളെ ഉഷ്ണരോഗിയാക്കിമാറ്റുന്നു. ഒടുവിൽ മരത്തിന്റെ മുക ളിൽനിന്ന് വീണയാൾ മരണപ്പെടുന്നു. റജിമെന്റിലെ കോത്ത് എൻ.സി.ഒ ആയ നായക് സുകുമാരൻ എഴുത്തുകാരനാണ്. തലയ്ക്കു നല്ലപോലെ ലഹരി പിടിച്ചിരി ക്കുന്ന വേളയിൽ അയാളുടെ ഭാവന കേരളത്തിലെ നാട്ടിൽപുറങ്ങളിലും പഞ്ചാ ബിലെ ചോളവയലുകളിലും ഇന്ത്യ-ചൈനയിലെ റെഡ് നദീതീരത്തും പറന്നുകളി ക്കും. പ്രാരബ്ധക്കാരനായ തങ്കപ്പൻപിള്ള ഒരു കലാകാരനാണ്. നാരായണൻ നായർ ജീവിക്കാൻ ഒരുതുണ്ട് ഭൂമിയില്ലാത്തതുകൊണ്ടും, ഗുലാബ്സിങ് സാമുദാ യികലഹളയിൽ എല്ലാം നഷ്ടപ്പെട്ട് ഒരു അഭയാർത്ഥിയായി ജീവിക്കാൻ മറ്റു വഴിക ളൊന്നുമില്ലാത്തതുകൊണ്ടും പട്ടാളത്തിൽ ചേർന്നവരാണ്.

പട്ടാളക്കാരന്റെ ദാമ്പത്യജീവിതം നന്തനാരുടെ പല രചനകളിലും പ്രമേയ മായിട്ടുണ്ട്. ആഗ്രഹിച്ചതുപോലെ മഴക്കാലത്ത് ലഭിച്ച വാർഷികാവധിക്ക് നാട്ടിലെ ത്തുന്ന ബാലചന്ദ്രൻ എന്ന സൈനികന്റെ കഥയാണ് *അനുഭൂതികളുടെ ലോകം* (1964). നാടിനെക്കുറിച്ചുള്ള നർമ്മങ്ങളും ഭാര്യയെയും മകനെയും കുറിച്ചുള്ള സ്വപ്നങ്ങളും ബാലചന്ദ്രനെ അനുഭൂതികളുടെ ലോകത്തെത്തിക്കുന്നു. മലനാ ട്ടിലെ മഴക്കാലത്തെക്കുറിച്ചും അവിടെത്തന്നെ കാത്തിരിക്കുന്ന പ്രിയപത്നിയെക്കു റിച്ചുമുള്ള നിനവിൽ ബാലചന്ദ്രൻ കോരിത്തരിച്ചു. എന്നിരുന്നാലും കേരളം എന്ന

ദേശത്തെ സംബന്ധിച്ച സവിശേഷമായ മമതയോ അടുപ്പമോ ബാലചന്ദ്രന് ഇല്ല. ആവശ്യത്തിന് പണമുണ്ടായിരുന്നെങ്കിൽ കേരളത്തിന് പുറത്തും സ്ഥിരതാമസ മാക്കാം എന്ന് ആഗ്രഹിക്കുന്ന വ്യക്തിയാണയാൾ. പ്രവാസജീവിത ത്തിനുശേഷവും ജന്മദേശം ഒരു വികാരമായി അയാളിൽ കടന്നുവരുന്നില്ല. ദേശത്തെ സംബന്ധിച്ച ഈ ഉദാസീനത, പ്രാദേശിക പൈതൃകവുമായി കെട്ടുപിണഞ്ഞുകിടക്കുന്ന കഥാപാത്രങ്ങളെ സൃഷ്ടിച്ച കോവിലന്റെ രചനാലോ കത്തുനിന്ന് നന്തനാരെയും പാറപ്പുറത്തിനെയും അകറ്റിനിർത്തുന്നു. അപ്പോഴും പ്രവാസത്തിന്റെ നേർത്ത ഗൃഹാതുരഭാവങ്ങൾ ഇവരുടെ രചനകളിൽ അനുരണന ങ്ങൾ തീർക്കുന്നത് കാണാതിരിക്കാനുമാവില്ല.

യുദ്ധക്കളത്തിലെ സൈനികന്റെ മരണത്തെ മുഖാമുഖം കാണുന്ന ജീവിതം മലയാളത്തിൽ കോവിലനെപ്പോലെ അവതരിപ്പിച്ച എഴുത്തുകാരനാണ് ഏകല വ്യൻ(1934-2012). 1954-ലെ ജനീവകമ്മീഷൻ പ്രകാരം കാനഡക്കാരോടും പോളീ ഷുകാരോടുമൊത്ത് ഒരുവർഷക്കാലം സെയ്ഗോൺ, ലാവോസ്, ഹാനോയ് എന്നീ വിദേശസ്ഥലങ്ങളിൽ സൈനികസേവനം നടത്തിയ ജോണിയെ കേന്ദ്രീകരിച്ച് എഴു തിയ നോവലാണ് *യുദ്ധഭൂമി* (1970). നമ്മുടെ സൈനികനോവലുകളുടെയെല്ലാം മുഖ്യപശ്ചാത്തലം ഇന്ത്യമാത്രമാകുമ്പോൾ ഇന്ത്യയ്ക്ക് പുറത്തേക്കുകൂടി പട്ടാളജീ വിതം സംഗമിപ്പിക്കുന്ന നോവലാണിത്. ഇന്ത്യ-ചൈന സംഘട്ടനത്തിന്റെ പശ്ചാ ത്തലത്തിലെഴുതിയ നോവലാണ് *എന്തുനേടി* (1969) ഏത് പ്രതികൂലസാഹചര്യ ത്തിലും കുലുങ്ങാത്ത കർത്തവ്യബോധവും ദേശസ്നേഹവും ഉള്ള സൈനികമേ ധാവികളെ ഈ നോവലിൽ അവതരിപ്പിക്കുന്നു.

പടിഞ്ഞാറൻമേഖലയിൽ 1971-ൽ നമ്മുടെ സൈന്യത്തിന് പാക്കിസ്ഥാനുമാ യുണ്ടായ യുദ്ധത്തിന്റെ തീവ്രത വ്യക്തമാക്കുന്ന മികച്ച ഒരു നോവലാണ് *ട്രഞ്ച്* (1996) മോഹങ്ങളും പ്രതീക്ഷകളും കുടുംബത്തോടുള്ള കടമകളും കർത്തവ്യ ങ്ങളും വിസ്മരിച്ചുകൊണ്ട് മാതൃഭൂമിയുടെ സംരക്ഷണത്തിനു ധീരതയോടെ

പൊരുതുന്ന കേണൽ നായർ, മേജർ അറോറ, ബ്രിഗേഡിയർ ത്യാഗരാജൻ തുടങ്ങി കോഴിയെക്കൊല്ലാൻ ഭയമുണ്ടായിരുന്നിട്ടും അടർക്കളത്തിൽ സാഹസികതയോടെ പോരാടുന്ന തോമസ് വരെയുള്ള കഥാപാത്രങ്ങളെല്ലാം സ്വന്തം ദുഃഖങ്ങളും പ്രശ്ന ങ്ങളും പാടേമറന്ന് ജന്മഭൂമിയുടെ ഭദ്രതയ്ക്കുവേണ്ടി പോരാടുന്നവരാണ്. പട്ടാള ക്കാരന്റെ ഗൃഹാതുരത്വമാണ് *ജീവിതത്തിന്റെ മുഖങ്ങളി*ലെ (1969) പ്രമേയം. അവ ധി കഴിഞ്ഞ് ബാരക്കിൽ മടങ്ങിയെത്തി അടുത്ത അവധി ലഭിക്കാതെ അസ്വസ്ഥനാ കുന്ന പടയാളിയുടെ ചിന്താധാരണകളാണ് ഈ നോവലിൽ ആവിഷ്കരിക്കപ്പെടു ന്നത്. ഇതോടൊപ്പം ഇന്ത്യ-പാക്ക് സംഘട്ടനത്തിന്റെ സൂചനകളും സഹയോദ്ധാക്ക ളുടെ ജീവിതവും ആവിഷ്കരിക്കുന്നു.

നാവികജീവിതം കഥാവിഷയമാക്കി നോവലെഴുതിയ എഴുത്തുകാരനാണ് രണ്ടാം ലോകമഹായുദ്ധത്തിൽ നാവികനായി സേവനം അനുഷ്ഠിച്ച വിനയൻ. അത്യാസന്ന നിലയിൽ കിടക്കുന്ന അച്ഛനെ കാണാൻ ലീവിനപേക്ഷിച്ചിട്ട് കിട്ടാതെ, അവധിദിവസം ഒളിച്ചുപോയി കണ്ട് മടങ്ങാൻ വണ്ടികയറുമ്പോൾ അച്ഛൻ മരി ച്ചെന്ന വിവരം ലഭിച്ചെങ്കിലും പട്ടാളത്തിലെ കർശന നിയമങ്ങളോർത്താണ് തിരിച്ച് വീട്ടിലേക്ക് പോകാതിരിക്കുന്നത്. അച്ഛൻ മരിച്ചെന്ന വിവരം അറിയുമ്പോൾ അത് സത്യമാണോ എന്നറിയാൻ മേലുദ്യോഗസ്ഥർ നാട്ടിലെ പോലീസുമായി ബന്ധപ്പെ ടാൻ ആലോചിക്കുന്നത്, മരണാന്തരക്രിയകൾക്ക് നൂറ്റിയിരുപത് രൂപ ചോദിക്കു മ്പോൾ കക്കാനോ ഇരക്കാനോ മേലധികാരി ഉപദേശിക്കുന്നത്. ഇങ്ങനെ സൈനികജീവിതക്ലേശങ്ങളാണ് *തീയുണ്ടകൾക്കും തിരമാലകൾക്കും ഇടയിൽ* (1959) എന്ന കൃതിയിൽ വിനയൻ അവതരിപ്പിക്കുന്നത്. നടുക്കടലിലെ നാവികന്റെ ദൈന്യം വ്യക്തമാക്കുന്ന മറ്റൊരു നോവലാണ് *യാത്ര* (1962). ഈ നോവലുക ളെല്ലാം പ്രവാസികളായ സൈനികരുടെയും, നാവികരുടെയും ആത്മസംഘർഷം തുറന്നാവിഷ്കരിക്കുന്നവയാണ്.

## 2.6 മലബാർകുടിയേറ്റം സാഹിത്യത്തിൽ

മെച്ചപ്പെട്ട ജീവിതസൗകര്യങ്ങളുള്ളിടത്തേക്ക് കുടിയേറുക എന്ന രീതിയാണ് സാധാരണ കണ്ടുവരുന്നത്. ഗ്രാമത്തിൽനിന്നും നഗരത്തിലേക്കാണ് മനുഷ്യൻ കൂട്ടത്തോടെ കുടിയേറുക. ഈയർത്ഥത്തിൽ തിരുവിതാംകൂറിൽനിന്നും മലബാറിലേയ്ക്കുണ്ടായ കർഷകകുടിയേറ്റം ആധുനികകാലത്തിലെ അപൂർവ്വസംഭവമാണ്. കുറഞ്ഞ വിലയ്ക്ക് ഭൂമി ലഭിക്കുമെന്ന വാർത്തയാണ് പലരെയും മലബാറിന്റെ ഭൂസമ്പത്തിലേക്ക് ആകർഷിച്ചത്. ഇരുപതാംനൂറ്റാണ്ടിലെ കേരളചരിത്രത്തിൽ ഐതിഹാസികഛായയുള്ള ഒരു മഹാപ്രസ്ഥാനമാണ് മലബാർകുടിയേറ്റമെന്നും ഒരു ജനതയുടെ സാഹസികതയും നിശ്ചയദാർഢ്യവും ഇത്രയും സംഘടിതമായി പ്രകടിപ്പിക്കപ്പെട്ട സന്ദർഭങ്ങൾ നമ്മുടെ ചരിത്രത്തിൽ വിരളമാണെന്നും ഡോ. കെ. വി. തോമസ് അഭിപ്രായപ്പെടുന്നു.[16]

മലബാറിന്റെ സാമ്പത്തികവികാസത്തിൽ കുടിയേറ്റത്തിന്റെ പങ്ക് ശക്തിപ്പെട്ടതോടെ അതിന്റെ ഉപരിമേഖലയായ സാഹിത്യസാംസ്കാരികരംഗത്തും ആ ഇടപെടൽ പ്രതിഫലിച്ചു. വിഷകന്യക (എസ്.കെ. പൊറ്റെക്കാട്ട്), ഒറോത (കാക്കനാടൻ), ചുരം (തോമസ് വർക്കി), ബെസ്പുർക്കാന (കെ.ജെ. ബേബി), ആദാമിന്റെ മക്കൾ (പി.സി. എറികാട്), ചുള്ളി (ജോസഫ് കുറുവിലങ്ങാട്), കറുത്തപൊന്ന് (ജോസഫ് മറ്റം), കാമുകി (കാനം), കരിക്കോട്ടക്കരി (വിനോയ് തോമസ്) തുടങ്ങിയ നോവലുകൾ കുടിയേറ്റത്തിന്റെയും കുടിയേറ്റജീവിതത്തിന്റെയും തീക്ഷ്ണമായ ആവിഷ്കാരങ്ങളാണ്. കുടിയേറ്റം പ്രധാനപ്രമേയമല്ലെങ്കിലും ആനുഷംഗികമായി കുടിയേറ്റത്തെ പരാമർശിച്ചുപോകുന്ന കൃതികളാണ് നെല്ല് (പി. വത്സല), ഉമ്മാച്ചു (ഉറൂബ്), കെ.ടി.എൻ. കോട്ടൂർ - എഴുത്തും ജീവിതവും (ടി.പി. രാജീവൻ) തുടങ്ങിയവ. കേരളത്തിലെ പ്രബലമായ മറ്റൊരു ഹൈറെയ്ഞ്ച് കുടിയേറ്റത്തിന്റെ ഭൂമികയിൽ നിന്നുകൊണ്ടാണ് സുസ്മേഷ് ചന്ത്രോത്ത് 9 (ഒമ്പത്) എന്ന നോവൽ എഴുതുന്നത്.

കുടിയേറ്റത്തെ സംബന്ധിച്ചുള്ള ഏറ്റവും സമഗ്രവും ഹൃദയസ്പർശിയുമായ നോവലാണ് എസ്. കെ പൊറ്റെക്കാട്ടിന്റെ *വിഷകന്യക*. (1948)[17] ആദ്യകാലകുടിയേറ്റത്തെ പ്രമേയമാക്കുന്ന ഈ നോവൽ തിരുവിതാംകൂറിൽനിന്ന് മലബാറിലേക്കുണ്ടായ ക്രൈസ്തവകുടിയേറ്റത്തിന്റെ ദുരന്താത്മകമായ ആവിഷ്കാരമാണ്. മലമ്പനിയോടും വന്യമൃഗങ്ങളോടും പ്രതികൂലകാലവസ്ഥയോടും ഏറ്റുമുട്ടി പരാജയമടയുന്ന കർഷകരുടെ ജീവിതമാണ് അതിലെ പ്രതിപാദ്യം. പത്തൊൻപതുപേരടങ്ങുന്ന ഒരു കർഷകസംഘത്തിന്റെ മലബാർയാത്രയോടെയാണ് നോവൽ ആരംഭിക്കുന്നത്. എത്തിപ്പെടാൻ പോകുന്ന സ്വപ്നഭൂമിയെക്കുറിച്ച് അവർക്ക് പ്രതീക്ഷയുണ്ട്. മലബാറിലേക്ക് കുടിയേറി തിരിച്ചെത്തിയവരുടെ ആഡംബരങ്ങൾ മറ്റുള്ളവരെയും അവിടേക്കാകർഷിച്ചു. രണ്ടാംലോകമഹായുദ്ധം വിതച്ച വറുതിയിൽനിന്ന് രക്ഷപ്പെടാൻ അന്ന് രണ്ട് മാർഗ്ഗങ്ങളെ ആളുകൾക്ക് മുൻപിലുണ്ടായിരുന്നുള്ളു. “ഒന്നുകിൽ പട്ടാളത്തിലേയ്ക്ക് അല്ലെങ്കിൽ മലബാറിലോട്ട്”[18] ചെറുപ്പക്കാർ മിക്കവരും പട്ടാളത്തിൽ ചേർന്നു. അതിനു മനസ്സില്ലാത്ത ചിലരും പ്രാരബ്ധക്കാരയ ചില കുടുംബങ്ങളും മലബാറിലേയ്ക്ക് പുറപ്പെടാൻ തീരുമാനിച്ചു. ഇത്തരത്തിൽ വ്യത്യസ്ത കാരണങ്ങളാൽ മലബാറിലേയ്ക്ക് കുടിയേറ്റം നടത്തുന്നവരാണ് *വിഷകന്യക*യിലെ കഥാപാത്രങ്ങൾ. കുടിയേറിയ കുടുംബാംഗങ്ങളെല്ലാം മലമ്പനികൊണ്ടും ദാരിദ്ര്യംകൊണ്ടും വിളനാശംകൊണ്ടും തകരുന്ന കാഴ്ചയാണ് എസ്. കെ അവതരിപ്പിക്കുന്നത്.[19] തിരുവിതാംകൂറിൽനിന്നും മലബാറിലെത്തിയ പ്രവാസികളെ മറ്റൊരുനിലയിൽ വീക്ഷിക്കുന്ന സ്വദേശികളെ ഈ നോവലിൽ കാണാൻ സാധിക്കും. ‘ചേട്ടന്മാർ’ എന്ന വിളിപ്പേരാണ് അവർ കുടിയേറിച്ചെന്നവർക്ക് നൽകിയത്. കുടിയേറ്റക്കാരെ ഒന്നടങ്കം ഈ പേരിൽ ഒതുക്കുന്നു. വ്യക്തി, കുടുംബം എന്നിവക്കപ്പുറം കുടിയേറ്റസമൂഹമൊന്നാകെ കഥാപാത്രമായി പ്രത്യക്ഷപ്പെടുന്നുവെന്ന പ്രത്യേകത *വിഷകന്യക*യെന്ന നോവലിനുണ്ട്.

തിരുവിതാംകൂറിലെ ക്രിസ്ത്യൻസമൂഹത്തിന്റെ നേതൃത്വത്തിൽ ഇരുപതാം നൂറ്റാണ്ടിൽ നടന്ന കുടിയേറ്റപ്രവാഹം കേരളത്തിന്റെ സമ്പദ്വ്യവസ്ഥയെ ആഴത്തിൽ സ്വാധീനിക്കുകയും പ്രത്യേകമായ ഒരു സാംസ്കാരികവിനിമയത്തിന് കാരണമാവുകയും ചെയ്തു. തിരുവിതാംകൂറിലെ മീനച്ചിൽ ദേശത്തുനിന്നും മലബാറിലെ കണ്ണൂർ-ചെമ്പേരിയിലേയ്ക്ക് നടന്ന കുടിയേറ്റത്തിന്റെ കഥയാണ് കാക്കനാടന്റെ *ഒറോത* (1982) പങ്കുവയ്ക്കുന്നത്. ഒറോത എന്ന മിത്തിക്കൽ പരിവേഷമുള്ള കേന്ദ്രകഥാപാത്രത്തിലൂടെയാണ് കുടിയേറ്റചരിത്രം നോവലിൽ അവതരിപ്പിക്കുന്നത്. ജീവിതം ദാരിദ്ര്യപൂർണ്ണവും ദുഃഖഭരിതവുമായി തീർന്നപ്പോഴാണ് മലബാറിലേക്ക് കുടിയേറാൻ ഒറോതയും കുടുംബവും തീരുമാനിക്കുന്നത്. വിലകുറച്ച് ഭൂമി കിട്ടുമെന്നതും, അദ്ധ്വാനിക്കാൻ വേണ്ടത്ര നല്ല മണ്ണുകിട്ടുമെന്നതുമാണ്[20] അവരെ മലബാർ തിരഞ്ഞെടുക്കാൻ പ്രേരിപ്പിക്കുന്നത്. പിൽക്കാലത്തെ ചെമ്പേരിയുടെ ചരിത്രമെന്നത് ഒറോതയെന്ന കുടിയേറ്റക്കാരിയുടെ അദ്ധ്വാനശേഷിയുടെയും നേതൃപാടവത്തിന്റെയും കഥയാണ്. കുടിയേറ്റക്കാരായ സ്ത്രീകളനുഭവിക്കുന്ന ദുഃഖം ഒറോതയിലൂടെ കാക്കനാടൻ വരച്ചുകാട്ടുന്നു. ഭർത്താവ് മരിച്ചപ്പോൾ ‘‘ഞാനിനി ജീവിക്കുന്നത് നാടിനു വേണ്ടിയാണ്, ഇവിടെ പടപൊരുതാൻവന്ന മനുഷ്യർക്കുവേണ്ടിയാണ്’’[21] എന്ന് ഒറോതക്ക് പ്രഖ്യാപിക്കാൻ സാധിക്കുന്നത് പ്രവാസജീവിതഫലമായുണ്ടാകുന്ന അനുഭവങ്ങളാലാണ്. വ്യക്തിയുടേയോ സമൂഹത്തിന്റേയോ മാത്രമല്ല ഒരു ദേശത്തിന്റെതന്നെ സ്വത്വത്തെ മാറ്റിമറിച്ച കുടിയേറ്റചരിത്രമാണ് കാക്കനാടന്റെ ഒറോത പങ്കുവെയ്ക്കുന്നത്.

മലബാർകുടിയേറ്റത്തിന്റെ കഠിനയാതനകളെ അടുത്തറിഞ്ഞ ആളാണ് തോമസ്വർക്കി. മലബാറിൽ പറിച്ചുനടപ്പെട്ട താൻ കണ്ടതും കേട്ടതും അനുഭവിച്ചതുമായ കാര്യങ്ങളാണ് *ചുരം* (1976) എന്ന നോവലിലൂടെ അനാവരണം ചെയ്യുന്നത്. തൊടുപുഴ പട്ടണത്തിൽ ചായക്കച്ചവടം നടത്തിയിരുന്ന പരമുപിള്ള മലബാറിലെ കന്നിമണ്ണിനെക്കുറിച്ചറിയുന്നത് പീക്കണ്ണുറാവുത്തറിൽ നിന്നാണ്. ഉള്ളതെല്ലാം വിറ്റ് ഭാര്യയും രണ്ടുമക്കളുമായി അദ്ദേഹം മലബാറിലേക്ക് വരുന്നു. ഭൂവുട

മകൾ കുടിയേറ്റക്കാർക്ക് പതിച്ചുകൊടുക്കുന്ന ഭൂമിയിൽ പിന്നീട് മേൽചാർത്തും ഓലച്ചാർത്തുമെല്ലാം കൊടുത്ത് വഞ്ചിക്കുന്നത് നോവലിൽ കാണാം. കുടിയേറ്റക്കാരുടെ ആദിമയാതനകളെ സമഗ്രമായി ആവിഷ്കരിക്കാൻ ശ്രമിക്കാതെ സാമൂഹികസംഭവങ്ങളും മാറ്റങ്ങളുമാണ് തോമസ് വർക്കി ഈ നോവലിലൂടെ ചിത്രീകരിക്കാൻ ശ്രമിക്കുന്നത്.

മലബാർകുടിയേറ്റത്തിന്റെ കഥ പറയുന്ന മറ്റൊരു നോവലാണ് ഇ. എം. കോവൂരിന്റെ *കാട് (1964)* മലബാറിലെ മണ്ണിന്റെ വിലക്കുറവും, തന്റെ കരക്കാരുടെ പോലും അങ്ങോട്ടേക്കുള്ള കുടയേറിപ്പാർപ്പുമാണ് *കാടി*ലെ പ്രധാനകഥാപാത്രമായ ദേവസ്യച്ചനെ മലബാറിലേയ്ക്ക് പോകാൻ പ്രേരിപ്പിക്കുന്നത്. വയനാട്ടിലെത്തിയ ദേവസ്യാച്ചൻ അവിടെ ഏക്കർ കണക്കിന് കാടുവാങ്ങുന്നു. സ്ഥലം വാങ്ങിയ ഉടനെ അയാൾ ആലോചിച്ചത് വാരിക്കുഴി കുത്തി കുറെ ആനകളെ പിടിച്ചെടുക്കുന്നതിനെക്കുറിച്ചായിരുന്നു. തികച്ചും വ്യത്യസ്തനായ പ്രവാസിയാണ് ദേവസ്യാച്ചൻ. മലബാറിലേക്ക് ഒരു വ്യക്തി നടത്തിയ കുടിയേറ്റത്തിന്റെ പശ്ചാത്തലത്തിലാണ് നോവലിന്റെ ഇതിവൃത്തം വികസിക്കുന്നത്.

“മലബാറെന്താ മലമ്പൂതോ”[22] ഉണ്ടപ്ലാഞ്ചോട്ടിൽ കുര്യൻ അമ്മയോട് ചോദിക്കുന്ന ചോദ്യത്തോടെയാണ് കെ.ജെ. ബേബിയുടെ *ബെസ്പുർക്കാന* (2006) ആരംഭിക്കുന്നത്. വല്യപ്പനും വല്യമ്മയും അപ്പനും അമ്മയും മക്കളും കൊച്ചുമക്കളുമെല്ലാം അടങ്ങുന്ന വലിയൊരു കുടുംബം വയനാട്ടിലേക്ക് കുടിയേറുന്നു. മലബാറിലേക്ക് പോകുന്നു എന്നു കേൾക്കുമ്പോൾ ആളുകൾ ചോദിക്കുന്നത് ‘അത്രയും തൊലഞ്ഞോ?’ എന്നാണ്. അത്രയ്ക്ക് തൊലഞ്ഞാൽ മാത്രം സ്വീകരിക്കാവുന്ന ഒരു അന്തിമമാർഗ്ഗമായിരുന്നു മലബാർ കുടിയേറ്റം . മലമ്പനി, മലമ്പൂതങ്ങൾ, മലമ്പാമ്പ്, വസൂരി, മരണം ഇതായിരുന്നു മലബാറിനെക്കുറിച്ചുള്ള മറ്റുള്ളവരുടെ ധാരണ. ബോട്ട് കേറിയും തീവണ്ടി കേറിയും നടന്നും ഉണ്ടപ്ലാഞ്ചോട്ടുകാർ മലബാറിലെത്തി. ഉണ്ടപ്ലാഞ്ചോട്ടിൽക്കാരെപോലെ അനേകം ആളുകളെ മലബാറി

ലേക്ക് കുടിയേറാൻ പ്രേരിപ്പിച്ചത് തിരുവിതാംകൂറിലെ ജീവിതസാഹചര്യമാണ്. ഉള്ളതെല്ലാം വിറ്റുപെറുക്കി കുടുംബത്തോടെ യാത്രതിരിച്ച അവർ അപമാനവും ക്ലേശങ്ങളും സഹിച്ച് തങ്ങളുടെ 'കാനാൻപ്രദേശത്ത്' എത്തപ്പെട്ടു. ആൺപെൺ ഭേദമന്യേ ഏവരും എത്തപ്പെട്ട സ്ഥലത്ത് പൊന്നുവിളയിക്കാൻ പാടുപെടുന്നു. രോഗങ്ങൾക്ക് മരുന്നില്ലായ്മ, അടുത്തൊന്നും ആൾക്കാരില്ലായ്മ കടകളിലെ കൊള്ളവിലകൾ, വട്ടിപ്പലിശക്കാരുടെ പേടിപ്പിക്കലുകൾ, കാട്ടുമൃഗങ്ങളുടെ ശല്യം, നാട്ടുമൃഗങ്ങളെ കൂട്ടത്തോടെ വിളയിലിറക്കിവിടുന്ന മുതലാളിമാർ, ജന്മിമാരുടെ കളിപ്പിക്കലുകൾ, വാങ്ങിയ സ്ഥലങ്ങളുടെ ഉറപ്പില്ലായ്മ, എപ്പോഴും ആരെങ്കിലും വന്നുവലിച്ചിറക്കുമോ എന്ന ഭയം, പരാതിപറയാൻ ഒരു കേന്ദ്രമില്ലാത്തതിന്റെ പേടി, നാട്ടുകാരായ റൗഡികളുടെ ശല്യങ്ങൾ, റൗഡിക്കരം പോലും കൊടുക്കേണ്ടി വരുമെന്ന അവസ്ഥ. കുട്ടികൾക്ക് പഠിക്കാൻ പള്ളിക്കൂടമില്ല, പ്രാർത്ഥിക്കാനും ഒത്തുകൂടാനും പള്ളിയില്ല. പോസ്റ്റോഫീസില്ല എന്നിങ്ങനെ ആദ്യകാലകുടിയേറ്റ ക്കാർ നേരിട്ട പ്രശ്നങ്ങൾ നോവലിൽ കാണാം.

കേരളത്തിന്റെ തെക്കൻപ്രദേശങ്ങളിൽനിന്ന് മലബാറിലേക്കും ദക്ഷിണ കർണ്ണാടകത്തിലെ പഴയ കാസർകോട് താലൂക്കിലേക്കും ഉണ്ടായിട്ടുള്ള കുടിയേറ്റം ആധുനികകേരളചരിത്രത്തിലെ പ്രധാന ഏടാണ്. കരിക്കോട്ടക്കരി എന്ന വടക്കൻ കുടിയേറ്റഗ്രാമത്തിന്റെയും അവിടത്തെ പുലയക്രിസ്ത്യൻ ജീവിതവുമാണ് വിനോയ് തോമസ് രചിച്ച *കരിക്കോട്ടക്കരി* (2014) എന്ന നോവൽ. രണ്ടുതരത്തി ലുള്ള കുടിയേറ്റങ്ങളുടെ കഥയാണ് നോവലിൽ ആവിഷ്കൃതമാകുന്നത്. തിരുവി താംകൂറിൽനിന്ന് തങ്ങളുടെ ഫ്യൂഡൽ പാരമ്പര്യത്തെ മലബാറിലേക്ക് കുടിയേറ്റിയ പ്രതാപിയായിരുന്നു കുഞ്ചറിയാ വല്ല്യപ്പൻ. പണിക്കാരും പരിവാരങ്ങളുമായി വന്ന് കാടിളക്കി പണിയരെയും കരിമ്പാലരെയും പന്നിയെയും കാട്ടുമൃഗത്തെയും ഓടി ച്ച അദ്ദേഹം ഓടാതെനിന്ന കറുമ്പന്മാരെ പണിക്കുകൂട്ടി. ഏകവിളത്തോട്ടങ്ങളി ലേക്ക് പരിണമിക്കുന്ന മലയോരത്തിന്റെ ചിത്രംകൂടിയാണ് നോവൽ. യാതനാഭരി

തമായ കുടിയേറ്റത്തിന്റെ കഥയല്ല *കരിക്കോട്ടക്കരി*. മണ്ണിന്റെ യഥാർത്ഥ അവകാശികളാര് എന്നതാണ് വിനോയ് തോമസ് ഇവിടെ പ്രശ്നവൽക്കരിക്കുന്നത്.

കേരളത്തിലെ ഹൈറേഞ്ച് കുടിയേറ്റത്തിന്റെ പശ്ചാത്തലത്തിൽ നിന്നു കൊണ്ട് രചിക്കപ്പെട്ട മറ്റൊരുകൃതിയാണ് സുസ്മേഷ് ചന്ത്രോത്തിന്റെ *9 (ഒമ്പത്)*(2008). ദീപക് കുഞ്ഞിക്കണ്ണൻ എന്ന കഥാപാത്രത്തിന്റെ ഓർമ്മകളിലൂടെയാണ് ഹൈറേഞ്ചിന്റെ കുടിയേറ്റചരിത്രം അനാവൃതമാകുന്നത്. കുടിയേറ്റത്തിലൂടെ ഹൈറേഞ്ച് മേഖലയിൽ രൂപപ്പെട്ട മിശ്രസാമൂഹികവ്യവസ്ഥ നോവലിൽ വ്യക്തമാണ്. തെക്കുനിന്ന് നായരും, ഈഴവരും, മുഹമ്മദീയരും തിരുവിതാംകൂറിൽനിന്നും കൊച്ചിയിൽനിന്നും ക്രിസ്ത്യാനികളും വലിയൊരളവിൽ ഹൈറേഞ്ചിലെ മലകളിലെത്തി. കുടിയേറ്റത്തിന്റെ ആദ്യനാളുകളിൽ ഇടുക്കി ഒരു ജില്ലയായി രൂപപ്പെട്ടിരുന്നില്ല. അവിടം കോട്ടയം ജില്ലയുടേയും എറണാകുളം ജില്ലയുടേയും ഭാഗമായ വനഭൂമി മാത്രമായിരുന്നു. കുടിയേറ്റത്തിന്റെ ഫലമായി ഹൈറേഞ്ചിൽ അടിമാലി എന്ന പട്ടണത്തിന്റെ ഉദയവും നിശ്ചിത പ്രദേശത്തിന്റെ രാഷ്ട്രീയസാമൂഹികരംഗത്ത് വമ്പിച്ച വ്യതിയാനങ്ങൾ രൂപപ്പെടുന്നതും നോവലിൽ കാണാം.

*കെ.ടി.എൻ. കോട്ടൂർ-എഴുത്തും ജീവിതവും* എന്ന നോവലിൽ ടി.പി. രാജീവൻ കോഴിക്കോട് ജില്ലയിലെ കൂരാച്ചുണ്ടിലെ കുടിയേറ്റചരിത്രത്തെ പരാമർശിക്കുന്നുണ്ട്. കുടിയേറ്റജീവിതത്തിന്റെ അകത്തുനിന്നല്ല, പുറമേ കാണാവുന്ന അതിന്റെ ഉദാരതയെയും പ്രസാദഭാവത്തെയുമാണ് രാജീവൻ കാണുന്നത്. പണിയ്ക്കായി പല പ്രദേശത്തുനിന്നും പുരുഷന്മാരായും സ്ത്രീകളായും. ധാരാളം ആളുകൾ അവിടേക്കെത്തുന്നു. നാട്ടിൽ കിട്ടുന്നതിനേക്കാൾ കൂടുതൽ കൂലിയാണ് കുടിയേറ്റക്കാർ കൊടുത്തത്. കൂലി മാത്രമല്ല അവരെ ആകർഷിച്ചത് കുടിയേറ്റക്കാരായ ക്രിസ്ത്യാനിപ്രവാസികളുടെ പണിക്കാരോടുള്ള സമീപനവും വ്യത്യസ്തമായിരുന്നു. അവർ പണിക്കാരെ തങ്ങൾക്കിടയിലുള്ളവരായിത്തന്നെ കണ്ടു. ഒരുമിച്ച് ഒരേ

ഭക്ഷണം കഴിച്ചു. കൂലി കൃത്യമായി കൊടുത്തു. ജാതിയും മതവുമൊന്നും തടസ്സ മായില്ല. ഉയർന്ന ജാതിക്കാരുടെ ആട്ടുംതുപ്പുമേറ്റ് കഴിഞ്ഞവർക്ക് ആശ്വാസമായി രുന്നു ഇത്. പണി കഴിഞ്ഞുപോകുമ്പോൾ കൂലിക്കു പുറമേ കപ്പയും മുളകുംകൂടി ഉടമസ്ഥൻ അവർക്കു നൽകുമായിരുന്നു. പി.സി. എറികാടിന്റെ *ആദാമിന്റെ മക്കൾ* എന്ന നോവലും കുടിയേറ്റത്തിന്റെ ആദിമസ്മൃതികൾ നിറഞ്ഞവയാണ്.

കുടിയേറ്റം പ്രവാസത്തിന്റെ ഒരു വകഭേദമാണ്. മലബാർ കുടിയേറ്റം ദേശ ത്തിനകത്ത് നടന്ന ഒരു പ്രക്രിയയായതിനാൽ ദേശാന്തരപ്രവാസത്തിന്റെ നിയമ ക്കുരുക്കുകൾ അവർ അനുഭവിക്കുന്നില്ല. എന്നാൽ അതിജീവനത്തിന്റെ പശ്ചാത്ത ലമൊരുക്കിയെടുക്കുക എന്നത് അവർക്ക് ഏറെ ശ്രമകരമായിരുന്നു. പ്രകൃതിയോട് മല്ലിട്ട് കാടും മലയും നിറഞ്ഞ പ്രദേശങ്ങളെ കൃഷിയോഗ്യമാക്കി മാറ്റി പൊന്നുവിള യിക്കുന്ന കർഷകരായി പിന്നീടിവരെ ചരിത്രം രേഖപ്പെടുത്തുന്നു. ജീവിതത്തിന്റെ ധാരാളിത്തത്തേക്കാൾ ഭൂസ്വത്തിന്റെ കാര്യത്തിലാണ് കുടിയേറ്റക്കാർ തങ്ങളുടെ സാമ്പത്തികസ്രോതസ് കണ്ടെത്തുന്നത്.

### 2.7 ഗൾഫ് കുടിയേറ്റം സാഹിത്യത്തിൽ

സ്വന്തം നാടും വീടും വിട്ട് മറ്റൊരു രാജ്യത്തെത്തുമ്പോൾ അനുഭവിക്കുന്ന ഏകാന്തതയിലും ഒറ്റപ്പെടലിലും നിന്നാണ് പ്രവാസസാഹിത്യരചനകൾ രൂപപ്പെടു ന്നത്. ഗൃഹാതുരത്വവും വിട്ടുപോന്ന സ്വന്തം ദേശത്തോടുള്ള സ്നേഹബന്ധ ത്തിന്റെ ഓർമ്മകളും രചനകൾക്ക് പ്രചോദനമാകുന്നു. സാധാരണക്കാരിൽ സാധാ രണക്കാരായ പ്രവാസി ഗൾഫ് നാടുകളിൽ എങ്ങനെ ജീവിതം കരുപ്പിടിപ്പിക്കുന്നു എന്നതിനെ ആസ്പദമാക്കി ധാരാളം കൃതികൾ നമ്മുടെ മലയാള സാഹിത്യത്തിൽ ഉദയം ചെയ്തിട്ടുണ്ട്. അതിൽ പ്രവാസജീവിതം ശാരീരികമായും മാനസികമായും അനുഭവിച്ച് അവ സാംശീകരിച്ച് കഥയിലാവിഷ്ക്കരിച്ച എഴുത്തുകാരിൽ പ്രമുഖ രാണ് ബാബുഭരദ്വാജ്, കൊച്ചുബാവ, എം. എ. റഹ്മാൻ, ബെന്യാമിൻ, ശിഹാബു

ദ്ദീൻ പൊയ്ത്തുംകടവ്, മുസാഫിർ അഹമ്മദ്, കൃഷ്ണദാസ്, നിസാമുദ്ദീൻ റാവുത്തർ തുടങ്ങിയവർ.

മലയാളസാഹിത്യത്തിൽ പതിവുഭാവുകത്വങ്ങളിൽ വിസ്ഫോടനം സൃഷ്ടിച്ചുകൊണ്ട് കടന്നുവന്ന കൃതിയാണ് ബെന്യാമിന്റെ *ആടുജീവിതം*(2008). സൗദി അറേബ്യയിൽ തൊഴിൽതട്ടിപ്പിനിരയായ നജീബിന്റെ കഥയാണ് ആടുജീവിതത്തിൽ അവതരിപ്പിക്കപ്പെടുന്നത്. മണൽവാരൽ തൊഴിലാളിയായ നജീബ് ജീവിതം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയാണ് സുഹൃത്തിന്റെ സഹായത്തോടെ സൗദി അറേബ്യയിലേയ്ക്ക് തൊഴിൽവിസ നേടിയെടുക്കുന്നത്. സൗദിയിലെത്തിയ നജീബിനും സുഹൃത്ത് ഹക്കീമിനും തങ്ങളുടെ സ്പോൺസറെ എയർപോർട്ടിൽ കണ്ടെത്താനാവുന്നില്ല. ആ സമയം തന്റെ വിസക്കാരനെ തേടിനടക്കുന്ന ഒരറബിയെ അവർ കാണുന്നു. അയാൾ ഇവരുടെ പാസ്പോർട്ട് പിടിച്ചുവാങ്ങി ഒപ്പം പുറപ്പെടാൻ ആംഗ്യം കാണിക്കുന്നു. തങ്ങളുടെ സ്പോൺസറാണെന്ന് കരുതി അവർ രണ്ടുപേരും അറബിയോടൊപ്പം പോകുന്നു. ഭാഷ അറിയാതെ അന്യനാട്ടിലെത്തുമ്പോൾ ഒരു തൊഴിൽപ്രവാസി അനുഭവിക്കുന്ന ദുരിതത്തിലേയ്ക്കാണ് അവർ എത്തിച്ചേരുന്നത്. ആടുകളെ സംരക്ഷിക്കുന്ന ഒരു മസറയിലേയ്ക്കാണ് അർബാബ് അവരെ കൊണ്ടുപോയത്. രണ്ടുപേരേയും രണ്ട് മസറയിലാക്കുന്നു. കാലം കടന്നുപോയി. താടിരോമങ്ങൾ വളർന്ന് ഭീകരരൂപികളായി അവർ മരുഭൂമിയിൽ ജീവിക്കുന്നു. അർബാബ്, തോക്ക്, ബൈനോക്കുലർ, അനന്തമായ മണലാരണ്യം. എങ്ങനെ രക്ഷപ്പെടാനാകും? അങ്ങനെ നജീബ് ആട്ടിൻകൂട്ടങ്ങളുടെ ഇടയനായി തീർത്തും ഒരു മാടായി ജീവിച്ചു. പച്ചവെള്ളത്തിൽ കുതിർത്ത കുബ്ബൂസും ആട്ടിൻപാലും മോന്തി ആടുകളുമായ് സല്ലപിച്ചും അവയെ പ്രേമിക്കുകയും കാമിക്കുകയും ശിക്ഷിക്കുകയും ചെയ്ത് അയാൾ മരുഭൂമിയിൽ ജീവിച്ചു. അനുകൂലമായ സാഹചര്യമൊത്തുവന്നപ്പോൾ സോമാലിയക്കാരൻ ഇബ്രാഹിം ഖാദിരി എന്ന അടിമയുടെ സഹായത്തോടെ നജീബും ഹക്കീമും രക്ഷപ്പെടാൻ ശ്രമിക്കുന്നു. ജലഭ്രാന്ത് പിടിപെട്ട് ഹക്കീം മരിക്കുന്നു. പ്രതിബന്ധങ്ങളെയെല്ലാം തരണം ചെയ്ത്

നജീബ് കുഞ്ഞിക്കയുടെ സഹായത്താൽ പഴയ രൂപത്തിലാവുന്നു. പാസ്പോർട്ടി ല്ലാത്തതിന്റ പേരിൽ ജയിലിലെത്തി ഇന്ത്യൻ എംബസിയുടെ സഹായത്തോടെ നാട്ടിലെത്തുന്നു.

പ്രവാസജീവിതത്തിലൂടെ ഓരോ പ്രവാസിക്കും നഷ്ടപ്പെടുന്നത് നാടും വീടും ബന്ധങ്ങളും കുടുംബവുമൊക്കെയാണ്. നാടിനെക്കുറിച്ചുള്ള ഗൃഹാതുര മായ ഓർമ്മകളാണ് ഭൂരിപക്ഷംവരുന്ന പ്രവാസികളെയും വിദേശത്ത് ജീവിക്കാൻ പ്രേരിപ്പിക്കുന്നത്. നജീബിനെ ജീവിക്കാൻ പ്രേരിപ്പിക്കുന്നതും ഈ ഘടകം തന്നെ യാണ്. *ആടുജീവിതം* എന്നത് തൊഴിലന്വേഷിച്ച് പോയ നജീബ് എന്ന ചെറുപ്പക്കാ രന്റെ കഥ മാത്രമല്ല. തൊഴിലന്വേഷകരായി ഇന്ത്യയ്ക്ക് വെളിയിലേയ്ക്ക് പോയ ഓരോ വ്യക്തിയുടെയും ആത്മാംശം കോറിയിട്ട കഥകൂടിയാണ്. അറബികളെ ഒന്ന ടങ്കം ഇതിൽ ദുഷ്ടന്മാരായി ചിത്രീകരിക്കുന്നില്ല. തൊഴിലന്വേഷിച്ച് അറബ്നാടുക ളിൽ എത്തപ്പെടുന്ന എല്ലാവർക്കും നജീബിന്റേതുപോലുള്ള ദുരന്തം ഏറ്റുവാ ങ്ങേണ്ടിവരുന്നില്ല. ഇന്ത്യയ്ക്ക് വെളിയിൽ തൊഴിലന്വേഷിച്ചുപോകുന്ന ഭൂരി പക്ഷംപേരും തൊഴിലിടങ്ങളിലുള്ള അരക്ഷിതാവസ്ഥയും ചൂഷണവും അനുഭവി ക്കുന്നവരാണ്. സമ്പന്നതയ്ക്കകത്ത് മറഞ്ഞുകിടക്കുന്ന മറ്റൊരു പ്രവാസലോക ത്തെയാണ് ബെന്യാമിൻ വരച്ചുകാട്ടുന്നത്.

സാധാരണക്കാരന്റെ പ്രതിനിധിയായ അസീസ് എന്ന പ്രവാസിയുടെ ജീവി തകഥ പറയുന്ന മനോഹരമായ നോവലാണ് റഷീദ് പാറയ്ക്കലിന്റെ *ഒരു തക്കാളി കൃഷിക്കാരന്റെ സ്വപ്നങ്ങൾ*(2009) അമ്മാവന്റെ മകനായ ബക്കറാണ് അസീസിന് വിസ തയ്യാറാക്കി കൊടുത്തത്. സൂര്യനുദിച്ച് അസ്തമിക്കുന്നതുവരെ അടി മയെപ്പോലെ മരിച്ചുപണിയെടുത്തപ്പോഴാണ് സ്വപ്നവും യാഥാർത്ഥ്യവും തമ്മി ലുള്ള അന്തരം അസീസിന് ശരിക്കും മനസ്സിലാകുന്നത്. സ്വന്തം ഭാഷയിൽ സംസാ രിക്കാനും സ്വന്തം വേദനകൾ പങ്കുവയ്ക്കാനും ഒരാളില്ലാത്ത അസീസ് തന്റെ സങ്ക ടങ്ങൾ പങ്കുവെയ്ക്കുന്നത് കാലത്തിന്റെ അനന്തതയിലെറിയപ്പെട്ട സുലൈമാൻ

എന്ന ഒട്ടകത്തിന്റെ അസ്ഥിപഞ്ജരത്തോടാണ്. ഇങ്ങനെ ഗൃഹാതുരതയിലൂടെ അയാൾ തന്റെ നാടിനെയും വീട്ടുകാരെയും പ്രണയിനിയെയും ഓർക്കുന്നു. കുറേക്കാലത്തെ തിരച്ചിലിനുശേഷം തന്നേപ്പോലെ മലയാളികൾ പണിയെടുക്കുന്ന ഒരു തോട്ടം അസീസ് കണ്ടുപിടിക്കുന്നു. അന്യനാട്ടിൽ ഒറ്റപ്പെട്ട തുരുത്തുകളിൽ ഇത്തരം സൗഹൃദങ്ങളാണ് ഓണത്തേക്കാൾ, പെരുന്നാളിനേക്കാൾ സന്തോഷം എന്നയാൾ തിരിച്ചറിഞ്ഞ നിമിഷങ്ങളായിരുന്നു അത്. ഒരു മെച്ചവുമില്ലാതെ അസീസിന്റെ ദുരിതജീവിതം നീങ്ങിക്കൊണ്ടിരിക്കുന്നതിനാൽ നാട്ടിലേയ്ക്ക് പോകാനയാൾ തീരുമാനിക്കുന്നു. അസീസ് ഇങ്ങനെ ചിന്തിക്കുന്നു. ''വേണ്ട ഒന്നും വേണ്ട മടുത്തു. നാട്ടിൽ പോയേ തീരു... എന്തിന്? ഒരിക്കൽകൂടെ ഉമ്മയുടെ ചാരത്തു ചെന്നിരിക്കണം. പെങ്ങളുണ്ടാക്കിത്തരുന്ന മൈദമാവിന്റെ ദോശ മീൻചാറിൽ മുക്കി ത്തിന്നണം.''[23] ഓരോ പ്രവാസിയെയും നാട്ടിലെത്താൻ പ്രേരിപ്പിക്കുന്നത് ഇത്തരം ഗൃഹാതുരസ്മരണകളാണ്. പ്രവാസി നട്ടുവളർത്തിയ സ്വപ്നങ്ങൾ മണലാരിണ്യങ്ങളിൽ തുടുത്ത തക്കാളി പഴങ്ങൾപോലെ വളരുന്നു. എന്നാൽ ആ പഴങ്ങൾ ഭുജിക്കാനാകാത്തതും വിഷമയവുമാണ് എന്ന യാഥാർത്ഥ്യമാണ് ഈ നോവലിന്റെ കേന്ദ്രബിന്ദു. മണൽക്കാറ്റിൽ കരിഞ്ഞുപോയ ഓരോ പ്രവാസിയുടെയും സ്വപ്നങ്ങൾ തന്നെയാണീ നോവൽ.

പ്രവാസം എപ്പോഴും ശുഭപര്യവസായി ആകണമെന്നില്ല. പലതരം വഞ്ചനയ്ക്ക് വിധേയമാകുന്നവരാണ് പ്രവാസികൾ. പ്രൊഫഷണലിസ്റ്റ് അല്ലാത്തവരുടെ ജീവിതവൈതരണികൾ അവതരിപ്പിക്കുന്ന നോവലാണ് നിസാമുദ്ദീൻ റാവുത്തറിന്റെ *അറേബ്യയിലെ അടിമ*(2013). തൊഴിലാളികളെ അടിമകളെപ്പോലെ ചൂഷണം ചെയ്യുന്ന മാൻപവർ കമ്പനികൾ, അവരെ അടിമകളെപ്പോലെ വിൽക്കുന്ന അറബികൾ, ആടുകളെമേച്ചും ഒട്ടകത്തൊട്ടിലിക്കിടന്നും കാലം കഴിക്കേണ്ടിവരുന്ന പ്രവാസികളുടെ കഥയാണ് ഈ നോവൽ അവതരിപ്പിക്കുന്നത്. പ്രവാസം എങ്ങനെ ഒരു വ്യക്തിയുടെ അസ്തിത്വംതന്നെ ഇല്ലാതാക്കുന്നു എന്ന് ഈ നോവൽ വ്യക്തമാക്കു

ന്നു. വർത്തമാനകാലത്തെ അടിമകളുടെ കവാടം ആരംഭിക്കുന്നത് സൗദി അറേബ്യയിലെ റിയാദ് എയർപോർട്ടിലാണെന്ന് ഈ നോവൽ സാക്ഷ്യപ്പെടുത്തുന്നു. ഏതൊരു പ്രവാസിയെയും പോലെ നല്ലൊരു ജോലി സ്വപ്നംകണ്ട് റിയാദ് എയർപോർട്ടിൽ വന്നിറങ്ങിയ സുമുഖനും സുന്ദരനും അജാനബാഹുവുമായ ഉണ്ണി എന്ന കേന്ദ്രകഥാപാത്രം താനൊരു അടിമയായി രൂപാന്തരം പ്രാപിക്കുമെന്നോ തന്നെ കാത്തിരിക്കുന്ന അജ്ഞാതനായ അറബി തന്റെ ഉടമയാകുന്നുവെന്നോ സ്വാഭാവികമായും ചിന്തിക്കുന്നില്ല. പക്ഷെ കാര്യങ്ങൾ അങ്ങനെയാണ് സംഭവിക്കുന്നത്. ചില്ലറ ആശയക്കുഴപ്പങ്ങൾക്ക് ശേഷം തന്റെ ഉടമയെ കണ്ടെത്തിയപ്പോൾ തന്നെ ഇത്രയുംനേരം ബുദ്ധിമുട്ടിച്ച അടിമയെ ചെവിക്കല്ലിന് പ്രഹരിച്ചുകൊണ്ടാണ് യജമാനൻ സ്വീകരിച്ചത്. കൊടും ക്രൂരനായ തന്റെ ഉടമ മാജിദിന്റെ കീഴിൽ അടിമയ്ക്ക് തുല്യമായ ജീവിതമാണ് ഉണ്ണിയും സുഡാനിയായ ചങ്ങാതി മോയിസ്സും അനുഭവിച്ചിരുന്നത്.

ചില സ്വപ്നങ്ങളാണ് ഏതൊരു പ്രവാസിയെയും ജീവിപ്പിക്കാൻ പ്രേരിപ്പിക്കുന്നത്. ക്രൂരരായ ഉടമകളുടെ സാന്നിദ്ധ്യത്തിൽ അതില്ലാതാവുമ്പോൾ പ്രതികരണശേഷി നഷ്ടപ്പെടുന്ന ഒരു കൂട്ടർ സൃഷ്ടിക്കപ്പെടുന്നു. അവരുടെ പ്രതീകമാണ് ഉണ്ണി. വിശപ്പ്, ദുരിതങ്ങൾ, സ്വത്വപ്രതിസന്ധി, സങ്കരത്വത്തിന്റെ പ്രശ്നങ്ങൾ, രതി ജീവിതം എന്നിങ്ങനെ പ്രവാസത്തിന്റെ വിഷയമണ്ഡലം ഈ നോവൽ ചർച്ച ചെയ്യുന്നു. അടിമത്തത്തിൽ നിന്നും ഓടിരക്ഷപ്പെട്ട ഉണ്ണി നിലനിൽപിനായി പിടിച്ചുപറിയിലും മറ്റും ഏർപ്പെട്ട് ജയിലിലായെങ്കിലും പിന്നീട് സർക്കാറിന്റെ പൊതുമാപ്പിൽ നാട്ടിലെത്തിച്ചേരുന്നു. നാട്ടിലേക്ക് പോകാനായി എയർപോർട്ടിലെത്തിയ ഉണ്ണി കണ്ട കാഴ്ച തന്റെ ഉടമയായ മാജിദിനൊപ്പം പിന്നെയും ഒരു മലയാളി ബാഗുംതൂക്കി എയർപോർട്ടിൽനിന്ന് പുറത്തുവരുന്ന കാഴ്ചയാണ്. അതു കണ്ടയാൾ ഞെട്ടുന്നു. ഇതൊരു തുടർപ്രക്രിയയുടെ പ്രതീകമാണ്. അവിടേക്ക് ഒരു രക്ഷകനും കടന്നുവരില്ലെന്നയാൾ മനസ്സിലാക്കുന്നു.

ആദ്യകാലത്ത് ഗൾഫിലേക്ക് തൊഴിൽ തേടിപ്പോയിരുന്നത് പുരുഷന്മാരായിരുന്നു. എന്നാൽ വർത്തമാനകാലത്ത് സ്ത്രീകളുടെയും ഒരു വൻനിര പ്രവാസികളായി ഒറ്റക്കോ കുടുംബത്തോടൊപ്പമോ ജീവിക്കുന്ന അവസ്ഥ വന്നുചേർന്നിട്ടുണ്ട്. ഇത്തരത്തിൽ പ്രവാസജീവിതം നയിക്കേണ്ടിവന്ന സ്ത്രീജീവിതത്തിന്റെ ആവിഷ്കാരമാണ് ഖദീജ മുംതാസ്സിന്റെ *ബർസ* (2007). പ്രവാസിനികളുടെ മാത്രമല്ല അറേബ്യൻസ്ത്രീകളുടെയും ജീവിതത്തിന്റെ ദയനീയമുഖമാണിവിടെ അനാവൃതമാകുന്നത്. ബർസ എന്ന അറബിപദത്തിന് മുഖം തുറന്നിട്ടവളെന്നാണർത്ഥം. പുരുഷദൃഷ്ടിയിൽനിന്ന് ഒഴിഞ്ഞുമാറാനായി ഇസ്‌ലാം സ്ത്രീ അണിയേണ്ട ഹിജാബ് (ആവരണം) നിരാകരിച്ചുകൊണ്ട് ലോകത്തിനുനേരെ മുഖം തുറക്കുന്ന ഡോ. സബിതയുടെ ആറ് വർഷത്തെ സൗദി അറേബ്യൻ ജീവിതമാണ് നോവലിലെ പ്രമേയം. സ്ത്രീയുടെ കാഴ്ചപ്പാടിൽ പ്രവാസജീവിതത്തിലെ സാംസ്കാരികസംഘർഷങ്ങൾ ആവിഷ്കരിക്കുകയാണിവിടെ. ഒരുവർഷമെങ്കിലും അറേബ്യയിൽ പിടിച്ചുനിൽക്കണമെന്ന തീരുമാനവുമായി എത്തുന്ന ആ ദമ്പതികൾക്ക് വിവിധ കാരണങ്ങളാൽ ആറ് വർഷം അവിടെ തുടരേണ്ടിവരുന്നു. മകന്റെ വിദ്യാഭ്യാസവും മാതൃഭാഷ നഷ്ടപ്പെടരുതെന്ന കാരണവും മുൻനിർത്തി അവർ നാട്ടിലേക്ക് മടങ്ങുന്നു.

നോവലിലെ നായികാനായകന്മാർ ഡോക്ടർമാരായതുകൊണ്ടും നിയമപ്രകാരമുള്ള കരാർ അനുസരിച്ച് സൗദിയിൽവന്നവരായതുകൊണ്ടും സാമ്പത്തികാരക്ഷിതത്വമോ തൊഴിൽപരമായ അസ്ഥിരതയോ അനുഭവിക്കുന്ന സാഹചര്യമുണ്ടാകുന്നില്ല. എങ്കിലും വടക്കൻ മലബാറിലെ ഗ്രാമീണാന്തരീക്ഷത്തിൽനിന്ന് സൗദിയുടെ മണലാരണ്യത്തിൽ ചെന്നുപെട്ടപ്പോൾ അവർക്കും അനാഥത്വവും ഒറ്റപ്പെടലും സാംസ്കാരികമായ അരക്ഷിതത്വവുമൊക്കെ അനുഭവിക്കേണ്ടിവരുന്നുണ്ട്. പല രാജ്യങ്ങളിൽനിന്ന് വീട്ടുജോലിയ്ക്കായിവന്ന ഗദ്ദാമകളുടെ ദുരന്തജീവിതം നോവലിൽ ആവിഷ്കൃതമാകുന്നുണ്ട്. പ്രവാസികൾ നേരിടുന്ന മറ്റൊരു പ്രശ്നം ഭാഷാപരമാണ്. ഇതു മറികടക്കാനായി സബിത സൗദിയിൽ ചെന്നയുടനെ ഓരോ

അറബിവാക്കായി ഡയറിയിൽ എഴുതിവച്ച് പഠിക്കാൻ ശ്രമിക്കുന്നു. പ്രവാസത്തിന്റെ അസാധാരണമായ ആവിഷ്ക്കരണത്തിലൂടെ സ്വസംസ്കാരത്തിൽ വേരുറച്ചുനിൽക്കേണ്ടതിന്റെ അനിവാര്യതയായി ഈ നോവലിനെ വിലയിരുത്താവുന്നതാണ്.

അന്യനാട്ടിൽ ജോലിയ്ക്കുവേണ്ടി നെട്ടോട്ടമോടുന്ന ഒരു ചെറുപ്പക്കാരന്റെ കഥയാണ് പി. മോഹനന്റെ *കാലസ്ഥിതി* (2000). ജോലി അന്വേഷണാർത്ഥമാണ് ഫ്രീവിസയിൽ മോഹൻദാസ് ദുബായിലെത്തിയത്. ജീവിക്കാൻവേണ്ടി ജോലി തേടിനടക്കുന്ന ഒരുകൂട്ടം ചെറുപ്പക്കാരുടെ പ്രതിനിധിയാണ് അയാൾ. നല്ല വിദ്യാഭ്യാസമുണ്ടെങ്കിലും ജോലിയൊന്നും ശരിയാകാത്തതിന്റെ അലച്ചിലിലാണയാൾ. ദോഹയിൽ മോഹൻദാസിന്റെ ചേട്ടൻ വലിയ നിലയിലാണെങ്കിലും അദ്ദേഹം മോഹൻദാസിനെ സഹായിക്കുന്നില്ല. അതിനിടയിൽ മലയാളിസുഹൃത്തുക്കളായ ഉണ്ണികൃഷ്ണൻ, വിശ്വനാഥൻ, അപ്പുക്കുട്ടൻ, ജേക്കബ്, കിഷോർ എന്നിവർ മോഹൻദാസുമായുള്ള ഒത്തുചേരൽ ആഹ്ലാദകരമാക്കുന്നു. പ്രവാസിമലയാളികളെ മുന്നോട്ടുനയിക്കുന്നത് ഭൂതകാലത്തെക്കുറിച്ചുള്ള ഓർമ്മകളാണെന്ന് നോവൽ പറയുന്നു.

ജീവിതപ്രാരബ്ധത്തിൽ കടൽ താണ്ടാനൊരുങ്ങുന്ന ഒരു പ്രവാസിയുടെ കുടുംബചിത്രമാണ് കൃഷ്ണദാസിന്റെ *കടലിരമ്പങ്ങൾ* (2010) കൂടെ സുഹൃത്തുക്കളായ വിജയനും, അശോകനും, സുരേന്ദ്രനുമുണ്ടായിരുന്നു. പഠിക്കാൻ മിടുക്കനായിരുന്നിട്ടും ജീവിതക്ലേശത്തിന്റെ ചുവടെടുത്ത് അവന് കടൽകടക്കേണ്ടിവന്നു. പഠിക്കേണ്ട കാലത്ത് വയറ്റ്പ്പിഴപ്പിനായി പറഞ്ഞയയ്ക്കപ്പെടുന്ന മകനെക്കുറിച്ചോർത്തുള്ള ദുഃഖം അമ്മയിൽ പ്രതിഫലിക്കുന്നതായി കാണാം. മരുഭൂമിയിലെ നീറുന്ന പ്രവാസനുഭവങ്ങൾ എന്നതിലുപരി ഓരോ മനുഷ്യന്റെയും മനോനിലകൾ ജീവിതപരിസരങ്ങൾ എന്നിവ നോവൽ പരിചയപ്പെടുത്തുന്നു. ജോസേട്ടൻ, ബോബൻ തുടങ്ങിയ സുഹൃത്തുക്കൾ, സ്വവർഗ്ഗരതിക്കാരായ അറബികൾ, തലശ്ശേ

രിക്കാരൻ റസാഖ്, കോങ്കണ്ണനായ മധ്യവയസ്കൻ, ഹംസ തുടങ്ങിയവർ, ജയിൽശിക്ഷ അനുഭവിച്ച് മരിക്കുന്ന രാജൻ, സുലൈമാൻ, അലി, അമാനുള്ളാ ഖാൻ, റീത്ത തുടങ്ങിയ നിരവധി കഥാപാത്രങ്ങളിലൂടെയും അവരുടെ ജീവിതാനുഭവങ്ങളിലൂടെയുമാണ് നോവലിന്റെ വികാസവും പരിണാമവും. ഒരു പ്രഭാതത്തിൽ മരുഭൂമിയോടും പ്രവാസത്തോടും വിടപറഞ്ഞ് നായകൻ നാട്ടിൽ മടങ്ങിയെത്തുന്നു. ''മറ്റുള്ളവർക്ക് തിന്നുവെളുപ്പിക്കാനായി കുറ്റിച്ചൂലുകൾപോലെ കഴിഞ്ഞുപോയ ഒരു ജീവിതം'' എന്നാണ്[24] പ്രവാസാനുഭവത്തെക്കുറിച്ച് നോവലിസ്റ്റ് പറയുന്നത്. മരുഭൂമിയിലെ സ്വവർഗ്ഗരതി, തടവറയ്ക്കുള്ളിലെ ക്രൂരതകൾ, നാടകറിഹേഴ്സലുകൾ, സാഹിത്യവായനകൾ എല്ലാം ഈ നോവൽ ചർച്ചചെയ്യുന്നു.

പ്രവാസജീവിതത്തിന്റെ സുഖദുഃഖങ്ങളെ വശ്യമനോഹരമായി അവതരിപ്പിക്കുന്ന ആത്മകഥയുടെ കെട്ടും മട്ടുമുള്ള നോവലാണ് ബാലഗോപാലന്റെ *ഒരു പ്രവാസിയുടെ ഇതിഹാസം* (2012). കുവൈത്തിലേയ്ക്കുള്ള മലയാളികുടിയേറ്റത്തിന്റെ അഞ്ചുപതിറ്റാണ്ടുകളുടെയും, എണ്ണഖനനാന്തരം അമ്പതാണ്ടുകളിൽ കുവൈത്തിനുണ്ടായ ത്വരിതവികാസപരിണാമങ്ങളുടെയും കഥ ഇതിലൂടെ അനാവൃതമാകുന്നു. 1962 ആഗസ്റ്റിൽ തന്റെ ഇരുപതാമത്തെ വയസ്സിലാണ് കുവൈത്ത് ഓയിൽ കമ്പനിയിൽ എഞ്ചിനീയറായി ജെയിംസ് എന്ന കഥാപാത്രമെത്തുന്നത്. കുവൈത്തിന്റെ വികസനത്തിൽ ഭാഗഭാക്കുകളാകാൻ ഭാഗ്യാന്വേഷികളായി എത്തിയ അനേകായിരത്തിൽ ഒരുവനായിരുന്നു നായകൻ. സർക്കാർകമ്പനിയിലെ ജോലി രാജിവെച്ചാണ് കൂടുതൽ ധനസമ്പാദനത്തിനായി കടൽകടന്നത്. മിന്നൽവേഗത്തിലായിരുന്നു കുവൈത്തിന്റെ വികസനം. ജെയിംസിന് കടങ്ങൾ വീട്ടാനും ബാക്കിപണം സമ്പാദിക്കാനും കഴിയുന്നു. സാധാരണപ്രവാസികളിൽനിന്ന് വിഭിന്നമായി സാമ്പത്തികമായി അഭ്യുന്നതിയിൽ നിൽക്കുന്ന പ്രവാസി മലയാളികളെയാണ് നോവലിസ്റ്റിവിടെ വരച്ചുകാട്ടുന്നത്. ഗൾഫ് ജീവിതത്തിലൂടെ സാമ്പത്തികമായി പുരോഗതി പ്രാപിക്കുന്നവരിലൂടെ വീടും നാടും വികാസം

പ്രാപിക്കുന്നതും, അതിൽ പ്രലോഭിതരായി നിരവധിപേർ ഗൾഫ് രാജ്യങ്ങളിലേയ്ക്ക് ചേക്കേറുന്നതും നോവലിൽ കാണാം. ഇതോടെ കേരളത്തിൽ ഒരു പുതിയയുഗം പിറക്കാൻ തുടങ്ങി. ഗൾഫുകാരുടെ യുഗം[25] ഇറാക്ക്-ഇറാൻ യുദ്ധത്തിന്റെ സവിശേഷാനുഭവങ്ങളിലൂടെയും നോവൽ കടന്നുപോകുന്നു. പ്രവാസത്തിന്റെ വിവിധമുഖങ്ങൾ വരച്ചുകാട്ടുന്ന മിഴിവുറ്റ നിരവധി കഥാപാത്രങ്ങൾ നോവലിലുണ്ട്. അധിനിവേശത്തിന്റെ നാളുകളിൽ കൂടെപ്പിറപ്പിനെപ്പോലെ കൂടെയുണ്ടായിരുന്ന ഉദാരനായ വമ്പൻ ബിസിനസ്സുകാരൻ നമ്പ്യാർ, കുവൈത്തിലെത്തിയ ഉടനെ തന്നെ സഹായിച്ച പട്ടിണിയുടെയും ദുരിതത്തിന്റെയും ഏറെ കഥകൾ പറയാനുണ്ടായിരുന്ന മാമ്മച്ചൻ, ഹുണ്ടി ബേബി, ഒരുപാട് ബാധ്യതകളുണ്ടായിട്ടും കടംവാങ്ങാൻ കൂട്ടാക്കാത്ത പാലസ്തീൻകാരൻ അസീസ്, ഹുണ്ടി വ്യവസായത്തിലൂടെ കോടീശ്വരനായി മാറിയ ഗോപാലൻനായർ എന്നിവർ ഉദാഹരണമാണ്. ഇന്ത്യൻ രൂപയുടെ അൻപതാണ്ടുകളിലെ മൂല്യശോഷണത്തിന്റെ കഥകൂടിയാണീ നോവൽ.

പ്രവാസിമലയാളിയും പ്രവാസി സമ്മാൻ ജേതാവുമായ അഷ്റഫ് താമരശ്ശേരിയുടെ ജീവിതം പശ്ചാത്തലമാക്കിക്കൊണ്ട് കെ.പി സുധീര എഴുതിയ നോവലാണ് *സ്വർഗവാതിൽ*. ജീവിതത്തിൽ ഒരിക്കലും കണ്ടിട്ടില്ലാത്തവർക്ക് വേണ്ടി ജീവിതം ഹോമിക്കുന്ന ഒരു മനുഷ്യസ്നേഹിയാണ് ആസിഫലി എന്ന പ്രവാസി മലയാളി. മരിച്ചവരുടെ രേഖകൾ ശരിയാക്കാനായി യു.എ. ഇ യിലെ ഉദ്യോഗകാര്യാലയങ്ങളിൽ ഓടിനടക്കുന്ന ആസിഫലി വറ്റാത്തകാരുണ്യത്തിന്റെ തേനുറവയാണ്. പ്രതിഫലേച്ഛയോ ലാഭേച്ഛയോ ഇല്ലാതെ, സ്നേഹം പോലും അന്യമാകുന്ന കാലത്ത് നിസ്വാർത്ഥതയോടെ ഗൾഫ് രാജ്യങ്ങളിൽ മരിച്ചവന്റെ ശുശ്രൂഷകനും കാവലാളും രക്ഷകനുമാകുന്ന ആസിഫലിയുടെ മഹാമനസ്കത വായനക്കാരന്റെ ഹൃദയത്തെ ആർദ്രമാക്കുന്നു. മരണത്തിനുമപ്പുറം നിറഞ്ഞ് നിൽക്കുന്ന സ്നേഹമെന്ന മഹാസാഗരത്തിന്റെ അലകൾ ഈ നോവലിനെ സമ്പുഷ്ടമാക്കുന്നുണ്ട്.

സുചരിത എന്ന എഴുത്തുകാരിയിലൂടെ ഇതൾ വിരിയുന്ന പ്രവാസികളുടെ അറ്റമി ല്ലാത്ത ദുരിതങ്ങൾ അനുവാചകന്റെ കണ്ണുകളെ ഈറനണിയിക്കുന്നു.

പ്രവാസം പ്രമേയമാകുന്ന മലയാളനോവലുകളെ സാമാന്യാവലോകനം ചെയ്യുമ്പോൾ പ്രവാസാനുഭവം എത്രമാത്രം തീവ്രമായി അതുവഴി ആവിഷ്ക്കരിക്ക പ്പെടുന്നുവെന്ന് മനസ്സിലാക്കാം. നോവൽസാഹിത്യത്തിന്റെ ആരംഭഘട്ടം മുതൽ പ്രവാസാനുഭവങ്ങൾ കടന്നുവരുന്നുണ്ടെന്ന് ഇവിടെ തിരിച്ചറിയാൻ സാധിക്കുന്നു. പിൽക്കാലത്ത് പട്ടാളനോവലുകൾ, ദേശാന്തരാഖ്യാനങ്ങൾ, കുടിയേറ്റനോവലുകൾ എന്നിങ്ങനെ വിവിധ ധാരകളിലൂടെ സഞ്ചരിച്ച പ്രവാസനോവലുകൾ മലയാളനോ വലിന്റെ വളർച്ചയിൽ നിർണായകസ്ഥാനം അർഹിക്കുന്നുണ്ട്.

ആധുനികമലയാളനോവലിസ്റ്റുകളിൽ അസ്തിത്വദർശനത്തിന്റെ ഭാവ പൂർണ്ണമായ അവതരണത്തിലൂടെ ശ്രദ്ധേയനായ മുകുന്ദനും തന്റെ രചനകളിലൂടെ പ്രവാസാനുഭവത്തെ വായനക്കാർക്ക് ആസ്വാദകരമാക്കിത്തീർത്തിട്ടുണ്ട്. മുകുന്ദന്റെ പ്രധാനനോവലുകളായ *പ്രവാസം, ദൽഹി, ദൽഹിഗാഥകൾ,* എന്നീ നോവലുകളെ അടിസ്ഥാനമാക്കി പ്രവാസത്തിന്റെ സവിശേഷാനുഭവങ്ങളെ എപ്രകാരമെല്ലാമാണ് ആവിഷ്ക്കരിക്കുന്നതെന്ന് അന്വേഷിക്കുകയാണ് തുടർന്നുള്ള അധ്യായങ്ങളിൽ ചെയ്യുന്നത്.

## കുറിപ്പുകൾ

1 ഒ. ചന്തുമേനോൻ, *ഇന്ദുലേഖ*, തേഞ്ഞിപ്പലം: കാലിക്കറ്റ് യൂണിവേഴ്സിറ്റി പ്രസ്, 2003, പു. 220.

2 ജോർജ്ജ് ഇരുമ്പയം, *സാമൂഹിക നോവൽ ഇന്ദുലേഖയും ശാരദയും (മലയാള നോവൽ പത്തൊമ്പതാം നൂറ്റാണ്ടിൽ)*, കോട്ടയം: സാഹിത്യ പ്രവർത്തകസഹകരണസംഘം, 1984, പു. 92.

3 വൈക്കം മുഹമ്മദ് ബഷീർ, *ബാല്യകാലസഖി*, കോട്ടയം: ഡി.സി. ബുക്സ്, 2018, പു. 56.

4 ടി, പു. 70.

5 ഷാജി ജേക്കബ്, *സ്ഥലം/യാത്ര നോവൽ – (മലയാള നോവൽ ദേശഭാവനയും രാഷ്ട്രീയ ഭൂപടങ്ങളും)*, ദൽഹി: സാഹിത്യ അക്കാദമി, 2010, പു. 84.

6 നൂറ്റാണ്ടുകളുടെ പാപഭാരം പേറുന്ന കഥാപാത്രങ്ങളുടെ രക്തത്തിൽ തീർത്ത ചിത്രങ്ങളിൽകൂടി മതഭ്രാന്തിന്റെ ഭീകരതയെക്കുറിച്ച് *മൂടുപടം* ബോധവത്കരണം നടത്തി, കെ. എം തരകൻ, *മലയാളനോവൽ സാഹിത്യചരിത്രം*, തൃശ്ശൂർ: കേരളസാഹിത്യഅക്കാദമി, 1984, പു. 112.

7 പി. മണികണ്ഠൻ, *എണ്ണപ്പാടങ്ങളിൽ ചിതറിപ്പാർക്കുന്നവരുടെ സാഹിത്യം* (*മലയാളിയുടെ സ്വത്വാന്വേഷണങ്ങൾ*), തൃശ്ശൂർ: കേരളസാഹിത്യഅക്കാദമി, 2009, പു. 23.

8 സുധീർ കിടങ്ങൂർ, *നഗരപ്രവാസിയുടെ ഇടത്താവളം (നഗരവും നോവലും)*, തിരുവനന്തപുരം: മാളൂബെൻ പബ്ലിക്കേഷൻസ്, 2005, പു. 63.

9 Williams, Raymond, *Introduction, The English Novel from Dickens to Lawrence*, Vintage Classics, 2016.

10 ഒ. വി വിജയൻ, തലമുറകൾ, കോട്ടയം: ഡി.സി ബുക്സ്, 2007, പു. 41.

11 ടി, പു. 301.

12 സ്വന്തം ജന്മഭൂമിയുടെ ചൂടും കുളിരും നിഷേധിക്കപ്പെട്ട് നഗരത്തിൽ അഭയം അന്വേഷിച്ച് എത്തപ്പെട്ട ഇന്ത്യൻയുവത്വത്തിന് നമ്മുടെ കാലഘട്ടം നൽകിയ വിലാപദിനങ്ങളാണ് ആൾക്കൂട്ടത്തിൽ വിശകലനം ചെയ്യപ്പെടുന്നത്, കെ. പി. അപ്പൻ, *മാറുന്ന മലയാളനോവൽ*, ആലപ്പുഴ: ഗൗതമ പബ്ലിഷേഴ്സ്, 1998, പു. 80.

13 കോവൂർ, ഇ.എം., *ഗുഹാജീവികൾ*, കോട്ടയം: സാഹിത്യപ്രവർത്തക സഹകരണ സംഘം, 1999, പു. 12.

14 പ്രകാശ് ബാബു പി.വി., *പ്രവാസവും നോവലും*, കോഴിക്കോട്: ലിപി പബ്ലിക്കേഷൻസ്, 2008, പു. 54.

15 പി.കെ. രാജശേഖരൻ, *അന്ധനായ ദൈവം* - മലയാള നോവലിന്റെ നൂറു വർഷങ്ങൾ, കോട്ടയം: ഡി.സി. ബുക്സ്, 1999, പു, 153.

16 പി. ഉണ്ണിക്കൃഷ്ണൻ, *ഒറോത - പുറപ്പാടിന്റെ പുസ്തകത്തിൽ നിന്നൊരേട് (കാക്കനാടൻ പാരുഷ്യത്തിന്റെ കനലാട്ടങ്ങൾ)*, തിരുവനന്തപുരം: കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 2012.

17 ''മലബാറിലെ തരിശുഭൂമികളിലേക്ക് തിരുവിതാംകൂറിൽനിന്ന് പരിശ്രമികളായ ഏതാനും സംഘം ക്രിസ്ത്യാനികൾ കുടിയേറിപ്പാർക്കാൻ പോയതിനെ ചിത്രീകരിച്ചാണ് കഥയുടെ പശ്ചാത്തലം കരുപ്പിടിപ്പിച്ചിട്ടുള്ളത്. ആ കുടിയേറ്റക്കാരുടെ യാത്രയും പുതിയ സ്ഥലത്തുള്ള ജീവിതാനുഭവങ്ങളും വളരെ തന്മയത്വത്തോടെ വർണ്ണിക്കാൻ പൊറ്റെക്കാട്ടിന് കഴിഞ്ഞിരിക്കുന്നു. വ്യക്തികളുടെ ഭാഗധേയങ്ങളേക്കാൾ സമൂഹത്തിന്റെ ജീവിതാനുഭവങ്ങളാണ് അതിൽ കൂടുതൽ പ്രകാശിക്കുന്നത്'', പി.കെ. പരമേശ്വരൻ നായർ, *മലയാളസാഹിത്യചരിത്രം*, ദൽഹി: സാഹിത്യ അക്കാദമി, 1992, പു. 139.

18 എസ്.കെ പൊറ്റെക്കാട്ട്, *വിഷകന്യക*, കോട്ടയം: സാഹിത്യ പ്രവർത്തകസഹകരണസംഘം, 2007, പു. 25.

19 ''ആലിംഗനം ചെയ്യുന്നവരെ വിഷമേൽപ്പിച്ചു കൊല്ലുന്ന ഈ വിഷകന്യക ഇനിയും ആയിരക്കണക്കിന് ആളുകളെ വശീകരിക്കും. അവരുടെ ജീവ

രക്തം വറ്റിക്കും, ഒടുവിൽ അവരെ തന്നിൽതന്നെ വിലയിപ്പിക്കുകയും ചെയ്യും'' എന്ന് മലബാറിനെപ്പറ്റി അന്തോണി വിചാരിക്കുന്നിടത്താണ് നോവൽ അവസാനിക്കുന്നത്, എസ്. കെ. പൊറ്റെക്കാട്ട്, *വിഷകന്യക*, കോട്ടയം: ഡി.സി ബുക്സ്, 2015, പു. 165.

20 കാക്കനാടൻ, *ഒറോത*, കൊല്ലം: സങ്കീർത്തനം പബ്ലിക്കേഷൻസ്, 2014, പു. 41.

21 ടി, പു. 72.

22 കെ. ജെ ബേബി, *ബെസ്പുർക്കാന,* കോട്ടയം: ഡി.സി ബുക്സ്, 2006, പു. 7

23 റഷീദ് പാറയ്ക്കൽ, *ഒരു തക്കാളിക്കൃഷിക്കാരന്റെ സ്വപ്നങ്ങൾ*, തൃശ്ശൂർ: ഗ്രീൻബുക്സ്, 2011, പു. 132.

24 കൃഷ്ണദാസ്, *കടലിരമ്പങ്ങൾ*, തൃശ്ശൂർ: ഗ്രീൻബുക്സ്, 2010, പു. 81.

25 ബാലഗോപാലൻ, *ഒരു പ്രവാസിയുടെ ഇതിഹാസം*, കോട്ടയം: കറന്റ്ബുക്സ്, 2012, പു. 68.

## അധ്യായം: 3

# ‘പ്രവാസ’വും – പ്രവാസജീവിതാവിഷ്കാരവും

മലയാളിയുടെ അന്താരാഷ്ട്രപ്രവാസത്തെ പശ്ചാത്തലമാക്കിക്കൊണ്ട് മുകുന്ദനെഴുതിയ നോവലാണ് *പ്രവാസം*. സഞ്ചാരികളാണ് പ്രവാസികളെ സൃഷ്ടിക്കുന്നതെന്ന് മുകുന്ദൻ വിശ്വസിക്കുന്നു. വിദേശരാജ്യങ്ങളിലെ യാത്രകൾ ജീവിതവ്രതമാക്കിമാറ്റിയ മലയാളത്തിന്റെ പ്രിയപ്പെട്ട സഞ്ചാരസാഹിത്യകാരൻ എസ്.കെ. പൊറ്റെക്കാട്ടിനെക്കൊണ്ട് *പ്രവാസ*ത്തിന്റെ പൂർവകഥ അവതരിപ്പിക്കുന്നത് തികച്ചും ഉചിതമാണ്. യൂറോപ്യൻനാടുകളും അമേരിക്കൻ ഐക്യനാടുകളും, അറബുനാടുകളും നിരന്തരം സഞ്ചരിച്ച് പ്രവാസികളുമായി ഇടപഴകി അവരുടെ ജീവിതവും, തൊഴിലും, തൊഴിൽപ്രശ്നങ്ങളും കണ്ടുംകേട്ടും പരിചയിച്ച് അടുത്തറിഞ്ഞ എസ്.കെ. കഥപറയുമ്പോൾ അവയിലെ യാഥാർത്ഥ്യവും അനുഭവതീവ്രതയും അനനുകരണീയമാണല്ലോ. ""A man travels the world over in search of what he needs, and returns home to find it"[1] എന്ന വാക്യംകൊണ്ട് ആരംഭിക്കുന്ന ഈ നോവൽ പ്രവാസജീവിതത്തിന്റെ യഥാതഥചിത്രീകരണമാണ്.

മാറുന്ന കാലത്തിന്റെ വീക്ഷണഗതിക്കനുസരിച്ച് പ്രവാസസാഹചര്യങ്ങളും മാറ്റങ്ങൾക്ക് വിധേയമാകുന്നു. സാങ്കേതികതയുടെ കുതിപ്പ് നാടുകൾ തമ്മിലുള്ള അകലം കുറച്ചു. ഒരേയിടത്തുനിന്നും പലകാലങ്ങളിലായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് പ്രവാസികളായിപ്പോയവരും ലക്ഷ്യം പൂർത്തിയാക്കി തുടങ്ങിയിടത്തുതന്നെ തിരിച്ചെത്തിയവരും പാതിവഴിയിൽ പലകാരണങ്ങളാൽ വീണുപോയവരും ആ കൂട്ടത്തിലുണ്ട്. പല കാലഘട്ടങ്ങളിൽ സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ വ്യവസ്ഥിതികൾ മാറിമറിയുന്നു. തലമുറകൾ പിന്നിടുമ്പോൾ ചിന്തയിലും പ്രവൃത്തിയിലും വിശ്വാസങ്ങളിലും മാറ്റങ്ങൾ സംഭവിക്കുന്നു.

അങ്ങനെ വിവിധ തലങ്ങളിലുണ്ടായിട്ടുള്ള പരിണാമങ്ങളെ വ്യക്തമായി അടയാള പ്പെടുത്തുന്ന കൃതിയാണിത്. ഗൃഹാതുരത്വം ഉള്ളിൽനിറച്ച് പ്രവാസജീവിതം നയി ക്കുന്ന മനുഷ്യരുടെ വിരഹത്തിന്റെയും വേദനയുടെയുംകൂടി കഥയാണ് *പ്രവാസം*.

*പ്രവാസത്തി*ന്റെ രചനയെക്കുറിച്ച് മുകുന്ദൻ ഇങ്ങനെ പറയുന്നു. "*പ്രവാസ* ത്തിന്റെ പിന്നിൽ നിരവധി വർഷങ്ങളുടെ അധ്വാനമുണ്ടായിരുന്നു. ഞാനെന്റെ യാത്രകളിലൂടെ അറിഞ്ഞ ലോകമാണത്. നമ്മുടെ നാടേതാണെന്ന് ചോദിച്ചാൽ കേരളമാണെന്നാണ് നാം പറയുക. ഇനി അങ്ങനെ പറയാൻ പറ്റില്ല. ഇന്ന് കേരള ത്തിന് പുറത്ത് ഒരുപാട് കേരളമുണ്ട്; അമേരിക്കയിലടക്കം. അവിടെ മാവുണ്ട്, അത് പൂക്കുകയും കായ്ക്കുകയും ചെയ്യുന്നുണ്ട്. നമ്മുടെ നാട്ടിലിപ്പോൾ മാവ് പൂക്കുന്നില്ല. അവിടങ്ങളിൽ മാവും പ്ലാവും കറിവേപ്പിലയും സമൃദ്ധമാണ്. കേരള ത്തിലെ ജനസംഖ്യയുടെ മുപ്പതുശതമാനത്തോളമിന്ന് പുറത്താണ് ജിവിക്കുന്നത്. കേരളീയവാസമാണ് മലയാളിജീവിതമെന്ന് പറയുന്നതും ശരിയല്ല. ഗൾഫിലും അമേരിക്കയിലും ബർമ്മയിലും സിഗപ്പൂരിലുമെല്ലാം വ്യത്യസ്തതയാർന്ന മല യാളിജിവിതമുണ്ടിന്ന്. ഈ ഒരു വസ്തുത നമ്മൾ അംഗീകരിച്ചാൽ നമ്മുടെ സങ്കൽപ്പങ്ങളെല്ലാം മാറിപ്പോകും. അതോടെ നമ്മുടെ കാഴ്ച്ച ചിതറിപ്പോകും. ഇങ്ങനെയൊരു കാഴ്ച്ചയാണ് ഞാൻ *പ്രവാസ*ത്തിലൂടെ അവതരിപ്പിക്കുന്നത്."[2] പ്രവാസത്തിൽ മലയാളിയുടെ ജീവിതത്തിന്റെ വൈവിധ്യമുണ്ട്. ഇപ്രകാരം മലയാ ളികൾ എവിടെയെത്തിയാലും അവിടെയൊക്കെ ഒരുചെറുകേരളം സൃഷ്ടി ക്കാനവർ പരിശ്രമിക്കുന്നു.

താനിന്നോളം രചിച്ചവയിൽനിന്നും തുലോം ഭിന്നമായ കൃതിയാണ് *പ്രവാസം* എന്ന് മുകുന്ദൻതന്നെ വ്യക്തമാക്കുന്നുണ്ട്. "ഇതു മലയാളികളുടെ സ്വത്വം അന്വേഷിക്കുന്ന നോവലാണ്. എന്താണ് മലയാളി, എന്താണ് പ്രവാസം? ഇതാണ് താൻ കണ്ടെത്താൻ ശ്രമിച്ചത്."[3] മലയാളനോവലിന്റെ ആഖ്യാനപാരമ്പ

ര്യത്തിൽ പലവിധ പുതുമകളും അവതരിപ്പിച്ചിട്ടുള്ള നോവലിസ്റ്റ് എന്നനിലയിൽ മുകുന്ദന്റെ ആഖ്യാനപരതയുടെ വൈവിധ്യവും വ്യതിരിക്തതയും എത്രയോ മുൻപുതന്നെ അംഗീകരിക്കപ്പെട്ടു കഴിഞ്ഞതാണെങ്കിലും നോവലിസ്റ്റുതന്നെ ഒരു കഥാപാത്രമായി പ്രത്യക്ഷപ്പെടുന്ന ആദ്യനോവൽ എന്ന സവിശേഷത അവകാശപ്പെടാൻ *പ്രവാസ*ത്തിന് മാത്രമേ കഴിയൂ.

### 3.1 പശ്ചാത്തലപഠനം

ഇതുപതാംനൂറ്റാണ്ടിന്റെ തുടക്കത്തിൽ കോഴിക്കോട്ടെ ഗ്രാമീണജീവിത പശ്ചാത്തലത്തിലാണ് നോവൽ ആരംഭിക്കുന്നത്. അൻപത്തിയഞ്ച് അധ്യായങ്ങളുള്ള നോവൽ രണ്ട് ആഖ്യാതാക്കളുടെ വീക്ഷണത്തിലൂടെയാണ് പുരോഗമിക്കുന്നത്. സഞ്ചാരിയായ എസ്.കെ പൊറ്റെക്കാട്ടും നോവിലിസ്റ്റായ എം. മുകുന്ദനുമാണ് ആഖ്യാതാക്കൾ. ആദ്യത്തെ മുപ്പത് അധ്യായങ്ങൾ ശങ്കരൻകുട്ടി (എസ്. കെ പൊറ്റെക്കാട്ട്) എന്ന കഥാപാത്രത്തിന്റെ ചിന്തയിലൂടെയാണ് അനാവരണം ചെയ്യുന്നത്. ഒന്നാംഘട്ടം 1930 മുതൽ 1980 വരെയുള്ള പൊറ്റെക്കാട്ടിന്റെ സഞ്ചാരകാലമാണ്. അദ്ദേഹം കാലയവനികയ്ക്കുള്ളിൽ മറയുന്നതുവരെയാണിതിന്റെ കാലപരിധി. നോവലിന്റെ രണ്ടാം ഘട്ടം എസ്.കെയുടെ പിൻഗാമി എന്ന് സ്വയം വിശേഷിപ്പിക്കുന്ന എം. മുകുന്ദൻ എന്ന കഥാപാത്രത്തിന്റെ നോട്ടത്തിലൂടെയാണ് പൂർത്തിയാകുന്നത്.

പ്രമേയം എന്നതിലുപരി ഒരു ജീവിതാവസ്ഥയായി പ്രവാസത്തെ അനുഭവവേദ്യമാക്കുന്ന നോവലാണിത്. ആധുനികലോകാവസ്ഥയിലെ പ്രവാസത്തിന്റെ അനുഭവം (നാടുകടത്തപ്പെടുന്നവന്റെ അന്യനാട്ടിലെ അഭയാർത്ഥിജീവിതമാണ് പ്രവാസം എന്ന അവസ്ഥ) അല്ല നോവലിലുള്ളത്. തലമുറകളുടെ ജീവിതം, ചരിത്രപരവും സാംസ്കാരികവും രാഷ്ട്രീയവുമായ സന്ദർഭങ്ങൾ പശ്ചാത്തലമാക്കി ആഖ്യാനം ചെയ്യുന്നതിലൂടെ ഒരു പ്രത്യേക സമൂഹത്തിന്റെ പ്രശ്നങ്ങൾ പ്രമേയമായി സ്വീകരിക്കുക എന്നതിനപ്പുറം പ്രവാസത്തിന്റെ അവസ്ഥാഭേദങ്ങൾ അനുഭ

വിപ്പിക്കാനാണ് മുകുന്ദൻ ശ്രമിക്കുന്നത്. ഒരേസമയം ആഖ്യാതാവും കഥാപാത്രവു മായി നോവലിസ്റ്റ് ഇടപെടുന്നു. ആഖ്യാതാവ് പ്രവാസികൂടിയാകുമ്പോൾ പ്രവാസം ആത്മകഥാപരവും ഒപ്പം സാമൂഹികപ്രതിബദ്ധതയുള്ളതുമാകുന്നു.

ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ തെക്കുകിഴക്കൻ ഏഷ്യയിലു ണ്ടായ കുടിയേറ്റം (ബർമ്മൻ കുടിയേറ്റം), അമേരിക്കയിലേക്കുണ്ടായ കുടിയേറ്റം, എഴുപതുകളിലുണ്ടായ ഗൾഫ് കുടിയേറ്റം എന്നിവയിലൂടെയാണ് പ്രവാസം കടന്നുപോകുന്നത്. 1938-ൽ ബർമ്മയിൽ പോവുകയും രണ്ടാംലോകമഹായുദ്ധം അവസാനിച്ചപ്പോൾ സർവവും നശിച്ച് നാട്ടിലേക്ക് മടങ്ങുകയും ചെയ്ത കൊറ്റ്യത്ത് കുമാരന്റെ പ്രവാസജീവിതാനുഭവകഥ പറഞ്ഞുകൊണ്ടാണ് മുകുന്ദൻ ആഖ്യാനം ആരംഭിക്കുന്നത്. കുമാരന്റെ മകൻ ഗിരി നാട്ടിൽ വലിയ കമ്മ്യൂണിസ്റ്റ് നേതാവായി മാറുകയും ഗിരിയുടെ മകൻ അശോകൻ അച്ഛന്റെ വഴി സ്വീകരി ക്കാതെ അമേരിക്കയിൽ പോയി എം.ബി.എ നേടി അവിടെത്തന്നെ പ്രവാസിയാ കുന്നു. ഒടുവിൽ പ്രവാസം അവസാനിപ്പിച്ച് നാട്ടിൽ തിരിച്ചെത്തുന്ന കഥാപാത്രമാ ണയാൾ. ഈ കുടുംബകഥയ്ക്ക് സമാന്തരമായാണ് ഗൾഫ് പ്രവാസികളായ രാമദാ സൻ, ജനാർദ്ദനൻ, അബൂട്ടി, സുധീരൻ, നാഥൻ തുടങ്ങിയവരുടെ കഥകൾ അനാവ രണം ചെയ്യുന്നത്. എല്ലാവരെയും കൂട്ടിയിണക്കുന്ന കഥാപാത്രങ്ങളായി പൊറ്റെക്കാട്ടും മുകുന്ദനും നോവലിൽ കടന്നുവരുന്നുമുണ്ട്.

പ്രവാസത്തിന്റെ വ്യത്യസ്താനുഭവങ്ങൾ നേരിടുന്ന കഥാപാത്രങ്ങളും പ്രവാസസാഹചര്യങ്ങളിൽ വലിയതോതിൽ ആകൃഷ്ടരായ കഥാപാത്രങ്ങളും ഈ നോവലിലുണ്ട്. പ്രവാസജീവിതം സമൂഹത്തിലുണ്ടാക്കിയ മാറ്റങ്ങൾ അവരിലൂടെ അടയാളപ്പെടുത്തുന്നു. നോവലിസ്റ്റിന്റെ ജീവിതവീക്ഷണത്തിനും ഈ നോവലിൽ കാര്യമായ പങ്കുണ്ട്. അതിനാൽ അനുഭവത്തിന്റെ വെളിച്ചത്തിൽ ജീവിതത്തെ വില യിരുത്താൻ മുകുന്ദന് കഴിയുന്നു. തലമുറകളോടൊത്തുള്ള എഴുത്തുകാരന്റെ സഞ്ചാരത്തിലൂടെ സാധ്യമാകുന്ന സംവാദപരത നോവലിനെ നവീനമാക്കുന്നു.

പ്രധാനമെന്നും അപ്രധാനമെന്നും വേർതിരിക്കുന്ന കഥാപാത്രങ്ങൾക്ക് തുല്യപ്രാധാന്യം നൽകുന്ന രീതിയാണ് ഇതിവൃത്തത്തിലുള്ളത്.

### 3.2 പ്രവാസഭൂമിക

നിരവധി കഥകളുടെയും ഉപകഥകളുടെയും സമാഹാരമാണ് *പ്രവാസ*മെന്ന നോവൽ. കേരളത്തിന്റെ വടക്കേയറ്റത്തുള്ള കോഴിക്കോട്, മാഹി തുടങ്ങിയ ദേശങ്ങളിൽ നിന്ന് കടലിനക്കരെയുള്ള ബർമ്മ, ഫ്രാൻസ്, അമേരിക്ക, ഗൾഫ് തുടങ്ങിയ രാജ്യങ്ങളിലൂടെ സഞ്ചരിക്കുന്ന കേരളീയന്റെ ജീവിതപരിഛേദമാണ് പ്രവാസത്തിന്റെ ചട്ടക്കൂടിലൂടെ മുകുന്ദൻ അവതരിപ്പിക്കുന്നത്. സൈദ്ധാന്തികമായ പ്രവാസപഠനത്തിന്റെ മാനദണ്ഡങ്ങൾക്കപ്പുറം വർത്തിക്കുന്ന കഥയും കഥാപാത്രങ്ങളുമാണ് ഈ നോവൽ പരിചയപ്പെടുത്തുന്നത്. ദേശം, ഭാഷ, സമൂഹം, സംസ്കാരം തുടങ്ങിയ ജീവിതപരിസരങ്ങളിലൂടെ അനന്തവിശാലമായ ലോകഭൂപടത്തിന്റെ വിഹായസ്സിലേക്ക് നോവൽ അനുവാചകനെ എത്തിക്കുന്നു. ദേശത്തിന്റെ അതിർത്തിഭേദങ്ങളും വർണ്ണ- ലിംഗവിവേചനങ്ങൾക്കുമപ്പുറം പുലരുന്ന വൈവിധ്യമാർന്ന ജീവിതത്തിൽ, വ്യത്യസ്തമായ പ്രവാസജീവിതചിത്രങ്ങൾ അനുരണനം ചെയ്യുന്നുണ്ട്. അങ്ങനെ നോക്കുമ്പോഴാണ് കൊറ്റ്യത്ത് കുടുംബാംഗങ്ങളും മിച്ചിലോട്ട് മാധവനും കൊണ്ടോട്ടി ബീരാനും വർഗ്ഗീസ് കുറ്റിക്കാടനും അച്ചാമ്മയും വിന്ദുജയും രാമദാസനും സുധീരനും പോലുള്ള പ്രവാസകഥാപാത്രങ്ങൾ നോവലിനെ അനുകരണീയമാക്കുന്നത്. ജന്മനാട്ടിൽ അനന്തവിശാലമായ ഭൂസ്വത്തും മറ്റു ഭൗതിക സൗകര്യവുമുള്ള തറവാട്ടിലെ അംഗമായ കുമാരൻ ലോകം കാണുന്നതിനും അദ്ധ്വാനിച്ച് സ്വപ്രേരണയാൽ അഭിമാനത്തോടെ ജീവിക്കുന്നതിനും വേണ്ടിയാണ് പ്രവാസം തിരഞ്ഞെടുക്കുന്നത്. ജീവിതമാർഗ്ഗംതേടി ബർമ്മയിലെത്തി അവിടെ തന്റേതായ ഒരു കൊച്ചുകേരളീയജീവിതപരിസരം സൃഷ്ടിച്ച ബീരാൻ, ഉന്നതവിദ്യാഭ്യാസം നേടുന്നതിനായി പാരീസിലെത്തി, അവിടെ ജർമ്മൻ കോളനിവത്കരണത്തിനെതിരെ പടപൊരുതി രക്തസാക്ഷിത്വം വരിച്ച മാധവൻ

ഇങ്ങനെ നീണ്ടുപോകുന്ന ജീവിതചിത്രങ്ങൾക്കിടയിലും *പ്രവാസ*മെന്ന നോവലിന്റെ ആഖ്യാനപരത മലയാളസാഹിത്യം എക്കാലത്തും സവിശേഷതയോടെ രേഖപ്പെടുത്തുന്നു. അപ്രകാരം ഓരോരോ കഥാപാത്രത്തിന്റെയും ജീവിതാവസ്ഥകളെ പ്രവാസത്തിന്റെ ചുറ്റുപാടിൽ അവലോകനം ചെയ്യുന്നത് തികച്ചും അന്വർത്ഥമാണ്.

### 3.3 കൊറ്റ്യത്ത് തറവാട്ടിലെ പ്രവാസികൾ

''കൊറ്റ്യത്ത് തറവാട്ടിലെ ആൺതരികൾ തന്റേടികളും ധിക്കാരികളുമാണ്''[4] എന്ന നോവലിസ്റ്റിന്റെ പ്രഖ്യാപനത്തിലൂടെയാണ് കൊറ്റ്യത്ത് കാരണവരായ ചോയിക്കുട്ടിയച്ഛന്റെ ഏക സന്താനമായ കുമാരൻ (കുമാരന്റെ മകൻ ഗിരി, ഗിരിയുടെ മകൻ അശോകൻ) മുതലായവരെ നോവലിസ്റ്റ് പരിചയപ്പെടുത്തുന്നത്. കുമാരൻ അച്ഛനെ ധിക്കരിച്ച് ഭാര്യയെയും മകനെയും ഉപേക്ഷിച്ച് ബർമ്മയിൽ പോകുന്നു. ജോലി ചെയ്യുക എന്നതിനേക്കാൾ യാത്ര ചെയ്യുക എന്നതായിരുന്നു അയാളുടെ ലക്ഷ്യം. ഇത്തിരിയോളംപോന്ന കേരളത്തിന്റെ ഭൂപ്രകൃതി വിട്ട് അതിരുകളില്ലാത്ത വിദേശരാജ്യങ്ങളിലെ സഞ്ചാരം ലക്ഷ്യമാക്കി 1930-ൽ കുമാരൻ കപ്പൽ കയറി ബർമ്മയിലേക്ക് പോയി. മലയാളിയെ സംബന്ധിച്ച് പ്രവാസജീവിതം തീരെ പരിചിതമല്ലാതിരുന്ന ഒരു കാലത്താണ് കുമാരന്റെ ബർമ്മായാത്ര. ബ്രിട്ടീഷ്കമ്പനി ബർമ്മയിൽ റെയിൽപ്പാത നിർമ്മിക്കാൻ തുടങ്ങിയെന്നറിയുന്നതോടെ അവിടെ ജോലി സമ്പാദിക്കുകയെന്നത് കുമാരന്റെ സ്വപ്നമായി മാറുന്നു. പുതിയ കാഴ്ചകളിലേയ്ക്കും അനുഭവങ്ങളിലേയ്ക്കുമുള്ള അടങ്ങാത്ത ത്വര അയാളെ പ്രവാസിയാക്കുന്നു.

''യൂറോപ്യൻ അധിനിവേശത്തിന്റെ സ്വാധീനത്താൽ രൂപപ്പെട്ടുവന്ന കേരളീയമായ ഒരു ആധുനികമനസ്സിന്റെ ബോധതലങ്ങളിലാണ് നാടുകാണാനും സഞ്ചരിക്കാനുമുള്ള തോന്നലുകൾ രൂപപ്പെട്ടുവരുന്നത്. സ്വതന്ത്രപൂർവ്വഭാരതത്തിലെ യുവമനസ്സുകളെ ഇത്തരത്തിൽ അന്വേഷണ ബുദ്ധിയുള്ളവരാക്കുന്നതിൽ ബ്രിട്ടീഷ്

അധിനിവേശം കാര്യമായ പങ്കുവഹിച്ചിട്ടുണ്ട്. സഞ്ചാരം ഒരറിവന്വേഷണമാർഗ്ഗമായി പരിണമിക്കുന്നതും ഇക്കാലത്താണ്.''[5] കുമാരൻ എന്ന യുവാവിന്റെ രക്തത്തിലുണ്ടായിരുന്ന തിളപ്പ് അറിവന്വേഷണത്തിന്റെ പുതിയ കാലഘട്ടവുമായി ബന്ധപ്പെട്ടതായിരുന്നു. ബർമ്മയിലേയ്ക്ക് പോകാൻ തുടങ്ങുന്ന കുമാരന് ലഭിച്ച തൊഴിൽപരമായ ഒരേയൊരു അറിവ് ബ്രിട്ടീഷ് കോളനിവത്കരണത്തിന്റെ കാലത്ത് ചരക്ക് ഗതാഗതം സുഗമമാക്കാനായി അവിടെ റെയിൽപ്പാത നിർമ്മിക്കുന്നു എന്നതാണ്. പരിചിതവൃത്തത്തിൽനിന്നും പാരമ്പര്യത്തിൽനിന്നും അകന്നുമാറുന്നതിനും ഒന്നുംചെയ്യാതെ കാരണവന്മാരുടെ അദ്ധ്വാനത്തിന്റെ പങ്കുപറ്റി ജീവിക്കാതെ സ്വന്തം ജോലിചെയ്ത് ജീവിക്കുന്നതിനും താൽപര്യം കാട്ടുന്ന കുമാരൻ മാറുന്ന തലമുറയുടെ പ്രതീകമാണ്.

ആദ്യ കപ്പൽയാത്രയുടെ അവശതകളോടെ കുമാരൻ ബർമ്മയിലെത്തി. ബർമ്മയുടെ മണ്ണിൽ കാൽകുത്തിയപ്പോൾ ചവുട്ടി നിൽക്കുന്നത് ബർമ്മയുടെ മണ്ണിലാണല്ലോ എന്ന ചിന്ത അയാളെ പുളകമണിയിച്ചു. എന്നാൽ ദിവസങ്ങൾക്കുള്ളിൽ മാറിയ ജീവിതപരിസരത്തെ പൊള്ളുന്ന യാഥാർത്ഥ്യങ്ങൾ കുമാരൻ തിരിച്ചറിയാൻ തുടങ്ങി. സമ്പാദ്യത്തിന്റെ കരുതൽശേഖരം കഴിഞ്ഞപ്പോൾ ലോഡ്ജുകാർ അയാളെ ഇറക്കിവിടുന്നു. അഗതിപരിതോവസ്ഥപേറി ആദ്യമായി പൊള്ളുന്ന ജീവിതം അയാൾ അനുഭവിച്ചറിയുന്നു. കൂലികൾക്കിടയിൽ വെറുംനിലത്ത് മഞ്ഞുംമഴയും ഏറ്റ് ഉറങ്ങാൻ കിടന്നു. തീരെ പരിചയിക്കാത്ത അസഹ്യമായ ജീവിതയാഥാർത്ഥ്യങ്ങൾക്ക് നടുവിൽ വിനിദ്രനായി എഴുന്നേറ്റിരുന്നു. അഷ്ടിക്കുവേണ്ടി ചുമടെടുത്തു. എന്നിട്ടും ജന്മനാട്ടിലേക്ക് മടങ്ങി വരാൻ പൊള്ളയായ ആത്മാഭിമാനം അനുവദിച്ചില്ല. ജീവിതം കൈവിട്ടുപോകുന്ന സാഹചര്യത്തിലാണ് ഫയ്‌രെ സ്ട്രീറ്റ് സ്റ്റേഷനിൽ വച്ച് ''അപ്പം ചുട് ചുട് പാത്തുമ്മ ഇപ്പം ബരും പുതുമാപ്പള''[6] എന്ന മാപ്പിളപ്പാട്ടിന്റെ ഈരടികൾ അന്തരീക്ഷത്തിൽ ലയിച്ചെത്തിയത്. മലയാളത്തിലെ ആ ഇശലുകൾ ഹൃദയം കൊണ്ടാണ് കുമാരൻ ആസ്വദിച്ചത്.

പാട്ടിന്റെ ഉറവിടം തേടി അലച്ചെത്തുന്ന ശബ്ദത്തിനു പിന്നാലെ പാഞ്ഞു. പ്രവാസിയായ കുമാരന്റെ ജീവിതത്തിലെ പുത്തൻ ഇഴകൾ നെയ്തെടുക്കുന്ന രണ്ടാംജന്മത്തിന്റെ ആരംഭം കൂടിയായിരുന്നു ആ പാച്ചിൽ. കൊണ്ടോട്ടിക്കാരനായ ബീരാൻ എന്ന പ്രവാസി ബർമ്മയിലെ ഫയ്റെ സ്ട്രീറ്റ് സ്റ്റേഷൻ പരിസരവാസികൾക്ക് സുപരിചിതനാണ്. ബർമ്മയെ കേരളമെന്ന് പുനർനാമകരണം ചെയ്ത് ജീവിതത്തിന്റെ സ്വപ്നങ്ങൾ നെയ്തുകൂട്ടിയ ബീരാന്റെ കുടിയിൽ അയാളുടെ സഹായിയായി കുമാരൻ കഴിയുന്നു. ബീരാന്റെ മകൾ കതീശ (ഖദീജ എന്നത് 'കതീശ' എന്നാണ് നോവലിൽ പറയുന്നത്) വച്ചുണ്ടാക്കിയ മലപ്പുറം വിഭവങ്ങൾ കഴിച്ച് കുമാരൻ ആരോഗ്യം വീണ്ടെടുത്തു. ബീരാന്റെ കച്ചവടം കുമാരന്റെ സാന്നിദ്ധ്യത്തിൽ അഭിവൃദ്ധിപ്പെട്ടു. എന്നാൽ ഒരു ദുർവിധിയെന്നോണം ബീരാൻ അകാലത്തിൽ മരണപ്പെടുന്നു. ഇതിനിടെ വിവാഹപ്രായമെത്തിയ കതീശയെ ബീരാൻ കുമാരനെ ഏൽപ്പിക്കുന്നു. കല്യാണിയെയും ഗിരിയെയും മനസ്സിൽ കണ്ട് കതീശയോടൊപ്പം ജീവിതം പങ്കിടാൻ വ്യർത്ഥപരിശ്രമം നടത്തുകയാണ് കുമാരൻ. അതിനിടയിൽ പൊട്ടിപ്പുറപ്പെട്ട രണ്ടാംലോകമഹായുദ്ധത്തിൽ ബോംബ് വീണ് റങ്കൂൺ പൂർണ്ണമായും തകരുന്നു. കതീശയെ പട്ടാളക്കാർ പിടിച്ചുകൊണ്ടുപോകുന്നു. ശവങ്ങൾ നിറഞ്ഞ വികലമായ റങ്കൂണിനെ ഉപേക്ഷിച്ച് കുമാരൻ കേരളത്തിലേക്ക് മടങ്ങുന്നു. പതിനാറ് വർഷങ്ങൾക്കുശേഷം കൊറ്റ്യത്ത് തറവാട്ടിലേക്ക് മടങ്ങിയെത്തിയ കുമാരൻ തീർത്തും നിരാലംബനായ പ്രവാസിയായി മാറുന്നു. ഭാര്യയും മകനുമുൾപ്പെടെ കുടുംബത്തിലെ ആരും അയാളെ അംഗീകരിച്ചില്ല; അനാഥനും അന്യവൽക്കരിക്കപ്പെട്ടവനുമായ പ്രവാസിയാണയാൾ. പ്രവാസപുനരധിവാസത്തെക്കുറിച്ച് ശക്തമായി ചർച്ചചെയ്തിരുന്ന സമകാലിക സാമൂഹിക സാഹചര്യത്തിൽ കുമാരനെന്ന പ്രവാസിയുടെ അനുഭവകഥ വേറിട്ടുനിൽക്കുന്നു. കുടുംബത്തിനും കുടുംബാംഗങ്ങൾക്കും ഉൾക്കൊള്ളാനാവാത്തവിധം വ്യത്യസ്തമാണ് കുമാരന്റെ പ്രശ്നം.

പ്രവാസികൾ ചെന്നെത്തുന്നിടത്ത് അവർക്ക് സ്ത്രീ/പുരുഷബന്ധങ്ങളുണ്ടാവാം. അത് വിവാഹത്തിലേക്കും കുടുംബജീവിതത്തിലേക്കും എത്തിയെന്നും വരാം. എന്നാൽ ജീവിതാവസാനംവരെ നീണ്ടുനിൽക്കുന്ന ഒരു ബന്ധമായി അത് പലപ്പോഴും നിലനിൽക്കാറില്ല. നാട്ടിൽ തന്നെമാത്രം പ്രതീക്ഷിച്ചിരിക്കുന്ന ഭാര്യയും കുട്ടിയും എക്കാലത്തും പ്രവാസിയുടെ പ്രതീക്ഷയാണ്. ഇപ്രകാരം പ്രതീക്ഷക്കും നൊമ്പരങ്ങൾക്കുമിടയിൽ യാഥാർത്ഥ്യങ്ങളെ നിഷ്പ്രഭമാക്കിക്കൊണ്ട് അഗതികളും അനാഥരുമായി ശിഷ്ടകാലം ചുറ്റിത്തിരിയേണ്ടുന്ന ദുരന്തകഥാപാത്രങ്ങളും പ്രവാസികൾക്കിടയിലുണ്ട്.

തറവാടിയും അഭിമാനിയും അതിലുപരി താൻപോരിമയുമുള്ള കല്ല്യാണിയുടെയും കുമാരന്റെയും ശിഥിലദാമ്പത്യത്തിന്റെ സന്തതിയാണ് ഗിരി. കൊറ്റ്യത്ത് തറവാട് എല്ലാക്കാലത്തും പുരോഗമനപരമായ നിലപാടിലുറച്ച് നിന്നവരാണ്. അത്തരം ചിന്തകളുടെ സ്വാധീനം ആയിരിക്കണം കമ്മ്യൂണിസത്തിന്റെ കറകളഞ്ഞ പ്രവർത്തകനാകാൻ ഗിരിയെ പ്രേരിപ്പിച്ചത്. സ്കൂൾ വിദ്യാർത്ഥിയായിരിക്കുന്ന കാലത്തുതന്നെ മാർക്സിയൻ ദർശനങ്ങളുടെ പശ്ചാത്തലത്തിൽ പ്രസംഗവേദിയുടെ സ്ഥിരസാന്നിദ്ധ്യമാകാൻ ഗിരിക്ക് കഴിഞ്ഞു. ജന്മനാട്ടിൽ താമസിച്ചുകൊണ്ടുതന്നെ 'പ്രവാസജീവിതം' അനുഭവിക്കുന്ന വ്യക്തിത്വമാണ് അയാളുടേത്. ഗിരിയെന്ന പൊതുപ്രവർത്തകന്റെ ജീവിതസാഹചര്യങ്ങളെ തികഞ്ഞ കാർക്കശ്യത്തോടെയാണ് നോവലിസ്റ്റ് ഇവിടെ അവതരിപ്പിക്കുന്നത്.

1950 കാലഘട്ടത്തിലെ കാവുമ്പായി വെടിവെപ്പുകേസിലെ[7] പ്രതിയായി ഒളിവിൽ കഴിയുന്ന സഖാവിന്റെകൂടെ കണ്ടതുമുതലാണ് ഗിരി പൊലീസിന്റെ നോട്ടപ്പുള്ളിയായത്. ഇക്കാരണത്താൽ പാർട്ടി ഗിരിയ്ക്ക് ഒളിജീവിതം നിർദ്ദേശിച്ചു. അങ്ങനെയാണ് ഗിരി മാഹിയിലെത്തുന്നത്. അവിടെ ചെലവഴിച്ച നാളുകൾ ഗിരിയുടെ ജീവിതത്തിലെ വഴിത്തിരിവായിരുന്നു. കാവുമ്പായി വെടിവെപ്പുകേസിലെ പ്രതികളിൽ പലരേയും മദിരാശി ഹൈക്കോടതി വെറുതേ വിടുകയും കുറേപ്പേരുടെ

ശിക്ഷ ഇളവുചെയ്യുകയും ചെയ്തപ്പോൾ ഒളിജീവിതം അവസാനിപ്പിച്ചു വീട്ടിലേക്കു മടങ്ങുവാൻ പാർട്ടിയിൽനിന്ന് ഗിരിക്ക് നിർദ്ദേശം ലഭിച്ചു. വിദ്യാഭ്യാസകാലഘട്ടത്തിൽ ഗിരി കുറേ ത്യാഗങ്ങൾ സഹിച്ചിരുന്നു. കമ്മ്യൂണിസ്റ്റുകാരനെന്ന നിലയിൽ പോലീസിന്റെ പിടിയിലാവുകയും ജയിലിലടയ്ക്കപ്പെടുകയും എം.എസ്.പി.യുടെ മർദ്ദനമേൽക്കുകയും ചെയ്യുന്നു. ഗിരി ചെയ്ത ഏറ്റവും വലിയ ത്യാഗം തന്റെ കോളേജ്‌വിദ്യാഭ്യാസം പാർട്ടിപ്രവർത്തനത്തിന് വേണ്ടി ഉപേക്ഷിച്ചതാണ്. ''കർഷകർ പട്ടിണികിടന്നു ചാകുമ്പോൾ ഞാൻ കോളേജിൽ പോയി ഷേക്സ്പിയറുടെ സാഹിത്യം പഠിച്ചിട്ടെന്തുകാര്യം ഏച്ചീ''[8] എന്നാണ് സുനന്ദയോട് അയാൾ ചോദിക്കുന്നത്. മനുഷ്യന്റെ ആധിപിടിച്ച ശബ്ദത്തിന് സമൂഹത്തിൽ വലിയ പരിവർത്തനങ്ങൾ കൊണ്ടുവരാൻ കഴിയുമെന്ന് ഗിരിയ്ക്ക് മനസ്സിലായത് ആ നാളുകളിലായിരുന്നു. പ്രായംചെന്ന ആളെന്നപോലെ എല്ലാകാര്യങ്ങളെക്കുറിച്ചും ഗിരിയ്ക്ക് വ്യക്തമായ അഭിപ്രായമുണ്ടായിരുന്നു. തനിക്ക് ശരിയെന്ന് തോന്നുന്ന കാര്യങ്ങളെക്കുറിച്ച് പ്രായവും തരവും നോക്കാതെ ആരോടും തർക്കിക്കുവാൻ അയാൾക്കു മടിയില്ല.

തെക്കെ മലബാറിൽനിന്ന് വമ്പിച്ച ഭൂരിപക്ഷത്തോടെയാണ് ഗിരി ആദ്യത്തെ നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്. കേരളസംസ്ഥാനത്തിന്റെ ആദ്യത്തെ നിയമസഭയിൽ എം.എൽ.എ. ആയി സത്യപ്രതിജ്ഞ ചെയ്ത ഗിരി സുനന്ദയുടെ അടുത്ത് മടങ്ങിയെത്തുന്നത് മറ്റൊരു സുപ്രധാന തീരുമാനം അറിയിക്കാനായിരുന്നു. അതവരുടെ വിവാഹത്തിൽ കലാശിച്ചു. ഒരർത്ഥത്തിൽ ഗിരിയും പ്രവാസിയാണ്. അത് പാർട്ടിപ്രവർത്തനവുമായി ബന്ധപ്പെട്ടാണെന്ന് മാത്രം. കണ്ണൂർജില്ല കേന്ദ്രീകരിച്ചാണ് അയാളുടെ രാഷ്ട്രീയപ്രവർത്തനം. സുനന്ദയുടെ ആഗ്രഹം നിവർത്തിക്കാനായി ഒരിയ്ക്കൽ ഗിരി സുനന്ദയ്ക്കും കുഞ്ഞിനുമൊപ്പം ഫ്രാൻസിൽ പോകുന്നുണ്ട്. പോളിറ്റ്ബ്യൂറോ മെമ്പറായപ്പോൾ ഗിരിക്ക് തിരക്കുകൂടി. വീട്ടിൽ വരുന്നത് അപൂർവ്വമായി. അയാൾ മീറ്റിംഗും പ്രസംഗങ്ങളും സമരങ്ങളു

മായി നടക്കുകയാണ്. പൊതുപ്രവർത്തകന്റെ കൃത്യനിർവഹണാർത്ഥം മോസ്കോ യിലും പീക്കിങ്ങിലും കൽക്കത്തയിലും തിരുവനന്തപുരത്തുമായി യാത്രചെയ്യേണ്ടി വരുന്നു. സംഘടനാപ്രവർത്തനത്തിന്റെ ഭാഗമായുള്ള സഞ്ചാരത്തിന്റെ പ്രവാസ മാണ് ഗിരിയിലൂടെ ആവിഷ്കരിക്കുന്നത്.

പഠനാവശ്യത്തിനായി അമേരിക്കയിലെത്തി പഠനത്തോടൊപ്പം ജോലി ചെയ്ത് സമ്പാദിച്ച പണംകൊണ്ട് പഠനം പൂർത്തിയാക്കി, അമേരിക്കയിലെ പ്രശ സ്തമായ കമ്പനിയിൽ ജോലി ചെയ്യുന്ന ഒരു പ്രവാസിയാണ് ഗിരിയുടെ മകനായ അശോകൻ. അച്ഛന്റെ കമ്മ്യൂണിസ്റ്റ് ആശയങ്ങളോട് അശോകന് ഒട്ടും താൽപ്പര്യമി ല്ലായിരുന്നു. എം.ബി.എയ്ക്ക് അമേരിക്കയിൽ സീറ്റ് കിട്ടിയപ്പോൾ അശോകൻ നാടിനെക്കുറിച്ചോ വീടിനെക്കുറിച്ചോ തൽക്കാലം ഓർത്തില്ല; പെറ്റമ്മപോലും അയാളുടെ മനസ്സിലുണ്ടായിരുന്നില്ല. പ്രശസ്തമായ ഒരു അമേരിക്കൻ സ്കൂളിൽ എം.ബി.എ.യ്ക്ക് പഠിക്കാൻപോകുന്നു എന്ന ചിന്ത മാത്രമായിരുന്നു അയാൾക്കുണ്ടായിരുന്നത്. തലച്ചോറുകൊണ്ട് പണിയെടുക്കുന്നവർക്കുള്ളതാണ് ഈ ലോകം എന്ന ചിന്തയാണ് അശോകനെ അമേരിക്കയിലെത്തിക്കുന്നത്. സ്വയംപര്യാപ്തത നേടുന്നതിനായി ഏതറ്റംവരെയും പോകാൻ തയ്യാറായ അശോ കന് പ്രവാസം ഒരു പ്രതിബന്ധമല്ല.

അമേരിക്കയെക്കുറിച്ച് പൊതുവെ കേട്ടറിഞ്ഞ അനുഭവങ്ങളല്ല അശോകന് നേരിടേണ്ടിവന്നത്. എന്നാലും അവിടെ കാണാൻ കഴിഞ്ഞ ദാരിദ്ര്യവും വംശീയപ്രശ്നവും അയാളുടെ ലക്ഷ്യത്തെ ബാധിച്ചില്ല. അനുഭവങ്ങൾ പലതും താൻ ഈ രാജ്യത്ത് വിളിക്കാതെ വന്ന വിരുന്നുകാരനാണ് എന്ന തോന്നലുണ്ടാ ക്കിയെങ്കിലും സ്വന്തം അദ്ധ്വാനത്താൽ പഠിക്കാനും പണം സമ്പാദിക്കാനും ജീവി ക്കാനും അയാൾ ആഗ്രഹിച്ചു. എത്തിച്ചേർന്ന രാജ്യത്ത് ചെറിയ ജോലി കൾചെയ്തും സ്കോളർഷിപ്പുകൾ കരസ്ഥമാക്കിയും വിജയകരമായി പഠനം പൂർത്തിയാക്കി തൊഴിൽ നേടാൻ അശോകന് സാധിക്കുന്നു. ശബ്ദകോലാഹലങ്ങ

ളില്ലാതെതന്നെ തന്റെ ലക്ഷ്യത്തിനുവേണ്ടി കഠിനാദ്ധ്വാനം ചെയ്യാൻ കഴിവുറ്റവനായിരുന്നു അശോകൻ. അയാൾ അദ്ധ്വാനത്തിന്റെ മഹത്വം പഠിച്ചത് മുതലാളിത്തരാജ്യമായ അമേരിക്കയിൽനിന്നാണ്. സ്വന്തംകാലിൽ നിൽക്കാനും പുതിയ സാധ്യതകളെ പരമാവധി ഉപയോഗപ്പെടുത്തി പുത്തൻ ജീവിതാവസ്ഥയിലേക്ക് നീങ്ങുന്ന പുതുതലമുറയുടെ ആവേശമാണ് അശോകനിലൂടെ വെളിവാകുന്നത്. ‘‘ആരുടെയും സഹായമില്ലാതെ സ്വയം വഴികണ്ടെത്തി പഠിക്കുവാൻ പോവുകയാണയാൾ. അതിന്റെ സന്തോഷവും ആവേശവുമായിരുന്നു അയാളിൽ നിറയെ.’’[9] അമേരിക്കയാണ് അശോകന്റെ തട്ടകമെങ്കിലും ഒരിക്കലും നാടിനെയോ സ്വത്വത്തെയോ അയാൾ കൈവിടുന്നില്ല. അതിന് ആധാരമായ ജീവിതദർശനം അയാൾ രൂപപ്പെടുത്തുന്നതായിക്കാണാം.

വിദ്യാഭ്യാസം നേടിയ മലയാളിയുടെ സ്വത്വബോധത്തിനുദാഹരണമാണ് അശോകൻ. പഠനം പൂർത്തിയാക്കി തിരിച്ചെത്തിയ അശോകൻ ഗിരിയെ ചോദ്യം ചെയ്യുന്നുണ്ട്. ‘അച്ഛനെന്നെങ്കിലും അദ്ധ്വാനിച്ചിട്ടുണ്ടോ’ അശോകന്റെ ഈ ചോദ്യം അദ്ധ്വാനിക്കാതെ വലിയ സമ്പാദ്യത്തിനുടമകളാകുന്ന രാഷ്ട്രീയപ്രവർത്തകരോടുള്ള ചോദ്യംതന്നെയാണ്. പുതുതലമുറയ്ക്ക് ജീവിതത്തെ സംബന്ധിച്ച് വ്യക്തമായ കാഴ്ച്ചപ്പാടുകളും വിമർശനാത്മകമായി എന്തിനെയും കാണുന്നതിനുള്ള കഴിവും ലക്ഷ്യബോധവുമുണ്ട്. മാറുന്ന കേരളത്തിന്റെ പ്രതീകമാണയാൾ. മനുഷ്യൻ വെയിലത്ത് പണിയെടുക്കുന്ന കാലം അവസാനിക്കുകയാണെന്നും ഇനി യന്ത്രങ്ങൾ അദ്ധ്വാനിക്കുമെന്നും ബുദ്ധികൊണ്ടാണ് പ്രവർത്തിക്കേണ്ടതെന്നും അഭിപ്രായപ്പെട്ട അശോകൻ ആധുനികകാലത്തിന്റെ വക്താവാണ്. അച്ഛനും അച്ഛച്ഛനും അമേരിക്കയോട് വെറുപ്പ് പുലർത്തിയപ്പോൾ അശോകൻ പഠനത്തിനും ജീവിതത്തിനും ആ രാജ്യംതന്നെ തിരഞ്ഞെടുത്തു. അടിസ്ഥാനവർഗ്ഗത്തിന്റെ ജീവിതം എന്താണെന്ന് രാത്രിക്ലാസ്സുകളിൽ നിന്നല്ലാതെ സ്വാനുഭവംകൊണ്ട് മനസ്സിലാക്കിയിരുന്ന അശോകൻ തന്റെ സ്വന്തം നാട്ടിലും സാധാരണക്കാരനായി

ജീവിച്ചു. സാധാരണക്കാരന്റേതെന്ന് തോന്നിപ്പിക്കുന്ന രാഷ്ട്രീയകാപട്യമായിരുന്നില്ല അത്. അയാൾ കിണറ്റിൻകരയിൽനിന്നും വെള്ളം കോരിക്കുളിച്ചു. കൈലിമുണ്ടും കോട്ടൺ ഷർട്ടുമായി വള്ളിച്ചെരുപ്പുമിട്ട് തെരുവിലൂടെ നടന്നു. പ്രവാസം അശോകനെ സമ്പൂർണ്ണ മനുഷ്യനാക്കുകയായിരുന്നു. ''വൈദേശിക പകിട്ടിന്റെയും അന്യലോകവിഭ്രാന്തിയുടെയും ഉന്മാദം കലരാത്ത കുലാചാരങ്ങളും നാട്ടുശീലങ്ങളും, പ്രാദേശികവും ദേശീയവുമായ സ്വത്വബോധവും കൈമോശം വരാതെ പരിരക്ഷിച്ചുജീവിക്കുന്ന സംസ്കൃതിയാകും മലയാളിയുടെ പുതുതലമുറ അനുവർത്തിക്കുക.''[10] എന്ന് ഡോ. എ.എം. ഉണ്ണിക്കൃഷ്ണൻ അഭിപ്രായപ്പെടുന്നത് ഈ അർത്ഥത്തിലാണ്.

പൗരുഷം തെളിയിക്കാൻ ആവശ്യപ്പെട്ട ബിൻസി കുറ്റിക്കാടന്റെ പ്രണയത്തിൽനിന്നും ഒഴിഞ്ഞുമാറിയ അശോകൻ എത്തിച്ചേരുന്നത് പാപ്പിനിശ്ശേരിക്കാരി വിന്ദുജയുടെ അടുത്താണ്. ഇന്ത്യൻ പാരമ്പര്യത്തെ അമേരിക്കയിലും കാത്തുസൂക്ഷിക്കുന്ന വിന്ദുജയിൽ അയാൾ ജീവിതപങ്കാളിയെ കണ്ടെത്തുന്നു. ബിൻസിയുടെ വിരുദ്ധകോടിയിൽ സ്ഥിതിചെയ്യുന്ന അശോകൻ അമേരിക്കയിൽ കഴിയുമ്പോഴും തന്റെ സ്വപ്നങ്ങളിലും വിചാരങ്ങളിലും നിറച്ചുവയ്ക്കുന്നത് മലയാളിസ്വത്വത്തിന്റെ മണവും രുചിയും തനിമകളുമാണ്.

പ്രവാസിയാകുക എന്ന സ്വപ്നം പോലെ തന്റെ ജന്മനാട്ടിലേക്കുള്ള തിരിച്ചുവരവും ഓരോ പ്രവാസിയുടെയും ആഗ്രഹമാണ്. 21-ാം നൂറ്റാണ്ടുപിറക്കുമ്പൊഴേക്കും അമേരിക്ക വിട്ട് നാട്ടിൽ സ്ഥിരതാമസമാക്കുന്നിടത്ത് അയാളുടെ പ്രവാസം അവസാനിക്കുന്നു. ''ഏതൊരു വടവൃക്ഷം തന്നെയും എത്രവലിയ ആകാശത്തെ ആശ്ലേഷിച്ചാലും ഒരിക്കൽ അത് തന്റെ നേട്ടങ്ങൾക്ക് നിയോഗമായ വേരുകളെപ്പറ്റി ഓർത്തേ പറ്റൂ. ആ നിമിഷത്തിൽ അതിനുണ്ടാകുന്ന തിരിച്ചറിവ് സ്വന്തം മണ്ണിനെ അതിലെ ചൈതന്യത്തെ വിനീതിയോടെ തലവണങ്ങാൻ പ്രേരിപ്പിക്കുക തന്നെ ചെയ്യും. മറ്റുപലരും കാണാത്ത ലോകങ്ങൾ കണ്ടവനും വിവേകി

യുമായ കൊറ്റ്യത്ത്  അശോകൻ ഇവിടെ അതിന്റെ മാതൃകയാകുന്നു. ഈ തിരിച്ച റിവാണ് ഭൗതികസമൃദ്ധികളുടെയും ഒപ്പം അനിശ്ചിതത്വത്തിന്റെയും വിളഭൂമിയായ അമേരിക്കയിൽനിന്ന് പിറന്നനാട്ടിലേക്ക് സ്വന്തം പൈതൃകങ്ങളിലേക്ക് മടങ്ങിവരാൻ അയാളെ പ്രേരിപ്പിക്കുന്ന ഘടകം.''[11] വർത്തമാന സാഹചര്യത്തിൽ ശാസ്ത്ര സാങ്കേതികവിദ്യകൾ വികസിച്ചതോടെ ലോകരാജ്യങ്ങൾക്കിടയിലുള്ള അകലം ഏറെ കുറഞ്ഞിരിക്കുന്നുവെന്ന് അശോകനെന്ന കഥാപാത്രത്തിലൂടെ നോവലിസ്റ്റ് കാട്ടിത്തരുന്നു. സ്വന്തമായി വികസിപ്പിച്ചെടുത്ത കർമ്മമാർഗ്ഗങ്ങളിലൂടെ ഈ വിശാലമായ ഭൂപടത്തിൽ സ്ഥാനം നേടുന്ന പ്രവാസിയാണയാൾ.

അച്ഛന്റെ കമ്മ്യൂണിസ്റ്റാശയങ്ങളെയും അമേരിക്കൻ വിരുദ്ധനിലപാടു കളെയും എതിർത്തുകൊണ്ട് ജീവിതമാർഗ്ഗം തേടുന്ന അശോകൻ കർക്കശക്കാര നായ ഒരു സാമ്പത്തിക വിദഗ്ധനും ആദർശവാദിയുമാണ്. പഠനം ഒരു ലഹരി യായി സ്വയം പ്രഖ്യാപിച്ച അയാൾ തന്റെ ലക്ഷ്യത്തിലെത്താൻ നിതാന്തമായി പരി ശ്രമിക്കുന്നു. പ്രവാസപഠനത്തിന്റെ കൂട്ടത്തിൽ എൻ.ആർ.ഐ.കളെ ധാരാളമായി ക്കാണാം. ഉപരിപഠനത്തിനായി അമേരിക്ക തുടങ്ങിയ വികസിതരാജ്യങ്ങളിലെത്തി പഠനത്തോടൊപ്പം പാർട്ടൈം ജോലിചെയ്ത് സ്വയംപര്യാപ്തനായി പഠനം നിർവ്വ ഹിച്ചശേഷം പ്രവാസിയായി തൊഴിലെടുക്കുന്നവർ പ്രവാസത്തിലെ സമ്പന്നരും പ്രൗഢഗാംഭീര്യം ഉള്ളവരുമാണ്. സാധാരണ തൊഴിൽപ്രവാസികളുടെ പട്ടികയിൽ ഇവരെ ഉൾപ്പെടുത്താറില്ല. എന്തുകൊണ്ടെന്നാൽ ഇവർ അഭ്യസ്തവിദ്യരും പ്രൊഫ ഷണലിസ്റ്റുകളുമാണ്. പാരമ്പര്യത്തിന്റെ ചട്ടക്കൂടുകൾക്കുള്ളിൽനിന്ന് ഒരു നാടൻജീവിതതട്ടകം രൂപപ്പെടുത്തലല്ല, കാലഘട്ടത്തിനനുസരിച്ച് മാറുന്ന ജീവിതസാഹചര്യങ്ങളോടൊത്ത്, പുത്തൻമേഖലകൾ കണ്ടെത്തുന്ന യുവതലമുറ യുടെ പ്രതീകമാണ് അശോകൻ. ജീവിതസൗഭാഗ്യങ്ങൾ ഉപേക്ഷിച്ച് ദേശാട നാർത്ഥം ബർമ്മയിലേയ്ക്ക് പോയ കുമാരന്റെ ജീവിതദൈന്യവും രാഷ്ട്രീയപ്ര വർത്തനത്തിന്റെ ഭാഗമായി റഷ്യയിലും മറ്റ് കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളിലും യാത്ര ചെയ്ത് സ്വദേശത്ത് താമസിച്ചുകൊണ്ട് പ്രവാസത്തിന്റെ ജീവിതസാഹചര്യങ്ങൾ

തേടുന്ന ഗിരിയും; ഇതിനപ്പുറം ദേശങ്ങൾ തമ്മിലുള്ള അതിർവരമ്പുകളെ ഇല്ലാതാക്കുന്ന യുവതലമുറയുടെ പ്രതീകമായ അശോകനും കൊറ്റ്യത്ത് തറവാട്ടിലെ അവിസ്മരണീയമായ വ്യക്തിത്വം പേറുന്ന പ്രവാസികളാണ്.

### 3.4 മതസൗഹാർദ്ദത്തിന്റെ പ്രതീകമായ ബീരാൻകുട്ടി

1921-ലെ മലബാർകലാപത്തെ തുടർന്നുണ്ടായ ലഹളയിൽ ഉറ്റവരെ നഷ്ടപ്പെട്ട ബീരാൻ പ്രാണരക്ഷാർത്ഥമാണ് മലപ്പുറത്തുനിന്ന് ഓടിപ്പോകുന്നത്. കേരളം വിട്ട ബീരാൻ കടൽകടന്നെത്തിയത് ബർമ്മയിലാണ്. അവിടെ ഒരു താമസസൗകര്യം കാലക്രമേണ ഉണ്ടാക്കിയെടുത്ത് തിയുഹത്-തുന്നിനടുത്ത് ഒരു പെട്ടിക്കട തരപ്പെടുത്തി ജീവിതമാർഗ്ഗം കണ്ടെത്തുന്നു. വർഷങ്ങൾക്കുശേഷം ബീരാൻ തന്നേക്കാൾ വളരെ പ്രായം കുറഞ്ഞ ചിത്ചോ എന്ന ബർമ്മക്കാരിയെ വിവാഹം കഴിച്ച് അവിടെത്തന്നെ താമസമാക്കുന്നു. എന്നാൽ ഭാര്യ തന്നെ ഉപേക്ഷിച്ചുപോയതിനാൽ നീണ്ടകാല ദാമ്പത്യജീവിതം ബീരാനുണ്ടായില്ല. മകൾ കതീശയെ വിവാഹം കഴിച്ചയപ്പിച്ചതിനുശേഷം നാട്ടിലേയ്ക്ക് മടങ്ങണമെന്നും; തന്റെ മയ്യത്ത് കൊണ്ടോട്ടിയിലെ കബർസ്ഥാനിലല്ലാതെ മറ്റെവിടെയെങ്കിലും ആവരുതെന്നും അയാൾ ആഗ്രഹിച്ചിരുന്നു. എന്നാൽ ആഗ്രഹം സഫലമാകാതെ അസുഖബാധിതനായി ബീരാൻ ബർമ്മയിൽ വെച്ച് മരിക്കുന്നു. മലയാളിസ്വത്വം കൈവെടിയാത്ത ബീരാൻകുട്ടി ആദ്യകാല ബർമ്മൻപ്രവാസത്തിന്റെ പ്രതിനിധിയാണ്.

മലബാർകലാപകാലത്ത് നാടുവിട്ട ബീരാൻ മതവൈരം തീണ്ടാത്തവനായിരുന്നു. റങ്കൂണിൽ അഗതിയായി എത്തിയ കുമാരൻ കോഴിക്കോട്ടെ ഒരു പ്രശസ്തമായ കുടുംബത്തിലെ അംഗമാണെന്ന് അറിഞ്ഞുകൊണ്ടു തന്നെയാണ് ബീരാൻ തന്റെ കുടിലിൽ അഭയം നൽകി പീടികയിൽ ജോലി തരപ്പെടുത്തിക്കൊടുത്തത്. എന്നാൽ ബീരാൻ മകളെ വിവാഹം കഴിക്കാൻ ആവശ്യപ്പെടുമ്പോൾ കുമാരൻ ഞെട്ടിപ്പോകുന്നു. തനിക്ക് ഭാര്യയും മകനുമുണ്ട്. കതീശയാകട്ടെ തന്റെ മകളാവാൻ മാത്രം പ്രായമുള്ള പെൺകുട്ടിയുമാണ്. കൂടാതെ താനൊരു ഹിന്ദുവാണ്

എന്ന മറുപടിക്ക് ''ഒലക്ക! കതീശാന്റുമ്മ ഇസ്ലാമാ? ഓള് ബർമ്മക്കാരത്ത്യാ. പടിപ്പും ബിബരോം ഇല്ലാത്ത ഞമ്മള് ജാതീം മതോം നോക്കാതേയാ ഓളെ കെട്ടി യത്. ഓള് പെണ്ണാ ഞമ്മക്കത് മതി.''[12] എന്നു പറഞ്ഞുകൊണ്ട് ജാതിയും മതവും പ്രായവും ഒക്കെ ജീവിതത്തിൽ അസ്ഥാനത്താണെന്ന ബീരാന്റെ അഭിപ്രായം നോവലിസ്റ്റിന് സമൂഹത്തോട് പറയാനുള്ളതാണ്. മനുഷ്യരെ മനുഷ്യരായി അംഗീ കരിക്കാൻ ജാതിയുടെ പിൻബലവും പഠിപ്പിന്റെ പത്രാസുംവേണ്ട ഇവിടെ താൻ വർഗ്ഗീയഭീഷണി ഉണ്ടാക്കത്തക്കവിധം മതത്തിന് അടിമയല്ലെന്നും ജാതിഭ്രാന്തന്മാര ഴിച്ചുവിട്ട ആക്രമണത്തിൽനിന്ന് രക്ഷപ്പെട്ട തനിക്ക് ജീവിതം ലഭിച്ചത് താനൊരുജാതിയിലും പെടാത്ത മനുഷ്യനായതിനാലാണെന്നുമുള്ള ബീരാന്റെ അഭിപ്രായത്തിലൂടെ മതസൗഹാർദ്ദത്തിന്റെ വിശുദ്ധിയിലേക്കാണ് നോവലിസ്റ്റ് വിരൽചൂണ്ടുന്നത്.

### 3.4.1 'കതീശ' എന്ന ദുഃഖകഥാപാത്രം

ആസ്വാദകമനസ്സിൽ നൊമ്പരമുണർത്തുന്ന സ്ത്രീകഥാപാത്രമാണ് കതീശ. ബർമ്മയിലാണ് ജനിച്ചതെങ്കിലും ഒരു നാടൻ മാപ്പിളപെൺകുട്ടിയായാണ് അവളെ ബീരാൻ വളർത്തിയത്. മരണത്തെ മുഖാമുഖം അഭിമുഖീകരിക്കുമ്പോൾ കതീശ യായിരുന്നു ബീരാന്റെ ദുഃഖം. ജാതിക്കും മതത്തിനുമപ്പുറം മകളുടെ സുരക്ഷമാത്ര മായിരുന്നു കുമാരന് മകളെ നൽകിയതിലൂടെ ബീരാൻ ലക്ഷ്യമാക്കിയത്. രുചി യുള്ള മലബാർ വിഭവങ്ങളുണ്ടാക്കി ബാപ്പയെയും ഭർത്താവിനെയും സന്തോഷിപ്പി ക്കുന്നതിലാണ് കതീശ സംതൃപ്തി കണ്ടെത്തിയിരുന്നത്. എന്നാൽ കുമാരനാകട്ടെ കതീശയോടൊപ്പം കഴിയുമ്പോഴും നാട്ടിലെ ഭാര്യയെയും മകനെയും സ്വപ്നം കാണുന്നതിനാൽ കതീശയെ ജീവിതത്തോടൊപ്പം ചേർത്തു പിടിക്കാൻ കഴിയുന്നി ല്ല. അയാൾ ഭർത്താവെന്ന നിലയിൽ അടുപ്പം പുലർത്തിയില്ല ,അകലം പാലിക്കുക യാണ് ചെയ്തത്. അതുകൊണ്ട് ഭർത്തൃമതിയായിട്ടും കന്യകയായിത്തന്നെ കതീശയ്ക്ക് കഴിയേണ്ടിവന്നു. അവളുടെ ആഗ്രഹങ്ങൾ നിറവേറ്റാനും അവളെ

സംരക്ഷിക്കാനും അയാൾക്ക് കഴിയുന്നില്ല. രണ്ടാം ലോകമാഹായുദ്ധം കൊടുമ്പിരി കൊണ്ട സാഹചര്യത്തിൽ ഭയന്ന് വിറച്ച് കേരളത്തിലേക്ക് മടങ്ങാൻ കുമാരനോട വൾ കേണപേക്ഷിക്കുന്നു. അവളുടെ അഭ്യർത്ഥന നിസ്സാരമായി തള്ളിക്കളഞ്ഞ അയാൾ വീട് പുറത്തു നിന്നു പൂട്ടി അവളെ വീടിനുള്ളിലാക്കി യുദ്ധകെടുതി കാണാനിറങ്ങി. ആ സമയത്ത് വീടുകൾ സെർച്ച് ചെയ്യാനെത്തിയ ജർമ്മൻപട്ടാളം സുന്ദരിയായ കതീശയെ പിടിച്ചുകൊണ്ടുപോകുന്നു. ഇപ്രകാരം വായനക്കാരുടെ മനസ്സിനെ നൊമ്പരപ്പെടുത്തുന്ന ദുഃഖ കഥാപാത്രമായി കതീശ അവസാനിക്കുന്നു. പ്രവാസസാഹിത്യമേഖലയിൽ അസാധാരണ ജീവിതാവതരണമാണ് കതീശയു ടേത്.

### 3.5 രക്തസാക്ഷിത്വം വരിച്ച മാധവനെന്ന പ്രവാസി

തൊഴിൽപ്രവാസം, ഇരപ്രവാസം, അഭ്യസ്തവിദ്യരുടെ പ്രവാസം തുടങ്ങി പലതരം പ്രവാസജീവിതസാഹചര്യങ്ങൾ പ്രവാസപഠനത്തെ വ്യതിരിക്തമാക്കു ന്നുണ്ട്. എന്നാൽ അതിൽനിന്നൊക്കെ വ്യത്യസ്തമായി ദേശവിമോചനത്തിനായി സാകൂതം പ്രവർത്തിക്കുന്ന വിപ്ലവകാരികളെ പ്രവാസികളെന്നല്ല മറിച്ച് വിമോ ചനനായകന്മാരായിട്ടാണ് കാണേണ്ടത്. മാഹിയിലെ മിച്ചിലോട്ട് തറവാട്ടിൽപ്പിറന്ന് കേരളത്തിന്റെ ലാളിത്യവും ഹൃദയവിശാലതയും കൈമുതലായുള്ള മാധവൻ എന്ന എൻജിനീയറിങ് വിദ്യാർത്ഥി ഉപരിപഠനാർത്ഥം 1941-42 കാലഘട്ടത്തിലാണ് ഫ്രാൻസിലെത്തുന്നത്. അന്ന് ഫ്രാൻസ് ജർമ്മനിയുടെ അധീനതയിലായിരുന്നു. ജർമ്മനിയുടെ ഫാസിസ്റ്റ് തന്ത്രങ്ങളെ ചെറുക്കുന്നതിന് റഷ്യയുൾപ്പെടെയുള്ള കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങൾ ഫ്രാൻസിനെ സഹായിക്കുന്നുണ്ടെങ്കിലും രാഷ്ട്ര ത്തിന്റെ വീണ്ടെടുപ്പ് ജനതയ്ക്ക് അത്ര സുഗമമായിരുന്നില്ല. ഇതിനെതിരെ നാസിവിരുദ്ധവികാരം പേറിക്കൊണ്ട് തൊഴിലിടങ്ങളിലും കോളേജുകളിലും യൂണി വേഴ്സിറ്റികളിലുമായി യുവാക്കളും ബഹുജനങ്ങളും വിദ്യാർത്ഥികളും സംഘടി ക്കുന്നുണ്ട്. കോളേജ് ഹോസ്റ്റലിലും പരിസരത്തും രഹസ്യയോഗങ്ങൾ ചേർന്നും

കത്തുകളും ലഘുലേഖകളും കൈമാറിയും മറ്റും അവർ നാസിവിരുദ്ധപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ഫ്രാൻസിൽ അന്ന് കമ്മ്യൂണിസ്റ്റ്പാർട്ടി നിരോധിക്കപ്പെട്ടതിനാൽ പാർട്ടിപ്രവർത്തനം രഹസ്യസ്വഭാവത്തിലായിരുന്നു.

എഴുത്തുകാരനും ചിന്തകനുമായ സാർത്ര്, മോറിസ് തോറേ, ദ്യൂക്ലോവ്, പോൾ എലുവാർ, ലൂയി അറഗോനെ തുടങ്ങിയ കവികളും നാടകകാരന്മാരും അടങ്ങുന്ന സാംസ്കാരികപ്രവർത്തകരുടെ കൂട്ടായ്മയാണ് ജർമ്മൻ അധിനിവേശത്തിനെതിരെയുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്നത്. ഈ ഗ്രൂപ്പിൽ ഒരംഗമായിരുന്നു മാധവനും. കേരളത്തിലായിരിക്കുമ്പോൾതന്നെ കമ്മ്യൂണിസ്റ്റ് ദർശനങ്ങളുടെ ആരാധകനായിരുന്ന മാധവന് തന്റെ സുഹൃത്തായ സെഗോലേന്റെ സാന്നിദ്ധ്യവും മറ്റംഗങ്ങളുടെ ഇടപെടലും ഫ്രാൻസിൽ ഒരു കമ്മ്യൂണിസ്റ്റ് പ്രവർത്തനമേഖലയൊരുക്കാൻ വളക്കൂറുള്ള മണ്ണൊരുക്കി. അവഹേളിക്കപ്പെട്ട ജനതയുടെ സ്വാതന്ത്ര്യമാണ് താനെന്ന് ഫ്രാൻസ് കമ്മ്യൂണിസ്റ്റ് ആചാര്യനായ ല്ഴാന്റെ വാക്കുകളെ ഏറ്റുവാങ്ങിക്കൊണ്ട് തീവ്രകമ്മ്യൂണിസ്റ്റ് നിലപാടുകൾ മാധവൻ പിൻതുടർന്നു. ദേശസ്വാതന്ത്ര്യം അത് കേരളത്തിലായാലും ഫ്രാൻസിലായാലും ഇന്ത്യയിലായാലും വിട്ടുവീഴ്ചയർഹിക്കുന്നില്ലെന്ന് വിശ്വസിച്ച മാധവന് പാരീസിൽ മറ്റൊരു കേരളം കോറിവയ്ക്കാൻ വിഷമമുണ്ടായില്ല. അതുകൊണ്ടാണല്ലോ ബ്വാസിയേൻ സ്ട്രീറ്റിൽ വെച്ച് അവതരിപ്പിച്ച തെരുവുനാടകത്തിൽ ഫ്രാൻസിന്റെ വിമോചനനേതാവായ ല്ഴാന്റെ വേഷമിടാൻ അദ്ദേഹം സന്നദ്ധനായത്. ഫാസിസ്റ്റുകളുടെ വെടിയേറ്റ് മരിക്കുന്നത് അപമാനവും ദുർവിധിയുമാണെന്ന് മാധവൻ വിശ്വസിക്കുന്നു. സ്വസ്തിക് കൊടിയേന്തിയ പട്ടാളത്തിന്റെ ബയണറ്റിന് യോദ്ധാക്കളായ ദേശവിമോചകരുടെ ആത്മവീര്യം തകർക്കാൻ കഴിയില്ലെന്നും റഷ്യ തങ്ങളുടെ സഹായത്തിനെത്തുമെന്നും അയാൾ വിശ്വസിച്ചു.

''നിങ്ങളുടെ ചർമ്മത്തിൽ വിയർപ്പല്ല വിഷലായനിയാണുള്ളത്. നിങ്ങളുടെ വൃഷണങ്ങളിൽ ബീജഗണങ്ങളല്ല ചുടുനിണമാണുള്ളത്. നിങ്ങളെന്റെ കണ്ണിലുണ്ണി

യായ മകൾ ആലീസിനെ മാനഭംഗപ്പെടുത്തി. ബുദ്ധിമാനും ധീരനുമായ എന്റെ സിറീലിന്റെ കണ്ണുകൾ ബയണറ്റുകൊണ്ട് ചൂഴ്ന്നെടുത്തു എങ്കിലും ഞാൻ നിങ്ങളുടെ മുൻപിൽ ഉയർത്തിപ്പിടിച്ച തലയോടെ നിവർന്നുനിൽക്കുന്നു. നിങ്ങൾക്കെന്നെ ജയിക്കാൻ കഴിയില്ല''[13] തന്റെ മകനെയും മകളെയും നിഷ്കരുണം കൊന്നിട്ടും തന്നോടുള്ള പകയടങ്ങാതെ അതിനിന്ദ്യമായ മർദ്ദനമുറകൾക്ക് വിധേയനായിട്ടും സ്വകാര്യനഷ്ടങ്ങളെ തൃണവത്ഗണിച്ച് ദേശവിമോചനം എന്ന ലക്ഷ്യത്തിലെത്താനുള്ള ഒരു കമ്മ്യൂണിസ്റ്റുകാരന്റെ ആത്മവീര്യത്തെ തകർക്കാൻ ഒരു ഭരണകൂടക്രൗര്യത്തിനുമാകില്ലെന്ന് വിശ്വസിച്ച ല്ഴാന്റെ വാക്കുകളിലൂടെ മാധവനെന്ന ഒരു പുതിയ വിപ്ലവകാരി ഫ്രാൻസിൽ ജനിക്കുകയായിരുന്നു. തുടർന്നങ്ങോട്ടുള്ള ജീവിതസന്ദർഭങ്ങളെല്ലാം ഈ തന്റേടത്തിന്റെ പ്രത്യക്ഷീകരണമായിരുന്നു. മരണത്തിന്റെ പാതയിലേക്ക് ഗെസ്റ്റപ്പോകളാൽ നയിക്കപ്പെട്ടപ്പോഴും അയാളുടെ ഉള്ളിൽ ജ്വലിച്ച വികാരം ഭയത്തിന്റേതായിരുന്നില്ല.

ബാസ്റ്റിയേൽ സ്ട്രീറ്റിൽ വച്ചരങ്ങേറിയ തെരുവുനാടകത്തിൽ നാടകക്രമങ്ങൾ തെറ്റിച്ചുകൊണ്ട് അഭിനേതാക്കൾ രംഗത്ത് അഭിനയിച്ച് തിരികെ കാണികൾക്കിടയിൽത്തന്നെ ഇടംപിടിക്കുക പതിവായിരുന്നു. ഗെസ്റ്റപ്പോകളുടെ കണ്ണിൽപെടാതിരിക്കാനുള്ള ഒരു സമ്പ്രദായമായിട്ടാണ് ഈ രീതി അവർ തിരഞ്ഞെടുത്തതെങ്കിലും കാഴ്ചക്കാരന്റെ വേഷത്തിൽ നാസികളുടെ ഒരു ചാരനും അവിടെ ഉണ്ടായിരുന്നു. നിറത്തിലും ശൈലിയിലും മലയാളിയായ മാധവനെ തിരിച്ചറിയാൻ അവർക്ക് നിഷ്പ്രയാസം കഴിഞ്ഞു. അതുകൊണ്ടാണ് തടവുകാരായി പിടിക്കപ്പെട്ട പതിനെട്ടു പേരുടെ പട്ടികയിൽ മാധവനും പെട്ടത്. പിറ്റേദിവസം സോർബാൻ യൂണിവേഴ്സിറ്റി പരിസരത്തുവച്ച് മാധവൻ അറസ്റ്റുചെയ്യപ്പെട്ടു. ഒരു നികൃഷ്ടജന്തുവിനെ ഒഴിവാക്കുന്ന ലാഘവത്തോടെ മാധവൻ പട്ടാളവണ്ടിയിലേയ്ക്ക് എറിയപ്പെട്ടു. അവിടെനിന്ന് റോമേൻവിൻ കോട്ടയെന്ന കാരാഗൃഹത്തിലേയ്ക്ക് അവരെ കൊണ്ടുപോകുന്നു. വെളിച്ചം കടക്കാത്ത ആ ഇരുട്ടറയിലെ ദയനീയജീവിതത്തിന് രണ്ടാഴചക്കാലത്തെ ദൈർഘ്യമുണ്ടായിരുന്നു. തുടർന്ന് വലേറി

ക്കുന്നിലെ ഷൂട്ടിംഗ് പോയന്റിലേയ്ക്ക് മാധവനും കൂട്ടരും ആനയിക്കപ്പെടുന്നു. അധിനിവേശത്തിനെതിരായി ശബ്ദിക്കുന്നവരെ ഇവിടെവച്ചാണ് പട്ടാളം വെടിവെച്ചുകൊല്ലുന്നത്.

പട്ടാളക്കാർ തടവുകാരെ രണ്ട് അണികളായി നിർത്തി. രണ്ടാമത്തെ അണിയിൽ മൂന്നാമതായിരുന്നു മാധവൻ. പന്ത്രണ്ടുപേരുടെ ഊഴം കഴിഞ്ഞപ്പോൾ മാധവന്റെ ഊഴം വന്നു. തോക്കിന്റെ ആദ്യപ്രഹരത്തിൽ വിപ്ലവത്തിന്റെ ജ്വലിക്കുന്ന യൗവനം തകർന്നിരുന്നു. ആ രംഗം മുകുന്ദൻ ഇങ്ങിനെ ചിത്രീകരിക്കുന്നു. ‘‘പന്ത്രണ്ട് ശവശരീരങ്ങൾക്കു നടുവിൽ കണ്ണ് തുറന്ന് അയാൾ നിവർന്നുനിന്നു. അപ്പോൾ അയാളുടെ കണ്ണിന് മുൻപിൽ ദൂരെ ഒരു ചിത്രം തെളിഞ്ഞുവന്നു. അങ്ങ് ദൂരെ മിച്ചിലോട്ട് വീടിന്റെ മുറ്റത്ത് അമ്മ ഒരു കുഞ്ഞിനെ കൈപിടിച്ച് നടക്കാൻ പഠിപ്പിക്കുന്നു. മാധവാ മോനേ നടക്ക്. അമ്മയുടെ പൊന്നുമോനല്ലേ പിച്ച നടക്ക്, അമ്മ കൈവിട്ടു. വീഴാതെ പിച്ചവെച്ച് അവൻ പതുക്കെ മുന്നോട്ട് നടന്നു. മുന്നോട്ട്.’’[14] താൻ കേരളീയനാണെന്ന ആത്മവീര്യവും വിപ്ലവകാരിയെന്ന ഉയർന്നചിന്തയും മാധവനെ അജയ്യനായ പോരാളിയാക്കി. ഭാരതത്തിന്റെ അമരനായ വിപ്ലവപ്രതിഭ ഭഗത്സിംഗിന്റെ മറ്റൊരവതാരമായി മുകുന്ദൻ മാധവനെ കോറിവയ്ക്കുന്നു.

പ്രവാസത്തിന്റെ ചട്ടക്കൂടിൽ മാത്രം പഠിക്കപ്പെടേണ്ടുന്ന കഥാപാത്രമല്ല മാധവൻ. മറിച്ച് സ്വതന്ത്രഫ്രാൻസിലെ തിയേയിലെ കറേ ദേ ഫ്യൂസിയേ സ്മാരകത്തിൽ ഒരു ശവകുടീരം ഉയർത്തിക്കൊണ്ട് ഫ്രാൻസിന്റെ വിമോചനനേതാക്കന്മാരുടെ കൂട്ടത്തിൽ അരുണാഭവർണ്ണത്താൽ രേഖപ്പെടുത്തപ്പെട്ട മിച്ചിലോട്ട് മാധവൻ ഒരു ഫ്രാൻസുകാരനായി മാറുകയാണ്. പ്രവാസത്തിന്റെ സൈദ്ധാന്തികതയുടെ അതിർവരമ്പുകളെ ലംഘിക്കുന്ന വ്യക്തിത്വമാണ് മാധവന്റെ അവതരണത്തിലൂടെ വായനക്കാർ അനുഭവിക്കുന്നത്. എഴുത്തുകാരന്റെ ദർശനങ്ങൾക്ക് ദേശനവോത്ഥാനത്തിന്റെ ആത്മവികാരസമർപ്പണം നടത്തുന്ന രചനയാണിത്.

മാഹിയിൽനിന്ന് ഫ്രാൻസിലെ സൊർബാൻ സർവ്വകലാശാലയുടെ പടവുകൾ കയറിയ മാധവന്റെ ഉള്ളിൽ ഉന്നതബിരുദം നേടണമെന്നു മാത്രമേ ഉണ്ടായിരുന്നുള്ളു. എന്നാൽ ഓരോ ദിവസവും കൈയ്യിൽ ഒരടുക്ക് പുസ്തകത്തോടൊപ്പം ഫ്രഞ്ച് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നിരോധിക്കപ്പെട്ട മുഖപത്രമായ ല്യുമാനിത്തേയുമായി പടവിറങ്ങുമ്പോൾ അറസ്റ്റും തുറുങ്കിലടയ്ക്കലും വെടിവെച്ചുകൊല്ലലും നിത്യസംഭവമായ ഫ്രാൻസിൽ ഏതുനിമിഷവും തന്റെ ജീവൻ അപകടത്തിലാകാം എന്നൊരു തോന്നൽ മാധവനുണ്ടായിരുന്നു. ജർമ്മൻപട്ടാളത്തിനെതിരെ ഒളിപ്പോര് വേണമെന്ന് വാദിച്ച ആളായിരുന്നു മാധവൻ. പാരീസിന്റെ ഭൂമിശാസ്ത്രം അറിയാത്ത ജർമ്മൻകാർക്ക് ആക്രമികളെ നേരിടാൻ എളുപ്പത്തിൽ കഴിയില്ല എന്നയാൾ വിശ്വസിക്കുന്നു. തെരുവുനാടകങ്ങളിലൂടെയും മറ്റും അധിനിവേശത്തിന്റെ കൊടും ക്രൂരതകളെക്കുറിച്ച് ജനങ്ങളെ ബോധവത്ക്കരിക്കുക, ഒപ്പം ഒളിപ്പോരിലൂടെ ശത്രുവിനെ ആക്രമിക്കുക അതായിരുന്നു മാധവൻ കൈക്കൊണ്ട നിലപാട്. ഇങ്ങനെ പ്രവാസികളുടെ സംരക്ഷകനും ഫ്രാൻസിന്റെ വിമോചനനേതാവുമായി മാറിയ മാധവന് പാരീസിന്റെ മണ്ണിൽ ഒരു സ്മൃതിമണ്ഡപം സ്ഥാപിച്ച് അനശ്വരനായ ചരിത്രപുരുഷനാണ് മാധവനെന്ന് പ്രഖ്യാപിക്കുകയാണ് നോവലിസ്റ്റ്. ആസ്വാദകരെ സംബന്ധിച്ച് യാഥാർത്ഥ്യത്തിനും സങ്കൽപ്പത്തിനും അനുകൂലമായ പരികൽപ്പന. എന്നാൽ പ്രവാസപഠിതാവിനെ സംബന്ധിച്ച് ഫ്രാൻസിന്റെ മണ്ണിൽ കേരളീയന്റെ നാമം അനശ്വരമാക്കുന്ന അനർഘനിമിഷം. അതാണ് മിച്ചിലോട്ട് മാധവന്റെ ആത്മാഹൂതി. സ്വാർത്ഥലേശമില്ലാത്ത ആത്മാർപ്പണത്തെ സ്വകാര്യപരമായി നേട്ടം ലക്ഷ്യമാക്കുന്ന പ്രവാസത്തിന്റെ നൈതികതയോട് താരതമ്യമർഹിക്കുന്നില്ല.

### 3.6 ഗൾഫ് പ്രവാസം – വൈരുദ്ധ്യങ്ങൾ, പ്രശ്നങ്ങൾ

രാജ്യാന്തരകുടിയേറ്റം വ്യാപകമാവുന്നത് തൊഴിലവസരങ്ങൾ തേടിയുള്ള മലയാളി സമൂഹത്തിന്റെ ഗൾഫ് പ്രവാസത്തോടെയാണ്. കേരളീയപ്രവാസത്തിന്റെ രണ്ടാംഘട്ടമാണ് 1970-കളിലെ ഗൾഫ് പ്രവാസം. അത് ഒറ്റപ്പെട്ട മനുഷ്യരുടെ പ്രവാ

സമല്ല, കൂട്ടത്തോടെയുള്ള കുടിയേറ്റമാണ്. പത്തേമാരി, കപ്പൽ തുടങ്ങിയവയി ലൂടെ ആരംഭിക്കുന്ന ഗൾഫ് കുടിയേറ്റം മുതൽ വിമാനമാർഗം വ്യാപകമാവുന്ന കൂട്ടപ്രവാസത്തിന്റെ ചരിത്രംവരെ നോവലിൽ ആവിഷ്കരിക്കുന്നുണ്ട്. എഴുപതുക ളുടെ മധ്യത്തോടെ ഗൾഫിലേക്ക് പോയ ഒരു പറ്റം യുവാക്കളുടെ വിരഹത്തി ന്റെയും കണ്ണീരിന്റെയും വേദനയുടെയും വിജയത്തിന്റെയും കഥയാവിഷ്കരിക്കു ന്നു. അതുവഴി നാടിനും നാട്ടുകാർക്കുമുണ്ടായ മാറ്റം ഹൃദയസ്പൃക്കായ വിധ ത്തിൽ മുകുന്ദൻ നോവലിൽ ആവിഷ്കരിക്കുന്നു. ദുബായ്, ബഹ്റൈൻ, ഒമാൻ, സൗദി അറേബ്യ, സലാല തുടങ്ങിയ അറേബ്യൻ നഗരങ്ങളിലായി പരന്നുകിട ക്കുന്ന പതിനെട്ടോളം കഥാപാത്രങ്ങളുടെ ആകസ്മികതകളും അത്ഭുതങ്ങളും നിറഞ്ഞ ഭൂമികയാണ് ഇവിടെ ചിത്രണം ചെയ്യുന്നത്. നാട്ടിലെ നിത്യദാരിദ്ര്യമാണ് യുവാക്കളെ അന്യദേശവാസികളാക്കുന്നതിന് കാരണമായത്. ഭൗതികനേട്ട ങ്ങൾക്കായുള്ള പ്രയാണമാണ് ഇവരെ സ്വദേശം തൃജിക്കാൻ പ്രേരിപ്പിക്കുന്നത്.

ഒരുപിടികഥാപാത്രങ്ങളും കഥകളും ജീവിതത്തിന്റെ നീറുന്ന നേരുകളും ചേർത്തുവച്ച് നാട്ടിലെ ഗൃഹാതുരസ്വപ്നങ്ങളിൽ ആശ്വാസം കണ്ടെത്തി അന്യനാ ടുകളിൽ കഴിയുന്നവനാണ് പ്രവാസി. ഇന്നത്തെ കഷ്ടപ്പാടുകൾ നാളത്തെ നേട്ട ത്തിന്റെ ദീർഘനിശ്വാസമാണെന്ന് വിശ്വസിക്കുന്നവർ. ആധുനികമായ, കൃത്യമായി പറഞ്ഞാൽ 1970-കൾക്ക് ശേഷമുള്ള അറബിനാടുകളിലേയ്ക്കുള്ള തൊഴിൽപ്രവാ സികളെയാണ് 'പ്രവാസി' എന്ന പ്രയോഗം സാർത്ഥകമാക്കിയിരിക്കുന്നത്. ഇതിൽ വിദഗ്ധതൊഴിലാളികൾ, അവിദഗ്ധതൊഴിലാളികൾ (Skilled Labourers and Un-skilled Labourers) വീട്ടുജോലിക്കായിപ്പോകുന്ന ഗദ്ദാമമാർ എന്നിവർ ഉൾപ്പെടുന്നു. വ്യാപകമായ അർത്ഥത്തിൽ പ്രവാസം ചർച്ചചെയ്യപ്പെടുന്നതും സാഹിത്യം, സിനിമ തുടങ്ങി ഇതരകലാരൂപങ്ങൾ ഇതിവൃത്തമാക്കുന്നതും ഈ പ്രവാസകാലജീവിതാനുഭവങ്ങളാണ്. പ്രത്യേകിച്ചും പ്രവാസിയുടെ അനുഭവങ്ങൾ. പ്രവാസത്തിന്റെ പ്രശ്നങ്ങളും പ്രവാസിയുടെ പ്രശ്നങ്ങളും തികച്ചും വ്യത്യസ്ത

മാണ്. *ആടുജീവിത*ത്തിലെ നജീബിന്റെ ജീവിതാനുഭവങ്ങളിലൂടെ പ്രവാസിയുടെ ജീവിതദൈന്യം മലയാളിവായനക്കാർ എക്കാലത്തെയും നൊമ്പരമായാണ് ഹൃദയത്തിലേറ്റുവാങ്ങിയത്. ഗൾഫ് പ്രവാസത്തിലെ പ്രശ്നങ്ങളും പ്രവാസത്തിന്റെ പ്രത്യേകതകളും മുകുന്ദൻ *പ്രവാസ*ത്തിലൂടെ ആവിഷ്കരിക്കുന്നു. പ്രവാസത്തിലെ വൈരുദ്ധ്യങ്ങൾ നിറഞ്ഞ അനുഭവങ്ങളിലേക്ക് ആ കഥാപാത്രങ്ങൾ സ്വന്തം ജീവിതാനുഭവത്തിലൂടെ നമ്മെ കൂട്ടിക്കൊണ്ടുപോകുന്നു.

### 3.6.1 ഗൾഫ് പ്രവാസവും അവസരസാധ്യതകളും

മലയാളിയുടെ പ്രവാസചരിത്രത്തിലെ വളരെ വ്യത്യസ്തമായ അനുഭവമാണ് ചെറുപ്പക്കാരുടെ ഗൾഫിലേക്കുള്ള പ്രയാണം. അരനൂറ്റാണ്ട് മുൻപ് കൊറ്റ്യത്ത് കുമാരൻ ബർമ്മയിൽ പോയതിൽനിന്ന് നേരെ വ്യത്യസ്തമായ അനുഭവമാണത്. ഒരു ചെറുപ്പക്കാരൻ ഗൾഫിലേക്ക് പോകുന്നുവെന്ന് കേട്ടാൽ ഏവരും സന്തോഷിക്കുന്ന അവസ്ഥയാണ് ഇന്നുള്ളത്. കാരണം ഗൾഫ്; സമൃദ്ധിയുടെ കേദാരമാണെന്ന് അനുഭവങ്ങളിലൂടെ മനസ്സിലാക്കാൻ മലയാളിക്ക് കഴിഞ്ഞു. നോവലിലെ രാമദാസനെപ്പോലെ പലർക്കും അത് സങ്കൽപ്പാതീതമായ സുഖജീവിതം വാഗ്ദാനം ചെയ്യുകയുണ്ടായി. ഗൾഫ് പ്രവാസിയായ സുധീരൻ മുകുന്ദനോട് ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട്. അടിസ്ഥാനസൗകര്യങ്ങൾ പോലുമില്ലാത്ത വിമാനത്താവളങ്ങളിൽ മറുനാടുകളിൽനിന്ന് ഭാഗ്യംതേടി ആയിരക്കണക്കിന് തൊഴിലാളികൾ നിത്യേന ഗൾഫിലെത്തുന്നു. കൃത്യമായ രേഖകൾ ഇല്ലാതെ വരുന്നവർ ഉരുവിൽ വന്ന് കടലിൽ ചാടി നീന്തിക്കയറിയും മറ്റ് രഹസ്യ സങ്കേതങ്ങളിൽ താവളമടിച്ചും ദാരിദ്ര്യത്തിൽ നിന്നും കരകയറാനുള്ള വഴിതേടുകയാണ്.

വീടും നാടും ഗംഭീര യാത്രയയപ്പ് നൽകി രാമദാസനെ ഗൾഫിലേക്ക് അയക്കുന്നതിൽ നിന്നും പ്രവസാസജീവിതത്തെ എപ്രകാരമാണ് അടയാളപ്പെടുത്തുന്നത് എന്ന് മനസ്സിലാക്കാം. ഉണ്ണാനും ഉടുക്കാനുമില്ലാത്ത രാമദാസൻ ഇരന്ന് ജീവിക്കാതിരിക്കാനാണ് ഗൾഫിൽ പോയത്. അച്ഛനെയും കുടുംബത്തെയും നോക്കാ

ത്തവൻ എന്ന പേരുദോഷം കേട്ടാണ് സുധീരൻ ദുബായിൽ എത്തിയത്. രാധയെ കെട്ടുന്നതിനായി ധനികനായി മടങ്ങുവാൻ ഗൾഫ് സഹായകമാവുമെന്ന് നാഥൻ കരുതി. വീട്ടിലെ പട്ടിണി മാറ്റുന്നതിനും സീനത്തിനെ സ്വന്തമാക്കുന്നതിനുമായി അബൂട്ടി ഗൾഫിൽ പണിയെടുത്തു. ഇപ്രകാരം പ്രവാസിയായി ഗൾഫിലേക്ക് തിരിക്കുന്ന ഓരോരുത്തർക്കും സ്വകാര്യമായ ഒട്ടനവധി ലക്ഷ്യങ്ങളുണ്ടായിരുന്നു.

### 3.6.2 സമൂഹഘടനയും സാമ്പത്തികപരിവർത്തനവും

പലതരത്തിലുള്ള ജീവിതസാഹചര്യങ്ങൾക്ക് പ്രവാസികൾ വിധേയരാകുന്നു. നാട്ടിലേക്ക് മടങ്ങിവരുമ്പോൾ പുതുപ്പണക്കാരന്റെ ജീവിതശൈലിയിലേക്ക് മാറി, താനൊരു അമേരിക്കക്കാരനോ സമ്പന്നനായ ഗൾഫ്കാരനോ ആണെന്ന്, ദരിദ്രരെക്കൊണ്ട് തന്റെ മാറിയ സാമ്പത്തികസ്ഥിതിവിശേഷത്തെ അംഗീകരിപ്പിക്കുന്ന ധനികരായ പ്രവാസികൾ കേരളത്തിന് സുപരിചിതമാണ്.

രണ്ടുതരത്തിലുള്ള പ്രവാസികൾ രൂപപ്പെടുന്നതായി നോവൽ വെളിപ്പെടുത്തുന്നു. സമ്പൽസമൃദ്ധിയുടെയും ആഡംബരത്തിന്റെയും ലോകത്ത് കഴിയുന്നവരും നിരവധി കഷ്ടനഷ്ടങ്ങളിലൂടെ കടന്നുപോകുന്നവരും. ഒരു സാധാരണ ജോലിക്കായി ലേബർ ക്യാമ്പിൽ എത്തപ്പെട്ട് സമ്പന്നതയുടെ അത്യുന്നതിയിലെത്തിച്ചേർന്ന പ്രവാസിയാണ് രാമദാസൻ. പാറയ്ക്കൽ അബ്ദുനാസർ എന്നയാളുടെ നിർദ്ദേശപ്രകാരം ഇടയ്ക്കിടെ നാട്ടിൽ പോവേണ്ടിവന്ന രാമദാസന് അധാർമ്മിക രീതിയിലൂടെ ധാരാളം പൊന്നും പണവും നേടാൻ സാധിച്ചു. രാമദാസനിപ്പോൾ സഫാരിസൂട്ടും കൂളിംഗ് ഗ്ലാസ്സും വെച്ചാണ് നടക്കുന്നത്. അയാൾ അടുത്തു വരുമ്പോൾ പാറയ്ക്കൽ അബ്ദുനാസർ വരുന്നതുപോലെ ആളുകൾക്ക് തോന്നുന്നുണ്ട്. രണ്ടുപേരുടെയും ശരീരത്തിൽനിന്ന് ഒരേ സെന്റിന്റെ മണം. അയാൾ പാറയ്ക്കൽ അബ്ദുനാസറായി മാറുകയാണോ എന്നുപോലും ഒരുഘട്ടത്തിൽ സുധീരന് തോന്നുന്നു. തങ്ങളുടെ അന്തസ്സും അഭിമാനവും നാട്ടുകാർക്ക് മുന്നിൽ പ്രദർശിപ്പിക്കാനുള്ള താൽപര്യം പ്രവാസികളിൽ വർദ്ധിക്കുന്നതിന്റെ

സൂചന രാമദാസന്റെ ജീവിതത്തിൽ നിലനിൽക്കുന്നതായി നോവലിസ്റ്റ് പറയുന്നു. രാമദാസനെപ്പോലുള്ളവർ ഗൾഫിൽനിന്നും വരാൻ തുടങ്ങിയതിന് ശേഷമാണ് ശങ്കു ലോണെടുത്ത് കാർ വാങ്ങി ടാക്സിയായി ഓടിക്കാൻ തുടങ്ങിയത്. കാശിനു പുറമേ വിസ്കി, ഫോറിൻ സിഗരറ്റ്, സ്പ്രേ അങ്ങനെ എന്തെല്ലാം അയാൾ നാട്ടുകാർക്ക് സമ്മാനിച്ചു. പണവും പത്രാസും കൊണ്ട് പേരെടുത്തവരിൽ പ്രധാനിയായ അയാൾ ചെല്ലുന്നിടത്തെല്ലാം ആൾക്കൂട്ടം കൂടെ സഞ്ചരിച്ചു. രാമദാസന്റെ അന്തസ് പ്രകടമാക്കുന്നതായിരുന്നു പെങ്ങൾ സുധയുടെ കല്യാണം. ഒരറബി കല്യാണം തന്നെയായിരുന്നു അത്. പരിചാരകരെല്ലാം അറബിവേഷത്തിലായിരുന്നു. ഇത്തരത്തിൽ സമൂഹഘടനയിൽ സാമ്പത്തികമായ പരിവർത്തനം വരുത്താൻ പ്രവാസികൾക്ക് കഴിയുന്നു.

ഗൾഫ് പ്രവാസം കേരളത്തിന്റെ സാമൂഹികസാമ്പത്തികരംഗത്ത് വരുത്തിയ പരിവർത്തനം വളരെ വലുതായിരുന്നു. മാത്രമല്ല അത് കേരളത്തിലെ സാധാരണക്കാർക്കിടയിൽ വലിയതോതിലുള്ള സാമ്പത്തികാസമത്വവും വളർത്തി. സുധീരനും സൈറ്റ്-എൻജിനീയർ ഗോപാലനും തമ്മിലുള്ള സംസാരത്തിൽ ഇത് കടന്നുവരുന്നുണ്ട്. "ഗോപാലേട്ടാ മ്മള് ഗൾഫ്കാര് കാരണം ഉള്ളവര്ടേം ഇല്ലാത്തവര്ടേം എടേല് വെടവ് വല്താകാ- ആനയെപ്പോറ്റിയവർക്ക് ആടിനെപ്പോറ്റാൻ പോലും വഴിയില്ലാതായി. ദാരിദ്ര്യം ചുവട് മാറ്റിയിരിക്കുകയാണ്."[15] ദരിദ്രരായ ഗൾഫ് പ്രവാസികുടുംബങ്ങൾ സമ്പന്നരാകുന്നതും ഇതിനിടയിൽ സമ്പന്നരായിരുന്ന കുടുംബങ്ങൾക്ക് പിടിച്ചുനിൽക്കാൻ സാധിക്കാത്തതുമായ സാഹചര്യത്തിലേക്കാണ് നോവലിസ്റ്റ് വിരൽ ചൂണ്ടുന്നത്. സമ്പന്നരായ പ്രവാസികൾ തങ്ങളുടെ വരുമാനമുപയോഗിച്ച് നാട്ടിൽ ആർഭാടജീവിതം നയിച്ചുതുടങ്ങിയതോടെ ഭൂമിയുൾപ്പെടെ പലതിനും വില ക്രമാതീതമായി വർദ്ധിച്ചു. ഭൂമി വിൽക്കുന്നവർക്ക് ഇത് ഗുണകരമായിരുന്നെങ്കിലും കിടപ്പാടത്തിന് പോലും സാധാരണക്കാരന് ഭൂമി അലഭ്യമായി. നാട്ടിൽ പണിയെടുത്ത് കിട്ടുന്ന തുച്ഛമായ വരുമാനത്തിൽ നിന്നും

പൊന്നും വിലകൊടുത്ത് ഭൂമിവാങ്ങി വീടുണ്ടാക്കാൻ സാധാരണക്കാരന് കഴിയാതെയായി.

### 3.6.3 മരുഭൂമിയിലെ വെള്ളിനക്ഷത്രങ്ങൾ

പ്രവാസജീവിതത്തിനിടയിൽ പ്രയാസങ്ങൾ അനുഭവിക്കുന്നവരെ സഹായിക്കാനായി അഹോരാത്രം യത്നിക്കുന്ന കഥാപാത്രങ്ങളെയും *'പ്രവാസം'* നോവലിൽ കാണാം. തൊഴിൽ, സാമ്പത്തികം, നിയമം, ആരോഗ്യം എന്നീമേഖലകളിൽ വ്യത്യസ്തങ്ങളായ പ്രതിസന്ധികൾ നേരിടുന്ന മലയാളിപ്രവാസികൾക്ക് തുണയായി അത്തരക്കാർ രംഗത്തെത്തുന്നു. ഗൾഫ് മലയാളികൾക്കിടയിലെ മനുഷ്യത്വമുള്ള രണ്ട് കഥാപാത്രങ്ങളായി സുധീരനെയും കുഞ്ഞഹമ്മദിനെയും മുകുന്ദൻ അവതരിപ്പിക്കുന്നു. ഗൾഫ് മലയാളികൾക്കിടയിൽ ചോരയും നീരുമായി സുധീരൻ താങ്ങും തണലുമാകുമ്പോൾ പാസ്പോർട്ടും വിസയുമില്ലാതെ ഒളിച്ചുനടക്കുന്നവരുടെ അത്താണിയായിരുന്നു കുഞ്ഞഹമ്മദ്. പണത്തിന്റെ ആധിക്യമായിരുന്നില്ല, മനസ്സിന്റെ നന്മയായിരുന്നു ഇവരെ പ്രവാസികളുടെ ഉറ്റതോഴരാക്കിമാറ്റിയത്. ഗൾഫ് മലയാളികൾക്കിടയിൽ പ്രണയിക്കുന്നവർ മാത്രമല്ല, ചിന്തിക്കുന്നവരും ആശങ്കപ്പെടുന്നവരുമുണ്ടായിരുന്നു. അക്കൂട്ടരെ പ്രതിനിധാനം ചെയ്യുന്നു സുധീരൻ എന്ന കഥാപാത്രം. എഴുത്തുകാരന്റെ സ്വത്വം അനാവരണം ചെയ്യുന്നതിൽ ഈ കഥാപാത്രം സുപ്രധാന പങ്ക് വഹിക്കുന്നതായി കാണാം.

വിദ്യാഭ്യാസവും വായനാശീലവുംകൊണ്ട് നോവലിസ്റ്റായ മുകുന്ദന്റെ സ്നേഹവും ആദരവും നേടിയ വ്യക്തിയാണ് സുധീരൻ. ഗൾഫ് സന്ദർശനവേളയിൽ മുകുന്ദന്റെ സഹയാത്രികനായിരുന്ന ഈ ചെറുപ്പക്കാരനായിരുന്നു സമ്പന്നതയ്ക്കപ്പുറത്തുള്ള പ്രവാസജീവിതത്തിന്റെ പരിതോവസ്ഥകളെയും ലേബർക്യാമ്പുകളിലെ ദുരന്തങ്ങളെയും ശമ്പളം കിട്ടാതെ ലൈംഗികചൂഷണത്തിന് ഇരയാകുന്നവരെയും പറ്റി മുകുന്ദന് വിവരിച്ചുകൊടുക്കുന്നത്. ''ഗൾഫ് യാഥാർത്ഥ്യങ്ങൾ കണ്ടറിഞ്ഞതിലേറെ സുധീരനിൽനിന്ന് കേട്ടറിഞ്ഞാണ് ഞാൻ മനസ്സിലാക്കിയത്. സുധീ

രനില്ലെങ്കിൽ പി.കെ.പി. കണ്ടതുപോലുള്ള വെട്ടിത്തിളങ്ങുന്ന ഒരു ലോകം മാത്രം കണ്ട് ഞാൻ തൃപ്തിയടയുമായിരുന്നു. പക്ഷേ, ഗൾഫിലെ അന്തർലോകങ്ങളും അവിടത്തെ വേദനിക്കുന്ന മനുഷ്യരും മറനീക്കി എന്റെ കൺമുമ്പിൽ വന്നുനിന്നെങ്കിൽ അതിന് പ്രധാനകാരണം സുധീരനാണ്.''[16] തുടങ്ങിയ മുകുന്ദന്റെ പ്രസ്താവനകളിൽനിന്ന് ഗൾഫ്ജീവിതത്തിന്റെ വൈവിധ്യവും വൈചിത്ര്യവുമാർന്ന അനുഭവതലങ്ങളിലേയ്ക്ക് തന്നെ കൂട്ടിക്കൊണ്ടുപോയ വ്യക്തിയാണ് സുധീരൻ എന്ന് മനസ്സിലാക്കാം. ഒരു കഥാപാത്രത്തിനപ്പുറത്ത് നീറുന്ന ജീവിതയാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ട് മുകുന്ദന് വിവരിച്ചുകൊടുത്ത്; പ്രവാസസൃഷ്ടിയിലേയ്ക്ക് ഒരെഴുത്തുകാരനായ മുകുന്ദനെ പാകപ്പെടുത്തുന്ന നോവലിസ്റ്റിന്റെ സന്തതസഹചാരിയായ തോഴൻകൂടിയാണ് സുധീരൻ. ഇംഗ്ലീഷിൽ ബിരുദാന്തരബിരുദം നേടിയ സുധീരൻ ലേബർ ക്യാമ്പിലെ വായനക്കാരനായ തൊഴിലാളിയാണ്. സുധീരനിലെ പഠിപ്പും അറിവും തിരിച്ചറിഞ്ഞ എൻജിനീയർ ഗോപാലനാണ് മൂൺ ട്രാവൽ ഏജൻസിയിലെത്തുന്നതിന് സുധീരനെ സഹായിച്ചത്. മലയാളിയാണെന്ന സ്നേഹത്തിനപ്പുറത്ത് സുധീരന്റെ പഠിപ്പിനനുസരിച്ചുള്ള തൊഴിൽ ലഭിക്കുന്നതിന് ഗോപാലൻ സഹായിക്കുന്നു. വിദേശത്തായാലും മറ്റുള്ളവരെ സഹായിക്കാൻ കിട്ടുന്ന അവസരം വിനിയോഗിക്കുക എന്നത് ഗോപാലന്റെ മനസ്സിന്റെ നന്മയാണ്.

ദുബായ് കേന്ദ്രീകരിച്ച് ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി 'ദയ' എന്ന സംഘടന രൂപീകരിക്കാൻ മുൻകയ്യെടുത്തത് സുധീരനാണ്. ഗൾഫിൽ ട്രാവൽ ഏജൻസി നടത്തുന്ന സുധീരൻ അസുഖമുള്ളവർക്ക് പണം കൊടുത്തും ടിക്കറ്റ് വാങ്ങാൻ കഴിവില്ലാത്തവർക്ക് മടക്കയാത്രയ്ക്കുള്ള ടിക്കറ്റ് എടുക്കാൻ സഹായിച്ചും പരോപകാരമെന്ന തന്റെ ജീവിത ലക്ഷ്യം നിറവേറ്റുന്നു. കൺസ്ട്രക്ഷൻ സൈറ്റുകളിലും പെട്രോൾപമ്പുകളിലും പണിയെടുക്കുന്ന പാവങ്ങൾ അയാളുടെ കയ്യിൽനിന്ന് നിരന്തരം പണം കടം വാങ്ങുന്നു. മടക്കികിട്ടണമെന്ന ചിന്തയില്ലാതെ സുധീരൻ അവർക്കെല്ലാം കടംകൊടുക്കുന്നതായും നോവലിസ്റ്റ് വിവരിക്കുന്നു.

ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി കവലകൾതോറും ഓടിക്കൊണ്ടിരിക്കുന്ന സുധീരൻ ഒരു ശരാശരി പ്രവാസിക്കപ്പുറത്ത് സേവനനിരതനാണ്. ദാരിദ്ര്യമില്ലാത്ത ഒരു ലോകം ആഗ്രഹിക്കുന്ന, മലയാളികൾക്കിടയിൽ ഗൾഫുകാരുണ്ടാക്കിയ വിട വുകളോർത്ത് വ്യാകുലപ്പെടുന്ന, വായനയുടെയും സർഗ്ഗാത്മകതയുടെയും മനുഷ്യ സ്നേഹത്തിന്റെയും രാഷ്ട്രവിചാരങ്ങളുടെയും അംശം ചോർന്നുപോകാത്ത വ്യക്തിത്വത്തിന്റെ ഉടമയായ സുധീരൻ നഷ്ടപ്പെട്ട വീടിന്റെ കെടാത്ത ഓർമ്മകളു മായാണ് ഗൾഫ്നാടുകളിൽ അലയുന്നത്. രോഗികൾക്കും മറ്റും രക്തദാനം നടത്തി സുധീരന് സിറോസിസ് പിടിപെടുന്നുണ്ട്. മുഖം പ്രേതത്തെപ്പോലെ വിളറിയിരിക്കു ന്നു. എന്നിട്ടും സുധീരൻ ഗൾഫ് കവലകളിൽ സഹായഹസ്തവുമായി ഓടിക്കൊണ്ടിരിക്കുകയാണ്. ദുബായിലെ ആശുപത്രികളിൽനിന്ന് മാത്രമല്ല ഷാർജ യിലെ സുലേഖാ ഹോസ്പിറ്റലിൽ നിന്നും അബുദാബിയിലെ അൽമൂസാ മെഡി ക്കൽ സെന്ററിൽനിന്നും മലയാളികൾ രക്തത്തിന് വേണ്ടി സുധീരനെ വിളിച്ചു. ഒരു മലയാളിക്ക് എവിടെ അത്യാഹിതം സംഭവിച്ച് രക്തം വേണ്ടിവരുമ്പോഴും സുധീ രൻ അവിടെച്ചെന്ന് രക്തം നൽകുമായിരുന്നു. സുധീരന്റെ ഈ ഓട്ടം ഗൾഫ്നാടുക ളിൽ മലയാളികളുടെ സേവനസന്നദ്ധതയുടെയും പരോപകാരത്തിന്റെയും മാതൃക കാട്ടിക്കൊടുക്കുന്നുണ്ട്. സഹജീവികൾക്ക് സേവനം ചെയ്തും സുഹൃത്തിന് തന്റെ ചുറ്റുംകണ്ട ജീവിതാനുഭവം വിവരിച്ച് കൊടുത്തും *പ്രവാസം* എന്ന നോവലിന്റെ രചനക്കാവശ്യമായ ഭൂമിക ഒരുക്കിക്കൊടുക്കുന്നതിൽ സുധീരൻ വഹിക്കുന്ന പങ്ക് വലുതാണ്.

ജിദ്ദയിൽ സ്റ്റുഡിയോ നടത്തുന്ന കുഞ്ഞഹമ്മദ് പണിയില്ലാതെ ഒളിച്ചുനട ക്കുന്ന പ്രവാസികളുടെ അന്നദാതാവും അത്താണിയുമാണ്. രാമദാസനെപ്പോ ലെയോ എൻജിനീയർ ഗോപാലനെപ്പോലെയോ അയാൾക്ക് വലിയ വരുമാനമൊ ന്നുമില്ല. പണ്ടത്തെപ്പോലെ ആരും സ്റ്റുഡിയോയിൽ പോയി ഫോട്ടോയെടുക്കാൻ തയ്യാറാകുന്നില്ല. എല്ലാവരുടെ കയ്യിലും ക്യാമറ വന്നപ്പോൾ ആരും ഫോട്ടോയെടു ക്കാൻ വരാതെയായി. എന്നിട്ടും അയാൾ തന്നാലാകുംവിധം നാട്ടുകാരെ സഹായി

ച്ചുപോന്നു. പണിയില്ലാത്തവർക്കും ഒളിച്ചുനടക്കുന്നവർക്കും കുഞ്ഞഹമ്മദ് കിടക്കാനിടവും ഭക്ഷണവും കൊടുക്കുന്നു. അതിനാൽത്തന്നെ അയാൾ പോലീസിന്റെ നോട്ടപ്പുള്ളിയാണ്. കുഞ്ഞഹമ്മദ് കുറ്റവാളികളെ ഒളിപ്പിച്ചുവയ്ക്കുന്ന വിവരം അവർക്കറിയാം. പോലീസ് പലതവണ അയാൾക്ക് താക്കീത് നൽകിയിട്ടുണ്ട്. നാട്ടുകാരുടെ ദുഃഖം കാണുമ്പോൾ അയാൾ എല്ലാം മറന്ന് അവരെ സഹായിക്കും. വ്യക്തിജീവിതത്തിൽ യാതൊരു ലാഭവും പ്രതീക്ഷിക്കാതെ മറ്റുള്ളവർക്കായി സ്വയം അർപ്പിതമാകുന്ന വ്യക്തിത്വങ്ങളാണ് സുധീരനും കുഞ്ഞഹമ്മദും. ഇവർ മറ്റു പ്രവാസികളിൽ നിന്നും വേറിട്ടു നിൽക്കുന്നു.

### 3.6.4 മോഹങ്ങൾ ബലികഴിപ്പിക്കപ്പെടുന്നവർ

മുക്കാളിക്കാരനായ നാഥൻ കാമുകിയായ രാധയെ വിവാഹം കഴിക്കാൻ പണം സമ്പാദിക്കാനായിട്ടാണ് സലാലയിലെത്തുന്നത്. ഓടിട്ട വീടുണ്ടെങ്കിൽ മാത്രമേ മകളെ വിവാഹം കഴിച്ചു കൊടുക്കൂവെന്ന രാധയുടെ അച്ഛന്റെ വാക്ക് പാലിക്കാനാണ് ജീവിതത്തിന്റെ കാൽപനിക മോഹങ്ങളും പേറി അയാൾ വിദേശത്തേക്ക് യാത്രയായത്. ലേബർ ക്യാമ്പിൽ പണിയെടുത്തും കളക്ഷൻ ഏജന്റായി ജോലിചെയ്തും ആഗ്രഹിച്ച പ്രകാരം സമ്പാദ്യവുമായി നാട്ടിലേക്ക് പുറപ്പെടാൻ തയ്യാറെടുക്കുന്നതിന്റെ തൊട്ടു തലേന്നാണ് നാഥൻ ജയിലിലാകുന്നത്. വിവാഹമണ്ഡപത്തിൽ നിന്ന് കാരാഗൃഹത്തിലേക്ക് നയിക്കപ്പെടുന്ന ഹതഭാഗ്യനായ കാമുകനാണയാൾ. പരോപകാരമെന്നതാണ് അയാൾ ചെയ്ത തെറ്റ്. രാത്രി ജോലി കഴിഞ്ഞ് താമസസ്ഥലത്തേക്ക് വരുന്ന വഴി ഇരുട്ടിൽ ഒരു പെൺശബ്ദം കേൾക്കാനിടയായി. വിസയും, ഇക്കാമയും മറ്റു രേഖകളൊന്നുമില്ലാതെ പ്രാണൻമാത്രം കയ്യിൽപിടിച്ച് രക്ഷയ്ക്കുവേണ്ടി യാചിച്ച ആ ഗദ്ദാമ മുക്കാളിക്കാരിയാണെന്ന് നാഥൻ മനസ്സിലാക്കി. തന്റെ അയൽനാട്ടുകാരിയായ അവളെ അസമയത്തുപേക്ഷിക്കാൻ തോന്നിയില്ല. ഒരു അന്യ സ്ത്രീയെ പുരുഷനോടൊപ്പം കണ്ടെത്തിയാൽ ഉണ്ടാകാവുന്ന ശിക്ഷ എത്ര കഠിനമാണെന്ന് നാഥന് അറിയാമായിരു

ന്നു. എന്നിട്ടും മലയാളിയാണെന്ന സ്നേഹത്താൽ നാഥൻ അവളെ തന്റെ കാറിൽ കയറ്റി. അയാൾ പിടിക്കപ്പെടുകയും തുടർന്ന് ജയിലിലാവുകയും ചെയ്തു. മനുഷ്യ ത്വവും ദേശസ്നേഹവും നാഥനെ പത്ത് വർഷംനീണ്ട കാരാഗ്രഹവാസത്തിലേ ക്കാണ് നയിച്ചത്. നിയമത്തിന്റെ കാർക്കശ്യം പ്രവാസികൾക്ക് യാതൊരു മാനു ഷികപരിഗണനയും നൽകുന്നില്ല. സ്വന്തം ദേശം വിട്ട് അന്യദേശത്തെത്തിക്കഴി ഞ്ഞാൽ ശരിയായ രേഖകളില്ലാത്ത കൂടെപ്പിറപ്പുകളെപ്പോലും രക്ഷിക്കാൻ നിയമം അനുവദിക്കുന്നില്ല. അവരുടെ യാഥാർത്ഥ്യം ആരും മനസ്സിലാക്കുന്നുമില്ല.

തികച്ചും അരക്ഷിതമായ ജീവിതസാഹചര്യമാണ് ഗൾഫിലെ ലേബർ ക്യാമ്പുകളിലുള്ളത്. തൊഴിലാളികളോടുള്ള മനോഭാവം മനുഷ്യത്വരഹിതമായിരു ന്നു. ലേബർവിസയിൽ ബഹ്റൈനിലെത്തിയ അബൂട്ടിക്ക് പൊതുഅവധിയായ വെള്ളിയാഴ്ചകളിൽപോലും പണിയെടുക്കേണ്ടിവരുന്നു. തൊഴിലാളികൾ ചൂഷണ ത്തിന് വിധേയരാകുന്ന നിർദ്ദാക്ഷിണ്യനിലപാടുകളിലേക്കാണ് അബൂട്ടിയുടെ ജീവിതം വിരൽചൂണ്ടുന്നത്. പ്രവാസജീവിതദുരന്തത്തിന്റെ നിന്ദ്യവും നികൃഷ്ടവു മായ സാഹചര്യങ്ങളുടെ മറ്റൊരു ഇരയാണ് ഹമീദ്. തൊഴിൽപ്രവാസത്തിൽ ചെന്നെത്തുന്ന ദേശത്തിലെ മുതലാളിമാരുടെ സ്വഭാവവും തൊഴിൽ കേന്ദ്രങ്ങൾ നിയന്ത്രിക്കുന്ന അർബാബുമാരുടെ മനുഷ്യത്വവുമാണ് അവിടെയെത്തുന്ന തൊഴി ലാളിയ്ക്ക് സുരക്ഷയും ജീവിതവിജയവും ഒരുക്കുന്നത്. തൊഴിലിടത്തിലെ കൊടിയപീഡനമാണ് ഹമീദ് അവിടെനിന്ന് ഒളിച്ചോടിപ്പോരാൻ കാരണമാകുന്നത്. കുഞ്ഞഹമ്മദിന്റെ വാക്കുകളിലൂടെ ഇത് അനുവാചകനിലെത്തുന്നു. ‘‘ഹമീദ് തോട്ട ക്കാരനാ, പക്ഷേങ്കില് ഓനെക്കൊണ്ട് ഓല് ചെയ്യിക്കാത്ത പണിയൊന്നും ഇല്ല. കക്കൂസ് കഴുകുക പോലും ചെയ്യണം. ചെയ്താലും ചെയ്തില്ലെങ്കിലും ഓല് ഓന്റെ മൊഖത്ത് കാർക്കിച്ചു തുപ്പും ചൂരല് കൊണ്ട് തക്കും. അതെല്ലാം സയി ക്കാം. സയിച്ചുകൂടാത്തത് മോന്തിക്കാ.. മോന്തിക്ക് ഓലെ പെണ്ണുങ്ങളും ഓനെ കണ്ണടക്കാൻ സമ്മതിക്കില്ല.’’[17] മാനസികവും ശാരീരികവുമായ പീഡനമാണ്

ഹമീദ് ഒളിച്ചോടാൻ കാരണം. സ്ത്രീ പുരുഷനെ ലൈംഗികമായി ഉപയോഗിക്കുന്ന പീഡനപ്രശ്നം പൊതുസമൂഹത്തിൽ അധികമായി ചർച്ചചെയ്യപ്പെട്ട് കണ്ടിട്ടില്ല. എന്നാൽ ഞെട്ടിക്കുന്ന യാഥാർത്ഥ്യങ്ങളിലേക്കാണ് ഹമീദിന്റെ ജീവിതാനുഭവങ്ങൾ നമ്മെ നയിക്കുന്നത്. പാസ്പോർട്ടും വിസയുമില്ലാതെ യാത്രതിരിക്കാൻ ഭരണകൂടത്തിന്റെ പൊതുമാപ്പ് കാത്തു കഴിയുന്ന എത്രയോ കുടിയേറ്റക്കാർ ഇന്നും ഗൾഫിലുണ്ട്.

### 3.6.5 ദൈന്യതയാർന്ന ഗദ്ദാമജീവിതം

ജീവിതത്തിന്റെ അനാഥത്വവും നിവൃത്തികേടും പ്രാരബ്ധവുമാണ് അന്യദേശത്തുപോയി തൊഴിലെടുക്കുന്നതിന് സ്ത്രീയെ പ്രേരിപ്പിക്കുന്നത്. ഇങ്ങനെകിട്ടുന്ന വരുമാനത്തിൽ ജീവിതം പുലർത്താൻ നിർബന്ധിക്കപ്പെട്ടവരാണ് ഗദ്ദാമമാർ. ഇവർ പലവിധത്തിലുള്ള ചൂഷണത്തിന് വിധേയരാവുന്നു. ശാരീരികപീഡനവും കൂലിനിഷേധവും സാധാരണമാണെങ്കിലും; ലൈംഗികചൂഷണവും കൈമാറ്റത്തിലൂടെയുള്ള ലൈംഗികപീഡനവും ഗദ്ദാമമാരുടെ ജീവിതം പ്രതിസന്ധിയിലാക്കുന്നു. ദേശങ്ങളുടെ അകലവും മറ്റു നിയമപരമായ പ്രശ്നങ്ങളും കാരണം മടക്കയാത്ര അവർക്ക് സാധിക്കുന്നുമില്ല. ''ആവശ്യം കഴിഞ്ഞാൽ യജമാനൻ അവളെ വിൽക്കും. അങ്ങനെ നാലഞ്ചുപേർക്ക് വിറ്റിരിക്കുന്നു. പകൽമുഴുവൻ വീട്ടുപണി. രാത്രി തളർന്നുകിടക്കുമ്പോൾ വായിൽനിന്നും കബാബിന്റെയും കുപ്പായത്തിൽനിന്ന് അത്തറിന്റെയും മണം പരത്തിക്കൊണ്ട് ആണുങ്ങൾ വരും. രാവിലെ ഉറങ്ങാതെ വീർത്ത കണ്ണുകളോടെ അരക്കെട്ടിൽ വേദനയോടെ വീണ്ടും കക്കൂസ് വൃത്തിയാക്കലും നിലം തുടയ്ക്കലും.''[18] മെഹറുന്നീസ എല്ലാ രേഖകളും ഉപേക്ഷിച്ച് പ്രാണരക്ഷാർത്ഥം എങ്ങോട്ടെന്നില്ലാതെ ഓടിപ്പോകുന്നതിന് കാരണവും മറ്റൊന്നല്ല. ഇന്ന് വീട്ടുജോലിക്ക് പോകുന്ന സ്ത്രീകൾക്ക് സംരക്ഷണം നൽകുന്ന വിധത്തിൽ സർക്കാർ നിയമപരിരക്ഷ നൽകുന്നുണ്ട്. അത്തരം നിയമങ്ങൾ വേണ്ട

വിധത്തിലുപയോഗിക്കാത്തതും അവബോധമില്ലായ്മയും പ്രവാസികളുടെ പ്രശ്നം വർദ്ധിപ്പിക്കുന്നു.

### 3.6.6 അസാധ്യമാകുന്ന പതിവുശീലങ്ങൾ

പ്രവാസജീവിതം നയിക്കേണ്ടിവരുമ്പോൾ ഒരു വ്യക്തിക്ക് തന്റെ വ്യക്തിജീവിതത്തിൽ അതുവരെയുണ്ടായിരുന്ന പല ശീലങ്ങളും മാറ്റേണ്ടതായിവരും. അത്തരം സന്ദർഭങ്ങളിൽ വ്യക്തി നേരിടുന്ന മാനസികപ്രയാസങ്ങൾ വലുതാണ്. അബൂട്ടിക്ക് നാട്ടിൽവച്ച് രാവിലെ പത്രവായന, ചായകുടി തുടങ്ങിയ ശീലങ്ങളുണ്ടായിരുന്നു. എന്നാൽ ഗൾഫിൽ വന്നപ്പോൾ ആ ശീലം ഉപേക്ഷിക്കേണ്ടിവന്നു. ആദ്യനാളുകളിൽ ഇതുകാരണം അബൂട്ടി വല്ലാതെ അസ്വസ്ഥനാകുന്നുണ്ട്. എൻജിനീയർ ഗോപാലന്റെ ഭാര്യ സൗമിനിയുടെ വായനാശീലവും ഗൾഫിൽ വന്നതോടെ ഇല്ലാതാകുന്നു. ചെന്നെത്തുന്ന സാഹചര്യങ്ങൾക്കനുസരിച്ച് പലപ്പോഴും പ്രവാസിക്ക് തന്റേതായ ശീലങ്ങളെ മാറ്റിവെയ്ക്കേണ്ടിവരുന്നു. പൊരുത്തപ്പെടലിന്റെ അനിവാര്യത അവർക്കിടയിൽ എത്രമാത്രം അനിവാര്യമാണെന്നാണ് നോവലിസ്റ്റ് ഇവിടെ സൂചിപ്പിക്കുന്നത്.

### 3.6.7 സ്വപ്നം വിതച്ച് ദുരിതം കൊയ്യുന്നവർ

ഗൾഫ്പ്രവാസി എന്നും നാട്ടുകാരുടെ മുൻപിൽ പത്രാസും പകിട്ടുമുള്ളവനാണ്. എന്നാൽ അവർ പ്രവാസകാലത്ത് അനുഭവിക്കുന്ന ദുരിതങ്ങൾ അറുതിയില്ലാത്തതാണെന്ന് ഈ നോവൽ തെളിയിക്കുന്നു. പ്രവാസത്തിൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ള ഗൾഫ് ജീവിതം മുന്നോട്ടു വയ്ക്കുന്നത് മർത്ത്യജീവിതത്തിന്റെ വേറിട്ടഭാവങ്ങളാണ്. അപൂർവവസ്തുക്കളും ആവശ്യത്തിലേറെ പണവുമായി വന്നിറങ്ങുന്ന ഗൾഫുകാരനെ ചുറ്റിപ്പറ്റി ഓരോ മലയാളിയും നെയ്തെടുത്തത് വർണ്ണപ്പകിട്ടുള്ള സ്വപ്നദൃശ്യങ്ങളായിരുന്നു. എന്നാൽ യാഥാർത്ഥ്യം നേരേ മറിച്ചും. അനന്തമായ വേദനകൾ നിശബ്ദമായൊരു നിലവിളിപോലെ ഉള്ളിലൊതുക്കി പുറമെ ആരെയും നിരാശപ്പെടുത്താതെ ചിരിച്ചും സന്തോഷിച്ചും പെരുമാറുന്ന ഗൾഫ്മലയാളികളുടെ

വറുതിയുടെയും ദുരിതത്തിന്റെയും യഥാർത്ഥചിത്രങ്ങൾ *പ്രവാസ*ത്തിൽ ധാരാള മായി കണ്ടെത്താം. ഇങ്ങനെയും ആളുകൾ ജീവിക്കുന്നുണ്ടല്ലോ എന്ന അത്ഭുത ത്തോടെയല്ലാതെ നോവലിൽ ആവിഷ്കരിക്കപ്പെട്ടിട്ടുള്ള ലേബർക്യാമ്പുകളിലെ ജീവിതചിത്രങ്ങളിലൂടെ കടന്നുപോകാൻ കഴിയില്ല. രാമദാസൻ, സുധീരൻ, നാഥൻ, അബൂട്ടി, ജനാർദ്ദനൻ തുടങ്ങി നിരവധി കഥാപാത്രങ്ങളുടെ ലേബർക്യാമ്പിലെ നരകജീവിതം നോവലിൽ കാണാം.

സമ്പത്തുനേടാൻ പ്രവാസകാലത്ത് മലയാളികൾ അനുഭവിക്കുന്ന കഷ്ടപ്പാ ടുകൾ അതിദയനീയമാണ്. പുലരുന്നതിന് മുൻപ് എഴുന്നേറ്റ് കക്കൂസിന് മുമ്പിൽ ക്യൂ നിന്നും പൊരിവെയിലത്ത് എടുപ്പുകൾക്ക് മുകളിൽ കയറി സ്ലാബുകൾ ചുമന്നും രാത്രി ചുട്ടുപൊള്ളുന്ന ആസ്ബറ്റോസിന്റെ മേൽക്കൂരയുടെ ചുവട്ടിൽ ഉറക്കം വരാതെ തിരിഞ്ഞുംമറിഞ്ഞും കിടന്നും എരിപൊരികൊള്ളുന്നവരാണ് അവ രിൽ മിക്കവരും. വിരഹവേദന, നെഞ്ചുവേദന, നടുവേദന, തലവേദന, വയറുവേദ ന ഇതാണ് അവരുടെ പൊതുവായ അനുഭവം. ഗൾഫ് പ്രവാസിയുടെ പ്രയാസ ങ്ങളെ മുകുന്ദൻ നോവലിൽ വിവരിക്കുന്നുണ്ട്. “നാഥനെപ്പോലെ ഉറക്കം വരാതെ കഷ്ടപ്പെടുന്ന എത്രയോ പ്രവാസികൾ ഗൾഫ്നാടുകളിലുണ്ട്. കടംവീട്ടാൻ വഴികാ ണാതെ വലയുന്നവർ. വിസയും ഇഖാമയുമില്ലാതെ ഒളിച്ചുനടക്കുന്നവർ നടുവേദന യുണ്ടായിട്ടും കൺസ്ട്രക്ഷൻസൈറ്റിൽ പൊരിവെയിലത്ത് ഭാരമുള്ള ടൈൽസും കോൺക്രീറ്റ് സ്ലാബുകളും ചുമന്നു നടക്കുന്നവർ. കല്യാണം കഴിഞ്ഞ് കൊതിതീരു ന്നതിന് മുൻപ് പെണ്ണിനെ വീട്ടിൽ നിർത്തി പോകേണ്ടിവന്നതിന്റെ വിരഹവേദനയു മായി നെഞ്ചുരുകി കഴിയുന്നവർ. ബി.എ പരീക്ഷ എഴുതിയ അതേ കൈകൊണ്ട് കക്കൂസ് കഴുകി വൃത്തിയാക്കുന്നവർ, നാഭിക്ക് ചവിട്ടും മുഖത്ത് തുപ്പും തലകു നിച്ചു നിന്ന് നിശബ്ദം ഏറ്റുവാങ്ങുന്നവർ...”[19] ഇപ്രകാരം സ്വപ്ന സാഫല്യ ത്തിനും മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ സ്വന്തമാക്കുന്നതിനുമായി പ്രവാസിക ളനുഭവിക്കുന്ന യാതനകൾ കൺമുമ്പിലെന്നോണം മുകുന്ദൻ ആവിഷ്കരിക്കുന്നു.

ഗൾഫ് പ്രവാസത്തിന്റെ ദുരിതങ്ങൾ ഏറെ അനുഭവിച്ച മറ്റൊരു കഥാപാത്ര മാണ് രാമദാസൻ. തന്റെ ഗൾഫ്ജീവിതത്തിന്റെ ആദ്യകാലങ്ങളിൽ അയാൾക്കും ജീവിതത്തിൽ ധാരാളം സ്വപ്നങ്ങളുണ്ടായിരുന്നു. ഏറ്റവും വലിയ സ്വപ്നം ക്യൂവിൽ നിൽക്കാതെ നേരെ കക്കൂസിലേക്ക് കയറിപ്പോകുന്നതാണ്. എപ്പോഴും വൃത്തിയിൽ നടക്കാൻ ആഗ്രഹിക്കുന്ന സുധീരനും ദുബായിൽ വന്ന ശേഷം അതിന് കഴിയാറില്ല. കാരണം താമസിക്കുന്ന അൽ മുഹൈസിന ക്യാമ്പിൽ പൈപ്പുണ്ടെങ്കിലും അതിലൊരിക്കലും വെള്ളം കാണില്ല. കക്കൂസിലെ വെള്ളമെ ടുത്ത് ബക്കറ്റിൽ നിറച്ച് അതുകൊണ്ടാണ് കുളിക്കുന്നതും അലക്കുന്നതുമെല്ലാം. അല്ലെങ്കിൽ രണ്ടുനില താഴെ ഇറങ്ങിച്ചെല്ലണം. പക്ഷെ അവിടെയും പലപ്പോഴും ക്യൂവുണ്ടാകും. രാമദാസനും അബൂട്ടിയും തമ്മിലുള്ള സംസാരത്തിൽ തന്റെ കഷ്ടപ്പാടിനെക്കുറിച്ച് അബൂട്ടി ഇങ്ങനെ വിശദീകരിക്കുന്നു. ‘‘വെള്ളിയാഴ്ച്ചയും പണിയെട്പ്പിക്ക്യാ നായിന്റെ മക്കള്. ശമ്പളം മുഴുവനും തരുന്നില്ല. പണിയെടുത്ത് ന്റെ നടുവൊടിഞ്ഞു രാമദാസാ. എന്നാടാ ഇതിനൊരവസാനം?. എത്രകാലാ നമ്മ ളിങ്ങനെ നായിനെപ്പോലെ നയിക്ക്യാ?. ജീവിതകാലം മുഴുവനുമോ?’’[20] ഗൾഫ് ജീവിതം പ്രവാസികളെ ശാരീരികമായും ക്ഷീണിപ്പിക്കുന്നുണ്ട്. അബൂട്ടിയുടെ ചുമ ലുകൾ ചുരുങ്ങിപ്പോവുകയും മുഖം കരിവാളിക്കുകയും ചെയ്തിരിക്കുന്നു. കണ്ണു കൾ കലങ്ങി പ്രസന്നതയെല്ലാം വറ്റിപ്പോയിരിക്കുന്നു. ഇതുകണ്ടാൽ അയാൾ ബഹ്റൈനിൽ വന്നത് സീനത്തിനെ മാത്രമല്ല ദാരിദ്ര്യത്തെക്കൂടി സ്വന്തമാക്കാനാ ണെന്ന് തോന്നുമെന്ന് നോവലിസ്റ്റ് തമാശരൂപേണ പറയുന്നുണ്ട്.

ദുബായ് നഗരത്തിൽ നടക്കുന്ന ഗാനമേളകളും സ്റ്റാർനൈറ്റുകളും സാധാര ണക്കാരായ ലേബർ തൊഴിലാളികൾക്ക് എന്നുമൊരു സ്വപ്നമായിരുന്നു. എന്നാ ലത് സാമ്പത്തികമായി മുന്നോക്കമുള്ള പ്രവാസികൾക്ക് മാത്രമായുള്ള വിനോദമേ ഖലയായിരുന്നു. നോവലിസ്റ്റ് തന്നെ ഈ വൈരുദ്ധ്യത്തെക്കുറിച്ച് ദുഃഖത്തോടെ പറയുന്നുണ്ട്. ‘‘ശൈഖ് റാശീദ് ഓഡിറ്റോറിയത്തിലെ സ്റ്റേജിൽ കസവുമുണ്ടുടുത്ത്

മുല്ലപ്പൂ ചൂടി മലയാളിത്തരുണികൾ തിരുവാതിരക്കളി അവതരിപ്പിക്കുമ്പോൾ അവർ പാവങ്ങൾ തകരംകൊണ്ടുള്ള മേൽപ്പുരയ്ക്കുകീഴെ ഉഷ്ണം വിങ്ങി നിൽക്കുന്ന മുറിയിൽ തളർന്നു കിടക്കുകയായിരിക്കും.''[21] പ്രവാസികളായ മലയാളികളുടെ കൂട്ടായ്മയിൽപ്പോലും പാവപ്പെട്ട മലയാളികൾക്ക് പങ്കെടുക്കാനാവുന്നില്ല എന്ന യാഥാർത്ഥ്യവും നോവൽ തുറന്നുകാട്ടുന്നുണ്ട്. സമ്പൽസമൃദ്ധിയുടെയും ആഡംബരത്തിന്റെയും ആഹ്ലാദംപകരുന്ന കാഴ്ച്ചകൾ നിറഞ്ഞ മലയാളിസമാജത്തിന്റെ വാർഷികാഘോഷവേളയിൽകൂടി സുധീരന് സന്തോഷിക്കാൻ കഴിയുന്നില്ല. ആഘോഷങ്ങൾക്കിടയിൽ അയാൾ കൺസ്ട്രക്ഷൻ സൈറ്റിൽ പണിയെടുക്കുന്ന വെയിലേറ്റ് കലങ്ങിയ കണ്ണുകളും കരുവാളിച്ച മുഖവുമുള്ള തൊഴിലാളികളെക്കുറിച്ചും നേരം പുലരുന്നതിന് മുമ്പ് നഗരത്തിലെ അഴുക്കും മാലിന്യവും നീക്കംചെയ്തു റോഡുകഴുകുന്നവരെക്കുറിച്ചും തോട്ടക്കാരെക്കുറിച്ചും കുശ്ശിനിക്കാരെക്കുറിച്ചും എരിയുന്ന വെയിലിൽ പതയ്ക്കുന്ന കടലിൽ ഉരുവിൽ കയറി മീൻപിടിക്കാൻ പോകുന്നവരെക്കുറിച്ചും ആലോചിക്കുന്നു. ''അവരൊക്കെ മലയാളികളാണ്. എന്നിട്ടും അവരെവിടെ? അവർക്ക് ഗാനമേള കേൾക്കേണ്ടേ?. ഒപ്പനയും തിരുവാതിരക്കളിയും കാണേണ്ടേ?. പി.കെ.പി.യുടെ പ്രസംഗം കേൾക്കേണ്ടേ?.[22]

അറബിവീട്ടിലെ ആട്ടും തുപ്പും അടിയും തൊഴിയുമേറ്റ് ചാടിപ്പോന്ന മെഹ്റുന്നീസ എന്ന ഗദ്ദാമ, നാട്ടുകാരിയായ മെഹ്റുന്നീസയെ സഹായിച്ചതിന്റെ പേരിൽ പത്ത് വർഷത്തെ കാരാഗൃഹവാസം അനുഭവിക്കുന്ന നാഥൻ, ഹംസക്ക -വർക്ക്സൈറ്റിലെ നാൽപ്പത്തിയെട്ട് ഡിഗ്രി ചൂടിൽ പൊരിവെയിലത്ത് കോൺക്രീറ്റ് മിക്സറിനരികിൽ രക്തം മൂക്കിലേക്കും പുകയിലക്കറ പിടിച്ച പല്ലുകൾക്കിടയിലും ഇരച്ചു കയറി രക്തം ഛർദ്ദിച്ച് മരിച്ച ജനാർദ്ദനൻ. ഇവരെല്ലാം എന്തുകൊണ്ട് ആഘോഷങ്ങളിലേക്ക് എത്തിച്ചേരുന്നില്ല എന്ന ചിന്ത മുകുന്ദനെ കുഴയ്ക്കുന്നു. അയാളുടെ മനസ്സ് അവർക്കൊപ്പം സഞ്ചരിക്കുന്നു. തികച്ചും ഹതഭാഗ്യരായ ഗൾഫ് പ്രവാസികളെ ചൂണ്ടിക്കാണിക്കുന്നതിൽ മുകുന്ദൻ ഇവിടെ വിജയിച്ചിരിക്കുന്നു.

### 3.6.8 പ്രവാസ ആകുലതകൾ

ഗൾഫ് ജീവിതം സമ്പത്തിന്റെയും പ്രവാസത്തിന്റെയും കഥ മാത്രമല്ല എഴുതുന്നത്. മനുഷ്യൻ ഇന്നുവരെ അറിഞ്ഞിട്ടില്ലാത്ത ഏറ്റവുംവലിയ വിരഹവേദനയുടെ ഇതിഹാസം കൂടിയാണത്. വേർപെട്ട് ജീവിക്കാൻ വിധിക്കപ്പെട്ട പതിനായിരക്കണക്കിന് ദമ്പതിമാരുടെ തീഷ്ണാനുഭവങ്ങൾകൂടിയാണത്. തമ്മിൽ കാണുവാനും തൊട്ടുതലോടുവാനും കഴിയാതെ ഉരുകുന്ന ഹൃദയങ്ങൾ. അവരുടെ വിരഹവേദനയെക്കുറിച്ച് മേഘസന്ദേശമെഴുതുവാൻ ഒരു കാളിദാസനും ഉണ്ടായില്ല. കാരണം അവർ പാവങ്ങളാണ്. എന്നാൽ കുടുംബസമേതം താമസിക്കാൻ സൗകര്യമുള്ള അമേരിക്കൻ പ്രവാസികൾക്ക് അത്തരം വേദനയില്ലെന്ന് മുകുന്ദൻ പറയുന്നു. തൊഴിലാളികളായ ഗൾഫുകാർക്ക് കല്യാണമേ വിധിച്ചിട്ടുള്ളൂ, പെണ്ണിനെ വിധിച്ചിട്ടില്ല എന്ന് നോവൽതന്നെ രേഖപ്പെടുത്തുന്നുണ്ട്.[23] ഗൾഫുകാരുടെ ദൈന്യവും അവരുടെ കുടുംബാംഗങ്ങളുടെ വിരഹവും സമൂഹത്തിൽ വലിയൊരു പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. ഇതിന്റെ പരിണിതഫലങ്ങൾ 1970-80 കളിൽ തന്നെ കേരളത്തിൽ പ്രകടമാണ്. പുരുഷന്മാർ ഗൾഫിലേക്ക് പോയപ്പോൾ നാട്ടിൽ ഒറ്റപ്പെട്ട സ്ത്രീകളുടെ /ഭാര്യയുടെ/ അമ്മയുടെ/ കുട്ടികളുടെ സ്വഭാവത്തിലുണ്ടായ മാറ്റങ്ങൾ വളരെയേറെയായിരുന്നു. മനശ്ശാസ്ത്രജ്ഞർ ഈ മാനസികപരിണാമങ്ങളെ ഗൾഫ് സിൻഡ്രോം (Gulf syndrome) എന്ന് വിളിച്ചു.[24]

ഗൾഫിൽ ഒറ്റപ്പെട്ട് ജീവിക്കുന്ന പുരുഷന്മാരിലും ഗൾഫ് സിൻഡ്രോം കണ്ടുവന്നിരുന്നു. പക്ഷേ അത് തലവേദനയിലും നെഞ്ച് വേദനയിലും അവസാനിക്കുന്നതായിരുന്നില്ല. മദ്യത്തോടുള്ള ആസക്തി, ലൈംഗികപ്രശ്നങ്ങൾ, ആത്മവിശ്വാസക്കുറവ്, കുട്ടികളുടെ വിദ്യാഭ്യാസത്തിലുള്ള അമിത ഉൽക്കണ്ഠ, തങ്ങൾക്ക് കിട്ടാതെപോയത് കുട്ടികൾക്ക് സാധിക്കണം എന്ന അതിമോഹം, എന്നിവയായിരുന്നു അവരുടെ പ്രധാനപ്രശ്നങ്ങൾ. അബൂട്ടിയെ ഉപേക്ഷിച്ച് കാമുകി മറ്റൊരാളെ വിവാഹം കഴിക്കുമ്പോൾ അവൻ അനുഭവിക്കുന്ന മാനസികസംഘർഷം ചെറുതൊ

ന്നുമല്ല. ''ഗൾഫുകാരുടെ വേദനയ്ക്ക് പൊന്നിന്റെ നിറവും യാർഡ്‌ലി പൗഡറിന്റെയും ഡോവ് സോപ്പിന്റെയും സൗരഭ്യവുമുള്ളതുകൊണ്ട് അതാരും അറിയുന്നില്ല.''[25] എന്ന അബൂട്ടിയുടെ വാക്കുകളിൽ പ്രവാസിയുടെ ജീവിതവൈകാരികത തളംകെട്ടിനിൽക്കുന്നു.

ഗൾഫ് പ്രവാസത്തിനിടയിൽ മാനസികമായി ഏറെ പിരിമുറക്കമനുഭവിക്കേണ്ടിവരുന്ന മനുഷ്യരുടെ ദുഃഖങ്ങൾ നോവലിൽ വായിച്ചെടുക്കാം. പണം നേടുമ്പോഴും ജീവിതം അവർക്ക് നഷ്ടമാകുന്നു. കുറവുകൾ അവർ നേരിടുന്നു. എൻജിനീയർ ഗോപാലന്റെ വാക്കുകളിൽ ഇത് ദൃശ്യമാണ്. ''ഞാനാദ്യം സൗദീലായിരുന്നു. നെരത്ത്മ്മല് പെണ്ണില്ല. മാർക്കറ്റിലോ, എയർപ്പോർട്ടിലോ ഉണ്ടെങ്കിൽത്തന്നെ മുഖം കാണില്ല. എല്ലാം മറച്ചുവെച്ചിരിക്ക്യല്ല്യേ.''[26] നാട്ടിൽ കുട്ടിക്കാലം മുതലേ പെൺകുട്ടികളെ കണ്ട് ശീലിച്ചവർക്ക് ഗൾഫിൽ ചെന്നപ്പോൾ അനുഭവിക്കേണ്ടിവന്ന മാനസികവും വൈകാരികവുമായ അവസ്ഥ വായനക്കാർക്ക് തിരിച്ചറിയാൻ സാധിക്കുന്നു. വൈയക്തികമായി ലൈംഗികത നിഷേധിക്കപ്പെടുന്നു എന്നതിനപ്പുറത്തേക്ക് സ്ത്രീയെ ഒന്നുകാണാൻ കഴിയാത്തവിധം അകന്നു നിൽക്കേണ്ടിവരുന്ന പ്രവാസിയുടെ വ്യർത്ഥമോഹമാണ് നോവലിസ്റ്റിവിടെ ചൂണ്ടിക്കാണിക്കുന്നത്. രാമദാസൻ തന്റെ അമ്മയെ ഓർക്കുമ്പോൾ ജനാർദ്ദനൻ ഭാര്യ ലതയെക്കുറിച്ചാണ് ഓർമ്മിക്കുന്നത്. അബൂട്ടിയും നാഥനും തങ്ങളുടെ പ്രണയിനികളെക്കുറിച്ചാണ് ചിന്തിക്കുന്നത്. പ്രവാസജീവിതം ഇവിടെ എല്ലാ വ്യക്തികളിലും ഏറെക്കുറെ സമാനമായ ദുഃഖങ്ങളും വേദനകളുമാണ് ഉണർത്തുന്നത്.

### 3.6.9 പ്രവാസികളുടെ നിരാലംബകുടുംബങ്ങൾ

നേരിട്ട് പ്രവാസം അനുഭവിക്കുന്നില്ലെങ്കിലും പ്രവാസത്തിന്റെ പ്രയാസങ്ങൾക്ക് വിധേയരാകുന്നവരാണ് പ്രവാസിയുടെ കുടുംബാംഗങ്ങൾ. ഇത്തരത്തിൽ നിരവധി കഥാപാത്രങ്ങളെ നോവലിൽ കാണാം. ഭർത്താവിന്റെ ജീവഹാനി

യിലും കാമുകന്റെ കാരാഗൃഹവാസത്തിലും ജീവിതത്തിൽ അടിപതറുന്ന സ്ത്രീകളാണ് ലത, രാധ എന്നിവർ. അച്ഛനമ്മമാരും സഹോദരങ്ങളുമടങ്ങുന്ന വലിയ കുടുംബത്തെ തീറ്റിപ്പോറ്റാനാണ് ജനാർദ്ദനൻ ഗൾഫിൽ പോയത്. ഭർത്താവിന്റെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കി തന്റെ ആഗ്രഹങ്ങളും ഇംഗിതങ്ങളും ബലികഴിച്ച ലതയുടെ ജീവിതത്തിലെ അപ്രതീക്ഷിതപ്രഹരമായിരുന്നു ഭർത്താവിന്റെ വിയോഗം. ഇഷ്ടകാമുകൻ കാരാഗൃഹത്തിലാവുന്നതോടെ രാധയുടെ ജീവിതം ദുരിതപൂർണമാകുന്നു. നിർധനകുടുംബത്തിന്റെ ഏക താങ്ങുംതണലുമായിരുന്നു ഹമീദ്. ചെയ്യാത്ത കുറ്റത്തിനാണ് ശരീയത്ത് കോടതി അയാളുടെ ഇരുകരങ്ങളും വിച്ഛേദിക്കുന്നത്. അതോടെ ഹമീദിന്റെ കുടുംബാംഗങ്ങളുടെ ജീവിതവും ഇരുളടഞ്ഞതാവുന്നു. ഹമീദിന്റെയും കുടുംബാംഗങ്ങളുടെയും വ്യഥ പ്രവാസജീവിതത്തിലെ എക്കാലത്തെയും പൊള്ളുന്ന അനുഭവമാണ്.

### 3.7 സ്ത്രീയും സാമൂഹികപ്രതിബദ്ധതയും

നോവലിലെ ശക്തയായ ഒരു കഥാപാത്രമാണ് കൊള്ളോത്ത് നാണുമാസ്റ്ററുടെ മകൾ സുനന്ദ. പഠനകാലഘട്ടത്തിൽതന്നെ കമ്മ്യൂണിസ്റ്റ് ആശയങ്ങളിൽ ആകൃഷ്ടയായ സുനന്ദയെ അതിൽനിന്നും തടയുന്നത് അച്ഛനാണ്. തന്റെ മകളുടെ രാഷ്ട്രീയചായ്വ് അവളുടെ ജീവിതം തകർക്കുമെന്ന വിചാരമാണ് നാണുമാസ്റ്ററെ അതിന് പ്രേരിപ്പിച്ചത്. സാഹചര്യം വന്നാൽ സ്ത്രീ വീടിനുള്ളിൽ അടിച്ചമർത്തപ്പെട്ടവളായി ഇരിക്കില്ല എന്നതിന് ഉദാഹരണമാണ് സുനന്ദ. വിവാഹശേഷം തനി വീട്ടമ്മയായി മാറിയ സുനന്ദ പിന്നീട് സാമൂഹികപ്രവർത്തകയും എഴുത്തുകാരിയുമായി മാറുന്നുണ്ട്. അതിന് കാരണം രാഷ്ട്രീയപ്രവർത്തനത്തിന്റെ ഭാഗമായി ഗിരി നടത്തുന്ന നിരന്തരയാത്രകളും മകനായ അശോകന്റെ അമേരിക്കൻ പ്രവാസവുമാണ്. തന്റെയുള്ളിലെ പുരോഗമനാശയങ്ങൾ ആവിഷ്കരിക്കുന്ന ഒരു എഴുത്തുകാരിക്ക് ഏകാന്തതയിൽ ജന്മം കൊടുക്കുകയായിരുന്നു സുനന്ദ. പിതാവിന്റെ കടുംപിടിത്തത്താൽ പഠനകാലഘട്ടത്തിൽ സുനന്ദയുടെ

പൊതുപ്രവർത്തനത്തിന് തടസ്സം നേരിട്ടെങ്കിലും അവസരം വന്നപ്പോൾ അത് കരുത്താർജ്ജിക്കുന്നു. കക്ഷിരാഷ്ട്രീയത്തിനപ്പുറം സാമൂഹ്യപ്രതിബദ്ധത മുൻനിർത്തിയുള്ള പ്രവർത്തനങ്ങളായിരുന്നു അവ. തെണ്ടിനടക്കുന്ന കുഞ്ഞുങ്ങളെ കണ്ടാൽ സുനന്ദ അവർക്ക് മിഠായിയും കളിപ്പാട്ടവും വാങ്ങിക്കൊടുക്കും. ധർമ്മക്കാരിയുടെ വൃത്തികെട്ട കുഞ്ഞിനെ കയ്യിലെടുത്ത് താലോലിക്കുകയും ഉമ്മവയ്ക്കുകയും ചെയ്യും. സുഗതകുമാരിയുടെ 'അഭയ' പോലുള്ള സ്ഥാപനം തുടങ്ങുകയെന്നതാണ് ഇപ്പോൾ സുനന്ദയുടെ ആഗ്രഹം.[27] പാരിസ്ഥിതികമായ വെല്ലുവിളികളെക്കുറിച്ചും ആദിവാസിപ്രശ്നങ്ങളെക്കുറിച്ചുമെല്ലാമുള്ള ആശങ്കകൾ സുനന്ദയുടെ ചിന്തകളിൽ സ്ഥാനം പിടിക്കുന്നുണ്ട്. കാലം ചെല്ലുന്തോറും കരുത്താർജ്ജിക്കുന്ന കഥാപാത്രമാണ് സുനന്ദ. മേധാപട്ക്കറോടൊപ്പം ഒരു മീറ്റിങ്ങിൽ സംബന്ധിക്കുവാൻ കൽക്കത്തയിലേക്കും ബാബാ ആപ്തയെ കാണുവാൻ നാഗ്പൂരിലേക്കും സുനന്ദ തനിച്ചായിരുന്നു പോയത്. ദലിത് -പരിസ്ഥിതി- സ്ത്രീവാദപ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട മുന്നേറ്റങ്ങളുമായി പഴയ ആക്ടിവിസ്റ്റുകൾ സജീവമാകുന്നത് സമകാലീനകേരളത്തിന്റെ സവിശേഷതകളിലൊന്നാണ്. ഇത്തരമൊരു കഥാപാത്രത്തെയാണ് സുനന്ദ ഓർമ്മിപ്പിക്കുന്നത്. ഭർത്താവ്-മകൻ പ്രവാസിയാകുമ്പോൾ കുടുംബത്തിനുള്ളിൽ ഒറ്റപ്പെടുന്ന സ്ത്രീ-അമ്മ/ ഭാര്യ- അവൾ സമൂഹത്തിൽ കഷ്ടപ്പെടുന്നവരുടെ ഉന്നമനം ലക്ഷ്യമാക്കുന്ന പ്രവർത്തനങ്ങൾ വ്യാപൃതമാകുന്ന കാഴ്ച ഇന്ന് സർവസാധാരണമാണ്.

### 3.8 ആത്മാഭിമാനസ്ത്രീത്വം

കൊറ്റ്യത്ത് കുമാരന്റെ ഭാര്യയാണ് കല്യാണി. അയാൾ ഭാര്യയെയും മകനെയും നിഷ്കരുണം ഉപേക്ഷിച്ച് നാടുകാണുകയെന്ന മോഹവും പേറി ബർമ്മയിലേക്ക് പോകുന്നു. ബർമ്മയിൽ പ്രവാസിയായി കഴിയുന്ന കുമാരൻ വീടുമായി ബന്ധം പുലർത്തുന്നില്ല. ജീവിതത്തിൽ ഏറ്റവുമധികം സ്നേഹിച്ച ഭർത്താവ് ബർമ്മയിലേക്ക് പോയതിന് ശേഷം പതിനാറ് വർഷം അവൾ കാത്തിരിക്കുന്നു.

തന്റെ കത്തിന് മറുപടി ലഭിക്കാതിരുന്നിട്ടും ഭർത്താവിനെ അവൾ വെറുക്കുന്നില്ല. എന്നാൽ അദ്ദേഹത്തിന് ബർമ്മയിൽ ഒരു ഉമ്മച്ചിയുമായി ബന്ധമുണ്ടായിരുന്നു വെന്ന് മനസ്സിലാക്കിയപ്പോളാണ് അവളുടെ ഉള്ളിലെ സ്നേഹം വെറുപ്പായി മാറു ന്നത്. കുമാരൻ കൊറ്റ്യത്തേക്ക് മടങ്ങിയെത്തുമ്പോൾ അയാളെ കാണാൻപോലും അവൾ ഇഷ്ടപ്പെടുന്നില്ല. കൃത്യമായ ധാരണകളും സ്വന്തമായ അഭിപ്രായങ്ങളും ആത്മാഭിമാനവുമുള്ള ഒരു സ്ത്രീക്ക് മാത്രമേ ഇത്ര കഠിനമായ ഒരു തീരുമാനത്തി ലെത്തിച്ചേരാൻ സാധിക്കുകയുള്ളൂ. ചോയിക്കുട്ടിയച്ചനും കല്യാണിയും അനുഭവി ക്കുന്ന സങ്കടങ്ങൾ മലയാളി പ്രവാസികളുടെ നാട്ടിലുള്ള ഉറ്റ ബന്ധുക്കൾ പല കാലം അനുഭവിച്ച സങ്കടങ്ങൾ തന്നെയാണ്.

### 3.9 അമേരിക്കൻപ്രവാസവും സമ്പന്നതയുടെ പ്രശ്നങ്ങളും

ഏത് പ്രവാസിയായാലും പ്രവാസമെന്നുള്ള മോഹം ജനിക്കുന്നതുതന്നെ സമ്പാദ്യം നേടുക എന്ന ലക്ഷ്യത്തിലാണ്. അതുകൊണ്ടുതന്നെ ജീവിതത്തിൽ ഇന്നലെവരെ കഴിഞ്ഞതിൽനിന്നും ഉന്നതജീവിതസാഹചര്യമാണ് അമേരിക്കൻ പ്രവാസിയുടെ സ്വപ്നം. ആ ജീവിതസ്വപ്നത്തെ സാക്ഷാത്കരിക്കുന്ന പ്രധാന മാധ്യമം പണമാണ്. അതിലൂടെ തന്റെ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരുന്നതിനുള്ള തത്രപ്പാടാണ് അച്ചാമ്മയുടേയും കുടുംബത്തിന്റേയും പരാമർശത്തിലൂടെ എഴുത്തു കാരൻ മുന്നോട്ടുവയ്ക്കുന്നത്.

പണം എന്തു ചെയ്യണമെന്നറിയാത്തവരാണ് അമേരിക്കൻ പ്രവാസികളെന്ന് ചില കഥാപാത്രങ്ങളിലൂടെ മുകുന്ദൻ പറഞ്ഞുവയ്ക്കുന്നു. നഴ്സായ അച്ചാമ്മ മാത്രമല്ല, ആങ്ങള കുഞ്ഞച്ചായൻവരെ മറ്റ് പണികൾക്കൊപ്പം മെയിൽനഴ്സിന്റെ പണിയെടുത്തും പണം സമ്പാദിക്കുന്നു. പെൺനഴ്സിനേക്കാളും ആൺനഴ്സി നാണ് അമേരിക്കയിൽ കൂടുതൽ ഡിമാൻഡെന്ന് മനസ്സിലാക്കിയ അയാൾ നാട്ടിൽനിന്ന് വരുമ്പോൾ ഒരു കള്ളസർട്ടിഫിക്കറ്റുണ്ടാക്കി അമേരിക്കയിൽ വന്ന് വ്യാജനഴ്സായി തൊഴിൽചെയ്ത് ഉയർന്ന വരുമാനം നേടുന്നു. അയാൾ

“കോടീശ്വരന്മാരെ വീട്ടിൽ ചെന്ന് ശുശ്രൂഷിക്കും. കുത്തിവയ്ക്കുകയും അനീമ കൊടുക്കുകയും ചെയ്യും. പണം വാരിക്കൂട്ടുന്ന പണിയാണത്.”[28] പണമുണ്ടാക്കി മെച്ചപ്പെട്ട ജീവിതസാഹചര്യം സൃഷ്ടിച്ചെടുക്കുക എന്നത് പ്രവാസത്തിന്റെ അടിസ്ഥാലക്ഷ്യങ്ങളിലൊന്നാണ്.

എഴുത്തുകാരനായ വർഗ്ഗീസ് കുറ്റിക്കാടന്റെ ചിരകാലാഭിലാഷമായിരുന്നു അമേരിക്കൻ സന്ദർശനം. ആ മോഹം സാക്ഷാത്കരിക്കുന്നതിനുവേണ്ടിയായിരുന്നു നഴ്സായ അച്ചാമ്മയെ വിവാഹം കഴിച്ചത്. എന്നാൽ അമേരിക്കയിലെത്തിപ്പോൾ അയാൾക്ക് മനസ്സിലാകുന്നു, പണമല്ല ജീവിതമെന്ന്. ജീവിതത്തിന്റെ വ്യർത്ഥതാബോധത്തിൽ സമ്പത്ത് ഒരനിഷേധ്യഘടകമല്ലെന്ന് അവർ തിരിച്ചറിയുന്നു. തിരക്കുകൾക്കിടയിൽ ജീവിക്കാൻ മറന്നുപോകുന്നവർ ഉയർന്ന ജീവിതസാഹചര്യം ലഭിച്ചുകഴിയുമ്പോൾ നിരാലംബരോ നിസ്സഹായരോ അനാഥരോ ആകുന്നു. പ്രവാസികൾ അനുഭവിക്കുന്ന അടിസ്ഥാനപ്രശ്നങ്ങളിൽ ഒന്നാണിത്. പ്രവാസാനന്തരം അനുഭവിക്കുന്ന ശൂന്യത മറയ്ക്കാൻ ലഹരിയിലുംമറ്റും അഭയം പ്രാപിക്കുന്ന പ്രവാസികളെയാണ് വർഗീസ്-അച്ചാമ്മ ദമ്പതികളുടെ ജീവിതാവസ്ഥയിലൂടെ മുകുന്ദൻ ആവിഷ്കരിക്കുന്നത്.

### 3.9.1 എൻ.ആർ.ഐ പ്രവാസിനികൾ

ഗൾഫ് പ്രവാസത്തിലൂടെ നമ്മൾകണ്ട പ്രവാസജീവിതത്തിന്റെ സാഹചര്യങ്ങളല്ല ഗൾഫിതരനാടുകളിൽ; പ്രത്യേകിച്ച് അമേരിക്ക മുതലായ നാടുകളിലെ പ്രവാസികളുടെ ജീവിതത്തിൽ കാണാൻ കഴിയുന്നത്. അടിസ്ഥാനവ്യത്യാസം ഫ്രീവിസയിൽ പോകുന്ന അവിദഗ്ധരായ തൊഴിലാളികൾക്ക് അമേരിക്കയിൽ തൊഴിലവസരങ്ങൾ ഇല്ല എന്നതാണ്. വിദഗ്ധമായ തൊഴിൽപരിശീലനത്തിനുവേണ്ടി ഉപരിപഠനത്തോടൊപ്പം ജോലിചെയ്ത് സമ്പാദിക്കുന്നവരാണ് എൻ.ആർ.ഐ-കളിലധികവും. ഇവർ ഒന്നിൽ കൂടുതൽ തൊഴിലവസരങ്ങൾ ഉപയോഗപ്പെടു

ത്തുന്നവരുമാണ്. അത്തരമൊരു കുടുംബചിത്രത്തിലൂടെയാണ് മുകുന്ദൻ അമേരിക്കൻ പ്രവാസികളെ അവതരിപ്പിക്കുന്നത്. അമേരിക്കയിൽ നഴ്സായ അച്ചാമ്മ ആ ജോലിക്കു പുറമെ ഹോം നഴ്സിന്റെ ജോലിയും ചെയ്യുന്നുണ്ട്. നഴ്സിംഗ് ജോലിയിലൂടെ ലഭിക്കുന്ന ഒരു ലക്ഷത്തിനു പുറമെ രണ്ടോ മൂന്നോ ലക്ഷം മാസത്തിൽ അവർ സമ്പാദിക്കുന്നു. കുടുംബത്തിനും കുടുംബാംഗങ്ങൾക്കും തികച്ചും ആഡംബര ജീവിതം സമ്മാനിക്കുന്ന ഇവർ യഥാർത്ഥ ജീവിതം നയിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. അളവറ്റ സ്വത്തിന് നടുവിൽ അനാഥരും നിരാലംബരുമാണിവർ. ഭാര്യയുടെ വരുമാനത്തിലും സ്വത്തിലും ജീവിതത്തിന്റെ ആഡംബരം പേറുന്ന കുറ്റിക്കാടനെപ്പോലുള്ള ഭർത്താക്കന്മാർ സുഖിച്ച് മദ്യത്തിലഭയം തേടി മരണത്തിൽ വിലയം പ്രാപിക്കുമ്പോൾ അച്ചാമ്മമാർ കഴിഞ്ഞകാലജീവിതത്തെക്കുറിച്ച് ഓർക്കാൻപോലും ഇഷ്ടപ്പെടാതെ ജീവിതത്തിന്റെ നിരർത്ഥകതയോർത്ത് മദ്യത്തിൽ അഭയം പ്രാപിക്കുന്നു.

യുവതലമുറയുടെ കുത്തഴിഞ്ഞതും സ്വതന്ത്രവുമായ ജീവിതത്തിന്റെ പ്രതീകമാണ് അച്ചാമ്മയുടെ മകളായ ബിൻസി. പഠനത്തിൽ മികവ് തെളിയിച്ച ബിൻസി പണത്തിന്റെയും ആഡംബരത്തിന്റെയും പുറത്ത് ജീവിക്കുന്നു. കഷ്ടപ്പാടെന്തെന്ന് അറിയാത്ത ജീവിതത്തിൽ മറ്റുള്ളവരോടെല്ലാം തികഞ്ഞ പുച്ഛമാണവൾക്ക്. അച്ഛനമ്മമാരോട് ബന്ധങ്ങൾ സൂക്ഷിക്കാത്ത ഇവൾ സമപ്രായക്കരോടും ബുദ്ധിജീവികളോടും മാത്രം സംവദിക്കാൻ ഇഷ്ടപ്പെടുന്നു. രക്തബന്ധമെന്നത് മലയാളിസ്വത്വത്തിന്റെ ദുഷിച്ച പാരമ്പര്യമായിമാത്രം കാണുന്നതു കൊണ്ടാണല്ലോ സിഗരറ്റ് വലിച്ചതിന് ശകാരിച്ച മാതാപിതാക്കളെ അവൾ പോലീസ് സ്റ്റേഷൻവരെ എത്തിക്കുന്നത്. ''ബിൻസിക്കന്ന് പന്ത്രണ്ട് വയസ്സായിരുന്നു. ബെയിസ്മെന്റിലിരുന്ന് അവൾ സിഗരറ്റുവലിക്കുന്നത് കണ്ടപ്പോൾ അച്ചാമ്മയുടെ നിയന്ത്രണം വിട്ടുപോയി. അച്ചാമ്മ മകളെ ശകാരിച്ചു. കരണത്ത് ഒന്ന് കൊടുക്കാൻ ശ്രമിച്ചപ്പോൾ കുഞ്ഞുമോൻ വന്ന് കൈതട്ടിമാറ്റി. അത്രയേ സംഭവിച്ചുള്ളൂ. എന്നിട്ടും ബിൻസി നൈൻ ഇലവനിൽ വിളിച്ചു. അഞ്ചു മിനുട്ടിനുള്ളിൽ പോലീസ്വണ്ടി വീട്ടിനുമു

മ്പിൽ. വർഗ്ഗീസ് കുറ്റിക്കാടനെയും അച്ചാമ്മയെയും അവർ ഒന്നിച്ച് പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോയി.''[29]

ബിൻസിയുടെ സമപ്രായക്കാരനാണ് അശോകൻ. ഒരേ കാലഘട്ടത്തിൽ രണ്ട് വിഷയത്തിൽ രണ്ട് സർവകലാശാലകളിലാണവർ പഠിക്കുന്നതെങ്കിലും മല യാളികളെന്ന അർത്ഥത്തിൽ സുഹൃത്തുക്കളായവർ. ആ സൗഹൃദം വിവാഹാ ഭ്യർത്ഥനയിലെത്തുമ്പോൾ വിവാഹപൂർവബന്ധത്തിലൂടെ പുരുഷന്റെ പെരുമാറ്റം തനിക്ക് ബോദ്ധ്യമാകണമെന്ന് ഒരാശങ്കയ്ക്കും ഇടയില്ലാതെ അവൾ പ്രഖ്യാപിച്ചു. ''ഹൗ ഡു യു പെർഫോം ഇൻ ബഡ് എനിക്കതറിയില്ല.''[30] പാശ്ചാത്യനാടുകളിൽ ലിവിംഗ് ടുഗദറിലൂടെ ജീവിക്കുന്നവരാണ് അധിക യുവതീയുവാക്കളും. കിടപ്പറ യിലെ ബന്ധം കൂടി നോക്കിയാണവർ ഇണകളെ സ്വീകരിക്കുന്നത്. സാമ്പത്തിക ശാസ്ത്രത്തിന്റെ സൂക്ഷ്മതലങ്ങളിൽ വിശ്വസിക്കുന്ന അശോകന് അവിശ്വസനീയ മായിരുന്നു ബിൻസിയുടെ പെരുമാറ്റം. അവിടെ അവസാനിക്കുന്നു ആ ബന്ധം.

കേരളീയർക്ക് തികച്ചും അപ്രാപ്യവും സങ്കല്പാതീതവുമായ ജീവിതസാഹ ചര്യമാണ് അമേരിക്കൻ ജനതയുടേത്. കഠിനാദ്ധ്വാനം ചെയ്തും അളവറ്റപണം സമ്പാദിക്കുന്ന അച്ഛനമ്മമാർ വളരുന്ന മക്കൾക്ക് സാരോപദേശം നൽകാനും അവ രുടെ ജീവിതപ്രശ്നങ്ങളിലേയ്ക്ക് കടന്നു ചെല്ലാനും നേർവഴി കാട്ടാനും സാധി ക്കാത്തവരാണ്. അതിന്റെ ഫലം വളർന്നുവരുന്ന തലമുറ അവരുടേതായ ഒരു ലോകം സൃഷ്ടിച്ചെടുക്കുന്നു; ബന്ധങ്ങളും കടപ്പാടുകളുമില്ലാത്തൊരു ലോകം. മദ്യവും മറ്റു ലഹരിവസ്തുക്കളും ഇഷ്ടമുള്ള സുഹൃത്തുക്കളും ഇച്ഛയ്ക്കൊത്ത് ലഭിക്കുമ്പോൾ പിറന്ന നാടും പെറ്റമ്മയും പോറ്റിവളർത്തിയ അച്ഛനും ജീവിത ത്തിന്റെ ഭാഗമല്ലാതാകുന്നു. വൃദ്ധസദനങ്ങളിലേയ്ക്കും അഗതിമന്ദിരങ്ങളി ലേയ്ക്കും അച്ഛനമ്മമാരെ കൊണ്ടുചെന്നെത്തിക്കുന്നതിൽ ഈ യുവതലമുറയ്ക്ക് ഒട്ടും മടിയില്ല. കനപ്പെട്ട സമ്പാദ്യവും അളവറ്റ ബാങ്ക് ബാലൻസും ഉള്ളപ്പോഴും

വാർദ്ധക്യത്തിന്റെ അവശതകളിൽ ദുരിതം പേറുന്ന വയോജനങ്ങൾ നമ്മുടെ നാട്ടിലും സുലഭമാണല്ലോ.

ബിൻസിയെ അവതരിപ്പിച്ചതിൽനിന്നും തികച്ചും വ്യത്യസ്തമായ തലത്തിലാണ് വിന്ദുജയെ മുകുന്ദൻ അവതരിപ്പിക്കുന്നത്. കേരളത്തിലെ ശാലീനസുന്ദരിയായ വിന്ദുജ പഠനവും വിദേശയാത്രയും എൻ.ആർ.ഐ ജീവിതവുമെല്ലാം ജീവിക്കാനുള്ള ഉപാധികളായിട്ടാണ് കാണുന്നത്. ഡൗൺടൗണിൽ ജോലിചെയ്യുന്ന സമയത്ത് കേരളത്തിലെ ജീവിതവിശുദ്ധിയും സംസ്കാരവും വളരെ പവിത്രമായി സൂക്ഷിക്കുന്നവളാണ് വിന്ദുജ. അന്യനാട് ആത്മനാടാകില്ലെന്ന് അവൾ വിശ്വസിക്കുന്നു. സഹോദരനൊപ്പം അമേരിക്കയിൽ ജോലിചെയ്യുന്ന ബിന്ദുജയുടെ കാഴ്ച്ചപ്പാടുകൾ കുറേക്കൂടി വിശാലമാണ്. കേരളമണ്ണിന്റെ സ്വത്വവും സംസ്കാരവുമാണ് വിന്ദുജയെ മുന്നോട്ട് നയിക്കുന്നത്. അതുകൊണ്ടാണ് കുറുവ അരിയുടെ ചോറും പുളിയിഞ്ചിക്കറിയും ചീരത്തോരനും നാരങ്ങാ അച്ചാറുമായി വീട്ടുകാർക്കും വിരുന്നുകാർക്കും ആഥിത്യമേകാൻ അവൾക്ക് കഴിയുന്നത്. വിന്ദുജയുടെ കേരളീയസ്വത്വമാണ് അശോകനുമായി അവളെ അടുപ്പിക്കുന്നത്. തങ്ങളുടെ ജീവിതങ്ങളെ ഒന്നാക്കുന്നതിന് അവരെടുത്ത തീരുമാനം കാലത്തിന്റെ ശാസ്ത്രനേട്ടങ്ങളെ പിൻപറ്റിക്കൊണ്ടായിരുന്നു. സകലതും തുറന്നുപറഞ്ഞും അന്യോന്യം മനസ്സിലാക്കിയും അവർ കൈക്കൊണ്ട ആ തീരുമാനം കാലത്തിനനുസരിച്ച് കേരളീയസമൂഹം എത്തിപ്പിടിക്കേണ്ട പരിഷ്കൃതിയുടെ മാതൃകയായി നോവലിസ്റ്റ് കണക്കാക്കുന്നു. ഇത് സ്ത്രീത്വത്തിന്റെ വളരെ വ്യത്യസ്തമായ ഒരു തലവും പുരോഗമനാത്മകമായ ഒരു എഴുത്തുകാരന്റെ നിലപാടുമാണ്. സ്ത്രീകളുടെ സ്വാതന്ത്ര്യവും വ്യക്തിത്വവും രൂപപ്പെടുത്തുവാനും വ്യവസ്ഥാപിതരീതിയിൽനിന്ന് മാറി ചിന്തിക്കുവാനും പ്രവാസം കളമൊരുക്കുന്നതിന്റെ ഉദാഹരണങ്ങളാണ് ഈ സ്ത്രീകഥാപാത്രങ്ങൾ.

### 3.9.2 പ്രവാസവും വംശീയവിവേചനവും

പ്രവാസി ചെന്നെത്തുന്ന സ്ഥലത്ത് തികച്ചും അന്യനായി ഒറ്റപ്പെടുന്ന ജീവിതസാഹചര്യമാണ് അനുഭവിക്കുന്നത്. അയിത്താചാരമില്ലാത്ത രാജ്യത്തുപോലും മറുനാട്ടുകാരനായ വ്യക്തിയെ പ്രത്യേകിച്ച് കാഴ്ചയിൽ തൊഴിലാളിയാണെന്ന ബോധം ജനിപ്പിക്കുന്ന ആളോട് പുലർത്തുന്ന മനോഭാവം തികച്ചും വിവേചനാത്മകമാണ്. എന്നാൽ കറുത്തവൻ, വെളുത്തവൻ എന്ന വിവേചനാത്മകമായ കാഴ്ച്ചപ്പാട് തന്നെയാണ് വർണ്ണവിവേചനം. ഡയസ്പോറ ജീവിതത്തിന്റെ ശക്തമായ പൂർവമാതൃകകളിലൊന്നാണ് കറുത്തവരുടെ അനുഭവങ്ങൾ. അടിമക്കച്ചവടത്തിന്റെ ഭാഗമായി പടിഞ്ഞാറൻ ആഫ്രിക്കയിൽനിന്ന് കരീബിയൻ പ്രദേശങ്ങളിലേക്കും അമേരിക്കയിലേക്കും കറുത്തവരെ കൊണ്ടുവന്നതോടുകൂടിയാണ് ബ്ലാക്ക് ഡയസ്പോറയുടെ ചരിത്രം ആരംഭിക്കുന്നത്. പ്രവാസം വ്യാപകമായ ഈ കാലത്ത് വർണ്ണവിവേചനത്തിന് പുതിയ ഭാവങ്ങളും വന്നുഭവിക്കുന്നതായിക്കാണാം. ‘‘ആദ്യകാലത്ത് വർണ്ണവിവേചനമെന്നാൽ വെളുത്തവൻ കറുത്തവനോട് കാണിച്ച വിവേചനമായിരുന്നു. എന്നാലിന്ന് അറബി ഇരുനിറക്കാരനെയും ഇരുനിറക്കാരൻ കറുത്തവനെ (ദളിതർ) യുമൊക്കെ ഇതേ രീതിയിൽ വിവേചനവിധേയമാക്കുന്നത് കാണാം.’’[31] തൊലിയുടെ നിറത്തിന്റെ അടിസ്ഥാനത്തിൽ ജനതക്കിടയിൽ വിഭാഗീയത സൃഷ്ടിക്കപ്പെടുന്ന സാഹചര്യം ഏത് ദേശത്തും കണ്ടെത്താം.

പ്രവാസികളായി വിദേശത്തെത്തുന്ന മലയാളികളും വംശീയവിദ്വേഷത്തിന് പാത്രമാകാറുണ്ട് എന്ന് നോവൽ വ്യക്തമാക്കുന്നു. ഇരുണ്ട തൊലിയുടെ ഉടമയെന്ന നിലയിൽ അശോകനും അമേരിക്കയിൽവച്ച് ഒരിക്കൽ വംശീയവിദ്വേഷത്തിന് ഇരയാകുന്നുണ്ട്. തന്റെ യൂണിവേഴ്സിറ്റിയിലെത്താനായി റൂട്ട്നമ്പർ രണ്ട് ബസ്സിൽ മദ്ധ്യവയസ്കനായ സായ്വിന്റെ അരികിലിരുന്നപ്പോളായിരുന്നു അത്. തന്റെ അരികിൽ വന്നിരുന്ന അശോകനെ കണ്ട് സായ്വ് എഴുന്നേറ്റ് മറ്റൊരു സീറ്റിലേക്ക് മാറിയിരുന്നു. അശോകൻ വിളറിപ്പോയി. തന്റെ തൊലിയുടെ നിറം കാരണമാണ്

സായ്വ് മാറിയിരുന്നതെന്ന് മനസ്സിലാക്കുവാൻ അശോകന് അൽപനേരം വേണ്ടിവന്നു.[32] അമേരിക്കയിൽ വംശീയപ്രശ്നത്തെക്കുറിച്ച് അശോകൻ ഒട്ടും ആലോചിച്ചിരുന്നില്ല. അതിനുശേഷം എപ്പോഴും ആ അനുഭവം അയാൾ കൂടെ കൊണ്ടുനടന്നു. ആൾക്കൂട്ടത്തിലൂടെ നടക്കുമ്പോൾ വെളുത്തവരെ തൊട്ട് പോവാതിരിക്കാൻ അയാൾ പ്രത്യേകം ശ്രദ്ധിച്ചു. ട്രെയിനിൽ പോകുമ്പോൾ വെളുത്തവരുടെ തൊട്ടരികിലുള്ള സീറ്റിൽ ഇരിക്കാതിരിക്കാനും ശ്രദ്ധിച്ചു. എന്നാൽ ഈയൊരനുഭവം അശോകന്റെ മുന്നോട്ടുള്ള ജീവിതത്തിന് തടസ്സമായില്ല.

### 3.9.3 തൊഴിൽ അസ്ഥിരത

അമേരിക്കൻപ്രവാസികളിലധികവും പ്രൊഫഷണലിസ്റ്റുകളും വിദഗ്ധതൊഴിലാളികളുമാണ്. ഉയർന്ന പ്രതിഫലവാഗ്ദാനത്തിലൂടെയാണ് ഇവരിലധികവും അമേരിക്കൻ ഐക്യനാടുകളിൽ തൊഴിലിനായി പോകുന്നത്. ഇവർ ഗൾഫ് പ്രവാസത്തിൽ നിന്ന് വളരെ വ്യത്യസ്തമായ സാഹചര്യവും സംസ്കാരവും സവിശേഷതകളും പുലർത്തുന്നവരാണ്. എന്നാൽ എടുത്തുപറയേണ്ട സവിശേഷത കോർപ്പറേറ്റുകളുടെ നാടായ അമേരിക്കയിലെ ജോലിയ്ക്ക് യാതൊരു സ്ഥിരതയുമുണ്ടായിരുന്നില്ല എന്നതാണ്. ഉദ്യോഗാർത്ഥികളുടെ പെർഫോമൻസ് അനുസരിച്ച് മാത്രമായിരുന്നു അവർ അവിടെ തുടരണോ വേണ്ടയോ എന്ന് കമ്പനി തീരുമാനിച്ചിരുന്നത്. ജോലിയിൽ മികവ് പുലർത്താതിരിക്കുമ്പോൾ തൊഴിൽകരാറുകൾ അവസാനിപ്പിച്ച് അവർ പിരിച്ചുവിടപ്പെടുന്നു. ഈയൊരു തൊഴിൽസാഹചര്യമാണ് അമേരിക്കൻ പ്രവാസത്തിൽ എടുത്തുപറയേണ്ട ഒരു പ്രത്യേകത. കമ്പനിക്ക് ജോലിക്കാരുമായി യാതൊരുവിധ ആത്മബന്ധവുമുണ്ടായിരുന്നില്ല.

വിന്ദുജയുടെ ഓഫീസിൽ പത്തിലേറെ രാജ്യങ്ങളിൽനിന്നുവന്ന ആയിരത്തിലേറെ എൻജിനീയർമാർ ജോലിചെയ്യുന്നുണ്ടായിരുന്നു. ആരൊക്കെ അവിടെ വരുന്നു പോകുന്നുവെന്ന് ആർക്കുമറിയില്ല. തമ്മിൽ കാണുമ്പോൾ ഹായ് പറയലിൽമാത്രം സഹപ്രവർത്തകർക്കിടയിലെ ബന്ധമവസാനിക്കുന്നു. ഇന്നലെ കണ്ട

വനെ നാളെ കണ്ടില്ലെന്ന് വരാം. രാജീവ് മൽഹോത്ര എന്ന സഹപ്രവർത്തകനെ വിന്ദുജ രണ്ട് പ്രാവശ്യം മാത്രമേ കണ്ടിരുന്നുള്ളൂ. അപ്പൊഴേക്കും അയാൾക്ക് പിങ്ക് സ്ലിപ്പ് (ജോലിയിൽനിന്ന് പിരിച്ചുവിട്ടു എന്ന അറിയിപ്പ്) കിട്ടി. രാവിലെ ഓഫീസിലേക്ക് കടക്കാൻവേണ്ടി ഡോറിനുള്ളിൽ സ്മാർട്ട് കാർഡ് ഇൻസേർട്ട് ചെയ്തപ്പോൾ വാതിൽ തുറക്കുന്നില്ല. അതിന്റെ അർത്ഥം ജോലി നഷ്ടപ്പെട്ടുവെന്നാണ്. സെക്യൂരിറ്റിയിൽ ചെന്നപ്പോൾ പ്രതീക്ഷിച്ചതുപോലെ ഒരു കവർ അവിടെ അയാളെ കാത്തിരിപ്പുണ്ട്. അയാൾക്ക് കിട്ടാനുള്ള പതിനൊന്നുദിവസത്തെ ശമ്പളത്തിനുള്ള ചെക്കും ഡസ്ക്കിന്മേൽ വച്ചിരുന്ന കുടുംബഫോട്ടോയും അയാളുടെ പെന്നും അതിലുണ്ടായിരുന്നു. രണ്ടരക്കൊല്ലം ജോലിചെയ്ത ഓഫീസിനുള്ളിൽ കയറി യാത്ര പറയുവാൻപോലും കഴിയാതെ രാജീവ് മൽഹോത്ര സ്ഥലംവിട്ടു. എപ്പോൾ വേണമെങ്കിലും പുറംതള്ളപ്പെടാം എന്ന ഭീഷണിയോടെവേണം ഇത്തരത്തിലുള്ള കമ്പനികളിൽ ജോലിയെടുക്കേണ്ടത്. ഇത് ഓരോ പ്രവാസിയുടെയും മേൽ കരിനിഴൽ വീഴ്ത്തുന്ന യാഥാർത്ഥ്യമാണ്.

### 3.10 മലയാളിസ്വത്വം

ചെന്നെത്തുന്ന നാട് ഏതുതന്നെയായാലും അവിടെ കേരളീയഭാഷ, വേഷം ആചാരം, ആഹാരം, കൂട്ടായ്മ, സന്നദ്ധപ്രവർത്തനങ്ങൾ തുടങ്ങിയവയിലൂടെ തങ്ങളുടേതായ ആത്മാംശത്തിന്റെ പ്രതിസ്ഫുരണമായ ഒരു കൊച്ചുകേരളം കെട്ടിപ്പടുക്കുന്നതിൽ പ്രവാസികൾ ദത്തശ്രദ്ധരായിരുന്നു. അതുകൊണ്ടുതന്നെയവർക്ക് ഓണം, വിഷു, ഈദ്, ക്രിസ്തുമസ് തുടങ്ങിയ കേരളീയാഘോഷങ്ങളൊന്നും തന്നെ നഷ്ടപ്പെടുന്നില്ല. നടുവൊടിയുന്ന കഷ്ടപ്പാടിലും നിശ്വസിക്കാൻ മറന്നുപോകുന്ന തിരക്കിനിടയിലും അവർ കൂട്ടായ്മകൾ സംഘടിപ്പിക്കുന്നു. കേരളത്തിലേതെന്നതുപോലെ സദ്യവട്ടങ്ങളൊരുക്കി വേഷമണിഞ്ഞ് ആചാരമര്യാദകളോടെ സംസ്കാരവും പൈതൃകവും പിന്തുടരുന്നതായിക്കാണാം.

മാതൃഭാഷ, കേരളീയരുചികൾ എന്നിവയെല്ലാം അവരെ ഒന്നിപ്പിക്കുന്ന ഘടകങ്ങളാവുന്നു. ഒരേ ഭാഷ സംസാരിക്കുന്നവരായതുകൊണ്ടാണ് ശ്രീകുമാർ അശോകന്റെ സ്നേഹിതനാകുന്നത്. തന്റെ കമ്പനിയിൽ ഇന്റർവ്യൂവിന് വന്ന ശ്രീകുമാറിനോട് അശോകൻ മലയാളത്തിലാണ് സംസാരിച്ചത്. ശ്രീകുമാറിന് ആ കമ്പനിയിൽ ജോലി ശരിയായില്ലെങ്കിലും മലയാളിസ്വത്വബോധം അവരെ വീണ്ടും അടുപ്പിക്കുന്നുണ്ട്. അതുവഴി ശ്രീകുമാറിന്റെ സഹോദരിയായ വിന്ദുജയെയും അശോകൻ പരിചയപ്പെടുന്നു. പറശ്ശിനിക്കടവ് മുത്തപ്പനെ ആരാധിക്കുന്ന, കേരളീയഭക്ഷണം തയ്യാറാക്കുന്ന, വേഷത്തിലും ഭാവത്തിലും കേരളീയസ്വത്വം ആവാഹിച്ച വിന്ദുജയെയാണ് അശോകൻ പിന്നീട് വിവാഹം കഴിക്കുന്നത്. കേരളീയമായ വിശ്വാസപ്രമാണങ്ങളെ അമേരിക്കയിലും പിന്തുടരുന്നവർ നോവലിലുണ്ട്. നാട്ടിലെന്നപോലെ അമേരിക്കയിലും അവർ ദൈവചിത്രങ്ങൾ വച്ച് പ്രാർത്ഥിക്കുന്നു.

രാഷ്ട്രത്തിന്റെ അതിരുകൾക്കപ്പുറത്തും നാട്ടുരുചികൾ എത്രമാത്രം തീവ്രമായ അനുഭവങ്ങളാകുന്നുവെന്ന് നോവൽ കാണിച്ചുതരുന്നു. ഒരു ദിവസം ബ്രേക്ക്ഫാസ്റ്റിന് ക്ഷണിച്ച ശ്രീകുമാർ അശോകന് ആവി പൊങ്ങുന്ന പുട്ടും ഒരു ബൗൾ നിറയെ കടലക്കറിയും വെല്ലക്കാപ്പിയുമാണ് നൽകിയത്. മുളങ്കുറ്റിയിൽ വേവിച്ച പുട്ടു കണ്ടപ്പോൾ ഭക്ഷണപ്രിയനായ അശോകന് വായിൽ വെള്ളമൂറുന്നു. പ്രവാസത്തിനിടയിലും നാട്ടുരുചികളോടുള്ള അടങ്ങാത്ത ഇഷ്ടമാണ് അശോകനെന്ന കഥാപാത്രത്തിലൂടെ നോവലിസ്റ്റ് അവതരിപ്പിക്കുന്നത്. ശ്രീകുമാറിന്റെ വീട്ടിലേക്ക് കയറിവന്ന അശോകന് ആദ്യം അനുഭവിക്കാൻ കഴിഞ്ഞത് അവിടെ കത്തിച്ചുവച്ച ചന്ദനത്തിരിയുടെ പുകയും സൗന്ദര്യവുമായിരുന്നു. സെറ്റുമുണ്ടുടുത്ത് ചന്ദനക്കുറിയണിഞ്ഞ് വരുന്ന വിന്ദുജയെക്കണ്ടപ്പോൾ താനെവിടെയാണ് അമേരിക്കയിലോ അതോ പറശ്ശിനിക്കടവിലോ എന്നയാൾക്ക് സ്ഥലകാലവിഭ്രമം വരുന്നുണ്ട്.[33] കറിവേപ്പില, കദളിപ്പഴം, വാഴപ്പിണ്ടി, വാഴക്കൂമ്പ്, ചേമ്പ്, കപ്പ, കന്താരിമുളക്, അയല, മത്തി, മുരിങ്ങ, തുടങ്ങി മലയാളികളുടെ ഇഷ്ടവിഭവങ്ങൾ

എല്ലാം ഇപ്പോൾ അമേരിക്കയിലും സുലഭമാണ്. കാലം മാറി, എല്ലാ നാട്ടിലും എല്ലാം കിട്ടുമെന്ന അവസ്ഥയായി.

കേരളീയസ്വത്വം പിൻതുടരുന്ന വർഗീസ് കുറ്റിക്കാടനും അച്ചാമ്മയും തങ്ങളുടെ വീടിന് ചുറ്റും ചേനയും ചേമ്പും വാഴയും കറിവേപ്പിലയും നട്ടുപിടിപ്പിച്ച് കേരളീയാന്തരീക്ഷം പുനഃസൃഷ്ടിക്കാൻ ശ്രമിക്കുന്നു. നല്ല കപ്പയും മീൻകറിയും കഴിക്കണമെന്ന് തോന്നുമ്പോൾ പെങ്ങളായ അച്ചാമ്മയുടെ അടുത്തേക്ക് ഓടിയെത്തുന്ന കുഞ്ഞച്ചായൻ എന്ന കഥാപാത്രത്തെയും നോവലിൽ കാണാം.ഇങ്ങനെ വന്നുപെട്ട പ്രവാസലോകത്തും തങ്ങളുടെ മലയാളിസ്വത്വം കാത്തുസൂക്ഷിച്ചവരായിരുന്നു പ്രവാസിമലയാളികൾ. വ്യത്യസ്തമായ അനുഭവങ്ങൾ നൽകുമ്പോഴും എത്തിച്ചേരുന്നിടത്ത് തന്റേതായ ഒരു ലോകം സൃഷ്ടിക്കാൻ പ്രവാസിമലയാളി ശ്രമിക്കാറുണ്ട്. അതുപലപ്പോഴും കേരളത്തിന്റെ പകർപ്പായി മാറുന്നു. കേരളീയജീവിതമെന്നത് ഇന്ന് കേരളത്തിനകത്തുമാത്രമല്ലെന്ന് മുകുന്ദൻ പറയുന്നതും അതുകൊണ്ടാണ്.

### 3.10.1 ഗൾഫ് മലയാളിക്കൂട്ടായ്മ

മലയാളികൾ എവിടെപ്പോയാലും തങ്ങളുടെ ഒരു കൂട്ടായ്മ ഉണ്ടാക്കിയെടുക്കാൻ ശ്രമിക്കാറുണ്ട് എന്നതിന് ഉദാഹരണമായി മുകുന്ദൻ മലയാളിസമാജത്തെ ചൂണ്ടിക്കാണിക്കുന്നു. പ്രവാസത്തിന്റെ ചരിത്രത്തിൽ എന്നും കുടിയേറിപ്പാർപ്പുകാർ അവരെത്തിപ്പെടുന്ന രാജ്യത്തിനുള്ളിൽ ചെറിയ സംഘങ്ങൾ രൂപീകരിച്ച് തങ്ങളുടെ സ്വത്വം സ്ഥാപിച്ചെടുക്കാൻ ശ്രമിച്ചിട്ടുണ്ട്. അതിന് പ്രധാനകാരണം നാടുവിട്ടപ്പോൾ തങ്ങൾക്ക് വേരുകളും ഭാഷയും നഷ്ടമാകുന്നുവെന്ന ചകിതചിന്തയാണ്. പ്രവാസം ഉൾക്കൊള്ളുന്നത് ദേശനഷ്ടത്തെയാണല്ലോ.[34] നോവലിലെ 'ദുബായ് മലയാളീസമാജം' മലയാളികളുടെ കൂട്ടായ്മയാണെങ്കിലും അടിസ്ഥാനജോലികൾ ചെയ്യുന്ന സാധാരണക്കാരായ ലേബർ തൊഴിലാളികൾക്ക് പ്രവേശനം നിഷേധിച്ചിരുന്നു. ആഡംബരവും പ്രൗഢിയും വിളിച്ചറിയിക്കുന്ന മദ്ധ്യ

വർഗ്ഗക്കാരായ മലയാളികളുടെ കൂട്ടായ്മയായിരുന്നു അത്. സമാജത്തിന്റെ ഉദ്ഘാട നത്തിന് നാട്ടിൽനിന്നാണ് സാഹിത്യകാരന്മാരെ കൊണ്ടുവരാറുള്ളത്. ഉദ്ഘാ ടനദിവസം ഓഡിറ്റോറിയം നിറഞ്ഞുകവിയുംവിധം വലിയവലിയ കാറുകളിൽ ആളുകൾ വന്നെത്തുന്നു. ആലുക്കാസിന്റെയും മലബാർ ഗോൾഡിന്റെയും പരസ്യ ങ്ങളിൽനിന്ന് പുറത്ത് വരുന്നതുപോലെയാണ് സ്ത്രീകൾ എത്തിച്ചേരുന്നത്. പുരു ഷന്മാർ സ്യൂട്ടിടുകയോ ടൈ കെട്ടുകയോ ചെയ്തിരുന്നു. സമ്പൽ സമൃദ്ധിയു ടെയും ആഡംബരത്തിന്റെയും ആഹ്ലാദം പകരുന്ന കാഴ്ചകളിൽ സുധീരന് മാത്രം ഒട്ടും സന്തോഷം തോന്നിയില്ല. അയാളുടെ ചിന്തകൾ നിറയെ അവിടെ സന്നിഹിത രല്ലാതിരുന്ന മലയാളികളെക്കുറിച്ചായിരുന്നു. പ്രവാസലോകത്തെ രണ്ട് തട്ടിലുള്ള മലയാളികളെയാണ് മുകുന്ദനിവിടെ ചിത്രണം ചെയ്യുന്നത്.

### 3.11 ഭാഷാപ്രശ്നവും പ്രവാസജീവിതവും

ഏതൊരു പ്രവാസിയും പ്രവാസലോകത്തെത്തുമ്പോൾ ആദ്യം നേരിടേണ്ടി വരുന്നത് ഒരപരിചിതത്വമാണ്. ചെന്നിടത്തെ ഭാഷയറിയാത്ത ലോകം അവനെ വീർപ്പുമുട്ടിക്കുന്നു. പ്രവാസികളെ സംബന്ധിച്ചിടത്തോളം ആദ്യം തന്നെ പൊരു ത്തപ്പെടേണ്ടത് എത്തുന്നിടത്തെ ഭാഷയോടാണ്. മിക്കവാറും പ്രവാസികളായി പോകുന്നവർക്ക് പൊരുത്തപ്പെടാനാകാതെ വരുന്നതും ഭാഷയിലാണ്. ‘‘ഭാഷയും സ്വത്വവും തമ്മിലുള്ള ബന്ധം ഒരിക്കലും ഉപേക്ഷിക്കുവാനോ തകർക്കുവാനോ മറ യ്ച്ചുവെക്കാനോ സാധ്യമല്ല. മറ്റൊന്നുമായി കൂടിക്കലരുമ്പോഴും അവ കോട്ടം ത ട്ടാതെ ഐക്യരൂപേണ വ്യക്തിയിൽ കുടുകൊള്ളുകതന്നെ ചെയ്യും’’[35]. അന്യനാ ട്ടിൽ സ്വന്തം ഭാഷയ്ക്ക് യാതൊരു പ്രസക്തിയും ഇല്ലാതെവരുന്ന സാഹചര്യം ഓരോ പ്രവാസിയിലും വേദന ഉളവാക്കുന്നതാണ്. കുമാരനും തന്റെ പ്രവാസ ത്തിന്റെ ആദ്യനാളുകൾ ഇത്തരം അനുഭവങ്ങളിലൂടെ കടന്നുപോകുന്നതായിരുന്നു. ഒരു മലയാളിയെ കാണാനായി കണ്ണ് കൊതിച്ചുവെന്ന് കുമാരൻ പറയുമ്പോൾ ഭാഷ അന്യമായിത്തീരുന്ന പ്രവാസികളുടെ അവസ്ഥയാണ് വ്യക്തമാകുന്നത്.

ബർമ്മയിലെത്തിയ ശേഷം അയാൾക്ക് മാതൃഭാഷ സംസാരിക്കാൻ സാധിക്കുന്നി ല്ല. ഒരു മലയാളിയെ കാണാനും സംസാരിക്കാനും സാധിക്കാതെ അയാൾ വീർപ്പു മുട്ടുന്ന അവസ്ഥ നോവലിൽ വിവരിക്കുന്നു. അങ്ങനെയിരിക്കവെയാണ് ഒറ്റനോട്ട ത്തിൽ മലയാളിയാണെന്ന് തോന്നിച്ച ഒരാളെ കുമാരൻ കാണുന്നത്. പ്രതീക്ഷ യോടെ അയാളുടെ അരികിലേക്ക് ചെന്നു. എന്താണ് പറയേണ്ടതെന്ന് ഒരു നിമിഷം പതുങ്ങിനിന്നശേഷം അയാൾ ചോദിച്ചു. ''മണ്യേത്തരായി? ആ അപരിചി തൻ കുമാരനെ സൂക്ഷിച്ച് നോക്കി. അയാൾ ആഗ്യം കാണിച്ചുകൊണ്ട് ഉച്ചത്തിൽ എന്തെല്ലാമോ പറഞ്ഞു. ദേഷ്യത്തോടെയാണ് അയാൾ സംസാരിച്ചത്. കുമാരന് ഒരക്ഷരം പിടികിട്ടിയില്ല.''[36] അയാൾ മലയാളിയല്ലെന്നും താൻ തെറ്റിദ്ധരിക്കപ്പെട്ട താണെന്നും തിരിച്ചറിഞ്ഞ് കുമാരൻ നിരാശനാവുന്നതാണ് സന്ദർഭം. മാതൃഭാഷ എത്രമാത്രം തീവ്രമായ വികാരമായി മാറുന്നു എന്നതാണ് കുമാരന്റെ അനുഭവത്തി ലൂടെ നോവലിസ്റ്റ് അനാവരണം ചെയ്യുന്നത്. ''പുതിയ ഒരിടത്ത് ചെന്ന് ചുവടുറ പ്പിക്കുമ്പോൾ മനുഷ്യർ നേരിടേണ്ടിവരുന്ന സംഘർഷങ്ങൾ പലതാണ്. അതിജീവ നത്തിനായി അന്യനാട്ടിലേക്ക് പോയ മലയാളിയെ സംബന്ധിച്ചിടത്തോളം അയാൾക്ക് നഷ്ടപ്പെടുന്നത് പച്ചപിടിച്ച പ്രകൃതിയും സമശീതോഷ്ണമായ കാലാ വസ്ഥയും മാതൃഭാഷയുടെ മാധുര്യവും സ്വന്തം സാംസ്കാരികന്തരീക്ഷവും മാത്രമ ല്ല. സ്വന്തം നാട്ടിൽ കിട്ടുന്ന ആന്തരികമായ സുരക്ഷിതത്വബോധം കൂടിയാണ്. പരി ചിതവും സുരക്ഷിതവുമായ ഒരു ജീവിതാവസ്ഥയിൽനിന്ന് അന്യവൽക്കരിക്കപ്പെടു മ്പോൾ സംഭവിക്കുന്ന വൈകാരികാരക്ഷിതത്വം അയാളെ വേട്ടയാടിത്തുടങ്ങു ന്നു''.[37]

ആദ്യകാലപ്രവാസത്തിന്റെ വ്യത്യസ്ത അനുഭവലോകമാണ് ഇവിടെ നോവൽ സാക്ഷ്യപ്പെടുത്തുന്നത്. ചെന്നെത്തിയ ദേശത്തെ ജീവിതാവസ്ഥകളോടും സാഹചര്യങ്ങളോടും ഇഴുകിച്ചേരാനുള്ള മനോഭാവം പൊതുവേ എല്ലാ പ്രവാസി കളും പ്രകടിപ്പിക്കുന്നുവെങ്കിലും തുടക്കത്തിൽ സ്വാഭാവികമായും അപരിചിത

ത്വവും അമ്പരപ്പുള്ളതുമായ ഒരവസ്ഥയാണ് അവരിൽ സൃഷ്ടിക്കപ്പെടുന്നത്. അപ്ര തീക്ഷിതമായി ബർമ്മയിൽ വച്ച് മാപ്പിളപ്പാട്ടിന്റെ ഈരടികൾ കേൾക്കുമ്പോൾ കുമാരൻ നിന്നയിടത്തുനിന്ന് മുകളിലേക്ക് ചാടിപ്പോകുന്നുണ്ട്. തനിക്ക് സ്ഥല കാലവിഭ്രമം പിടിപെട്ടോ എന്നുപോലും അയാൾ സംശയിക്കുന്നു. അപരിചിതമായ നാട്ടിൽ തന്റെ മാതൃഭാഷ കേട്ടപ്പോൾ അനിർവചനീയമായ ആനന്ദം കുമാരൻ അനുഭവിക്കുകയായിരുന്നു. ''ഇക്കാ ഒന്നു നിക്കണം'' എന്ന കുമാരന്റെ വാക്കുകൾ കാതുകൊണ്ടല്ല ഹൃദയംകൊണ്ടാണ് ബീരാനും കേൾക്കുന്നത്. മാതൃഭാഷയാണ് ആ പ്രവാസികളെ ഹൃദയം കൊണ്ടടുപ്പിച്ചത്. ആശയവിനിമയത്തിനുള്ള ഉപാധി എന്നതിനപ്പുറം ഭാഷ ഒരു സംസ്കാരമാണെന്ന തിരിച്ചറിവ് വായനക്കാരനിലും നിറയുന്ന സന്ദർഭമാണത്.

### 3.12 ഗൃഹാതുരത്വം പേറുന്ന മലയാളിപ്രവാസികൾ

ഗൃഹം മനുഷ്യന്റെ സുരക്ഷിതമായ ആവാസസ്ഥലമാണ്. ദേശം വിട്ടുപോ ന്നാലും നാടിന്റെയും വീടിന്റെയും ഓർമ്മ സ്മൃതിചിത്രമായി മനസ്സിൽ അവശേഷി ക്കുന്നു. ഇത്തരം ഓർമ്മകൾ മധുരമായ ഒരനുഭവമാണ് മനുഷ്യന് നൽകുക. വിട്ടു പോന്ന ജീവിതസാഹചര്യങ്ങളിലേക്കുള്ള തിരിഞ്ഞുനോട്ടം തന്നെയാണ് ഗൃഹാതു രത. പ്രവാസം ഒരു നിയോഗംപോലെയാണിന്ന് മലയാളിക്ക്. കുമാരനിൽനിന്നും അശോകനിലേക്കും അശോകനിൽനിന്ന് രാഹുലിലേക്കും സംക്രമിക്കുന്ന തനിയാ വർത്തനമാണത്. മണ്ണും വീടും ഭാഷയും ഉപേക്ഷിച്ച് എന്തും ചെയ്യാനായി പുറ പ്പെട്ട് പോകുന്നവർ. ജന്മരാജ്യത്തുനിന്നും അകന്നുപോകുന്ന മലയാളികളുടെ എണ്ണം പെരുകിക്കൊണ്ടിരിക്കുന്നു. അടുക്കാനുള്ളതല്ല മറിച്ച് അകലാനുള്ള ത്വര യാണ് ഇന്ന് മലയാളിക്കുള്ളത്. ഈ അകൽച്ച ഒന്നുമാത്രമാണ് പുതിയ മലയാളി യിൽ ദേശാനുരാഗം സൃഷ്ടിക്കുന്നത്. രാജ്യഭ്രംശം സൃഷ്ടിക്കുന്ന നിർബന്ധപ്രവാസജീവിതത്തിൽനിന്നും വളരെ വ്യത്യസ്തമാണ് ദേശാനുരാഗം പ്രകടമാക്കുന്ന പ്രവാസത്തിന്റെ തിരഞ്ഞെടുപ്പ്. ദേശാനുരാഗത്തിലൂടെ ഉരുത്തിരി

യുന്ന സങ്കൽപ്പസ്വർഗ്ഗങ്ങൾ ഗൃഹാതുരതയിലേക്കാണ് മലയാളിയെ നയിക്കുന്നത്. *പ്രവാസ*ത്തിൽ ഗൾഫ് നിവാസികൾ മാത്രമല്ല, അശോകനും വർഗ്ഗീസ് കുറ്റിക്കാടനും ബീരാനുമെല്ലാം ഗൃഹാതുരത പേറുന്നവരാണ്.

നാടിനെക്കുറിച്ചുള്ള ചിന്തകളിൽ ജീവിക്കുന്ന വ്യക്തിയാണ് ബീരാൻ. കൊണ്ടോട്ടി നമ്മളെ കൽബിലുണ്ട് എന്ന് പറയുന്ന ബീരാനെ ജീവിക്കാൻ പ്രേരിപ്പിക്കുന്നത് തന്റെ നാടിനെക്കുറിച്ചുള്ള ഗൃഹാതുരസ്മരണകളാണ്.[38]. ബീരാന്റെ വീട്ടിലെത്തിയ കുമാരന്റെ ചിന്തകൾ നാടിനെ ഓർമിപ്പിക്കുന്ന നെയ്ച്ചോറിന്റെ മണത്തിൽ ആകൃഷ്ടമാകുന്നുണ്ട്. ബീരാൻകുട്ടിയുടെ കുടിയിൽ പാർപ്പ് തുടങ്ങിയതോടെ ഇറച്ചിയും മീനും മുട്ടയും തന്നെയാണ് കുമാരന്റെ ഭക്ഷണം. അതോടെ കൊറ്റ്യത്ത് വീട്ടിലെ ചെറിയുള്ളി താളിച്ച പരിപ്പുകറിയും പപ്പടവും തോരനുമെല്ലാം കുമാരന്റെയുള്ളിൽ വെറുമൊരു ഓർമ്മയായി മാറി. ചിലപ്പോഴൊക്കെ അതേക്കുറിച്ചുള്ള ഓർമ്മയിൽ കുമാരന്റെ നാവിൽ വെള്ളമൂറുന്നുണ്ട്. ഗൃഹാതുരതയുടെ നീറുന്ന നോവ് അയാളിലും നിറയുകയായിരുന്നു.

ഗൾഫ് പ്രവാസിയായ രാമദാസന് പ്രവാസജീവിതത്തിന്റെ നാളുകളിൽ തന്റെ  നാടും വീടും ചുറ്റുപാടുകളും എത്ര പ്രിയപ്പെട്ടതായിരുന്നുവെന്ന തിരിച്ചറിവുണ്ടാകുന്നു. വീടിന്റെ തുറന്നിട്ട ജനാലയിലൂടെ വരുന്ന മാമ്പൂക്കളുടെ മണമുള്ള തണുത്ത കാറ്റ് രാമദാസന് നഷ്ടമായി. അതേക്കുറിച്ചുള്ള ഓർമ്മകൾ അയാളിൽ ഗൃഹാതുരതയുണർത്തുന്നു. ‘‘മീനാബസാറിൽ കപ്പലിറങ്ങിയ രാമദാസൻ ചുറ്റും നോക്കി. കൈനാട്ടിയിൽ കുഞ്ഞിക്കോരന്റെ ചായപ്പീടികയിലെ സമോവറിൽ വെള്ളം പതയ്ക്കുന്നത് പോലെ കടൽ തിളയ്ക്കുന്ന. പച്ചപ്പിന്റെ അഭാവത്തിൽ ആയാളുടെ കണ്ണുകൾ നൊന്തു. കതകുകൾ തുറന്നിട്ട ജാലകത്തിനരികിൽ കിടന്നുറങ്ങുന്ന അയാൾ കാലത്തെഴുന്നേറ്റ് മൂരിനിവർന്ന് നോക്കുമ്പോൾ കാണുന്ന പ്ലാവിന്റെ നിറപ്പച്ച, തൊട്ടരികിലുള്ള പപ്പായ മരങ്ങളുടെ പച്ചക്കുടകൾ, കോലായിലിറങ്ങി ഒന്നുകൂടി മൂരിനിവരുമ്പോൾ കൺമുമ്പിൽ തെളിഞ്ഞുവരുന്ന വീട്ടുമു

റ്റത്തെ നീലച്ചിരി ചിരിക്കുന്ന ശംഖുപുഷ്പങ്ങൾ, വെള്ളച്ചിരി ചിരിക്കുന്ന നന്ത്യാർവട്ടങ്ങൾ, എല്ലാം പോയില്ലേ? ഇനി പൂക്കളില്ല, പക്ഷികളുമില്ല ഉള്ളത് മണലാരണ്യത്തിന്റെ നീറ്റൽ മാത്രം.''[39] ഗൾഫിൽ ആദ്യമായി എത്തിയപ്പോഴുള്ള രാമദാസന്റെ ഗൃഹാതുരസ്മരണകളാണിവിടെ നോവലിസ്റ്റ് വരച്ചു കാണിക്കുന്നത്.

പ്രവാസംവഴിയുണ്ടാവുന്ന ഗൃഹാതുരതയും വേദനകളും പരിഹരിക്കാനുള്ള സാധ്യതകൾ അവിടെത്തന്നെ കണ്ടെത്തുന്നതിന് പലരും ശ്രമിക്കാറുണ്ട്. സൈറ്റ് എൻജിനീയർ ഗോപാലന്റെ ദേരയിലെ വീട്ടിൽ കയറിച്ചെന്നപ്പോൾ നഷ്ടപ്പെട്ട എന്തോ ഒന്ന് തിരിച്ചുകിട്ടിയതായി സുധീരനു തോന്നുന്നത് അതുകൊണ്ടാണ്. ''നഷ്ടപ്പെട്ടത് മറ്റൊന്നുമല്ല വീടാണ്. സ്വന്തം വീട്. ചാണകം തളിച്ച മുറ്റത്തിന്റെ അരികിലെ മരപ്പൂപ്പൽ പിടിച്ച കറുത്ത മതിലും അതിന് മുകളിലൂടെ നിരത്തിലേക്ക് എത്തിനോക്കുന്ന പിച്ചകവള്ളികളുമുള്ള വീട്.''[40] ദുബായിൽ വന്നശേഷം അയാൾ ഒരു വീടിന്റെ ഉൾഭാഗം കണ്ടിട്ടില്ല. സഫയിലേയും ഉമ് സുഖിയേമിലെയും ധനികർ താമസിക്കുന്ന വീടുകൾ കാണുമ്പോൾ സുധീരൻ നാട്ടിലെ തന്റെ ഓടിട്ട, പൂമുഖമുള്ള വീടിനെ ഓർത്ത് ദു:ഖിക്കും. പിച്ചകവള്ളികളും പേരമരങ്ങളും ഒട്ടുമാവുകളുമുള്ള വീട് താൽകാലികമായെങ്കിലും കൈമോശം വന്നിരിക്കുന്നുവെന്ന യാഥാർത്ഥ്യം അയാളെ സങ്കടപ്പെടുത്തുന്നു. മരുഭൂജീവിതം സുധീരനിൽ ഗൃഹാതുരതയുണർത്തുന്നു. എൻജിനീയറുടെ വീട്ടിലെത്തിയ സുധീരന് അവിടത്തെ ചന്ദനത്തിരിയുടെ സുഗന്ധം അനുഭവിക്കുമ്പോൾ നാട്ടിൽ വീടിനടുത്തുള്ള ശ്രീനാരായണഗുരുവിന്റെ മഠത്തിൽ കയറിയതു പോലെയാണ് അനുഭവപ്പെടുന്നത്.

അമേരിക്കൻമലയാളിയായ വർഗ്ഗീസ് കുറ്റിക്കാടന്റെ ഏറ്റവും വലിയ ആഹ്ലാദവും ദുഃഖവും നാടിനെക്കുറിച്ചുള്ള ഓർമ്മകളാണ്. മുകുന്ദനോട് അയാളത് സൂചിപ്പിക്കുന്നുണ്ട്. ''എന്റെ മുകുന്ദാ, മൂന്ന് പതിറ്റാണ്ട് കഴിഞ്ഞിട്ടും നിറഞ്ഞൊഴുകുന്ന ആറും അതിലെ വള്ളങ്ങളും കരിമീനും എനിക്കിപ്പോഴും നഷ്ടബോധത്തിന്റെ

ആധിയാണ്. വിസ്കിയും നീന്തലും പോലെതന്നെ എനിക്കാഹ്ലാദം നൽകുന്നതാണ് നാട്ടിലേക്കുള്ള യാത്ര.''[41] മീനച്ചിലാറിന്റെ കരയിൽനിന്നും അമേരിക്കയിലേക്ക് ജീവിതം പറിച്ചുനടപ്പെട്ടതിന്റെ നഷ്ടബോധം അയാൾക്ക് വേദന സമ്മാനിക്കുന്നു. നാട്ടിലെ പുഴയും വള്ളങ്ങളും കരിമീനുമെല്ലാമാണ് വർഗീസ് കുറ്റിക്കാടന്റെ ഓർമ്മകളിൽ നിറഞ്ഞു നിൽക്കുന്നത്. പ്രായം കൂടുന്തോറും നാടിനെക്കുറിച്ചുള്ള അയാളുടെ ഗൃഹാതുരത കൂടുതൽ സാന്ദ്രമാകുകയാണ്.

നോവലിലെ ആഖ്യാതാവായ മുകുന്ദനും ഗൃഹാതുരത പേറുന്ന മനസ്സിനുടമയാണ്. അത് നോവലിൽ വ്യക്തമാക്കുന്നുണ്ട്. കഴിയുന്നത്രവേഗം നാട്ടിലേക്ക് മടങ്ങിപ്പോയി സ്വന്തം ഭാഷ സംസാരിച്ചുകൊണ്ട് തന്റെ വായനക്കാർക്കിടയിൽ അവരോടൊന്നിച്ച് ഇനിയുള്ള കാലം ജീവിക്കണമെന്നാണ് മുകുന്ദന്റെ ആഗ്രഹം. അതുകൊണ്ടാണ് ഓഫീസിൽനിന്നും വൊളന്ററി റിട്ടയർമെന്റ് എടുത്ത്, ദീർഘമായ പ്രവാസജീവിതം അവസാനിപ്പിച്ച് മുകുന്ദൻ മടങ്ങുന്നത്. ഇതോടെ ഗ്രാമത്തിലെ പുഴയുടെ കരയിലേക്കും ഓണക്കാലത്തേക്കും മടങ്ങിപ്പോകാനുള്ള മുകുന്ദനെന്ന പ്രവാസിയുടെ ആഗ്രഹങ്ങൾ സഫലമാകുകയായിരുന്നു.

മുകുന്ദന്റെ ആഗ്രഹങ്ങൾ തിരിച്ചറിഞ്ഞ സുധീരൻ പൂർണമായും അതിനെ പിന്താങ്ങിയിരുന്നു. ''മുകുന്ദേട്ടാ വളരെ നല്ല തീരുമാനമാണ്. എനിയുള്ള കാലം നാട്ടില് മലയാളം പറഞ്ഞ് സുഖമായി ജീവിക്ക്, എനിക്ക് മുകുന്ദേട്ടനോട് അസൂയ തോന്ന്വാ, ഭാഗ്യവാൻ. മലയാളം പറഞ്ഞും കേട്ടും, ചക്കയും മാങ്ങയും തിന്നും ജീവിക്കുക. കഞ്ഞികുടിച്ചും വയൽവരമ്പിലൂടെ മുണ്ട് മടക്കികുത്തി നടന്നും ജീവിക്കുക.''[42] എന്നിങ്ങനെയാണ് മുകുന്ദന്റെ തിരിച്ചുവരാനുള്ള ആഗ്രഹത്തോട് സുധീരൻ പ്രതികരിക്കുന്നത്. നാട് കേവലം ഒരിടമല്ലെന്നും ജീവിക്കാൻ കൊതിപ്പിക്കുന്ന മറ്റെന്തെല്ലാമോ ആണെന്നും അയാൾ ഓർമ്മിപ്പിക്കുന്നു. അടിസ്ഥാനമായ അന്നമായും മാതൃഭാഷയായുമെല്ലാം ജന്മനാട് ഒരു സംസ്കാരമായി മാറുകയാണിവിടെ. ആ സംസ്കാരത്തിലേക്കാണ് ഓരോരുത്തരും തിരിച്ചെത്താൻ ആഗ്രഹിക്കുന്നത്.

മനസ്സിൽ കുടുംബവുമായി നടക്കുന്ന ആളാണ് കൊറ്റ്യത്ത് അശോകൻ. ശ്രീകുമാറും സഹോദരി വിന്ദുജയും അയാൾക്ക് അടുത്തറിയാവുന്ന രണ്ട് സുഹൃത്തുക്കളാണ്. കേരളീയ ജീവിതത്തിന്റെ തനിപ്പകർപ്പായ അവരുടെ വീട്ടിൽ പോകുമ്പോൾ അയാൾക്ക് മനസ്സിന് നല്ല സന്തോഷമാണ്. നാടിനെക്കുറിച്ചുള്ള ഓർമ്മ ആഹാരത്തെക്കുറിച്ചുള്ള ഓർമ്മകൂടിയായി മാറുന്ന കാഴ്ചയും നോവലിൽക്കാണാം. ശ്രീകുമാറിന്റെ വീട്ടിൽനിന്നും ഓരോ വിഭവം കഴിക്കുമ്പോഴും അത് നാടിനെക്കുറിച്ചും വീടിനെക്കുറിച്ചുമുള്ള ഓർമ്മകളാകുന്നു. ഉണക്കമീൻ, പച്ചമാങ്ങയിട്ട് കറിവെച്ചതും മുരിങ്ങയിലകൊണ്ടുള്ള തോരനും മറന്ന് പോയ നാടൻരുചികളുടെ ഓർമ്മ അശോകന്റെ നാവിൽ ഉണർത്തുന്നു. പുളിയും മുളകുമിട്ട് ചട്ടിയിൽ വച്ച ഒരു രാത്രിയുടെ പഴക്കമുള്ള മുള്ളൻ. കടുക് താളിച്ചുവെച്ച പരിപ്പുകറി, കൊത്തമല്ലി അരച്ചുവച്ച മത്തിക്കറി, കുറുവ അരിയുടെ ചോറ്, പുളിയിഞ്ചിക്കറി, ചീരത്തോരൻ, നാരങ്ങായച്ചാർ എന്നിങ്ങനെ നാട്ടുരുചികൾ നീളുന്നു. ഇത്തരം വിവരണങ്ങളിലൂടെ ജന്മനാട്ടിലെ ഓർമ്മകൾപേറി അന്യനാട്ടിൽ ജീവിതം പണിതുയർത്തുന്ന പ്രവാസികളുടെ ജീവിതാവസ്ഥയാണ് നോവലിസ്റ്റ് ആവിഷ്കരിക്കുന്നത്. ഗൃഹാതുരത്വം ഓരോവ്യക്തിയുടെയും ഉള്ളിൽ തീവ്രമാകുന്നത് നാട്ടുരുചികളിലാണ്. കൊതിയൂറുന്ന അത്തരം ഓർമ്മകളും ലാവണ്യമാർന്ന പ്രകൃതിയും ഗൃഹാന്തരീക്ഷവും പ്രവാസിയുടെ മധുരസ്വപ്നങ്ങളാണ്.

പലനാടുകളെയും വ്യത്യസ്തജീവിതസന്ദർഭങ്ങളെയും കൈവിടാതെ വൈയക്തികവീക്ഷണങ്ങളുടെ പശ്ചാത്തലത്തിൽ അവതരിപ്പിച്ചിട്ടുള്ള ഒരു കൃതി എന്നനിലയിൽ *പ്രവാസം* മറ്റ് ജീവിതസന്ദർഭങ്ങളിൽനിന്നും വേറിട്ടുനിൽക്കുന്നു. മുകുന്ദൻ സ്വാനുഭവത്തിൽനിന്നും പരാനുഭവത്തിൽനിന്നും അറിഞ്ഞ പ്രവാസജീവിതത്തെ സാഹിത്യമാക്കി *പ്രവാസം* എന്ന നോവലിലൂടെ അവതരിപ്പിക്കുന്നു. അങ്ങനെ നോവൽ കഴിഞ്ഞുപോയതും ഇനി വരാനിരിക്കുന്നതുമായ പ്രവാസത്തിന്റെ കഥയാകുന്നു. മലയാളിയുടെ പ്രവാസജീവിതം അവതരിപ്പിക്കുമ്പോഴും അത് തീവ്രമായ സ്വത്വസംഘർഷമായി നോവലിൽ മാറുന്നില്ല.

വിജയികളും പരാജിതരുമായ നിരവധി പ്രവാസികളെ നമുക്ക് ഈ നോവലിൽ കണ്ടെത്താം. അസുരക്ഷിതമായ തൊഴിൽസാഹചര്യവും അർബാബുമാരുടെ മോശം പെരുമാറ്റവുംമൂലം ഗൾഫ് എന്ന സ്വപ്നം സാക്ഷാത്കരിക്കാതെ അഗതിയും അനാഥരുമായി ജീവിതമാർഗം നഷ്ടപ്പെട്ട് മടങ്ങുന്നവരും ഗൾഫ്പ്രവാസത്തിന്റെ ഭാഗമാണ്. സാമ്പത്തികനേട്ടത്തിലൂടെയുള്ള പരിഷ്കൃതജീവിതം സ്വദേശികൾക്കിടയിൽ പ്രവാസിക്ക് ഉയർന്ന സാമൂഹ്യപദവി നേടിക്കൊടുക്കുന്നു. പ്രവാസത്തെ സമ്പന്നതയിലേക്കുള്ള കുറുക്കുവഴിയായി കാണുന്നവരും ഇവർക്കിടയിലുണ്ട്. കോടികളുടെ സമ്പാദ്യത്തിനിടയിലും അമേരിക്കൻ മലയാളികളുടെ ഒറ്റപ്പെടലിന്റെ സങ്കടങ്ങളും നോവലിൽ അനാവൃതമാകുന്നു. ഇതിനിടയിൽ പ്രവാസികൾക്കിടയിലെ രണ്ടാംതലമുറ കേരളീയമായ മൂല്യങ്ങളേക്കാൾ വിദേശസംസ്കാരത്തിന് അടിപ്പെടുന്നവരാണെന്ന യാഥാർത്ഥ്യവും വായനക്കാർക്ക് ദൃശ്യമാകുന്നു. മലയാളികൾ പല സാഹചര്യങ്ങളിൽ പെട്ടും പ്രവാസം സ്വീകരിക്കേണ്ടി വരുന്നുണ്ടെങ്കിലും പ്രവാസഭൂമികയുടെ പശ്ചാത്തലത്തിൽ ചർച്ചചെയ്യപ്പെടുന്നത് തൊഴിൽ പ്രവാസമാണ്. നഗരവത്കൃതസമൂഹത്തിലെ യാന്ത്രികമായ ജീവിതം മനുഷ്യനെ എത്രയൊക്കെ വ്യർത്ഥബോധമുള്ളവനും അന്യവൽക്കരിക്കപ്പെട്ടവനുമാക്കുന്നുണ്ടെങ്കിലും തന്റെ സ്വത്വം തിരിച്ചറിയുന്ന മനുഷ്യൻ ജന്മനാട്ടിലേക്കുതന്നെ മടങ്ങിവരുമെന്ന് അശോകനെന്ന കഥാപാത്രം സൂചിപ്പിക്കുന്നു.

**കുറിപ്പുകൾ**

---

1 മനുഷ്യൻ തന്റെ ആവശ്യങ്ങൾക്കായി ലോകം മുഴുവൻ ചുറ്റിത്തിരിയുന്നു. ഒടുവിൽ ജന്മദേശത്ത് തിരിച്ചെത്തി താൻ അന്വേഷിച്ചത് കണ്ടെത്തുന്നു. മുകുന്ദൻ, എം. *പ്രവാസം*, കോട്ടയം: ഡി.സി ബുക്സ്, 2012, പു. 9.

2 മുകുന്ദൻ, എം., സോമശേഖരൻ, എം.എം, ശിവദാസ്, പുറമേരി (അഭിമുഖം), '*ഞങ്ങൾ കാലത്തോടും സമൂഹത്തോടും സത്യസന്ധരായിരുന്നു*', മലയാളം, പുസ്ത. 13, ല. 16, (ഏപ്രിൽ 16, 2010) പു. 18.

3 എം. മുകുന്ദൻ, കലാകൗമുദി, പുസ്ത. 17, ല. 20 (ആഗസ്റ്റ് 4, 2008).

4 എം. മുകുന്ദൻ, *പ്രവാസം*, കോട്ടയം: ഡി.സി ബുക്സ്, 2012, പു. 250.

5 മേരി, എം. എബ്രാഹാം, *മലയാളിമനസ്സ് ഉത്തരാധുനികമാവുന്നത്*, (എഡി. പ്രതാപൻ തായാട്ട്, പ്രവാസം: നോവൽപഠനങ്ങൾ), കോഴിക്കോട്: ഹരിതം ബുക്സ്, 2018, പു. 67/68.

6 എം. മുകുന്ദൻ, *പ്രവാസം*, കോട്ടയം: ഡി.സി ബുക്സ്, 2012, പു. 42.

7 ജന്മിത്വത്തിനും സാമ്രാജ്യത്വത്തിനുമെതിരെ മലബാറിൽ നടന്നുവന്നിട്ടുള്ള കാർഷിക സമരങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് കണ്ണൂർ ജില്ലയിലുള്ള ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്തിലെ കാവുമ്പായി ഗ്രാമത്തിൽ 1940 ഡിസംബർ 30ന് കാവുമ്പായി കർഷക കലാപം. ഏറ്റുമുട്ടലിനെ തുടർന്ന് അറസ്റ്റു ചെയ്ത മറ്റുള്ളവരെ സേലം ജയിലിലാണ് പാർപ്പിച്ചത്. 1950 ഫെബ്രുവരിയിൽ സേലം ജയിലിൽ വെച്ചുണ്ടായ വെടിവെപ്പിലും ചിലർ രക്തസാക്ഷികളായി. htts/ml.wikipedia.org.22.10.18.

8 എം. മുകുന്ദൻ, *പ്രവാസം*, കോട്ടയം: ഡി.സി ബുക്സ്, 2012, പു. 134.

9 ടി, പു. 233.

10 ഉണ്ണികൃഷ്ണൻ എ.എം. *പ്രവാസം: മലയാളിസ്വത്വത്തിന്റെ വീണ്ടെടുപ്പ്* (*വേരുകളിലെ ജീവതാളം*), കോട്ടയം: കറന്റ് ബുക്സ്, 2010, പു. 49.

11 എം. മുകുന്ദൻ, *പ്രവാസം*, കോട്ടയം: ഡി.സി ബുക്സ്, 2012, പു. 47, 48.

12 ടി, പു. 99.

13 ടി, പു. 79.

14 ടി, പു. 187.

15 ടി, പു. 303.

16 ടി, പു. 365.

17 ടി, പു. 333.

18 ടി, പു. 345.

19 ടി, പു. 272, 273.

20 ടി, പു. 226.

21 ടി, പു. 237.

22 ടി, പു. 242.

23 ടി, പു. 147.

24 സൈക്കോ, *പ്രവാസം ഒരു മനഃശ്ശാസ്ത്രാധിഷ്ഠിതപഠനം,* (എഡി. ശോഭ വി., *വീടു മാറുന്നവർ - അറേബ്യൻ പ്രവാസ സാഹിത്യം*), തൃശ്ശൂർ: ഗ്രീൻ ബുക്സ്, 2014, പു. 43.

25 എം. മുകുന്ദൻ, *പ്രവാസം*, കോട്ടയം: ഡി.സി ബുക്സ്, 2012, പു. 266.

26 ടി, പു. 304.

27 ടി, പു. 355.

28 ടി, പു. 329.

29 ടി, പു. 335.

30 ടി, പു. 403.

31 ജി. മധുസൂദനൻ, *പ്രവാസം സൃഷ്ടിക്കുന്ന വ്യഥകൾ*, (*കഥയും പരിസ്ഥിതിയും*), തൃശ്ശൂർ: കറന്റ് ബുക്സ്, 2011, പു. 302.

32 ടി, പു. 246.

33 ടി, പു. 414.

34 പി. മണികണ്ഠൻ, *എണ്ണപ്പാടങ്ങളിൽ ചിതറിപ്പാർക്കുന്നവരുടെ സാഹിത്യം*, (*മലയാളിയുടെ സ്വത്വാന്വേഷണങ്ങൾ*), തൃശ്ശൂർ: കേരളസാഹിത്യഅക്കാദമി, 2009, പു. 17.

35 "The elements and reactions of our language and identities can neither be put back together again in new, more critically attuned whole, nor be abandoned and denaied", Iain chamber, *Migrancy, Culture, Identity*, London & New York: Routledge, London & New York. 2011, p. 24.

36 എം. മുകുന്ദൻ, *പ്രവാസം*, കോട്ടയം: ഡി.സി ബുക്സ്, 2012, പു. 32, 33.

37 കെ.എസ്. രവികുമാർ, *ആദിപ്രവാസിയും സൈബർ പ്രവാസിയും*, (*ആധുനികതയുടെ അപാവരണങ്ങൾ*), കോട്ടയം: സാഹിത്യപ്രവർത്തകസഹകരണസംഘം, 2014, പു. 29.

38 *"അപ്പം ചുട് ചുട് പാത്തുമ്മാ*
*ഇപ്പം ബരും പുതുമാപ്പിള*
*അമ്മായിക്കാക്ക ബിറ്ന്ന് വരുമ്പോ*
*പടിക്കലെ കണ്ടം കൊയ്യേണം*
*പുള്ളിച്ചിക്കോയീനെ അറുക്കേണം*
*കട്ടിമ്മേൽ ചീരിണി ബെക്കേണം*
*അപ്പം ചുട് ചുട് പാത്തുമ്മ......"*, എം. മുകുന്ദൻ, *പ്രവാസം*, കോട്ടയം: ഡി.സി ബുക്സ്, 2012, പു. 42.

39 ടി, പു. 154.

40 ടി, പു. 209.

41 ടി, പു. 348.

42 ടി, പു. 423.

## അധ്യായം: 4

# 'ദൽഹി' – നഗരചിത്രവും പ്രവാസാനുഭവങ്ങളും

ഓരോ കാലഘട്ടത്തിലും സമൂഹത്തിലുണ്ടാകുന്ന സംഭവങ്ങളും രാഷ്ട്രീയമായ പരിണതിയും ആ കാലത്തെ സാഹിത്യത്തിന് വിഷയീഭവിക്കാറുണ്ട്. എഴുതപ്പെടുന്ന കാലഘട്ടത്തിലെ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ-സാമ്പത്തിക ജീവിതത്തിന്റെ പകർപ്പ് ആയിരിക്കുക എന്നത് ഏതൊരു സാഹിത്യകൃതിയുടെയും പ്രത്യേകതയാണ്. അങ്ങനെ നോക്കുമ്പോൾ വ്യഷ്ടിയുടെയും സമഷ്ടിയുടെയും സമഗ്രമായൊരു ആവിഷ്ക്കാരത്തിന്റെ വിശാലമായ ക്യാൻവാസാണ് *ദൽഹി*യുടെ ഭൂമിക. 1950 കാലഘട്ടത്തിൽ ഇന്ത്യയുടെ ദേശീയതലത്തിൽ പൊതുവെയുണ്ടായ പ്രശ്നമാണ് ഗ്രാമങ്ങളിൽനിന്ന് നഗരങ്ങളിലേക്കുള്ള മനുഷ്യന്റെ പ്രയാണം; നഗരവത്കരണത്തിന്റെ പുത്തൻ പരിച്ഛേദം. അസ്തിത്വപ്രശ്നം, അന്യവത്കരണം, അച്ചടക്കരാഹിത്യം, കുടുംബബന്ധങ്ങളുടെ ശിഥിലത, മദ്യത്തിനും മയക്കുമരുന്നിനും അടിമയാകുന്ന യുവതലമുറ, പുതിയ പട്ടണങ്ങളുടെ ഉദയം എന്നിങ്ങനെയുള്ള പ്രശ്നങ്ങൾ ജനജീവിതത്തെ വല്ലാതെ സ്വാധീനിക്കുന്നുണ്ട്. ആധുനികതയുടെ ഇത്തരം സവിശേഷതകൾ ദർശിക്കുന്ന മുകുന്ദന്റെ നോവലാണ് *ദൽഹി*. മേൽപ്പറഞ്ഞ പ്രശ്നങ്ങൾ പ്രവാസികളുടെ ജീവിതത്തിൽ ഏതെല്ലാം തരത്തിൽ സ്വാധീനം ചെലുത്തുന്നുവെന്നതിനെക്കുറിച്ചുള്ള വിശദമായ അന്വേഷണമാണ് ഈ നോവലിന്റെ കഥാസന്ദർഭം. നോവലിന്റെ രചനാപശ്ചാത്തലം, കഥാപാത്രങ്ങൾ, പ്രവാസികളുടെ പ്രത്യേകതകൾ തുടങ്ങിയ വസ്തുതകളാണ് ഇവിടെ പഠനവിധേയമാക്കുന്നത്.

## 4.1 രാഷ്ട്രീയ-സാമൂഹികപരിതസ്ഥിതി

മുകുന്ദന്റെ ദൽഹി പ്രസിദ്ധീകൃതമാകുന്നത് 1969 ലാണ്. ഇന്ത്യയുടെ സാമൂഹിക സാംസ്കാരികചരിത്രത്തിന്റെ കേന്ദ്രസ്ഥാനം എന്ന നിലയിൽ ദൽഹിയുടെ വേറിട്ട പ്രാദേശികസ്വത്വമാണ് നോവലിന്റെ രചനാതലം. ഭരണതലസ്ഥാനം എന്ന നിലയിലുള്ള രാഷ്ട്രീയ പ്രാധാന്യത്തോടൊപ്പം ഇന്ത്യൻ സംസ്കാരത്തിന്റെ സവിശേഷതകളായ നാനാത്വത്തിൽ ഏകത്വത്തെ ഉൾക്കൊള്ളുന്നുവെന്ന സാമൂഹിക പ്രാധാന്യവും ദൽഹിക്കുണ്ട്. അറുപതുകളുടെ ഒടുവിലെ ഫ്രാൻസിലെ വിദ്യാർത്ഥി കലാപവും[1] വിയറ്റ്നാം യുദ്ധത്തിന് എതിരെ ലോകത്താകമാനം ഉയർന്ന പ്രതിഷേധവും അമർഷവും[2], ഇങ്ങനെ നിരവധി രാഷ്ട്രീയ സാമൂഹിക പ്രശ്നങ്ങൾ ഈ കാലഘട്ടത്തിൽ യുവതലമുറയ്ക്ക് നേരിടേണ്ടിവന്നിട്ടുണ്ട്. അതിന്റെ പ്രതിഫലനമാണ് ദൽഹിയിൽ പ്രകടമായത്. ഭാരതത്തിന്റെ വിവിധ ദേശങ്ങളിൽ നിന്ന് വന്നവർ ഏകമനസ്സോടെ ഒത്തൊരുമയോടു കൂടി കഴിയുന്ന സാഹചര്യമാണ് അറുപതുകളിലെ ദൽഹിയിൽ സംജാതമാകുന്നത്. അത്തരം ഒരു സാമൂഹിക സ്ഥിതിയിലും പട്ടിണിയും ദാരിദ്ര്യവും ഇല്ലായ്മയും അവരെ ഭരിച്ചിരുന്നുവെങ്കിലും പ്രാദേശിക പ്രശ്നങ്ങൾ സൃഷ്ടിക്കാതെ കഴിഞ്ഞുപോകുന്നതിനുള്ള ഒരിടമായാണ് അവർ ദൽഹിയെ കണ്ടിരുന്നത്. ഇത്തരം സാമൂഹിക പരിസരത്തെയാണ് '*ദൽഹി*' എന്ന നോവലിന്റെ രചനയ്ക്ക് പശ്ചാത്തലമായി മുകുന്ദൻ സ്വീകരിക്കുന്നത്.

മലയാളസാഹിത്യത്തിൽ ആധുനികതയുടെ കാലത്തോടെയാണ് പ്രവാസമെന്നത് ഒരു പഠനമേഖലയായി വരുന്നത്. അതായത് പ്രവാസികളും സഞ്ചാരികളും നഗരത്തിലേക്ക് കുടിയേറുന്നവരും അന്യവത്കൃതരും ബഹിഷ്കൃതരുമായ മനുഷ്യസമൂഹം അടിസ്ഥാന ആവശ്യങ്ങൾ തേടി സഞ്ചരിക്കാൻ തുടങ്ങിയ കാലമായിരുന്നു ഇത്. ജനപഥരൂപീകരണ ശേഷമുണ്ടാകുന്ന ദേശാന്തരഗമനമായി ഈ നാഗരാധിനിവേശത്തെ കണക്കാക്കാം. കഥാപാത്രങ്ങളുടെ പ്രവാസജീവിതം കൃതിയുടെ ദർശനത്തെയും ഭാഷയെയും സ്വാധീനിച്ച പശ്ചാത്തലത്തിൽ വേണം എം.

മുകുന്ദന്റെ പ്രവാസാനുഭവത്തെ പഠനവിധേയമാക്കാൻ. വ്യത്യസ്തമായ മാനസിക തലവും ജീവിതസന്ദർഭങ്ങളും പേറുന്ന കഥാപാത്രങ്ങൾ ഇവിടെ സവിശേഷത യാർന്നിരിക്കുന്നു. വ്യാവസായികമായും തൊഴിൽപരമായും സാംസ്കാരികമായും വേറിട്ടൊരു ഇടം എന്ന നിലയിൽ ദൽഹിക്ക് ഏറെ പ്രാധാന്യമുണ്ടായിരുന്നു. ഈ ഒരു പ്രത്യേകതയാണ് പ്രവാസികളുടെ ഇഷ്ടനഗരമായി ദൽഹി മാറാൻ കാരണമാ യത്. ആധുനിക രാഷ്ട്രമെന്ന നിലയിൽ ഇന്ത്യയെ കാണുകയും ഇന്ത്യയുടെ രാഷ്ട്രീയ പരിണാമങ്ങൾ നിർണയിക്കപ്പെടുകയും ചെയ്യുന്നതിനുള്ള അധികാര സ്ഥാനമായി ദൽഹി മാറി. അങ്ങനെയാണ് ഭാരതത്തിന്റെ രാഷ്ട്രീയ തലസ്ഥാ നവും ഔദ്യോഗിക കേന്ദ്രവുമായ ദൽഹിയിലേക്ക് മുകുന്ദനും എത്തിപ്പെടുന്നത്. ഫ്രഞ്ച് എംബസിയിൽ ഉദ്യോഗസ്ഥനായി പ്രവാസ ജീവിതം സ്വീകരിച്ച മുകുന്ദന്റെ ദൃഷ്ടിക്ക് വിഷയീഭവിച്ച ജീവിതങ്ങളുടെ നേർക്കാഴ്ച്ചയാണ് അദ്ദേഹത്തിന്റെ നോവലുകളിൽ ഉരുവംപ്രാപിച്ച കഥാപാത്രങ്ങൾ.

ഔദ്യോഗിക ജീവിതത്തോടൊപ്പം രചനയും കൂടെ കൂട്ടിയ മുകുന്ദന് ദൽഹി ഒരു പ്രധാന രചനാ പരിസരം എന്നതിനോടൊപ്പം അവിടെ കണ്ട മനുഷ്യർ കഥാപാത്രങ്ങളായി തന്റെ മുന്നിൽ വന്നു നിന്നതായാണ് നോവലിസ്റ്റിന് അനുഭവ പ്പെടുന്നത്. ഇതിനെക്കുറിച്ച് മുകുന്ദൻ രേഖപ്പെടുത്തുന്നത് നോക്കുക "ലോകത്തി ന്റെ സ്പന്ദനങ്ങൾ പിടിച്ചെടുക്കാൻ പറ്റിയൊരിടമാണ് ദൽഹി. സംഗീതത്തിന്റെയും ചിത്രമെഴുത്തിന്റെയും നാടകത്തിന്റെയും വിശാലമായ ലോകം എനിക്കു കാണി ച്ചുതന്നത് ദൽഹിയാണ്. എന്റെ രചനകളിൽ അതിന്റെ സ്വാധീനം കാണാം."[3] അതുപോലെതന്നെ, "ദൽഹിയിൽ എത്തിയപ്പോഴാണ് എന്റെ സാഹിത്യം വേറൊ രു വഴിയിലേയ്ക്ക് തിരിയുന്നത്. മയ്യഴിയെന്ന ചെറിയ വൃത്തത്തിൽനിന്നും ദൽഹി യിലെത്തിയപ്പോൾ കാഴ്ചപ്പാട് മാറി. സ്വന്തം നാടിനെപ്പറ്റി എഴുത്തുകാരന് ദൂര ക്കാഴ്ച ആവശ്യമാണ്. നാട്ടിൽതന്നെ ഇരുന്നാൽ വ്യക്തമായി കാണാനാവില്ല. അതുകൊണ്ടാണ് പല എഴുത്തുകാരും പ്രവാസികളായി മാറിയത്"[4] എന്നും സ്വ

ന്തം രചനകളുടെ ഗതിമാറ്റത്തെക്കുറിച്ച് മുകുന്ദൻ അഭിപ്രായപ്പെടുന്നുണ്ട്. മുകുന്ദനെപ്പോലെ പല എഴുത്തുകാരും പ്രവാസികളായി തീർന്നതിന്റെ കാരണവും ഇതുതന്നെ ആയിരിക്കാം.

**4.2 ആഭ്യന്തരപ്രവാസം**

തൊഴിൽ തേടിയും മറ്റും ഒരു പ്രാദേശികസ്ഥലത്തുനിന്ന് ദേശത്തിനകത്തുള്ള മറ്റിടങ്ങളിലേക്ക് സഞ്ചരിക്കുന്ന സാഹചര്യങ്ങളാണ് ആഭ്യന്തരപ്രവാസം. നാടും വീടും വിട്ട് മഹാനഗരങ്ങളിലൂടെ അലഞ്ഞുതിരിയുന്ന കഥാപാത്രങ്ങൾ പ്രവാസപരിസരത്ത് സർവസാധാരണമാണ്. വ്യഥാപൂർണ്ണമായ അസ്തിത്വഭാരം വഹിക്കുന്ന ഈ മനുഷ്യർ സ്വാതന്ത്ര്യാനന്തരം ഇന്ത്യയിലുണ്ടായ അരക്ഷിതമായ ജീവിതസന്ദർഭങ്ങളും പട്ടിണി, ദാരിദ്ര്യം തുടങ്ങിയ സാമൂഹ്യമായ ജീവിതദൈന്യങ്ങളും രാഷ്ട്രീയവും സാംസ്കാരികവുമായ പ്രശ്നങ്ങളും കാരണം ജന്മനാടുവിട്ട് അന്യനാടുകളിൽ ജോലി തേടി പോയവരാണ്. അവർ ബോംബെ, ദൽഹി, കൽക്കത്ത തുടങ്ങിയ വൻ നഗരങ്ങളിലേക്കാണ് ചേക്കേറിയത്. ഇത്തരം സാഹചര്യത്തിലാണ് ദൽഹിയിലെ കഥാകാരനും അദ്ദേഹം സൃഷ്ടിച്ച കഥാപാത്രങ്ങളും ഭാരതത്തിന്റെ തലസ്ഥാനമായ ദൽഹിയിൽ വാസമുറപ്പിച്ചത്.

നഗരവത്കരണം മനുഷ്യന്റെ പ്രകൃതിയുമായുള്ള സ്വാഭാവിക ജീവിതത്തിന് പല വ്യത്യാസങ്ങളും വരുത്തി. സ്വന്തം പരിധിയ്ക്കുള്ളിലും പുറത്തുമുള്ള ജനങ്ങളുടെ ജീവിതരീതികളെ അത് സ്വാധീനിക്കുകയും മാറ്റുകയും ചെയ്യുന്നു. ആധുനികമനുഷ്യന്റെ താമസസ്ഥലമോ പണിശാലയോ മാത്രമല്ല, സാമ്പത്തികവും രാഷ്ട്രീയവും സാംസ്കാരികവുമായ ജീവിതത്തെ നിയന്ത്രിക്കുന്ന ഒരു കേന്ദ്രം കൂടിയാണ് പട്ടണം. വിദൂരതയിലുള്ള മനുഷ്യരെ നഗരം തന്റെ ഭ്രമണപഥത്തിലേയ്ക്കാകർഷിക്കുന്നു. ആധുനികസാങ്കേതികവിദ്യ പരിഷ്കൃത ജീവിതശൈലിയെ പ്രാദേശികതയ്ക്കപ്പുറമെത്തിക്കുന്നു. വ്യത്യസ്തരായ ജനങ്ങളും വ്യത്യസ്തമായ മേഖലകളും കൂടിച്ചേർന്ന് അതൊരു പ്രത്യേക ജീവിതസാഹചര്യം സൃഷ്ടിക്കുന്നു. വ്യ

വസായവത്കരണം ആധുനികനഗരങ്ങളെ സൃഷ്ടിക്കുകയും നിഷ്പന്ദമായിരുന്ന ഗ്രാമീണജീവിതത്തിൽ മാറ്റങ്ങളുണ്ടാക്കുകയും ചെയ്തു. അത് തുറന്നുകൊടുത്ത തൊഴിൽസാധ്യതകൾ വ്യക്തിയെ സാമ്പത്തികസ്വയംപര്യാപ്തതയിലേയ്ക്ക് നയിച്ചു. വ്യക്തിത്വവികസനത്തിനുള്ള അവസരങ്ങൾ ലഭിച്ചതോടെ പ്രദാനം ചെയ്യപ്പെടുന്ന സാമൂഹികചാലകത്വമാണ് അവന് ലഭിച്ച പുത്തനനുഭവങ്ങൾ. ഒരുവന്റെ കഴിവിനനുസരിച്ച് സമൂഹത്തിൽ എത്രവേണമെങ്കിലും ഉയർന്നുപോകാനുള്ള അവസരം അവിടെയുണ്ട്.

അനിയന്ത്രിതമായ ആൾപ്പെരുപ്പവും വ്യവസായശാലകളുടെ പ്രചാരവും ദീർഘവീക്ഷണരഹിതമായ പ്ലാനിങ്ങും ചേർന്ന് സൃഷ്ടിച്ച പ്രതിസന്ധി അതിജീവിക്കാൻ നഗരമനുഷ്യന് നിരവധി സമവായങ്ങൾ തേടേണ്ടതായിവന്നു. നാഗരീകരണത്തിന്റെ തോതനുസരിച്ച് ഈ പ്രതിസന്ധികളുടെ തീവ്രത വ്യത്യസ്തമായിരിക്കുമെന്ന് മാത്രം. പത്തൊൻപതാംനൂറ്റാണ്ടിന്റെ ഉത്തരാർദ്ധമായപ്പൊഴേയ്ക്കും നഗരങ്ങളുടെ പ്രാധാന്യം ക്രമാതീതമായി വർദ്ധിച്ചു. സാങ്കേതികമായ വിജ്ഞാനം മനുഷ്യന് അനന്തമായ ശക്തി സംഭാവന ചെയ്തു. എന്നാൽ കൂടുതലായിക്കൊണ്ടിരിക്കുന്ന തൊഴിലവസരങ്ങൾ കൂടുതൽ ആളുകളെ നഗരങ്ങളിലേക്കാകർഷിച്ചു. നഗരവത്കരണം ആധുനികമനുഷ്യനിലുണ്ടാക്കിയ പരിവർത്തനങ്ങൾ ഇവിടെ വിചിന്തനം ചെയ്യാവുന്നതാണ്.

ആധുനികതയുടെ പരിസരത്ത് നാം ദർശിച്ച ജീവിതപ്രശ്നങ്ങളുടെ തനിപ്പകർപ്പായ *ദൽഹി* കേന്ദ്രകഥാപാത്രമായ അരവിന്ദന്റെ ജീവചരിത്രക്കുറിപ്പിന്റെ ആമുഖത്തോടെ തുടങ്ങുന്ന നോവലാണ്. പള്ളൂർ എന്ന ഗ്രാമത്തിൽനിന്ന് രാമുണ്ണിമേനവന്റെയും നാരായണിയമ്മയുടെയും രണ്ടാമത്തെ പുത്രനായ അരവിന്ദൻ ദൽഹിയിൽ ട്രെയിനിറങ്ങുന്നതോടെയാണ് നോവൽ ആരംഭിക്കുന്നത്. പുനരധിവാസം തേടിയും തൊഴിലന്വേഷിച്ചും കേരളത്തിലെ ഗ്രാമങ്ങളിൽനിന്ന് അന്യദേശങ്ങളിലേയ്ക്കും പട്ടണങ്ങളിലേയ്ക്കും മലയാളികൾ ധാരാളമായി യാത്രചെയ്തിരുന്ന

കാലം. ജന്മദേശത്ത് തൊഴിൽ ലഭിക്കാത്തവരും, സ്വന്തമായൊരു അസ്തിത്വം കണ്ടെത്താനാകാത്തവരും, കുടുംബത്തിന്റെ കഷ്ടപ്പാടും അനാഥത്വവും ഏറ്റെടുക്കാൻ കടപ്പെട്ടവരും, ഗ്രാമങ്ങളിലെ ശുഷ്കമായ ജീവിതാന്തരീക്ഷത്തിൽനിന്ന് ഉന്നതസ്ഥാനമാനങ്ങൾ ആഗ്രഹിക്കുന്നവരും ചേക്കേറാൻ ആഗ്രഹിച്ചിരുന്നത് വൻനഗരങ്ങളിലായിരുന്നു. ഈ സാഹചര്യത്തിലാണ് അരവിന്ദൻ വിശാലമായ ദൽഹിയിൽ തൊഴിലന്വേഷകനായി എത്തിച്ചേരുന്നത്.

### 4.3 പ്രവാസികളുടെ ദൽഹി

ജീവിതമാർഗ്ഗം തേടി അന്യനാട്ടിലെത്തിയ കേരളീയപ്രവാസിയുടെ ജീവിതസ്പന്ദനങ്ങളിലൂടെയാണ് ദൽഹി നഗരത്തെ മുകുന്ദൻ അവതരിപ്പിക്കുന്നത്. അരവിന്ദൻ എന്ന കേന്ദ്രകഥാപാത്രത്തിലൂടെയാണ് ഈ നോവലിലെ മറ്റുള്ളപാത്രങ്ങളെ നാം പരിചയപ്പെടുന്നത്. കരുണൻ, കുഞ്ഞിരാമൻനായർ, ഗ്രിമിയെസായ്‌വ്, ഭവാനന്ദ്, ഗോപിനാഥൻനായർ തുടങ്ങിയ പുരുഷകഥാപാത്രങ്ങളോടൊപ്പം അതേ പ്രാധാന്യത്തോടുകൂടിയാണ് ശാലിനി, മീനാക്ഷി എന്നീ സ്ത്രീകഥാപാത്രങ്ങളെയും സൃഷ്ടിച്ചിരിക്കുന്നത്. തങ്ങൾ വന്നുപെട്ട സാഹചര്യങ്ങൾക്കനുസരിച്ച് ജീവിച്ചുപോകുന്ന കഥാപാത്രങ്ങളായാണ് മുകുന്ദൻ ഇവരെ ചിത്രീകരിക്കുന്നത്. കുടുംബിനികളും കച്ചവടക്കാരും കലാകാരന്മാരും മുതലാളിയും വിദ്യാർത്ഥികളുമടങ്ങുന്ന വൈപുല്യമാർന്ന ഒരു സാമൂഹിക പരിസരം ദൽഹി എന്ന നോവലിന്റെ ഇതിവൃത്തത്തെ സമ്പന്നമാക്കുന്നു.

#### 4.3.1 അരവിന്ദൻ

*ദൽഹി*യിലെ പ്രധാനകഥാപാത്രമാണ് അരവിന്ദൻ. ഏത് നാട്ടിൽ പോയാലും ജന്മനാടിന്റെ സുഖവും സംസ്കാരവും പൈതൃകവും ഓർമ്മയായി കൊണ്ടുനടക്കുകയും കാണുന്നതിലെന്തിലും കേരളീയത്വം ദർശിക്കുകയും ചെയ്യുന്ന വ്യക്തിയുടെ ചിത്രീകരണമാണ് മുകുന്ദൻ അരവിന്ദനിലൂടെ അവതരിപ്പിച്ചിരിക്കുന്നത്. അരവിന്ദൻ ദൽഹി റെയിൽവേസ്റ്റേഷനിൽ ട്രെയിനിറങ്ങുന്നിടത്തുനിന്ന് *ദൽ*

*ഹി*യിലെ കഥ ആരംഭിക്കുന്നു. അവിടെ നിന്നും അയാൾ കാണുന്ന കാഴ്ചകൾ പുറത്തുനിന്നും എത്തുന്ന ഒരാൾ ആദ്യമായി ദൽഹി എന്ന അപരിചിത ദേശത്തെ നോക്കിക്കാണുന്നതിലെ വൈവിധ്യമുണ്ട്. അവരെ നോവലിസ്റ്റ് ഇങ്ങനെ പരിചയപ്പെടുത്തുന്നു. ''പലതരത്തിലുള്ള ആളുകളെ അവൻ കണ്ടു. കറുത്തവരും വെളുത്തവരുമുണ്ട്. ഇരുനിറക്കാരുണ്ട്. പാണ്ടുപിടിച്ചവരുണ്ട്. കല്യാണം കഴിഞ്ഞ് കണ്ണുകളിൽ ലഹരിയുമായി വരുന്ന ചെറുപ്പക്കാർ. അച്ഛന്റെ ചരമക്രിയ കഴിഞ്ഞുവരുന്ന മകൻ. ഭാര്യയെയും കുട്ടികളെയും നാട്ടിൽ വിട്ട് വിരഹദുഃഖവുമായി വരുന്നവർ. അവധി കഴിഞ്ഞുവരുന്ന പട്ടാളക്കാർ. രാഷ്ട്രീയനേതാക്കൾ, ജോലിയന്വേഷിച്ചെത്തുന്ന ചെറുപ്പക്കാർ.''[5] വ്യക്തിപരമായി തീർത്തും വ്യത്യസ്തമായ അവസ്ഥകളെപ്പേറുന്ന ഇവരെല്ലാംതന്നെ പ്രവാസത്തിന്റെ പീഡകളിലേക്കാണ് വന്നുവീഴുന്നത്. സ്വന്തം വ്യക്തിത്വത്തെയും സ്വത്വത്തെയുംകുറിച്ചുള്ള നിരവധി ചിന്തകളിലേക്കുകൂടിയാണ് അവർ എത്തിച്ചേരുന്നത്. ''താൻ ആരാണ്?'' പുതിയൊരിടത്തെത്തുമ്പോൾ പ്രവാസി തന്നോടുതന്നെയും പുറംലോകം പ്രവാസിയോടും ചോദിക്കുന്ന ചോദ്യമാണിത്.

സ്വകാര്യചിന്തകൾക്കൊപ്പം മഹാനഗരത്തിലെ അപരിചിതത്വവും അരവിന്ദനെ കീഴടക്കുന്നുണ്ട്. ''ആൾക്കൂട്ടത്തിനിടയിൽ അരവിന്ദൻ സംശയിച്ചുനിന്നു. അവൻ നാലുപാടും നോക്കി. പരിചയമുള്ള ഒരു മുഖം പോലുമില്ല. എല്ലാം അപരിചിതമാണ്. കേട്ടിട്ടില്ലാത്ത ശബ്ദങ്ങൾ. അറിഞ്ഞിട്ടില്ലാത്ത ഗന്ധങ്ങൾ. അപരിചിതമായ ആകാശം. അപരിചിതമായ ഭൂമി.''[6] തൊഴിൽ, പ്രശസ്തി ഈ രണ്ടു സ്വപ്നങ്ങളുമായി ദൽഹിയിലേയ്ക്ക് വണ്ടികയറുമ്പോൾ ചുറ്റുമുണ്ടാകുന്ന ഭൗതികപരിതസ്ഥിതികളെക്കുറിച്ച് ചിന്തിക്കുവാൻ അരവിന്ദൻ ശ്രമിച്ചിട്ടില്ല. താൻ കടന്നുചെല്ലുന്ന ലോകം തന്നെ ഇരുകൈയും നീട്ടി സ്വീകരിക്കുമെന്ന മിഥ്യാബോധത്താലാണ് അയാൾ ദൽഹിയിലെത്തുന്നത്. അയാളുടെ ചിന്തയിലെ യാഥാർത്ഥ്യവും ദൽഹി നഗരത്തിന്റെ യാഥാർത്ഥ്യവും തമ്മിലുള്ള ഏറ്റുമുട്ടലാണ് പിന്നീട് സംഭവിക്കുന്നത്.

കാണുന്നതും കേൾക്കുന്നതും ചെയ്യേണ്ടതുമെല്ലാം പ്രതീക്ഷക്കപ്പുറത്തുള്ള കാര്യങ്ങളാണ്. അതിനെ ഉൾക്കൊള്ളാനോ ആ നഗരയാഥാർത്ഥ്യവുമായി പൊരുത്തപ്പെടാനോ അരവിന്ദന് കഴിയാത്തതിന്റെ കാരണവും ഇതുതന്നെയാണ്. സാങ്കല്പികലോകമാണ് അരവിന്ദന് ദൽഹി. തന്നെ ആരും ഉൾക്കൊള്ളുന്നില്ല, മനസ്സിലാക്കുന്നില്ല എന്ന തിരിച്ചറിവിൽ മറ്റെല്ലാത്തിൽനിന്നും ഓടിയൊളിക്കുകയാണയാൾ. എന്നിരുന്നാലും അവ ഉൾക്കൊള്ളാനും അതുമായി താദാത്മ്യം പ്രാപിക്കുവാനുമുള്ള ശ്രമം അയാൾ നടത്തുന്നുണ്ട്.

ഗ്രിമിയെസായ്‌വിനേക്കാൾ വലിയവനല്ല താനെന്നും തനിക്കൊരിക്കലും സായ്‌വാകാൻ കഴിയില്ലയെന്നും അരവിന്ദനറിയാം. ഉയർന്നവനും താഴ്ന്നവനും വെളുത്തവനും കറുത്തവനും എന്ന വിപരീതദ്വന്ദ്വങ്ങളുടെ ഒരു ഏറ്റുമുട്ടൽ ഇവിടെ കാണാം. സായ്‌വ് എല്ലാംകൊണ്ടും ഉയർന്നവനാണെന്നും ഇവയൊന്നുമില്ലാത്ത താൻ താഴ്ന്നവനാണെന്നുമുള്ള ചിന്ത അരവിന്ദന്റെ വാക്കുകളിലുമുണ്ട്. ''വൈ ഡിഡ് യു കം ഹിയർ? എന്തുകൊണ്ട് കൽക്കത്തയിലും ബോംബെയിലും പോയില്ല''[7] എന്ന് സായ്‌വ് അരവിന്ദനോട് ചോദിക്കുന്നുണ്ട്. അതിജീവനത്തിന്റെ മേച്ചിൽപ്പുറങ്ങൾ തേടി പുറപ്പെടുന്നവർ അഭിമുഖീകരിക്കുന്ന ചോദ്യമാണിത്. അക്കാലത്ത് ഏറെ തൊഴിൽസാധ്യത ഉണ്ടായിരുന്നത് കൽക്കത്തയിലും ബോംബെയിലുമായിരുന്നു. സായ്‌വിന്റെ ചോദ്യത്തിന് കൃത്യമായ മറുപടിയൊന്നും നൽകുന്നില്ലെങ്കിലും അരവിന്ദനെസ്സംബന്ധിച്ചിടത്തോളം തന്നിലെ ചിത്രകാരന് നിലനിൽക്കണമെങ്കിൽ, വളരണമെങ്കിൽ ദൽഹിയെപ്പോലെ കലാകാരൻമാർക്ക് പ്രാധാന്യം ലഭിക്കുന്ന ഒരിടത്തെത്തണമെന്ന ചിന്തയാണ് അരവിന്ദന്റെ ദൽഹിയാത്രക്ക് പിന്നിലുള്ളത്. ദൽഹിയിലെ സംസ്കാരത്തേയും ജീവിതരീതിയെയും മനസ്സിലാക്കുവാൻ അരവിന്ദൻ ഒരിക്കലും ശ്രമിക്കുന്നില്ല. ആർക്കും വിധേയപ്പെടാൻ അരവിന്ദൻ ഒരുക്കമല്ല. അരവിന്ദന്റെ സ്വത്വത്തെ രൂപപ്പെടുത്തുന്നത് പ്രധാനമായും രണ്ടു ഘടകങ്ങളാണ്. ഒന്ന് താൻ ജനിച്ചുവളർന്ന നാടും മറ്റൊന്ന് താൻ പ്രവാസി

യായി ചെന്നെത്തിയ; ദൽഹി എന്ന വളർന്നുകൊണ്ടിരിക്കുന്ന നഗരവും. ഓർമ്മകളിലൂടെയും അനുഭവങ്ങളിലൂടെയും നോവലിസ്റ്റ് ഇത് അവതരിപ്പിച്ചിട്ടുണ്ട്.

#### 4.3.1.1 ദ്വന്ദ്വവ്യക്തിത്വം

ഒരു പ്രവാസിയെന്ന നിലയിൽ, ദൽഹിയിലെത്തിച്ചേർന്ന അരവിന്ദൻ അനുഭവിക്കുന്ന ഏറ്റവും വലിയ സംഘർഷം തന്റെ വ്യക്തിത്വത്തെ കാത്തുസൂക്ഷിക്കാനുണ്ടായ പെടാപ്പാടാണ്. ദൽഹി അയാളെ നിരന്തരം പൊരുത്തപ്പെടലുകൾക്ക് വിധേയനാക്കുന്നു. ''തൊഴിലും സർഗാത്മകതയും ആവശ്യപ്പെടുന്നത് രണ്ടു തരം ജീവിതാവസ്ഥകളും സമീപനങ്ങളുമാണെന്ന തിരിച്ചറിവ്, തന്നിൽ രണ്ട് അരവിന്ദൻ ഉണ്ട് എന്ന് ചിന്തിക്കാൻ അയാളെ പ്രേരിപ്പിക്കുന്നു''[8] ഈയൊരു ചിന്തയുടെ വികാസത്തിലൂടെ അരവിന്ദനിലെ ദ്വന്ദ്വവ്യക്തിത്വത്തെ മുകുന്ദൻ ആഖ്യാനം ചെയ്യുന്നു.

വ്യക്തിയും കലാകാരനും ചേർന്ന് സൃഷ്ടിക്കുന്ന വൈരുദ്ധ്യാത്മകമായ ആശയങ്ങളാൽ സംഘർഷഭരിതമാണ് അരവിന്ദന്റെ ജീവിതം. സഹോദരന്റെ സുഹൃത്തായ കരുണൻ വഴി ഗ്രിമിയെസായ്‌വിന്റെ ഓഫീസിൽ ജോലികിട്ടിയെങ്കിലും പിന്നിടുള്ള അയാളുടെ പ്രശ്നങ്ങൾക്ക് കാരണം അയാളിലെ ദ്വിമുഖവ്യക്തിത്വമാണ്. നോവലിൽ അരവിന്ദൻ എന്ന കഥാപാത്രത്തിന്റെ ആത്മഗതം ഇത് വ്യക്തമാക്കുന്നുണ്ട്. ''ഒന്ന് മറ്റുള്ളവരുടെ അരവിന്ദൻ രണ്ടാമത്തേത് തന്റേതായ അരവിന്ദൻ. താൻ ഒരേ സമയം രണ്ട് ജീവിതമാണ് നയിക്കുന്നത്. ഒന്ന് മറ്റുള്ളവർക്ക് വേണ്ടി മറ്റേത് തനിക്ക് വേണ്ടി. [9]എന്തും തനിക്ക് വേണ്ടി ചെയ്യുന്ന സന്ദർഭങ്ങളിലും ഒന്ന് മറ്റൊന്നിന്റെ നിഴലായി കൊണ്ടുനടക്കുകയാണയാൾ. ഈ രണ്ട് അരവിന്ദൻമാരുടെ സംഘർഷാത്മകമായ നിലപാടാണ് ദ്വന്ദ്വഭാവങ്ങളിലേക്ക് നയിക്കുന്നതും ദുരന്തകഥാപാത്രമായി അയാളെ മാറ്റുന്നതും. തന്റെതന്നെ വ്യക്തിത്വം എന്താണെന്ന് അന്വേഷിക്കുന്ന, കണ്ടെത്താൻ ശ്രമിക്കുന്ന പ്രവാസിയുടെ പ്രതീകമായി അരവിന്ദൻ മാറുന്നു. തൊഴിൽതേടി അന്യദേശങ്ങളിലെത്തുന്ന ഭൂരി

പക്ഷംപേരും കുടുംബത്തിനുവേണ്ടിയാണ് അധ്വാനിച്ച് പണം സമ്പാദിക്കുന്നത്. അവിടെ സ്വന്തം ജീവിതമെന്നത് പലർക്കും അന്യമാകുന്ന സാഹചര്യമാണ് നില നിൽക്കുന്നത്.

ഒരു കലാകാരന് വ്യക്തിജീവിതവും കലാജീവിതവുമുണ്ട്. പൊരുത്തപ്പെട്ട് പോവാൻ വിസമ്മതിക്കുന്ന ഈ ജീവിതങ്ങൾക്കിടയിൽ തോറ്റുപോകുന്നത് അ വൻതന്നെയാണ്. മറ്റുള്ളവർക്കുവേണ്ടി ജീവിതം ജീവിച്ച് തീർക്കുമ്പോൾ അവനി ലെ കലാകാരൻ മരിച്ചുതീരുന്നു. സർഗ്ഗസൃഷ്ടിക്കുവേണ്ടിയുള്ള ഒടുങ്ങാത്ത ദാഹ ത്തിനുമുന്നിൽ പ്രതിബന്ധമാകുന്ന എന്തിനെയും വലിച്ചെറിഞ്ഞ് തന്നോടുതന്നെ പടപൊരുതിയാലും ഒരിക്കലും അംഗീകരിക്കപ്പെടാതെ പോകുന്ന കലാകാരൻ ക ലാജീവിതത്തിലും പരാജിതനാകുന്നു. സാമ്പത്തികപ്രതിസന്ധികളിൽ ഉഴലു മ്പോൾ അരവിന്ദനും പൊരുത്തപ്പെടാൻ ശ്രമിക്കുന്നുണ്ട്. ‘‘നാലോ അഞ്ചോ ചിത്ര ങ്ങൾ വരയ്ക്കണം. കുറച്ചു പണം കിട്ടിയെങ്കിൽ മുറിയുടെ വാടകയെങ്കിലും കൊ ടുക്കാം. ഒരു നേരമെങ്കിലും ചോറുണ്ണാം. കലണ്ടർ കമ്പനിക്കാർക്കു വേണ്ടത് സർ റിയലിസമോ ക്യൂബിസമോ പോപ്പ് ആർട്ടോ അല്ല.’’[10] ചിത്രകാരനായി അറിയപ്പെ ടാൻ ആഗ്രഹിക്കുന്ന അരവിന്ദനിൽ ദ്വന്ദ്വവ്യക്തിത്വം കാണാവുന്നതാണ്. മൃഗവും കൊമ്പുമുള്ള സുന്ദരിയും ഏഴാം സിംഫണിയും വരച്ച അരവിന്ദൻ മറ്റൊരാളാണ്. തന്നിലെ കലാകാരന്റെ ആശയങ്ങൾക്ക് മൂർത്തത കൈവരിക്കുന്നത് ഈ ചിത്രങ്ങ ളുടെ ആവിഷ്കാരത്തിലൂടെയാണ്. അതേസമയം അന്നത്തിന് വകയില്ലാതായ പ്പോൾ പണം ഉണ്ടാക്കാനായി സീതാരാമൻമാരുടെ ചിത്രം വരച്ച അരവിന്ദൻ മറ്റൊ രാളാണ്. സാഹചര്യങ്ങൾക്ക് പ്രേരിതനാകുന്ന ഒരു കലാകാരനായി ഇയാൾ മാറു കയാണ്.

ഉത്തരവാദിത്തങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറുന്ന അരവിന്ദനെയാണ് കലാകാര നായ അരവിന്ദൻ സംഭാവനചെയ്യുന്നത്. സാധാരണക്കാരനായി ദൽഹിയിലെ ത്തിയ അരവിന്ദൻ എന്തുതൊഴിലും ആത്മാർത്ഥമായി ചെയ്യുമെന്ന് ഉറച്ച് വിശ്വസി

ക്കുന്നവനാണ്. അച്ഛൻ, അമ്മ, പെങ്ങൾ എന്നിവർക്കുവേണ്ടി എന്തെല്ലാമോ ചെയ്യുവാൻ അവസരം കിട്ടും എന്ന് കരുതി ജോലിചെയ്യുന്ന കഥാപാത്രമായി അരവിന്ദനിവിടെ മാറുന്നുണ്ട്. പണിയെടുത്താൽ മാത്രമേ ജീവിക്കാനാവൂ എന്ന ഭൗതിക യാഥാർത്ഥ്യം അരവിന്ദന്റെ ബോധത്തിൽ സദാ ഉണർന്നിരിപ്പുണ്ട്. കിട്ടിയ തൊഴിലിനെ വീട്ടുകാർക്കുവേണ്ടി മാത്രം സ്വീകരിക്കുന്ന അരവിന്ദനെയും ഈ നോവലിൽ കാണാം. “എന്തായിരിക്കും തന്റെ പണി? എന്തു തന്നെയായാലും ആത്മാർത്ഥതയോടേ താൻ ജോലി ചെയ്യും. വേണമെങ്കിൽ ഊണും ഉറക്കവും ഉപേക്ഷിച്ച് ചെയ്യും. ഗ്രിമിയേസായ്‌വിനെയോ അറുമുഖത്തെയോ തൃപ്തിപ്പെടുത്താനല്ല. മുന്നൂറ്റമ്പതുറുപ്പികക്കുവേണ്ടിയല്ല. ജീവിക്കാൻ വേണ്ടിയല്ല. അച്ഛനുവേണ്ടി, അമ്മക്കുവേണ്ടി, രാധക്കുവേണ്ടി."[11] ഇവിടെ അരവിന്ദനെന്ന വ്യക്തിയെ, അയാളുടെ പ്രവൃത്തികളെ, ആഗ്രഹങ്ങളെ നിയന്ത്രിക്കുന്നതും നിലനിർത്തുന്നതും നാടും കുടുംബവുമാണ്. എന്നാൽ അരവിന്ദനിലെ ദ്വന്ദ്വവ്യക്തിത്വം കിട്ടിയ ജോലി ഉപേക്ഷിക്കാൻ കാരണമാകുന്നു. ഇവിടെ തനിക്ക് വളരണം വർണ്ണങ്ങളുടെ ഉന്നതിയിലെത്തണം എന്ന ചിന്തയാണ് ജോലി ഉപേക്ഷിക്കാൻ അരവിന്ദൻ തയ്യാറായതിന് പിന്നിലെ ചേതോവികാരം. താൻ ഒരേസമയം രണ്ടുജീവിതങ്ങൾ നയിക്കുന്നു. ഒന്ന് മറ്റുള്ളവർക്കുവേണ്ടി, മറ്റൊന്ന് തനിക്ക് വേണ്ടി. വെളിയിലുള്ള അരവിന്ദൻ ബാഹ്യമായി പണിയെടുക്കാൻ പായുമ്പോൾ ചിത്രകാരനായ അരവിന്ദൻ വരകളുടെ ലോകത്തേക്ക് ചേക്കേറുകയാണ് ചെയ്യുന്നത്. ചിത്രകാരനായ അരവിന്ദനിലാണ് അദ്ദേഹത്തിന്റെ അസ്തിത്വത്തെ ബലപ്പെടുത്താൻ നോവലിസ്റ്റ് ശ്രമിക്കുന്നത്.

രതിയിലും ദ്വിവ്യക്തിത്വം കാണുന്നു. പെണ്ണിന്റെ സാമീപ്യം എന്ന് പറയുന്നത് അരവിന്ദന് ബാഹ്യപ്രേരണക്ക് മാത്രമുള്ളതാണ്. മൂകമായ രതിയാണ് അയാളിൽ കാണുന്നത്. മനസ്സ് ഉള്ളിൽ അമിതമായി കാംക്ഷിക്കുമ്പോഴും പ്രകടനത്തിൽ അത് യാഥാർത്ഥ്യമാകുന്നത് മൂകമായ അവസ്ഥയിലാണ്. നിശബ്ദതയിലാണ്. ഒരു ഭാവത്തിൽനിന്ന് മറ്റൊരു ഭാവത്തിലേക്കുള്ള സഞ്ചാരമാണ് അരവിന്ദ

ന്റെ കഥ. മോഹങ്ങളുടെ ദ്വന്ദ്വങ്ങളെ യാത്ര ചെയ്യിപ്പിക്കുകയാണ് അരവിന്ദൻ ചെയ്യുന്നത്. തൊഴിൽതേടിപ്പോവുക എന്ന പ്രശ്നം ഉള്ളിലുള്ളപ്പോഴും ആന്തരികമായി ഉള്ളിലുള്ള കലാകാരനെ വളർത്തുകയായിരുന്നു ലക്ഷ്യം.

#### 4.3.1.2 മാനസികസംഘർഷം

അരവിന്ദന്റെ മനസ്സിലെപ്പോഴുമൊരു സംഘർഷം നടക്കുന്നുണ്ട്. അതിലൊന്ന് സാധാരണ വ്യക്തിജീവിതത്തിലെ പ്രശ്നങ്ങളും കുടുംബത്തോടുള്ള കടപ്പാടുമാണ്. എന്നാൽ അതിനെയൊക്കെ കീഴ്പ്പെടുത്തികൊണ്ട് താൻ ആരായിമാറണമെന്നുള്ള കലാകാരന്റെ പ്രതിഭ ഇയാൾ ചെയ്യുന്ന ഓരോ പ്രവൃത്തിയെയും സ്വതന്ത്രമായി ധിക്കരിച്ച് മുന്നേറാനുള്ള ഒരു മുന്നൊരുക്കത്തിന്റെ സംഘർഷഭൂമികയാണ്. ഇതുരണ്ടും തമ്മിലുള്ള ആന്തരികസംഘട്ടനമാണ് അരവിന്ദനെ നയിച്ചുകൊണ്ടിരിക്കുന്നത്. അതിൽ അയാളുടെ സ്വേച്ഛയാണ് ജയിക്കുന്നത്. ഉത്തരവാദിത്തങ്ങളിൽനിന്ന് വിട്ടുമാറി തന്റെ ചുറ്റുപാടുകളെ മറന്നുകൊണ്ട് സ്വേച്ഛക്ക് വിധേയനായി പ്രവർത്തിച്ചതുകൊണ്ടാണ് അയാൾക്ക് ജീവിതപരാജയം ഉണ്ടായത്. അല്ലെങ്കിൽ ജീവിതത്തിൽനിന്ന് ഒളിച്ചോടേണ്ടിവന്നത്. അതിന്റെ തുടർച്ചയായി തൊഴിലും മറ്റും അയാൾക്ക് നഷ്ടമാവുന്നു. അരവിന്ദൻ സ്വന്തം ലോകത്തിൽ ഒറ്റപ്പെടുന്ന, കുത്തഴിഞ്ഞ, നിയന്ത്രണങ്ങൾ നഷ്ടപ്പെട്ട ഒരു പട്ടം പോലെ എവിടെയും അസ്തിത്വം ഇല്ലാതെ അലഞ്ഞുനടക്കുന്ന മനുഷ്യന്റെ പ്രതീകമായി മാറുന്നു.

നാട്ടിൽനിന്ന് പോകുമ്പോൾ അരവിന്ദനൊരു ലക്ഷ്യബോധമുണ്ടായിരുന്നു. എന്നാൽ നഗരത്തിലെത്തി അതിനനുസൃതമായി അയാളുടെ ഉള്ളിലെ മൂല്യങ്ങൾ നശിക്കുന്നു. അരവിന്ദന്റെ പെരുമാറ്റത്തിൽ, കാഴ്ചപ്പാടിൽ, സമീപനത്തിൽ വന്ന മാറ്റമാണ് അയാളുടെ അസ്തിത്വം ഇല്ലാതാക്കിയത്. ഒരു പക്ഷെ അയാൾ തന്റെ കുടുംബത്തെ സംരക്ഷിച്ച് വിവാഹിതനായി ഒരു കുടുംബസ്ഥനായി ജീവിച്ചിരുന്നെങ്കിൽ ഏതെങ്കിലും കാലത്ത് അയാൾക്ക് മുന്നേറാനുള്ള ഒരവസരം കിട്ടുമായിരുന്നു. തന്റെ ആഗ്രഹം അരവിന്ദൻ ഒക്കുവയോട് പങ്ക് വെയ്ക്കുന്നുണ്ട്. ''റോസി

ലിൻ തിരിച്ചുവരുമ്പോൾ ഒക്കുവെ അവളെ വിവാഹം ചെയ്യും. ഒരു ചെറിയ ഫ്ളാറ്റിൽ അവർ ഒരുമിച്ച് ജീവിക്കും. ഒന്നോ രണ്ടോ കുട്ടികളുണ്ടാകും. കുറെ കഴിഞ്ഞാൽ കാർ വാങ്ങും. റോസിലിൻ പിന്നെയും പെറും. അങ്ങനെ അവർ ജീവിതം നയിക്കും. അതെ ഇതൊക്കെ എനിക്കുണ്ടായിരുന്നുവെങ്കിൽ ഞാനും ഭാഗ്യവാനായിരുന്നേനെ. എനിക്ക് റോസിലിനില്ല. ഉദ്യോഗമില്ല, ഫ്ളാറ്റില്ല, കാറില്ല, കുഞ്ഞുങ്ങളില്ല. റോസിലിനും ഉദ്യോഗവും ഫ്ളാറ്റും കുഞ്ഞുങ്ങളും കാറുമൊക്കെ ഉണ്ടായിരുന്നുവെങ്കിൽ താൻ പെയിന്റു ചെയ്യില്ലായിരുന്നുവെന്ന് ഇപ്പോൾ തോന്നുന്നു."[12] ലക്ഷ്യങ്ങൾ നഷ്ടപ്പെട്ട് നിരാശ ബാധിക്കുന്ന മനുഷ്യരുടെ മാനസികതലത്തിലേക്കാണ് അരവിന്ദനും ചെന്നെത്തുന്നത്. അതായത് ഒരു ഗൃഹസ്തനാകാനും ജീവിതത്തെ വാരിപ്പുണരാനും ആഗ്രഹിക്കുന്ന അതേ സമയം തന്നെ ജീവിതത്തിന്റെ ഭാരം പേറാനിഷ്ടപ്പെടാതെ അലസമായി ചുറ്റിത്തിരിയാൻ വിധിക്കപ്പെടുന്ന ഒരു നാഗരികന്റെ ദൈന്യമാണ് അരവിന്ദൻ.

കുത്തഴിഞ്ഞ സമീപനവും അസംതൃപ്തമായ ജീവിതസാഹചര്യങ്ങളും അരവിന്ദനെ തികഞ്ഞനാസ്തികനാക്കിമാറ്റുന്നു. ഒരു വ്യക്തിയുടെ അസ്തിത്വം സ്വയം സൃഷ്ടിച്ചെടുക്കുന്നതാണ്. വൻനഗരങ്ങളിലെത്തുമ്പോൾ സാഹചര്യങ്ങൾക്ക് വിധേയമായി തെരഞ്ഞെടുക്കാനുള്ള ഒരു കഴിവ് ഓരോ പ്രവാസിക്കും ഉണ്ടായിരിക്കണം. ലക്ഷ്യബോധത്തിലെ പരാജയമാണ് അരവിന്ദനെ അധഃപതനത്തിലെത്തിച്ചത്. നഗരവത്കരണം എപ്പോഴും മേൽത്തട്ട് വർഗ്ഗത്തിന്റെ എസ്റ്റാബ്ലിഷ്മെന്റെ ആണ്. അവിടെ കുതിച്ചെത്തുന്നതിന് സമ്പത്താണ് മുഖ്യഘടകമായിരിക്കുന്നത്. അത് അരവിന്ദൻ മനസ്സിലാക്കുന്നില്ല. ഒരുപക്ഷെ മനസ്സിലാക്കിയപ്പോഴേയ്ക്കും എല്ലാം കൈവിട്ടു പോയിരുന്നു.

#### 4.3.1.3 രതിബന്ധങ്ങൾ

വേറിട്ടൊരു സ്വത്വം പേറുന്ന അരവിന്ദൻ തന്റെ ജീവതശൈലിപോലെതന്നെ രതിബന്ധങ്ങളിലും വൈവിധ്യം പുലർത്തുന്നുണ്ട്. ശരീരങ്ങളിൽ നിന്ന് തുടങ്ങു

കയും ശരീരത്തിന്റെ ചുറ്റുവട്ടങ്ങളിൽ മാത്രം അവസാനിക്കുകയും ചെയ്യുന്ന പടി ഞ്ഞാറൻ രതി സങ്കൽപ്പമല്ലായിരുന്നു അരവിന്ദന്റേത്. മനസ്സിന്റെ ആദ്യത്തെ ഭാവ മാണ് കാമം. ശൂന്യതയും ഉൺമയും തമ്മിലുള്ള ബന്ധത്തിന്റെ സത്തയാണ് രതി യെന്നർത്ഥം. കാമം രതിയാണ്; ശൃംഗാരമാണ്. ''കാമമെന്നാൽ മനുഷ്യന്റെ വൈകാരിക സത്തയാണ്. അവന്റെ വികാരങ്ങളും ആഗ്രഹവും തന്നെ. ഒരാൾക്ക് തന്റെ വൈകാരിക ജീവിതം നിഷേധിക്കപ്പെട്ടാൽ അയാൾ പിന്നെ എല്ലാം അടിച്ച മർത്തി അന്തർമുഖനായി ധാർമ്മിക പീഡനത്തിനിരയായിത്തീരും''.[13] മൂകമായ രതിയാണ് അരവിന്ദന്റെ രതി. അതുപെണ്ണിന്റെ സാമീപ്യത്തിലും ബാഹ്യപ്രേരണ കൾക്ക് മാത്രം വിധേയമാകുന്നതാണ്. അതായത്, മനസ്സ് അധികമായി കാംക്ഷി ക്കുമ്പോഴും ശരീരം നിസ്സംഗമാണ്. ഒരുഭാവത്തിൽ നിന്ന് മറ്റൊരു ഭാവത്തിലേ ക്കുള്ള സഞ്ചാരത്തിനിടയിൽ മോഹങ്ങളെ യാത്രചെയ്യിക്കുകയാണ് അരവിന്ദൻ. ശാലിനി, മഞ്ചു, ജാനു തുടങ്ങിയ സ്ത്രീകളുമായുള്ള ബന്ധത്തിൽ നാം മനസ്സിലാ ക്കുന്ന അരവിന്ദനെ ഇവിടെ ഓർമ്മിക്കാവുന്നതാണ്.[14] യൗവനകാലത്തും നാട്ടില യാൾക്ക് സ്ത്രൈണബന്ധങ്ങളുണ്ടായിരുന്നു. അതൊന്നും ശാരീരിക തൃഷ്ണ യുടെ പൂർത്തീകരണമായിരുന്നില്ല. അനൽപ്പമായ വൈകാരിക ആവിഷ്ക്കാരമായി ട്ടാണ് അരവിന്ദന്റെ പരസ്ത്രീ ബന്ധങ്ങളെ ദർശിക്കേണ്ടത്. ജാനുവുമായി പുലർത്തിപ്പോന്ന നിഗൂഢ ബന്ധത്തിന്റെ കാലത്തും യൗവനകാലത്തനുഭവിക്കുന്ന സ്ത്രീസാന്നിധ്യത്തിലും വികാരവിക്ഷോഭിതനായ ഒരു യുവാവിന്റെ പ്രകടനങ്ങൾ അരവിന്ദനിലില്ല.

വികാരവിക്ഷോഭങ്ങളേക്കാൾ കലാകാരനിലുണരുന്ന സവിശേഷഭാവതല മായി ലൈംഗികബന്ധങ്ങൾ അയാളിൽ പരിണമിക്കുന്നു. മഞ്ജുവെന്ന കോൾഗേ ളുമായുള്ള ബന്ധത്തിലും ഇത് ആവർത്തിക്കുന്നു. ''മഞ്ഞ വിരിയിട്ട മെത്തയിൽ അവൾ കിടന്നു. അവൻ തലയിലെ ഹെയർപിന്നുകൾ ഓരോന്നായി ഊരിയെ ടുത്തു. തലമുടി ശിരസ്സിനുചുറ്റും വിടർത്തിയിട്ടു. മഞ്ഞവിരിയിൽ ചിതറിപ്പരന്നു കി

ടക്കുന്ന കറുത്ത തലമുടി.''[15] ഒരു നല്ല പെയിന്റിംഗിനുള്ള പ്ലോട്ടായാണ് ഈയൊരു സാഹചര്യത്തെക്കുറിച്ച് അയാൾ ചിന്തിക്കുന്നത്. രതിസംതൃപ്തി ആഗ്രഹിക്കുന്ന മനുഷ്യനേക്കാൾ ചിത്രകാരന്റെ മാനസികതലമാണ് അയാളിൽ നിരന്തരം പ്രവർത്തിക്കുന്നത്.

പ്രവാസം ആഭ്യന്തരമായാലും ബാഹ്യമായാലും പ്രവാസി കുടുംബബന്ധങ്ങ ളിൽ നിന്നും ഒറ്റപ്പെടുന്നുണ്ട്. പരദേശ ജീവിത സാഹചര്യങ്ങളിൽ സ്വന്തം വൈകാ രികതകളെ നിഗൂഢമാക്കുന്നു. തനിക്ക് ലഭ്യമായ സന്ദർഭങ്ങളിൽ അത്തരം വികാര ങ്ങൾ പ്രകടീകൃതമാകുന്നത് സ്വാഭാവികം മാത്രം. എന്നാൽ വിദേശപ്രവാസത്തിൽ നിയമത്തിന്റെയും സാമൂഹിക സന്മാർഗത്തിന്റെയും പ്രശ്നങ്ങൾ പ്രവാസിയെ പല അർത്ഥത്തിലും പ്രതിരോധിക്കുന്നുണ്ട്. ആഭ്യന്തരപ്രവാസിക്ക് അത്തരം വിലക്കുക ളില്ല. അഭിമുഖീകരിക്കുന്ന സാഹചര്യങ്ങളാണ് അയാളിലെ വ്യക്തി വികാരങ്ങളെ നിയന്ത്രിക്കുന്നത്. അത്തരം സന്ദർഭങ്ങളുടെ പശ്ചാത്തലത്തിൽ ഏറെ പ്രത്യേകത യുള്ള കഥാപാത്രങ്ങളെയാണ് നോവലിസ്റ്റ് വായനക്കാർക്ക് പരിചയപ്പെടുത്തുന്ന ത്.

#### 4.3.1.4 അസ്തിത്വം

ആധുനികമലയാളനോവലുകളിൽ അസ്തിത്വപ്രതിസന്ധിയുടെ നിദർശന മാണ് ദൽഹി. ''അസ്തിത്വചിന്തയുടെ സ്വാധീനതരംഗം ദൽഹിയിലുണ്ട്. എന്നാൽ ആ ദർശനം ആ നോവലിന്റെ കലാനുഭൂതിയുടെ മേൽ ഒരു ഭാരച്ചരക്കായി വീഴു ന്നില്ല. എക്സിസ്റ്റൻഷലിസം ഒരു ചിന്താപദ്ധതി എന്ന നിലയിലല്ല, ഒരു ജീവിതപ രിസ്ഥിതി എന്ന നിലയിലാണ് *ദൽഹി*യിൽ പ്രത്യക്ഷപ്പെടുന്നത്. *ദൽഹി* മനുഷ്യ നെയും അവന്റെ വികാരങ്ങളെയും സാമാന്യവത്കരിച്ച് അവതരിപ്പിക്കുന്നില്ല. വ്യ ക്തിയുടെ പ്രശ്നങ്ങളെ ബലാൽ പിടിച്ചെടുത്തവതരിപ്പിക്കുന്നു. അങ്ങനെ ദൽഹി നിലനിൽപ്പിന്റെ ലഘൂകരിക്കാനാവാത്ത വിശിഷ്ടവ്യസനത്തെ ഗ്രസിച്ചവതരിപ്പി

ക്കുന്ന നോവലായിത്തീർന്നു''[16] എന്ന കെ. പി അപ്പന്റെ അഭിപ്രായം ഇവിടെ ചേർത്തുവായിക്കേണ്ടതുണ്ട്.

അരവിന്ദൻ ആരാകണം, എന്താകണം, എങ്ങനെയാകണം എന്ന് തീരുമാനി ക്കുന്നത് അയാൾതന്നെ നടത്തുന്ന തിരഞ്ഞെടുപ്പുകളും തീരുമാനങ്ങളുമാണ്. സ ത്താരഹിതനായി മനുഷ്യൻ അസ്തിത്വം നേടുകയും പിന്നീട് സത്ത സ്വയം രൂപ പ്പെടുത്തുകയും ചെയ്യുന്നു എന്ന സാത്രിന്റെ[17] ദർശനം മുകുന്ദൻ അതേപടി സ്വീക രിക്കുകയാണിവിടെ. ഗ്രിമിയെസായിവിന്റെ കീഴിലെ ഉദ്യോഗം അരവിന്ദനിലെ വ്യ ക്തിയെ അവന്റെ സ്വാതന്ത്ര്യത്തെ അസ്തിത്വത്തെ തന്നെ നിഷേധിക്കുന്നു. തന്റെ അസ്തിത്വം ചിത്രകലയിൽ കണ്ടെത്തിയ അരവിന്ദൻ നിഷേധത്തിന്റെ കലാപ ക്കൊടി പാറിച്ചുകൊണ്ട് ആ ജോലി ഉപേക്ഷിക്കുന്നു. സമൂഹത്തിന്റെ അരുതെന്ന വിലക്കുകളൊക്കെ അരവിന്ദൻ തകർത്തെറിഞ്ഞു. ചിത്രകാരനെന്ന നിലയിൽ ത ന്റെ സ്വത്വം സ്ഥാപിക്കുകയാണ് അയാളുടെ ലക്ഷ്യം. തന്റെ വഴി എത്ര ദുർഘടമാ യാലും അതിന്റെ ഉത്തരവാദിത്തവും പരാജയവും ഏറ്റുവാങ്ങിക്കൊണ്ട് ആൾത്തി രക്കിൽ ഒറ്റയാനായി നിൽക്കുന്നു.

എല്ലാകാലത്തും അസ്തിത്വപ്രതിസന്ധി നേരിട്ട കഥാപാത്രമാണ് അരവി ന്ദൻ. പഠിക്കുന്നകാലത്ത് വിദ്യാർത്ഥി ഫെഡറേഷൻ പ്രതിഷേധത്തിന്റെ ഭാഗമായി ഉണ്ടായ സംഘട്ടനത്തെ തുടർന്ന് കോളേജിൽ നിന്ന് പുറത്താക്കി. തുടർന്ന് വീട്ടിലെ ദരിദ്രമായ ജീവിതചുറ്റുപാടും ജീവിതഭാരം ചുമക്കാൻ കഴിയാത്ത വീട്ടിലെ ദൈന്യവും കൺമുൻപിൽകണ്ടിട്ടും ഒന്നും സംഭവിക്കാത്തതു പോലെ അലഞ്ഞുതിരിഞ്ഞു. പിന്നീട് ഏറെ പ്രതീക്ഷകളും മോഹങ്ങളും പേറി തൊഴിൽ തേടി ദൽഹിയിലെത്തി. അവിടെ അച്ഛന്റെ സുഹൃത്തായ കുഞ്ഞിരാമൻ നായരുടെ ഹോട്ടലിൽ നിന്ന് രക്ഷപ്പെട്ട് തുടർത്താവളങ്ങൾ തേടുകയാണ് അരവിന്ദൻ. ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് വഴുതിമാറുന്ന പ്രകൃതക്കാരനായ ഇയാൾക്ക് കൃത്യമായ നിലപാടില്ലാത്തതും കൂടിയാണ് ജീവിതം സമ്പൂർണ്ണ പരാജയത്തിലെത്തിക്കുന്നു.

#### 4.3.1.5 അന്യവത്കരണം

ആധുനികമനുഷ്യൻ നേരിടുന്ന സ്വത്വപ്രതിസന്ധിയുടെ മുഖ്യകാരണങ്ങളിലൊന്നാണ് അന്യവത്കരണം. ജീവിതത്തിന്റെയും സമൂഹത്തിന്റെയും പൊതുധാരയിൽനിന്ന് തനിക്ക് ബന്ധവിച്ഛേദം സംഭവിച്ചിരിക്കുന്നുവെന്ന ബോധം വ്യക്തിയിൽ അങ്കുരിപ്പിക്കുന്ന അവസ്ഥയാണിത്. സാമൂഹ്യശാസ്ത്രപരമായ കാഴ്ചപ്പാടിൽ നോക്കുമ്പോൾ അന്യവൽക്കരണം ഏകാന്തതയാണ്. സമൂഹത്തിൽ നിന്നുള്ള ഒറ്റപ്പെടലാണ്. എന്നാൽ അസ്തിത്വചിന്തയിൽ അന്യവൽകരണം തന്നിൽ നിന്ന് തന്നെയുള്ള പരിഞ്ഞ് നിൽക്കലാണ്.[18] യുദ്ധം, നഗരവത്കരണം, യന്ത്രസംസ്കാരത്തിന്റെ വളർച്ച, മാനുഷികമൂല്യങ്ങളുടെ തകർച്ച തുടങ്ങിയ സാമൂഹികപ്രശ്നങ്ങളാണ് വ്യക്തിയെ ജീവിതത്തിൽനിന്ന് അകറ്റിനിർത്തുന്നത്. അവനവനിൽ നിന്നുതന്നെയുള്ള ബന്ധവിച്ഛേദം വഴി സമൂഹം ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങളും ആചാരങ്ങളും അന്യവത്ക്കരിക്കപ്പെട്ടന് ജീവിതം നിരർത്ഥകമായി തോന്നുന്നു. അങ്ങനെ അയാൾ ഏകാകിയും നിരാശനുമാകുന്നു അന്യതാബോധത്തിന്റെ ഫലമായി വ്യക്തി ഒരുതരം ശൂന്യതാബോധത്തിനടിപ്പെടുന്നു. നിരർത്ഥകതാബോധവും നിസ്സഹായതാബോധവും അന്യവത്കരണത്തിന്റെ പ്രധാനവശങ്ങളാണ്. നിരർത്ഥകതാബോധം മൂല്യങ്ങളിൽനിന്നും നിസ്സഹായതാബോധം കർമ്മങ്ങളിൽനിന്നും വ്യക്തിയെ ഒറ്റപ്പെടുത്തുന്നു.

നഗരജീവിതം പല പരിചയക്കാരെയും സുഹൃത്തുക്കളെയും അരവിന്ദന് നൽകുന്നുണ്ടെങ്കിലും സാവധാനം എല്ലാറ്റിൽ നിന്നും അയാൾ അന്യനാകുന്ന കാഴ്ചയാണ് കാണുന്നത്. ഈ അവസ്ഥകളിലെല്ലാം അരവിന്ദന്റെ അബോധമനസ്സ് എത്തിച്ചേരുന്നത് അർത്ഥരഹിതമായ ചിന്തകളിലായിരുന്നു. ചിത്രകാരനാകാൻ കഴിയാത്തതിലുള്ള നിരാശയാണ് ശൂന്യതാബോധത്തിന്റെ ഉടമയാക്കി അരവിന്ദനെ മാറ്റുന്നത്. ജന്മം തന്ന മാതാപിതാക്കളിൽനിന്നും കൂടപ്പിറപ്പായ സഹോദരിയിൽനിന്നും അരവിന്ദൻ ആദ്യം അകലുന്നു. ദൽഹിയിൽ ജോലി ശരിയാക്കിക്കൊ

ടുത്ത സഹോദരസമാനമായ കരുതലോടെ സംരക്ഷിച്ചുപോന്ന കരുണ നിൽനിന്നും; സുഹൃത്തുക്കളിൽനിന്നും അയാൾ അകന്നുപോയി. അവസാനം സ്വ ന്തം സ്വത്വത്തിന്റെ മൂർത്തിമത്ഭാവമായി കണ്ടിരുന്ന ചിത്രകലയിൽനിന്നുപോലും അയാൾ അന്യനായി. ഇപ്രകാരം മറ്റുള്ളവരിൽനിന്നും തന്നിൽനിന്നുപോലും അ ന്യനാകുന്ന കഥാപാത്രമായി അരവിന്ദൻ മാറുന്നു. "നിരത്തിലൂടെ വാഹനങ്ങൾ ഒ ഴുകിയിരുന്നു. കുതിര വണ്ടികൾ നിരങ്ങിയിരുന്നു. ജനം പ്രവഹിച്ചിരുന്നു. എ ങ്കിലും നിരത്ത് ശൂന്യവും വിജനവുമായിരുന്നു. നഗരം ശൂന്യവും വിജനവുമാണ്. ലോകം ശൂന്യവും വിജനവുമാണ്. ഭവാനന്ദും ശാലിനിയും പോയി. റൊസേറിയോ പോയി. ഈവ്‌ലിൻ പോയി. ഒക്കുവെ പോയി. താൻ മാത്രം അവശേഷിക്കുന്നു."[19] ഇപ്രകാരം ശബ്ദമുഖരിതമായ ദൽഹിനഗരത്തിൽ തിരസ്കരിക്കപ്പെടുന്ന വ്യക്തി ത്വത്തിനുടമയാകുന്നു അയാൾ.

#### 4.3.1.6 തൊഴിലിടം അന്യമാകുമ്പോൾ

ഇൻഫർമേഷൻസെന്ററിലെ ജോലി ആദ്യകാലങ്ങളിൽ സന്തോഷകരമായി രുന്നെങ്കിലും ക്രമത്തിൽ അവിടെ താൻ ഒറ്റപ്പെടുകയാണെന്ന് അരവിന്ദൻ തിരിച്ചറി യുന്നുണ്ട്. നിലനിൽപിന് ജോലി അവശ്യമായിരുന്നെങ്കിലും തന്റെയുള്ളിലെ ചിത്ര കാരനെന്ന അസ്തിത്വത്തെ തൃപ്തിപ്പെടുത്താൻ സാധിക്കുന്നില്ല എന്നിടത്ത് അയാ ളുടെ വ്യക്തിത്വം പ്രതിസന്ധി നേരിടുന്നു. ലൈബ്രറിയിലെ കാർഡുകൾ ക്രമപ്പെടു ത്തുക, മുറി വൃത്തിയാക്കുക, ടൈപ്പിസ്റ്റിന്റെയും പ്യൂണിന്റെയും കൃത്യം നിർവഹി ക്കുക എന്നിങ്ങനെ നിരവധി ജോലികളിൽ അയാൾ നിയുക്തനാക്കപ്പെടുന്നുണ്ട്. അർഹമായ പ്രതിഫലം ഇല്ലെങ്കിലും ആപ്പീസിൽ ഏറ്റവും കൂടുതൽ ജോലി ചെയ്യു ന്നത് താനാണെന്ന് അയാൾ മനസ്സിലാക്കുന്നുണ്ട്. അരവിന്ദനൊരു ചിത്രകാരനാ ണെന്ന് ബോധ്യമുള്ള ഗ്രിമിയെസായ്‌വ് മദ്യപാനവേളയിൽ അയാളോട് പെയിന്റി ങ്ങിനെക്കുറിച്ച് വാചാലനാകാറുണ്ടെങ്കിലും മറ്റുസമയങ്ങളിൽ അതേക്കുറിച്ച് അജ്ഞനാണെന്നപോലെ പെരുമാറി. നിറങ്ങൾ കൈകാര്യം ചെയ്യാനറിയാത്ത,

പെയിന്റിങ്ങ് എന്തെന്നറിയാത്ത കിറ്റി ദിംഗ്രേയുടെ ചിത്രപ്രദർശനത്തിനുവേണ്ടി പ്പോലും അരവിന്ദന് കഠിനാധ്വാനം ചെയ്യേണ്ടിവരുന്നു. കിറ്റി ദിംഗ്രേയുടെ ചിത്രപ്ര ദർശനത്തിന് വേണ്ടി പോസ്റ്ററുണ്ടാക്കുക, ചിത്രങ്ങൾ ചുമന്നുകൊണ്ടുവന്ന് യഥാ സ്ഥാനങ്ങളിൽ ഉറപ്പിക്കുക, പ്രദർശനത്തെക്കുറിച്ചുള്ള കലാനിരൂപകരുടെ അഭി പ്രായം എഴുതിയെടുത്ത് പത്രമാപ്പീസിൽ എത്തിക്കുക എന്നീ ജോലികളെല്ലാം ചെയ്യാൻ നിയുക്തനായത് അരവിന്ദനാണ്. ഉന്നതന്മാർക്ക് സ്വയം സമർപ്പിച്ച്, ഭർത്താവിനും തനിക്കും നേട്ടങ്ങളുണ്ടാക്കുന്ന കിറ്റി ദിംഗ്രേയെപ്പോലുള്ളവർ ചിത്ര കലയിലും പ്രശസ്തി നേടിയെടുക്കുമ്പോൾ യഥാർത്ഥ പ്രതിഭയുള്ള അരവിന്ദന് അവഗണന മാത്രമായിരുന്നു ബാക്കി. അതിനാൽത്തന്നെ നാൾകഴിയുംതോറും തൊഴിലിടം അരവിന്ദന് ഭാരമായിമാറുന്നു. ത്രിവേണി ആർട്ട് ഗാലറി ചിത്രകാര ന്മാർക്കായി നടത്തുന്ന റിഫ്രെഷ്മെന്റ് കോഴ്സിൽ പങ്കെടുക്കാൻ അരവിന്ദൻ ആഗ്ര ഹിക്കുന്നുണ്ട്. എന്നാൽ അയാൾക്ക് അനുമതി ലഭിക്കുന്നില്ല. താനെന്ന വ്യക്തിയേ ക്കാൾ തന്റെ ആരോഗ്യവും യൗവനവും ചുറുചുറുക്കുമാണ് ഓഫീസിന് ആവശ്യ മെന്ന് തിരിച്ചറിയുന്നിടത്ത് അരവിന്ദനിലെ ഒറ്റപ്പെടൽ പൂർത്തിയാവുന്നു. ഒരു പ്രവാസി തൊഴിലിടത്തിൽ ചൂഷണം ചെയ്യപ്പെടുന്നതിന്റെയും അന്യഥാബോധത്തി നടിപ്പെടുന്നതിന്റെയും ചിത്രമാണ് അരവിന്ദനിലൂടെ മുകുന്ദൻ കാണിച്ചുതരുന്നത്.

### 4.3.2 കരുണൻ

ദൽഹിയിലെത്തിയ അരവിന്ദന് തന്റെ ജ്യേഷ്ഠന്റെ സുഹൃത്തായ കരു ണനായിരുന്നു പ്രതീക്ഷ. കരുണൻ കുറേ വർഷങ്ങൾക്കു മുമ്പ് ജോലി സമ്പാദന ത്തിനായി ദൽഹിയിലെത്തിച്ചേർന്ന മലയാളിയാണ്. ചെന്നെത്തിയ ലോകത്ത് ത ന്റേതായ ഒരു ലോകം സൃഷ്ടിച്ചെടുത്ത വ്യക്തിയാണദ്ദേഹം. നാട് വിട്ടശേഷം നാ ട്ടുശീലങ്ങൾ മറന്ന വ്യക്തി. പൂർണ്ണമായും അന്യവത്കരിക്കപ്പെട്ട, അന്യദേശക്കാര ന്റെ മട്ടിലാണ് അയാൾ ജീവിക്കുന്നത്. വേഷവിധാനത്തിലും ഭക്ഷണരീതിയിലു മെല്ലാമയാൾ സായ്പിനെ അനുകരിക്കുന്നു. പ്രവാസിയായി ചെന്നെത്തുന്ന

ദേശത്ത് കേരളത്തിന്റെ എല്ലാ സാംസ്കാരികചിഹ്നങ്ങളേയും പിന്തുടർന്നുകൊണ്ടു തന്നെ ജീവിതചുറ്റുപാടിനനുസരിച്ച് രൂപപ്പെടുത്തിയെടുക്കുന്ന ജീവിതശൈലി അയാളെ വേറിട്ടുനിർത്തുന്നു. അരവിന്ദന്റെ സംരക്ഷകനായ കരുണനിലും ഭാര്യ മീനാക്ഷിയിലും ആത്മാഭിമാനത്തിന്റെ സ്വത്വാവിഷ്കാരമാണ് ദർശിക്കാൻ കഴിയുന്നത്. ദൽഹിയിലെ സുഹൃത്ബന്ധമാണ് അരവിന്ദന് ജോലി നേടികൊടുക്കാൻ കരുണനെ സഹായിക്കുന്നത്. താൻ വാങ്ങികൊടുത്ത ജോലി അരവിന്ദൻ രാജിവച്ചപ്പോൾ അയാളുമായി എല്ലാ ബന്ധവും വിച്ഛേദിക്കാൻ കരുണന് യാതൊരു മടിയുമില്ലായിരുന്നു.

#### 4.3.3 പത്രപ്രവർത്തകനായ പ്രവാസി

കരുണനിലൂടെ അരവിന്ദൻ പരിചയപ്പെടുന്ന ഗോപിനാഥൻനായരെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ നമുക്ക് ലഭ്യമാകുന്നത് മലയാളിസമാജം തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടാണ്. വടക്കെ മലബാറിലെ പ്രശസ്തമായ തറവാട്ടിൽ പിറന്ന ഗോപിനാഥൻനായർ വളർന്നത് പെനാങ്കിൽ (ആഫ്രിക്ക) ആണ്. ചെറുതും വലുതുമായ പല പത്രങ്ങളുടെ യുദ്ധലേഖകനായി വിവിധ രാജ്യങ്ങൾ ചുറ്റിസഞ്ചരിച്ച അദ്ദേഹം ദീർഘകാലം വിവിധയിടങ്ങളിൽ ജോലിചെയ്ത് ഒടുക്കം ദൽഹിയിൽ താമസമാക്കിക്കൊണ്ട് പ്രവാസമനുഭവിക്കുന്നു. അവിവാഹിതനായ നായർ ഒറ്റയ്ക്ക് ഒരു ഫ്ളാറ്റിലാണ് താമസം. യുദ്ധലേഖകനായ നായർക്ക് അന്തർദ്ദേശീയപ്രശസ്തിയുണ്ടായിരുന്നു. യുദ്ധങ്ങളിലൂടെയാണ് ഗോപിനാഥൻനായർ ജീവിച്ചത്. നിരവധി ചോരപ്പുഴകൾ കണ്ടു. വ്യക്തിഗതമായി ദുരന്തങ്ങൾ നേരിടുന്നില്ലെങ്കിലും അന്താരാഷ്ട്രതലത്തിൽ യുദ്ധമേഖലകളിൽ ഇടപെടുകയും പലായനത്തിന്റെയും നാടുകടത്തലിന്റെയും ഭീതിതസാഹചര്യങ്ങൾക്ക് അയാൾ സാക്ഷ്യംവഹിക്കുകയും ചെയ്തു. യുദ്ധത്തെക്കുറിച്ച് കൊറിയയിലെ രക്തനദികൾ, ഇന്തോ- ചൈനയിലെ രക്തനദികൾ, വിയറ്റ്നാമിലെ രക്തനദികൾ എന്നിങ്ങനെ മൂന്ന് പുസ്തകങ്ങൾ രചിച്ച നായർ ഇപ്പോൾ ഏഴ് കൊല്ലമായി ദൽഹിയിലെ മലയാളിസമാജത്തിന്റെ കാ

ര്യദർശിയാണ്. നാടിനെക്കുറിച്ചുള്ള ഓർമകളും മലയാളിയുടെ സ്വത്വബോധവു മാണ് അയാളെ ഇത്തരത്തിൽ പ്രവർത്തിക്കാൻ പ്രേരിപ്പിക്കുന്നത്. അതുകൊണ്ടു തന്നെ 1959-ൽ കേരളത്തിൽ കമ്യൂണിസ്റ്റ് മന്ത്രിസഭയെ പ്രസിഡണ്ട് വിരിച്ചുവിട്ട പ്പോൾ അയാൾ ദൽഹിയിൽ പ്രതിഷേധയോഗം വിളിച്ചുചേർക്കുന്നു. പ്രവാസിയാ യിരിക്കുമ്പോഴും കേരളത്തെയും മലയാളികളെയുംകുറിച്ചുള്ള ചിന്തകൾ തന്നെ യാണ് അയാളെ ജീവിപ്പിക്കുന്ന ഊർജ്ജം.

#### 4.3.4 സമ്പന്നതയിലേക്കുള്ള കുറുക്കുവഴികൾ

അന്യദേശത്തുപോയി ഏതുവിധേനയും പണം സമ്പാദിക്കുക എന്ന ലക്ഷ്യ ത്തോടുകൂടി പെരുമാറുന്ന ഒരുകൂട്ടം മനുഷ്യർ പ്രവാസലോകത്തിന് സുപരിചിത രാണ്. അത്തരത്തിൽപ്പെട്ട വ്യക്തിയാണ് കുഞ്ഞിരാമൻ നായർ. അയാൾക്ക് സ്വ ന്തമായൊരു വ്യക്തിത്വമോ, ഐഡിയോളജിയോ ഇല്ല. എങ്ങനെയെങ്കിലും പണമു ണ്ടാക്കുക എന്നതാണയാളുടെ ഏകലക്ഷ്യം. അതിനുവേണ്ടി ഏത് കുത്സിതവൃത്തി യും അയാൾ സ്വീകരിക്കും. ജീവിതത്തിൽ പല വേഷങ്ങൾ നിമിഷംപ്രതി മാറിമാ റി അണിയുന്നതിന്നുള്ള മനുഷ്യരുടെ മിടുക്ക് ഒന്നുവേറെത്തന്നെയാണ്. കുഞ്ഞി രാമൻനായരിലൂടെ മുകുന്ദനത് വരച്ചുകാട്ടുന്നു. പള്ളൂർ എന്ന ചെറിയ ഗ്രാമത്തിൽ ഒരു പെട്ടിപ്പീടികയും അരപ്പട്ടിണിയുമായി കഴിഞ്ഞിരുന്ന കുഞ്ഞിരാമൻനായർക്ക് ഒ രു വ്യാഴവട്ടക്കാലത്തിന് മുൻപ് ആരോഗ്യമുണ്ടായിരുന്നു. എന്നാൽ പണമുണ്ടായി രുന്നില്ല. ആയതിനാൽ ഭാഗ്യമന്വേഷിച്ച് ദൽഹിയിലെത്തി. സ്വപ്രയത്നത്താൽ സാ മ്പത്തികപുരോഗതി നേടി കൊണാട്ട്പ്ളേസിൽ 'സൗത്തിന്ത്യൻ ലോഡ്ജ്' നടത്തി വരുന്നു.

പണം എന്ന ഒറ്റലക്ഷ്യത്തിലാണ് കുഞ്ഞിരാമൻനായരുടെ ജീവിതം തള യ്ക്കപ്പെട്ടിരിക്കുന്നത്. അക്ഷരങ്ങൾപോലും കൂട്ടിവായിക്കാൻ അറിയാത്ത അയാൾ പുകയുടെ മണമുള്ള ഇടുങ്ങിയ ഹോളിലിരുന്ന് പണംകൊയ്യുന്നു. കൊല്ലന്തോറും പുരയിടം വാങ്ങുന്നു. ''ജീവിതം പണമാണ്. മരണം പണമാണ്. ദൈവം പണമാ

ണ്. എല്ലാ പദങ്ങളും പണത്തിന്റെ പര്യായങ്ങളാണ്"[20] എന്നിങ്ങനെ പണത്തിനോടുള്ള മനുഷ്യരുടെ ഒടുങ്ങാത്ത ആസക്തി മുകുന്ദൻ അയാളിലൂടെ വരച്ചിടുന്നു. അരവിന്ദന്റെ ഡൽഹിയിലേക്കുള്ള വരവ് നായർ പ്രോത്സാഹിപ്പിച്ചത് സ്നേഹം കൊണ്ടായിരുന്നില്ല. ദൽഹിയിലെത്തിയാൽ അരവിന്ദൻ തന്റെ ലോഡ്ജിൽ താമസിക്കുമെന്നും അതുവഴി കുറച്ച് പണമുണ്ടാക്കാമെന്നും കരുതിയാണ്. അരവിന്ദൻ ലോഡ്ജിലെത്തിയ ദിവസംതന്നെ നായർ അരവിന്ദന്റെ കയ്യിലുള്ള പണമെല്ലാം വാങ്ങുന്നു. ഇതുവരെ കണ്ട കുഞ്ഞിരാമൻനായർ ആയിരുന്നില്ല അത്. "അയാളുടെ ഒച്ച മാറിയിരുന്നു. അയാളുടെ കണ്ണുകൾ ആർത്തികൊണ്ട് പൊട്ടിത്തെറിക്കാൻ ഭാവിച്ചു. വിറയ്ക്കുന്ന കയ്യോടെ നായർ പൈസ തട്ടിപ്പറിച്ചു. ഒരു കള്ളനെപ്പോലെ അയാൾ മുറിവിട്ടിറങ്ങി.[21] നഗരം എപ്രകാരം മനുഷ്യന്റ ആർദ്രതയെപ്പോലും ഇല്ലാതാക്കുന്നു എന്നതിന് ഉദാഹരണമാണ് കുഞ്ഞിരാമൻനായരും അയാളുടെ ലോഡ്ജും എന്ന് അരവിന്ദൻ തുടക്കത്തിലേ തിരിച്ചറിയുന്നു.

ഗ്രാമത്തിൽനിന്ന് ദൽഹിയിലെത്തിയ കുഞ്ഞിരാമൻനായരെന്ന പ്രവാസി ധനികനാകുന്നത് നഗരത്തിന്റെ വഞ്ചനകൾക്കും അനീതികൾക്കും അനുസരിച്ച് പ്രവർത്തിക്കുന്നതിനാലാണ്. ധനികനെയും ഭിക്ഷക്കാരനെയും ഒരുപോലെ ഉൾക്കൊള്ളുന്ന നാഗരികസ്ഥലം എപ്രകാരം മനുഷ്യന്റെ ആർദ്രതയെപ്പോലും ഇല്ലാതാക്കുന്നു എന്നതിന് ഉദാഹരണമാണ് കുഞ്ഞിരാമൻനായരും അയാളുടെ ഹോട്ടലും. സുഹൃത്തിന്റെ മകൻ എന്നതിനപ്പുറം തന്റെ ബിസിനസ് തഴയ്ക്കുവാനുള്ള ഒരു ഇരയായി മാത്രമാണ് കുഞ്ഞിരാമൻനായർ അരവിന്ദനെ കാണുന്നത്. ഹോട്ടലിലെ അന്തേവാസികൾക്ക് സ്ത്രീകളെ എത്തിച്ചുകൊടുത്തും അയാൾ പണമുണ്ടാക്കുന്നു.

"സൗത്ത് എക്സ്റ്റൻഷനിലെ മിസ്ഡാൽറ്റൻ അരമണിക്കൂർ ചെലവഴിച്ചാൽ കുഞ്ഞിരാമൻനായരുടെ കയ്യിൽ അമ്പതുറുപ്പിക വന്നു വീഴുന്നു. ഇങ്ങനെയാണ് കുഞ്ഞിരാമൻ നായർ നാട്ടിൽ പുരയിടവും നിലവും വാങ്ങുന്നത്."[22] പിശുക്കനായ നായർ പണം ലാഭിക്കാൻ കണ്ട മാർഗ്ഗമായിരുന്നു കോഴിയിറച്ചിക്ക് പകരം പരു

ന്തിറച്ചി വിളമ്പുകെയന്നത്. ഒരിക്കൽ അരവിന്ദൻ ഇത് കണ്ടുപിടിക്കുന്നു. ഈ കാര്യം മറ്റുള്ളവരോട് പറയുമെന്ന ഭയത്താൽ നായർ അരവിന്ദന്റെ കയ്യിൽനിന്ന് വാങ്ങിച്ച പണം തിരിച്ചേൽപ്പിക്കുന്നു. നഗരത്തിൽ മാനുഷികതയെക്കാൾ പണത്തിനാണ് മുൻതൂക്കമെന്ന് ഈ കഥാപാത്രം തെളിയിക്കുന്നു.

### 4.3.5 നഗരവും യാഥാസ്ഥിതികതയും

ദൽഹിയിലും ജാതിമതചിന്തകൾക്ക് പ്രാധാന്യമുണ്ട് എന്ന് കാണിക്കുന്നതാണ് രാമുണ്ണി എന്ന കഥാപാത്രം. നാഗരികതയുടെ വികാസം അതിരുകൾ ഭേദിക്കുമ്പോഴും മനുഷ്യർ യാഥാസ്ഥിതികത കൈവിടാതെ അവനവനിലേക്ക് ചുരുങ്ങുന്നുവെന്ന് അരവിന്ദൻ തിരിച്ചറിയുന്നുണ്ട്. അരവിന്ദനൊപ്പം ലോഡ്ജിൽ താമസിക്കുന്ന രാമുണ്ണി അരവിന്ദനെ ആദ്യമായി കണ്ടപ്പോൾ ചോദിക്കുന്നത് ഇങ്ങനെയാണ്. ''നിങ്ങളുടെ പേർ?, അരവിന്ദൻ എന്ന്, വെറും അരവിന്ദനാണോ, അതെ!, അതെങ്ങനെയാ അരവിന്ദൻ എന്നു മാത്രം ....... അച്ഛന്റെ പേര് വെറും രാമുണ്ണീന്നാണോ? അല്ല രാമുണ്ണിമേനോൻന്ന്.[23] പേര് ചോദിക്കുമ്പോൾ പേരിനടുത്തുള്ള വാലാണ് അയാൾക്ക് അറിയേണ്ടത്. നഗരത്തിന്റെ സർവ്വവിധത്തിലുള്ള വികാസങ്ങൾക്കും ആർഭാടങ്ങൾക്കും ഇടയിലും ജാതിമതമൂല്യങ്ങളിൽ അടിയുറച്ച വിശ്വാസപ്രമാണങ്ങൾ എപ്രകാരമാണ് പ്രവർത്തിക്കുന്നത് എന്ന് നോവൽ കാണിച്ചുതരുന്നു. ''ഇവിടെയും ജാതിയും മതവുമുണ്ടോ? സുന്ദർ നഗറിലും ചാണക്യപുരിയിലും കാപ്പിരിയും യാങ്കിയും തോളുരുമ്മി നടക്കുന്നു. അറബിയും യഹൂദനും തോളുരുമ്മി നടക്കുന്നു. പഹാഡ്ഗഞ്ചിലും സബ്ജിമണ്ഡിയിലും ഹിന്ദുവും മുസൽമാനും തോളുരുമ്മിനടക്കുന്നു. മതങ്ങളും ജാതികളും സംസ്കാരങ്ങളും ഇടകലർന്നൊഴുകുന്ന ഈ നഗരത്തിലുമുണ്ടോ രാമുണ്ണിയെപ്പോലുള്ള ആളുകൾ?.''[24] എന്നുള്ള ചിന്തയിൽനിന്നുതന്നെ ദൽഹിയെക്കുറിച്ച് അരവിന്ദനുള്ള ധാരണകൾ മാറുകയായിരുന്നു. ജാതീയമായ ഉച്ചനീചത്തങ്ങൾ ചോരയിലലിഞ്ഞുചേർന്ന മല

യാളി മാറിയ കാലത്തിന്റെ പരിണതി ഉൾക്കൊള്ളുന്നില്ലല്ലോ എന്ന നിരാശയാണ് ഇവിടെ നോവലിസ്റ്റ് പങ്ക് വയ്ക്കുന്നത്.

### 4.3.6 നഗരം - സമ്പത്തും അധികാരവും

വസ്തുക്കളും സേവനങ്ങളും നഗരത്തിൽ വിലമതിക്കപ്പെടുന്നത് പണത്തിന്റെ അടിസ്ഥാനത്തിലാണ്. പണമാണ് നഗരമനുഷ്യന്റെ സ്വഭാവത്തെ നിർണ്ണയിക്കുന്നത്. മുകുന്ദന്റെ നോവലുകളിൽ സമൂഹത്തിലെ അധീശശക്തിയായി മാറുന്നതും അധികാരപ്രയോഗവും സ്വാതന്ത്ര്യാപഹാരവും നടത്തുന്നതും പണമാണ്. സമൂഹത്തിന്റെ പുറമ്പോക്കിൽ കഴിഞ്ഞിരുന്ന ദരിദ്രനാരായണന്മാർ പലവിധേനയും പണമുണ്ടാക്കുന്നതും അതേ സമൂഹത്തിലെ ആദരണീയരാകുന്നതും മുകുന്ദന്റെ പല നോവലുകളുടെയും പതിവു കാഴ്ചയാണ്. നഗരം ഒരിക്കലും കീഴ്വഴക്കങ്ങൾക്കൊരുങ്ങുന്നില്ല. തനിക്കു മുമ്പിലുള്ളതിനെയെല്ലാം കീഴടക്കുക എന്നതാണ് നഗരത്തിന്റെ മുഖമുദ്ര. നഗരം സാമ്പത്തികസ്ഥലാധികാരമുള്ളവരെ എപ്രകാരം ഉയർത്തുകയും പ്രകീർത്തിക്കുകയും ചെയ്യുന്നു എന്നതിനുദാഹരണമാണ് നോവലിസ്റ്റ് അവതരിപ്പിക്കുന്ന കിറ്റിദിംഗ്രേയുടെയും റസിയാസലാമുദ്ദീന്റെയും ഗ്രിമിയെസായ്വിന്റെയും ചിത്രപ്രദർശനങ്ങൾ മുതൽ അംഗീകാരങ്ങൾ വരെ നീളുന്ന ജീവിതസന്ദർഭങ്ങൾ.

നഗരം മനുഷ്യനെ അവന്റെ സാമൂഹികബന്ധങ്ങളിൽനിന്ന് മുക്തനാക്കുന്നു. കുടുംബബന്ധങ്ങൾക്കോ കുടുംബമഹിമയ്ക്കൊ നഗരത്തിൽ സ്ഥാനമില്ല. പണത്തിനും സ്വാധീനതയ്ക്കുമാണ് പ്രാധാന്യം. വരുമാനമില്ലാത്തവൻ മറ്റുള്ളവർക്കു ഭാരമായിത്തീരുന്നു. മനുഷ്യനും അവന്റെ ജീവിതപരിസരവും തമ്മിലുള്ള ഇടപെടലിൽ വന്നിട്ടുള്ളതിലേറെ മാറ്റങ്ങൾ മനുഷ്യബന്ധങ്ങളിൽ വരുത്തുവാൻ നഗരീകരണം ഹേതുവായി. വ്യക്തിബന്ധങ്ങളിലുള്ള യാന്ത്രികതമൂലം സമൂഹം ആൾക്കൂട്ടമായി തരംതാഴ്ന്നിരിക്കുന്നു. ആൾക്കൂട്ടത്തിനിടയിൽ ഏകാന്തത അനുഭവിക്കേണ്ടിവരിക എന്ന വൈരുദ്ധ്യത്തിന് നാഗരികൻ ഇരയാകുന്നു. എല്ലാ വ

സ്തുക്കളും സേവനങ്ങളും നഗരത്തിൽ വിലമതിക്കപ്പെടുന്നത് പണത്തിന്റെ അടിസ്ഥാനത്തിലാണ്. മനുഷ്യരേക്കാൾ വിഭവങ്ങൾക്കാണ് നഗരവാസി പ്രാധാന്യം കൊടുക്കുന്നത്. അവിടെ ഒന്നിനും പാരമ്പര്യസിദ്ധമായ മൂല്യമില്ല. മനുഷ്യനെപ്പോലും വിലയ്ക്കുവാങ്ങാം എന്നതാണവസ്ഥ.

#### 4.3.6.1 സമ്പത്തും മേൽക്കോയ്മയും

അരവിന്ദൻ ജോലിചെയ്യുന്ന ഇന്ത്യൻകോൺസുലേറ്റിലെ മേധാവിയാണ് ഗ്രിമിയെ സായ്‌വ്. തന്റെ പ്രവാസത്തിന്റെ ആദ്യനാളുകളിൽ അരവിന്ദന് അത്താണിയാവുന്ന വ്യക്തിയാണ് ഗ്രിമിയെസായ്‌വ്. ചെമ്പൻമുടിയും, നീലക്കണ്ണുകളും ചുവന്ന തൊലിയുമുള്ള സായ്‌വും പാരമ്പര്യംകൊണ്ട് പ്രവാസിയാണ്. എന്നാൽ പ്രവാസിയുടേതായ യാതൊരുവിധ വ്യഥകളും സായ്‌വിന്റെ പെരുമാറ്റത്തിൽ പ്രകടമാകുന്നില്ല. സാമ്പത്തികഭദ്രതയുടെയും അധികാരത്തിന്റെയും അടിത്തറയിലാണ് അയാളുടെ വ്യക്തിത്വം രൂപംകൊള്ളുന്നത്. സായ്‌വിനെപ്പോലെ ആയിത്തീരാൻ അരവിന്ദൻ എപ്പോഴും കൊതിക്കാറുണ്ട്. മദ്യവും മദിരാക്ഷിയും സായ്‌വിന്റെ ദൗർബല്യങ്ങളാണ്. മറ്റൊരു താല്പര്യം പെയ്ന്റിംഗിനോടാണ്. അതാണ് സായ്‌വ് അരവിന്ദനെ ഇഷ്ടപ്പെടാൻ കാരണം. പ്രത്യേക സ്വഭാവക്കാരനായ സായ്‌വ് പ്രതിമാസം രണ്ടായിരം ഉറുപ്പിക വാടകയുള്ള മാളികയിലാണ് താമസമെങ്കിലും ഓഫീസിൽ വന്നിട്ടാണ് ക്ഷൗരവും കുളിയുമെല്ലാം. സായ്‌വിന്റെ സൗകര്യത്തിനനുസരിച്ചാണ് ഓഫീസ് ടൈം നിശ്ചയിച്ചിരിക്കുന്നത്. അതിനാൽ പകൽ ഒരുമണിമുതൽ നാലുമണിവരെ ഓഫീസിന് ഒഴിവുസമയമാണ്. അപ്പോഴാണ് സായ്‌വ് വിശ്രമിക്കുന്നത്. ചിത്രകലാപ്രദർശനങ്ങൾ സംഘടിപ്പിക്കാൻ അനർഹരെപ്പോലും അയാൾ പ്രോത്സാഹിപ്പിച്ചിരുന്നു. കിറ്റിദിഗ്രേയും, റസിയാസലാമുദ്ദീനെയും സായ്‌വ് സമൂഹത്തിൽ ഉയർത്തിക്കൊണ്ടുവന്നത് അവരുടെ കലകളിലുള്ള പ്രാവീണ്യംകൊണ്ടായിരുന്നില്ല; മറിച്ച് തന്റെ ഇംഗിതങ്ങൾക്ക് വഴിപ്പെടുന്നതുകൊണ്ടായിരുന്നു.

#### 4.3.6.2 കിറ്റി ദിംഗ്രേ

ചിത്രകാരിയെന്ന നിലയിൽ ശരാശരിക്കുതാഴെയാണെങ്കിലും സമൂഹത്തിൽ പ്രശസ്തി ആഗ്രഹിക്കുന്ന വ്യക്തിയാണ് കിറ്റി ദിംഗ്രേ. അതിനുള്ള എളുപ്പവഴി ഗ്രിമിയെസായ്‌വാണെന്ന് തിരിച്ചറിയുന്ന അവർ തന്റെ ലക്ഷ്യം കൈവരിക്കുന്ന തിൽ വിജയിക്കുന്നു. സായ്‌വിന്റെ സമ്പത്തും സ്വാധീനവുമാണ് കിറ്റിദിംഗ്രേയുടെ നിലവാരം താണ ചിത്രങ്ങൾക്ക് പ്രശസ്തി ഉണ്ടാക്കിക്കൊടുക്കുന്നത്. ഇതുതന്നെ യാണ് വലിയ വിലയ്ക്ക് അവരുടെ ചിത്രങ്ങൾ വാങ്ങാൻ ആളുകളെ പ്രേരിപ്പിക്കു ന്നതും. തികച്ചും നിഷ്പക്ഷമായിനിന്നുകൊണ്ട് സമൂഹത്തിനുവേണ്ടി പ്രവർത്തി ക്കേണ്ട പത്രമാധ്യമങ്ങൾ പണത്തിന്റെ സ്വാധീനത്താൽ വാർത്തയെ പെരുപ്പി ക്കാനും നിസ്സാരീകരിക്കാനും തയ്യാറാകുന്നുവെന്ന യാഥാർത്ഥ്യത്തെയും അരവി ന്ദന്റെ ചിന്തയിൽ നിന്ന് നമുക്ക് മനസ്സിലാക്കാം. ‘‘പ്രഭാതപത്രത്തിൽ ഫെഡറിക് തോമസിന്റെ റിവ്യൂ ചിത്രം സഹിതം വരും. നഗരത്തിലെ എല്ലാ പത്രങ്ങളും വാരി കകളും അവളുടെ ചിത്രങ്ങളെക്കുറിച്ച് എഴുതും. കിറ്റിയക്ക് ഒരു ചിത്രകാരിയെന്ന നിലയിൽ ഇനിയെന്തുണ്ട് ആഗ്രഹിക്കാൻ? വർഷങ്ങളായി താൻ ആഗ്രഹിക്കുന്നത് ഒറ്റ ദിവസംകൊണ്ട് കിറ്റി നേടിയിരിക്കുന്നു.’’[25] സമ്പത്തിനും അധികാരത്തിനും കീഴടങ്ങുന്ന പത്രങ്ങളുടെ അധ:പതനത്തിനൊപ്പം അരവിന്ദനെന്ന പ്രവാസിയുടെ പാഴായിപ്പോകുന്ന സ്വപ്നങ്ങൾകൂടിയാണ് ഇവിടെ തെളിയുന്നത്. ‘‘സമൂഹത്തിൽ മാന്യതയും അംഗീകാരവും സ്വന്തമാക്കാനായി മാത്രം കലാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന കിറ്റിയും ഊണിലും ഉറക്കത്തിലും ചിത്രങ്ങളെക്കുറിച്ച് ചിന്തിക്കു കയും വരയ്ക്കാൻ കഴിയാത്തതിന്റെ വേദന അനുഭവിക്കുകയും ചെയ്യുന്ന അരവി ന്ദനും കലയുടെ രണ്ട് മുഖങ്ങളെയാണ് പ്രതിനിധാനം ചെയ്യുന്നത്.’’[26] പെയിന്റിം ങിൽ ഡിപ്ലോമയും, എറണാകുളത്ത് നടന്ന ചിത്രപ്രദർശനത്തിൽ ‘മൃഗം’എന്ന എണ്ണച്ഛായ ചിത്രത്തിന് ലഭിച്ച സമ്മാനവുമായി ദൽഹിയിലേക്ക് വണ്ടികയറുന്ന അയാളുടെ പ്രധാനസ്വപ്നം അറിയപ്പെടുന്ന ചിത്രകാരനാവുക എന്നതായിരുന്നു.

കിറ്റി ദിംഗ്രേയെപ്പോലുള്ളവർ പ്രശസ്തിയിലേക്ക് ചുവടുവയ്ക്കുമ്പോൾ അരവിന്ദനെപ്പോലുള്ളവർ ആത്യന്തികമായി അരികുവൽക്കരിക്കപ്പെടുന്ന കാഴ്ചയാണ് നോവൽ വെളിപ്പെടുത്തുന്നത്.

**4.3.6.3 റസിയാ സലാമുദ്ദീൻ**

റസിയ സലാമുദ്ദീൻ എന്ന കവയിത്രിയെയും ഗ്രിമിയെസായ്‌വിനോട് ചേർത്തുവെച്ചുകൊണ്ടാണ് അരവിന്ദൻ മനസ്സിലാക്കുന്നത്. തന്റെ പ്രശസ്തിയ്ക്കു വേണ്ടി എന്തിനും തയ്യാറാവുന്ന കഥാപാത്രമാണിവർ. റസിയയുടെയും സായ്‌വിന്റെയും സ്വകാര്യനിമിഷങ്ങൾക്ക് അരവിന്ദൻ സാക്ഷിയാവുന്നുണ്ട്. ''റസിയ സലാമുദ്ദീൻ സായ്‌വിന്റെ മേശയിൻമേൽ അയാൾക്കഭിമുഖമായിരിക്കുന്നു. സായ്‌വ് കസേരയിൽ ഇരുന്ന് അവളുടെ മടിയിൽ മുഖം പൂഴ്ത്തി വച്ചിരിക്കുന്നു. റസിയ അവളുടെ വെളുത്ത നേർത്ത കൈവിരലുകൾ സായ്‌വിന്റെ സ്വർണ്ണത്തലമുടിയിലൂടെ ഓടിച്ചിരിക്കുകയാണ്. അവൾ അദ്ദേഹത്തിന്റെ തലമുടിയിൽ കവിത രചിക്കുകയാണോ.''[27] റസിയ സലാമുദ്ദീന്റെ മടിയിൽ മുഖം ചേർത്തുവച്ച് നിശ്ചലനായി ഇരിക്കുന്ന സായ്‌വിന്റെ പ്രവൃത്തിയെ ദൗർബല്യമെന്നല്ല മറിച്ച് ശക്തിയായി കാണാനാണ് അരവിന്ദൻ താൽപര്യപ്പെടുന്നത്. കിറ്റി ദിംഗ്രേയെപ്പോലെ റസിയയും പ്രശസ്തി ആഗ്രഹിച്ച് സായ്‌വിന്റെ ഇംഗിതങ്ങൾക്ക് വഴങ്ങുന്ന സ്ത്രീയാണ്. അതിനാൽത്തന്നെ കഴിവിനപ്പുറത്തുള്ള പ്രശസ്തി അവർ നേടിയെടുക്കുന്നു.

എഴുത്തുകാരിയായാലും ചിത്രാകാരിയായാലും അംഗീകാരത്തിലേക്കുള്ള വഴി പലതാണ്. പണവും സ്വാധീനവും ഉപയോഗിച്ച് പ്രശസ്തിനേടാം. ശാരീരികമായി ഇടപെടലുകളിലൂടെ നിലനിർത്തപ്പെടുന്ന വ്യക്തിബന്ധങ്ങൾ മറ്റൊരു വഴിയാണ്. തങ്ങളുടെ സർഗ്ഗാത്മകാവിഷ്കാരത്തിന്റെ മൂല്യത്തിൽ തീരെ വിശ്വാസമില്ലാത്തവരാണ് ഉയർച്ചയുടെ പടവുകൾ താണ്ടാൻ കുത്സിതമായ മാർഗ്ഗങ്ങൾ തേടുന്നത്. പക്ഷപാതലേശമില്ലാതെ ഇത്തരം അനുഭവങ്ങളുടെ സൂക്ഷ്മ വിവരണങ്ങളി

ലൂടെ കലാവിഷ്കാരത്തിന്റ കപട സദാചാരം കിറ്റി ദ്രിംഗ്രയുടെയും റസിയാസലാവുദ്ദീന്റെയും അവതരണത്തിലൂടെ നോവലിസ്റ്റ് വരച്ചുകാട്ടുന്നു.

### 4.3.7 പ്രബുദ്ധരായ വിദ്യാർത്ഥിസമൂഹം

വ്യത്യസ്ത രാജ്യങ്ങളിൽനിന്ന് ദൽഹിയിലെത്തിച്ചേർന്ന നിരവധി വിദ്യാർത്ഥികളെ നോവലിൽ കാണാം. ഗവേഷകവിദ്യാർത്ഥിയായ ഭവാനന്ദ്, യൂണിവേഴ്സിറ്റി നേതാക്കളിൽ ഒരാളാണ്. ബുദ്ധിമതിയും സുന്ദരിയുമായ സർവകലാശാലാ വിദ്യാർത്ഥിനിയാണ് ശാലിനി. വിനയാനഗറിൽ താമസിക്കുന്ന ഭവാനന്ദിലൂടെയാണ് അരവിന്ദൻ ഈവ്‌ലീൻ, കസബാക്കി, എമ്മാനുവൽ ഒക്കുവെ, ജയിൻ എന്നീ ബുദ്ധിജീവികളെ പരിചയപ്പെടുന്നത്. എമ്മാനുവൽ ഒക്കുവെ *ഗാന്ധിയൻ ചിന്തകളും ആഫ്രിക്കയും* എന്ന വിഷയത്തിലാണ് ഗവേഷണം നടത്തുന്നത്. ലുമുംബയുടെ നാട്ടുകാരിയായ ആഫ്രിക്കക്കാരിയാണ് ഈവ്‌ലിൻ. ദേശത്തിനും അതിർത്തികൾക്കുമപ്പുറം മാനവീയമായ ചിന്ത ഉയർത്തിപ്പിടിക്കുന്ന ഒരുകൂട്ടം യുവതീയുവാക്കളെയാണ് ദൽഹിയിലെ ക്യാമ്പസ്സ് പരിസരങ്ങളിൽ മുകുന്ദൻ കാട്ടിത്തരുന്നത്. ചരസിന്റെയും കഞ്ചാവിന്റെയും ലഹരിയിലൂടെ ഈ ലോകത്തിന്റെ ക്രൂരതയ്ക്കും മനുഷ്യന്റെ ചോര ഒഴുക്കലിനും നേരെ കലഹിക്കുകയാണ് ഈ വിദ്യാർത്ഥിസമൂഹം. ''വിയറ്റ്നാമിൽ പ്രവഹിക്കുന്ന ചോരയുടെ മുൻപിൽ ദില്ലിയിലും ലോഹോറിലും ഒഴുകിയ ചോര ചോരയല്ല''[28]. തന്റെ കാലത്തിന്റെ ദയാശൂന്യതയും ക്രൂരതയും ഈ വിദ്യാർത്ഥികളിലൂടെ മുകുന്ദൻ വെളിപ്പെടുത്തുന്നു. ഇപ്രകാരം പ്രതികരിക്കാനും പ്രതിഷേധിക്കാനും ആശയങ്ങിലൂടെ ഐക്യം തേടുന്ന ഒക്കുവെ, അരവിന്ദൻ, ഈവിലീൻ, കസബാക്കി തുടങ്ങിയ വിദ്യാർത്ഥികൾ ജന്മം കൊണ്ട് അന്യദേശക്കാരാണെങ്കിലും സൗഹൃദം കൊണ്ട് സാഹോദര്യം പുലർത്തുന്നവരാണ്.

അന്തർദ്ദേശീയതലത്തിൽ നടക്കുന്ന വിവിധ യുദ്ധങ്ങളെയും കലാപങ്ങളെയുംകുറിച്ചുള്ള ചിന്തകളാൽ പ്രക്ഷുബ്ധമായ മനസ്സ് പേറുന്നവരാണ് നോവലിലെ വിദ്യാർത്ഥിസമൂഹം. വിയറ്റ്നാമിലെയും ലാഹോറിലെയും ദൽഹിയിലെയും

ചോരപ്പുഴകളെക്കുറിച്ചുള്ള സംഭാഷണങ്ങൾ മനുഷ്യന്റെ നിരന്തരമായ പ്രവാസ ത്തെക്കുറിച്ചുള്ള രേഖപ്പെടുത്തൽകൂടിയാണ്. യുദ്ധങ്ങൾ മനുഷ്യരെ എല്ലാം നഷ്ട പ്പെട്ടവനും പ്രവാസിയുമാക്കുന്നുവെന്ന യാഥാർത്ഥ്യത്തെ ഉൾക്കൊണ്ടുകൊണ്ട് സാ മ്രാജ്യത്വത്തിന്റെ യുദ്ധദാഹത്തോടും മനുഷ്യത്വവിരുദ്ധതയോടും കലഹിക്കുവാൻ ഭവാനന്ദും കൂട്ടുകാരും തീരുമാനിക്കുന്നു. അമേരിക്ക വിയറ്റ്നാമിൽ നടത്തുന്ന ബോംബാക്രമണങ്ങൾ മാനവരാശിക്ക് നേരെയുള്ള ആക്രമണമാണെന്ന് തിരിച്ച റിഞ്ഞ അവർ തീർത്തും വ്യത്യസ്തവും നൂതനവുമായ പ്രതിഷേധപ്രകടത്തിന് ത യ്യാറായി. അമേരിക്കൻ വിമാനങ്ങൾ വിയറ്റ്നാമിൽ ബോംബുകൾ വർഷിച്ചപ്പോൾ പാടങ്ങൾ വെന്തെരിഞ്ഞു, കുടിലുകൾ നിലം പൊത്തി, പള്ളിക്കൂടങ്ങൾ കത്തിയെ രിഞ്ഞു. പൊള്ളലേറ്റ് പിഞ്ചുകുഞ്ഞുങ്ങൾ പിടഞ്ഞു. ഇതറിഞ്ഞ അരവിന്ദനും സംഘവും യു.എസ് എംബസിക്കുമുൻപിൽ പ്രതിഷേധം നടത്തുവാൻ മുതിരുക യാണ്. എല്ലാം കൃത്യമായും രഹസ്യമായും ആസൂത്രണം ചെയ്തു. ‘‘പ്രകടന ത്തിന് പതിനഞ്ചോ ഇരുപതോ ആളുകൾ മതി. ഒരു ട്രേഡ് യൂണിയൻ വർക്കർ, ഒരു എഴുത്തുകാരൻ, ഒരു പെയ്ന്റർ, ഒരു സ്റ്റുഡന്റ് ..... ദെ ഷുഡ് റെപ്രസന്റ് ഓൾ സെഷൻസ് ഓഫ് പീപ്പിൾ.’’[29] രാവിലെ 10 മണിക്ക് ചാണക്യപുരിയിലെത്തി പ്ലക്കാർഡുമായി മുദ്രാവാക്യങ്ങൾ മുഴക്കാതെ നിശ്ശബ്ദം പ്രതിഷേധം രേഖപ്പെടു ത്തുന്നു. പിറ്റേദിവസം പത്രങ്ങൾ പ്രാധാന്യം നൽകി വാർത്ത പ്രസിദ്ധീകരിക്കും. സാധാരണരീതിയിലുള്ള ഒരു പ്രകടനത്തിന് കിട്ടുന്നതിനേക്കാൾ വിപുലമായ പര സ്യവും പ്രാധാന്യവും ഇതിനു കിട്ടുമെന്നവർ കരുതുന്നു. എന്നാൽ ദൽഹിയിലെ യു. എസ്. എംബസിക്കു മുന്നിൽ പ്രതിഷേധം നടത്താൻ തീരുമാനിച്ചെങ്കിലും, പ്രതിഷേധസംരഭത്തെക്കുറിച്ചുള്ള വിവരങ്ങൾ ചോരുകയാൽ ആ പ്രകടനം നട ന്നില്ല. വിവിധ രാജ്യങ്ങളിൽനിന്നും പ്രവാസികളായി ഇന്ത്യയിലെത്തിയ ഇവർ പഠ നപ്രവർത്തനങ്ങൾക്കിടയിലും തങ്ങളുടെ രാഷ്ട്രീയബോധ്യങ്ങളെ ഉയർത്തിപ്പിടി ക്കാൻ തയ്യാറാവുന്നുണ്ട്. മലയാളികളെ സംബന്ധിച്ച് ദൽഹിയാത്ര ആഭ്യന്തരപ്രവാ

സമാണെങ്കിലും വിദേശികളായ നിരവധി വ്യക്തികളെ അവിടെ കണ്ടെത്തുന്നിടത്ത് ദൽഹി അന്തർദ്ദേശീയപ്രവാസത്തിന്റെ ഇടംകൂടിയാവുന്നുണ്ട്.

### 4.4 ഗൃഹാതുരത്വം

ഗൃഹാതുരത്വം മലയാളസാഹിത്യത്തിന് ഒരു പുത്തനാശയമല്ല. എന്നാൽ മാറുന്ന കാലത്തിന്റെ ജീവിതപരിസരങ്ങൾ സൃഷ്ടിക്കുന്ന വൈകാരികതയുടെ വൈവിധ്യങ്ങൾ പ്രവാസത്തിലൂടെ പുന:സൃഷ്ടിക്കപ്പെടുകയാണുണ്ടായത്. ഓർമ്മ കളില്ലാതെ മനുഷ്യന് ജീവിതമില്ല. വീടിനെക്കുറിച്ചുള്ള ഓർമ്മ വേദനയോടെയാ ണെങ്കിലും അവനെ സന്തോഷിപ്പിക്കുന്നു. *ദൽഹി*യിലെ അരവിന്ദന്റെ ഗൃഹാതു രത്വം സാധാരണയിൽനിന്ന് വ്യത്യസ്തമായിരുന്നു. ദൽഹിയിൽ ആദ്യമായി എത്തിയ ദിവസം അരവിന്ദൻ ഒറ്റയ്ക്ക് ടാക്സി പിടിച്ച് അച്ഛന്റെ സുഹൃത്തായ കു ഞ്ഞിരാമൻനായരുടെ ലോഡ്ജിലെത്തുന്നു. അവിടെ കണ്ട കേരളീയഭക്ഷണം അര വിന്ദനെ ഏറെ ആനന്ദിപ്പിക്കുന്നുണ്ട്. "പ്ലേറ്റുകളിൽ ചോറ് കൂമ്പാരമായി കിട ക്കുന്നു. ചോറിനുമുകളിൽ വെളിച്ചെണ്ണയുടെ സുഗന്ധമുള്ള തോരൻ. പ്ലേറ്റു നിറ ഞ്ഞുകിടക്കുന്ന ഈരണ്ടു പപ്പടം. കടുമാങ്ങ അച്ചാർ."[30] ഇവയെല്ലാം കണ്ടപ്പോൾ അരവിന്ദന് താൻ വീട്ടിൽനിന്ന് പുറപ്പെട്ട ദിവസം അമ്മ അരികിൽനിന്ന് ഊട്ടിയത് ഓർമ്മവരുന്നുണ്ട്.

ജോലി കിട്ടിയതിന് ശേഷം അരവിന്ദന് അച്ഛന്റെ കത്ത് കിട്ടുന്നു. കത്തിലെ ഓരോ അക്ഷരവും സന്തോഷത്തിന്റെയും സംതൃപ്തിയുടെയും ചിഹ്നങ്ങളായിരു ന്നു. ആ കത്തിലൂടെ അരവിന്ദൻ അച്ഛനെ കണ്ടു. അച്ഛനെ മാത്രമല്ല അമ്മയേയും രാധയേയും ദാസേട്ടനെയും. തനിക്കൊരു ജോലി കിട്ടിയതിൽ അവർ ക്കുള്ള സന്തോഷം ചില്ലറയല്ല. അച്ഛന്റെയും അമ്മയുടെയും രാധയുടെയും ചിരി ക്കുന്ന മുഖങ്ങൾ അരവിന്ദന്റെ മുന്നിൽ തെളിഞ്ഞുവന്നു. ദൽഹിയുടെ നഗരത്തിര ക്കിലേക്ക് എത്തിച്ചേർന്ന അരവിന്ദൻ തനിക്ക് നഷ്ടപ്പെട്ടതിനെക്കുറിച്ച് ബോധവാ

നാകുന്നുണ്ട്. ‘‘നന്നേരാവിലെ ഉണർന്ന് ജാലകത്തിനരികിൽച്ചെന്ന് പ്രഭാതത്തിന്റെ ചൈതന്യം നോക്കിനിൽക്കുകയായിരുന്നു. താനിക്കാലമത്രയും ജീവിച്ച ലോകമല്ല ഇത്. പച്ചവയലുകളിൽനിന്ന് പൊട്ടിവിടരുന്ന ആ പ്രഭാതമെവിടെ?. വയലുകളാലും മരങ്ങളാലും നദികളാലും മൂടിയ ആ ലോകമെവിടെ?’’[31] എത്തിച്ചേർന്ന ലോകം ഇടുങ്ങിയതും ഊഷരവുമാണെന്ന തിരിച്ചറിവിൽ അരവിന്ദൻ നാടിനെക്കുറിച്ചുള്ള ഗൃഹാതുരമായ ഓർമകളിൽ വീർപ്പുമുട്ടുന്നുണ്ട്. നാടു വിട്ട് പോകേണ്ടിവരുന്ന ഓരോ വ്യക്തിയും ഇത്തരം അനുഭവങ്ങളിലൂടെ കടന്നുപോകേണ്ടിവരിക സ്വാഭാവികമാണ്.

ദൽഹിയിലെ ആൾക്കൂട്ടത്തിന് നടുവിൽ നിൽക്കുമ്പോഴും നാടും നാട്ടുകാരും അരവിന്ദനിൽനിന്ന് വിട്ടൊഴിയുന്നില്ല. ജാനുവിന്റെ വിയർപ്പിന്റെ ഗന്ധവും അന്തോണിയുടെ റാക്കിന്റെ തീയും. ഇപ്പോഴും കൂടെയുള്ളതായി അനുഭവപ്പെടുന്ന അരവിന്ദൻ ഗ്രാമത്തിന്റെ ഓർമകളെ സ്വന്തം നെഞ്ചോടു ചേർത്ത് പിടിക്കുന്നു. അന്തോണിക്കും ജാനുവിനും അരവിന്ദനുമിടയിൽ ആയിരക്കണക്കിന് നാഴികകൾ പരന്നുകിടക്കുന്നുണ്ടെങ്കിലും ഗൃഹാതുരമായ ഓർമകളിൽനിന്ന് മുക്തനാകാൻ കഴിയാത്ത അരവിന്ദന്റെ മനസ്സ് സ്വന്തം ഗ്രാമത്തിന്റെ ഓർമകളിൽപ്പെട്ട് കിടക്കുകയാണ്. പച്ചവയലുകളിൽനിന്ന് പൊട്ടിവിടരുന്ന ആ ഗ്രാമത്തിന്റെ പ്രഭാതം എത്രയോ അകലെയാണ്. വയലുകളും മരങ്ങളും നദികളുംകൊണ്ട് സമ്പന്നമായ ആ ലോകം കൊതിയോടെ അരവിന്ദൻ ഓർത്തെടുക്കുകയാണ് ചെയ്യുന്നത്.

സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ ദൽഹിയിൽ എത്തപ്പെട്ട ഒരാളായി അരവിന്ദൻ മാറുന്നുവെങ്കിലും ദൽഹിയുമായി പൊരുത്തപ്പെട്ടുപോകാൻ അരവിന്ദന് കഴിയുന്നില്ല. ജോലിക്കുവേണ്ടി സായ്വിനെ കാണാൻപോകുന്ന അവസരത്തിൽ ടൈ ഫിറ്റ് ചെയ്യാൻ കരുണൻ ആവശ്യപ്പെടുമ്പോൾ ‘‘താൻ റോമിൽ ചെന്നാലും, ന്യൂയോർക്കിൽ ചെന്നാലും, പാരീസിൽ ചെന്നാലും അരവിന്ദൻ തന്നെ ആയിരിക്കും’’[32] എന്ന മറുപടിയാണ് കരുണന് കിട്ടുന്നത്. വ്യക്തിയെ ഉപേക്ഷിച്ച് മറ്റൊന്ന്

സ്വീകരിക്കുവാനോ തന്റെ വ്യക്തിത്വം ടൈയിൽ ഒതുക്കാനോ ശ്രമിക്കാത്ത ഒരാളായി അരവിന്ദൻ നിൽക്കുന്നു. കരുണന്റെ വീട്ടിൽവച്ച് വ്യത്യസ്തമാർന്ന ഭക്ഷണത്തിന് മുൻപിൽ ഇരിക്കുമ്പോൾ ''റൊട്ടിയെക്കാളും വെണ്ണയെക്കാളും നല്ലതല്ലേ നാളികേരം ചിരകിയിട്ട കഞ്ഞിയും ചമ്മന്തിയും''[33] എന്ന് അരവിന്ദൻ മീനാക്ഷിയോട് ചോദിക്കുന്നു. നാട്ടിൽനിന്ന് ശീലിച്ച ഭക്ഷണശീലങ്ങൾ മാറ്റാനോ പുതിയൊരു ഭക്ഷണക്രമത്തെ ഉൾക്കൊള്ളാനോ അരവിന്ദന് സാധിക്കുന്നില്ല. തന്റെ ചിത്രങ്ങൾ കാണാൻ വരുമ്പോൾ കേരളീയഭക്ഷണമായ മസാലദോശയും കാപ്പിയുമാണ് അരവിന്ദൻ കൂട്ടുകാർക്ക് വാഗ്ദാനം ചെയ്യുന്നത്.

ആധുനികർക്കും ആധുനികതാവാദത്തിനും തിരസ്കരിക്കാനാവാത്ത വിധം ദൃഢമായിത്തീർന്നതാണ് നാഗരികസംസ്കാരമെങ്കിലും ഈ സംസ്കാരം അരവിന്ദനിലെത്തുമ്പോൾ ഒരു ഗ്രാമവാസിയുടെതാണെന്ന് കാണാം. തന്റെ സുഹൃത്തായ ശാലിനിയെ നാഗരികതയുടെ പരിഷ്കാരങ്ങളിൽനിന്ന് രക്ഷിച്ച് ഒരിക്കലും മടുക്കാത്ത ഗ്രാമത്തിലേക്ക് കൊണ്ടുപോകണമെന്നാണ് അരവിന്ദൻ ആഗ്രഹിക്കുന്നത്. ''അവളെ ഒന്നരയും മുണ്ടും ഉടുപ്പിക്കണം. തലയിൽ പൂക്കൾ ചൂടിക്കണം എന്നിട്ട് കേരളത്തിൽ കൊണ്ടുപോയി വയലുകളുടെ തീരത്തിലൂടെ, തെങ്ങുകളുടെ ചുവട്ടിലൂടെ നടത്തിക്കണം. അമ്പലങ്ങളിൽ കൊണ്ടുപോയി താലപ്പൊലി എടുപ്പിക്കണം.''[34] നോവലിലെ പ്രധാനകഥാപാത്രമായ അരവിന്ദന്റെ മേൽപ്പറഞ്ഞ ആഗ്രഹങ്ങൾ ഏതൊരു പ്രവാസിയുടെയും ആഗ്രഹമായിരുന്നു.

കേരളീയതയെയും കേരളീയമായ ആചാരങ്ങളെയും സൂക്ഷിക്കുവാനുള്ള മലയാളിയുടെ ശ്രമങ്ങളും ഗൃഹാതുരതയുടെ ഭാഗമായിവേണം കാണാൻ. അരവിന്ദന്റെ മുറിയിലെത്തിയ ശാലിനി ഹാളിൽ തൂക്കിയിട്ട അയ്യപ്പന്റെ ചിത്രത്തെക്കുറിച്ച് ചോദിക്കുന്നുണ്ട്.[35] കേരളീയർ എവിടെ പോയാലും തങ്ങളുടെ ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും കൂടെ കൊണ്ടുപോകുന്നതിന് ഉദാഹരണമാണ് ഈ

ചിത്രം. ആധുനികതയുടെ അറുപതുകളിൽ കേരളത്തിന് പുറത്തേക്ക് പോയവർ കൊണ്ടുപോയത് കേരളീയത എന്ന പ്രാദേശികതയെക്കൂടിയായിരുന്നു. എത്തിപ്പെട്ട സ്ഥലത്തെ ദേശീയതകളുമായുള്ള നിരന്തരസംഘർഷത്തിൽ അവർ ഉഭയദേശീയതയെ സ്വീകരിച്ചുവെങ്കിലും 'കേരളീയത' എന്ന ഘടകം അതിനെ ആക്രമിച്ചു കൊണ്ട് നിലനിന്നു. പ്രത്യക്ഷമായ ആർഭാടങ്ങളും അണിയിച്ചൊരുക്കലുകളും ഈ ഗ്രാമീണതയെ പലപ്പോഴും മറച്ചുവയ്ക്കുമ്പോഴും ചില നിർണ്ണായകസന്ദർഭങ്ങളിൽ ആർക്കും തടയാനാകാത്ത വിധത്തിൽ അത് പുറത്തുവരുന്നു. അരവിന്ദന് ആധുനികതക്കുള്ളിൽ അധികനാൾ ഒളിച്ചുപാർക്കാൻ കഴിയാത്തതിന്റെ കാരണവും മറ്റൊന്നല്ല. കേരളീയപുരുഷത്വത്തിന്റെ ലക്ഷണമായാണ് നോവലിസ്റ്റ് അരവിന്ദന്റെ മീശയെ അവതരിപ്പിക്കുന്നത്. അരവിന്ദനും ഭവാനന്ദും കണ്ടുമുട്ടുന്ന രംഗം നോവലിസ്റ്റ് ഇങ്ങനെ വിശദീകരിക്കുന്നു. "നിങ്ങൾ ഒരു ടിപ്പിക്കൽ മലയാളിയാണ്. എന്തുകൊണ്ട്?. നിങ്ങളുടെ മീശ ഐ സപ്പോസ്. അവൻ പ്രായത്തിന് ചേരാത്ത തന്റെ മീശയെ അറിയാതെ തലോടിപ്പോയി. മീശ പുരുഷത്വത്തിന്റെയും ശക്തിയുടെയും ചിഹ്നമാണ്. കരുണൻ അയാളുടെ നേർത്ത റൊമാന്റിക് മീശ തലോടി." കേരളീയതയുടെയും മലയാളിത്തത്തിന്റെയും അടയാളമായി ഇവ നോവലിലും ഇടംപിടിക്കുന്നു.

പ്രവാസി ഏത് ദേശത്ത് ചെന്നാലും ദൃഷ്ടിയിൽപ്പതിക്കുന്ന കാഴ്ചകൾക്ക് വർണഭേദങ്ങളുണ്ടാകാം. എന്നാലവൻ ജന്മദേശത്തിലെ ചിരപരിചിതമായ ഗന്ധങ്ങളും നിറങ്ങളും രുചികളുമാണ് തേടുന്നത്. മാഹിയിൽനിന്ന് ദൽഹി പ്രവാസം സ്വീകരിച്ച മുകുന്ദന് ഗൃഹാതുരതയുടെ നനുത്ത ഓർമകൾ തന്റെ കഥാപാത്രങ്ങളിലൂടെ സമർത്ഥമായി ആവിഷ്കരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

### 4.5 മലയാളി സമാജം: കേരളത്തിന്റെ പ്രതിനിധാനം

പ്രവാസജീവിതം വ്യതസ്തമായ അനുഭവങ്ങൾ നൽകുമ്പോഴും പോകുന്നിടത്തെല്ലാം തങ്ങളുടേതായ ഒരു ലോകമുണ്ടാക്കാൻ മലയാളി ശ്രമിക്കാറുണ്ട്. ദൽ

ഹിയിലെ കേരളീയപ്രവാസികളുടെ കൂട്ടായ്മയാണ് മലയാളിസമാജം. മലയാളി സമാജത്തിന്റെ തിരഞ്ഞെടുപ്പമായി ബന്ധപ്പെട്ടാണ് നോവലിൽ ആ കൂട്ടായ്മ കട ന്നുവരുന്നത്. ദൽഹിമലയാളികളുടെ ജീവിതക്ഷേമത്തിനും പ്രശ്നപരിഹാര ത്തിനും ഓണം, വിഷു തുടങ്ങിയ ഉൽസവാഘോഷങ്ങളിലും കേരളീയത്തനിമ യുള്ള പരിപാടികൾ സംഘടിപ്പിക്കാനും മലയാളഭാഷാപഠനത്തിന് ഉതകുന്നതര ത്തിൽ വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിനും ഗവൺമെന്റിൽ സ്വാധീനം ചെലു ത്താനും മലയാളിസമാജത്തിന്റെ പ്രവർത്തനം ശ്രദ്ധകേന്ദ്രീകരിക്കുന്നു. മലയാ ളിക്ക് നഷ്ടമാകുന്ന കേരളീയത്തനിമ വീണ്ടെടുക്കാൻ ഉപകരിക്കുന്ന മലയാളിക ളുടെ കൂട്ടായ്മയാണിത്. എന്നാൽ ക്ഷേമപ്രവർത്തനങ്ങൾക്കപ്പുറത്ത് അധികാരവും മറ്റുമാണ് ഇവരുടെ ലക്ഷ്യമെന്ന് സമാജത്തിന്റെ തിരഞ്ഞടുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സാക്ഷ്യംവഹിക്കുന്നു.

സമാജത്തിന്റെ അച്ചടക്കരാഹിത്യവും, കാര്യദർശിയായ ഗോപിനാഥൻനായ രും ഉപകാര്യദർശിയായ ഉലഹന്നാനും തമ്മിലുള്ള വടംവലിയും പിന്നീടുള്ള തിര ഞ്ഞെടുപ്പും അതിനോടനുബന്ധിച്ചുള്ള വിജയപരാജയങ്ങളും വളരെ മനോഹരമാ യ രീതിയിൽ നോവലിസ്റ്റ് ചിത്രീകരിച്ചിരിക്കുന്നു. പത്രപ്രവർത്തകനെന്ന നിലയിൽ നേടിയെടുത്ത പ്രശസ്തി ഉപയോഗിച്ചാണ് നായർ കാര്യദർശിയായത്. നായർക്ക് സമാജത്തിലോ ദൽഹിയിലെ മലയാളികളുടെ ക്ഷേമാഭിവൃദ്ധിയിലോ താൽപര്യ മില്ല എന്നാണ് എതിർകക്ഷികളായ ഉലഹന്നാനും ബാലകൃഷ്ണക്കുറുപ്പും പറ ഞ്ഞുനടക്കുന്നത്. ഞങ്ങൾ അധികാരത്തിൽ വന്നാൽ - "ഒരു വയോജനസ്കൂൾ സമാജം നഗരത്തിൽ തുടങ്ങും. രണ്ട് കൊല്ലത്തിനകം സമാജത്തിന് സ്വന്തമായി ഒ രു കെട്ടിടമുണ്ടാകും. കൊല്ലംതോറും നന്നാലുനാടകങ്ങൾ കളിക്കും"[36] എന്നീ മധു രപ്രതീക്ഷകളാണ് സമാജത്തിലെ പ്രവാസികൾക്ക് അവർ നൽകുന്ന വാഗ്ദാന ങ്ങൾ.

വർഷങ്ങളായി സമാജത്തിനുവേണ്ടി ചോരനീരാക്കി പ്രവർത്തിക്കുന്ന ഗോപിനാഥൻനായരുടെ സഹായിയാണ് സോമൻ. സമാജത്തിലെ തിരഞ്ഞെടുപ്പ് വാർത്തയറിഞ്ഞ് അയാൾ ഓടിയെത്തുന്നു. തിരഞ്ഞെടുപ്പിൽ സോമനും അരവിന്ദനും ഗോപിനാഥൻനായർക്കുവേണ്ടി പ്രവർത്തിക്കുന്നു. ആരോപണങ്ങളും പ്രത്യാരോപണങ്ങളും നിറഞ്ഞ വാൾപോസ്റ്ററുകൾ തമ്മിൽ പടവെട്ടി. ഞായറാഴ്ച രാവിലെ സൗത്തവന്യൂവിലെ എംപീസ് ക്ലബിൽ വെച്ച് ജനറൽ ബോഡിയും തിരഞ്ഞെടുപ്പും നടന്നു. "ഗോപിനാഥൻനായരും ഉലഹന്നാനും മതങ്ങളായി മാറി. അവർ ക്രിസ്തുവും നബിയും ബുദ്ധനും വിഷ്ണുവുമായി. അവർ ക്രൂഷ്ചേവും ഐസൻ ഹോവറുമായി. അവർക്കുവേണ്ടി ജനം വാദിച്ചു. തെരുവുയുദ്ധം നടത്തി."[37] കേരളത്തിലെ ഒരു ഗ്രാമത്തിലെ പൊതുതിരഞ്ഞെടുപ്പിന്റെ എല്ലാ ആഘോഷങ്ങളും പാരയും കൊള്ളിവയ്പും ഈ തിരഞ്ഞെടുപ്പിൽ നമുക്ക് കാണാൻകഴിയുന്നു. ഫലം വന്നപ്പോൾ പത്തൊമ്പത് വോട്ടിന്റെ കുറവിൽ ഗോപിനാഥൻ നായരും ഇരുപത്തിയാറുവോട്ടിന്റെ വ്യത്യാസത്തിൽ സോമനും തോറ്റു. കഴിഞ്ഞ ഏഴു വർഷം സമാജത്തിനുവേണ്ടി ചോരനീരാക്കിയ ഗോപിനാഥൻനായരെ ജനം മറന്നു. അവധിയെടുത്ത് പഷ്ണികിടന്ന് പ്രവർത്തിച്ച സോമനെ ജനം മറന്നു. തിരഞ്ഞെടുപ്പിനായി അഹോരാത്രം പ്രവർത്തിച്ച അരവിന്ദന് ഈ തോൽവി തന്റെ ജീവിതത്തിലെ മറ്റൊരു പരാജയമായി തോന്നി.

നിസ്വാർത്ഥവും സത്യസന്ധവുമായ പത്രപ്രവർത്തനത്തിലും സാമൂഹികസേവനത്തിലും തന്റെ സ്വഭാവത്തിന്റെ തനിമ കണ്ടെത്തിയ ഗോപിനാഥൻനായർ അസൂയയും ദുരയും നിറഞ്ഞ ആധുനികസമൂഹത്തിൽ തന്റെ നന്മകൾ അപ്രസക്തമാണെന്ന് സ്വയം തിരിച്ചറിയുന്നു.

പ്രവാസികളുടെ പ്രശ്നങ്ങൾ അയാൾ ജീവിക്കുന്ന ചുറ്റുപാടുമായി ബന്ധപ്പെട്ടതാണ്. ഇവിടെ കേവലം ഒരു അടിസ്ഥാനഡിഗ്രി പോലുമില്ലാത്ത തൊഴിലാളിയായിട്ടാണ് അരവിന്ദൻ ദൽഹിയിലെത്തുന്നത്. ആദ്യമായി അന്യദേശത്തെത്തുന്ന ഒരാൾ നേരിടുന്ന അതിജീവനത്തിന്റെ പ്രശ്നങ്ങൾ യഥാർത്ഥത്തിൽ അരവിന്ദന് ഉ

ണ്ടാകുന്നില്ല. പ്രവാസിയുടെ വേറിട്ട പ്രശ്നങ്ങളിലേക്കാണ് അരവിന്ദന്റെ സാഹചര്യങ്ങൾ വിരൽചൂണ്ടുന്നത്. അതെല്ലാം സ്വയംകൃതമായി വന്നുപെടുന്ന, അഥവാ ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് സഞ്ചരിക്കാനുള്ള മോഹംകൊണ്ട് വന്നുചേരുന്നതാണ്. അതുമുഴുവൻ പ്രവാസികളെയും ബാധിക്കുന്നതാണെന്ന് പറയാനാകില്ല. എഴുത്തുകാരും കലാകാരന്മാരും വിദ്യാർത്ഥികളും തൊഴിൽ തേടുന്നവരും പത്രപ്രവർത്തകർ, കച്ചവടക്കാർ, ഉദ്യോഗസ്ഥർ തുടങ്ങി പ്രവാസജീവിത സാഹചര്യങ്ങളിൽ സാമാന്യേന കണ്ടെത്താനാവുന്ന സവിശേഷ ജീവിതസാഹചര്യങ്ങളെ കോർത്തിണക്കിക്കൊണ്ടാണ് ദൽഹിയിലെ പ്രവാസാനുഭവങ്ങളെ നോവലിസ്റ്റ് അവതരിപ്പിക്കുന്നത്.

പ്രവാസത്തിന്റെ മിക്കവാറും എല്ലാ പ്രത്യേകതകളും നമുക്ക് *ദൽഹി*യിൽ കാണാം. ഗൃഹാതുരത, അന്യവത്കരണം, തൊഴിൽ തേടിയുള്ളവരുടെ പ്രയാണം, അവരുടെ അതിജീവനത്തിന്റെ പ്രശ്നങ്ങൾ, സ്വത്വപ്രതിസന്ധി ഇങ്ങനെയുള്ള അനവധി കാര്യങ്ങൾ *ദൽഹി*യിൽ കണ്ടെത്താൻ സാധിക്കുന്നുണ്ട്. *ദൽഹി* എന്ന നോവലിലെ പ്രവാസമെന്ന ഘടകവുമായി ബന്ധിപ്പിച്ചിട്ടുള്ള പഠനം ഇവിടെ അവസാനിപ്പിക്കുന്നു. *ദൽഹി*ക്കുശേഷം രചിക്കപ്പെട്ട *ദൽഹിഗാഥ* എന്ന നോവലിൽ പ്രവാസത്തിന്റെ പരിസരം എത്രമാത്രം ശക്തമായി മുകുന്ദൻ ആവിഷ്കരിക്കുന്നു എന്നുള്ളത് അടുത്ത അധ്യായത്തിൽ വിശദീകരിക്കുന്നു.

**കുറിപ്പുകൾ**

---

1 1968 ൽ മനുഷ്യാവകാശലംഘനങ്ങൾക്കെതിരായി ഫ്രാൻസിലെ യുവജനങ്ങളും യൂണിവേഴ്സിറ്റി അധ്യാപകരും തൊഴിലാളികളും നടത്തിയ സമരം ഫ്രാൻസിനെ സാമ്പത്തികമായി തകർത്തു. നൂറുകണക്കിന് കുട്ടികളെ അറസ്റ്റ്ചെയ്തു. https://em.m.Wikipedia.

2 കമ്മ്യൂണിസ്റ്റ് ഡെമോക്രാറ്റിക്ക് റിപ്പബ്ലിക് ഓഫ് വിയറ്റ്നാമും (ഉത്തരവിയറ്റ്നാം) റിപ്പബ്ലിക്ക് ഓഫ് വിയറ്റ്നാമും (ദക്ഷിണവിയറ്റ്നാം) തമ്മിൽ നടന്ന യുദ്ധമാണ് വിയറ്റ്നാം യുദ്ധം. വിയറ്റ്നാമിന്റെ ആഭ്യന്തരയുദ്ധമെന്നതിലുപരി അമേരിക്ക കമ്മ്യൂണിസ്റ്റ് ശക്തികൾക്കെതിരെ നടത്തിയ ഒരു യുദ്ധമായിരുന്നു ഇത്. 1959 മുതൽ 1975 ഏപ്രിൽ 30 വരെയുള്ള കാലയളവിലാണ് ഈ യുദ്ധം നടന്നത്. യുദ്ധത്തിൽ കമ്മ്യൂണിസ്റ്റ് സഖ്യങ്ങൾ ഉത്തരവിയറ്റ്നാമിനെയും യുണൈറ്റഡ് ദക്ഷിണവിയറ്റ്നാമിനെയും പിന്തുണച്ചു. https://ml.m.Wikipedia.org.wiki.

3 പനയാൽ പി.വി.കെ, (അഭിമുഖം), *സ്നേഹസൗഹൃദങ്ങളുടെ നഷ്ടകാലം*, മാതൃഭൂമി ആഴ്ച്ചപ്പതിപ്പ്, പുസ്ത 86, ല. 12 (2008), പു. 60.

4 മുകുന്ദൻ, എം, *ദൽഹി*, കോട്ടയം: ഡി.സി ബുക്സ്, 2012, പു. 24.

5 ടി, പു. 6.

6 ടി, പു. 6.

7 ടി, പു. 48.

8 ശ്രീലതാവർമ്മ, ആർ. *ദൽഹി മുതൽ ദൽഹി വരെ* (എഡി. പ്രതാപൻ, തായാട്ട്, പ്രവാസം: നോവൽപഠനങ്ങൾ), കോഴിക്കോട്: ഹരിതം ബുക്സ്, 2018, പു. 67.

9 എം. മുകുന്ദൻ, *ദൽഹി*, കോട്ടയം: ഡി.സി ബുക്സ്, 2012, പു. 35.

10 ടി, പു. 184.

11 ടി, പു. 34-35.

12 ടി, പു. 180.

13 അയ്യപ്പപണിക്കർ (എഡി.), (പുന. ജവഹരക്കുറുപ്പ്. പി), *കാമാസൂത്രം*, കോട്ടയം: ഡി.സി ബുക്സ്, 1983, പു. 6.

14 (അരവിന്ദനും ശാലിനിയുമായുള്ള ബന്ധത്തെ നോവലിസ്റ്റ് ഇപ്രകാരമാണ് വർണിക്കുന്നത്- "തലമുടി ബന്ധിച്ചുവെച്ച റബ്ബർവലയം ഊരിയെടുത്ത പ്പോൾ അവളുടെ തലമുടി ചിതറിവീണു. നെറ്റിയിലെ വലിയ പച്ച നിറത്തി ലുള്ള പൊട്ട്, സിഗരറ്റുകറ പിടിച്ച ചുണ്ടുകളാൽ മായ്ച്ചു. കുർത്തയുടെ കു ടുക്കുകൾ ഓരോന്നായി സാവധാനം അഴിച്ചു. ചെറിയ അചുംബിതങ്ങളായ ആ മുലകളിൽ മുഖം പൂഴ്ത്തിയപ്പോൾ അവന്റെ കണ്ണുകളിൽനിന്നും ജലം ഒഴുകി), എം. മുകുന്ദൻ, *ദൽഹി*, കോട്ടയം: ഡി.സി ബുക്സ്, 2012. പു. 160.

15 ടി, പു. 92.

16 കെ. പി. അപ്പൻ, *നോവലിന്റെ കലയിൽ ഒരു വഴിമാറിനടപ്പ്*, (മാറുന്നമ ലയാളനോവൽ) കൊല്ലം: ഇംപ്രിന്റ് ബുക്സ്, 1997, പു. 125.

17 അസ്തിത്വം സത്തയ്ക്ക് മുമ്പേനിലനിൽക്കുന്നുവെന്ന തത്ത്വത്തിലും മനു ഷ്യൻ സ്വതന്ത്രനാണ് എന്ന ചിന്തയിലും അധിഷ്ഠിതമാണ് സാർത്രിന്റെ അസ്തിത്വചിന്ത, കെ. രാഘവൻപിള്ള, *സാർത്രിന്റെ അസ്തിത്വദർശനം*, കോട്ടയം: നാഷണൽ ബുക്സ്റ്റാൾ, 1982, പു.16.

18 എം.മുകുന്ദൻ, *ദൽഹി*, കോട്ടയം: ഡി.സി ബുക്സ്, 2012, പു. 97.

19 ടി, പു. 183.

20 ടി, പു. 23.

21 ടി, പു. 16.

22 ടി, പു. 77.

23 ടി, പു. 13.

24 ടി, പു. 13.

25 ടി, പു. 112.

26 ശ്രീലതാവർമ്മ, ആർ, *ദൽഹി മുതൽ ദൽഹി വരെ* (എഡി. പ്രതാപൻ, തായാട്ട്), പ്രവാസം: നോവൽപഠനങ്ങൾ), കോഴിക്കോട്: ഹരിതം ബുക്സ്, 2018, പു. 67.

27 എം.മുകുന്ദൻ, *ദൽഹി*, കോട്ടയം: ഡി.സി ബുക്സ്, 2012. പു. 71.

28 ടി, പു. 165.

29 ടി, പു. 173.

30 ടി, പു. 11.

31 ടി, പു. 31.

32 ടി, പു. 22.

33 ടി, പു. 22.

34 ടി, പു. 12-13.

35 ടി, പു. 81.

36 ടി, പു. 143.

37 ടി, പു. 149.

# അധ്യായം: 5

# 'ദൽഹിഗാഥകൾ'

# പ്രവാസവും അതിജീവനവും

ആഭ്യന്തരപ്രവാസിയായ എം. മുകുന്ദൻ തന്റെ കൃതികളിൽ പലപ്പോഴായി ആവിഷ്കരിച്ചിട്ടുള്ള പ്രവാസമെന്ന അനുഭവത്തെ ഒരു വ്യത്യസ്തവീക്ഷണത്തിൽ നോക്കിക്കാണുന്ന കൃതിയാണ് ദൽഹിഗാഥകൾ. സ്വാതന്ത്ര്യാനന്തര ഇന്ത്യയിലുണ്ടായ രാഷ്ട്രീയ സ്ഥിതിവിശേഷങ്ങളും കലാപങ്ങളും യുദ്ധങ്ങളും ദൽഹിയെന്ന മഹാനഗരത്തിൽ സൃഷ്ടിച്ച ദുരന്തങ്ങളുടെ നേർക്കാഴ്ചയാണ് 2011-ൽ പ്രസിദ്ധീകരിച്ച ഈ കൃതിക്ക് പശ്ചാത്തലമാകുന്നത്.

ജന്മദേശമായ മയ്യഴിയെക്കാൾ മുകുന്ദനെ ആകുലനാക്കിയിട്ടുള്ളത് ദൽഹിയാണ്. എന്തുകൊണ്ടെന്നാൽ ദൽഹി ഇന്ത്യയുടെ തലസ്ഥാനനഗരിയാണ്. ഇന്ത്യൻ ജനാധിപത്യത്തിന്റെ കേന്ദ്രമാണത്. ആഭ്യന്തരപ്രവാസിയായ മുകുന്ദൻ ദൽഹിയിൽ ജീവിച്ചുതീർത്ത നാൽപ്പത് വർഷത്തെ ജീവിതാനുഭവത്തിന്റെയും അക്കാലഘട്ടത്തിലെ രാഷ്ട്രീയചരിത്രസംഭവങ്ങളുടെയും ആവിഷ്കാരമാണ് *ദൽഹി ഗാഥകൾ*.[1] ഇന്ത്യാചരിത്രത്തിലെ സംഭവബഹുലമായ നീണ്ടകാലത്തെ അടുത്തുനിന്നറിഞ്ഞ ഒരെഴുത്തുകാരന്റെ/നോവലിസ്റ്റിന്റെ ആത്മനിഷ്ഠമെങ്കിലും ചരിത്രത്തോട് ചേർന്നുനിൽക്കുന്ന ആഖ്യാനമാണത്.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഉണ്ടായ ദേശീയവും ദേശാന്തരവുമായ രാഷ്ട്രീയ സംഘർഷങ്ങളെ കേന്ദ്രീകരിച്ചാണ് നോവലിന്റെ ഇതിവൃത്തം വികസിക്കുന്നത്. അതായത്; ഇന്ത്യയ്ക്ക് വെല്ലുവിളികൾ ഉയർത്തിയ 1962, 1965, 1971 കാലഘട്ടത്തിലെ ഇന്ത്യ-ചൈന, ഇന്ത്യ-പാക്കിസ്ഥാൻ യുദ്ധങ്ങൾ, 1975-1977 കാലഘട്ടത്തിലെ അടിയന്തരാവസ്ഥ, ഇന്ദിരാഗാന്ധിവധത്തെ തുടർന്നുള്ള സിഖ്

വിരുദ്ധകലാപം തുടങ്ങിയ രാഷ്ട്രീയപ്രശ്നങ്ങളെ അവതരിപ്പിക്കുന്ന ഈ നോവൽ ദൽഹിയുടെ ജീവിതചുറ്റുപാടിലേയ്ക്ക് ഇണങ്ങിച്ചേരാൻ ശ്രമിക്കുന്ന മലയാളികളുടെയും മറ്റ് ദേശക്കാരുടെയും കഥയാണ് പറയുന്നത്. വടക്കേ മലബാറിന്റെ പ്രാദേശികസ്വത്വത്തിൽ നിന്നുറവെടുത്ത് കേരളത്തിന്റെ പ്രാദേശികതയിലൂടെ ദേശീയതയിലേക്ക് അന്വയിക്കാൻ ശ്രമിക്കുമ്പോഴുണ്ടാകുന്ന വിഘ്വലതകളും വിങ്ങലുകളുമനുഭവിപ്പിക്കുന്ന ഈ നോവൽ ഇന്ത്യൻജീവിതത്തിന്റെ ചരിത്രരേഖയാണ്. പട്ടിണിയിലും യുദ്ധത്തിലും അരാജകത്വത്തിലും മനുഷ്യത്വത്തിന് എന്തുപറ്റിയെന്ന അന്വേഷണത്തെ പ്രവാസികളുടെ കാഴ്ചപ്പാടിലൂടെയും അനുഭവങ്ങളിലൂടെയും അവതരിപ്പിക്കാനാണ് മുകുന്ദൻ ഈ നോവലിലൂടെ ശ്രമിക്കുന്നത്.

## 5.1 നോവൽ: ആഖ്യാനവും വ്യക്തിചിത്രങ്ങളും

നാനൂറ്റി തൊണ്ണൂറ്റിനാല് പേജുകളുള്ള ദൽഹിഗാഥകൾ ഉള്ളടക്കത്തിന്റെ സ്വഭാവമനുസരിച്ച് ഏഴു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. യുദ്ധങ്ങളുടെ കാലമെന്ന ഒന്നാം ഭാഗത്തിൽ ഇന്ത്യ-ചൈന, ഇന്ത്യ-പാക് (1966, 1971) എന്നീ യുദ്ധങ്ങൾ ഭാരതത്തിൽ വിതച്ച വറുതിയുടെയും കെടുതിയുടെയും ജീവിതചിത്രീകരണമാണുള്ളത്. ഇതിൽ ഒൻപത് അധ്യായങ്ങളിലായി പ്രവാസികളും സ്വദേശികളുമായ ദൽഹിനിവാസികളുടെ ജീവിതത്തിന്റെ നാനാവശങ്ങൾ നോവലിസ്റ്റ് അവതരിപ്പിക്കുന്നു. അവരുടെ മോഹങ്ങൾ, മോഹഭംഗങ്ങൾ, യുദ്ധം വിതയ്ക്കുന്ന ഭീകരസാഹചര്യങ്ങൾ, വിനോദങ്ങൾ, പ്രത്യാശകൾ, നിരാശകൾ ഇങ്ങനെ ജനജീവിതത്തിന്റെ കൃത്യമായ രേഖാചിത്രങ്ങളിലൂടെ ആഭ്യന്തരപ്രവാസത്തിന്റെ പ്രശ്ന വൈപുല്യത്തിലേക്കാണ് നോവലിസ്റ്റ് വായനക്കാരെ നയിക്കുന്നത്.

ബംഗ്ലാദേശ് അഭയാർത്ഥി പ്രവാഹവും സ്വാതന്ത്ര്യാനന്തരമുണ്ടായ ദരിദ്രമായ ജിവിതസാഹചര്യവും (ഇന്ത്യാവിഭജനത്തെത്തുടർന്ന്) നാട്ടിൽ സൃഷ്ടിച്ച കൊടിയ ദാരിദ്ര്യവും പട്ടിണിയും ആധാരമാക്കുന്നതാണ് എട്ട് അധ്യായങ്ങളിലായി വിവരിക്കുന്ന വിശപ്പിന്റെ റിപ്പബ്ലിക്കെന്ന രണ്ടാംഭാഗം

ജാതിയും മതവും മനുഷ്യജീവിതത്തിലെ സന്തോഷങ്ങളെ തല്ലിക്കെടുത്തുന്നു; ജീവിക്കാൻ ആഗ്രഹിക്കുന്ന യൗവനങ്ങളെ മരണത്തിലേക്ക് നയിക്കുന്നു. പ്രണയത്തിന്റെ വർണാഭമായ ലോകം ശവകുടീരങ്ങളാൽ ശോകമൂകമാകുന്നു. ഇപ്രകാരം ജാതിയും മതവും സൃഷ്ടിക്കുന്ന അധമവികാരങ്ങളുടെ അടിമകളാകുന്ന മനുഷ്യരുടെ ജീവിതാവസ്ഥകളാണ് എട്ട് അധ്യായങ്ങളുള്ള ശവകുടീരങ്ങളും ജാതിമതങ്ങളും എന്ന മൂന്നാം ഭാഗത്തിലുള്ളത്.

തമോഗർത്തങ്ങൾ എന്ന നാലാം ഭാഗത്തിൽ 1975 ജൂൺ മുതൽ 1977 മാർച്ച് വരെ നിലനിന്ന അടിയന്തരാവസ്ഥയുടെ ഫലമായി കൃത്രിമമായി സൃഷ്ടിച്ചെടുത്ത അച്ചടക്കം, മനുഷ്യന്റെ ജീവിതപ്രതീക്ഷയ്ക്ക് മേൽ വീഴ്ത്തിയ കരിനിഴൽ, ജനസംഖ്യാനിയന്ത്രണത്തിന്റെ പേരിൽ നടത്തുന്ന നിർബന്ധിത വന്ധ്യംകരണം, ദുർബല ജനതയുടെ തിരോധാനം, മുൻകൂർ ജയിലിലടയ്ക്കൽ, ഭീതിദമായ ജനജീവിതം, സൗന്ദര്യവത്കരണത്തിന്റെ പേരിൽ ചേരിനിവാസികളെ ഒഴിപ്പിക്കൽ തുടങ്ങി വിഹ്വലമാർന്ന സാമൂഹ്യജീവിത ചിത്രീകരണമാണ് പതിനൊന്ന് അധ്യായങ്ങളിലായി നോവലിസ്റ്റ് വിവരിക്കുന്നത്.

'മോഹങ്ങളും മോഹഭംഗ'ങ്ങളും എന്ന അഞ്ചാംഭാഗത്തിൽ അടിയന്തരാവസ്ഥയ്ക്ക് ശേഷം ജനങ്ങൾ അനുഭവിക്കുന്ന ദുരനുഭവങ്ങളെ ആറ് അധ്യായങ്ങളിലൂടെ ചിത്രീകരിക്കുന്നു. 'രക്തയമുന' എന്ന ആറാംഭാഗം - ഓപ്പറേഷൻ ബ്ലൂസ്റ്റാറും ഇന്ദിരാഗാന്ധിവധവും തുടർന്നുണ്ടായ സിഖ് വിരുദ്ധകലാപങ്ങളും ഒൻപത് അധ്യായങ്ങളിലായി വിവരിക്കുന്നു. 'മടക്കയാത്ര' എന്ന ഏഴാംഭാഗത്തിൽ പ്രവാസികളായി ദൽഹിയിലെത്തിയവർ സ്വദേശത്തേയ്ക്ക് മടങ്ങാൻ ശ്രമിക്കുന്നു. മേൽപ്പറഞ്ഞ കാലഘട്ടത്തിൽ ഭാരതീയരനുഭവിച്ച മാനസികസംഘർഷം, ഭാരതത്തിന്റെ രാഷ്ട്രീയതലങ്ങൾ, നയതന്ത്രജ്ഞത, ഭരണപരമായ നയങ്ങൾ, തന്ത്രങ്ങൾ, പ്രത്യാഘാതങ്ങൾ, മറ്റ് ഇടപെടലുകൾ, മനുഷ്യബന്ധങ്ങൾ, ആ ബന്ധങ്ങ

ളുടെ ഉലച്ചിൽ എന്നിവയെല്ലാം സഹദേവനെന്ന പ്രവാസിയുടെ കണ്ണിലൂടെ വളരെ മനോഹരമായി മുകുന്ദൻ ആവിഷ്കരിച്ചിരിക്കുന്നു.

### 5.1.1 സഹദേവൻ

1959 ജൂൺ മാസത്തിൽ കേന്ദ്രകഥാപാത്രമായ സഹദേവൻ ദൽഹിയിലെത്തിയതുമുതലാണ് *ദൽഹി ഗാഥകൾ* ആരംഭിക്കുന്നത്. സഹദേവൻ വെറുമൊരു കഥാപാത്രമല്ല. അയാൾ പുരോഗമന രാഷ്ട്രീയവീക്ഷണമുള്ളയാളും പ്രപഞ്ചത്തോളം വലിയ മനുഷ്യസ്നേഹിയും നോവലിസ്റ്റുമാണ്. അച്ഛൻ, അമ്മ, അനിയത്തിമാർ ഈ നാലുപേരടങ്ങുന്ന കുടുംബത്തിന്റെ ഏകാശ്രയമായിരുന്നു സഹദേവൻ. ''രാജ്യത്തിന്റെ സ്വാതന്ത്ര്യം അതിലെ ജനങ്ങൾക്ക് നൽകേണ്ടത് അന്തസ്സുള്ള ജീവിതമാണ്''[2] എന്ന് വിശ്വസിക്കുന്ന അയാൾ ഒട്ടേറെ സ്വപ്നങ്ങളോടെയാണ് ദൽഹിയിലെത്തിയത്. ഇടവപ്പാതിയ്ക്ക് മുമ്പ് പുര മേയാനും റേഷൻ വാങ്ങാനും മരുന്നും കുഴമ്പും വാങ്ങാനും കടം വാങ്ങിയിരുന്ന ശേഖരൻനമ്പ്യാർക്ക് ഒരാഗ്രഹമേയുള്ളു, ഇനിയെങ്കിലും കടം വാങ്ങാതെ കഴിഞ്ഞുകൂടണം. സഹദേവനും വളരെയേറെ സ്വപ്നങ്ങൾ ഉണ്ടായിരുന്നു. ''ദൽഹിയിൽ എത്തിക്കിട്ടിയാൽ തന്റെ ദുരിതങ്ങൾ അവസാനിക്കുമെന്ന് സഹദേവൻ പ്രതീക്ഷിച്ചു. രാജ്യത്ത് സ്വാതന്ത്ര്യത്തിന്റെ സൂര്യൻ ആദ്യം ഉദിച്ചത് ദൽഹിയിലാണല്ലോ. ദേശീയപതാക ആദ്യമായി ഉയർന്നത് ഇവിടെയാണ്. സ്വാതന്ത്ര്യാനന്തരം ഇന്ത്യ സമ്പന്നതയിലേക്കും സുഭിക്ഷതയിലേയ്ക്കും യാത്ര ആരംഭിച്ചത് ദൽഹിയിൽ വച്ചാണ്.''[3] അയാളുടെ സ്വപ്നങ്ങളിൽ രാജവീഥികളും പൂന്തോട്ടങ്ങളും ബംഗ്ലാവുകളുമുണ്ടായിരുന്നു. അവക്കിടയിൽ കറുത്ത കാറിൽ ലോക്സഭാമന്ദിരത്തിലേയ്ക്ക് പോകുന്ന നെഹ്റുവായിരിക്കും തന്റെ ആദ്യകാഴ്ചയെന്നും അതിൽനിന്നാണ് തന്റെ നോവൽ തുടങ്ങുക എന്നും സഹദേവൻ വിചാരിച്ചു. എന്നാൽ നയിദില്ലിയിലേയ്ക്ക് തീവണ്ടിയിൽ എത്തിച്ചേർന്ന സഹദേവനെ അഭിമുഖീകരിച്ചത് ദുർഗന്ധം വമിക്കുന്ന ചളിവെള്ളക്കെട്ടും അതിൽ മദിക്കുന്ന പന്നികളും ചേരിനിരകൾക്ക് മുന്നിൽ അഴുക്കുചാലിൽ

കുഞ്ഞുങ്ങളെ കുളിപ്പിക്കുകയും തുണിതിരുമ്പുകയും ചെയ്യുന്ന പെണ്ണുങ്ങളും തീവണ്ടിക്ക് നേരെ തിരിഞ്ഞിരുന്ന് വിസർജ്ജിക്കുന്ന മധ്യവയസ്കനുമാണ്. പ്രവാസാനുഭവങ്ങൾക്കിടയിൽ സഹദേവൻ കാണുന്ന ദേശത്തിന്റെ (Nation) ഇരുണ്ട ചിത്രങ്ങൾ പ്രക്ഷോഭജനകമായി മുകുന്ദൻ ഇവിടെ ആഖ്യാനം ചെയ്യുന്നു.

ഒട്ടേറെ പ്രതീക്ഷകളും സ്വപ്നങ്ങളുമായി ദൽഹിയിൽ വന്ന് ഒരു സ്വകാര്യകമ്പനിയിൽ ജോലിനോക്കി, പിന്നീട് ചെറിയൊരു ബിസിനസ്സ് തുടങ്ങി, അത് അടിയന്തരാവസ്ഥക്കാലത്ത് തകർക്കപ്പെട്ട്, നിസ്വനായി, വിവാഹംപോലും കഴിക്കാതെ ഏകാകിയായി, ഒടുവിൽ മോഹഭംഗങ്ങളുടെ നടുവിൽപ്പെട്ട് ദൽഹിയോട് വിടപറഞ്ഞ് പോകുന്നതിനിടയിൽ സഹദേവൻ നിഷ്ഠയോടെ ചെയ്ത ഒരു കാര്യം എഴുത്താണ്. നിരന്തരമായ എഴുത്ത്. ദൽഹിയെക്കുറിച്ച് താനെഴുതിയ നോവൽ മലയാളനോവലിസ്റ്റായ മുകുന്ദനെ ഏൽപ്പിച്ചതിനുശേഷം സഹദേവൻ നാട്ടിലേയ്ക്ക് മടങ്ങുന്നു. സഹദേവൻ താൻ തന്നെയാണെന്ന് മുകുന്ദൻ വ്യക്തമാക്കുന്നുണ്ട്.[4] ജാതിമത വ്യത്യാസമോ ലിംഗഭേദമോ ഇല്ലാതെ എല്ലാവരെയും രക്ഷിക്കുകയെന്നുള്ളത് തന്റെ ഉത്തരവാദിത്തമാണെന്ന് സ്വയം വിശ്വസിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന കഥാപാത്രമാണ് സഹദേവൻ.

### 5.1.2 ശ്രീധരനുണ്ണി എന്ന പ്രവാസി

കേരളത്തിൽനിന്ന് ഉപജീവനാർത്ഥം ദൽഹിയിലെത്തി ആഭ്യന്തരപ്രവാസിയായി കഴിയുന്ന ശ്രീധരനുണ്ണി കുടുംബസമേതം സേവാനഗറിലാണ് കഴിയുന്നത്. സെക്രട്ടേറിയറ്റിലെ ക്ലാസ്ഫോർ ജീവനക്കാരനായ ശ്രീധരനുണ്ണി തൊഴിലാളി പ്രവർത്തനങ്ങളിലൂടെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തോട് അടുക്കുകയും വലിയ വിമോചനസ്വപ്നങ്ങൾ ഉള്ളിൽക്കൊണ്ടുനടക്കുകയും ചെയ്തയാളാണ്. ചരിത്രമുറങ്ങുന്ന മണ്ണിൽ (ദൽഹിയിൽ) സഹദേവന് സഹായഹസ്തവുമായി ആദ്യം എത്തുന്നത് ശ്രീധരനുണ്ണിയാണ്. 1962 ഒക്ടോബർ 21 ന് ശ്രീധരനുണ്ണി ഈ ലോകത്തോട്

വിടപറയുന്നു. അതിന് കാരണമായിത്തീർന്നത് ഇന്ത്യ-ചൈനയുദ്ധമായിരുന്നു. യുദ്ധമുഖത്തുവച്ച് ഒരു സൈനികനുണ്ടാകുന്ന ജീവഹാനിയായിരുന്നില്ല അത്. കമ്മ്യൂണിസ്റ്റ് വസന്തത്തിന്റെ നാടായ ചൈനയിൽ പ്രതീക്ഷയർപ്പിച്ചിരുന്ന; കോമ്രേഡ് ചൗ എൻലായിയുടെ പടം ചില്ലിട്ടു സൂക്ഷിച്ചിരുന്ന, ഒരു നൂറുപുഷ്പ ങ്ങൾ ഒന്നിച്ചുവിരിയാൻ കാത്തിരുന്ന ഒരു യഥാർത്ഥ മലയാളികമ്മ്യൂണിസ്റ്റുകാരന് സംഭവിച്ച വിശ്വാസനഷ്ടത്തിന്റെ ഹൃദയാഘാതമായിരുന്നു അത്. 1962-ലെ ഇന്ത്യ-ചൈനയുദ്ധം കണ്ടും കേട്ടും പ്രതികരിക്കാനുള്ള അവസരത്തിനു പോലും കാത്തു നിൽക്കാതെ ഹൃദയസ്തംഭനം മൂലമാണ് ശ്രീധരനുണ്ണി മരിക്കുന്നത്. ശ്രീധരനുണ്ണി യെപ്പോലെ നൂറുകണക്കിനാളുകളായിരുന്നു ഇന്ത്യയിൽ കമ്മ്യൂണിസ്റ്റ് അനുഭാവിക ളായി ഉണ്ടായിരുന്നത്. അവരുടെയെല്ലാം ഹൃദയം തകർത്ത ഒന്നായിരുന്നു ഇന്ത്യ-ചൈനയുദ്ധം. അതിനെക്കുറിച്ച് മുകുന്ദൻ ഇങ്ങനെ പ്രതികരിക്കുന്നു. ''ചൈന ആക്രമണത്തെത്തുടർന്ന് എനിക്ക് വരേണ്ടിയിരുന്ന ഹൃദയാഘാതമാണ് ഞാൻ ദൽഹിഗാഥകളിലെ ശ്രീധരനുണ്ണിക്കു കൊടുത്തത്. അറുപതുകളിലെയും എഴുപ തുകളിലെയും മലയാളിയുവത്വത്തിന്റെ നിരാശാബോധത്തിന് ചൈനീസ് അധിനി വേശം വലിയ പങ്കുവഹിച്ചിരുന്നു. ഒരു സ്വപ്നനാശത്തിന് തുടക്കംകുറിച്ചു ആ യുദ്ധം'[5]. ആദ്യത്തെ അധ്യായത്തിൽത്തന്നെ മരിച്ചുപോകുന്നുവെങ്കിലും ശ്രീധരനു ണ്ണി നോവലിന്റെ അവസാനംവരെ നമ്മെ പിന്തുടരുന്നുണ്ട്.

### 5.1.3 നിർവീര്യനാക്കപ്പെട്ട പത്രപ്രവർത്തകൻ

ബഹദൂർഷാ സഫർ മാർഗ്ഗിലെ പ്രമുഖപത്രത്തിലെ ലേഖകനും പുരോഗമന ചിന്താഗതിക്കാരനുമാണ് കുഞ്ഞിക്കൃഷ്ണൻ. അദ്ദേഹം ഭാര്യ ലളിതയ്ക്കൊപ്പം ലജ്പത് നഗറിലെ ന്യൂഡബിൾസ്റ്റോറിലാണ് താമസം. തന്റെ ഉള്ളിലെ ആശയ ങ്ങളെ മറവില്ലാതെ ആവിഷ്ക്കരിക്കുന്നതിനുള്ള ഉപാധികൂടിയാണ് അദ്ദേഹത്തിന് പത്രപ്രവർത്തനം. കഠിനാദ്ധ്വാനിയും അർപ്പണബോധവുമുള്ള കുഞ്ഞിക്കൃ ഷ്ണന്റെ ആശയങ്ങൾക്കനുസരിച്ചുള്ള ആവിഷ്കാരസ്വാതന്ത്ര്യം അധികാരികൾ

നിഷേധിച്ചതിനാലാണ് ജോലി രാജിവച്ച് സ്വതന്ത്രപത്രപ്രവർത്തനം ആരംഭിക്കുന്നത്. ഈ സമയത്ത് അടിയന്തരാവസ്ഥ പ്രഖ്യാപനത്തിന്റെ ഫലമായി എഴുത്തുകാരെയും പുരോഗമനാശയക്കാരെയും ജയിലിലടയ്ക്കുകയും അതിക്രൂരമായി പീഡിപ്പിക്കുകയും ചെയ്യുന്നു. എഴുത്തുകാരുടെ ഇരുകൈകളും ഇനിയൊരിക്കലും പ്രവർത്തിക്കാത്ത വിധത്തിൽ തല്ലിത്തകർത്ത് ജയിൽ മോചിതരാക്കുന്നു. അത്തരത്തിൽ ശാരീരികമായി അവശതകളോടെ വീട്ടിലെത്തിയ കുഞ്ഞിക്കൃഷ്ണന്റെ ആത്മവീര്യമൊന്നുകൊണ്ട് മാത്രമാണ് അയാൾക്ക് തുടർന്ന് പ്രവർത്തിക്കാനായത്. അടിയന്തരാവസ്ഥക്കാലത്ത് അധികാരത്തിന്റെ കരാളഹസ്തങ്ങൾ കുഞ്ഞിക്കൃഷ്ണന്റെ കൈകൾ തകർത്തപ്പോൾ ആ കരങ്ങൾക്ക് കരുത്ത് പകരുന്നത് ലളിതയാണ്.

### 5.1.4 ആവിഷ്കാരമൂല്യം തേടുന്ന പ്രവാസി

പത്തൊൻപതാം വയസ്സിൽ കേരളത്തിലെ നെന്മണ്ടയിൽ നിന്ന് ചിത്രകാരനാവുക എന്ന മോഹത്തോടെ പഞ്ചാബിലെത്തിച്ചേർന്ന വ്യക്തിയാണ് വാസവപ്പണിക്കർ. തൊഴിൽതേടി പ്രവാസിയാകുന്ന പ്രവാസലോകത്തിന് വ്യത്യസ്തനാണ് വാസു. സ്കെച്ചുകളും പെൻസിലുകളും തന്റെ സഞ്ചിയിലിട്ട് കേരളത്തിൽ നിന്നുള്ള വണ്ടി കയറിയ ആ ചെറുപ്പക്കാരൻ നാടുവിടുന്നതിനുള്ള കാരണം ദാരിദ്ര്യമായിരുന്നില്ല. കലക്ടറായിരുന്ന ശ്രീകണ്ഠപ്പണിക്കരുടെ മകനായ വാസു കലാകാരൻമാർക്ക് വളരാനുള്ള ഇടമാണ് വടക്കേഇന്ത്യയെന്ന് മനസ്സിലാക്കിയാണ് നാട് വിട്ട് അവിടെയെത്തിയത്. പ്രവാസികളുടെ ലക്ഷ്യങ്ങളിൽ നിന്ന് വിരുദ്ധമായ നിലപാടുള്ള വാസുവിന്റെ ലക്ഷ്യങ്ങളും ഒറ്റപ്പെട്ടതായിരുന്നു. പിറന്നനാടിനോടോ അച്ഛനമ്മമാരോടോ മറ്റ് ബന്ധങ്ങളോടോ യാതൊരു പ്രതിബദ്ധതയുമില്ലാത്ത ആ ചെറുപ്പക്കാരന് മനുഷ്യബന്ധങ്ങളിലോ സാമ്പത്തികനേട്ടങ്ങളിലോ താൽപ്പര്യമില്ല. നിസ്സംഗതയുടെ പ്രതീകമായ പ്രവാസിയാണ് വാസു. ആഹാരത്തിനായി അലയുന്ന ആ ചെറുപ്പക്കാരന് ലോകം തന്നെയാണ് വീട്.

വാസുവിന്റെ കഴിവുകളെ തിരിച്ചറിഞ്ഞ ഹരിലാൽ ശുക്ല ഒരു പ്രമോട്ടറുടെ സ്ഥാനത്ത് പ്രവർത്തിക്കാൻ കാരണം വാസുവിലെ കലാമൂല്യം തിരിച്ചറിഞ്ഞതു കൊണ്ടാണ്. അങ്ങനെ അയാൾ വലിയൊരു ചിത്രകാരനാവുന്നു. എഴുപതുകളിലെ പൂർവ്വാർദ്ധത്തിലും എൺപതുകളിലെ ഉത്തരാർദ്ധത്തിലും ബുദ്ധിജീവികളുടെ രൂപ ത്തിൽ താടിയും മുടിയും നീട്ടി വളർത്തി തോളത്തൊരു സഞ്ചിയും തൂക്കി എല്ലാ ബന്ധങ്ങളോടും വിടപറഞ്ഞുകൊണ്ട് അലഞ്ഞു തിരിഞ്ഞിരുന്ന യൗവനം ഒരു സാധാരണകാഴ്ചയായിരുന്നു. ഒരു കവിതാതുണ്ടോ ഒരു മുറിവരയോ ഒരു തത്വചി ന്തയോ ചുരുട്ടിപ്പിടിച്ച് കീശയിൽ തിരുകി ശൂന്യമായ ഇടങ്ങളിലേക്ക് ചേക്കേറുന്ന ഒരു യുവതലമുറ ഭാരതത്തിൽ സുപരിചിതമാണ്. ജന്മദേശത്തോ ഇതരദേ ശങ്ങളിലോ അലഞ്ഞുതിരിഞ്ഞ് ഒടുവിൽ അനാഥരെപോലെ തെരുവോരങ്ങളിൽ മരിച്ചു വീഴുന്ന യുവത്വത്തിന്റെ പ്രതീകമായാണ് ഇവിടെ മുകുന്ദൻ വാസുവിനെ അവതരിപ്പിക്കുന്നത്.

നാടിനെക്കുറിച്ചോ തന്നെക്കുറിച്ചോ ചിന്തിക്കാതെ ആ വൻനഗരത്തിന്റെ തിരക്കുകളിൽ ഒഴുകിനടക്കുന്ന പ്രവാസിയാണയാൾ. രാഷ്ട്രാതിർത്തികളെയും പൗരത്വസങ്കൽപങ്ങളെയും നിയമങ്ങളെയും മനുഷ്യാവകാശങ്ങളെയും പരിഹസി ക്കുകയും വെല്ലുവിളിക്കുകയും ചെയ്യുന്ന വാസു തനിക്കുചുറ്റുമുള്ള അസ്വസ്ഥമായ ലോകത്തിന് മുകളിൽ സ്വസ്ഥമായി ഉറങ്ങുകയാണ്. സ്വന്തം ദേശവും സ്വത്വവും ഇല്ലാത്ത നാടോടി പ്രവാസിയാണയാൾ. കലാകാരനാകാൻ വേണ്ടിയാണ് അയാൾ ദൽഹിയിൽ വന്നത്. വാസുവെന്ന കഥാപാത്രസൃഷ്ടിയെക്കുറിച്ച് മുകുന്ദൻ ഇങ്ങനെ പറയുന്നു ‘‘1960 കളിലെയും 1970കളിലെയും കഥ പറയുമ്പോൾ ഇതു പോലുള്ള ഒരു കഥാപാത്രം അനിവാര്യമാണ്. അല്ലെങ്കിൽ പൂർണ്ണമാകില്ല. അതു കൊണ്ടാണ് ആ കഥാപാത്രത്തെ സൃഷ്ടിച്ചത്. ആ കാലത്തിന്റെ പ്രതിനിധിയാണ് വാസു. വാസുവിനെപ്പോലെ ചിത്രകാരനാകാൻ വന്ന് അലഞ്ഞുതിരിഞ്ഞ മലയാളി കൾ നിരവധി പേർ ദൽഹിയിലുണ്ടായിരുന്നു. എനിക്ക് നേരിട്ടറിയാവുന്ന എത്രയോ പേർ’’[6] ഒടുവിൽ സിഖ് കലാപത്തിൽ വാസുവിന്റെ ചായം പുരണ്ട

ശരീരം ഒരുപിടി ചാരമായി മാറുന്നു. സിഖ് വിരുദ്ധകലാപത്തിൽ പെട്ടുപോയ വാസവപ്പണിക്കരുടെ നീണ്ടമുടിയാണ് അയാളുടെ ഉന്മൂലനത്തിന് കാരണമായത്. ആ കൊലപാതകത്തെ തന്റെ വളർച്ചയ്ക്ക് വളമാക്കുന്ന ഉപരിവർഗ്ഗ കലാവ്യാപാരി യുടെ മൂലധനക്കണ്ണും ശ്രദ്ധേയമാണ്.[7]

### 5.1.5 സമ്പന്നനായ പ്രവാസി

മലയോരമേഖലയിൽ നിന്ന് ദൽഹിയിലെത്തി; ഐ എൻ എ മാർക്കറ്റിൽ നഴ്സുമാരുടെ യൂണിഫോം തുന്നലും വിൽപനയുമായിരുന്നു ജോർജുകുട്ടിയുടെ പ്രധാനതൊഴിൽ. എന്നാൽ കൃത്യനിഷ്ഠയോടെയുള്ള ഈ തൊഴിൽ ഉപജീവന ത്തിനപ്പുറം സമ്പന്നതയുടെ വാതായനം ജോർജുകുട്ടിയ്ക്ക് തുറന്നു കിട്ടി. ക്രമേണ വിദേശവസ്ത്രവ്യാപാരസ്ഥാപനത്തിനുടമയാകുന്നു അയാൾ. പ്രവാസത്തിലൂടെ സമ്പന്നനാവുക എന്ന ലക്ഷ്യത്തിലെത്തുന്ന പ്രവാസിയാണ് ജോർജുകുട്ടി. ''1960-കളിൽ നഴ്സുമാർ കൂട്ടമായി സൗഭാഗ്യം തേടി വിദൂരഭൂമികളിലേക്ക് പോയപ്പോൾ ജോർജുകുട്ടി എങ്ങും പോകാതെ ദൽഹിയിൽ തന്നെയിരുന്നു. വാനമ്പാടികൾക്ക് യൂണിഫോം നിർമ്മിച്ച് കോടീശ്വരനായി''[8] എന്ന് മുകുന്ദൻ തന്നെ അയാളുടെ വളർച്ചയെ അനുസ്മരിക്കുന്നു.

### 5.1.6 അരികുവത്കൃതമലയാളീസമൂഹം

ജീവിതത്തിന്റെ വ്യത്യസ്തമേഖലകളെ പ്രതിനിധീകരിക്കുന്ന ദരിദ്രരായ നിരവധി പ്രവാസിമലയാളികളുടെ രേഖാചിത്രം നോവലിൽ പ്രതിപാദിക്കുന്നുണ്ട്. ഇന്ത്യൻ നഗരങ്ങളിൽ പ്രവാസികളായി കഴിയുന്നവരുടെ എണ്ണം വളരെ വലുതാണ് എല്ലാത്തരത്തിലുള്ള മലയാളികളും ഇവിടെ ജീവിച്ചുപോരുന്നു. ''ദൽഹിയിൽ മുഴു വനും ചെറുപ്പക്കാർ പണിയില്ലാതെ തെണ്ടിനടക്കുന്ന കാലമായിരുന്നു. കേരള ത്തിൽ നിന്നുള്ള തീവണ്ടികളിൽ എന്നും തൊഴിലന്വേഷിച്ച് വരുന്ന അഭ്യസ്തവിദ്യ രായ ചെറുപ്പക്കാരുണ്ടായിരുന്നു. അവരും തലസ്ഥാനനഗരിയിൽ ഗതികി

ട്ടാപ്രേതങ്ങൾ പോലെ അലഞ്ഞു നടക്കുകയായിരുന്നു.''[9] ഇതിലൂടെ തൊഴിലന്വേഷകരായെത്തുന്ന പ്രവാസികളായ ചെറുപ്പക്കാരുടെ ഒരു വൻനിര മുകുന്ദൻ നമുക്കുമുന്നിൽ കാഴ്ചവയ്ക്കുന്നു. സഹദേവൻ, ശ്രീധരനുണ്ണി കുടുംബം, കുഞ്ഞിക്കൃഷ്ണൻ കുടുംബം, വാസു, റോസിലി, എന്നിവരെക്കൂടാതെ വ്യത്യസ്ത ജീവിത മേഖലകളിൽ വിരാജിക്കുന്ന മറ്റുമലയാളികളെയും ഈ നോവലിൽ കാണാം.

ദരിദ്രരായ നിരവധി പ്രവാസിമലയാളികളുടെ കൂട്ടത്തിൽ ശക്തനായൊരു കഥാപാത്രമാണ് ക്ഷുരകൻ ദാസപ്പൻ. ഏതൊരു പ്രവാസിയേയും പോലെ സാമ്പത്തികോന്നമനമാണ് ദാസപ്പന്റെയും സ്വപ്നം. ദൽഹിയിൽ സ്വന്തമായൊരു ബാർബർ സലൂൺ തുടങ്ങുക എന്നതായിരുന്നു അയാളുടെ ലക്ഷ്യം. തന്റെ ഇഷ്ട സഖാക്കളുടെയും അഭിനേത്രിമാരുടെയും ചിത്രംവച്ച ചുമരുകളും അലംകൃതവും വൃത്തിയുള്ളതുമായ ചുറ്റുപാടുകളുള്ള ഒരു ബാർബർ സലൂൺ സ്വന്തമായുണ്ടാക്കുക, അവിടെ സന്തോഷപൂർവ്വം ജോലിചെയ്തു കിട്ടുന്ന വരുമാനത്തിൽ ഭാര്യയെയും മക്കളെയും പുലർത്തുക ഇതായിരുന്നു ദാസപ്പന്റെ മോഹം. എന്നാൽ ഒരിയ്ക്കലും എത്തിപ്പിടിക്കാൻ കഴിയാത്ത സ്വപ്നങ്ങളുമായി ഒരുനാൾ ദാസപ്പൻ അപ്രത്യക്ഷനാകുന്നു. അടിയന്തരാവസ്ഥ ദാസപ്പനെയും അവന്റെ സ്വപ്നങ്ങളെയും ഇല്ലായ്മ ചെയ്തു. അടിയന്തരാവസ്ഥയിൽ നിരവധിയാളുകൾ അപ്രത്യക്ഷരാകുന്നുണ്ട്. അവർക്കെന്ത് സംഭവിച്ചുവെന്നോ എങ്ങോട്ടാണ് മറഞ്ഞതെന്നോ അന്വേഷിച്ചിട്ടുകാര്യമില്ല; അന്വേഷിച്ചവർക്ക് കണ്ടെത്താനുമായില്ല.

ദാസപ്പനെപ്പോലെയുള്ള ദരിദ്രരായ നിരവധി മലയാളിപ്രവാസികളെ മുകുന്ദൻ തുടർന്ന് പരിചയപ്പെടുത്തുന്നു. മുനീർക്കയിൽ പാതവക്കിലിരുന്നു സബ്ജി വിൽക്കുന്ന മലയാളികളെയും ബംഗാളി മാർക്കറ്റിൽ ബംഗാളികളെപ്പോലെ അവരുടെ ഭാഷ സംസാരിച്ചുകൊണ്ട് മീൻ കച്ചവടം ചെയ്യുന്ന മലയാളികളെയും ഇന്ത്യാഗെയിറ്റിൽ സായാഹ്നങ്ങളിൽ കുട്ടികൾക്ക് ബലൂൺ വിൽക്കുന്ന മലയാളികളെയും ചിഡിയാഗറിൽ സിംഹങ്ങളെയും കടുവകളെയും ആൾക്കുരങ്ങന്മാ

രെയും കാണാൻ പോകുന്നവരുടെ പിന്നാലെകൂടി താക്കോൽ, ചെയിൻ തുടങ്ങിയവ വിൽക്കുന്ന മലയാളിയെയും ചുവന്ന തെരുവിൽ ദല്ലാളായി പ്രവർത്തിക്കുന്ന മലയാളികളെയും കാണാം. എന്നും കാലത്ത് ത്രിലോക്പുരിയിൽ നിന്നും ഡി.ടി.സി. ബസുകളിൽ പോക്കറ്റടിക്കാൻ വരുന്നവരുടെ കൂട്ടത്തിലും മലയാളികളുണ്ട്. മാത്രമല്ല, മലയാളി ഗുണ്ടകളുണ്ട്. അവരിൽ നിന്നു മാസപ്പിരിവു നടത്തുന്ന മലയാളി പോലീസുകാരുമുണ്ട്. അവരുടെ കാക്കിക്കീശയിൽ നിന്ന് അവരറിയാതെ പണം കൈക്കലാക്കുന്ന മലയാളി ജാരസ്ത്രീകളുണ്ട്. അവരൊക്കെ അഞ്ചോ ആറോ കൊല്ലം കഴിയുമ്പോൾ ഒരിക്കൽമാത്രം നാട്ടിൽപോയി മടങ്ങുന്നവരാണ്. യാത്രാചെലവിനുള്ള പണമില്ലാത്തതിനാൽ നാട്ടിലെ കുടുംബം എന്നുമൊരു ഓർമ്മമാത്രമായി മാറുന്നവരും അവരുടെ ഇടയിലുണ്ട്. ഇവർക്ക് ഭാര്യയും കുട്ടികളും അന്യമാക്കപ്പെടുന്നു. പ്രവാസ ജീവിതത്തിലെവിടെയും ഇത്തരം ദൈന്യങ്ങൾ വേറിട്ടകാഴ്ച്ചകളല്ല. എന്നാൽ ജീവിക്കാനുള്ള മോഹംപേറി സ്വദേശം വിട്ട ഇവർക്ക് ചെന്നെത്തിയിടത്ത് ലക്ഷ്യം നേടാനായില്ലെന്ന് മാത്രമല്ല, ജീവിതത്തിന്റെ പച്ചപ്പുകളിൽ നിന്ന് അന്യവൽക്കരിക്കപ്പെടുന്ന ഇവർ സഹാനുഭൂതിക്കോ പരസഹായത്തിനോ പോലും അവസരമില്ലാതെ അഗതികളും അനാഥരുമാക്കപ്പെടുന്നു. ഇത്തരം പ്രവസാസികൾ ആഭ്യന്തര പ്രവാസത്തിന്റെ സവിശേഷതയാണ്.

ലോകത്തിന്റെ ഏതുകോണിൽ ചെന്നാലും അവിടത്തെ പരിതസ്ഥിതികളുമായി ഇണങ്ങിച്ചേരാനും അതിജീവനത്തിനായി എന്തു ജോലിയും ചെയ്യാനും സന്നദ്ധരാകുന്ന ഒരുകൂട്ടം മലയാളി പ്രവാസികളെയാണ് മുകുന്ദൻ നമുക്ക് പരിചയപ്പെടുത്തുന്നത്. ഇവരാകട്ടെ മധ്യവർഗ്ഗത്തിൽ നിന്നും തുലോം ഭിന്നരായ അധഃസ്ഥിതവർഗ്ഗത്തിന്റെ പ്രതിനിധികളാണ്. വയറ്റിപ്പിഴപ്പിന് വേണ്ടിയാണ് അധമപ്രവൃത്തികളാണെന്നറിഞ്ഞിട്ടും പോക്കറ്റടിയിലേക്കും മറ്റും അവർ നയിക്കപ്പെടുന്നത്.

### 5.1.7 പ്രവാസിനികളും ജീവിതയാഥാർത്ഥ്യവും

ദൽഹിഗാഥയിലെ പ്രധാന സ്ത്രീകഥാപാത്രമാണ് ദേവി. ദേവിയോടൊപ്പം തന്നെ മുകുന്ദൻ സൃഷ്ടിച്ച റോസിലി, ലളിത, വിദ്യ, ജാനകിക്കുട്ടി, ഗുഞ്ചൻ ബാബി, ജസ്‌വീന്ദർ, പിങ്കി എന്നിവരെല്ലാം തങ്ങളുടെ ശക്തമായ സാന്നിധ്യം അറിയിക്കുന്നവരായി നോവലിൽ പ്രത്യക്ഷപ്പെടുന്നു.

അപ്രതീക്ഷിതമായ ചൈനീസ് ആക്രമണത്തിന്റെ വാർത്തയേൽപ്പിച്ച ആഘാതത്തിൽ ഹൃദയം പൊട്ടിമരിച്ച ശ്രീധരനുണ്ണിയുടെ വിധവയാണ് ദേവി. കുട്ടികളെയും കൂട്ടി നാട്ടിലെ ദാരിദ്ര്യത്തിലേക്ക് മടങ്ങാനല്ല, പൊരുതിമുന്നേറാനാണ് ദേവി തീരുമാനിക്കുന്നത്. ദേവിക്ക് മോഹങ്ങളും മോഹഭംഗങ്ങളും സമ്മാനിച്ചത് ദൽഹിയായിരുന്നു. ഭർത്താവിന്റെ മരണശേഷം സെക്രട്ടേറിയറ്റിൽ ഒരു ക്ലാസ്ഫോർ ജീവനക്കാരിയുടെ ജോലി സമ്പാദിച്ച് തീർത്തും ദരിദ്രമായ ചുറ്റുപാടിൽ അവർ ജീവിച്ചുപോന്നു. തന്റെ ഉത്തരവാദിത്തങ്ങളും കടമകളും ജീവിതത്തിന്റെ ദരിദ്രമായ ചുറ്റുപാടുകളെ അതിജീവിച്ച് മുന്നേറാൻ ദേവിയെ പ്രേരിപ്പിച്ചു. ഭർത്താവിന്റെ മരണം, ദാരിദ്ര്യത്തിന്റെ കരാളദിനങ്ങൾ, വിദ്യയുടെ തിരോധാനം, ഗവൺമെന്റ് വിളംബരപ്രകാരമുള്ള മകൻ സത്യനാഥന്റെ വന്ധ്യംകരണം, ദൽഹി ജീവിതം സത്യനാഥനിൽ വരുത്തിയ പരിവർത്തനം ഇതെല്ലാം ദേവിയുടെ ജീവിതം അനിശ്ചിതത്വത്തിലാക്കുന്നു. മകൾ വിദ്യ നഷ്ടപ്പെട്ട തീരാദുഃഖത്തിൽ നിന്ന് ഒരിക്കലും കരകയറാൻ ദേവിക്ക് കഴിഞ്ഞിരുന്നില്ല. ഭർത്താവ് നഷ്ടപ്പെട്ട വിധവയുടെയും മകളെ നഷ്ടപ്പെട്ട അമ്മയുടെയും ഏകാന്തതയും തീവ്രദുഃഖവും ദേവിയിൽ നിറഞ്ഞുനിന്നു. സത്യനാഥൻ വളർന്ന് ജോലി സമ്പാദിച്ച് ആ നഗരത്തിന്റെ ഭാഗമായി ഇഴുകിച്ചേരാൻ തുടങ്ങിയപ്പോൾ ദേവി ക്രമേണ തന്റെ പ്രവാസജീവിതത്തിൽനിന്ന് മടങ്ങിപ്പോകാനൊരുങ്ങുന്നു. ദേവി ആ നഗരത്തിന്റെ പുറം കുപ്പായമെടുത്തണിഞ്ഞത് തന്റെ മക്കൾക്ക് വേണ്ടിയായിരുന്നു. വൃശ്ചികക്കാറ്റും മാമ്പൂവിന്റെ മണവും ജീവിതാവസാനത്തിൽ അവളെ സ്വന്തം മണ്ണിലേയ്ക്ക് തിരിച്ചുവിളിക്കുന്നു.

''എനിക്കവിടെ വൃശ്ചികക്കാറ്റും മാമ്പൂവും ഉണ്ട്. ഇനി എനക്കത് മതി''[10] എന്നു പറഞ്ഞുകൊണ്ട് തന്റെ ജന്മനാട്ടിലേയ്ക്ക് അവർ തിരികെ എത്തുന്നു. ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റുകാരന്റെ ഭാര്യയും ജീവിതസമരത്തിലെ ഉറച്ചപോരാളിയുമായിരുന്ന അവരുടെ മടക്കയാത്രയ്ക്ക് കാരണം അതുമാത്രമായിരുന്നില്ല. പഴയ വിശ്വാസങ്ങളും പുതിയ യാഥാർത്ഥ്യങ്ങളും സൃഷ്ടിച്ച സംഘർഷങ്ങളും അതുണ്ടാക്കിയ മാറ്റങ്ങളും പൊരുത്തക്കേടുകളും കൂടിയായപ്പോൾ ദേവി പ്രവാസജീവിതത്തിന് വിരാമമിടുന്നു. റിയലിസ്റ്റിക്കായ ഒരു കഥാപാത്രമാണ് ദേവി.

ഒരു നിശബ്ദകഥാപാത്രത്തെപോലെ നമുക്ക് മുന്നിൽ പ്രത്യക്ഷപ്പെട്ട് ജാതിവെറിയാൽ ദൽഹിയിൽ നിന്ന് അപ്രത്യക്ഷയാകുന്ന കഥാപാത്രമാണ് ദേവിയുടെ മകൾ വിദ്യ. ദൽഹിയിലെ ധനികനും ബ്രാഹ്മണനും കാര്യപ്രാപ്തിയില്ലാത്തവനുമായ സഹപാഠി വീരേന്ദ്രർ ശർമ്മയെ പ്രണയിച്ചതിന്റെ പേരിൽ തന്റെ ജീവൻ തന്നെ അവൾക്ക് ബലിയർപ്പിക്കേണ്ടിവന്നു. ജാതിവെറിയുടെ ഉത്തമോദാഹരണമാണ് വിദ്യയുടെ തിരോധാനം.

കേരളത്തിലെ മലയോരമേഖലയിൽ താൻ സ്നേഹിക്കുന്ന പുരുഷനെ വിവാഹം ചെയ്യാനുള്ള പണം സ്വരൂപിക്കാൻ വേണ്ടി ദൽഹിയിലെത്തിച്ചേർന്ന പ്രവാസിനിയാണ് റോസിലി. റോസിലി യഥാർത്ഥത്തിൽ കബളിപ്പിക്കപ്പെടുകയായിരുന്നു. ഐ. എൻ. എ മാർക്കറ്റിൽ നഴ്സുമാരുടെ യൂണിഫോമും അടിവസ്ത്രവും വിൽക്കുന്ന ജോർജുകുട്ടിയാണ് അവധിക്കു നാട്ടിൽ വന്നപ്പോൾ മലയോരപ്രദേശത്ത് ദാരിദ്ര്യവും പട്ടിണിയുമായി കഴിയുന്ന റോസക്കുട്ടിയെ പ്രലോഭിപ്പിച്ച് ദൽഹിയിൽ കൊണ്ടുവന്നത്. അതിങ്ങനെ നോവലിസ്റ്റ് വരച്ചുകാട്ടുന്നു. ''റോസക്കുട്ടിയുടെ അപ്പന് ഒരു കുപ്പി ത്രീ എക്സ് റമ്മും അമ്മച്ചിക്ക് അൻപതുരൂപയും ഒരു കുപ്പി വാട്ടർ ബറീസ് കോമ്പൗണ്ടും മതി, അത്രയും മതിയായിരുന്നു. റോസക്കുട്ടിയെ റോസാപ്പൂപോലെ പറിച്ചെടുക്കുവാൻ''[11] ഷഗുഫയുടെ മാനേജർ വിനോദ് ദുഗ്ഗലാണ് റോസക്കുട്ടിക്ക് റോസിലിൻ എന്ന പേര് കണ്ടെത്തിയത്. അവൾ അത്

സ്വീകരിച്ചു. കാബറ നർത്തകിയായി ജീവിതം ആരംഭിച്ച റോസിലി സാഹചര്യം കൊണ്ടാണ് വേശ്യാവൃത്തിയിലെത്തിപ്പെടുന്നത്. നാട്ടിലെ ദരിദ്രമായ സാഹചര്യത്തിൽ നിന്നാൽ ഒരിയ്ക്കലും താൻ പ്രണയിക്കുന്ന ജോമോനെ വിവാഹം കഴിക്കാൻ സാധിക്കില്ല എന്ന് മനസ്സിലാക്കിയ റോസിലി തന്റെ കാമുകനെ വിവാഹം കഴിക്കാനുള്ള പണം സ്വരൂപിക്കാനാണ് ഇത്തരമൊരു തൊഴിൽ സ്വീകരിച്ചത്. തന്റെ സ്വപ്നങ്ങളിൽക്കൂടി റോസിലി നാടിനെയും നാടിന്റെ ഓർമ്മകളിൽകൂടി ജോമോനെയും സ്മരിക്കുന്നു. നോവലിന്റെ അവസാനത്തിൽ റോസിലി തന്റെ ലക്ഷ്യം കൈവരിക്കുന്നതിന് മതിയായ പണം സമ്പാദിച്ച് നാട്ടിലേയ്ക്ക് തിരിച്ചുപോയി ജോമോനെ വിവാഹം കഴിച്ച് കുട്ടികളുമായി കഴിയുന്നു.

ഇടതുപക്ഷരാഷ്ട്രീയത്തോട് ആഭിമുഖ്യമുള്ള ബുദ്ധിജീവിയും പത്രപ്രവർത്തകനുമായ കുഞ്ഞിക്കൃഷ്ണന്റെ ഭാര്യ ലളിത ദൽഹിയിൽ നിന്ന് മടങ്ങിപ്പോകാത്ത ഒരു കഥാപാത്രമാണ്. ''ഞാനെവിടെപ്പോകാനാ...? ദൽഹിയല്ലേ എന്റെ നാട്''[12] എന്ന് ചോദിക്കുന്ന ലളിതയുടെ ജീവിതവിജയം പൊരുത്തപ്പെടലിന്റേതാണ്. ഒരു സാധാരണ കുടുംബിനിയായിരുന്ന ലളിതയുടെ ജീവിതത്തിൽ മാറ്റം തുടങ്ങുന്നത് ജയിലിൽ നിന്നുള്ള കുഞ്ഞിക്കൃഷ്ണന്റെ തിരിച്ചുവരവിന് ശേഷമാണ്. ജയിൽവാസം കുഞ്ഞിക്കൃഷ്ണന്റെ വലതുകയ്യും കാലും തകർത്തുകളഞ്ഞിരുന്നു. ലളിത ഭർത്താവിന് എല്ലാ പിന്തുണയും നൽകുന്നു. ലളിതയുടെ ജീവിതത്തിലെ അവിസ്മരണീയമായൊരു മാറ്റമാണ് നോവലിസ്റ്റിവിടെ വരച്ചുകാണിക്കുന്നത്. കുഞ്ഞിക്കൃഷ്ണന്റെ ലേഖനങ്ങൾ പ്രസിദ്ധീകരിക്കാനായി സഹായിക്കുന്ന ലളിതയെ നോവലിസ്റ്റ് - ഇങ്ങനെ ചിത്രീകരിക്കുന്നു. ''ആദ്യം ടൈപ്പ് ചെയ്യാൻ മാത്രമാണ് ലളിത കുഞ്ഞിക്കൃഷ്ണനെ സഹായിച്ചത്. പിന്നീട് വിവരശേഖരണത്തിനും ഗവേഷണത്തിനും അവൾ താങ്ങായി. പ്രത്യേക അനുമതി വാങ്ങി ലോക്സഭാലൈബ്രറിയിൽപ്പോലും അവൾ ചെന്ന് അയാൾക്കാവശ്യമായ രേഖകളുടെ കോപ്പികൾ ശേഖരിച്ചു. അവൾ നന്നായി ഇംഗ്ലീഷ് എഴുതാനും സംസാരി

ക്കാനും ശീലിച്ചു. കുഞ്ഞിക്കൃഷ്ണന്റെ മാനുസ്ക്രിപ്റ്റ് അവൾ തിരുത്താൻ തുടങ്ങിയപ്പോൾ അയാൾ അതിശയിച്ചു. അയാൾ പറഞ്ഞു: മിടുക്കി.''[13] കുഞ്ഞിക്കൃഷ്ണന്റെ മരണശേഷം സഹദേവൻ ലളിതയെ കണ്ടപ്പോൾ അവർ വളരെയധികം മാറിപ്പോയിരുന്നു. ''ഞാനിപ്പോ പഴേകാലത്തെക്കുറിച്ച് ആലോചിക്കാറേയില്ല. അതോണ്ട് എനിക്കിപ്പോ ഒരു മനസ്സമധാനക്കുറവും ല്ല സന്തോഷാ എനിക്ക്''[14] എന്ന് പറയുന്ന ലളിതയെ കണ്ട് സഹദേവൻ സന്തോഷിക്കുന്നു. ''ആണിന് ചെയ്യാൻ കഴിയുന്നത് പെണ്ണിനും കഴീം.'' എന്ന വിശ്വാസത്തോടെ അവർ ദൽഹിയിൽ സുഖമായി ജീവിക്കുന്നു. തന്റെ ജീവിതത്തിൽ വന്നുചേർന്ന പ്രതിസന്ധികളുടെ ഭാരം സ്വയം തരണം ചെയ്യാൻ അവൾക്ക് സാധിക്കുന്നുണ്ട്. ദൽഹിയെന്ന നഗരത്തെ സ്വന്തം നാടായിക്കരുതാവുന്ന തലത്തിലേക്ക് പരിണമിക്കപ്പെട്ട വ്യക്തിത്വമാണവരുടേത്. പ്രവാസാനുഭവങ്ങളിൽനിന്ന് മോചനം ആഗ്രഹിക്കാത്ത ഒരു പ്രവാസിനിയെന്ന നിലയിലാണ് ലളിതയെ നോവലിൽ അടയാളപ്പെടുത്തുന്നത്.

കേരളത്തിലെ പ്രായംചെന്ന ഇടതുപക്ഷ തീവ്രവാദരാഷ്ട്രീയപ്രവർത്തകനായ കല്ലിക്കണ്ടി കുഞ്ഞിക്കൃഷ്ണൻ മാഷിന്റെ മകളും ജെ.എൻ.യു.വിലെ ഗവേഷകയുമായ ജാനകിക്കുട്ടിയെ കരുത്തിന്റെയും വിപ്ലവവീര്യത്തിന്റെയും പ്രതീകമായാണ് മുകുന്ദൻ ചിത്രീകരിക്കുന്നത്. ഈ കഥാപാത്രത്തെക്കുറിച്ച് അദ്ദേഹം ഇങ്ങനെ പറയുന്നു. ''ജാനകിക്കുട്ടിയെപ്പോലുള്ള കുട്ടികൾ ദൽഹിയിൽ ധാരാളമുണ്ട്. സെന്റ് സ്റ്റീഫൻ കോളേജ് പോലുള്ള സ്ഥലങ്ങളിൽ ഇത്തരം പെൺകുട്ടികളെ കാണാം. സിഗരറ്റൊക്കെ വലിക്കും. മദ്യപിക്കുന്നവരുമുണ്ട്. പക്ഷേ സാമൂഹ്യപ്രശ്നങ്ങളിൽ വളരെയധികം പ്രതിബദ്ധതയുള്ളവരാണവർ. വേഷവും മറ്റും കണ്ടാൽ ജാടയാണെന്നു തോന്നും. അവർ വളരയെധികം കൺസേൺഡാണ്. ഇത്തരക്കാരെ എനിക്കറിയാം.''[15] സ്വന്തം പ്രവാസജീവിതത്തിനിടയിൽ താൻ പരിചയിച്ച വ്യക്തിത്വങ്ങളെത്തന്നെ ഒരു പരിധിവരെ നോവലിൽ ആവിഷ്കരി

ക്കാൻ മുകുന്ദന് സാധിച്ചിരിക്കുന്നു. തൊഴിലധിഷ്ഠിതപ്രവാസികൾക്കിടയിൽ പഠനസംബന്ധമായി പ്രവാസത്തിലേർപ്പെടുന്ന തലമുറയുടെ പ്രതീകമാണ് ജാനകിക്കുട്ടി.

ഉത്തംസിങ്ങിന്റെ ഭാര്യ ഗുഞ്ചൻബാബിയും മക്കളായ ജസ്വീന്ദറും പിങ്കിയും അനുവാചകശ്രദ്ധ അർഹിക്കുന്ന സ്ത്രീകഥാപാത്രങ്ങളാണ്. ഇവരുടെ പൂർവികരും പ്രവാസികളായി പഞ്ചാബിൽ നിന്നും വന്നവരാണ്. ഇന്ദിരാഗാന്ധിയുടെ മരണത്തോടനുബന്ധിച്ച് ജീവൻ ബലിയർപ്പിക്കേണ്ടിവന്ന രണ്ടു കഥാപാത്രങ്ങളാണ് ഗുഞ്ചൻബാബിയും ജസ്വീന്ദറും. കലാപകാരികളിൽ നിന്ന് പിങ്കിയെ രക്ഷപ്പെടുത്താൻ സഹായിച്ച ഗുഞ്ചൻബാബിയും ഉത്തംസിംഗും കലാപകാരികളുടെ വാളുകൾക്കിരയാകുന്നു. ഗർഭിണിയായ ജസ്വീന്ദറിനെ പെൺകുഞ്ഞിന് ജന്മം നൽകാൻ പോകുന്നു എന്ന പ്രവചനത്തിന്റെ അടിസ്ഥാനത്തിൽ അവളുടെ ഭർത്തൃവീട്ടുകാർ കലാപകാരികൾക്ക് ഇരയായി ഇട്ടുകൊടുക്കുന്നു. ''ജോഗിന്ദറിന്റെ പുറകേ വലിയ വയറുതാങ്ങി ഇറങ്ങിയ ജസ്വീന്ദറിനെ സർദാർണി വീട്ടിനുള്ളിലേക്ക് തിരികെ തള്ളി. അവളുടെ കരച്ചിലിന് അവരാരും ചെവികൊടുത്തില്ല. ജസ്വീന്ദറിനെ വീട്ടിനുള്ളിലാക്കി അവർ വാതിൽ വെളിയിൽനിന്നു താഴിട്ടു പൂട്ടി.'' [16] ഉത്തംസിംഗും ഗുഞ്ചൻബാബിയും ജസ്വീന്ദറും കൊല്ലപ്പെട്ടതോടെ പിങ്കിയ്ക്ക് നഷ്ടമായത് അവളുടെ സ്വപ്നങ്ങളായിരുന്നു. ഡോക്ടറും സ്പോർട്സുകാരിയുമാകാൻ ആഗ്രഹിച്ച അവൾക്ക് ജീവിക്കാൻവേണ്ടി ദൽഹിയുടെ മണ്ണിൽനിന്നും വിദൂരമായ, ജന്മദേശമായ പഞ്ചാബിലേക്ക് പലായനം ചെയ്യേണ്ടിവന്നു.

### 5.2. രാഷ്ട്രം- അതിരുകളും യുദ്ധങ്ങളും

ഇന്ത്യയെ ഒന്നാകെയും ദൽഹിയെ വിശേഷിച്ചും പിടിച്ചുലച്ച രാഷ്ട്രീയ പ്രാധാന്യമുള്ള ചില സംഭവങ്ങൾ *ദൽഹി ഗാഥ*കളിൽ ആഖ്യാനവിഷയമാകുന്നുണ്ട്. 1962, 1965, 1971 വർഷങ്ങളിൽ ചൈന, പാക്കിസ്ഥാൻ എന്നീ രാജ്യങ്ങ

ളിൽനിന്ന് ഇന്ത്യ നേരിട്ട ആക്രമണവും യുദ്ധവും അതിൽ പ്രധാനമാണ്. 1971-ലെ ബംഗ്ലാദേശ് വിമോചനവും അഭയാർത്ഥിപ്രവാഹവും; 1975-1977 കാലഘട്ടത്തിലെ അടിയന്തരാവസ്ഥയും; 1984-ലെ സുവർണ്ണക്ഷേത്രം പിടിച്ചെടുക്കലും 1984-ലെ ഇന്ദിരാഗാന്ധിവധവും സിഖുവിരുദ്ധകലാപവും സ്വാതന്ത്ര്യാനന്തരം ഇന്ത്യ നേരിട്ട ദേശീയ പ്രതിസന്ധികളാണ്. ഇവയെക്കുറിച്ചുള്ള വിശകലനവും ഈ കാലഘട്ടത്തെ ഇന്ത്യൻജനത പ്രത്യേകിച്ചും പ്രവാസി മലയാളികൾ എപ്രകാരം അതിജീവിച്ചു എന്നതും *ദൽഹി ഗാഥ*കളിലൂടെ വിശകലനം ചെയ്യുന്നു. യുദ്ധത്തിന്റെ സാഹചര്യങ്ങളല്ല, അവയുടെ പ്രത്യാഘാതങ്ങളാണ് നോവലിസ്റ്റ് അവതരിപ്പിക്കുന്നത്.

### 5.2.1 ഇന്ത്യ-ചൈന യുദ്ധം

ഇന്ത്യയും ചൈനയും തമ്മിൽ 1962-ൽ നടന്ന അതിർത്തിത്തർക്കത്തെ തുടർന്നുള്ള യുദ്ധമാണ് ഇന്ത്യ-ചൈനയുദ്ധം. ഹിമാലയൻ അതിർത്തിത്തർക്കമാണ് ഈ യുദ്ധത്തിന് പ്രധാനകാരണം. 1959-ൽ ചൈന തിബത്തിൽ കടന്നാക്രമം നടത്തുകയും രൂക്ഷമായ ഒരു ഭീകരാക്രമണം അഴിച്ചുവിടുകയും ചെയ്തു. അതിന്റെ ഫലമായി തിബത്തിന്റെ ആത്മീയവും ഭൗതികവുമായ നേതൃത്വം വഹിച്ചിരുന്ന ദലൈലാമ ഒട്ടനേകം തിബത്തുകാരോടൊപ്പം ഇന്ത്യയിൽ അഭയം പ്രാപിച്ചു. ദലൈലൈമയ്ക്ക് അഭയം നൽകിയതും യുദ്ധത്തിന് കാരണമായി പറയപ്പെടുന്നു.[17] ഏതാണ്ടിതേ സമയത്ത് ചൈനക്കാർ ഇന്ത്യയുടെ ഹിമാലയൻ അതിർത്തിയിൽ കടന്നാക്രമണം നടത്തി. 1962 ഒക്ടോബർ 20-ന് ഇന്ത്യയുടെ ലഡാക്ക്-നേഫാപ്രദേശത്തും ചൈന വൻതോതിലുള്ള ആക്രമണം നടത്തി. നവംബർ 19-ന് ചൈനക്കാർ ബോംദിലാ പിടിച്ചടക്കി. അതോടൊപ്പംതന്നെ അവർ മുൻപ് അവകാശവാദം മുഴക്കിയിരുന്ന ലഡാക്കിന്റെ ഒരു ഭാഗവും കീഴടക്കി. ''1962 ഡിസംബർ 10 മുതൽ 12 വരെ കൊളംബോ സമ്മേളനത്തിൽ ഇന്ത്യാഗവൺമെന്റ് സ്വീകരിച്ച നിർദ്ദേശങ്ങളുടെ പരസ്യമായ ലംഘനമെന്ന നിലയിൽ പശ്ചിമമേഖലയിൽ ചൈന

ഏഴ് സിവിൽ പോസ്റ്റുകൾ സ്ഥാപിച്ചു.'' [18] കൂടാതെ ഇന്ത്യൻ അതിർത്തിയിൽ ചൈന സൈനികശക്തി വർദ്ധിപ്പിച്ചു. ഈ കാരണങ്ങളെല്ലാമാണ് ഇന്ത്യ - ചൈന യുദ്ധത്തിന് സാഹചര്യമൊരുക്കിയത്.

1962 ഒക്ടോബർ 20-ന് തുടങ്ങി നവംബർ 21 ന് അവസാനിച്ച ഒന്നാം ഇന്ത്യ -ചൈനയുദ്ധം നോവലിന്റെ ആരംഭത്തിൽതന്നെ ആഖ്യാനവിഷയമാകുന്നു. ചൗ എൻലായിയെ പറശ്ശിനിക്കടവ് മുത്തപ്പനെപ്പോലെ ആരാധിക്കുന്ന കമ്മ്യൂണിസ്റ്റ് സംഘടനാപ്രവർത്തകനാണ് ദൽഹിയിൽ സെൻട്രൽ സെക്രട്ടേറിയറ്റ് ജീവനക്കാര നായ ശ്രീധരനുണ്ണി. അപ്രതീക്ഷിതമായ ചൈനീസ് ആക്രമണത്തിന്റെ വാർത്ത യേൽപ്പിച്ച പ്രഹരത്തിൽ ശ്രീധരനുണ്ണി ഹൃദയാഘാതം മൂലം മരിക്കുന്നു. ശ്രീധര നുണ്ണിയെപ്പോലെ പാർട്ടിയെ ജീവനുതുല്യം സ്നേഹിക്കുന്ന അനുയായികൾ നഗര ങ്ങളിലും നാട്ടിൻപുറങ്ങളിലുമുണ്ടായിരുന്നു. അതിനെക്കുറിച്ച് മുകുന്ദൻ ഇങ്ങനെ പറയുന്നു. ''ഞാൻ ദൽഹിയിൽ എത്തുന്ന കാലത്ത് ഇടതുപക്ഷം ദൽഹി മലയാ ളികളുടെ സാമൂഹിക-സാംസ്കാരിക ജീവിതത്തിനുമുകളിൽ വലിയ സ്വാധീനം ചെലുത്തിയിരുന്നു. അറുപതുകളിലെയും എഴുപതുകളിലെയും മലയാളിയുവത്വ ത്തിന്റെ നിരാശാബോധത്തിന് ചൈനീസ് അധിനിവേശം വലിയ പങ്കുവഹിച്ചിരു ന്നു. ഒരു സ്വപ്നനാശത്തിന് തുടക്കം കുറിച്ചു ആ യുദ്ധം''[19]

വൈകുന്നേരം സെക്രട്ടേറിയറ്റിലെ സൈക്കിൾ പാർക്കിൽ വച്ചാണ് ശ്രീധര നുണ്ണി ചൈന ഇന്ത്യയെ ആക്രമിച്ച ആ അശുഭവാർത്തയറിഞ്ഞത്. ഉടനെ നിജ സ്ഥിതി അറിയാനായി ശ്രീധരനുണ്ണിയുടെ നാട്ടുകാരനും പത്രപ്രവർത്തകനുമായ കുഞ്ഞിക്കൃഷ്ണന്റെ ലജ്പത് നഗറിലെ ഗുരുനാനക് മാർക്കറ്റിനരികിലുള്ള ന്യൂഡ ബിൾ സ്റ്റോറിലേക്ക് തിരിക്കുന്നു. ഓൾ ഇന്ത്യാ റേഡിയോയിൽ യുദ്ധത്തെക്കുറി ച്ചുള്ള വിവരം കിട്ടാത്തതിനാൽ ശ്രീധരനുണ്ണി വീട്ടിലേയ്ക്ക് മടങ്ങുന്നു. അന്നു രാത്രി അയാൾക്ക് ഉറങ്ങാൻ കഴിയുന്നില്ല. പിറ്റേ ദിവസം പുലർച്ചയ്ക്ക് എഴുന്നേറ്റ് പത്രത്തിനായുള്ള കാത്തിരിപ്പായിരുന്നു. രാവിലെ 9 മണിക്ക് പത്രം വായിച്ചപ്പോൾ

ചൈന ഇന്ത്യയെ ആക്രമിച്ച വിവരമറിഞ്ഞ് ''ശ്രീധരനുണ്ണിയ്ക്ക് ആരോ നെഞ്ചിൽ ചവിട്ടിയതുപോലെ തോന്നി. അയാൾക്ക് ശ്വാസം മുട്ടി. പ്രയാസപ്പെട്ട് തലതിരിച്ച് അയാൾ ചുമരിലെ ചൗ എൻലായിയുടെ ഫോട്ടോയിൽ നോക്കി 'ഹിന്ദി ചീനി ഭായ് ഭായ്, നൂറു പുഷ്പങ്ങൾ ഒന്നിച്ചു വിരിയട്ടെ' അയാളുടെ കയ്യിൽനിന്ന് പേപ്പർ മടിയിലൂടെ താഴേക്ക് ഊർന്നുവീണു. അയാളുടെ കൺമണികൾ മുകളിലേയ്ക്ക് മറിഞ്ഞു. തല സാവധാനം ഒരു വശത്തേക്ക് ചെരിയുകയും ചെയ്തു.''[20]

സോവിയറ്റ് യൂണിയനെക്കാളും ചൈനയായിരുന്നു ഇടതുപക്ഷചിന്താഗതിക്കാരെ ഏറെ ആകർഷിച്ചത്. ഒരു മാതൃകാരാഷ്ട്രം എന്നനിലയിൽ അവരെ ഏറെ പ്രചോദിപ്പിച്ചത് ചൈനയും ചൗ എൻലായിയുമായിരുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ യുവാക്കൾക്ക് വിപ്ലവവീര്യം പകർന്നിരുന്നു. ചൗ എൻലായിയുടെയും മാവോയുടെയും ചില്ലിട്ട ഫോട്ടോകളുടെ അതിരുകളിൽ കോർത്തുവച്ച നൂറുപുഷ്പങ്ങളുടെ ചിത്രങ്ങൾ ഇന്ത്യയുടെയും ചൈനയുടെയും സൗഹൃദത്തിന്റെ നൂറുമണമുള്ള പുഷ്പങ്ങളായിരുന്നു. 'ഇന്ത്യാ-ചൈന ഭായ് ഭായ്' എന്ന് പാടിനടന്നിരുന്ന ഭാരതീയരുടെ ഇടയിലേക്ക് ഒട്ടും നിനയ്ക്കാതെയാണ് ചൈനായുദ്ധം കടന്നുവന്നത്. ചൈന ഇന്ത്യയെ ആക്രമിക്കുന്ന വാർത്ത നേരിടാൻപോലും കഴിയാത്തവിധം പ്രത്യയശാസ്ത്രബദ്ധമായിരുന്നു ആ കാലഘട്ടത്തിലെ കമ്മ്യൂണിസ്റ്റുകാരുടെ ചിന്തകൾ.

### 5.2.2 ഒന്നാം ഇന്ത്യ-പാക് യുദ്ധം

1965 സെപ്തംബറിൽ കാശ്മീർ പ്രശ്നത്തെച്ചൊല്ലി പാക്കിസ്ഥാൻ ഇന്ത്യയ്ക്കു നേരെ ആക്രണമഴിച്ചുവിട്ടു. ഇരുപത്തിരണ്ടു ദിവസം നീണ്ടുനിന്ന ഈ യുദ്ധം 1965 സെപ്തംബർ ഇരുപത്തിമൂന്നാം തീയതി ഐക്യരാഷ്ട്രസഭയുടെ ഇടപെടലിനെത്തുടർന്ന് അവസാനിപ്പിച്ചു. ''ഇന്ത്യ-പാക്കിസ്ഥാൻ യുദ്ധം യു.എൻ. രക്ഷാസമിതിയിൽ ഉന്നയിക്കപ്പെടുകയും ഇന്ത്യയോടും പാക്കിസ്ഥാനോടും എല്ലാ

തരം ശത്രുതാപ്രവർത്തനങ്ങളും അവസാനിപ്പിക്കാൻ ആവശ്യപ്പെടുന്ന ഒരു പ്രമേയം സെക്യൂരിറ്റി കൗൺസിൽ അംഗീകരിക്കുകയും ചെയ്തു. ഈ പ്രമേയത്തെ അനുസരിച്ച് സെപ്തംബർ ഇരുപത്തിമൂന്നിന് ഇന്ത്യയും പാക്കിസ്ഥാനും വെടിനിർത്തൽ നടപ്പിലാക്കുകയും കൈവശമുണ്ടായിരുന്ന സ്ഥലത്ത് ഇരുസൈന്യങ്ങളും നിലയുറപ്പിക്കുകയും ചെയ്തു.''[21] പിന്നീട് റഷ്യൻ പ്രധാനമന്ത്രി കൊസീഗിന്റെ അഭ്യർത്ഥനയനുസരിച്ച് പാക്ക്പ്രസിഡന്റ് അയൂബ്ഖാനും ഇന്ത്യൻപ്രധാനമന്ത്രി ലാൽബഹദൂർശാസ്ത്രിയും താഷ്കന്റിൽ സമ്മേളിച്ച് ഇന്ത്യയെയും പാക്കിസ്ഥാനെയും അലട്ടിക്കൊണ്ടിരുന്ന ഭിന്നതകൾക്ക് സമാധാനപരമായ പരിഹാരം നിർദ്ദേശിച്ചുള്ള ഒരു കരാറിൽ ഒപ്പുവച്ചു. രക്ഷാസമിതി നിയോഗിച്ച അസംഖ്യം നിരീക്ഷകന്മാർ ഉണ്ടായിട്ടും ചെറിയ വെടിനിർത്തൽ ലംഘനങ്ങളിൽ ഏർപ്പെടുന്നതിൽനിന്ന് പാക്കിസ്ഥാൻ വിരമിച്ചില്ല. അവയ്ക്കെതിരായി ഇന്ത്യ ശക്തമായ പ്രതിഷേധങ്ങൾ ഉന്നയിച്ചു.

അയൽരാജ്യങ്ങളായ ചൈനയും പാക്കിസ്ഥാനുമായി അതിർത്തിപ്രദേശങ്ങൾ കേന്ദ്രീകരിച്ചുനടന്ന യുദ്ധങ്ങൾ ഭരണകേന്ദ്രവും തലസ്ഥാനനഗരവുമായ ദൽഹിയെ പ്രത്യക്ഷത്തിൽത്തന്നെ ബാധിച്ചിട്ടുള്ളതായി കാണാം. ദൽഹിജീവിതത്തിൽ യുദ്ധം നീണ്ടുനിൽക്കുന്ന ഭയാശങ്കകൾക്കു കാരണമായി. ആദ്യത്തെ ഇന്ത്യ -ചൈന യുദ്ധം കഴിഞ്ഞിട്ട് മൂന്നു വർഷം തികഞ്ഞില്ല. അതിനു മുമ്പ് മറ്റൊരു യുദ്ധം ആഗതമായിരിക്കുന്നു. ഈ പ്രാവശ്യം കോമറേഡ് ചൗ എൻലായ് അല്ല ജനറൽ അയൂബ്ഖാനായിരുന്നു തോക്കിന്റെ കാഞ്ചിവലിച്ചത്. പട്ടാളജീപ്പുകളുടെ സൈറണും മെഗാഫോൺ അറിയിപ്പുകളും പോർവിമാനങ്ങളുടെ ഇരമ്പലുകളുമായി യുദ്ധം ദൽഹിനിവാസികളെ വീണ്ടും ഭയാശങ്കയിലാഴ്ത്തി. ഈ സമയത്ത് വാധ്വ ഏന്റ് സൺസിൽ ജോലിചെയ്തിരുന്ന സഹദേവൻ താമസിച്ചിരുന്നത് അമ്റീത്പുരിയിൽ ഉത്തംസിംഗിന്റെ വാടകമുറിയിലാണ്. 1965 ആഗസ്റ്റ് അഞ്ചിനാണ് അതിർത്തിയിൽ ഉരസലുകൾ ആരംഭിച്ചത്. ക്രമേണ അത് യുദ്ധമായി മാറി. ആഗ്ര കന്റോൺമെന്റിൽ ബോംബുവീണതോടെ രാത്രി വെളിച്ചത്തിന് നിരോധനം

കർശനമാക്കി. അതോടെ ഉത്തംസിംഗും ഭാര്യയും മക്കളും മുകളിൽ ബർസാത്തിയിൽ കിടക്കാതെയായി. സഹദേവൻ ആ അവസരം ഉപയോഗിച്ച് കിടത്തം ബർസാത്തിയിലാക്കി. യുദ്ധവേളകളിൽ തെരുവുകളിൽ കാണപ്പെടുന്നവർ, വീട്ടിൽ വിളക്കുകത്തിക്കുന്നവർ ഒക്കെ ശത്രുക്കളെ സഹായിച്ചിരുന്നു എന്ന പേരിൽ വേട്ടയാടപ്പെട്ടു. സ്വന്തം വീടുകളിലേയ്ക്ക് ആട്ടിപ്പായിപ്പിക്കപ്പെടുന്ന ജനങ്ങൾ സഹദേവനെ ദേശസ്നേഹത്തിനെതിരായി ചിന്തിപ്പിക്കുന്നുണ്ട്.[22]

ശത്രുവിമാനത്തിൽനിന്ന് രക്ഷപ്പെടാനായി ഗവൺമെന്റ് അറിയിപ്പുപ്രകാരം ട്രഞ്ചുകൾ കുഴിച്ച് അതിനുള്ളിൽ ഭയന്ന് കഴിയുന്ന കുടുംബങ്ങളെയും നോവലിൽ കാണാം. ഉത്തംസിംഗ് തനിക്കും കുടുംബത്തിനും സഹദേവനും വേണ്ടി അഞ്ച് ട്രഞ്ചുകൾ കഴിച്ചു. ജീവിച്ചിരിക്കുന്നവർ അവർക്കുവേണ്ടി സ്വയം കുഴിക്കുന്ന ശവക്കുഴികളായി ട്രഞ്ചുകൾ എല്ലാ വീടുകൾക്കും മുന്നിൽ വായ തുറന്നുകിടക്കുന്ന കാഴ്ച നോവലിലുണ്ട്. ''സഹദേവൻ അതിലേക്ക് തുറിച്ചു നോക്കി. അത് തന്റെ ശവക്കുഴിയാണെന്ന് അയാൾക്കു തോന്നി.''[23] യുദ്ധത്തിന്റെ ഭീകരാവസ്ഥയെ മുകുന്ദൻ വിവരിക്കുന്നുണ്ട്. യുദ്ധം തുടങ്ങിയതോടെ നഗരജീവിതം പാടേ സ്തംഭിച്ചു. അവശ്യസാധനങ്ങൾ പോലും മാർക്കറ്റുകളിൽ ലഭ്യമല്ലാതാകുന്നു. സബ്ജിമണ്ഡിയിൽ പച്ചക്കറികൾ വരാതെയായി. ഗതാഗതസംവിധാനങ്ങളും താറുമാറാകുന്നു. സർക്കാർ ഓഫീസുകളും നിശ്ചലമായി. വിമാനത്താവളവും അടച്ചിരിക്കുകയാണ്. അഞ്ച് ആഴ്ച നീണ്ടുനിന്ന യുദ്ധം അവസാനിച്ചപ്പോൾ മൂവായിരത്തി ഇരുനൂറു സൈനികർക്ക് ജീവൻ നഷ്ടപ്പെട്ടിരുന്നു. പഞ്ചാബും ദൽഹിയും വിധവകളുടെ നാടായി. സിയാൽക്കോട്ടിലെയും പത്താൻകോട്ടിലെയും കാശ്മീരിലെയും മേൽവിലാസമില്ലാത്ത ആയിരക്കണക്കിനു സാധാരണക്കാരും ചത്തൊടുങ്ങി. ഗോതമ്പു പാടങ്ങൾ കത്തിക്കരിഞ്ഞു. തീവണ്ടികളും പാലങ്ങളും കെട്ടിടങ്ങളും തകർന്നടിഞ്ഞു.

യുദ്ധം അവസാനിച്ചതോടെ ദൽഹിയിൽ ശിശിരത്തിന്റെ വരവായി. ശിശിരമഴയിൽ അമ്റീത്പുരിയിലെ തുറന്നുകിടക്കുന്ന ട്രഞ്ചുകളിൽ വെള്ളം നിറഞ്ഞു. പാലംഗാംവിലെ ഫർണിച്ചർ കടയിലെ പണികഴിഞ്ഞ് രാത്രി തിരിച്ചെത്തിയ ഉത്തം സിംഗ് മദ്യലഹരിയിൽ നേരെ വെള്ളം നിറഞ്ഞ ട്രഞ്ചിൽ പോയി വീഴുന്നു. ട്രഞ്ചിന്റെ കുതിർന്നടിഞ്ഞ വക്കിൽ പിടിച്ച് ചളിവെള്ളത്തിൽ നിന്ന് മുകളിലേയ്ക്ക് ഉയർന്നുവന്ന ഉത്തംസിംഗ് ഉച്ചത്തിൽ ഒരു തെറി വിളിച്ചുപറഞ്ഞു. ദൽഹിയിലെ പാവം ആശാരി യുദ്ധത്തിനെതിരെ ഉയർത്തിയ പ്രതിഷേധമായിരുന്നു ആ പച്ച ത്തെറി. ഓരോ യുദ്ധവും താൽക്കാലികമായ വെടിനിർത്തൽ മാത്രമാണെന്നും ഇട വേളയ്ക്ക് ശേഷം അതു വീണ്ടും ആരംഭിക്കുമെന്നും ചരിത്രം നമ്മെ ഓർമ്മിപ്പിക്കുന്നു. പാക്കിസ്ഥാന് ഇന്ത്യയെയും ഇന്ത്യയ്ക്ക് പാക്കിസ്ഥാനെയും ആവശ്യമാണെന്നും അത് യുദ്ധം ചെയ്യാൻ മാത്രമാണെന്നും അതിനിടയിൽ നഷ്ടപ്പെട്ടുപോകുന്നത് മനുഷ്യജീവിതമാണെന്നും നോവലിൽ നിരീക്ഷിക്കപ്പെടുന്നുണ്ട്.

ഏതൊരു പ്രവാസിക്കും താൻ ചെന്നെത്തുന്ന ദേശത്ത് സംഭവിക്കുന്ന സാമൂഹികവും രാഷ്ട്രീയവും മറ്റുമായ ചലനങ്ങളിൽ പങ്കാളിയാകേണ്ടതുണ്ട്. അത് അനുകൂലമായും പ്രതികൂലമായും നേരിട്ടേ മതിയാകൂ. കുവൈത്ത് യുദ്ധസമയത്ത് വിദേശപ്രവാസികൾ നേരിട്ട ദുരനുഭവങ്ങൾ ഇവിടെ ഓർക്കാവുന്നതാണ്. മരണത്തെ മുഖാമുഖം കാണുന്ന യുദ്ധസന്ദർഭങ്ങളിൽ ഹതാശരാകാതെ ജീവൻ നിലനിർത്തുക എന്ന ലക്ഷ്യം മാത്രം മുൻനിർത്തി അവർ നടത്തുന്ന ചെറിയ പ്രയത്നം പോലും പ്രവാസമേഖലയിൽ ഏറെ ശ്രദ്ധേയമാണ്.

### 5.2.3 രണ്ടാം ഇന്ത്യ-പാക്ക് യുദ്ധം

1971-ൽ ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുണ്ടായ സൈനിക സംഘട്ടനമായിരുന്നു ഇന്ത്യ-പാക്കിസ്ഥാൻ യുദ്ധം. ഡിസംബർ മൂന്നിന് പാക്കിസ്ഥാനിലെ സ്വേച്ഛാധിപതിയായ യഹ്യാഖാൻ ഇന്ത്യയുടെ നേരെ യുദ്ധം പ്രഖ്യാപിക്കുകയും ഉത്തരേന്ത്യയിലെ പല സൈനിക താവളങ്ങളിലും പൊടുന്നനെ ബോംബാക്ര

മണം നടത്തുകയും ചെയ്തു. ഇന്ത്യയുടെ പതിനൊന്ന് എയർബേസുകളെ ആക്രമിച്ചതോടെ തുടങ്ങിയ, ആരംഭദിശയിൽ ഓപ്പറേഷൻ ചെങ്കിസ്ഖാൻ എന്ന് വിശേഷിപ്പിക്കപ്പെട്ട ഈ യുദ്ധം പതിമൂന്ന് ദിവസം മാത്രം നീണ്ടുനിന്ന് ചരിത്രത്തിലെ ഏറ്റവും ചെറിയ യുദ്ധങ്ങളിലൊന്നായി അവസാനിച്ചു. യുദ്ധത്തിനിടെ ഏട്ട് മുതൽ പത്ത് ദശലക്ഷം വരെ അഭയാർത്ഥികൾ ഇന്ത്യയിലേക്ക് കുടിയേറി. യുദ്ധത്തിന്റെ ആദ്യഘട്ടത്തിൽത്തന്നെ ഇന്ത്യ ബംഗ്ലാദേശിനെ ഒരു സ്വതന്ത്രപരമാധികാരരാഷ്ട്രമായി അംഗീകരിച്ചു. ഡിസംബർ 16-ാം തീയതി ഡാക്കയിൽ നടന്ന ഔപചാരികചടങ്ങിൽ ഒരു ലക്ഷത്തോളം വരുന്ന പാക്കിസ്ഥാൻ സൈന്യം ഇന്ത്യയുടെയും ബംഗ്ലാദേശിന്റെയും സംയുക്തസൈനികനേതൃത്വത്തിന് മുന്നിൽ നിരുപാധികം കീഴടങ്ങി.

### 5.2.3.1 ബംഗ്ലാദേശ് കലാപപശ്ചാത്തലം

ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടുപോയപ്പോൾ ഇന്ത്യയെ, ഇന്ത്യൻഡൊമിനിയനെന്നും പാക്കിസ്ഥാനെന്നും രണ്ടായി വെട്ടിമുറിച്ചിട്ടാണ് പോയത്. ഇന്ത്യയുടെ പടിഞ്ഞാറും കിഴക്കുമായി പശ്ചിമപാക്കിസ്ഥാനും, പൂർവപാക്കിസ്ഥാനും നിലകൊണ്ടു. ഭൂമിശാസ്ത്രപരമായി മാത്രമല്ല, ചരിത്രപരമായും സാംസ്കാരികമായും അത് രണ്ടായിരുന്നു. പഞ്ചാബിസംസ്കാരമായിരുന്നു പശ്ചിമപാക്കിസ്ഥാന്റേത്. പൂർവപാക്കിസ്ഥാന്റേത് ബംഗാളിസംസ്കാരവും.[24] പാക്കിസ്ഥാന്റെ രണ്ടുമേഖലകളിലെയും ജനങ്ങളിൽ ഭൂരിപക്ഷത്തിന്റെ ഭാഷയായ ബംഗാളിയെ ഔദ്യോഗികഭാഷയാക്കണമെന്നായിരുന്നു പൂർവ്വ പാക്കിസ്ഥാൻകാരുടെ ആവശ്യം. അല്ലെങ്കിൽ കിഴക്കൻമേഖലയിലെങ്കിലും ബംഗാളി ഭരണഭാഷയായി അംഗീകരിക്കപ്പെടണമെന്ന് അവർ ആഗ്രഹിച്ചു. പക്ഷെ ബംഗാളിയെ സംസ്കൃതവുമായുള്ള ബന്ധം കാരണം ഒരു ഹൈന്ദവഭാഷയായി കരുതിയ കേന്ദ്രഭരണാധികാരികൾ അതിന് സമ്മതിച്ചില്ല. കിഴക്കൻ പാക്കിസ്ഥാനിലുടനീളം ഉർദു-വിരുദ്ധപ്രക്ഷോഭം പൊട്ടിപ്പുറപ്പെട്ടു. സർക്കാർ ഓഫീസുകൾ പൂട്ടിയിടാനും നികുതികൾ നൽകാതിരിക്കാനും ഷേക്ക്

മുജീബുർ റഹ്മാൻ ആഹ്വാനം ചെയ്തു. ഇത് ബംഗ്ലാദേശിന്റെ വിമോചനസമര മാണ് എന്ന് അദ്ദേഹം പ്രഖ്യാപിച്ചു. കിഴക്കൻ പാക്കിസ്ഥാനെ അദ്ദേഹം പരസ്യ മായി ബംഗ്ലാദേശ് എന്ന് വിളിക്കാൻ തുടങ്ങിയത് അതോടുകൂടിയായിരുന്നു.[25] പ്രക്ഷോഭം ശക്തിപ്പെട്ടതോടെ പശ്ചിമ പാക്കിസ്ഥാനിൽനിന്ന് നൂറുകണക്കിന് പട്ടാ ളക്കാർ ബംഗ്ലാദേശിൽ (പൂർവ്വ പാക്കിസ്ഥാൻ) വന്നിറങ്ങി. ടിക്കാഖാന്റെ ആജ്ഞ യനുസരിച്ച് അവർ പൈശാചികമായ ആക്രമണങ്ങൾ അഴിച്ചുവിട്ടു. പോലീസും പട്ടാളവും വളരെ നിഷ്ഠൂരമായി സമരക്കാരെ നേരിട്ടു. ഭാഷാപ്രക്ഷോഭം പിന്നീട് പണിമുടക്കുകളുടെ രൂപമെടുത്തു. ബംഗാളികൾ പാക്കിസ്ഥാനിലെ ജനങ്ങളിൽ ഭൂരിപക്ഷമായിരുന്നിട്ടും അവരുടെ ഭാഷയും സംസ്കാരവും അടിച്ചമർത്തപ്പെട്ടു. സമരത്തിൽ മുപ്പതുലക്ഷത്തോളം സ്ത്രീ-പുരുഷന്മാർക്ക് ജീവഹാനി സംഭവിച്ചു. ജീവനൊഴികെ വിലപ്പെട്ട മറ്റെല്ലാം നഷ്ടപ്പെട്ട ഒരു കോടിയോളം ജനങ്ങൾക്ക് ഇന്ത്യയിൽ അഭയം പ്രാപിക്കേണ്ടിവന്നു.

**5.2.3.2 അതിരുകളും അഭയാർത്ഥികളും**

രണ്ടാം ഇന്ത്യ-പാക് യുദ്ധത്തിന്റെ പ്രത്യാഘാതം സഹദേവനിലൂടെ നോവ ലിസ്റ്റ് വരച്ചിടുന്നതിങ്ങനെയാണ്. ''യുദ്ധം മൂർച്ഛിച്ചു. ബംഗ്ലാദേശിൽനിന്ന് ലക്ഷക്ക ണക്കിന് അഭയാർത്ഥികൾ ഇന്ത്യയിലേക്ക് കടന്നു. അമേരിക്കൻ പടക്കപ്പൽ യു.എ സ്.എസ്. സെന്റർ പ്രൈസ് ബംഗാൾ ഉൾക്കടലിലേക്ക് പ്രവേശിച്ചു. പകരം സോവി യറ്റ് യൂണിയൻ ന്യൂക്ലിയർ മിസൈലുകൾ ഘടിപ്പിച്ച പടക്കപ്പലുകൾ ഇന്ത്യയിലേക്ക് അയച്ചു. ഡിസംബർ 16-ന് പാക്കിസ്ഥാൻ സൈന്യം ധാക്കയിൽ അടിയറവ് പറ ഞ്ഞു. ബംഗ്ലാദേശ് എന്ന പുത്തൻ രാജ്യം പിറന്നു.''[26] കാലാപങ്ങളിൽ നിന്ന് രക്ഷ തേടി സാധാരണക്കാർ 1971-ൽ ഇന്ത്യയിലേക്ക് പലായനം ചെയ്തു. ബംഗ്ലാദേശിൽ ഒരു രാഷ്ട്രീയപരിഹാരമുണ്ടാക്കാനോ അഭയാർത്ഥികളുടെ മടക്കയാത്രയ്ക്കുവേ ണ്ട സാഹചര്യങ്ങൾ സൃഷ്ടിക്കാനോ ഒരുക്കമല്ലാതിരുന്ന പാക്കിസ്ഥാൻ 1971 ഡിസംബർ മൂന്നാംതീയതി ഇന്ത്യയെ ആക്രമിച്ചു. എന്നാൽ ഇന്ത്യൻസേന ശക്ത

മായി തിരിച്ചടിച്ചു. വെറും പതിമൂന്നു ദിവസംകൊണ്ട് എഴുന്നൂറ്റൻപത് ലക്ഷം ജനങ്ങൾ വസിക്കുന്ന 53,000 ചതുരശ്രമൈൽ പ്രദേശം മോചിപ്പിക്കാൻ ഇന്ത്യൻസേനയ്ക്കു കഴിഞ്ഞു.

ബംഗാളിൽനിന്ന് ഇന്ത്യയിലേയ്ക്ക് പ്രവേശിച്ച കോടിക്കണക്കിന് അഭയാർത്ഥികളുടെ ഒരു മുഖചിത്രം *വിശപ്പിന്റെ റിപ്പബ്ലിക്* എന്ന അധ്യായത്തിൽ വിവരിച്ചിരിക്കുന്നത് കാണാം. ലോകംകണ്ട ഏറ്റവും വലിയ അഭയാർത്ഥിപ്രവാഹമായിരുന്നു അത്. ചരിത്രത്തിന്റെ ഇരകളായ അവർ ഇരന്നും പട്ടിണികിടന്നും കഴിഞ്ഞു. അവർ ആർക്കും വേണ്ടാത്ത അഭയാർത്ഥികളായി മാറി. ജി. മധുസൂദനൻ ഇത്തരം അഭയാർത്ഥികളെ 'പാരിസ്ഥിതിക അഭയാർത്ഥിക'ളെന്ന് പറയുന്നു.[27] ''ദേശത്തിനുള്ളിൽ സ്ഥാനഭ്രഷ്ടരായവരിൽ നല്ലൊരു ശതമാനം വൻകിടപദ്ധതികൾമൂലം നിരാലംബരായവരാണ്. കേരളത്തിൽ അവരുടെ എണ്ണം കുറവാണെങ്കിലും; ഭാരതത്തിൽ സ്വാതന്ത്ര്യാനന്തരം നാലുകോടിയോളം ജനങ്ങൾ ഇങ്ങനെ വഴിയാധാരമായി എന്നാണ് കണക്ക്. ജീവനോപാധിയായ ഭൂമി നഷ്ടപ്പെട്ട് സാംസ്കാരികമായും സ്ഥലപരമായും സ്ഥാനഭ്രംശം സംഭവിച്ച് ഇവരിൽ നല്ലൊരു വിഭാഗം നഗരങ്ങളിലെ ചേരികളിലെത്തുന്നു. ലോകത്തിലെ പ്രവാസികളിൽ നല്ലൊരു ശതമാനം പാരിസ്ഥിതിക അഭയാർത്ഥികളാണെന്നു കണക്കുകൾ പറയുന്നു.'' [28] സംഘർഷങ്ങളും കലാപങ്ങളും ആഭ്യന്തരയുദ്ധങ്ങളും ചേർന്ന് പുറന്തള്ളിയ മനുഷ്യർ അഭയാർത്ഥികളായി മറ്റു നഗരങ്ങളിലേക്ക് പ്രവഹിക്കുന്നു.

ഭാവിസ്വപ്നങ്ങളല്ല ഭൂതകാലത്തിന്റെ വേദനകളും വിദ്വേഷവുമേ അഭയാർത്ഥികൾക്കുള്ളൂ. വ്യത്യസ്തരായ ഈ നാടോടികളെ ചരിത്രത്തിന് വെളിയിൽ വസിക്കുന്നവരായാണ് ആനന്ദ് വിശേഷിപ്പിക്കുന്നത്. വേറൊരു കാലത്തിലേക്കല്ല, വേറൊരു സ്ഥലത്തേക്കാണവർ ചലിക്കുന്നത്. ചരിത്രത്തിന്റെ ഇരകളാണ് യഥാർത്ഥത്തിൽ ആനന്ദ് വിവരിക്കുന്ന അഭയാർത്ഥികൾ. ആനന്ദ് ഇവരെ

കൂടാരനിവാസികളെന്നാണ് വിശേഷിപ്പിക്കുന്നത്. [29] ദൽഹിയിൽ കണ്ടുവരുന്ന അസ്ഥിരമായ നാടോടിവർഗ്ഗങ്ങളും മറ്റ് അഭയാർത്ഥികളും ഇതിനുദാഹരണമാണ്.

സംഘർഷങ്ങളും കലാപങ്ങളും ആഭ്യന്തരയുദ്ധങ്ങളും ചേർന്ന് പുറന്തള്ളിയ മനുഷ്യർ ഇന്ത്യയുടെ തെരുവോരങ്ങളിലേയ്ക്ക് പ്രവഹിച്ചു. യുദ്ധങ്ങൾ മനുഷ്യസമൂഹത്തെ എങ്ങനെ പാർശ്വവത്ക്കരിച്ചുവെന്നും അധികാരവർഗ്ഗം എങ്ങനെ അവരെ തെരുവോരങ്ങളിൽ അലയുന്നവരാക്കി മാറ്റിയെന്നും ബംഗ്ലാദേശ് അഭയാർത്ഥികളുടെ പ്രവാഹത്തിലൂടെ നോവലിസ്റ്റ് വിവരിക്കുന്നു. അഭയാർത്ഥിപ്രവാഹം സൃഷ്ടിച്ച രോഗവും ദാരിദ്ര്യവും അനാഥത്വവും ദൽഹിനഗരത്തെ കൂടുതൽ സങ്കീർണ്ണമാക്കി. യാതനകൾ എപ്പോഴും വന്നുവീഴുന്നത് ദരിദ്രരായ സാധാരണക്കാരുടെ ജീവിതത്തിലേക്കാണെന്ന് നോവൽ സൂചിപ്പിക്കുന്നു. പ്രവാസത്തിന്റെ ഇരകളായ പതിനായിരക്കണക്കിന് അഭയാർത്ഥികൾ ദൽഹിയിലെത്തിച്ചേർന്ന് ഇരന്നും പട്ടിണികിടന്നും കഴിഞ്ഞു. അവർ ആർക്കും വേണ്ടാത്തവരായി മാറി. പാക്കിസ്ഥാനും ബംഗ്ലാദേശിനും ഇന്ത്യക്കാർക്കും വേണ്ടാത്ത നാടോടികളായി അവർ ദൽഹിയിൽ കേവലം സ്ഥലഭ്രഷ്ടപ്രവാസികളായി അലഞ്ഞുതിരിഞ്ഞു [30] അവരെസംബന്ധിച്ചിടത്തോളം ജന്മദേശത്തെക്കുറിച്ചുള്ള ഓർമ്മകൾ ശൂന്യത മാത്രമാണ് പ്രദാനം ചെയ്യുന്നത്.

അധിനിവേശങ്ങളുടെ സൃഷ്ടികളായ അവർ എവിടെയും ഇടമില്ലായ്മയുടെ പ്രതിസന്ധികളെ നേരിടുന്നു. പുതിയ ജീവിതവും നാഗരികതയും അവരെ അഭയാർത്ഥികളാക്കി മാറ്റി. സംഘർഷങ്ങളും കലാപങ്ങളും ആഭ്യന്തരയുദ്ധങ്ങളും ചേർന്ന് പുറന്തള്ളിയ മനുഷ്യർ ഇന്ത്യയുടെ തെരുവോരങ്ങളിലേയ്ക്ക് പ്രവഹിക്കുന്നു. ''നിസാമുദ്ദീൻ ദർഘയുടെ പരിസരത്ത് അഭയാർത്ഥികൾ വ്രണങ്ങൾ പോലെ വളർന്നു. വാരിയെല്ലുകൾ മുഴച്ചു നിൽക്കുന്ന നെഞ്ചിൻകൂടും മഞ്ഞച്ച തൊലിയും കുഴിഞ്ഞ കണ്ണുകളുമുള്ള കുട്ടികൾ വഴിപോക്കരുടെയും കാർയാത്രക്കാരുടെയും നേരെ കൈനീട്ടി ഭിക്ഷയാചിച്ചു. കുട്ടികൾ ഏറ്റവും നഗ്നരായിരുന്നു. ആൺകുട്ടി

കൾ സുന്നത്ത് ചെയ്തവരായിരുന്നു.''[31] ഈ ദൃശ്യം നിസ്സാമുദ്ദീനിലെ സ്ഥിരം കാഴ്ചയാണ്. രാത്രിയിൽ തലചായ്ക്കാൻ ഒരു കൂരയോ വിശക്കുമ്പോൾ തിന്നാൻ രണ്ട് ചപ്പാത്തിയോ ലഭ്യമല്ലാത്ത സാമൂഹികവ്യവസ്ഥിതിയെയും പൊതുസമൂഹ ത്തെയും തങ്ങളുടെ 'വിശന്നുശുഷ്കിച്ച' നഗ്നതകാണിച്ച് അലോസരപ്പെടുത്തുന്ന തെരുവുജീവിതം ഇന്ത്യയിലേയ്ക്ക് പ്രവഹിച്ച അഭയാർത്ഥികളുടെ ജീവിതം കൂടു തൽ സങ്കീർണമാക്കി. നിസാമുദ്ദീനിലുള്ളതുപോലെയുള്ള അഭയാർത്ഥിപ്പുറ്റുകൾ നഗരത്തിലുടനീളം വളർന്നുവന്നു. അഭയാർത്ഥിജീവിതത്തിന്റെ യാതനകളെ മുകു ന്ദൻ ഹൃദയത്തിൽ ചാലിച്ച് അവതരിപ്പിച്ചിരിക്കുന്നു.

യുദ്ധത്തിന്റെ അനന്തരമായുണ്ടായ ദുരിതങ്ങൾക്ക് ദൽഹിനിവാസികളും ഇരകളായിത്തീർന്നു. 1971 - ലെ യുദ്ധം ഇന്ത്യയിൽ മതവർഗീയതയ്ക്കു തീവ്രത പകരുന്നതായിരുന്നു. ഖാൻ മാർക്കറ്റിൽ ലസിയും മസാലച്ചായയും വിറ്റ് കുടുംബം പുലർത്തിപ്പോന്ന അബ്ദുല്ലബാവയെപ്പോലുള്ള മുസ്ലിംങ്ങൾ പാക്കിസ്ഥാൻചാര നാണെന്ന് ആരോപിച്ച് ജയിലിലടയ്ക്കപ്പെട്ടു. പ്രവാസിമലയാളികളും ഇത്തര ത്തിൽ പ്രശ്നങ്ങളിലകപ്പെടുന്നു. സംശയത്തിന്റെ പേരിൽ സത്യനാഥനെയും വാസവപ്പണിക്കരെയും റോസിലിയെയും പോലീസ് അറസ്റ്റുചെയ്യുന്നു. പോലീസു കാരന്റെ ചോദ്യത്തിന് താനൊരു ചിത്രകാരനാണെന്ന് വാസു പറഞ്ഞപ്പോൾ അങ്ങനെയൊരു മതക്കാരെക്കുറിച്ച് അവർ കേട്ടിരുന്നില്ല. റോസിലിയുടെ കുരിശു മാല കണ്ടിട്ടവൾ ക്രിസ്ത്യാനിയാണെന്ന് അവർക്ക് മനസ്സിലായില്ല. അവരുടെ അറിവിൽ രണ്ട് മതങ്ങൾ മാത്രമേയുള്ളൂ ഹിന്ദുമതവും ഇസ്ലാംമതവും[32] ഒരു രാജ്യത്ത് നിയമപാലനം നടത്തേണ്ടവർ എത്രമാത്രം അജ്ഞരും മുൻവിധിയും ഉള്ളവരുമാണെന്നാണ് ഇതിലൂടെ സൂചിതമാകുന്നത്.

## 5.3 അടിയന്തരാവസ്ഥ

1975 ജൂൺ 25-ാം തിയതി രാഷ്ട്രപതി ഫക്രുദ്ദീൻ അലി അഹമ്മദ് ശ്രീമതി ഇന്ദിരാഗാന്ധിയുടെ ഉപദേശപ്രകാരം ഭരണഘടനയുടെ 352-ാം വകുപ്പ് അനുസ

രിച്ച് രാജ്യത്ത് ആഭ്യന്തര അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. ഭാരതചരിത്രത്തിലെ ഇരുണ്ടതും ഭീകരവുമായ ഒരു കാലഘട്ടമായിരുന്നു ഇത്. ആ കാലത്തെക്കുറിച്ച് പറയുമ്പോൾ 'തമോഗർത്ത'ങ്ങളെന്ന പദമാണ് നോവലിസ്റ്റ് ഉപയോഗിച്ചിരിക്കുന്നത്. ഈ കാലഘട്ടത്തിൽ അതിന്റെ തുടർനടപടിയെന്നോണം പൗരാവകാശങ്ങളെ നിയന്ത്രിക്കുന്ന തരത്തിലുള്ള നടപടികളിലേക്ക് ഭരണ നേതൃത്വം പോകുന്നു. പത്രങ്ങളുടെമേൽ നിയന്ത്രണം ഏർപ്പെടുത്തുകയും പൗരന്മാർക്ക് ഭരണഘടന അനുവദിച്ചിരുന്ന മൗലികാവകാശങ്ങൾ റദ്ദാക്കുകയും ചെയ്തു. ആഭ്യന്തര സുരക്ഷിതത്വ നിയമവും അതുപോലുള്ള മറ്റു പല നടപടികളും നിയമപ്രാബല്യം നേടി. ജയപ്രകാശ് നാരായണൻ, മൊറാർജി ദേശായി അടൽ ബിഹാരി വാജ്പേയി, എൽ.കെ. അദ്വാനി, അശോക്മേത്ത, രാജ്നാരായണൻ, ചന്ദ്രശേഖർ, ചരൺസിംഗ്, മധുലിമായേ എന്നീ ദേശീയനേതാക്കളെ മണിക്കൂറുകൾക്കകം തുറങ്കിലടച്ചു. അഭിപ്രായസ്വാതന്ത്ര്യനിരോധനത്തിന്റെ ഭാഗമായി പത്രങ്ങൾ പുറത്തുവരാതിരിക്കാൻ അവയ്ക്കുള്ള വൈദ്യുതിബന്ധം വിച്ഛേദിച്ചു. രാഷ്ട്രീയസ്വയംസേവക്സംഘമടക്കം ഇരുപത്തിയാറ് സംഘടനകളെ നിരോധിച്ചു. പത്രസ്വാതന്ത്ര്യത്തിന് നിയന്ത്രണമേർപ്പെടുത്തി. മിസ (ആഭ്യന്തര സുരക്ഷിതത്വനിയമം) ഡി.ഐ.ആർ (രാജ്യരക്ഷാനിയമം) എന്നിവ നിരങ്കുശം പ്രയോഗിച്ചുതുടങ്ങി. ഭാരതമാകെ ഒരു തടവറയായി മാറി. 1976-ൽ നടക്കേണ്ടിയിരുന്ന ലോക്സഭാതിരഞ്ഞെടുപ്പു മാറ്റിവച്ചു. അടിയന്തരാവസ്ഥപ്രഖ്യാപനത്തിന് ശേഷം സഞ്ജയ്ഗാന്ധി അതിവേഗം അധികാരരാഷ്ട്രീയത്തിൽ അതികായനായി വളർന്നു. ഇന്ദിരാഗാന്ധിയുടെയോ നെഹ്റുവിന്റെയോ നയങ്ങളുമായി യാതൊരു ബന്ധവുമുണ്ടായിരുന്നില്ല സഞ്ജയ്ഗാന്ധിയുടെ ചിന്തകൾക്ക്.

കുടുംബാസൂത്രണ പരിപാടിയുടെ മറവിൽ ആയിരക്കണക്കിനാളുകളെ നിർബന്ധിത വന്ധ്യംകരണത്തിന് വിധേയരാക്കി. പത്രങ്ങളുടെ മേൽ ഏർപ്പെടുത്തിയിരുന്ന നിയന്ത്രണം കാരണം ഭരണത്തിൽവന്ന ഇത്തരം അതിക്രമങ്ങൾക്കൊന്നുംതന്നെ വേണ്ടത്ര പ്രചാരം ലഭിക്കാതെ പോയി. രാജ്യത്തുടനീളം

പടർന്നുപിടിച്ച അസ്വസ്ഥതയുടെ വ്യക്തമായ തെളിവുകൾ അവിടവിടെ കാണപ്പെട്ടു. പ്രധാനമന്ത്രിയുടെ മകനായ സഞ്ജയ്ഗാന്ധി ഭരണഘടനാനുസൃതമല്ലാതെതന്നെ അധികാരം കയ്യാളുവാൻ തുടങ്ങി. റേഡിയോ, ടെലിവിഷൻ, പത്രങ്ങൾ തുടങ്ങിയ പ്രചാരണമാധ്യമങ്ങളുടെ സഹായത്തോടെ സഞ്ജയ് ഗാന്ധിയെ ഭാവി പ്രധാനമന്ത്രിയാക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നു എന്നൊരു സംശയം പരന്നു. ഇത് ഒരു വിഭാഗം ജനങ്ങളുടെ വികാരത്തെ ആളിക്കത്തിച്ചു. 1977 ജനുവരി 18-ാം തീയതി ശ്രീമതി ഗാന്ധി ലോക്സഭ പിരിച്ചുവിട്ട് പുതിയ തിരഞ്ഞെടുപ്പ് നടത്താനുള്ള തന്റെ തീരുമാനം പ്രഖ്യാപിക്കുകയും അടിയന്തരാവസ്ഥയിൽ ചില അയവുകൾ വരുത്തുകയും ചെയ്തു. 1977 മാർച്ച് 20-ന് അടിയന്തരാവസ്ഥ പിൻവലിച്ചു.

### 5.3.1 ഭരണകൂടസ്വേച്ഛാധിപത്യവും അടിസ്ഥാനവർഗവും

ജവഹർലാൽ നെഹ്റു, ഇന്ദിരാഗാന്ധി, സഞ്ജയ്ഗാന്ധി എന്നിവരിലൂടെ ശക്തമാകുന്ന രാഷ്ട്രീയപാരമ്പര്യത്തെ സൂചനകളിലൂടെ ധ്വന്യാത്മകമായി അവതരിപ്പിക്കുകയും ആ രാഷ്ട്രീയപാരമ്പര്യം സൃഷ്ടിച്ച ചില പൊട്ടിത്തെറികൾ സാധാരണക്കാരായ ഇന്ത്യൻ ജനതയുടെ ജീവിതത്തിലുണ്ടാക്കിയ ആഘാതങ്ങളെ പ്രവാസികളുടെ അനുഭവസാക്ഷ്യങ്ങളിലൂടെ വിശദമായി ആവിഷ്കരിക്കുകയും ചെയ്യുന്ന രീതിയാണ് *ദൽഹി ഗാഥകളി*ൽ കാണുന്നത്. അതുവഴി ദൽഹിരാഷ്ട്രീയത്തിലെ അധികാരവ്യക്തിത്വങ്ങൾ പശ്ചാത്തലകഥാപാത്രങ്ങളായി ചുരുങ്ങുകയും പകരം സാമൂഹികജീവിതത്തിലെ അടിസ്ഥാനവർഗ്ഗപ്രതിനിധികളായ അതിസാധാരണവ്യക്തിത്വങ്ങൾ മുഖ്യകഥാപാത്രങ്ങളാവുകയും ചെയ്യുന്നു.

രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥരും ഉപരിവർഗ്ഗസമ്പന്നരും വ്യവസായമാഫിയകളും അടക്കിവാഴുന്ന ദൽഹിയല്ല ചെരിപ്പുകുത്തിയായ കല്ലുമോച്ചി, ക്ഷുരകനായ ദാസപ്പൻ, ധോബിയായ സീതാറാം, ആശാരിയായ ഉത്തംസിംഗ് തുടങ്ങി 'ഫ്ളോട്ടിങ് പോപ്പുലേഷൻ (Floting population) എന്ന പേരുനൽകി പാർശ്വവ

ൽകരിക്കുന്ന അഭയാർത്ഥികൾ, ഭിക്ഷക്കാർ, തെരുവുകച്ചവടക്കാർ, പിടിച്ചുപറിക്കാർ തുടങ്ങിയവരും അടിയന്തരാവസ്ഥയുടെ ഇരകളായിരുന്നു.

അടിയന്തരാവസ്ഥക്കാലത്തെ ദൽഹിജീവിതമാണ് നോവലിൽ ഏറ്റവും ഹൃദയസ്പർശിയായി ആവിഷ്കൃതമായിരിക്കുന്നത്. ഇന്ത്യൻഅവസ്ഥകളെ കൂടുതൽ ഇരുട്ടിലാഴ്ത്തിയ അടിയന്തരാവസ്ഥയോടുള്ള എഴുത്തുകാരന്റെ നിലപാടുകൾ നോവലിലെ കഥാപാത്രങ്ങളിലും സംഭവവിവരണങ്ങളിലും പ്രകടമാണ്. അടിച്ചമർത്തൽരാഷ്ട്രീയത്തോടുള്ള എഴുത്തുകാരന്റെ ശക്തമായ പ്രതികരണവും പ്രതിഷേധവും അത്തരം സന്ദർഭങ്ങളിൽ വ്യക്തമാകുന്നുണ്ട്. എംബസിയിലെ ജോലി കാരണം അടിയന്തരാവസ്ഥക്കാലത്ത് തനിക്ക് പ്രതികരിക്കാൻ പറ്റാതിരുന്നതിനെക്കുറിച്ച് എഴുത്തുകാരൻ തന്നെ പറഞ്ഞിട്ടുണ്ട്.[33]

''അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതോടെ ദൈവങ്ങൾപോലും ഇന്ദിരാജിയ്ക്കും സഞ്ജയ്ജിക്കും താഴെയാണ്. അവരുടെ മുകളിൽ മറ്റാരുമില്ല. സഹദേവനതറിയാം.'' [34] എന്ന മട്ടിൽ വസ്തുതകൾ പറഞ്ഞുപോകുമ്പോൾ തന്നെ അവയെ വസ്തുസ്ഥിതി കഥനത്തിലൂടെ ലഘൂകരിക്കാൻ നോവലിസ്റ്റ് ഒരുങ്ങുന്നുമില്ല. നഗരം മോടിപിടിപ്പിക്കലിന്റെ ഭാഗമായി ആയിരങ്ങളുടെ കിടപ്പാടവും ജീവനും അപഹരിച്ചുകൊണ്ട് അരങ്ങേറിയ ഇടിച്ചുനിരത്തൽ സംരംഭങ്ങൾ, പ്രതിരോധത്തിനുള്ള ചെറിയ ശ്രമത്തെപ്പോലും ചെറുക്കുന്നതിനുള്ള കരുതൽ എന്ന നിലയിൽ ആസൂത്രണം ചെയ്യപ്പെട്ട ജയിൽനിറയ്ക്കൽ പരിപാടികൾ ഇവയെല്ലാം ജനാധിപത്യത്തെ സർവ്വോപരി മനുഷ്യജീവിതത്തെ എപ്രകാരം വിലകെട്ടതാക്കി എന്ന് നോവലിസ്റ്റ് രേഖപ്പെടുത്തുന്നു.

പത്രപ്രവർത്തകരും എഴുത്തുകാരും സർവ്വകലാശാലാ അധ്യാപകരും മനുഷ്യാവകാശപ്രവർത്തകരും കൂട്ടത്തോടെ അറസ്റ്റുചെയ്യപ്പെട്ട ഏറെ ഭീതിദമായ പ്രസ്തുതസാഹചര്യത്തിലും നഗരത്തിലെ പ്രതിഷേധങ്ങളെയെല്ലാം നിശബ്ദമാക്കാനും അവരുടെ കാഴ്ച അപഹരിച്ചുകൊണ്ട് ഭരണചക്രത്തെ മുന്നോട്ട് നയി

ക്കാനും അവർക്ക് കഴിഞ്ഞു. ''സുധീർ ഭിഷ്ടിനെപ്പോലുള്ള കോളേജ് പ്രൊഫ സർമാരും കുഞ്ഞിക്കണ്ണൻ മാഷിനെപ്പോലുള്ള വിപ്ലവകാരികളും കുഞ്ഞിക്കൃഷ്ണ നെപോലുള്ള പത്രപ്രവർത്തകരും കവികളും വിദ്യാർത്ഥികളും ജയിലിലടയ്ക്കപ്പെ ടുന്നു. തീഹാർ ജയിൽ ശീഘ്രം നിറയുകയാണ് ഇനിയും വൈകിയാൽ അവിടെ ഇടമില്ലാതെയാകും.''[35] അടിയന്തരാവസ്ഥക്കാലത്തെ ജങ്പുരിയിലെ ആദ്യ ഇരയാ കുവാനുള്ള നറുക്കുവീണത് ദാസപ്പനാണ്. പോലീസുകാരും ബാബുമാരും ഞാവൽമരച്ചുവട് ക്ലീനാക്കി. നഗരവീഥികൾ ക്ലീനാക്കുവാനുള്ള സഞ്ജയിയുടെ ഉത്തരവുകൾ അവർ നടപ്പിലാക്കുകയാണ്.

ജനസംഖ്യാനിയന്ത്രണത്തിന്റെ പേരിൽ നിർബന്ധിതവന്ധ്യംകരണക്യാമ്പു കൾ നടത്തപ്പെടുന്നു. അധ്യാപകർക്കും ജീവനക്കാർക്കും ശമ്പളം കിട്ടണമെങ്കിൽ അവർക്ക് നിർദ്ദേശിച്ചിട്ടുള്ളത്രയും എണ്ണം വന്ധ്യംകരണം ഓരോ മാസവും ക്യാമ്പു കളിൽ നടത്തിയിരിക്കണം എന്ന സർക്കാർ ഉത്തരവ് വരുന്നു. രാജ്യജനസംഖ്യ പെരുകാതെ കാത്തുസൂക്ഷിക്കാൻ പോലീസും അധികാരികളും ഒരു എണ്ണയിട്ട യന്ത്രംപോലം പ്രവർത്തിക്കുന്നതിന്റെ ദൃഷ്ടാന്തങ്ങൾ നോവലിൽ കാണാം. സമീ പപ്രദേശത്തെ പോലീസുകാരും മുൻസിപ്പൽജീവനക്കാരും ഇരകളെ ബലമായി കീഴ്പ്പെടുത്തി സ്കൂൾടെന്റിൽ കൊണ്ടുവന്നു. അവശനായി തണുപ്പത്ത് സർക്കാർ ആശുപത്രിയിലേക്ക് പോകുന്ന അറുപത്തിരണ്ടുകാരൻ കൻവാരിയേയും അവർ വന്ധ്യംകരണത്തിന് വിധേയനാക്കി. അവർ കൻവാരിയുടെ പ്രായം നാൽപ്പത്തിയെ ട്ടാക്കി വെട്ടിക്കുറച്ചു. നാഭിയിലെ വേദനയും നെഞ്ചിലെ ചുമയുമായി കൻവാരി റോഡുവക്കിൽ തളർന്നുകിടന്നു. അടിയന്തരാവസ്ഥ, ക്ഷയരോഗിയായ ആ വൃദ്ധനു തീണ്ടാരി നൽകി.''[36] അടിയന്തരാവസ്ഥയുടെ മറവിൽ അധികാരം എപ്രകാരം ജന തക്കുമേൽ പിടിമുറുക്കുന്നുവെന്ന് നോവലിൽ നിന്നും മനസ്സിലാക്കാം.

എതിർശബ്ദങ്ങളെയെല്ലാം നിശബ്ദമാക്കിക്കൊണ്ടാണ് ഭരണകൂടത്തിന്റെ ബുൾഡോസറുകൾ ജനാധിപത്യത്തിന് മേൽ സഞ്ചരിക്കുന്നത്. ദൽഹിയിലെ ദരിദ്ര

ലക്ഷങ്ങളായിരുന്നു ഉദ്യോഗസ്ഥപീഡനങ്ങൾക്കും മറ്റും എളുപ്പം കീഴടങ്ങേണ്ടിവ ന്നത്. ശസ്ത്രക്രിയയ്ക്കു വിധേയരായവർ റോഡുകളിലും ചേരിപ്രദേശങ്ങളിലു മെല്ലാം മുടന്തിപോകുന്നതും കിടന്നുഞെരുങ്ങുന്നതും മുകുന്ദൻ ചിത്രീകരിക്കുന്നു ണ്ട്. യാചകരും ചെരുപ്പുകുത്തികളും സബ്ജിവാലകളുമായിരുന്നു എളുപ്പം ഇരക ളായിത്തീർന്നത്. ധോബി സീതാറാമിനെപ്പോലെ പലരും അണുബാധവന്ന് നരകി ക്കുന്നവരാണ്. യുവാക്കളും വൃദ്ധരും ഒരുപോലെ വന്ധ്യംകരണത്തിനിരയാവുന്ന കാഴ്ചയും നോവലിലുണ്ട്. കോളേജ് വിദ്യാർത്ഥിയായ സത്യനാഥനും ഇരകളുടെ കൂട്ടത്തിൽപ്പെടുന്നുണ്ട്. ജാനകിക്കുട്ടിയും കൂട്ടുകാരുമൊത്ത് പ്രതിഷേധപ്രകടന ത്തിൽ പങ്കെടുക്കുന്ന അയാൾ പോലീസിന്റെയും വോളണ്ടീയർമാരുടെയും പിടിയി ലകപ്പെടുകയാണ്. ''അയാൾക്ക് വോളണ്ടിയർമാരുടെ നീരാളിപ്പിടുത്തതിൽനിന്ന് സ്വതന്ത്രനാകുവാൻ കഴിഞ്ഞില്ല. അവരുടെ സഹായത്തിനു പോലീസുകാരുണ്ടായി രുന്നു. അവർ അയാളെ കീഴ്പ്പെടുത്തി ബെഞ്ചിന്മേൽ ബലമായി പിടിച്ചു കിട ത്തി.''[37] നിർബന്ധിതവന്ധ്യംകരണത്തിന്റെ ആഘാതത്തിൽനിന്നും വളരെക്കാലമെ ടുത്താണ് അയാൾ മോചിതനാകുന്നത്.

തലസ്ഥാനനഗരത്തിന്റെ സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങൾപോലും എത്രമാത്രം ജനാധിപത്യവിരുദ്ധമായാണ് നടക്കുന്നതെന്ന് നോവലിസ്റ്റ് വെളിപ്പെടു ത്തുന്നുണ്ട്. പ്രവാസിമലയാളിയും തുർക്കിമാൻ ഗെയിറ്റിലെ വി.പി ഏജൻസീസ് എന്ന സ്ഥാപനത്തിന്റെ ഉടമയുമായ സഹദേവന്റെ ദുരനുഭവങ്ങളിലൂടെയാണ് അത് നോവലിസ്റ്റ് വിവരിക്കുന്നത്. തുർക്കിമാൻ ഗെയിറ്റിന് നേരെ നീങ്ങുന്ന ബുൾഡോ സർ കണ്ട് സഹദേവൻ ഇരുകൈകളും ഉയർത്തി ബുൾഡോസറിന്റെ മുന്നിൽ ചെന്നുനിന്നു. ''സഹദേവൻ ഇംഗ്ലീഷ് കലർത്തിയാണ് സംസാരിച്ചത്. അതുകൊണ്ട് ഡ്രൈവർ ബുൾഡോസറിന്റെ വേഗം കുറച്ചു. എന്തിനാണ് നിങ്ങൾ പാവങ്ങളുടെ വീടുകളും തൊഴിലിടങ്ങളുമൊക്കെ നശിപ്പിക്കുന്നത്? തുർക്കിമാൻ ഗെയിറ്റിനു സൗന്ദര്യം വെപ്പിക്കാനോ?. ഇന്ത്യാഗെയിറ്റ് തെളിഞ്ഞു കാണുവാനോ?. ജുമാമസ്ജി

ദിന്റെ പരിസരങ്ങളിൽ ജീർണ്ണിച്ച എടുപ്പുകളും മാലിന്യങ്ങളും ദാരിദ്ര്യവുമാണുള്ളത് അതൊക്കെ ശുദ്ധീകരിക്കണം. ജുമാമസ്ജിദിൽ നിന്ന് നോക്കിയാൽ ദൂരെ ഇന്ത്യാ ഗെയിറ്റിന്റെ മനോഹരമായ കാഴ്ച കാണണം. അതിന് തടസ്സം നിൽക്കുന്നത് തുർക്കുമാൻ ഗേറ്റിലെ എടുപ്പുകളാണ്. ആ തടസ്സങ്ങൾ നീക്കണം. അതിനുവേണ്ടി കെട്ടിടങ്ങൾ ഇടിച്ചുനിരത്തണം. തുർക്ക്മാൻ ഗെയിറ്റ് ശുദ്ധീകരണത്തിന് സഞ്ജയ്ജിയെ പ്രേരിപ്പിച്ചത് അദ്ദേഹത്തിലെ സൗന്ദര്യാരാധകനാണ്. തുർക്ക്മാൻ ഗെയിറ്റ് ഒരു മിനിപാക്കിസ്ഥാനാണ്. സഞ്ജയ്ജി സുഹൃത്തുക്കളോട് പറയാറുണ്ട്. തലസ്ഥാനനഗരിയിൽ ഒരു പാക്കിസ്ഥാൻ പാടില്ല. അതിനനുവദിക്കില്ല.'' [38] ഡിമോളിഷൻ സ്ക്വാഡിന്റെയും നെഹ്റു ബ്രിഗേഡിന്റെയും കരുത്തിന് മുന്നിൽ അയാളുടെ ശബ്ദം അലിഞ്ഞുപോയി.

ഷോപ്പുടമകളുടെയും ജനക്കൂട്ടത്തിന്റെയും എതിർപ്പുകളെ തൃണവൽക്കരിച്ചുകൊണ്ട് അധികാരികളുടെ തീരുമാനങ്ങൾ നടപ്പിലാക്കപ്പെടുന്നതാണ് പിന്നീട് കാണുന്നത്. അതായത് പാവപ്പെട്ടവന്റെ അതിജീവനത്തിനുമേൽ അധികാരികളുടെ ബലിഷ്ഠമായ കരങ്ങൾ പതിക്കുന്നു. ചേരി പ്രദേശവാസികളും മറ്റ് ദരിദ്രജനങ്ങളുമടങ്ങുന്ന ജനസഞ്ചയം ഇതിനെതിരെ പ്രക്ഷോഭവുമായി രംഗത്തെത്തിയെങ്കിലും അതിനെ നിർദാക്ഷണ്യം അടിച്ചമർത്തുന്നു. ആ യുദ്ധസമാനമായ അന്തരീക്ഷത്തെ മുകുന്ദൻ നോവലിൽ വിശദീകരിക്കുന്നുണ്ട്. ''സ്ത്രീകളെയും കുട്ടികളെയും അന്ധരാക്കിക്കൊണ്ട് കണ്ണീർവാതകഷെൽ പൊട്ടി. കണ്ണീർവാതകഷെൽ പരാജയപ്പെട്ടപ്പോൾ പോലീസുകാർ തോക്കുകളുടെ കാഞ്ചി വലിച്ചു. രക്തം ചിന്തി നിലം പതിക്കുന്ന മനുഷ്യരുടെ ഇടയിലൂടെ ബുൾഡോസറുകൾ മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നു.''[39] അധികാരികളുടെ നിയന്ത്രണത്താൽ അടുത്ത ദിവസത്തെ പത്രത്തിൽ തുർക്ക്മാൻ ഗെയിറ്റിലെ സംഭവങ്ങൾ വന്നില്ലെങ്കിലും ബി.ബി.സി. ന്യൂസിൽ നിന്നും ലോകമാകെ ആ വാർത്ത കേട്ടു. ഭക്ഷണവും കിടപ്പാടവുമെന്നപോലെ സ്വാതന്ത്ര്യവും മനുഷ്യന് ആവശ്യമാണെന്നു പത്തൊൻപതുമാസക്കാലത്തെ അനു

ഭവങ്ങളിൽനിന്ന് പ്രവാസിമലയാളികളുൾപ്പെടെ മുഴുവൻ ദൽഹിനിവാസികളും മനസ്സിലാക്കി. രാഷ്ട്രീയമായി അടിയന്തരാവസ്ഥക്കാലം പിന്നിട്ടപ്പോഴും മാനസികമായി അടിയന്തരാവസ്ഥയിൽനിന്നും മോചനം നേടാൻ കഴിയാതിരുന്നവരാണ് കുഞ്ഞിക്കൃഷ്ണനും ലളിതയും സഹദേവനും സത്യനാഥനുമെല്ലാം. പ്രാവാസ പഠനപരിസരത്ത് രേഖപ്പെടുത്തുന്ന പ്രശ്നങ്ങൾക്കപ്പുറം തികച്ചും വ്യത്യസ്തമായ സ്ഥിതിവിശേഷമായാണ് അടിയന്തരാവസ്ഥയുടെ സംഭവവികാസങ്ങളെ നോവലിൽ രേഖപ്പെടുത്തുന്നത്.

### 5.4 സിഖ് കലാപം

അടിയന്തരാവസ്ഥയ്ക്കു ശേഷം തിരിച്ചുവന്ന ഇന്ദിരാഗാന്ധിയ്ക്ക് രാജ്യത്തിന്റെ കെട്ടുറപ്പിനും ഭദ്രതയ്ക്കുമെതിരായി പലഭീഷണികളും നേരിടേണ്ടിവന്നു. ഭിന്ദ്രൻവാലയുടെ നേതൃത്വത്തിൽ പഞ്ചാബിലും അയൽസംസ്ഥാനങ്ങളിലും സിക്ക് തീവ്രവാദികൾ സംഘടിതമായ ഭീകരപ്രവർത്തനങ്ങളിലേർപ്പെട്ടു. നൂറുകണക്കിന് നിരപരാധികൾ അവരുടെ തോക്കുകൾക്ക് ഇരയായി. പഞ്ചാബിലെ ക്രമസമാധാന നില താറുമാറായി. സിഖുകാരുടെ പരിപാവനമായ അമൃതസർലെ സുവർണ്ണ ക്ഷേത്രം ഭീകരുടെ സിരാകേന്ദ്രമായി ഭവിച്ചു.

#### 5.4.1 ഓപ്പറേഷൻ ബ്ലൂസ്റ്റാർ

ഇന്ദിരാഗാന്ധിയുടെ ഉത്തരവുപ്രകാരം 1984- ൽ പട്ടാളക്കാർ സുവർണ്ണക്ഷേത്രത്തിൽ കയറി സിഖ് വിമതരെ പുറത്താക്കി. ഓപ്പറേഷൻ ബ്ലൂസ്റ്റാർ എന്നു പേരിട്ട ആ സൈനികനീക്കത്തിൽ നിരവധിപേർ കൊല്ലപ്പെട്ടു. ക്ഷേത്രപരിസരത്ത് സാധാരണ നിലകൈവരുത്തുന്നതിൽ വിജയിച്ചുവെങ്കിലും നിർഭാഗ്യമെന്ന് പറയട്ടെ ക്ഷേത്രത്തിന് ചില്ലറ കേടുപാടുകൾ സംഭവിച്ചു. ക്ഷേത്രം കളങ്കപ്പെടുത്തിയതും ഖാലിസ്ഥാൻവാദം ഉന്നയിച്ച പ്രവർത്തകരെ ആക്രമിച്ചതും സിഖ്സമുദായത്തിന്റെ മതവികാരങ്ങളെ വ്രണപ്പെടുത്തി. ഇന്ത്യൻ രാഷ്ട്രീയത്തിലെ ഒരു വഴിത്തിരിവായിരുന്നു ഇത്.

### 5.4.2 സിഖ് വിരുദ്ധകലാപവും നോവൽ ആഖ്യാനവും

സുവർണക്ഷേത്രത്തിലെ സംഭവങ്ങളിൽ പ്രതികാരം മനസ്സിൽവച്ച സിഖു കാരായ അംഗരക്ഷകർ 1984 ഒക്ടോബർ 31-ന് ഇന്ദിരാഗാന്ധിയെ വെടിവച്ചു. ഇതായിരുന്നു സിഖ് വിരുദ്ധകലാപത്തിന്റെ കാരണം. തുടർന്ന് ദൽഹിയിലും ഉത്തരേന്ത്യൻ കേന്ദ്രങ്ങളിലും സിക്കുവിരുദ്ധകലാപങ്ങൾ പൊട്ടിപുറപ്പെട്ടു. സിക്കുകാരുടെ ജീവനും വസ്തുക്കൾക്കും വൻതോതിൽ നാശനഷ്ടങ്ങൾ സംഭവിക്കുകയും ചെയ്തു.

ഇന്ദിരാഗാന്ധിയുടെ വധത്തിനുശേഷം ദൽഹിയിൽ നടന്ന സിഖുവിരുദ്ധകലാപം നോവലിലെ ഏറ്റവും ശക്തവും തീവ്രവുമായ ആവിഷ്കാരങ്ങളിലൊന്നാണ്. ബിയാന്ത്സിംഗും സത്വന്ത്സിംഗും ഇന്ദിരാഗാന്ധിയുടെ നേരെ ഉതിർത്ത മുപ്പത്തിമൂന്ന് വെടിയുണ്ടകൾ ഓരോ സിഖുകാരന്റെയും പ്രതിഷേധത്തെ പ്രതിഫലിപ്പിക്കുന്നതായിരുന്നുവെന്ന് സഹദേവൻ നിരീക്ഷിക്കുന്നു. കലാപത്തിലും സിഖുവേട്ടയിലും ഉത്തംസിങ്ങിനെയും ബൽബീർസിങ്ങിനെയും പോലുള്ള ആറായിരത്തോളം നിരപരാധികൾ കൊല്ലപ്പെട്ടു. അവശേഷിച്ച സിഖുകുടുംബങ്ങളിൽ പലരും ദൽഹിയിൽ നിന്നും പലായനം ചെയ്യേണ്ടിവരുന്നു. ദൽഹിയിലെ പഞ്ചാബികളിലേറെയും ഇന്ത്യ-പാക്ക് വിഭജനകാലത്ത് പലായനം ചെയ്തെത്തിയവരായിരുന്നു. നോവലിലെ ഗുഞ്ചൻബാബിയുടെ കുടുംബവും ഇത്തരത്തിൽ എത്തിയതാണ്.

കലാപകാരികൾ സിഖുകാരെ തിരഞ്ഞുപിടിച്ച് അപായപ്പെടുത്തിക്കൊണ്ടിരുന്നു. നോവലിസ്റ്റ് അതിങ്ങനെ വിവരിക്കുന്നു. ''അമ്റീത്പുരിയിലെ സഡക്കുകളിലൂടെ ആളുകൾ ആയുധങ്ങളുമായി സിഖുകാരുടെ പാർപ്പിടങ്ങൾ തിരഞ്ഞുനീങ്ങിക്കൊണ്ടിരുന്നു. അടഞ്ഞു കിടക്കുന്ന ഗെയിറ്റുകളിലും വാതിലുകളിലും ഇടിച്ച് അകത്ത് സർദാർമാരുണ്ടോയെന്നു തിരക്കി. ഇല്ലെന്ന് മറുപടി കിട്ടുമ്പോൾ വിശ്വാസം വരാതെ അവർ അകത്തുകയറി പരിശോധിച്ചു. സർദാർജിയുടെ വീട

ല്ലെന്ന് ഉറപ്പുവരുത്തിയിട്ടേ അവർ അവിടെനിന്ന് ഇറങ്ങിയുള്ളു. തുടർന്ന് സിഖു രക്തം മണത്തുകൊണ്ട് അവർ മറ്റ് ഗലികളിലേക്ക് ഇറങ്ങിപ്പോയി.'' [40]''സർദാർജിമാരുടെ വീടുകൾ തിരക്കി അക്രമാസക്തരായ ആൾക്കൂട്ടം അന്ന് കോളനികൾ തോറും കയറിയിറങ്ങിനടന്നു. റോഡിലൂടെ സ്കൂട്ടറിൽ പോയിരുന്ന സർദാർജിമാരെ വിവിധയിടങ്ങളിൽ വാഹനം തടഞ്ഞുനിർത്തി ജീവനോടെ കത്തിച്ചു.

ദൽഹിയിൽ കൊല്ലും കൊലയും സർവസാധാരണമായ ദിനങ്ങളായിരുന്നു അത്. റോഡുകളിൽ നിരവധി വാഹനങ്ങൾ കത്തിച്ചാമ്പലായി. സ്ത്രീകളും കുട്ടികളും വൃദ്ധരുമെല്ലാം ദയാരഹിതമായി ആക്രമിക്കപ്പെട്ടു. ജീപ്പുകളിലും കാറുകളിലും ടെമ്പോവാനുകളിലുമായി സിഖുകുടുംബങ്ങൾ കൂട്ടമായി പലായനം ചെയ്തു. ''ജീവനുവേണ്ടി കയ്യിൽ കിട്ടുന്നതെല്ലാം വാരിയെടുത്ത് വീട് വിട്ട് പലായനം ചെയ്യുന്നവർ'' [41] ആയിരുന്നു എവിടെയും. പഞ്ചാബിജനതക്ക് ഭീകരമായ അക്രമങ്ങൾ നേരിടേണ്ടിവന്ന ആ കാലഘട്ടം ഇന്ത്യാചരിത്രത്തിലെ കറുത്ത അധ്യായമാണ്.

വാസു എന്ന ദൽഹിമലയാളിയുടെ ദുരനുഭവത്തെ നോവലിസ്റ്റ് ഇത്തരത്തിൽ ചിത്രീകരിക്കുന്നു- ''എന്തോ കരിഞ്ഞു പുകയുന്ന മണം കേട്ടാണ് വാസു ഉറക്കമുണർന്നത്. പുകയുടെ ഉറവിടം തേടി അയാൾ ടെറസിലേക്കു ചെന്നു. പരിസരത്തൊന്നും ഒരു ജീവിയെപ്പോലും കണ്ടില്ല. കാറും സ്കൂട്ടറും ഓട്ടോയും ഒരേ സമയം ഇങ്ങനെ കത്തുന്നത് എന്തുകൊണ്ടാണ്? വാസു തലപുകഞ്ഞ് ആലോചിച്ചു. യമുനയുടെ അക്കരെ സുൽത്താനപുരിയിലും മംഗൾപുരിയിലും കലാപം പൊട്ടിപുറപ്പെട്ടത് അയാൾ അറിഞ്ഞിരുന്നില്ല. ആ കലാപം തിലക്നഗറിലേക്ക് പടർന്നതും അയാൾ അറിഞ്ഞിരുന്നില്ല. ഇന്ദിരാഗാന്ധി മരണപ്പെട്ട വിവരം അയാൾ അറിഞ്ഞിരുന്നു. പക്ഷേ അതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് അയാൾ ബോധവാനായിരുന്നില്ല.''[42] റോഡിൽകണ്ട കാഴ്ചകൾ വാസുവിനെ അസ്വസ്ഥനാക്കി. ആ അസ്വാസ്ഥ്യം കഠിനമായ വിഷാദമായി മാറി. അയാൾക്ക് ഹൃദയാഘാതം

വരുന്നതുപോലെ നെഞ്ചിൽ മുറുക്കം അനുഭവപ്പെട്ടു. ഇതുപോലുള്ള അവസര ത്തിൽ അയാൾക്ക് ആവശ്യം ഏതാനും ദീർഘമായ പുകകളാണ്. പക്ഷേ അയാ ളുടെ സ്റ്റോക്കു തീർന്നിരുന്നു. അയാൾ ഷർട്ടെടുത്തിട്ടു ജുമാമസ്ജിദിലേക്കു പുറ പ്പെട്ടു. ഹരിലാൽശുക്ല വാസുവിനെ അന്വേഷിച്ചു നടക്കുന്നതിനിടയിൽ ദൂരെ മായാ പുരിയിലെ നിരത്തിലൂടെ അഴിച്ചിട്ട നീണ്ട തലമുടിയുമായി ഒരാൾ ഓടുന്നത് കണ്ടു. ആൾക്കൂട്ടം നീണ്ട തലമുടിക്കാരനെ ആക്രോശത്തോടെ പിന്തുടർന്നു. അവ രുടെ കൈകളിൽ ഇരുമ്പുവടികളും വാളും മണ്ണെണ്ണ കന്നാസുകളുമായിരുന്നു. ഗലികളിൽ അവിടവിടെയായി ചെറിയ ആൾക്കൂട്ടങ്ങൾ മറഞ്ഞുനിന്നിരുന്നു. കയ്യിൽ കൂർത്ത കല്ലുകളുമായി ഇറങ്ങിവന്ന് അവർ മറ്റുള്ളവരോടൊപ്പം ചേർന്നു.

''കൊല്ലവനെ, മാരോ കുത്തേക്കോ''

''ഞാൻ സിഖുകാരനല്ല......'' ഓടുന്നതിനിടയിൽ അയാൾ വിളിച്ചു പറ ഞ്ഞു......അയാൾ പൊടുന്നനെ തന്റെ തലയിൽ തീച്ചൂടറിഞ്ഞു. അടുത്തനിമിഷം അയാൾ കത്തിയാളുകയായിരുന്നു[43]

വാസുവിന്റെ മുടിയും താടിയും കാരണം അയാൾ സിഖുകാരനാണെന്ന് തെറ്റിദ്ധരിക്കപ്പെട്ടു. സിഖുകാരനല്ലെന്ന് അയാൾ വിളിച്ചുപറഞ്ഞതൊന്നും ഭ്രാന്ത രായ ജനക്കൂട്ടം കേട്ടില്ല. അവർ അയാളുടെ തലവഴി മണ്ണെണ്ണയൊഴിച്ച് കത്തിച്ചു. വാസുവെന്ന ആഭ്യന്തരപ്രവാസിയുടെ മരണം സിഖ് വിരുദ്ധകലാപത്തിന്റെ തീക്ഷ്ണത കൂട്ടുന്നു. സമൂഹത്തെ നിരാകരിച്ച; വ്യക്തിയുടെ അന്തശ്ചോദനയിൽ മാത്രം വിശ്വസിച്ച വാസവപ്പണിക്കർ സിഖുവിരുദ്ധകലാപകാലത്ത് നീട്ടിവളർത്തിയ മുടിയുടെ പേരിൽ സംശയിക്കപ്പെട്ട് കൊലചെയ്യപ്പെടുന്നു. ''ആ സംഭവത്തിലൂടെ ആധുനികതാപ്രസ്ഥാനത്തിന്റെ കാലത്തെ സാമൂഹ്യനിരപേക്ഷതാവാദത്തിന്റെ നിരർത്ഥകത വ്യക്തമാക്കുകകൂടിച്ചെയ്യുന്നുവെന്ന് കെ. എസ്. രവികുമാർ രേഖപ്പെ ടുത്തുന്നുണ്ട്.[44]

ഈ നരാധമന്മാർക്കിടയിൽനിന്ന് ഉത്തംസിംങ്ങിന്റെ ഇളയമകൾ പിങ്കിയെ സഹദേവൻ രക്ഷിക്കുന്നതും പഞ്ചാബിലെ അവരുടെ കുടുബവീട്ടിൽ കൊണ്ടാക്കുന്നതും നോവലിൽ വിവരിക്കുന്നുണ്ട്. ദൽഹിയിൽ ഇത്തരം സൗഹൃദങ്ങളും ബന്ധങ്ങളും പലേടത്തും കാണാം. അന്ന് സിഖുകാർക്കെതിരെ നഗരത്തിൽ വ്യാപകമായ ആക്രമണം നടക്കുമ്പോൾ ചില സർദാർജി കുടുംബങ്ങളെ മലയാളികൾ സുരക്ഷിതമായ സ്ഥലങ്ങളിൽ ഒളിപ്പിച്ച സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. ഇത് മലയാളിപ്രവാസികളുടെ മാനവികത ഉയർത്തിക്കാട്ടുന്നു.

കലാപം തീർന്നെങ്കിലും നഗരം ഇനിയും പഴയപടി ആയിട്ടില്ല. റോഡിലെ കത്തിക്കരിഞ്ഞ ബസ്സുകളും കാറുകളും മറ്റും നീക്കം ചെയ്തിരുന്നു. എങ്കിലും ഓടകളിൽ ഇപ്പോഴും ചരിഞ്ഞു കിടക്കുന്ന റിക്ഷകളും പാതികത്തിയ ബൈക്കുകളും കാണാം. ഓടയിലെ തളം കെട്ടിക്കിടക്കുന്ന മലിനജലത്തിൽ ഒരു പഗഡി പൊന്തിക്കിടന്നിരുന്നു. ഒരിടത്തും സിഖ് സമുദായക്കാരെ കണ്ടില്ല. പലരും തലയിലെ പഗഡി ഉപേക്ഷിച്ച് താടിയും മുടിയും വെട്ടിക്കളഞ്ഞിരുന്നു. സ്വന്തം സ്വത്വം മറക്കാൻ അവർ തയ്യാറാവുകയായിരുന്നു. ജനിച്ചുവളർന്ന ദൽഹി പൊടുന്നനേ അവരുടെ നഗരമല്ലാതായിത്തീർന്നിരിക്കുന്നു. അവർ അന്യരായിത്തീർന്നിരിക്കുന്നു. ഇതിനെക്കുറിച്ച് മുകുന്ദൻ ഇങ്ങനെ ഓർക്കുന്നു. ''ഫരീദാബാദ് എന്ന സ്ഥലത്ത് റെയിൽപാളത്തിന്റെ വശങ്ങളിൽ സിഖുകാരുടെ ശവങ്ങൾ നിരന്നുകിടക്കുകയായിരുന്നു. ഓടയിലെ മലിനജലത്തിലൂടെ സിഖുകാരന്റെ നീലനിറമുള്ള തലപ്പാവ് ഒഴുകിപ്പോകുന്നത് ഞാൻ കണ്ടതാണ്. അതിനടിയിലെ മനുഷ്യൻ എവിടെ? ഇപ്പോഴും മറക്കാൻ കഴിഞ്ഞിട്ടില്ല. അത്തരം കാഴ്ചകൾ ടി.വി.യിലോ പത്രങ്ങളിലോ വന്നിട്ടില്ല. നോവലിലെ പിങ്കി എന്ന കഥാപാത്രം ശരിക്കും എനിക്കറിയാവുന്ന പെൺകുട്ടിയായിരുന്നു........അവൾ അക്രമികളിൽനിന്നു രക്ഷപ്പെട്ടതിനെക്കുറിച്ച് ഞാൻ ഇങ്ങനെ ആലോചിക്കുമായിരുന്നു. നോവലിൽ ആ രംഗം ഞാൻ പുനഃസൃഷ്ടിക്കുകയായിരുന്നു.''[45] മാധ്യമറിപ്പോർട്ടിങ്ങുകൾക്കപ്പുറം സിഖ് കൂട്ടക്കുരുതി എത്രയോ ഭീകരമായിരുന്നുവെന്ന് വെളിപ്പെടുത്തുകയാണ് മുകുന്ദൻ ചെയ്യുന്നത്.

## 5.5 ജാതിമതചിന്ത തീർക്കുന്ന അതിർവരമ്പുകൾ

ഏറ്റവും വലിയ മതേതരജനാധിപത്യരാഷ്ട്രമായ ഇന്ത്യയിൽ ജാതി-മത വർഗ്ഗീയതയുടെ ചേരിതിരിവുകളും കലാപങ്ങളും ശക്തമായി നോവലിൽ കടന്നുവരുന്നു. സാമൂഹിക നവോത്ഥാനപ്രസ്ഥാനങ്ങളും സംരംഭങ്ങളും ശക്തമായിരുന്ന കേരളത്തിൽ ജാതി വിഭാഗീയതയുടെ തീവ്രത സ്വാതന്ത്ര്യാനന്തര കാലമാവുമ്പോഴേയ്ക്കും നേർത്തുവരുന്നുവെങ്കിലും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ അത് ഏറ്റവും തീവ്രമായിത്തന്നെ ഇന്നും തുടർന്നു പോരുന്നുണ്ട്. അതിന്റെ തുടർച്ച ഓരോ കാലഘട്ടത്തിലും സംഭവിച്ചുകൊണ്ടിരിക്കുന്നു. നോവലിലെ സംഭവവികാസങ്ങളുടെ കേന്ദ്രമായ ദൽഹിയും ഇതിൽനിന്നും വിഭിന്നമല്ല. നോവലിൽ പ്രവാസി മലയാളികളായ കഥാപാത്രങ്ങളുടെ അനുഭവങ്ങളിലേക്ക് ഉത്തരേന്ത്യൻ ജാതി-മതസങ്കൽപങ്ങളുടെ ഇടപെടൽ തീവ്രമായി കടന്നുവരുന്നത് കാണാം. വിദ്യ, അബ്ദുൾ അബ്ദുന്നിസ്സാർ, വാസവപ്പണിക്കർ എന്നീ കഥാപാത്രങ്ങളുടെ അനുഭവങ്ങൾ നോവലിൽ ചിത്രീകരിക്കപ്പെടുന്നുണ്ട്. കേരളത്തിന്റെ പ്രബുദ്ധത ചിന്തയിൽപ്പേറുന്ന പ്രവാസിമലയാളികൾ ദൽഹിയിൽ എത്രമാത്രം പൊരുത്തക്കേടുകളും പീഡനങ്ങളും അനുഭവിക്കുന്നു എന്നതിനും ഉത്തരേന്ത്യൻ ജാതി-മതസങ്കൽപങ്ങൾ കാരണമാകുന്നു.

ജാതി വിവേചനത്തിന്റെയും തൊട്ടുകൂടായ്മയുടെയും അകലം മനുഷ്യർക്കിടയിൽ നിലനിൽക്കുന്നതിന്റെ അനുഭവസാക്ഷ്യം ഈ നോവലിൽ മുകുന്ദൻ രേഖപ്പെടുത്തുന്നുണ്ട്. വിഭാര്യനും ഒരു കുട്ടിയുടെ പിതാവും മുസ്ലിമും അഭ്യസ്തവിദ്യനുമായ അബ്ദുൾ അബ്ദുന്നിസാറും സഹദേവന്റെ സഹോദരിയായ വനജയും വിവാഹം കഴിച്ച് കുട്ടികളുമായി കഴിയുന്നത് കേരളത്തിന്റെ സഹിഷ്ണുതാസംസ്കാരത്തെയും പ്രബുദ്ധതയെയും കാണിക്കുന്നു. സഹദേവൻനമ്പ്യാർ 'നമ്പ്യാർ' എന്ന തന്റെ പേരിന്റെ വാൽ മുറിച്ചുമാറ്റിയിട്ടാണ് ദൽഹിക്ക് വണ്ടികയറുന്നത് എന്നതും ശ്രദ്ധേയമാണ്. എന്നാൽ ദൽഹിയിലെ ധനികനും

ബ്രാഹ്മണനുമായ വീരേന്ദ്രശർമ്മയുടെ മകൻ രാഹുൽശർമ്മയും തിയ്യജാതിക്കാരിയും ക്ലാസ്ഫോർ ജീവനക്കാരിയുമായ ദേവിയുടെ മകൾ വിദ്യയും തമ്മിൽ പ്രണയിക്കുന്നത് അസംഭവ്യമാണ്. തന്റെ ദൽഹി ജീവിതത്തിനിടയിൽ താനൊരു തിയ്യപ്പെൺകുട്ടിയാണെന്ന ബോധം വിദ്യയ്ക്ക് ഉണ്ടാകുന്നില്ല. ഒരു ബ്രാഹ്മണപയ്യൻ ഒരു തിയ്യത്തി പെൺകുട്ടിയുടെ കൂടെ ഒളിച്ചോടി ലോകത്തിന്റെ ഏതുകോണിൽ ഒളിച്ചിരുന്നാലും പിടിക്കേണ്ടവർ വന്നു പിടിച്ചുകൊള്ളും എന്ന് പത്തിരുപത് വയസ്സായെങ്കിലും രാഹുൽശർമ്മയ്ക്ക് അറിയില്ലായിരുന്നു.[46] തിയ്യപ്രണയത്തിൽനിന്നും മകനെ വേർപെടുത്തിയെടുക്കാനായി വിദ്യയെ കൊന്നുകളയാൻ വീരേന്ദ്രശർമ്മയ്ക്ക് രണ്ടാമതൊന്ന് ആലോചിക്കേണ്ടി വരുന്നില്ല. മകന്റെ കാമുകിയുടെ വീട്ടിലെ ഉണക്കമീൻ പൊരിച്ചമണം അവളെ ഉന്മൂലനം ചെയ്യാനുള്ള പ്രേരണയായിത്തീരുന്നു. അതിപ്രകാരമാണ് മുകുന്ദൻ കോറിയിടുന്നത്. ''പൊടുന്നനേ മരക്കൊമ്പുകൾക്കു മുകളിൽ പക്ഷികളുടെ ചിറകടിയൊച്ച ഉയർന്നു. വള്ളിപ്പടർപ്പുകൾക്കടിയിലും ചലനങ്ങളുണ്ടായി. കനത്ത കാലൊച്ചകൾ കേട്ടു രാഹുലും വിദ്യയും ഒന്നിച്ചു കണ്ണുതുറന്നു. രാഹുലിന്റെ അച്ഛൻ ഫയൽമാന്റെ രൂപമുള്ള ധോത്തി ധരിച്ച വിരേന്ദ്രർശർമ്മയും സഹോദരൻ ഇന്ദർശർമ്മയും നേരെ മുമ്പിൽ. രാഹുൽശർമ്മ ചാടിയെഴുന്നേറ്റു. ഭയംകൊണ്ടു മരവിച്ച വിദ്യ അമർനാഥിലെ ഐസ് ലിംഗം പോലെ ചലനമറ്റിരുന്നു. വെള്ള ധോത്തിയിൽ പൊതിഞ്ഞ ഭീമാകാരമായ ഒരു ശരീരം തന്റെ നേരെ നടന്നടുക്കുന്നത് അവൾ കണ്ടു. അതായിരുന്നു അവൾ അവസാനമായി കണ്ട കാഴ്ച''[47].

ആര്യസമാജ് റോഡിലുള്ള സുഹൃത്ത് രഘുനാഥിന്റെ വീട്ടിൽ കുറച്ചുദിവസം താമസിക്കാനെത്തുന്ന മലയാളിയായ അബ്ദുന്നിസാറിനെ മുസ്ലിമാണെന്ന് തിരിച്ചറിയുമ്പോൾ ശിവശങ്കർബാനർജിയുടെ നേതൃത്വത്തിലുള്ള ഹിന്ദുക്കൾ ആട്ടിയോടിക്കുന്നു.

''രഘുനാഥില്ലാത്ത സമയത്ത് ആരോ ബെല്ലടിക്കുന്നു.

കോൻ? തേരാ ബാപ്... ക്യാ നാം ഹേ തേരാ...

അബ്ദുൾ അബ്ദുന്നിസാർ. നിങ്ങളാരാ? ...നീ മുസൽമാനാണോ?

അതേ. എന്താ ചോദിച്ചത്? ബാഹർ നിക്കാലോ ബദ്മാഷ്... ഫയൽമാൻ അബ്ദുന്നിസാറിനെ ബലമായി പിടിച്ചെഴുന്നേല്പിച്ചു പുറത്തേക്കു തള്ളി. അബ്ദുന്നിസാറിന് ഒന്നും മനസ്സിലായില്ല. അയാൾ ചെന്നു മുറ്റത്ത് മുഖം കുത്തിവീണു. ....യെ മുസൽമാൻ ഹെ. ശിവശങ്കർ ബാനർജി അബ്ദുൾ അബ്ദുന്നിസാറിന്റെ നേരെ കൈചൂണ്ടി....എവിടെ നിന്നെല്ലാമോ അബ്ദുന്നിസാറിന്റെ മേൽ ടോർച്ചിന്റെ വെളിച്ചം മിന്നി വീണു.[48]

അധ്യാപകനായ അബ്ദുന്നിസാർ ബംഗ്ലാദേശ് അഭയാർത്ഥികളുടെ ദുരിതം ക്ലാസിൽ പഠിപ്പിച്ചപ്പോൾ തനിക്കും ദൽഹിയിൽവച്ച് ഇത്തരമൊരനുഭവം ഉണ്ടാകുമെന്ന് ഓർത്തു കാണില്ല. യാതൊരു പ്രകോപനുമില്ലാതെ മുസ്ലിം ആൺകുട്ടികളുടെ ചേലാകർമ്മം നടത്തിയ കുഞ്ഞുജനനേന്ദ്രിയത്തിൽ കല്ലെടുത്തെറിയുന്ന ജാതിവെറി ഈ നോവലിൽ കാണുന്നു. ''കുട്ടികൾ ഏറെയും നഗ്നരായിരുന്നു. ആൺകുട്ടികൾ സുന്നത്ത് ചെയ്തവരായിരുന്നു. ഹുമയൂൺ റോഡിനരികിലുള്ള ശിവക്ഷേത്രത്തിൽ തൊഴുത് സൈക്കിളിൽ ആ വഴി വന്ന ശുഭവസ്ത്രധാരിയായ ഒരു മധ്യവയസ്കൻ ഒരു പ്രകോപനുമില്ലാതെ സൈക്കിളിൽ നിന്നിറങ്ങി കല്ലെടുത്ത് കുഞ്ഞുങ്ങളുടെ നേരെ എറിഞ്ഞു. അയാൾ ഉന്നം വച്ചത് സുന്നത്ത് ചെയ്ത നാഭിയായിരുന്നു. ആ കല്ല് ലക്ഷ്യസ്ഥാനത്തുതന്നെ കൊണ്ടു. ഒരു നിമിഷം സ്തബ്ധനായ കുട്ടി വാപൊളിച്ച് കണ്ണുകൾ തുറന്നുപിടിച്ച് ഒരു പ്രതിമ പോലെ നിന്നു. പിന്നീട് വേദനകൊണ്ട് പിടഞ്ഞ് ഓടി''[49] ബംഗ്ലാദേശ് അഭയാർത്ഥികൾ അനുഭവിക്കുന്ന ജാതീയമായ വിവേചനത്തിന്റെ ചിത്രമാണ് ഇവിടെ മുകുന്ദൻ പകർന്നു നൽകുന്നത്.

ചിത്രകാരനായ വാസവപ്പണിക്കരെയും അയാളുടെ ചിത്രങ്ങളെയും ആദരിക്കുന്ന ഹരിലാൽശുക്ല വാസവപ്പണിക്കർ ദളിതനായിരിക്കും എന്ന വിചാരത്താൽ ആദ്യമൊക്കെ അയിത്തം പാലിക്കുന്നതായി കാണാം. ഹരിലാൽശുക്ല ഒരു തൂപ്പുകാരിയെ അറിയാതെ തൊട്ടുപോയതിനാൽ കുളിച്ച് വൃത്തിയാവുന്നതിനെപ്പറ്റി നോവലിൽ ഇപ്രകാരം വിശദീകരിക്കുന്നു. ''തൂപ്പുകാരിയെ താൻ തൊട്ടതായി അറിഞ്ഞപ്പോൾ ഹരിലാൽ ശുക്ല അസ്വസ്ഥനായി. തന്റെ ദേഹത്ത് ജാതീയ ബാക്ടീരയകൾ വ്യാപിക്കുന്നതായി അദ്ദേഹത്തിനു തോന്നി. ക്ഷയരോഗത്തിന്റെ ബാക്ടീരയകളെയോ ഫ്ളൂവിന്റെ വൈറസുകളെയോ അയാൾ പേടിക്കുന്നില്ല. തന്റെ ദേഹത്തു മുറിഞ്ഞുപെരുകുന്ന എണ്ണമറ്റ ബാക്ടീരിയകളെ പാടേ നശിപ്പിക്കണം. ക്ഷയരോഗാണുക്കളെ നശിപ്പിക്കുവാൻ സ്ട്രെപ്റ്റോമൈസിൻ ഇഞ്ചക്ഷൻ വേണം. ഭാഗ്യവശാൽ ജാതീയ ബാക്ടീരിയകളെ തുടച്ചുമാറ്റാൻ സോപ്പുമതി. ഇതിനുവേണ്ടിയാണ് അയാൾ ഡെറ്റോളും പിയേഴ്സ് സോപ്പും ഉപയോഗിച്ചത്.'' [50] ഉന്നതകലാകാരന്മാരോടൊപ്പം കഴിയുന്ന കലാവ്യാപാരി യാതൊരുസ്വാഭാവികതയുമില്ലാതെ ഉള്ളിൽ ധരിക്കുന്ന ജാതി ബോധത്തെ മുകുന്ദനിവിടെ വിമർശിക്കുന്നത് കാണാം.

### 5.6 വെറുക്കപ്പെട്ട പെൺജന്മങ്ങൾ

പ്രവാസിയായി ദൽഹിയിലെത്തുന്ന സഹദേവൻ അവിടെ കുടുംബങ്ങളിൽ പെൺകുട്ടികൾ അനുഭവിക്കുന്ന വിവേചനത്തിന് സാക്ഷിയാകുന്നുണ്ട്. ആൺകുട്ടിക്കും പെൺകുട്ടിക്കും ഏറെക്കുറെ സമത്വം അനുവദിക്കപ്പെട്ട കേരളപശ്ചാത്തലത്തിൽ നിന്നും വരുന്ന സഹദേവനെ ഇത് ഏറെ ആശങ്കപ്പെടുത്തുന്നു. മതേതര ഇന്ത്യയിൽ ലിംഗസമത്വം നിലനിൽക്കുന്നുണ്ടെന്ന് പറയുമ്പോഴും പെണ്ണുടലുകൾ ചവിട്ടിമെതിയ്ക്കപ്പെടുന്ന കാഴ്ച നിത്യസംഭവമാണ്. *ദൽഹി ഗാഥ*യും ഈ കാര്യം വ്യക്തമാക്കുന്നു. ദൽഹിക്ക് പെൺമക്കളെ വെറുപ്പാണെന്ന് നോവലിൽ പലയിടത്തും ആവർത്തിക്കുന്നു. ഇന്ത്യയുടെ തലസ്ഥാനനഗരിക്ക് പെൺകുട്ടികളോട്

ഇത്രമാത്രം വെറുപ്പുണ്ടാക്കാൻ എന്തായിരിക്കും കാരണം എന്ന ചോദ്യം നോവലുയർത്തുന്നുണ്ട്. സഹദേവൻ ആദ്യമായി ജോലി എടുത്തത് 'വാധ്‌വ ഏന്റ് സൺസി'ൽ ആണ്. ആ പേര് കേട്ടപ്പോൾ ഗുൽഷൻ വാധ്‌വയ്ക്ക് എല്ലാം ആൺകുട്ടികളാണെന്ന് സഹദേവൻ കരുതിയത്. എന്നാൽ അയാൾക്ക് ആൺമക്കളില്ലെന്ന് വൈകാതെ സഹദേവന് മനസ്സിലാകുന്നു. ''വാധ്‌വയുടെ മൂന്നു മക്കളും പെൺകുട്ടികളാണ്. എന്നിട്ടും എന്തുകൊണ്ടാണ് ഡോട്ടേഴ്സ് എന്നു പറയാതെ സൺസ് എന്നു പറയുന്നതെന്ന് നീ അത്ഭുതപ്പെട്ടു. ക്രമേണ നിനക്കതിന്റെ ഗുട്ടൻസ് പിടികിട്ടി. നിന്നെയതു ഞെട്ടിപ്പിച്ചു. ദൽഹിക്കാർക്കു പെൺമക്കളെ വെറുപ്പാണ്. പെൺകുഞ്ഞു പിറന്നാൽ വീട് ചാവുപുരപോലെയാകും. അച്ഛനും അമ്മയും മകളെ ബേട്ടീ എന്നു വിളിക്കാൻ ലജ്ജിക്കുന്നു. അതുകൊണ്ടു കുഞ്ഞുപെണ്ണാണെങ്കിൽ അവർ അവരെ ബേട്ടാ എന്നു വിളിക്കുന്നു''[51] എന്നിങ്ങനെ സഹദേവന്റെ ആത്മഗതം വ്യക്തമാക്കുന്നു. പെൺകുട്ടികളോടുള്ള ദൽഹിയുടെ വെറുപ്പ് സഹദേവൻ തിരിച്ചറിയുകയും തന്റെ എളിയ ശ്രമത്തിൽ തുടങ്ങിയ സ്ഥാപനത്തിന് വി. പി. ഏജൻസീസ് എന്ന് നാമകരണം ചെയ്തപ്പെട്ടതിന് പിന്നിൽ പിങ്കി, വിദ്യ എന്നീ പെൺകുട്ടികളോടുള്ള ദയയും സ്നേഹവുമാണ് പ്രവർത്തിച്ചത് എന്ന് മനസ്സിലാക്കാം.

എന്നാൽ കേരളത്തിലെ സ്ഥിതി മറിച്ചാണ്. തനിക്ക് ഒരു പെങ്ങളുണ്ടായപ്പോൾ അച്ഛൻ എത്രമാത്രം സന്തോഷിച്ചിരുന്നുവെന്ന് സഹദേവൻ ഓർക്കുന്നു. ഉത്തരേന്ത്യയിൽ പെൺകുട്ടികളുടെ ജനനം പലതരം അസ്വസ്ഥതകൾ സൃഷ്ടിക്കുന്നു. സിഖ് കുടുംബത്തിലെ ജസ്‌വിന്ദർ ഗർഭിണിയാണെന്നറിഞ്ഞപ്പോൾ അവളോട് പെൺകുട്ടിയെ പ്രസവിച്ചാൽ കൊന്നുകളയുമെന്നാണ് ഭർത്തൃമാതാവ് ഭീഷണിപ്പെടുത്തുന്നത്. ''ഈ കുടുംബം നീ മുടിച്ചു. ഇനി ഒരു പെണ്ണിനെ പെറ്റ് അതിന്റെ ശാപം കൂടി ഞങ്ങൾക്ക് തരണോ? നിന്നെ ഞാൻ ജീവനോടെ വെച്ചേക്കില്ല''[52] ഗുരുദ്വാരയിലെ ഒരു സിദ്ധൻ ജസ്‌വീന്ദർ പ്രസവിക്കുന്നത് പെണ്ണാണെന്ന് പ്രവചി

ച്ചു. ആ പ്രവചനം സത്യമാകുമെന്നെ ഭയമാണ് എല്ലാവരും പഞ്ചാബിലേക്ക് രക്ഷപ്പെടുമ്പോഴും അവളെമാത്രം ദൽഹിയിൽ ഉപേക്ഷിച്ച് പോകാൻ കാരണം.

സ്ത്രീധനസമ്പ്രദായം ഉത്തരേന്ത്യയിൽ ശക്തമാണ്. അതിനെക്കുറിച്ച് മുകുന്ദൻ ഇങ്ങനെ പ്രതികരിക്കുന്നു. ''സ്ത്രീധനത്തിന്റെ വിപത്തുകളെക്കുറിച്ച് പറയാതെ പഞ്ചാബി സമൂഹത്തെക്കുറിച്ച് സത്യസന്ധമായി എഴുതാൻ കഴിയുകയില്ല. ഉത്തംസിംഗിന്റെ മകൾക്കുണ്ടായതുപോലെയുള്ള അനുഭവങ്ങൾ ദൽഹിയിൽ സാധാരണയാണ്. ഒരുപാട് പെൺമക്കളുടെയും അവരുടെ നിസ്സഹായരായ അച്ഛനമ്മമാരുടെയും കണ്ണീർ ദൽഹിൽ എല്ലായിടത്തും ഉണങ്ങാതെ കിടപ്പുണ്ട്. ഞാനത് പേനകൊണ്ട് തൊട്ടെടുക്കുക മാത്രമേ ചെയ്തിട്ടുള്ളൂ''[53] ദഹേജില്ലാതെ (സ്ത്രീധനം) ഒരു കല്യാണം. വെറും കയ്യോടെ മകളെ സസുരായിൽ (ഭർത്തുഗൃഹം) പറഞ്ഞയ്ക്കുന്നത് പഞ്ചാബികൾക്ക് അശുഭമാണ്. ആത്മാഭിമാനമുള്ള ഒരു പഞ്ചാബിയും പെൺകുട്ടികളെ വെറും കയ്യോടെ പറഞ്ഞയക്കില്ല. ദാരിദ്ര്യം മൂലം ഉത്തംസിങ്ങിന് തന്റെ മകളെ വെറും കയ്യോടെ വിവാഹം ചെയ്ത് അയക്കേണ്ടിവന്നു. ഉത്തരേന്ത്യയിൽ പൊതുവെയും പഞ്ചാബിൽ പ്രത്യേകിച്ചും സ്ത്രീധനപ്രശ്നം നിലനിൽക്കുന്നതായി കാണാം. പെൺകുട്ടി ജനിക്കുന്നത് കുടുംബത്തിന് സ്വീകാര്യമായ കാര്യമായിരുന്നില്ല. നോർത്ത് ഇന്ത്യയിൽ പ്രത്യേകിച്ച് പഞ്ചാബ്, ഛത്തീസ്ഗഡ് തുടങ്ങിയ സ്ഥലങ്ങളിൽ പെൺഭ്രൂണഹത്യകൾ നിത്യസംഭവങ്ങളാണ്. ഇന്നിപ്പോൾ ഗവൺമെന്റ് അതിനെ നിരോധിക്കാൻ നോക്കുന്നുണ്ടെങ്കിലും അവിടെ നിലനിൽക്കുന്ന സാമൂഹികചുറ്റുപാടുകൾ ജനങ്ങളെ വീണ്ടും ഇത്തരം സാഹചര്യങ്ങളിലേക്ക് തള്ളിവിടുന്നതാണ്.

### 5.7 നഗരജീവിതത്തിന്റെ കാണാപ്പുറങ്ങൾ

വിശപ്പിന്റെയും ദാരിദ്ര്യത്തിന്റെയും യഥാർത്ഥമുഖം പച്ചയായി ആവിഷ്കരിക്കുന്ന നോവലാണ് *ദൽഹി ഗാഥകൾ*. ദൽഹിയിലെ ഗലികളിൽ സഹദേവൻ എന്ന പ്രവാസിമലയാളി പതിവായി കാണുന്ന ദൈന്യം ദൽഹി നഗരത്തിന്റെ യഥാർത്ഥ

മുഖമാണ് നഗരവികസനത്തിന്റെ ഭാഗമായി ചേരികൾ നിർമ്മാർജനം ചെയ്യപ്പെടുമ്പോൾ അരികുവൽക്കരിക്കപ്പെടുന്ന മനുഷ്യരെയും അവരുടെ ജീവിതയാഥാർത്ഥ്യങ്ങളെയും നോവൽ തുറന്നുകാട്ടുന്നുണ്ട്. നോവലിന്റെ രണ്ടാംഖണ്ഡത്തിന് 'വിശപ്പിന്റെ റിപ്പബ്ലിക്' എന്നാണ് മുകുന്ദൻ കൊടുത്തിരിക്കുന്ന പേര്. പാതവക്കിലെ മാലിന്യങ്ങൾ നിക്ഷേപിക്കുന്നിടത്ത് പരിസരത്തെ ഹോട്ടലിൽ നിന്നും ഭക്ഷണത്തിന്റെ അവശിഷ്ടങ്ങൾ കൊണ്ടുവന്നിടുമ്പോൾ കാണുന്ന കാഴ്ച ഇപ്രകാരം നോവലിൽ വിശദീകരിക്കുന്നു- ''കിഴവന്മാരും കുട്ടികളും മാലിന്യങ്ങൾ കയ്യിട്ടു വാരി. അല്പം ഇറച്ചി പറ്റിക്കിടക്കുന്ന ഒരു എല്ല് കയ്യിൽ കിട്ടിയപ്പോൾ രണ്ടുകുട്ടികൾ അതിനുവേണ്ടി തമ്മിൽ തല്ലി. അവർ പറാത്തകളുടെയും ബട്ടർനാനിന്റെയും അവശിഷ്ടങ്ങളും കോഴിയുടെയും ആടിന്റെയും എല്ലുകളും ചികഞ്ഞെടുത്തു. എല്ലുകൾ കാർന്നുതിന്നു. നിമിഷങ്ങൾക്കകം കന്നുകാലികളും പരുന്തുകളും അവരുടെ കൂടെ ചേർന്നു. കുട്ടികൾ പരുന്തുകളെ കല്ലെറിഞ്ഞപ്പോൾ ആ കൂർത്ത കൊക്കുള്ള പക്ഷികൾ അവരെ ആക്രമിച്ചു. വിശക്കുന്ന മനുഷ്യരും മൃഗങ്ങളും പക്ഷികളും ഒരു കഷ്ണം റൊട്ടിക്കുവേണ്ടി കശപിശകൂട്ടി. അവർക്ക് ഒരു ജാതിയും ഒരു മതവും മാത്രം, വിശപ്പ്''[54] പത്രപ്രവർത്തകനായ കുഞ്ഞിക്കൃഷ്ണൻ A Republic Hunger എന്ന തന്റെ ലേഖനത്തിലൂടെ ഇന്ത്യയിലെ ദാരിദ്ര്യത്തെ സ്വാതന്ത്ര്യത്തിന് മുമ്പുള്ളത്, ശേഷമുള്ളത് എന്ന് രണ്ടായിതിരിച്ച് വിശകലനം ചെയ്യുന്നതായി കാണാം. സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ ദാരിദ്ര്യത്തിന് ജനാധിപത്യ സർക്കാർ ഉത്തരം പറയേണ്ടതാണെന്നും അതിനുള്ള ബാധ്യത നെഹ്റുകുടുംബത്തിന് ഉണ്ടെന്നും അദ്ദേഹം വാദിക്കുന്നു. വിശപ്പിന്റെ പുഴകളും, കാടുകളും, ഗ്രാമങ്ങളും, നഗരങ്ങളും നിറഞ്ഞ ഒരു ഭൂപടം തന്നെയാണ് കുഞ്ഞിക്കൃഷ്ണൻ വരച്ചുകാട്ടുന്നത്. വിശപ്പ് സഹിക്കാനാവാതെ മണ്ണുകുഴച്ച് തിന്നുന്ന കുഞ്ഞുങ്ങളെയും ആ ഭൂപടത്തിൽ ചേർത്ത് വെക്കുന്നുണ്ട്.

പ്രവാസിമലയാളികളും ദാരിദ്ര്യത്തിന്റെ തീഷ്ണത അനുഭവിച്ചവരിലുണ്ടായിരുന്നു. യാത്രചെയ്യാനും കാഴ്ചകൾ കാണാനും ചിത്രം വരയ്ക്കാനുമായി ദൽഹിയിലെത്തി അലഞ്ഞു നടക്കുന്ന വാസവപ്പണിക്കർ ചിന്തിക്കുന്നത് വിശപ്പില്ലായിരുന്നുവെങ്കിൽ ജീവിതം എത്ര സുഖകരമായിരുന്നേനെ എന്നാണ്. ദൽഹിയിൽ വന്നതിന് ശേഷമാണ് വാസുവിന് വിശപ്പ് ഒരു പ്രശ്നമായി തോന്നിയത്. പഞ്ചാബിൽ ഭക്ഷണത്തിന് ക്ഷാമമില്ലായിരുന്നു. എല്ലായിടത്തും ഗ്രാമങ്ങളിൽപ്പോലും ഗുരുദ്വാരകളുണ്ട്. അവിടെ തലമറച്ചുകൊണ്ട് ആർക്കും കയറിച്ചെല്ലാം. ധനികകുടുംബത്തിലെ സർദാർണികൾ സ്വന്തം കൈകൊണ്ടു ചുട്ട റൊട്ടിയും ദാലും വിളമ്പിത്തരും. ദൽഹിയിലെത്തിയപ്പോൾ അതെല്ലാം ഒരു ഓർമ്മ മാത്രമായി അവശേഷിച്ചു. ദൽഹിയിലെ ബഗ്ലാസാഹിബ് ഗുരുദ്വാരയിൽ ഭക്ഷണം തേടി ചെന്നപ്പോൾ നിരാശയായിരുന്നു ഫലം. ''അവിടെ നീണ്ട ക്യൂവുണ്ടായിരുന്നു. കൊണാട്ട് പ്ലെയിസിലെ ചെരുപ്പുകുത്തികളും ഹനുമാൻമന്ദിറിലെ പൂക്കച്ചവടക്കാരും ശങ്കർമാർക്കറ്റിലെ വേശ്യകളും ഹിപ്പികളുമൊക്കെ അവിടെ വിശന്നു ക്യൂ നിൽക്കുന്നുണ്ടായിരുന്നു. രണ്ടു മണിക്കൂർ ക്യൂ കാത്തുനിന്ന് ഊഴം വരുമ്പോഴേക്കും ഒന്നും അവശേഷിച്ചിരുന്നില്ല'' [55] ഇത് ദൽഹിയുടെ മുഖമാണ്. വിശക്കുന്ന ഇന്ത്യയുടെ ചിത്രമാണ്. നിസാമുദ്ദീൻ ദർഗ്ഗയിലും ജുമാമസ്ജിദ് ഗലിയിലും ഗോവിന്ദ് പുരിയിലെയും മംഗൾപുരിയിലെയും ഹരിജൻ കോളനികളിലും വിശപ്പിന്റെ ഇത്തരം ദൃശ്യങ്ങൾ കടന്നുവരുന്നുണ്ട്.

ശ്രീധരനുണ്ണിയുടെ ആക്സമികമരണത്തിനു ശേഷമുള്ള ദേവിയുടെ അതിജീവനസമരം ഹൃദയസ്പൃക്കായി മുകുന്ദൻ ചിത്രീകരിക്കുന്നുണ്ട്. മകനോടൊപ്പം ശനിയാഴ്ച വൈകിട്ട് ദേവി പച്ചക്കറിച്ചന്തയിൽ പോകുന്നത് വിലക്കുറവ് പ്രതീക്ഷിച്ചാണ്. ഒരിക്കൽ ആളൊഴിഞ്ഞ് വിളക്ക് കെട്ട ചന്തയിൽ ഒരു പശുവിന്റെ വായിൽ നിന്ന് ചതഞ്ഞെതെങ്കിലും കേടുവരാത്ത ഒരു കോളിഫ്ളവർ അവൾ പിടിച്ചെടുക്കുന്നത് കണ്ട് മകനായ സത്യനാഥൻ നിസ്സഹായനായി നോക്കിനിൽക്കുന്നു.

1959-ൽ സഹദേവൻ ആദ്യമായി ദൽഹിയിൽ വരുമ്പോൾ കണ്ട ദാരിദ്ര ത്തിന്റെ അതേ കാഴ്ച തന്നെയാണ് വണ്ടിയിലിരുന്ന് അബ്ദുൾ അബ്ദുന്നിസാറും കാണുന്നത്. ദാരിദ്ര്യവും മാലിന്യങ്ങളും ആൺനഗ്നതകളും വണ്ടിയിലിരുന്ന് ക ണ്ടപ്പോൾ സഹദേവൻ സ്വയം ചോദിച്ചിരുന്നു ഈ നഗരത്തിൽ തനിക്ക് എത്രനാൾ ജീവിക്കുവാൻ കഴിയുമെന്ന്. എന്നിട്ട് ഇത്രയും കാലം അയാൾ ഇവിടെ ജീവിച്ചുകഴിഞ്ഞിരിക്കുന്നു. ദാരിദ്ര്യം ഒരു നിഴൽപോലെ അയാളെ പിന്തുടരുന്നു. ഈ കാലത്തിനിടയ്ക്ക് അയാൾക്ക് ഒരു കാശ് സമ്പാദിക്കാൻ സാധിച്ചിട്ടില്ല. പെങ്ങ ന്മാർ രണ്ടുപേരും വിവാഹിതരായി കഴിയുന്നു. എന്നിട്ടും ഇപ്പോൾ അയാൾക്ക് നാട്ടിലേക്ക് തിരിച്ചുപോകാൻ തോന്നുന്നില്ല. ഈ അനുഭവത്തിൽ നിന്ന് സഹദേ വൻ ഒരു പുതിയ അറിവ് നേടിയിരിക്കുന്നു. സുഖസൗകര്യങ്ങളല്ല മനുഷ്യജീവിത ത്തിന്റെ ലക്ഷ്യം എന്ന അറിവാണത്. അതാണ് ലക്ഷ്യമെങ്കിൽ സഹദേവൻ നാട്ടി ലേക്ക് തിരിച്ച് പോയിട്ടുണ്ടാകുമായിരുന്നു.

ബംഗ്ലാദേശ് അഭയാർത്ഥിപ്രവാഹം ദാരിദ്ര്യത്തിന്റെയും വിശപ്പിന്റെയും ശ്മശാനയാത്രകളായി ഇന്ത്യയിലെങ്ങും വ്യാപിച്ചതിന്റെ ആവിഷ്കാരം നോവ ലിലുണ്ട്. ഇന്ത്യൻ ദേശീയതകളുടെയും ജനാധിപത്യത്തിന്റെയും നിർണ്ണായക ഘട കമായ ദാരിദ്ര്യത്തെ മുകുന്ദൻ ഇവരിലൂടെ രേഖപ്പെടുത്തുന്നു. രാത്രിയിൽ തല ചായ്ക്കാൻ ഒരു കൂരയോ വിശക്കുമ്പോൾ തിന്നാൻ രണ്ട് ചപ്പാത്തിയോ ലഭ്യമ ല്ലാത്ത സാമൂഹിക വ്യവസ്ഥിതിയെയും പൊതുസമൂഹത്തെയും തങ്ങളുടെ വിശന്നു ശുഷ്കിച്ച നഗ്നത കാണിച്ച് അലോസരപ്പെടുത്തുന്ന തെരുവുജീവിത ത്തിലും മറ്റൊന്നല്ല കാണാനാവുക.

ദാരിദ്ര്യത്തെക്കുറിച്ച് പരാതി പറയാത്ത മലയാളികളെ വിരളമായേ സഹദേ വൻ കണ്ടിട്ടുള്ളൂ. സേവാനഗറും നേതാജിനഗറും പോലുള്ള സർക്കാർ ക്വാർട്ടേ ഴ്സിലെ താമസക്കാർക്ക് ശമ്പളം കിട്ടുന്ന ദിവസം സന്തോഷത്തിന്റേതല്ല, വേവലാ തിയുടേതാണ്. പാലിന്റെ പൈസ, കറന്റിന്റെ പൈസ, മരുന്നിന്റെ പൈസ,

ബസ്പാസിന്റെ പൈസ, സ്കൂൾഫീസ്, നാട്ടിലേക്കുള്ള മണിയോർഡർ അടയ്ക്കാനുള്ള പൈസ. കടലാസും പെന്നുമെടുത്ത് എത്ര കണക്കുകൂട്ടിയാലും എവിടെയും എത്തില്ല''[56] ശമ്പളം കിട്ടുന്ന പൈസ മുൻപിൽ വച്ച് ദേവി കടലാസും പേനയുമായി കണക്കുകൂട്ടാനിരിക്കും. വരവും ചെലവും ഒത്തുപോകില്ല. കണക്ക് കൂട്ടി കൂട്ടി അവൾക്ക് മടുക്കും. പ്രവാസിമലയാളികളുടെ ജീവിതം ഇങ്ങനെ അരിഷ്ടിച്ചു നീങ്ങുന്നതായിരുന്നു എന്ന് ദേവി എന്ന കഥാപാത്രം വ്യക്തമാക്കുന്നു.

യുവത്വത്തിന്റെ ചോരത്തിളപ്പുമായി ദൽഹിയിലെത്തിയ സഹദേവൻ വൃദ്ധനായി അവശനായി ദൽഹിയിൽ നിന്ന് മടങ്ങുന്ന സമയമാകുമ്പോഴും നഗരത്തിലെ ദാരിദ്ര്യത്തിനും വിശപ്പിനും മാറ്റമുണ്ടായിരുന്നില്ല. സ്വതന്ത്രഇന്ത്യ അതിന്റെ പൗരന്മാർക്ക് എന്തു ജീവിതമാണ് പ്രദാനം ചെയ്തത് എന്ന ഒരു ചോദ്യം ഈ നോവൽ ഉന്നയിക്കുന്നു.

### 5.8 പ്രവാസിമലയാളികളും സാംസ്കാരികചിഹ്നങ്ങളും

ഒരേ ഭാഷ സംസാരിക്കുന്നവരുടെ ഐക്യം എന്ന നിലയിലാണ് ദൽഹിയിൽ ശ്രീധരനുണ്ണിയുടെ കുടുംബത്തെയും കുഞ്ഞിക്കൃഷ്ണന്റെ കുടുംബത്തെയും സഹദേവനെയും ദാസപ്പനെയും വാസുവിനെയും റോസ്‌ലിയെയും തമ്മിൽ അടുപ്പിക്കുന്നത്. 'ഒരേ മതത്തിൽപ്പെട്ടവർ ഒരേ കുടുംബത്തിലുള്ളവർ, സഹോദരീസഹോദരന്മാർ, ഒരേ ഭാഷ സംസാരിക്കുന്നവർ, വസ്ത്രരീതിയിലുള്ള ഐക്യം ഇത്തരത്തിലുള്ള തിരിച്ചറിവുചിഹ്നങ്ങൾ കൽപിതസമൂഹം (imagines community) സൃഷ്ടിക്കും എന്ന് ബനഡിക് ആൻഡേഴ്സൺ *കൽപിതസമൂഹങ്ങൾ, ദേശീയതയുടെ ഉത്പത്തികളും വികാസവും സംബന്ധിച്ച ചിന്തകൾ* എന്ന ഗ്രന്ഥത്തിൽ പറയുന്നുണ്ട്.[57]

ദൽഹിയിൽ ജീവിക്കുമ്പോഴും തികച്ചും കേരളീയമായ അന്തരീക്ഷം ഭവനങ്ങളിൽ കാത്തുസൂക്ഷിക്കുന്നവരാണ് അവർ. തങ്ങളുടെ വീടിനുചുറ്റുമുള്ള മുരിങ്ങ

ച്ചെടി, പേരമരം, കറിവേപ്പ് എന്നിവയിലൂടെയും മുത്തപ്പൻ ദൈവത്തിന്റെ രൂപങ്ങളി ലൂടെയും അവർ തങ്ങളുടെ നാടിനെ അടയാളപ്പെടുത്തുന്നു. സത്യനാഥനും വിദ്യയും ദൽഹിയിലാണ് പഠിച്ചുവളർന്നതെങ്കിലും ശ്രീധരനുണ്ണിയും ദേവിയും അവരെ മലയാളിക്കുട്ടികളായിത്തന്നെയാണ് വളർത്തിയത്. 'വടക്കേ മലബാറിന്റെ നാട്ടുരുചിയുള്ള മലയാളത്തിലാണ് സത്യനാഥൻ സംസാരിക്കുക. സത്യനാഥന്റെ ചങ്ങാതിമാരിൽ ഏറെയും മലയാളികളാണ്[58] സത്യനാഥൻ ഇംഗ്ലീഷ് പുസ്തകങ്ങ ളോടൊപ്പം മലയാളപുസ്തകങ്ങൾ വായിക്കാനും സമയം കണ്ടെത്തിയിരുന്നു.

കഷ്ടപ്പാടുകൾക്കിടയിൽ ഓടി നടക്കുമ്പോഴും ജാതിയും മതവും ഉപേക്ഷി ക്കാൻ തയ്യാറാവുമ്പോഴും മനസ്സിൽ മലയാളിത്തം കാത്തുസൂക്ഷിക്കുന്ന പ്രവാസി യാണ് സഹദേവൻ. 'വലിയ ആൾക്കൂട്ടങ്ങളുള്ള എല്ലായിടങ്ങളിലും സഹദേവൻ പോകില്ല. മലയാളികൾ  ഒത്തുചേരുന്നയിടങ്ങളിൽ അയാളുണ്ടാകും. തന്റെ ജാതി യും മതവും അയാൾ ഉപേക്ഷിച്ചിരുന്നു. പക്ഷേ മലയാളത്തിന് സംവരണം വേണ മെന്ന പക്ഷക്കാരനാണ് മൂപ്പർ''[59] ജാതിമതമൂല്യങ്ങളേക്കാൾ സാംസ്കാരികമായി മുഴുവൻ മലയാളികളേയും ഒന്നിപ്പിക്കുന്ന മാതൃഭാഷയ്ക്കാണ് അദ്ദേഹം പ്രാധാന്യം കൽപിക്കുന്നത്.

### 5.8.1 മലയാളിസ്വത്വബോധം

മലയാളികളായ സഹദേവനും ശ്രീധരനുണ്ണിയും ദേവിയും ലളിതയും കുഞ്ഞിക്കൃഷ്ണനും ദാസപ്പനും വാസുവും റോസിലിനും മലയാളി സ്വത്വം ഉൾക്കൊണ്ടാണ് ജീവിക്കുന്നത്. മലയാളികൾ എവിടെ പോകുമ്പോഴും അവരുടെ പരിസരത്തെ കൂടെ കൊണ്ടുപോകാൻ ശ്രമിക്കും. സഹദേവൻ ദൽഹിയിലേക്ക് വന്നപ്പോൾ കൊണ്ട് വന്നത് ശ്രീധരനുണ്ണിക്കും കുടുംബത്തിനും കേരളീയാനുഭവ ങ്ങളായിരുന്നു. അത് ഭക്ഷണരൂപത്തിലായിരുന്നുതാനും. മറുനാടൻ മലയാളികൾ ദൂരെയിരുന്ന് കേരളത്തെ അനുഭവിക്കുന്നത് പ്രാദേശികരുചികളുടെ അനുഭവത്തി ലൂടെയാണ്. സഹദവേൻ നാട്ടിൽനിന്ന് കൊണ്ടുവന്നത് ഉണക്കമുള്ളനും അയി

ലയും നാടൻ വിനാഗിരിയിൽ തയ്യാറാക്കിയ എരിവുള്ള ചേന അച്ചാർ, പപ്പടം, കഞ്ഞിക്കുള്ള പൊടിയരി, പിന്നെ ഒരു കണ്ണി ചക്കരയും''[60] ആണ്. രുചി മലയാള ത്തിന്റെ അനന്യതയായി ഈ നോവലിലെമ്പാടും കടന്നുവരുന്നു. അയിലയും മത്തിയും ഗുജറാത്തിൽ നിന്ന് വന്നാലും കേരളത്തെ ഓർമ്മിപ്പിക്കുന്നു.

കേരളീയ പ്രാദേശികരുചികളുടെ സമൃദ്ധമായ അവതരണം ഈ നോവലി ലുണ്ട്. ലളിതയും ദേവിയും കുഞ്ഞിക്കൃഷ്ണനും സത്യനാഥനും സഹദേവനു മെല്ലാം വ്യത്യസ്ത കേരളീയ രുചികളുടെ ആരാധകരാണ്. ''മത്തിക്കറി കൂട്ടി ചോറുണ്ണാൻവേണ്ടി തണുപ്പുകാലം വരുന്നത് കാത്തിരിക്കും അവരെല്ലാം. നവം ബർ-ഡിസംബർ മാസമായാൽ ഗുജറാത്തിൽ നിന്നും ഒറീസയിൽ നിന്നും ദൽഹി യിലേക്ക് കടൽമത്സ്യങ്ങൾ വന്നുതുടങ്ങും. ആവോലിയും അയക്കൂറയും മത്തിയും അയിലയും വരും. ശൈത്യത്തിന്റെ അലോസരങ്ങൾ മീൻകറിയുടെ സ്വാദിൽ അവർ മറക്കും[61] സഹദേവന് പനിയായപ്പോൾ ലളിത ചികിത്സ നിശ്ചയിക്കുന്നതി ങ്ങനെയാണ്. ''മത്തിക്കറിം കൂട്ടിയുള്ള ചോറ് തിന്നാല് നിന്റെ പനി പറപറക്കും രസവും വച്ചുതരാം''[62] തന്റെ മീൻ എടുത്ത്കൊണ്ടുപോകുന്ന പൂച്ചയോട് അതി ലിട്ടു കൂട്ടാൻവെക്കാൻ കൊണ്ടുവന്ന പച്ചമാങ്ങകൂടി എടുത്തുകൊണ്ടുപോകാൻ ലളിത പറയുന്നുണ്ട്. ലളിത കുഞ്ഞിക്കൃഷ്ണനോടുള്ള തന്റെ ഇഷ്ടം വ്യക്തമാക്കു ന്നത് അയാൾക്കിഷ്ടപ്പെട്ട വെള്ളരിക്ക മസാലക്കറിവെച്ചുകൊടുക്കുന്നതിലൂടെയാ ണ്. മൺചട്ടി, ചക്കക്കുരു, ഉണക്കമീൻ, കപ്പ തുടങ്ങി മലയാളിയുടെ ജീവിതവും സംസ്കാരവും ഭക്ഷണവും അവർ മറുനാട്ടിൽ പിന്തുടരുന്നു.

പിച്ചകത്തിന്റെ പരിമളത്തിൽ താൽപ്പര്യമില്ലെങ്കിലും നാട്ടിലെ വീട്ടുമുറ്റ ത്തിന്റെ ഓർമ്മ പുതുക്കാനാണ് സഹദേവൻ ദൽഹിയിൽ പിച്ചകം വളർത്തുന്നത്. നോവലിന്റെ ഒടുവിൽ ദേവി വൃശ്ചികക്കാറ്റും മാമ്പൂക്കളുടെ മണവും തേടി നാട്ടി ലേക്ക് തിരിച്ചുപോകുന്നുണ്ട്. നാട്ടിൽ ആരും സ്വീകരിക്കാനില്ലെങ്കിലും അവി ടെത്തെ മണ്ണും മഴയും മണവും അവർക്ക് പ്രിയപ്പെട്ടതാകുന്നു. ദൽഹിയിലെ

കടുത്ത തണുപ്പിലും വരണ്ട വേനലിലും എല്ലാത്തരം പ്രതിസന്ധിഘട്ടത്തിലും അവർ കൂട്ടുവിളിച്ച് പ്രാർത്ഥിക്കുന്നത് പറശ്ശിനിക്കടവ് മുത്തപ്പനെയാണ്. പറശ്ശിനിക്കടവ് മുത്തപ്പൻ അവരുടെ വിശ്വാസം മാത്രമല്ല ജീവിതാനുഭവത്തിന്റെ ഒഴിച്ചുകൂടാനാവാത്ത ഘടകം കൂടിയാണ്. മുത്തപ്പന്റെ ചിത്രം മുറിയിൽ കരുതാത്ത നിമിഷങ്ങൾ അവർക്ക് സങ്കൽപ്പിക്കാൻ കഴിയില്ല. കേരളമെന്ന ദേശത്തെ ദൽഹിയിലേക്ക് പറിച്ചുനടാനാണ് ഓരോ മലയാളിയും ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ആഗോളീകരണം മൂലമുണ്ടാകുന്ന ഏകമുഖരുചിബോധത്തിനെതിരെയുള്ള കലാപമാണ് കേരളീയ പ്രാദേശികരുചികളുടെ സമൃദ്ധമായ അവതരണത്തിലൂടെ മുകുന്ദൻ കാണിക്കാൻ ശ്രമിക്കുന്നത്. പിസ്തയും കെന്റകി ചിക്കനും മറ്റുമൊരുക്കുന്ന ഭക്ഷണസമ്പ്രദായത്തെ മുകുന്ദൻ ചെറുക്കുന്നത് ഇങ്ങനെയാണ്. സ്വന്തം പാടത്ത് വിളഞ്ഞിരുന്ന ഗോതമ്പും പശുവിൻനെയ്യും ഉപയോഗിച്ചുണ്ടാക്കുന്ന സബ്ജിയും ചപ്പാത്തിയും ഇന്ത്യൻ പ്രാദേശിക രുചിയും കേരളീയ ഭക്ഷണശീലങ്ങളും, നാട്ടുചികിത്സകൾ, ആയുർവേദപാരമ്പര്യങ്ങൾ എന്നിവയിലൂടെ നവസാമ്രാജ്യത്തിനെതിരെ വികസിപ്പിച്ചെടുക്കാവുന്ന സാംസ്കാരികപ്രതിരോധസൂചനകൾ ഈ നോവലിനെ ശ്രദ്ധേയമാകുന്നു.

### 5.9 ഗൃഹാതുരത്വം

ഒരു പ്രവാസി ചെന്നെത്തുന്ന നാട്ടിൽ അയാൾക്ക് ആദ്യം അനുഭവപ്പെടുക ഗൃഹാതുരത്വമാണ്. എല്ലാം നഷ്ടപ്പെട്ടതുപോലുള്ള അവരുടെ ജീവിതം പിന്നീട് സമരസപ്പെടലിന്റേതായിത്തീരുന്നു. അത് മുകുന്ദനിപ്രകാരം പറയുന്നു. 'ദൽഹിയിൽ ജീവിതം ഒരു സമരമാണ്. സാധാരണക്കാർക്ക് നരകജീവിതമാണ് വിധിച്ചിട്ടുള്ളത്. വെള്ളം പിടിക്കാനായി നാലുമണിക്ക് എഴുന്നേറ്റ് പൈപ്പിനു ചുവട്ടിൽ തപസ്സിരിക്കണം. ആ സ്ട്രഗിളിൽ ഗൃഹാതുരത്വം മാറുന്നു[63] ഇങ്ങനെയൊക്കെയാണെങ്കിലും ഗൃഹാതുരമായ ഒട്ടനവധി ഓർമ്മകൾകൊണ്ട് സമ്പന്നമാണ് ഈ നോവൽ. ദൽഹിയിൽ വന്ന് നാലുകൊല്ലം കഴിഞ്ഞപ്പോൾ സഹദേവനെ ഒരു പുതിയ രോഗം

പിടികൂടി. ഗൃഹാതുരത്വം എന്ന ആ രോഗം വില്ലൻചുമയേക്കാളും കരുവൻ പൊന്ത ലിനേക്കാളും ഭീകരമാണ്. ചികിത്സിക്കാൻ കുഞ്ഞാപ്പുവൈദ്യർ ദൽഹിയിലില്ല. ഉണ്ടായാലും കഷായവും ലേഹ്യവും അരിഷ്ടവും കൊണ്ടുമാറുന്നതല്ല ഈ രോഗമെന്ന് സഹദേവന് അറിയാമായിരുന്നു. ആദ്യമായി ദൽഹിയിലെത്തിയ ദിവസം രാത്രി പലതവണ സഹദേവൻ അമ്മയെ സ്വപ്നം കണ്ടിരുന്നു. ഇപ്പോൾ സ്വപ്നത്തിൽ മാത്രമല്ല കണ്ണു തുറന്നിരിക്കുമ്പോഴും അയാൾ അമ്മയുടെ ദുഃഖം കാണുകയാണ്.

''തന്നെ തലയിലും മുഖത്തും വെളിച്ചെണ്ണ തേച്ച് കിണറ്റിൻ കരയിൽ നിർത്തി കുളിപ്പിക്കുന്ന അമ്മ. പനി വന്നു ക്ഷീണിച്ചപ്പോൾ മുട്ടതേടി കോഴിയുള്ള അയൽപ്പക്കത്തെ വീടുകളിൽ മുഴുവൻ കയറിയിറങ്ങി മുട്ട വാങ്ങിക്കൊണ്ടുവന്ന് തീറ്റിക്കുന്ന അമ്മ. വിഷുവിന് ഓലപ്പടക്കം പൊട്ടി കൈ പൊള്ളിയപ്പോൾ തന്നെയും കൊണ്ട് കുഞ്ഞാപ്പുവൈദ്യരുടെ അരികിലേക്ക് ഓടുന്ന അമ്മ. കൂടെ പഠിക്കുന്ന അയൽപ്പക്കത്തെ രമയുടെ മാറിൽ തൊട്ടതിനു കണ്ണിൽ മുളകെഴുതി ശിക്ഷിക്കുന്ന അമ്മ, നേന്ത്രപ്പഴം വട്ടത്തിൽ മുറിച്ചിട്ട് ശർക്കരയിട്ട് കാച്ചിയ മുത്താറി കരണ്ടികൊണ്ടു കോരികുടിപ്പിക്കുന്ന അമ്മ. കാലിൽ കരപ്പൻ വന്നപ്പോൾ ആടലോടക ഇലകൾ പറിച്ചുകൊണ്ടുവന്ന് വാട്ടി കണങ്കാലുകളിൽ കെട്ടിത്തൂക്കുന്ന അമ്മ. രണ്ടുരാത്രി ദുഃസ്വപ്നം കണ്ട് കരഞ്ഞതിന് കണിയാന്റെ അരികിൽ കൊണ്ടുപോയി മന്ത്രിച്ചൂതിയ കറുത്ത ചരട് കൈത്തണ്ടയിൽ കെട്ടിത്തരുന്ന അമ്മ. ഇടവപ്പാതിക്ക് തോരാത്ത മഴപെയ്യുന്ന രാവുകളിൽ പായിൽ തന്നെ ഇറുകെ ചേർത്തുപിടിച്ചു കിടന്നുറങ്ങുന്ന അമ്മ. പത്തുവയസ്സായിട്ടും കിണ്ണത്തിൽ ചോറും മീനുമായി പുറകെ നടന്നുതീറ്റിക്കുന്ന അമ്മ. തനിക്കറിയാത്ത കാരണത്താൽ തന്നെ മടിയിലിരുത്തി തലമുടിയിൽ തലോടി താനേ കരയുന്ന അമ്മ........''[64] അമ്മ വിവരിക്കാൻ കഴിയാത്ത ഓർമ്മയായി അയാളെ പിന്തുടരുന്നു.

നാടിനെക്കുറിച്ചുള്ള ഗൃഹാതുരസ്മരണകൾ സഹദേവനെ വിടാതെ പിന്തുടരുന്നുണ്ടായിരുന്നു. വീട്ടിനരികിലെ മുണ്ടിയാട്ട് കാവിൽ തിറയുത്സവം തുടങ്ങുമ്പോൾ അയാൾക്ക് നിൽക്കക്കള്ളിയുണ്ടാകില്ല. ''രാത്രി ഉറക്കത്തിൽ മാത്രമല്ല, പട്ടാപ്പകൽ ദൽഹിയിലെ തിരക്കിലൂടെ നടക്കുമ്പോഴും തീച്ചാമുണ്ഡി തെയ്യത്തിന്റെ കാലുകളിലെ ചിലമ്പൊലികൾ അയാൾ കേൾക്കും. ഘണ്ടാകർണ്ണന്റെ അരയിലെയും കൈകളിലെയും തീപ്പന്തങ്ങളുടെ ചൂട് അയാൾ അറിയും''[65] ഈ സമയം നാട്ടിലേക്ക് പോകാൻ ഉൽക്കടമായി മനസ്സ് കൊതിക്കും. പണത്തിന്റെ ബുദ്ധിമുട്ടുകൾ ആണ് സഹദേവന് നാട്ടിലേക്ക് പോകാനുള്ള പ്രധാന വിഘാതം.

തന്റെ വീട്ടുടമയുടെ മക്കളായ ജസ്‌വീന്ദറും പിങ്കിയും സഹദേവന് സഹോദരിമാരെപ്പോലെയാണ്. അയാൾ ജസ്‌വീന്ദറിന് വിവാഹസമ്മാനമായി നൽകിയത് ഒരു തോലയുടെ തങ്കവളയായിരുന്നു. അപ്പോൾ എന്തുകൊണ്ടോ വനജയെയും ശ്യാമളയെയും ഓർത്ത് അയാൾ ദീർഘമായി നിശ്വസിച്ചു [66] വിവാഹപ്രായം കഴിഞ്ഞ തന്റെ സഹോദരിമാരെക്കുറിച്ചുള്ള ഓർമ്മകൾ അയാളുടെ മനസ്സിലേക്ക് ഇരമ്പിയെത്തുന്നു.

സഹദേവന്റെ ബാൽക്കണിയിൽ അധികവും മണിപ്ലാന്റുകളാണ്. അതോടൊപ്പം മറ്റ് ചട്ടികളിൽ ഒന്നിൽ പിച്ചകം വച്ചു പിടിപ്പിച്ചിട്ടുണ്ട്. ''പിച്ചകത്തിന്റെ പരിമളത്തിൽ അയാൾക്കു വലിയ താൽപ്പര്യമൊന്നുമില്ല. നാട്ടിലെ വീട്ടുമുറ്റത്തിന്റെ ഓർമ്മ പുതുക്കുവാനാണ് അയാൾ ദൽഹിയിൽ പിച്ചകം വളർത്തുന്നത്''[67] തന്റെ അൻപതാം പിറന്നാളുദിവസം ഒരു കേക്കുവാങ്ങാനായി സഹദേവൻ ബേക്കറിയിലെത്തുന്നു. അവിടെയുള്ള പലഹാരങ്ങൾ വാങ്ങിത്തിന്നാൻ അയാൾക്ക് തോന്നിയില്ല. അയാളെ എപ്പോഴും ഹരം പിടിപ്പിക്കുന്നത് ബേക്കറിയിൽ നിന്ന് വരുന്ന മണമാണ്. ''അത് നാട്ടിലെ ബേക്കറിയിൽ നിന്നുവരുന്ന പല ബിസ്ക്കറ്റിന്റെ മണം ഓർമ്മിപ്പിക്കും. ആ മണം ആസ്വദിക്കാൻ വേണ്ടി മാത്രം അയാൾ ബേക്കറികളുടെ മുൻപിൽ ഉള്ളിലേക്കു നോക്കിക്കൊണ്ടുനിൽക്കും [68] ഇങ്ങനെയുള്ള ഗൃഹാ

തുരസ്മരണയാണ് ഓരോ പ്രവാസിയെയും നാടുമായി ബന്ധിപ്പിക്കുന്നതും അവൻ ചെന്നെത്തിയെടത്ത് ജീവിപ്പിക്കാൻ പ്രേരിപ്പിക്കുന്നതും.

ആഭ്യന്തരപ്രവാസത്തിന്റെ സവിശേഷതകളെ അടിസ്ഥാനമാക്കി പഠിക്കാവുന്ന നോവലാണ് ദൽഹിഗാഥകൾ. കേരളത്തിലെ വിജനമായ ഗ്രാമങ്ങളിൽ നിന്ന് ഭാരതത്തിന്റെ തലസ്ഥാനമായ ദൽഹിയിലെ തിരക്കാർന്ന നഗരത്തിലേക്ക് പുറപ്പെട്ടവരാണ് ദൽഹിഗാഥയിലെ ഓരോ മനുഷ്യരും. പട്ടിണിയും ദാരിദ്ര്യവും സൃഷ്ടിച്ച ജീവിതദൗത്യത്തിൽ നിന്ന് ജീവിതവിജയം സ്വപ്നം കണ്ട് ദൽഹിയിലെ മണ്ണിലേക്ക് തൊഴിൽതേടി പുറപ്പെട്ടവരാണ് ഈ നോവലിലെ ഓരോ കഥാപാത്രവും. സാഹിത്യത്തിന്റെ പരിപ്രേഷ്യത്തിനപ്പുറത്ത് സാമൂഹിക രാഷ്ട്രീയതലങ്ങളിലൂടെ നോക്കിയാൽ അറുപതുകളിൽ തുടങ്ങി എൺപതുകളുടെ രണ്ടാംപാദത്തിലവസാനിക്കുന്ന ഭാരതത്തിന്റെ പ്രത്യേകിച്ച് ദൽഹിയുടെ സാമൂഹിക രാഷ്ട്രീയ ജീവിതത്തിന്റെ നേർക്കാഴ്ചയാണ് ഈ നോവലിൽ കാണുന്നതെങ്കിലും പ്രവാസത്തിന്റെ വ്യതിരിക്തത അനുഭവിപ്പിക്കുന്നതിൽ മുകുന്ദൻ വിജയിച്ചിരിക്കുന്നതായി കാണാം.

**കുറിപ്പുകൾ**

1 "ഞാൻ ദൽഹിയിൽ നാൽപ്പത് വർഷം ജീവിച്ചു. ഇപ്പോഴും ജീവിക്കുന്നുണ്ട്. ഇടയ്ക്കിടെ അവിടെ പോകുന്നുണ്ട്. അപ്പോൾ ആ നാലുപതിറ്റാണ്ടിൽ ഞാൻ കണ്ട, കേട്ട, ഞങ്ങൾ (ബേബി കാക്കനാടൻ) നടന്ന ദൽഹിയുടെ അനുഭവങ്ങളാണ് *ദൽഹി ഗാഥകളി*ലുള്ളത്''. *മുകുന്ദൻ. എം, 'ഇനി ഏത് ദേശത്തെക്കുറിച്ചാണ് ഞാൻ എഴുതേണ്ടത്', മാധ്യമം ആഴ്ചപ്പതിപ്പ്,* പുസ്ത. 14, (നവംബർ 21, 2011), പു. 28.

2 മുകുന്ദൻ, എം. *ദൽഹിഗാഥകൾ,* കോട്ടയം: കറന്റ്ബുക്സ്, 2011, പു. 26.

3 ടി, പു. 26.

4 പ്രധാന കഥാപാത്രമായ സഹദേവനാണ് നോവലിൽ എന്റെ പ്രതിനിധി. അയാളുടെ കാഴ്ചപ്പാടിലൂടെയാണ് നോവൽ വികസിക്കുന്നത്. അയാൾ കഥാനായകനാണ്; എഴുത്തുകാരൻ കൂടിയാണ്. ആ അർത്ഥത്തിൽ ഞാൻ തന്നെയാണെന്ന് പറയാം. എന്റെ ചിന്തകളും ആശയങ്ങളും സഹദേവനു കൊടുത്ത് ഞാൻ മാറിനിൽക്കുന്നു. മറ്റൊരു നോവലിലും ഇങ്ങനെ ചെയ്തിട്ടില്ല. എഴുത്തുകാരൻ മാറിനിൽക്കുക കഥാപാത്രങ്ങളെകൊണ്ട് ചെയ്യിക്കുക. അങ്ങനെയൊരു രീതിയാണ് *ദൽഹിഗാഥകളിൽ* സ്വീകരിച്ചത്. എം. മുകുന്ദൻ, ഇ.പി. രാജഗോപാലൻ, *ഒരു നഗരത്തിന്റെ ഗാഥ*, (എഡി. ആർ. ഭദ്രൻ, *ദൽഹിഗാഥകൾ* - പ്രവാസം/യുദ്ധം/രാഷ്ട്രീയം), കോട്ടയം : ഡി.സി. ബുക്സ്, 2016, പു. 71.

5 എം. മുകുന്ദൻ, വി.കെ.സുരേഷ്, *ഓർമ്മയെ ദേശം തിരിച്ചു വിളിക്കുന്നു* (എഡി. ആർ. ഭദ്രൻ, *ദൽഹിഗാഥകൾ*-പ്രവാസം/യുദ്ധം/രാഷ്ട്രീയം) കോട്ടയം: ഡി.സി ബുക്സ്, 2016, പു. 85, 86.

6 ടി, പു. 99.

7 ശ്രീകുമാർ എസ്.എസ്, '*ദേശീയതയുടെ വിലാപകാവ്യം*', *മാധ്യമം ആഴ്ച്ചപ്പതിപ്പ്*, 18, ഏപ്രിൽ 13, 2015, പു. 32.

8 മുകുന്ദൻ, എം. *ദൽഹിഗാഥകൾ,* കോട്ടയം: കറന്റ്ബുക്സ്, 2011, പു. 439.

9 ടി, പു. 191.

10 ടി, പു. 456.

11 ടി, പു. 104.

12 ടി, പു. 474.

13 ടി, പു. 472.

14 ടി, പു. 472.

15 എം. മുകന്ദൻ, ഇ.പി. രാജഗോപാലൻ, *ഒരു നഗരത്തിന്റെ ഗാഥ* (എഡി. ആർ. ഭദ്രൻ, *ദൽഹിഗാഥകൾ*-പ്രവാസം/യുദ്ധം/രാഷ്ട്രീയം), കോട്ടയം: ഡി.സി ബുക്സ്, 2016, പു. 80.

16 മുകുന്ദൻ, എം. *ദൽഹിഗാഥകൾ,* കോട്ടയം: കറന്റ് ബുക്സ്, 2011, പു. 411.

17 ആർ.സി. മജുംദാർ, എച്ച്.സി.റായ് ചൗധരി (വിവ. തായാട്ട് ശങ്കരൻ) *വിദേശാക്രമണങ്ങൾ, 1966 സെപ്തംബർ വരെ (ഭാരതബൃഹച്ചരിത്രം)* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2011, പു. 561.

18 1954 ലെ ഇന്ത്യ-ചൈന കരാറനുസരിച്ച് ചൗ എൻലായിയും നെഹ്റുവും തമ്മിലുള്ള സംഭാഷണങ്ങൾ 1954 ജൂൺ 28-ാം തിയ്യതി ഒരു സംയുക്ത പ്രസ്താവന ഒപ്പ് വെച്ചതോടെയാണ് അവസാനിച്ചത്. ഈ പ്രസ്താവന ഇന്ത്യയും ചൈനയും തമ്മിലുള്ള ബന്ധങ്ങൾക്കടിസ്ഥാനമായി വർത്തിക്കേണ്ട തത്ത്വങ്ങളെ നിർവചിച്ചു. (1) ഇരുരാജ്യങ്ങളുടെയും പരമാധികാരവും നിലനിൽപ്പും അന്യോന്യം അംഗീകരിക്കൽ (2) അനാക്രമണം, (3) ഇരു രാജ്യങ്ങളുടെയും ആഭ്യന്തരകാര്യങ്ങളിൽ അന്യോന്യം ഇടപെടാതിരിക്കൽ, (4) സമത്വവും പരസ്പരസഹകരണവും(5) സമാധാനസഹവർത്തിത്വം. വിവ., പി.നാരായണൻ നായർ, *സമകാലികഭാരതചരിത്രം*, (വി. പി.ബാലാബുഷേവിച്ച്, എ.എം. ദിയാക്കോവ് എഡി.), തിരുവനന്തതപുരം: കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 1995, പു. 692.

19 എം. മുകുന്ദൻ, വി.കെ. സുരേഷ്, *ഓർമ്മയെ ദേശം തിരിച്ചുവിളിക്കുന്നു* (എഡി. ആർ. ഭദ്രൻ, *ദൽഹിഗാഥകൾ*-പ്രവാസം/യുദ്ധം/രാഷ്ട്രീയം), കോട്ടയം: ഡി.സി.ബുക്സ്, 2016, പു. 85, 86.

20 മുകുന്ദൻ, എം. *ദൽഹിഗാഥകൾ,* കോട്ടയം: കറന്റ്ബുക്സ്, 2011, പു. 18.

21 തായാട്ട് ശങ്കരൻ (വിവ.), *വിദേശീയാക്രമണങ്ങൾ - ഭാരതബൃഹച്ചരിത്രം* - മൂന്നാം ഭാഗം: ആധുനികഭാരതം (ഗ്രന്ഥ. ആർ.സി. മജുംദാർ, എച്ച്.സി. റായ്ചൗധരി, കാളികിങ്കർദത്ത) തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റി റ്റ്യൂട്ട്, 2011, പു. 562.

22 "ചൈനയുമായുള്ള യുദ്ധം കഴിഞ്ഞിട്ട് മൂന്ന് വർഷം തികഞ്ഞിട്ടില്ല. അതിന് മുമ്പ് ഇതാ മറ്റൊരു യുദ്ധം കൂടി വാതിൽക്കൽ വന്നുനിൽക്കുന്നു. ഇനിയും എത്രയെത്ര മനുഷ്യർ രക്തം ചിന്തി മരിക്കണം ആവോ! ദേശസ്നേഹത്തി നെതിരായാണ് താൻ ചിന്തിക്കുന്നതെന്ന് അയാൾക്ക് അറിയാം". മുകുന്ദൻ, എം. *ദൽഹിഗാഥകൾ,* കോട്ടയം: കറന്റ്ബുക്സ്, 2011, പു. 39.

23 ടി, പു. 40.

24 പി. എ. വാരിയാർ, ഡോ. കെ. വേലായുധൻനായർ *ബംഗ്ലാദേശ് (സ്വാത ന്ത്ര്യത്തിന്റെ കഥ),* കോട്ടയം: കൈരളി ചിൽഡ്രൻസ് ബുക്ക് ട്രസ്റ്റ്, 1997, പു. 875.

25 ടി, പു. 878/879.

26 മുകുന്ദൻ, എം. *ദൽഹിഗാഥകൾ,* കോട്ടയം: കറന്റ്ബുക്സ്, 2011, പു. 130.

27 മനുഷ്യൻ അവരുടെ ആവാസവ്യവസ്ഥയിൽ നിന്ന് (അധിവസിക്കുന്ന പ്രദേ ശത്ത് നിന്ന്) പ്രകൃതിക്ഷോഭഫലമായി താൽക്കാലികമോ സ്ഥിരമായോ മാറ്റപ്പെടുന്നവർ, മനുഷ്യന്റെ പ്രകൃതിനശീകരണത്തിന്റെ ഭാഗമായി പാരി സ്ഥിതിക അധഃപതനത്തിൽ അഭയാർത്ഥികളായി മാറ്റപ്പെടുന്നവർ, ഇത്തരം ആളുകളെ പാരിസ്ഥിതിക അഭയാർത്ഥികൾ എന്ന് പറയുന്നു. https/www.google.com, janayugomonline.com, 02.01.2019.

28 ജി. മദുസൂദനനൻ, *പ്രവാസം സൃഷ്ടിക്കുന്ന വ്യഥകൾ - (കഥയും പരിസ്ഥി തിയും),* തൃശ്ശൂർ: കറന്റ് ബുക്സ്, 2000, പു. 264.

29 രാജശേഖരൻ, പി.കെ., അഭയാർത്ഥി/നാടോടി (ഏകാന്തനഗരങ്ങൾ), കോട്ടയം: ഡി.സി ബുക്സ്, 2007, പു. 257.

30 ''വംശീയവും ദേശീയവുമായ സ്വത്വങ്ങളില്ലാത്ത നഗരനാടോടികളെ 'സ്ഥല ഭ്രഷ്ടപ്രവാസികൾ' (Deterritorialized diaspora) എന്നു വിളിക്കാം'' (റോഷ്നി, എം. *പ്രവാസഗാഥകൾ,* (എഡി. ആർ. ഭദ്രൻ, *ദൽഹിഗാഥകൾ*-പ്രവാസം/യുദ്ധം/രാഷ്ട്രീയം), കോട്ടയം: ഡി.സി. ബുക്സ്, 2018, പു. 64.

31 മുകുന്ദൻ, എം. *ദൽഹിഗാഥകൾ,* കോട്ടയം: കറന്റ് ബുക്സ്, 2011, പു.132.

32 ടി, പു. 75, 76.

33 എം. മുകന്ദൻ, ഇ.പി. രാജഗോപാലൻ, *ഒരു നഗരത്തിന്റെ ഗാഥ* (എഡി. ആർ. ഭദ്രൻ, *ദൽഹിഗാഥകൾ*-പ്രവാസം/യുദ്ധം/രാഷ്ട്രീയം) കോട്ടയം: ഡി. സി. ബുക്സ്, 2016, പു. 70.

34 മുകുന്ദൻ, എം. *ദൽഹിഗാഥകൾ,* കോട്ടയം: കറന്റ്ബുക്സ്, 2011, പു. 240.

35 ടി, പു. 269.

36 ടി, പു. 271.

37 ടി, പു. 283.

38 ടി, പു. 296-298.

39 ടി, പു. 299.

40 ടി, പു. 402.

41 ടി, പു. 412.

42 ടി, പു. 405.

43 ടി, പു. 417.

44 രവികുമാർ, കെ. എസ്. *പ്രാന്തീകൃതരുടെ പ്രതിരോധസ്ഥലം (ആധുനികതയുടെ അപാവരണങ്ങൾ*), കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 2014, പു. 180.

45 എം. മുകുന്ദൻ, ഇ.പി. രാജഗോപാലൻ, *ഒരു നഗരത്തിന്റെ ഗാഥ* (എഡി. ആർ. ഭദ്രൻ, *ദൽഹിഗാഥകൾ*-പ്രവാസം/യുദ്ധം/രാഷ്ട്രീയം) കോട്ടയം: ഡി.സി ബുക്സ്, 2016, പു. 73.

46 മുകുന്ദൻ, എം. *ദൽഹിഗാഥകൾ,* കോട്ടയം: കറന്റ് ബുക്സ്, 2011, പു. 199.

47 ടി, പു. 200.

48 ടി, പു. 174/75.

49 ടി, പു. 132.

50 ടി, പു. 362.

51 ടി, പു. 135.

52 ടി, പു. 410.

53 മുകുന്ദൻ എം, ഭദ്രൻ, ആർ. *എന്റെ ഇടതുപക്ഷത്തിൽ ക്വട്ടേഷൻ സംഘത്തിനു പ്രവേശമില്ല* (എഡി. ആർ. ഭദ്രൻ, *ദൽഹിഗാഥകൾ*-പ്രവാസം/യുദ്ധം/രാഷ്ട്രീയം) കോട്ടയം: ഡി.സി. ബുക്സ്, 2016, പു. 111.

54 മുകുന്ദൻ, എം. *ദൽഹിഗാഥകൾ,* കോട്ടയം: കറന്റ് ബുക്സ്, 2011, പു. 92, 93.

55 ടി, പു. 89.

56 ടി, പു. 147.

57 Anderson, Benedict, Imaginal Communities Reflection on the origin and spread of Natioanlism, Verso, London, 1991.

58 മുകുന്ദൻ, എം. *ദൽഹിഗാഥകൾ,* കോട്ടയം: കറന്റ് ബുക്സ്, 2011, പു. 160.

59 ടി, പു. 456.

60 ടി, പു. 33.

61 ടി, പു. 60.

62 ടി, പു. 62.

63 മുകുന്ദൻ, എം., രാജഗോപാലൻ, ഇ.പി. *ഒരു നഗരത്തിന്റെ ഗാഥ*, (എഡി. ആർ. ഭദ്രൻ, *ദൽഹിഗാഥകൾ*-പ്രവാസം/യുദ്ധം/രാഷ്ട്രീയം) കോട്ടയം: ഡി.സി ബുക്സ്, 2016, പു. 75.

64 മുകുന്ദൻ, എം. *ദൽഹിഗാഥകൾ,* കോട്ടയം: കറന്റ് ബുക്സ്, 2011, പു. 57.

65 ടി, പു. 39.

66 ടി, പു. 115.

67 ടി, പു. 334.

68 ടി, പു. 444.

# ഉപസംഹാരം

പ്രവാസം എം. മുകുന്ദന്റെ നോവലുകളിൽ (പ്രവാസം, ദൽഹി, ദൽഹിഗാഥ കൾ എന്നീ നോവലുകളെ ആസ്പദമാക്കി ഒരു പഠനം) എന്ന ഈ പ്രബന്ധത്തി ലൂടെ പ്രവാസജീവിതത്തെയും അതിന്റെ സാമൂഹ്യപരിസരത്തെയും പ്രവാസചി ത്രീകരണപശ്ചാത്തലത്തിൽ കണ്ടെത്തുന്നു. ഈ ഗവേഷണത്തിൽ നിന്നും ഉരുത്തിരിഞ്ഞു വന്നിട്ടുള്ള പ്രധാന നിരീക്ഷണങ്ങളും നിഗമനങ്ങളും ചുവടേ ചേർക്കുന്നു.

- നിശ്ചിതമായ ചട്ടക്കൂടിനകത്ത് പ്രവാസത്തെ നിർവചിക്കാൻ സാധ്യമല്ല. കുടിയേറ്റം, പലായനം, നാടുകടത്തൽ എന്നിവയുടെയെല്ലാം ആത്യന്തിക മായ ഫലം പ്രവാസമാണ്. ഇവ ആന്തരികമായി ഭിന്നസ്വഭാവം പുലർത്തു ന്നവയാണ്. മനുഷ്യൻ ഒറ്റയ്ക്കോ കൂട്ടായോ നടത്തുന്ന സ്ഥിരമായ വാസ മാറ്റമാണ് കുടിയേറ്റം. ഉപജീവനത്തിനുവേണ്ടി മെച്ചപ്പെട്ട ജീവിതസാഹ ചര്യം രൂപപ്പെടുത്തുന്നതിന് പ്രകൃതിയോടിണങ്ങിനിന്ന് കൃഷി ചെയ്ത് സാമ്പത്തികനേട്ടമുണ്ടാക്കുകയാണ് കുടിയേറ്റത്തിന്റെ ലക്ഷ്യം.

- പൊതുവായ ചരിത്രാനുഭവങ്ങളും ആചാരവിശ്വാസങ്ങളും ഭാഷാസംസ്കൃ തിയും പങ്കുവയ്ക്കുന്ന ഒരു സമൂഹം ലോകത്തിന്റെ പല കോണുകളി ലേക്ക് ചിതറിപോകുന്ന ചരിത്രാനുഭവമാണ് പലായനം അഥവാ ഡയ സ്പോറ. ഭരണപരമായ നയങ്ങളുടെ ഫലമായി പലായനം ചെയ്ത ജനത അനശ്ചിതമായ സഞ്ചാരമാണ് നടത്തുന്നത്.

- നിർബന്ധിതസാഹചര്യത്താൽ നാടും വീടും ഉപേക്ഷിക്കേണ്ടി വരുന്ന ജന സമൂഹങ്ങൾ അന്യദേശങ്ങളിലേക്ക് പോകേണ്ടി വരുന്നതിനെയാണ് നാടു

കടത്തൽ എന്നു പറയുന്നത്. എന്തുകൊണ്ടെന്നാൽ അധികാരകേന്ദ്രങ്ങളുടെ അനിഷ്ടത്തിനും ശിക്ഷയ്ക്കും വിധേയമായിട്ടാണ് നാടുകടത്തൽ ഉണ്ടാകുന്നത്. ആയതിനാൽ സ്വദേശത്തേക്കുള്ള തിരിച്ചുവരവ് അസാധ്യമായവരുടെ മാനസികാവസ്ഥയും സംഘർഷവുമാണ് അതിന്റെ സ്വഭാവമായിത്തീരുന്നത്.

- ജൂതജനതയുടെ പലായനവുമായി ബന്ധപ്പെട്ട് പ്രയോഗിച്ചിരുന്ന പ്രവാസം എന്ന പദം വ്യത്യസ്ത ആശയധാരകളെ ഉൾക്കൊള്ളുന്ന ഒന്നായി മാറിയിട്ടുണ്ട്. അതിന്റെ അനുബന്ധമായിട്ടാണ് പ്രവാസമെന്ന പദം പൊതുമണ്ഡലത്തിലേക്ക് കടന്നുവന്നത്. ഇവരുടെ പലായനത്തെക്കുറിച്ചുകൊണ്ടിരുന്ന ഡയസ്പോറ എന്ന പദം പ്രവാസത്തെ രേഖപ്പെടുത്താൻ ഇന്ന് സാർവത്രികമായി ഉപയോഗിക്കുന്നു. പ്രവാസത്തെക്കുറിച്ച് നടത്തുന്ന പഠനങ്ങളെ ഡയസ്പോറിക് സ്റ്റഡീസ് എന്നാണ് പറയുന്നത്. മലയാളത്തിൽ ഇത് പ്രവാസസാഹിത്യം എന്ന പേരിലറിയപ്പെടുന്നു.

- പ്രവാസിയെ സൂചിപ്പിക്കുന്നതിന് എക്സ്പാട്രിയേറ്റ് (Expatriate) എന്ന പദമാണ് പ്രയോഗിക്കുന്നത്. എക്സ്പാട്രിയേഷ(Expatriation)ന് ദേശാന്തരഗമനം/പ്രവാസം മുതലായ അർത്ഥതലങ്ങളുമുണ്ട്. സ്വദേശത്തുനിന്ന് താൽക്കാലികമായോ സ്ഥിരമായോ മറ്റൊരിടത്ത് ജീവിക്കേണ്ടി വരുന്ന മനുഷ്യാവസ്ഥയാണ് പ്രവാസം.

- നഗരവൽക്കരണമാണ് പ്രവാസത്തിന്റെ തോത് വർദ്ധിപ്പിച്ചത്. ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും പുരോഗതി നവീനമായ വ്യവസായസംരംഭങ്ങൾക്ക് ഊന്നൽ നൽകി. ത്വരിതഗതിയിലുണ്ടായ വ്യവസായവൽക്കരണം നഗരവൽക്കരണത്തിന് വഴിയൊരുക്കി. പരമ്പരാഗത തൊഴിൽ മേഖലകൾക്കുപകരം നവീനമായ തൊഴിൽ സാധ്യതകൾ നഗരാനുബന്ധിയായി

ലഭ്യമാവുകയും ചെയ്തു. ഇത് ഗ്രാമങ്ങളിൽ നിന്ന് തൊഴിൽ തേടി നഗരങ്ങ ളിലേക്ക് ചേക്കേറുന്ന അവസ്ഥ സംജാതമാക്കുന്നു.

- ആർ.ജി റവൻസ്റ്റീൻ, എസ്.ലീ എവററ്റ് എന്നിവരുടെ സിദ്ധാന്തങ്ങൾ പ്രവാസത്തിന്റെ കാരണങ്ങളെ സ്വാധീനിക്കുന്നു. ആർ.ജി റവൻസ്റ്റീന്റെ കുടിയേറ്റ നിയമങ്ങൾ (The Law of Migration) ഭൂമിശാസ്ത്രപരമായ അകലത്തെയാണ് കുടിയേറ്റത്തിന് അടിസ്ഥാനമാക്കുന്നത്. ഗ്രാമങ്ങളിൽനിന്ന് പട്ടണങ്ങളിലേക്ക്, തൊട്ടടുത്ത ജില്ലയിലേക്ക്, അന്യസംസ്ഥാനങ്ങളിലേക്ക്, അന്യരാജ്യങ്ങളിലേക്ക് എല്ലാം കുടിയേറ്റ വിസ്തൃതി നീണ്ടുകിടക്കുന്നു. ദൂരവും അവസരവുമാണ് പ്രവാസികളെ മറ്റു രാജ്യങ്ങളിലേക്ക് ആകർഷിക്കുന്നത്.

- എസ്.ലീ എവററ്റിന്റെ പുഷ് ആന്റ് പുൾ തിയറി (ആകർഷക വികർഷകങ്ങൾ) പ്രവാസത്തിനു പിന്നിലെ വ്യത്യസ്ത കാരണങ്ങളെ സാധൂകരിക്കുന്നു. തൊഴിലില്ലായ്മ, അവസരരാഹിത്യം, മെച്ചപ്പെട്ട ജീവിതസാഹചര്യത്തിന്റെ അഭാവം, വരൾച്ച, ക്ഷാമം, പ്രകൃതിക്ഷോഭം, രാഷ്ട്രീയാരക്ഷിതാവസ്ഥ, അടിമത്തം, സാമൂഹികാസമത്വം, സാമ്പത്തികത്തകർച്ച എന്നിവ ഒരു രാജ്യം വിട്ടു പോകുന്നതിനുള്ള വികർഷക (Pull Factors) ഘടകങ്ങളാണ്. ഇവരുടെ സിദ്ധാന്തങ്ങളെ സാധൂകരിക്കുന്ന നിരവധി തെളിവുകൾ അന്വേഷണങ്ങളിലൂടെ വെളിപ്പെടുന്നു.

- മലയാളനോവലിലെ പ്രവാസാനുഭവങ്ങളെ അതിന്റെ സ്വാഭാവസവിശേഷതയെ അടിസ്ഥാനമാക്കി പട്ടാളനോവൽ, കുടിയേറ്റനോവൽ, ആഭ്യന്തര/ദേശാന്തര നോവലുകൾ എന്നിങ്ങനെ വേർതിരിച്ചു പഠിച്ചതിലൂടെ പ്രവാസികളായ മലയാളികൾ നേരിടുന്ന അന്യതാബോധം, ഗൃഹാതുരത്വം, സ്വത്വപ്രതിസന്ധി, അതിജീവനത്തിന്റെ പ്രശ്നങ്ങൾ എന്നിവ ഏറെക്കുറെ സമാനമാണെന്ന് മനസ്സിലാക്കാം.

- ആദ്യകാലമലയാള നോവലുകളിൽ അന്യദേശവാസത്തെക്കുറിച്ചും യാത്ര കളെക്കുറിച്ചും പരാമർശിക്കുന്നുണ്ട്. ഇന്ദുലേഖയെ സൂരിനമ്പൂതിരിപ്പാട് വിവാഹം കഴിച്ചു എന്ന് കേൾക്കുന്ന മാധവൻ നിരാശയാൽ സ്വദേശത്തേക്ക് മടങ്ങാൻ ഇഷ്ടപ്പെടുന്നില്ല. അയാൾ നടത്തുന്ന യാത്രകൾ ഇന്ദുലേഖയുടെ പതിനെട്ടാം അധ്യായത്തിൽ നിന്ന് മനസ്സിലാക്കാം. വൈയക്തികാനുഭവങ്ങ ളുടെ വൈകാരികതയ്ക്ക് അടിപ്പെട്ട് മാധവൻ നടത്തുന്ന യാത്രയാണ് ഇവിടെ കാണാൻ കഴിയുന്നത്. എന്നാൽ അതിൽനിന്ന് വ്യത്യസ്തമായി പലായനത്തിനും നാടുകടത്തലിനും വിധേയരായി നിർബന്ധിത പ്രവാസം അനുഭവിക്കുന്നവരെ *സരസ്വതീവിജയം, സുകുമാരി* എന്നീ നോവലുക ളിലും കണ്ടെത്താവുന്നതാണ്.

- ദേശാന്തര പ്രവാസം ഇതിവൃത്തമാകുന്ന നോവലുകളിലെ കഥാപാത്രങ്ങൾ സാമ്പത്തിക ഉയർച്ചയ്ക്കു വേണ്ടിയാണ് അന്യരാജ്യങ്ങളിലെ തൊഴിലിട ങ്ങൾ തിരഞ്ഞെടുക്കുന്നത്. എന്നാൽ പിന്നീടത് പൗരത്വസ്വീകരിക്കലിലും സാമൂഹ്യപദവികളിലും എത്തിച്ചേരുന്നു.

- കാക്കനാടൻ, ഒ.വി വിജയൻ, ആനന്ദ്, മുകുന്ദൻ എന്നിവരുടെ പ്രവാസനോ വലുകളിൽ പ്രവാസി അനുഭവിക്കുന്ന പ്രശ്നങ്ങൾ വേറിട്ടതാകുന്നു. അതാ യത് വൈകാരികമാനസിക സംഘർഷത്തിലേക്കും സ്വത്വപ്രതിസന്ധിയി ലേക്കും പ്രവാസി നീതമാകുന്നു.

- പ്രവാസം മുഖ്യമായി ആവിഷ്കരിക്കുന്ന നോവലുകളിൽ പ്രവാസജീവിതം കഥാപാത്രങ്ങളുടെ സ്വത്വത്തിൽ വരുത്തിയ പരിണാമങ്ങളെ കണ്ടെത്തുക യാണ് ചെയ്തത്. എത്തിച്ചേർന്ന ദേശത്തെ പൂർണ്ണമായി ഉൾക്കൊള്ളാൻ പ്രവാസികൾക്ക് സാധിക്കുന്നില്ല. അന്യദേശത്തിന്റെ സ്വത്വത്തെയും സംസ്-കാരത്തെയും സ്വീകരിക്കാൻ നിർബന്ധിതരായിത്തീരുന്ന പ്രവാസികളെ

യാണ് എല്ലാ പ്രവാസനോവലുകളിലും കാണാൻ കഴിയുന്നത്. ഒരേ സമയം സ്വന്തം നാട്ടിലും അന്യനാട്ടിലും ജീവിതം നയിക്കാൻ നിർബ ന്ധിതരാകുന്നവരാണ് പ്രവാസികൾ.

- സഞ്ചാരം, പ്രവാസം, കുടിയേറ്റം എന്നിവയിലെല്ലാം യാത്ര ഒരനുഭവമായി മാറുന്നുണ്ടെങ്കിലും അവയിലെല്ലാം വിഭിന്ന മാനസികാവസ്ഥകളാണുള്ളത്. ഈ മൂന്നവസ്ഥകളും വ്യത്യസ്ത അനുപാതത്തിൽ കടന്നുവരുന്ന നോവ ലാണ് *പ്രവാസം*. കേരളത്തിന്റെ വടക്കേയറ്റത്തുള്ള കോഴിക്കോട്, മാഹി തുടങ്ങിയ ദേശങ്ങളിൽനിന്ന് കടലിനക്കരെയുള്ള ബർമ്മ, ഫ്രാൻസ്, അമേ രിക്ക, ഗൾഫ് എന്നീ രാജ്യങ്ങളിലൂടെ സഞ്ചരിക്കുന്ന കേരളീയന്റെ ജീവിത പരിഛേദമാണ് പ്രവാസം എന്ന നോവലിലെ പ്രവാസപരിസരം.

- ജനിച്ചു വളർന്ന തറവാട്ടിൽ സുഖസൗകര്യങ്ങൾ വേണ്ടുവോളമുണ്ടെങ്കിലും മറുനാടുകൾ കാണാനുള്ള ആഗ്രഹത്താൽ ബർമയിലെത്തിയ കുമാരൻ പ്രവാസജീവിതത്തിനു ശേഷം അനാഥനും കുടുംബത്തിൽ നിന്ന് ഒറ്റപ്പെട്ട വനുമായ പ്രവാസിയാണ്. പ്രവാസപുനരധിവാസത്തെക്കുറിച്ച് ചർച്ച ചെയ്യുന്ന സമകാലികസാമൂഹ്യസാഹചര്യത്തിൽ കുമാരന്റെ അനുഭവകഥ വേറിട്ട് നിൽക്കുന്നു. പ്രവാസജീവിതാനുഭവങ്ങൾ കൊണ്ടുചെന്നെത്തി ക്കുന്ന അനാഥത്വം എല്ലാക്കാലത്തും പ്രവാസി അനുഭവിക്കുന്ന തീവ്രപ്ര ശ്നമാണ്.

- രാഷ്ട്രീയ മതസംഘർഷങ്ങൾ, കുടിപ്പക, യുദ്ധം തുടങ്ങിയ ദേശീയവും പ്രാദേശികവുമായ അരക്ഷിതകാരണങ്ങൾ ജന്മനാട്ടിൽ നിന്ന് നാടുവിട്ട് പോകുന്നതിന് കാരണമായിത്തീരുന്നു. 1921-ലെ മലബാർ കലാപകാലത്ത് ബർമ്മയിലെത്തിച്ചേർന്ന ബീരാൻ ഇത്തരത്തിൽ പ്രവാസിയായ വ്യക്തിയാ

ണ്. ജാതിമതവൈരം തീണ്ടാത്ത പച്ചമനുഷ്യനെന്ന വിശുദ്ധിയാണ് ബീരാനെ മറ്റുള്ള പ്രവാസികളിൽ നിന്ന് വ്യത്യസ്തനാക്കുന്നത്.

- ഉപരിപഠനാർത്ഥം ഫ്രാൻസിലെത്തിയ മാധവൻ ദേശവിമോചന പ്രവർത്തന ങ്ങളിൽ പങ്കെടുത്ത് രക്തസാക്ഷിത്വം വരിക്കുന്നതിലൂടെ പ്രവാസത്തിന്റെ സൈദ്ധാന്തികതയുടെ അതിർവരമ്പുകളെ ലംഘിക്കുന്ന കഥാപാത്രമാണ്. സ്വാർത്ഥലേശമില്ലാത്ത ആത്മാർപ്പണത്തെ സ്വകാര്യമായ നേട്ടം ലക്ഷ്യമാ ക്കുന്ന പ്രവാസത്തിന്റെ നൈതികതയോട് താരതമ്യമർഹിക്കുന്നില്ല.

- സ്വാർത്ഥലാഭത്തിനുമപ്പുറം നിസ്വാർത്ഥ സേവനംകൊണ്ട് മറ്റുള്ളവർക്ക് താങ്ങായി പ്രവർത്തിക്കുന്ന സുധീരനും കുഞ്ഞഹമ്മദും പ്രവാസലോക ത്തിലെ അപൂർവവ്യക്തിത്വങ്ങളാണ്.

- ഗൾഫ്‌ലോകത്ത് നിയമങ്ങൾ ശക്തമാണ്. സ്ത്രീ-പുരുഷബന്ധം വളരെ നിഷ്കർഷയോടെയാണവർ കാണുന്നത്. നിയമത്തിന്റെ ഈ കാർക്കശ്യം പ്രവാസികളുടെ ജീവിതം ഇരുട്ടിലാക്കുന്നു. വഴിമധ്യേ അർധരാത്രിയിൽ കണ്ടെത്തിയ സ്വദേശിയായ മഹറുന്നീസ എന്ന ഗദ്ദാമയെ രക്ഷിക്കാൻ വേണ്ടി നാഥൻ നടത്തിയ പരിശ്രമം അയാളെ കരാഗൃഹവാസിയാക്കുന്നു.

- വിസയെക്കുറിച്ചുള്ള ശരിയായ അവബോധമില്ലായ്മ, നിയമങ്ങൾ വേണ്ട വിധം ഉപയോഗിക്കാത്തതും പ്രവാസിനികൾ പലതരത്തിലുള്ള ചൂഷണ ത്തിന് ഗൾഫ് ജീവിതത്തിൽ വിധേയമാകുന്നു.

- വീട്ടുജോലിക്കായി അറബ് നാടുകളിലെത്തുന്ന സ്ത്രീകൾ ക്രൂരമായ ലൈംഗികചൂഷണത്തിനു വിധേയരാകുന്നു. പകൽ മുഴുവൻ വീട്ടുപണിയും രാത്രികളിൽ അറബികളുടെ ഇരയാകേണ്ടിയും വരുന്ന ഗദ്ദാമകൾ പ്രവാസ ജീവിതത്തിന്റെ തീരാവ്യഥയാണ് പങ്കു വയ്ക്കുന്നത്. മെഹറുന്നീസ ഇക്കാ

മയും വിസയും പോലുമില്ലാതെ ഒളിച്ചോടേണ്ടിവന്ന സാഹചര്യം *പ്രവാസ* ത്തിൽ മുകുന്ദൻ ആവിഷ്കരിക്കുന്നു.

- പ്രവാസജീവിതത്തിൽ ഒരു വ്യക്തിക്ക് തന്റേതായ ശീലങ്ങളെ മാറ്റിവയ്ക്കേണ്ടതായി വരുന്നു. പൊരുത്തപ്പെടലിന്റെ ആവശ്യകത പ്രവാസജീവിതത്തിൽ അനിവാര്യമാണെന്ന് അബൂട്ടിയുടെ ജീവിതം തുറന്നു കാട്ടുന്നു.

- ആദ്യമായി പ്രവാസമനുഭവിക്കുന്ന ഏതൊരു വ്യക്തിയും ഭക്ഷണം താമസം, ഭാഷ എന്നിങ്ങനെ അതിജീവനത്തിന്റെ നിരവധി പ്രശ്നങ്ങൾ നേരിടുന്നു. അതിൽ പ്രവാസി അനുഭവിക്കുന്ന പ്രധാന പ്രശ്നം ഭാഷയുടേതാണ്. അന്യനാട്ടിൽ സ്വന്തം ഭാഷയ്ക്ക് യാതൊരു പ്രസക്തിയും ഇല്ലാതെ വരുന്ന സാഹചര്യം ഓരോ പ്രവാസിയിലും വേദനയുളവാക്കുന്നു. തുടർന്ന് വരുന്ന ഭക്ഷണപ്രതിസന്ധിയെ അവർ തങ്ങളുടെ നാട്ടുരുചികളിലൂടെ മറികടക്കാൻ ശ്രമിക്കുന്നു.

- പ്രവാസിമലയാളികൾക്കിടയിലെ ഐക്യം നിലനിർത്തുന്നതിനായി കേരള സമാജംപോലുള്ള സംഘടനകൾ മലയാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി പ്രവർത്തിക്കുന്നു. കലാവിരുന്നുകളും മറ്റും ഇത്തരം സംഘടനകൾ സംഘടിപ്പിക്കപ്പെടുമ്പോഴും പാവപ്പെട്ട കൂലിപ്പണിക്കാരന് അത്തരം സ്ഥലങ്ങളിൽ പ്രവേശനം അനുവദനീയമല്ല.

- നാനാത്വത്തിലെ ഏകത്വത്തിൽ അടിയുറച്ചതാണ് ഭാരതസംസ്കാരം. ആ ഒരു നന്മ പ്രവാസികൾ ചെന്നെത്തിയിടത്തും അവർ ആവർത്തിക്കുന്നു. മലയാളി എവിടെ പോയാലും തങ്ങളുടേതായ ഒരു ലോകം കെട്ടിപ്പടുക്കാൻ ശ്രമിക്കുന്നു. (Imaginary home land) ഇതിലൂടെ അവർ തങ്ങളുടെ സംസ്-കാരത്തെ, ഭക്ഷണത്തെ, നാട്ടുരുചികളെ, സ്വത്വത്തെ ഒക്കെ ചേർത്തുപിടിക്കാൻ ശ്രമിക്കുന്നു. മുകുന്ദൻ തന്റെ പ്രവാസചിത്രീകരണത്തിൽ ഇത്തര

ത്തിലുള്ള സന്തോഷത്തിന്റെ ലോകം സൃഷ്ടിക്കുന്നതായി കാണാം. അതായത് ചെന്നെത്തിയിടത്തെ സാഹചര്യങ്ങളുമായി പൊരുത്തപ്പെട്ട് അവിടത്തെ ജീവിതരീതികളും സാമൂഹികസാംസ്കാരിക ചുറ്റുപാടുകളും അനുസരിച്ച് ഒരു നവലോകസൃഷ്ടി നടത്തുന്നു.

- പ്രവാസിമലയാളികളിൽ കൂടുതൽ പേരും കേരളത്തിന്റെ ഗൃഹാതുരത്വം ഉണർത്തുന്ന സാംസ്കാരിക ചിഹ്നങ്ങൾ വീടുകളിലും വാഹനങ്ങളിലും സൂക്ഷിക്കാൻ താൽപര്യപ്പെടുന്നവരാണ്. പ്രവാസം നോവലിലെ കഥാപാത്രങ്ങളിൽ ചിലർ അവരുടെ ഇഷ്ടദൈവത്തിന്റെ ചിത്രം വീട്ടിലും കാറിലും ജോലിസ്ഥലത്തും സ്ഥാപിച്ച് വിശ്വാസത്തെ പിന്തുടരുന്നു.

- നേരിട്ട് പ്രവാസം അനുഭവിക്കുന്നില്ലെങ്കിലും പ്രവാസത്തിന്റെ പ്രയാസങ്ങൾക്ക് വിധേയരാകുന്നവരാണ് പ്രവാസിയുടെ കുടുംബാംഗങ്ങൾ. ചെയ്യാത്ത കുറ്റത്തിന് ശിക്ഷിക്കപ്പെടുന്ന നാഥൻ, ഹമീദ്, മെഹറുന്നീസ എന്നിവരുടെ കുടുംബാംഗങ്ങളുടെ വ്യഥ പ്രവാസജീവിതത്തിലെ എക്കാലത്തെയും പൊള്ളുന്ന അനുഭവമാണ്.

- ജന്മനാട്ടിൽ അവസരം നിഷേധിച്ചുകൊണ്ട് പുറംരാജ്യത്ത് അവസരങ്ങൾ തേടുന്ന അശോകനെപ്പോലുള്ള കഥാപാത്രങ്ങളിലൂടെ ജന്മനാടിന്റെ മഹത്വം ഉയർത്തിക്കാട്ടാനാണ് മുകുന്ദൻ ശ്രമിച്ചത്. അതുകൊണ്ടാണ് സമ്പന്നപ്രവാസത്തിന്റെ കൊടുമുടിയിൽ നിൽക്കുമ്പോഴും അയാൾ നാട്ടിലേക്ക് തിരിച്ചെത്തുന്നത്.

- വസ്തുക്കളും സേവനങ്ങളും നഗരത്തിൽ വിലമതിക്കപ്പെടുന്നത് പണത്തിന്റെ അടിസ്ഥാനത്തിലാണ്. പണമാണ് നഗരമനുഷ്യന്റെ സ്വഭാവത്തെ നിർണ്ണയിക്കുന്നത്. മുകുന്ദന്റെ നോവലുകളിൽ സമൂഹത്തിലെ അധീശശക്തിയായി മാറുന്നതും അധികാരപ്രയോഗം നടത്തുന്നതും പണമാണ്.

നഗരം സാമ്പത്തികസ്ഥലാധികാരമുള്ളവരെ ഉയർത്തുകയും പ്രകീർത്തിക്കുകയും ചെയ്യുന്നു എന്നതിനുദാഹരണമാണ് കിറ്റിദിംഗ്രേയും, റസിയാസലാമുദ്ദീനും ഗ്രിമിയേസായ്‌വിന്റെ ചിത്രപ്രദർശനം മുതൽ അധികാരങ്ങൾ വരെ നീളുന്ന ജീവിതസന്ദർഭങ്ങൾ.

- പ്രവാസികളുടെ പ്രശ്നങ്ങൾ അവർ ജീവിക്കുന്ന ചുറ്റുപാടുമായി ബന്ധപ്പെട്ടതാണ്. ചെന്നെത്തിയ ദേശത്ത് ആദ്യകാലത്ത് അതിജീവനപ്രശ്നങ്ങൾ അനുഭവിക്കുന്നില്ലെങ്കിലും *ദൽഹി*യിലെ അരവിന്ദന്റെ പരാജയത്തിനുകാരണം അയാളിലെ ദ്വന്ദ്വവ്യക്തിത്വമാണ്. അത് സ്വയംകൃതമായി വന്നുചേരുന്ന ഒന്നിൽനിന്ന് മറ്റൊന്നിലേക്ക് സഞ്ചരിക്കാനുള്ള മോഹംകൊണ്ട് വന്നുചേരുന്നതാണ്.

- യുദ്ധങ്ങൾ മനുഷ്യരെ എല്ലാം നഷ്ടപ്പെട്ടവരും പ്രവാസികളുമാക്കുന്നു. ഈ യാഥാർത്ഥ്യത്തെ വെളിവാക്കുന്നു വിയറ്റ്നാമിലെയും ലാഹോറിലെയും ദൽഹിയിലെയും യുദ്ധസാഹചര്യം.

- മലയാളികളെ സംബന്ധിച്ച് ദൽഹിയാത്ര ആഭ്യന്തരപ്രവാസമാണെങ്കിലും വിദേശികളായ ഗ്രിമിയേസായ്‌വ്, പഠനാവശ്യാർത്ഥം വിദേശങ്ങളിൽ നിന്നെത്തുന്ന സർവകലാശാല വിദ്യാർത്ഥികൾ എന്നിവരെ ദൽഹിയിൽ കണ്ടെത്തുന്നിടത്ത് *ദൽഹി* അന്തർദേശീയ പ്രവാസത്തിന്റെ ഇടം കൂടിയാകുന്നു.

- എല്ലാ ധാർമ്മികതയ്ക്കുമപ്പുറം പണമുണ്ടാക്കുക എന്ന ഏകലക്ഷ്യം പേറി ജീവിക്കുന്നവർ പ്രവാസലോകത്തിന് അപരിചിതമല്ല. ദൽഹിയിലെ കുഞ്ഞിരാമൻ നായർ ഇതിനുദാഹരമാണ്.

- പ്രവാസത്തിന്റെ മുഖ്യലക്ഷ്യം സാമ്പത്തികോന്നമനമാണെങ്കിലും ആ ലക്ഷ്യത്തിൽ പരാജയപ്പെടുന്ന പ്രവാസിയാണ് *ദൽഹിഗാഥ*കളിലെ സഹദേ

വൻ. ചെന്നെത്തിയ നഗരവുമായി താദാത്മ്യം പ്രാപിച്ച് തന്റെ ചുറ്റുപാടുകളിലുമുള്ളവരെ ഉദാരമായി സഹായിച്ച് സ്വന്തം ജീവിതം കരുപ്പിടിപ്പിക്കാൻ മറന്നുപോയ ഒരു കഥാപാത്രമാണ് സഹദേവൻ. ദേശീയവും അന്തർദേശീയവുമായ സംഘർഷങ്ങളും കലാപങ്ങളും മറ്റേതു മനുഷ്യനേക്കാളും ഏറ്റവുമധികം ദുരിതപൂർണ്ണമാക്കുന്നത് പ്രവാസജീവിതത്തെയാണ്. അടിയന്തരാവസ്ഥ, യുദ്ധങ്ങൾ എന്നിവ മലയാളികളുൾപ്പെടെ മറ്റ് ദേശക്കാരായ പ്രവാസികളുടെ ജീവിതത്തെയും ദുരിതപൂർണ്ണമാക്കുന്നു.

- ജീവിതത്തിന്റ വ്യത്യസ്തമേഖലകളെ പ്രതിനിധീകരിക്കുന്ന ദരിദ്രരായ നിരവധി പ്രവാസി മലയാളികളുടെ രേഖാചിത്രം *ദൽഹിഗാഥ*കളിൽ കണ്ടെത്താം. ജീവിതത്തിന്റെ പച്ചപ്പുകളിൽനിന്ന് അന്യവൽക്കരിക്കപ്പെടുന്ന ഇവർ സഹാനുഭൂതിക്കോ പരസഹായത്തിനോപോലും അവസരമില്ലാതെ അഗതികളും അനാഥരുമാക്കപ്പെടുന്നു. ഇത്തരം പ്രവാസികൾ ആഭ്യന്തരപ്രവാസത്തിന്റെ സവിശേഷതയാണ്.

- ഏറ്റവും വലിയ മതേതര ജനാധിപത്യരാഷ്ട്രമായ ഇന്ത്യയിൽ ജാതിമത വർഗ്ഗീയതയുടെ ചേരിതിരിവുകളും കലാപങ്ങളും ശക്തമാണ്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ അത് ഏറ്റവും തീവ്രമായിത്തന്നെ ഇന്നും തുടരുന്നു. വിദ്യ, അബ്ദുൾ അബ്ദുന്നിസാർ, വാസവപണിക്കർ എന്നീ കഥാപാത്രങ്ങളിലൂടെ നോവലിസ്റ്റ് വ്യക്തമാക്കുന്നു.

- *പ്രവാസം, ദൽഹി, ദൽഹിഗാഥകൾ* എന്നീ നോവലുകളിലൂടെ മലയാളിയുടെ പ്രവാസത്തിലൂന്നിയുള്ള ഒരു കഥാചിത്രീകരണമാണ് മുകുന്ദൻ ആവിഷ്കരിക്കുന്നത്. *പ്രവാസം* എന്ന നോവലിലൂടെ ദേശാന്തരപ്രവാസത്തിന്റെ അവസ്ഥാന്തരങ്ങളാണുള്ളത്. ഇതിൽ പ്രവാസത്തിന്റെ രണ്ട് ഘട്ടങ്ങൾ കാണാനാകും. ഒന്ന് നേരിട്ടുള്ള പ്രവാസത്തിന്റെ ഘട്ടവും രണ്ടാമ

ത്തേത് തൊഴിൽ പ്രവാസത്തിനപ്പുറത്ത് ദേശപര്യടനത്തിന്റെ സ്വഭാവം ഉള്ള വയും. പൊറ്റെക്കാട്ടിന്റെ സഞ്ചാരസാഹിത്യംപോലെ തൊഴിൽ പ്രവാസ ത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ നിന്ന് ഇത് വേറിട്ടുനിൽക്കുന്നു. ഈ മൂന്ന് നോവലുകളിലും ദൃശ്യമാകുന്ന പ്രവാസാനുഭവങ്ങൾക്ക് ആസ്വാദ്യതയേ ക്കാൾ യാഥാർത്ഥ്യത്തിന്റെ അംശങ്ങളാണ് കൂടുതലുള്ളത്. എന്തുകൊണ്ടെ ന്നാൽ ഒരു പ്രവാസികൂടിയായ മുകുന്ദന് ആത്മനിഷ്ഠമാണ് പ്രവാസം.

- മറ്റ് സാഹിത്യങ്ങളിൽ നിന്നും പ്രവാസസാഹിത്യത്തിൽ രണ്ട് വിഭിന്ന ഘട കങ്ങൾ ഉൾച്ചേർന്നിരിക്കുന്നു; സാമൂഹികസാമ്പത്തികതലവും വൈകാരിക തയുടേതായ സർഗ്ഗാത്മകഘടകവുമാണിവ. ഒന്ന് മറ്റേതിന്റെ പൂരകമെ ന്നോണം ഇതുരണ്ടും ഇടകലരുന്നിടത്താണ് പ്രവാസരചനയുടെ സ്വാഭാ വികമേന്മ കുടികൊള്ളുന്നത്. ആഭ്യന്തരപ്രവാസത്തിലും വിദേശപ്രവാസ ത്തിലും ഈ കൂടിക്കലരലിന്റെ സ്വഭാവത്തിന് വ്യത്യാസമുണ്ടാകുന്നു. അതുകൊണ്ടുതന്നെ ഓരോ പ്രവാസിയും ഒരു വ്യക്തിയുടെയോ കൂട്ടത്തി ന്റെയോ ദേശം വിട്ടുള്ള യാത്രയാണെങ്കിലും അതിനോടൊപ്പം അറിഞ്ഞോ അറിയാതെയോ സാമ്പത്തികവും സാംസ്കാരികവും സാമൂഹികവുമായ ഘടകങ്ങളും കൂടിച്ചേരുന്നു. പകരലിന്റെയും സ്വീകരിക്കലിന്റെയും ആത്മ നിഷ്ഠതയ്ക്കപ്പുറം മനുഷ്യവംശത്തിന്റെ യാത്രാപഥങ്ങളിലെ വേറിട്ട അനു ഭവരേഖകളായി ഇവയൊക്കെയും സാഹിത്യത്തിലും ചരിത്രത്തിലുംകൂടി അടയാളപ്പെടുകയാണ് ചെയ്യുന്നത്.

# ഗ്രന്ഥസൂചി


അഗസ്റ്റിൻ, ജോസഫ്, കെ. *ആധുനികത മലയാളനോവലിൽ*. തിരുവനന്തപുരം: കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 1997.

അച്യുതൻ, എം. *നോവൽ പ്രശ്നങ്ങളും പഠനങ്ങളും*. സാഹിത്യപ്രവർത്തക സഹ കരണസംഘം, കോട്ടയം: നാഷണൽ ബുക്സ്റ്റാൾ, 1983.

അജയ്ശേഖർ. *സംസ്കാരം പ്രതിനിധാനം പ്രതിരോധം*. മാവേലിക്കര: ഫാസിയൽ ബുക്സ്, 2009.

അനിൽകുമാർ, എ. പി. *പ്രവാസികൾ ഭാഷയിലും ജീവിതത്തിലും*. കണ്ണൂർ: കൈരളി ബുക്സ്, 2007.

അപ്പൻ, കെ. പി. *മാറുന്ന മലയാളനോവൽ*. ആലപ്പുഴ: ഗൗതമ പബ്ലിഷേഴ്സ്, 1998.

അബ്ദുൾ, അസീസ്, ടി. എഡി. *ഇസ്ലാം ചരിത്രവും വികാസവും* (വാല്യം നാല്). കോഴിക്കോട്: യുവത ബുക്സ്, 2001.

അബ്ദുല്ലക്കോയ, ബി.വി. *അറേബ്യൻ നാടുകളിലൂടെ.* കോട്ടയം: മനോരമ ബുക്സ്, 2014.

അമ്മാമൻ രാജ, പടിഞ്ഞാറെകോവിലകത്ത്, *ഇന്ദുമതീസ്വയംവരം*, തിരുവനന്ത പുരം: ചിന്ത പബ്ലിക്കേഷൻസ്, 2013.

അയ്യപ്പപ്പണിക്കർ, *കെ. മലയാളം തിസോറസ് - പദാന്വേഷണശബ്ദകോശം*. കോട്ടയം: ഡി.സി. ബുക്സ്, 2003.

__________. എഡി. (പുന. വസന്തൻ കെ.). *രഘുവംശം* കോട്ടയം: ഡി.സി ബുക്സ്, 2008.

__________. എഡി. (പുന. ജവഹരക്കുറുപ്പ്. പി). *കാമസൂത്രം.* കോട്ടയം: ഡി.സി ബുക്സ്, 1983.

അശോകൻ, എൻ. *ഡൽഹി കത്ത്.* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2014.

അഷ്റഫ്, ഇ.എം. *യമുനയുടെ തീരങ്ങളിൽ.* കോട്ടയം: ഡി.സി ബുക്സ്, 2012.

ആനന്ദ്. *അഭയാർത്ഥികൾ.* കോട്ടയം: ഡി.സി ബുക്സ്, 2004.

__________. *ആൾക്കൂട്ടം.* കോട്ടയം: ഡി.സി ബുക്സ്, 2010.

ആസാദ്. മലയാളനോവൽ പാഠവും ഘടനയും. കാലിക്കറ്റ്: ഇൻസൈറ്റ് പബ്ലിക്കേഷൻ, 2013.

അംബികാസുതൻ, മങ്ങാട്. *ചിദംബരങ്ങൾ* (അലഞ്ഞതിന്റെ ചരിത്രം). തൃശൂർ: കേരളസാഹിത്യ അക്കാദമി, 2010.

ഉണ്ണികൃഷ്ണൻ, എ. എം. *മുകുന്ദന്റെ കഥ: അസ്തിത്വത്തിന്റെ അർത്ഥാന്തരങ്ങൾ.* കോട്ടയം: ഡി.സി ബുക്സ്, 1993.

__________. *വേരുകളിലെ ജീവതാളം.* കോട്ടയം: കറന്റ്ബുക്സ്, 2010.

__________. *അക്ഷരകാന്തി*, കോട്ടയം: കറന്റ് ബുക്സ്, 2000.

ഉണ്ണിക്കൃഷ്ണൻ, പി. *കാക്കനാടൻ പാരുഷ്യത്തിന്റെ കനലാട്ടങ്ങൾ.* തിരുവനന്തപുരം: കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 2012.

ഉമർ, തറമേൽ. എഡി. *ഡയസ്പോറ.* തിരുവനന്തപുരം: ഹരിതം ബുക്സ്, 2012.

ഉസ്മാൻ, ഇരുമ്പഴി. *പ്രവാസത്തിന്റെ പുസ്തകം*. കോഴിക്കോട്: പാപ്പിയോൺ, 2001.

ഉറൂബ്. *സുന്ദരികളും സുന്ദരൻമാരും*. കോട്ടയം: ഡി.സി ബുക്സ്, 2014.

__________. *ഉമ്മാച്ചു*. കോട്ടയം: ഡി.സി ബുക്സ്, 2015.

എഡ്വേഡ് സെയ്ദ്. *ബുദ്ധിജീവി: പ്രതിനിധാനങ്ങൾ*. കോട്ടയം: ഡിസി ബുക്സ്.

എഴുത്തച്ഛൻ. (സംശോ. നാരായണൻപോറ്റി, എസ്). *അദ്ധ്യാത്മരാമായണം*. തിരുവനന്തപുരം: സി.എസ്.എൻ ബുക്സ്, 2015.

__________. (സംശോ. പി. ജി. എൻ) *അദ്ധ്യാത്മരാമായണം കിളിപ്പാട്ട്*. കോഴിക്കോട്: പൂർണ പബ്ലിക്കേഷൻ, 1997.

__________. *അദ്ധ്യാത്മരാമായണംകിളിപ്പാട്ട്.* തിരുവനന്തപുരം: സി. എസ്. എൻ. ബുക്സ്, 2015.

__________. (സംശോ. എം.കെ സാനു). *ശ്രീ മഹാഭാഗവതം*. തൃശ്ശൂർ: മംഗളോദയം, 2012.

__________. *മഹാഭാരതം*. (സഭാപ്രവേശം, ദിഗ്വിജയം) കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 1967.

ഏകലവ്യൻ. *എന്തുനേടി*, തൃശ്ശൂർ: കറന്റ് ബുക്സ്, 1969.

__________. *ട്രഞ്ച്,* കോട്ടയം: ഡി.സി. ബുക്സ്, 1996.

__________. *യുദ്ധഭൂമി*, തൃശ്ശൂർ: കറന്റ് ബുക്സ്, 1970.

കമൽ/ കെ. ഗിരീഷ് കുമാർ. *ഗദ്ദാമ* (തിരക്കഥ) കോട്ടയം: ഡി.സി ബുക്സ്, 2011.

കാക്കനാടൻ. *ഈ നായ്ക്കളുടെ ലോകം*. കോട്ടയം: ഡി.സി ബുക്സ്, 1997.

__________. *ഉഷ്ണമേഖല*. കോട്ടയം: ഡി.സി ബുക്സ്, 2007.

__________. *ഒറോത*. കൊല്ലം: സങ്കീർത്തനം പബ്ലിക്കേഷൻസ്, 2014.

__________. *കോഴി*. കോട്ടയം: ഡി.സി ബുക്സ്, 2002.

__________. സാക്ഷി, കോട്ടയം: ഡി.സി ബുക്സ്, 1981.

കാരശ്ശേരി, *എം.എൻ. പുലിക്കോട്ടിൽ കൃതികൾ*. തൃശ്ശൂർ: കേരളസാഹിത്യഅക്കാദമി, 1979.

കുഞ്ഞൻപിള്ള, ഇളംകുളം. *സാഹിത്യമാലിക. കോട്ടയം: എൻ.ബി.എസ്,* 1929.

കുഞ്ഞമ്പു, പോത്തേരി. *സരസ്വതിവിജയം*. കോഴിക്കോട്: ഹരിതം ബുക്സ്, 2003.

കുശലകുമാരി, പി. കെ. *സമൂഹമനസ്സും മലയാളനോവലും*. തൃശ്ശൂർ: മലയാളപഠനഗവേഷണകേന്ദ്രം, 2013.

കൃഷ്ണൻനമ്പൂതിരി, എം. *നോവൽ കലയും ദർശനവും*. കോഴിക്കോട്: ഹരിതം ബുക്സ്, 2009.

__________. *ഭാവുകത്വത്തിന്റെ വഴികൾ*. തിരുവനന്തപുരം: സെഡ് ലൈബ്രറി, 2013.

കൃഷ്ണപ്പിള്ള, എൻ. *കൈരളിയുടെ കഥ*. കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 1975.

കൃഷ്ണദാസ്. എഡി. *ആടുജീവിതം കഥപറയുമ്പോൾ*. തൃശ്ശൂർ: ഗ്രീൻബുക്സ്, 2015.

__________. *കടലിരമ്പങ്ങൾ*. തൃശ്ശൂർ: ഗ്രീൻബുക്സ്, 2010.

കൃഷ്ണവാര്യർ, എൻ.വി. *അഖിലവിജ്ഞാനകോശം.* (വാല്യം-2). കോട്ടയം: ഡി.സി ബുക്സ്, 1998.

കേശവദേവ്, പി. *ഭ്രാന്താലയം,* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണ സംഘം, 2012.

കോവിലൻ, *ഏ. മൈനസ് ബി.* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 1964.

__________. *ഏഴാമെടങ്ങൾ.* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 1989.

__________. *തട്ടകം.* തൃശ്ശൂർ: കറന്റ് ബുക്സ്, 1995.

__________. *ഭരതൻ.* കോഴിക്കോട്: പൂർണ പബ്ലിക്കേഷൻ, 1986.

__________. ഹിമാലയം. തൃശ്ശൂർ: കറന്റ് ബുക്സ്, 1973.

കോവൂർ, ഇ. എം. *കാട്.* കോട്ടയം: ഡി.സി ബുക്സ്, 2017.

__________. *ഗുഹാജീവികൾ.* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 1982.

__________. മലകൾ. കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 1970.

ഖദീജാ, മുംതാസ്. *ബർസ.* കോട്ടയം: ഡി.സി ബുക്സ്, 2008.

ഗിരീഷ്, പി. എം. *മലയാളം: സ്വത്വവും സിനിമയും.* ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, 2013.

ഗോകുൽദാസ്, എം. *എം.മുകുന്ദൻ എഴുത്ത്/ജീവിതം/കഥകൾ.* തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, 2018.

ചന്ദ്രശേഖരൻ, എം.ആർ. *മലയാളനോവൽ ഇന്നും ഇന്നലെയും*. കണ്ണൂർ: സമയം പബ്ലിക്കേഷൻസ്, 2007.

ചന്തുമേനോൻ, ഒ. *ഇന്ദുലേഖ*. തേഞ്ഞിപ്പലം: കാലിക്കറ്റ് യൂണിവേഴ്സിറ്റി പ്രസ്, 2003.

__________. *ശാരദ*. കോഴിക്കോട്: പൂർണ പബ്ലിക്കേഷൻ, 2012.

ജോർജ്ജ് ഇരുമ്പയം. *ആദ്യകാലമലയാളനോവൽ*. കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം. 1991.

__________. *മലയാളനോവൽ പത്തൊമ്പതാം നൂറ്റാണ്ടിൽ*. കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണസംഘം, 1984.

ജോസഫ് വടക്കൻ. *എന്റെ കുതിപ്പും കിതപ്പും*. കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 1991.

തരകൻ, കെ. എം. *ആധുനിക നോവൽദർശനം*. കോട്ടയം: നാഷണൽ ബുക്സ്റ്റാൾ, സാഹിത്യപ്രവർത്തക സഹകരണസംഘം.1988.

__________. *മലയാളനോവൽസാഹിത്യചരിത്രം*. തൃശ്ശൂർ: കേരളസാഹിത്യഅക്കാദമി, 1984.

തോമസ്, തമ്പാൻ. *മലയാളനോവലിന്റെ വേരുകൾ*. കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 1991.

__________. *മലയാളനോവലിൽ ഒരു പുനഃപരിശോധന*. കോട്ടയം: നാഷണൽ ബുക്സ്റ്റാൾ, 1992.

തോമസ്, വർക്കി. *ചുരം*. (published by the author), 1976.

ദിനേശൻ, ഇ.കെ. എഡി. *ആടുജീവിതം, വായന, വിചാരണ.* കോഴിക്കോട്: ഒലീവ് പബ്ലിക്കേഷൻസ്, 2011.

__________. *ഗൾഫ് കുടിയേറ്റത്തിന്റെ സാമൂഹ്യപാഠങ്ങൾ.* കോഴിക്കോട്: ഒലീവ് പബ്ലിക്കേഷൻസ്, 2013.

__________. എഡി. *പ്രവാസജീവിതം.* കോഴിക്കോട്: ഒലീവ് പബ്ലിക്കേഷൻസ്, 2013.

ദിയാക്കോവ് ഏ. എം. ബാലാബുഷേവിച്ച്. (വിവ. നാരായണൻനായർ പി.), *സമകാലിക ഭാരതചരിത്രം.* തിരുവനന്തപുരം: കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 1995.

ധനികൻ. വ്യാഖ്യാ. *ദശരൂപകം.* വാരാണസി: ചൈഖംബാ കൃഷ്ണദാസ് അക്കാദമി, 1978.

നന്തനാർ. *ആത്മാവിന്റെനോവുകൾ ശില്പവും ദർശനവും.* തൃശ്ശൂർ: കറന്റ് ബുക്സ്, 1997.

__________. *അനുഭൂതികളുടെ ലോകം.* തൃശ്ശൂർ: കറന്റ് ബുക്സ്, 1964.

__________. *അറിയപ്പെടാത്ത മനുഷ്യജീവികൾ.* കോഴിക്കോട്: പൂർണ പബ്ലിക്കേഷൻസ്, 2003.

നസീബ്, എൻ. *കോവിലന്റെ വഴികൾ.* കൊല്ലം: ഇംപ്രിന്റ് ബുക്സ്, 1997.

നാരായണപ്പിള്ള, കെ.എസ്. (എഡി. ബി.സി. ബാലകൃഷ്ണൻ) *ശബ്ദസാഗരം* (വാല്യം 3). കോട്ടയം: ഡി.സി. ബുക്സ്, 1992.

നാരായണൻ നായർ, പി. വിവ. *സമകാലിക ഭാരതചരിത്രം.* (എഡി. വി.പി. ബാലബുഷേവിച്ച്, എം.എം.ദിയാക്കോവ്) തിരുവനന്തപുരം: കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 1995.

നിസാമുദ്ദീൻ, റാവുത്തർ. *അറേബ്യയിലെ അടിമ.* തൃശ്ശൂർ, ഗ്രീൻബുക്സ്, 2013.

പത്മനാഭപിള്ള, ജി. ശ്രീകണ്ഠേശ്വരം. *ശബ്ദതാരാവലി.* കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണസംഘം, 1971.

പണിക്കർ, കെ.എൻ. *സംസ്കാരവും ദേശീയതയും.* തൃശ്ശൂർ: കറന്റ് ബുക്സ്, 2002.

പരമേശ്വരൻനായർ, പി.കെ. *മലയാളസാഹിത്യചരിത്രം.* ദൽഹി: സാഹിത്യഅക്കാദമി, 1992.

പവിത്രൻ, പി. *ആധുനികതയുടെ കുറ്റസമ്മതം.* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 2000.

പാഡുമേനോൻ, കോമാട്ടിൽ. *ലക്ഷ്മീകേശവം*, കോട്ടയം: ഡി.സി.ബുക്സ്, 2004.

പാറപ്പുറത്ത്. *അന്വേഷിച്ചു കണ്ടെത്തിയില്ല.* കോട്ടയം: കറന്റ് ബുക്സ്, 1958.

__________. *നിണമണിഞ്ഞ കാല്പാടുകൾ.* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം. 1995.

__________. *പണി തീരാത്തവീട്.* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 1964.

__________. *മനസ്സുകൊണ്ടൊരു മടക്കയാത്ര.* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 1976.

പൊറ്റെക്കാട്ട്, എസ്.കെ. *നാടൻപ്രേമം.* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2014.

__________. *മൂടുപടം,* കോട്ടയം: ഡി.സി. ബുക്സ്, 2004.

__________. *വിഷകന്യക.* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 2007.

പോക്കർ, പി.കെ. *സ്വത്വരാഷ്ട്രീയം.* കോഴിക്കോട്: പ്രോഗ്രസ് പബ്ലിക്കേഷൻ, 2012.

പോൾ, എം.പി. *നോവൽസാഹിത്യം.* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണ സംഘം, 1990.

പ്രകാശ്ബാബു, പി.വി. *പ്രവാസവും നോവലും.* കോഴിക്കോട്: ലിപി പബ്ലിക്കേഷൻസ്, 2008.

പ്രതാപൻ, തായാട്ട്. എഡി. *ദൽഹി നോവൽപഠനങ്ങൾ.* കോഴിക്കോട്: ഹരിതം ബുക്സ്, 2018.

__________. എഡി. *പ്രവാസം: നോവൽപഠനങ്ങൾ.* കോഴിക്കോട്: ഹരിതം ബുക്സ്, 2018.

ഭദ്രൻ, ആർ. എഡി. *ദൽഹിഗാഥകൾ-പ്രവാസം/യുദ്ധം/രാഷ്ട്രീയം.* കോട്ടയം: ഡി.സി. ബുക്സ്, 2016.

ബഞ്ചമിൻ, ഡി. *നോവൽസാഹിത്യപഠനങ്ങൾ.* കോട്ടയം: നാഷണൽ ബുക്സ്റ്റാൾ, 1994.

ബാബുഭരദ്വാജ്. *പ്രവാസത്തിന്റെ മുറിവുകൾ.* കോഴിക്കോട്: മാതൃഭൂമിബുക്സ്.

ബാലകൃഷ്ണൻ, ബി. സി. നാരായണപ്പിള്ള, കെ. എസ്. എഡി. *ശബ്ദസാഗരം* (വാല്യം-3), കോട്ടയം: ഡി.സി. ബുക്സ്, 1992.

ബാലകൃഷ്ണൻ, പി.കെ. *ചന്തുമേനോൻ ഒരു പഠനം.* കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണസംഘം, 2007.

ബാലഗോപാലൻ. *ഒരു പ്രവാസിയുടെ ഇതിഹാസം*. കോട്ടയം: കറന്റ് ബുക്സ്, 2012.

ബിജുകുമാർ, ആലക്കോട്. *ഒട്ടകമായും ആടായും മനുഷ്യനായും*. എറണാകുളം: സൈകതം ബുക്സ്, 2016.

ബെഞ്ചമിൻ, ബെയ്‌ലി. *മലയാളം ഇംഗ്ലീഷ് നിഘണ്ടു.* കോട്ടയം: ഗുരുനന്ദൻ പ്രസ്, 1846.

ബെന്യാമിൻ. *ആടുജീവിതം*. തൃശ്ശൂർ: ഗ്രീൻ ബുക്സ്, 2012.

__________. *കുടിയേറ്റം പ്രവാസത്തിന്റെ നാൾവഴികൾ*. കോട്ടയം: ഡി.സി ബുക്സ്, 2016.

ബേബി, കെ.ജെ. *ബെസ്പുർക്കാന.* കോട്ടയം: ഡി.സി ബുക്സ്, 2006.

*ബൈബിൾ പഴയ നിയമം. (പുറപ്പാട് 12-ാം അധ്യായം)*. കെ.സി.ബി.സി, കൊച്ചിൻ പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ: ബൈബിൾ കമ്മീഷൻ, 1981.

മധുസൂദനൻ, ജി. *കഥയും പരിസ്ഥിതിയും* (നിരൂപണം). തൃശ്ശൂർ: കറന്റ് ബുക്സ്, 2000.

മണികണ്ഠൻ, പി. *മലയാളിയുടെ സ്വത്വാന്വേഷണങ്ങൾ*. തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി, 2009.

മനു, റഹ്മാൻ. *കടൽ കടന്നവൻ.* കോഴിക്കോട്: ഗ്രീൻ ബുക്സ്, 2014.

മലയാറ്റൂർ. *യന്ത്രം.* കോട്ടയം: ഡി.സി. ബുക്സ്, 2007.

__________. *വേരുകൾ.* കോട്ടയം: ഡി.സി. ബുക്സ്, 2008.

മഹേഷ്, എം. ആർ. *മലയാളനോവലും ദേശീയതയും*. തിരുവനന്തപുരം: കേരള സർവകലാശാല, 2012.

മാത്യു, ഡാനിയേൽ. *പാറപ്പുറത്തിന്റെ നോവലുകൾ ശില്പവും ദർശനവും*. കോട്ടയം: കറന്റ് ബുക്സ്, 1999.

മാത്യു, മണർക്കാട്. *എഴുത്തിൽ ഇടപെടുമ്പോൾ*. തൃശ്ശൂർ: കറന്റ് ബുക്സ്, 2011.

മാധവൻപിള്ള, സി. *ഇംഗ്ലീഷ് മലയാളം നിഘണ്ടു*. കോട്ടയം: സാഹിത്യപ്രവർത്തക സഹകരണ സംഘം, 1971.

മുകുന്ദൻ, എം. *ആദിത്യനും രാധയും മറ്റുചിലരും.* കോട്ടയം: ഡി.സി. ബുക്സ്, 1996.

__________. *ആവിലായിലെ സൂര്യോദയം.* കോട്ടയം: ഡി.സി. ബുക്സ്, 2003.

__________. *ഈ ലോകം അതിലൊരുമനുഷ്യൻ.* കോഴിക്കോട്: പൂർണ പബ്ലിക്കേഷൻസ്, 2016.

__________. *കുടനന്നാക്കുന്ന ചോയി*, കോട്ടയം: ഡി.സി. ബുക്സ്, 2016.

__________. *ദൽഹി.* കോട്ടയം: ഡി.സി. ബുക്സ്, 2012.

__________. *ദൽഹിഗാഥകൾ.* കോട്ടയം: കറന്റ് ബുക്സ്, 2011.

__________. *ദൈവത്തിന്റെ വികൃതികൾ.* കോട്ടയം: ഡി.സി. ബുക്സ്, 2017.

__________. *നൃത്തം.* കോട്ടയം: ഡി.സി. ബുക്സ്, 2000.

__________. *പ്രവാസം.* കോട്ടയം: ഡി.സി. ബുക്സ്, 2008.

__________. *ഹരിദ്വാറിൽ മണികൾ മുഴങ്ങുന്നു*. കോട്ടയം: ഡി.സി. ബുക്സ്, 2017.

മുസാഫിർ, അഹമ്മദ്. *ദേശാടനത്തിന്റെ മിശിഹാകൾ*. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2008.

__________. *മരുഭൂമിയുടെ ആത്മകഥ*. തൃശ്ശൂർ: കറന്റ് ബുക്സ്, 2008.

__________. *കുടിയേറ്റക്കാരന്റെ വീട്*. തൃശ്ശൂർ: കറന്റ് ബുക്സ്, 2014.

മുഹമ്മദ് ബഷീർ, വൈക്കം. *ബാല്യകാലസഖി*. കോട്ടയം: ഡി.സി. ബുക്സ്, 2018.

മോഹനൻ, പി. കാലസ്ഥിതി, തൃശ്ശൂർ: കറന്റ് ബുക്സ്, 2000.

രമേഷ്, കെ.പി. *ആധുനികാനന്തരമലയാളനോവൽ*. തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി, 1998.

രവികുമാർ, കെ.എസ്. *ആധുനികതയുടെ അപാവരണങ്ങൾ*. കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണസംഘം, 2014.

രാഘവൻ, കെ.എൻ. *വിഭജനത്തിന്റെ നേർക്കാഴ്ചകൾ*. കോഴിക്കോട്: ഒലീവ് പബ്ലി ക്കേഷൻസ്, 2015.

രാഘവൻപിള്ള, കെ. *സാർത്രിന്റെ അസ്തിത്വദർശനം*. കോട്ടയം: നാഷണൽ ബുക്സ്റ്റാൾ, 1982.

രാജകൃഷ്ണൻ, വി. *ബ്രഷ്ടിന്റെ നാനാർത്ഥങ്ങൾ*. തൃശ്ശൂർ: കറന്റ് ബുക്സ്, 1998.

രാജശേഖരൻ, പി.കെ. *അന്ധനായ ദൈവം മലയാളനോവലിന്റെ 100 വർഷങ്ങൾ*. കോട്ടയം: ഡി.സി ബുക്സ്, 1999.

__________. *ഏകാന്തനഗരങ്ങൾ*. കോട്ടയം: ഡി.സി ബുക്സ്, 2007.

__________. *പിതൃഘടികാരം: ഒ. വി വിജയന്റെ കലയും ദർശനവും.* കോട്ടയം: ഡി.സി ബുക്സ്, 1998.

രാജീവൻ, ടി.പി. *കെ.ടി.എൻ കോട്ടൂർ എഴുത്തും ജീവിതവും*, തൃശ്ശൂർ: കറന്റ് ബുക്സ്, 2014.

രാമകൃഷ്ണൻ, ഇ.പി. *മലയാളനോവലിന്റെ ദേശകാലങ്ങൾ*. കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2017.

രാമചന്ദ്രഗുഹ (വിവ. പി.കെ ശിവദാസ്). *ഇന്ത്യ ഗാന്ധിക്കുശേഷം*. കോട്ടയം: ഡി.സി. ബുക്സ്, 2014.

രാമചന്ദ്രൻ, കല്ലട. *ആധുനികരുടെ പ്രപഞ്ചം*. കൊല്ലം: ഇംപ്രിന്റ് ബുക്സ്, 1998.

രാമചന്ദ്രൻ പന്മന. (എഡി.), *നോവൽ പഠനങ്ങൾ*. കോട്ടയം: പി.കെ പരമേശ്വരൻ നായർ ട്രസ്റ്റ് മെമ്മോറിയൽ, കറന്റ് ബുക്സ്, 2004.

രാമചന്ദ്രൻ, ആർ. *നാഗരികതയുടെ ചരിത്രം*. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1991.

രാമൻപിള്ള, കെ. *അടിയന്തരാവസ്ഥയുടെ അന്തർധാരകൾ.* കോഴിക്കോട്: പ്രണവം ബുക്സ്, 2000.

ലീലാകുമാരി, എം. *നോവൽവിചിന്തനങ്ങൾ*. തിരുവനന്തപുരം: മാളൂബൻ പബ്ലിക്കേഷൻസ്, 2015.

വത്സല, പി. *നെല്ല്*. കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 1972.

വള്ളത്തോൾ. വിവ. *അഭിജ്ഞാനശാകുന്തളം.* കോട്ടയം: ഡി.സി. ബുക്സ്, 2008.

__________. വിവ. *വാത്മീകിരാമായണം കിഷ്ക്കിന്ധാകാണ്ഡം*. ചെറുതുരുത്തി: വള്ളത്തോൾ ഗ്രന്ഥാലയം, 1197.

വർഗീസ് തോട്ടയ്ക്കാട്. *മലബാർ കുടിയേറ്റം ചരിത്രം വർത്തമാനം*. തിരുവനന്ത പുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2015.

വാസുദേവൻ നായർ, എം.ടി. *കാലം.* തൃശ്ശൂർ: കറന്റ് ബുക്സ്, 2006.

__________. *നാലുകെട്ട്.* തൃശ്ശൂർ: കറന്റ് ബുക്സ്, 2008.

വാര്യർ, പി.എ. വേലായുധൻ നായർ കെ. *സ്വാതന്ത്ര്യത്തിന്റെ കഥ* (വാല്യം 2). കോട്ടയം: കൈരളി ചിൽഡ്രൻസ് ബുക്സ് ട്രസ്റ്റ്, 1997.

വി.കെ.എൻ .*ആരോഹണം*, തൃശ്ശൂർ: കറന്റ് ബുക്സ്, 2011.

വിജയൻ, ഒ.വി. *ഖസാക്കിന്റെ ഇതിഹാസം.* കോട്ടയം: ഡി.സി ബുക്സ്, 2017.

__________. *ഗുരുസാഗരം.* കോട്ടയം: ഡി.സി ബുക്സ്, 2008.

__________. *തലമുറകൾ* .കോട്ടയം: ഡി.സി ബുക്സ്, 1997.

__________. *പ്രവാചകന്റെ വഴി.* കോട്ടയം: ഡി.സി ബുക്സ്, 1998.

വിജയൻ, എം.എൻ. *വാക്കും മനസ്സും.* തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻസ്, 1999.

__________. എഡി. *നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം* (വാല്യം 2). തൃശ്ശൂർ: കേരള സാഹിത്യഅക്കാദമി.

വിജയമോഹൻ, ഡി. *ഈ ലോകം അതിലൊരു മുകുന്ദൻ*. കോട്ടയം: കറന്റ് ബുക്സ്, 2004.

വിനോയ്, തോമസ്. *കരിക്കോട്ടക്കരി.* കോട്ടയം: ഡി.സി ബുക്സ്, 2015.

വിലാസിനി. *അവകാശികൾ.* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണ സംഘം, 1980.

__________. *ഊഞ്ഞാൽ.* തൃശ്ശൂർ: സുലഭ ബുക്സ്, 2000.

__________. *നിറമുള്ള നിഴലുകൾ*, കോട്ടയം : സാഹിത്യപ്രവർത്തക സഹകരണ സംഘം, 1976.

വില്യം, ലോഗൻ. *മലബാർ മാന്വൽ.* കോഴിക്കോട്: മാതൃഭൂമിബുക്സ്, 2004.

വിശ്വനാഥൻനായർ, പി. വിവ. *അകനാനൂറ്,* അകം-152, തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി, 1981.

വേലായുധൻ, പണിക്കശ്ശേരി, *കേരളചരിത്രപഠനങ്ങൾ.* കോട്ടയം: കറന്റ് ബുക്സ്, 1998.

വൈദ്യനാഥയ്യർ, ജി. *വിവ. പതിറ്റുപത്ത്.* രണ്ടാം പത്ത്പാട്ട്-1. കോട്ടയം: നാഷണൽ ബുക്സ്റ്റാൾ, 1961,

ശങ്കരൻ, തായാട്ട്. വിവ. *ഭാരതബൃഹച്ചരിത്രം.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2011.

ശരചന്ദ്രൻ, കെ.പി. *ചന്തുമേനോൻ അരങ്ങും അണിയറയും.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1992.

ശശി, തരൂർ. (വിവ. സദാശിവൻ എം.പി.) *ഇന്ത്യ അർദ്ധരാത്രി മുതൽ അരനൂറ്റാണ്ട്.* കോട്ടയം: ഡി.സി. ബുക്സ്, 1998.

ശശിധരൻ, കെ.പി. വ്യാഖ്യാ. *കൗടില്യന്റെ അർത്ഥശാസ്ത്രം.* കോഴിക്കോട്: അർജ്ജുൻ ബുക്സ്, 1992.

ശിവരാമൻ, ചെറിയനാട്. *പാറപ്പുറത്ത് ഓണാട്ടുകര കഥാകാരൻ.* തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി 1995.

ശിവദാസ്, കെ. കെ. *നിരാകരണത്തിന്റെ നാനാർത്ഥം.* തൃശ്ശൂർ: ജി. മോട്ടിവേഷൻ, 2016.

ശിവശങ്കരപ്പിള്ള, തകഴി. *ഏണിപ്പടികൾ.* കോട്ടയം: ഡി.സി. ബുക്സ്, 1997.

ശോഭ, വി. എഡി. *വീട് മാറുന്നവർ.* തൃശ്ശൂർ, ഗ്രീൻ ബുക്സ്, 2014.

ശ്രീധരമേനോൻ, എ. *ഇന്ത്യാചരിത്രം.* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണ സംഘം, 2017.

__________. *കേരളസംസ്കാരം.* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണ സംഘം, 1987.

ശൈഖ്, സഫിയ്യുറഹ്മാൻ, മുബാറാക്ക്, പൂരി. (വിവ. സി. മുഹമ്മദ് സലീം സുല്ലമി). *മുഹമ്മദ് നബി(സ) ജീവചരിത്രസംഗ്രഹം.* കോഴിക്കോട്: യുവത ബുക്സ്, 2011.

ഷാജി, ജേക്കബ്. *നോവൽ ചരിത്രത്തിന്റെ പാഠഭേദം.* തൃശ്ശൂർ: കറന്റ് ബുക്സ്, 2003.

__________. *മലയാളനോവൽ: ദേശഭാവനയും രാഷ്ട്രീയഭൂപടങ്ങളും.* ന്യൂ ദൽഹി: സാഹിത്യഅക്കാദമി, 2010.

__________. *മലയാളനോവൽ - ഭാവനയുടെ രാഷ്ട്രീയം.* തിരുവനന്തപുരം: കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 2013.

സച്ചിദാനന്ദൻ. *മൂന്നാമിടം*. തൃശ്ശൂർ: കറന്റ് ബുക്സ്, 2001.

സന്തോഷ്കുമാർ, എൻ. *അജ്ഞാതദേശങ്ങളുടെ ആഖ്യാനങ്ങൾ*. തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻസ്, 2012.

സലിം, പി.ബി., എൻ.പി ഹാഫിസ് മുഹമ്മദ്, എം.സി വസിഷ്ഠ് (എഡി.), *മലബാർ പൈതൃകവും ചരിത്രവും,* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2011.

സുധീർ, കിടങ്ങൂർ. *നഗരവും നോവലും*. തിരുവനന്തപുരം: മാളൂബെൻ പബ്ലിക്കേഷൻസ്, 2005.

സുധീഷ്, വി.ആർ. *കഥാന്തരം*. കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 2014.

സുനിൽ, പി ഇളയിടം. *അധിനിവേശവും ആധുനികതയും*. കോട്ടയം: ചലനം പബ്ലിക്കേഷൻസ്, 1999.

സുബൈർ, കെ.കെ. *ദൽഹി : ചരിത്രവും വർത്തമാനവും*. കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2014.

സുരേഷ്, പുത്തൻപറമ്പിൽ. എഡി. *നോവലിലെഴുതിയ ദേശങ്ങൾ*. തിരൂർ: ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലാപ്രദേശികകേന്ദ്രം, 2017.

സുസ്മേഷ്, ചന്ത്രോത്ത്. *9 (ഒമ്പത്).* കോട്ടയം: ഡി.സി. ബുക്സ്, 2011.

ഹാഫിസ്, മുഹമ്മദ്, എൻ.പി. *പ്രവാസികളുടെ പുസ്തകം*. കോട്ടയം: ഡി.സി. ബുക്സ്, 2016.

ഹെർമൻ, ഗുണ്ടർട്ട്. *ഗുണ്ടർട്ട് നിഘണ്ടു - മലയാളം - ഇംഗ്ലീഷ് മലയാളം*. കോട്ടയം: വിദ്യാർത്ഥിമിത്രം പ്രസ്സ്, 1972.

റഫീഖ്, മേമുണ്ട. *പെൺപ്രവാസം*. കോഴിക്കോട്: ഒലീവ് പബ്ലിക്കേഷൻസ്, 2014.

റഷീദ്, പാറയ്ക്കൽ. *ഒരു തക്കാളി കൃഷിക്കാരന്റെ സ്വപ്നങ്ങൾ.* തൃശ്ശൂർ: ഗ്രീൻ ബുക്സ്, 2011.

റഹ്മാൻ, എം. എ. *പ്രവാസികളുടെ യുദ്ധങ്ങൾ.* കോതമംഗലം: സൈകതം ബുക്സ്, 2014.


**ഇംഗ്ലീഷ് ബുക്സ്**

Anderson, Benedict. *Imaginal Communities Reflection on the Origin and Spread of Nationalism*. Verso, London, 1991

Dinesh Bhugra, Mathew. A. Becker. *Migration, Cultural Bereavement and Cultural Identity.* World Psychiatry: February, Volume 58 Issue 1, 2005.

Edward W. Said. *Reflections on Exile & Other Literary & Cultural Essays*. India: Penguine Books, 2001.

Ehsanul Haq. *Sociology of Population in India.* Macmillian India Limited, 2007

Fisher, Emst. *The Necessity of Art, Middlesex*. Penguine Books, 1984.

Iain, Chamber. *Migrancy, Culture, Identity.* London & New York: Routledge, London & New York. 2011

Jana Evans Braziel. *Diaspora - An Introduction.* U.K: Blackwell Publishing, 2008.

KimKnott, *Diasporas - Concepts, Intersections Identities*. Delhi: Rawat Publications, 2011.

Koteswara Rao, *Rural Urban Migration*. Delhi: Mittal Publications, 1996.

Lee, Everett S. *A Theory of Migration, Demography, Population Association of America*. Vol. 3, No. 1, 1966.

Martin Baumann. *Exile, Diasporas Concepts, Intersections, Identities* (Ed.). Kim Knott, Sean M.C. Loughlin, Delhi: Rawat Publications, 2011.

Marqx and Engles. *On Literature and Art Progress*. Moscow: 1975.

Merio Pie. *New Webster's Dictionary of the English Language*. Delair Publishing Company INC, 1971.

Pramod K Nair. *Post Colonial Literature an Introduction*. Pearson: 2008.

Ramalingam Pillai. *English English Malayalam Dictionary.* Kottayam: DC Books, 1997.

William Safran. *Diasporas in Modern Societies: Myths of Homeland and Return*. University of Colorado: 1991.

Williams, Raymond, *The English Novel from Dickens to Lawrence*, Vintage Classics, 2016.

________. *The Long Revolution.* Harmonds Worth, Pelicane Books 1984.

**ആനുകാലികങ്ങൾ:**


അനിൽകുമാർ, എ.വി. *ജീവിതത്തിലേക്കൊരു പലായനം.* ദേശാഭിമാനി വാരിക, പുസ്ത. 46, ല. 11 ആഗസ്ത് 3, 2014.

അഡോണിസ്. *കവി നാടുകടത്തപ്പെട്ടവൻ.* മാധ്യമം ആഴ്ചപ്പതിപ്പ്, പുസ്ത 14, ഏപ്രിൽ 15, 2013.

__________. *ഭ്രഷ്ടിന്റെ സ്ഥലം.* മാധ്യമം ആഴ്ചപ്പതിപ്പ്, പുസ്ത 14, ഏപ്രിൽ 15, 2013.

അമ്മാർ, കിഴുപറമ്പ്. *പ്രവാസികൾ കേരളത്തിന്റെ ശില്പികൾ.* പ്രവാസിദൂതൻ. നവംബർ 2006.

അരുൺ, ടി. വിജയൻ, മലയാളത്തിൽ പ്രവാസിസാഹിത്യം ഇല്ല, കലാകൗമുദി, പുസ്ത 18, ജൂൺ 26, 2011.

അഷറഫ്, സി. *ദേശാന്തരജീവിതം.* ഭാഷാപോഷിണി വാർഷികപ്പതിപ്പ്, പുസ്ത. 35, ല. 1, ജൂൺ 2011.

ഇഖ്ബാൽ, കെ.യു. *അറബിയുടെ ഇന്ത്യൻ പ്രവാസം, ഇന്ത്യക്കാരന്റെ അറേബ്യൻ പ്രവാസം.* ഭാഷാപോഷിണി വാർഷികപ്പതിപ്പ്, പുസ്ത. 39, ല. 6, ജൂൺ, 2015.

__________. *ബസ്മ ഗദ്ദാമക്ക് ശേഷം.* ഭാഷാപോഷിണി വാർഷികപ്പതിപ്പ്, പുസ്ത. 39, ല. 42 , ജൂൺ 2011.

__________. *മരുഭൂമിയിലെ ഇടയവിലാപങ്ങൾ.* ഭാഷാപോഷിണി, പുസ്ത. 33, ല. 6, ഡിസംബർ, 2009.

ഒരു കൂട്ടം എഴുത്തുകാർ (ചർച്ച). *പ്രവാസിയുടെ ലോകങ്ങൾ*. പച്ചക്കുതിര, പുസ്ത. 13, ല. 8, മാർച്ച് 2017.

കുഞ്ഞുമുഹമ്മദ്, പി. ടി./ മൈമൂന (അഭിമുഖം), *പ്രവാസലോകത്തുനിന്നും വരുന്ന ഓരോ വിളിയും ഒരു നിലവിളിയാണ്*. ആരാമം മാസിക, പുസ്ത. 33, ല. 41, ജൂലൈ 2016.

കുഞ്ഞിക്കണ്ണൻ, ടി.പി. *പ്രവാസിയും കേരളവും ഒരു സാമ്പത്തികവീക്ഷണം.* അന്താരാഷ്ട്രകേരളപഠനകോൺഗ്രസ്സ്: *പ്രവാസിസുവനീർ*, കേളു ഏട്ടൻ പഠനഗവേഷണകേന്ദ്രം, 2017.

കൃഷ്ണദാസ്. *പ്രവാസത്തിന്റെ അടയാളങ്ങൾ*. ചന്ദ്രിക ആഴ്ചപ്പതിപ്പ്, ജൂൺ, 2014.

ഖുദ്സി, എസ്. എ. *പ്രവാസിയുടെ വിജയങ്ങളും മുറിവുകളും*. ദേശാഭിമാനി വാരിക, പുസ്ത. 44, ല. 14, ആഗസ്റ്റ്, 2012.

ഗംഗാധരൻ, എം. *നാടുകടത്തപ്പെട്ടവർ. മാധ്യമം ആഴ്ചപ്പതിപ്പ്, പുസ്ത. 16, മെയ്,* 2013.

ദിനേശൻ, ഇ.കെ. *ദേശാന്തരജീവിതത്തിലെ സാംസ്കാരികചിന്തകൾ.* അകം, പുസ്ത. 4, ല. 43, ജനുവരി 2013.

നാസർ, എൻ. സി. എ. *പ്രവാസക്കൂട്ടായ്മകൾ ആർക്കൊപ്പം*. ആരാമം മാസിക, പുസ്ത. 33, ല. 41, ജൂലൈ, 2016.

നാലാം അന്താരാഷ്ട്ര കേരളപഠനകോൺഗ്രസ്സ്, വികസനമേഖലാ സെമിനാർ 9, *പ്രവാസിക്ഷേമം പുനരധിവാസം*. തിരുവനന്തപുരം: എ.കെ.ജി. പഠനഗവേഷണകേന്ദ്രം, 2015.

നാലാം അന്താരാഷ്ട്ര കേരളപഠനകോൺഗ്രസ്സ്, *പ്രവാസി സെമിനാർ*, കോഴിക്കോട്, കേളു ഏട്ടൻ പഠനഗവേഷണകേന്ദ്രം, 2017.

പനയാൽ പി.വി.കെ. (അഭിമുഖം), *സ്നേഹസൗഹൃദങ്ങളുടെ നഷ്ടകാലം*. മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുസ്ത. 86, ല. 12, 2008.

പിള്ള, എൻ. എൻ., ഓംചേരി. *ദൽഹിയിലെ കേരളീയത, ഇന്നലെ മുതൽ*. ദൽഹി മലയാളി അസോസിയേഷൻ സുവനീർ. 2007.

പ്രകാശ്ബാബു, പി. വി. *ദേശനഷ്ടത്തിന്റെ അടയാളങ്ങൾ*. മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുസ്ത. 83, ല. 31, ഒക്ടോബർ 2005.

__________. *പ്രവാസത്തിന്റെ അനുഭവങ്ങൾ മലയാളനോവലിൽ. സാഹിത്യലോകം*, ജനുവരി - ഏപ്രിൽ 2007.

ബെന്യാമിൻ. *ഗൾഫ്മലയാളിയുടെ ഭാവിജീവിതം*. മാധ്യമം ആഴ്ചപ്പതിപ്പ്, പുസ്ത. 16, ഏപ്രിൽ 22 , 2013.

ബെന്യാമിൻ/അജേഷ്, കടന്നപ്പള്ളി (അഭിമുഖം), *ഞാൻ വായിക്കാൻ കൊള്ളാവുന്ന എഴുത്തുകാരൻ*. അകം, പുസ്ത. 4, ല. 40, ഒക്ടോബർ 2013.

ബാബു, ഭരദ്വാജ്, *നമ്മുടെ പ്രവാസം അവരുടെ പ്രവാസം. അകം*, പുസ്ത. 4, ല. 44, മാർച്ച് 2014.

ബാബു. ആർ. എസ്, *പ്രവാസിമേഖല*, അന്താരാഷ്ട്ര കേരളപഠനകോൺഗ്രസ്, കേളു ഏട്ടൻ പഠനഗവേഷണകേന്ദ്രം: പ്രവാസി സുവനീർ, 2017.

മണികണ്ഠൻ, പി. *പ്രവാസത്തിലെ അരാഷ്ട്രീയ മടക്കങ്ങൾ*. മലയാളം വാരിക, പുസ്ത. 14, ലക്കം. 52, 2011.

മനോജ്, പി. എം. *പ്രവാസം പ്രതീക്ഷകളും പ്രതിസന്ധികളും.* ദേശാഭിമാനി വാരിക, പുസ്ത. 41, ല. 22, ഒക്ടോബർ 25, 2009.

മിനിപ്രസാദ്. *പെൺപ്രവാസരചനകൾ.* സംഘടിത, വാല്യം 11, ല. 2 ഫെബ്രുവരി 2016.

മുകന്ദൻ, എം. *ഇനി ഏത് ദേശത്തെക്കുറിച്ചാണ് ഞാൻ എഴുതേണ്ടത്,* മാധ്യമം ആഴ്ചപ്പതിപ്പ്, പുസ്ത. 14, നവംബർ, 2011.

__________. *എഴുത്ത്, ഭാഷ പ്രവാസം.* മാതൃഭൂമി ആഴ്ചപ്പതിപ്പ്, ലക്കം. 25 പുസ്ത. 83, 2005.

മുകുന്ദൻ, എം. *പ്രവാസത്തിന്റെ പ്രത്യയശാസ്ത്രം.* ദേശാഭിമാനി വാരിക, പുസ്ത. 41, ല. 22, ഒക്ടോബർ 25, 2009.

മുകന്ദൻ, എം./വത്സലൻ, എ. *ചരിത്രം നോവലല്ല, നോവൽ ചരിത്രവുമല്ല.* മാതൃഭൂമി ആഴ്ച്ചപ്പതിപ്പ്, നവംബർ 25, 2018.

മുകുന്ദൻ, എം./ മീര, കെ.ആർ. (അഭിമുഖം), *വരാനിരിക്കുന്നത് പുതിയ ഭാഷയുടെ, സ്ത്രീ എഴുത്തിന്റെ കാലം.* മാധ്യമം ആഴ്ചപ്പതിപ്പ്, പുസ്ത. 20, മാർച്ച് 20, 2017.

മുകുന്ദൻ, എം. /സോമശേഖരൻ, എം. എം., ശിവദാസ്, പുറമേരി (അഭിമുഖം), *ഞങ്ങൾ കാലത്തോടും സമൂഹത്തോടും സത്യസന്ധരായിരുന്നു.* മലയാളം, പുസ്ത 13, ല. 16, ഏപ്രിൽ, 2010.

മുസാഫർ അഹമ്മദ്. *അലയും മലയും കടന്നവർ.* അകം, പുസ്ത. 4, ല. 44 മാർച്ച് 2014.

__________. *പ്രവാസി എന്ന പ്രതിസന്ധി.* മാധ്യമം ആഴ്ചപ്പതിപ്പ്, പുസ്ത. 16 ഏപ്രിൽ, 2013.

മുഹമ്മദ്, ഫക്രുദ്ദീൻ അലി. *സൗദിയിലെ സ്ത്രീപക്ഷചിന്തകൾ.* കലാകൗമുദി, ഡിസംബർ, 2011.

രവീന്ദ്രൻ, സി.പി. *ഗൾഫും കടന്ന് പ്രവാസിദൂതൻ*, നവംബർ 2006, പു.18.

രാധാകൃഷ്ണൻ, എം.ജി. *പ്രവാസി പ്രഹസനദിനം.* ഇന്ത്യാ ടുഡെ, പുസ്ത. 5, വാല്യം 24, ജനുവരി, 2013.

രാജഗോപാലൻ. ഇ.പി (അഭിമുഖം). *ഒരു നഗരത്തിന്റെ ഗാഥ നരകത്തിന്റെയും* ദേശാഭിമാനി വാരിക, പുസ്ത. 45, ല. 37, 2015.

രാമുണ്ണി, മൂർക്കോത്ത്. *സ്വന്തം നാട്ടിൽ അഭയാർത്ഥികളായ കുറേ അറബികൾ.* മാതൃഭൂമി ആഴ്ച്ചപ്പതിപ്പ്, പുസ്ത. 86, ല. 26, 1991.

വിജയൻ, പിണറായി. *പ്രവാസികൾക്ക് നേരെ കണ്ണടയ്ക്കുന്നതാര്.* ദേശാഭിമാനി വാരിക, പുസ്ത. 41, ല. 22, ഒക്ടോബർ, 2009.

വേലായുധൻ, പണിക്കശ്ശേരി. *കേരളചരിത്രപഠനങ്ങൾ.* കോട്ടയം: കറന്റ് ബുക്സ്, 1998.

ശരത്ചന്ദ്രൻ, സി. *മലയാളി കേരളം ലോകം.* മാതൃഭൂമി ഓണപ്പതിപ്പ്, പുസ്ത. 86, ല. 21, 2001.

ശിവദാസ്, കെ.കെ. *സംസ്കാരപഠനം: വിവിധ കാഴ്ചപ്പാടുകൾ*, മലയാളം റിസർച്ച് ജേണൽ, ജനുവരി-ഏപ്രിൽ, ല. 1 വാല്യം 5, 2012.

ശിഹാബുദ്ദീൻ, പൊയ്ത്തുംകടവ്. *കടൽ നീന്തിവന്ന വാക്കുകൾ.* ഭാഷാപോഷിണി വാർഷികപ്പതിപ്പ്, പുസ്ത. 39, ജൂൺ 6, 2015.

__________. ഗൾഫുകാരന്റെ കാലം, ഭാഷാപോഷിണി, പുസ്ത. 34, ല. 8 ജനുവരി 2011.

ശ്രീകുമാർ, എസ്.എസ്. *ദേശീയതയുടെ വിലാപകാവ്യം*. മാധ്യമം ആഴ്ച്ചപ്പതിപ്പ്, 18, ഏപ്രിൽ 13, 2015.

ശ്രീജൻ, വി.സി. *ആൾക്കൂട്ടം. നോവൽപഠനങ്ങൾ.* എഡി. പി.കെ പരമേശ്വരൻ നായർ സ്മാരകഗ്രന്ഥാവലി, തിരുവനന്തപുരം, 2004.

ഷിജോമോൻ, കെ., വർഗീസ്. *ഏതാണ് പ്രവാസിമലയാളി. പച്ചക്കുതിര*, പുസ്ത. 12, ല. 11, ജൂൺ 2016.

ഷൈനി, ജേക്കബ്, ബഞ്ചമിൻ. *മലയാളിയുടേതാണ് ആദ്യത്തെ സമ്പൂർണ പെൺകുടിയേറ്റം*. മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുസ്ത. 92, ല. 22 ആഗസ്ത്, 2014.

സക്കീർ ഹുസൈൻ. *ലോഞ്ചിൽ നിന്നും ഉടലെടുത്ത വിപ്ലവം*. ആരാമം മാസിക, പുസ്ത. 33, ല. 41, ജൂലൈ 2016.

സതീഷ് ബാബു, പയ്യന്നൂർ. *ഗദ്ദാമ പറയുന്നത്*. കലാകൗമുദി, ജൂൺ, 2011.

സജീഷ്, എൻ. പി. *വെള്ളിത്തിരയിൽ മരുപ്പച്ചയുടെ അടയാളങ്ങൾ.* ഭാഷാപോഷിണി വാർഷികപ്പതിപ്പ്, പുസ്ത. 40, ല. 6, ജൂൺ, 2016.

സലാം, കെ. പി. *വേണ്ടപ്പെട്ടവരുടെ വിവരങ്ങൾ*. ഭാഷാപോഷിണി, പുസ്ത. 36, ല. 8, ആഗസ്ത് 2012.

സർഫ്രാസ്, ഇസ്ഹാഖ്. *തിരമാലയെ തോൽപ്പിച്ച സ്വപ്നങ്ങൾ*. ആരാമം മാസിക, പുസ്ത. 33, ല. 41, ജൂലൈ, 2016.

സെയ്നുദ്ദീൻ, പുന്നയൂർക്കുളം. *അനധികൃതതൊഴിലാളി.* ചന്ദ്രിക ആഴ്ചപ്പതിപ്പ്, പുസ്ത. 56, ല. 5, നവംബർ, 2012.

ഹക്കിം, ചോലയിൽ. *മേൽവിലാസമില്ലാത്ത കത്തുകൾ.* ദേശാഭിമാനി വാരിക, പുസത. 44, ല. 43, മാർച്ച്, 2013.

ഹരിലാൽ, കെ. എൻ. അഖിൽ, *സി.എസ്. ഭൂപടം മാഞ്ഞു; കേരളം മാറി.* മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുസ്ത. 94, ല. 24, ആഗസ്റ്റ്, 2016.

ഹാഫിസ്, മുഹമ്മദ്, എൻ.പി. *തൊഴിൽജീവിതങ്ങളുടെ തെരുവുകൂട്ടങ്ങൾ.* മലയാളം വാരിക, പുസ്ത. 18, ല. 5, ജൂൺ, 2014.

ഹാരിസ്, ടി.കെ. *ഗൾഫ് കുടിയേറ്റത്തിന്റെ ഭാവി.* ദേശാഭിമാനി വാരിക, ല. 47, പുസ്ത 32, 2011.

ഹാഷിം, ഇ. എം. *പ്രവാസജീവിതത്തിന്റെ മലർപ്പൊടികൾ*, അകം, പുസ്ത. 4, ല. 44, മാർച്ച് 2014.

റഹ്മാൻ, എം.എ. *പ്രവാസശിരസ്സിലെ സുവർണ്ണഖഡ്ഗം.* ദേശാഭിമാനി വാരിക, പുസ്ത. 32, ഒക്ടോബർ 2015.

_______. *ഗൾഫ് കുടിയേറ്റത്തിന്റെ ഭാവി.* ദേശാഭിമാനി വാരിക, ല. 47, പുസ്ത. 32, 2001.

Murari Kumar, Jha , 'The Social world of Gujarati merchants and their Indian Ocean networks in the seventeenth century', *The south Asian Diaspora Transnational Networks and changing identities* (ed:) Rajesh Rai and Peter Rieves, Routledge, London: 2008.

Ravenstein, E.G. *The Laws of Migration, Journal of Thestatistical Sociology of London*: Volume 48. No 2, Blackwell Publishing for the Royal Statistical Society, 1885.

Vargese, V.J. Migrant Narratives: Reading Literary Representation of Christian Migration in - Kerala 1920 - 1970, The Indian Economic and Social History Review, Vol. 43, No.2, 2006.

William Safran, Diasporas in Modern Societies: Myths of Homeland and Return, University of Colorado, 1991.

Zachariah. K.C. and Prof. S. Irudaya Rajan, *The Future of Kerala Emigration*, അന്താരാഷ്ട്ര കേരളപഠനകോൺഗ്രസ്: വികസനമേഖലാ സെമിനാർ 9, പ്രവാസി ക്ഷേമം പുനരധിവാസം, 2015,

**ഗവേഷണപ്രബന്ധങ്ങൾ:**

തോമസ്, കെ.വി. നഗരീകരണവും മലയാളനോവലും, മലയാളവിഭാഗം, കോഴിക്കോട് സർവകലാശാല, 1995.

പ്രകാശ്ബാബു, പി.വി. പ്രവാസത്തിന്റെ അനുഭവങ്ങൾ മലയാളനോവലിൽ, മദിരാശി സർവകലാശാല, 2005

ബിജേഷ്, യു. ഡൽഹിയിലെ പ്രവാസിമലയാളിസമൂഹം: സാമൂഹികഭാഷാശാസ്ത്രപഠനം, ഉത്തർപ്രദേശ്: അലിഗഢ് സർവകലാശാല, 2016.

ബ്രില്ലിറാഫേൽ. ഡൽഹി ഒരു രാഷ്ട്രീയസ്ഥലം എന്ന നിലയിൽ മലയാളനോവലിൽ, മലയാളവിഭാഗം, ശ്രീശങ്കരാചാര്യ സംസ്കൃതസർവകലാശാല, കാലടി, 2008.

മീര, ടി. പ്രവാസജീവിതവും സ്വത്വപരിണാമവും, മലയാളവിഭാഗം, ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടി, 2016.

**ദിനപ്പത്രം**

ഇരുദയരാജൻ, ഡോ. ബിനോയ് പീറ്റർ, ഡോ. മിശ്ര, യു. എസ്. ഡോ. വിഷ്ണുനരേന്ദ്രൻ. *കുടിയേറ്റത്തിന്റെ പ്രസക്തി. മാതൃഭൂമി ദിനപ്പത്രം*, ഡിസംബർ 18, 2018.

മലയാള മനോരമ ദിനപ്പത്രം, 2017, സെപ്തംബർ 25, പു.13.

**വെബ് അവലംബം**

https://ml.wikipedia.org (22.10.18)

https://en.m.wikipedia.org/wiki (15.11.2018)

https://llem.m.wikipedia (08.01.2019)

https://www.google.com,janayugomonline.com.(02.01.2019)

www.oxford advanced learners dictionary. (10.3. 2017)